# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ജൂലൈ 23, വെള്ളി

## ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 185 - നമ്പർ 2

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2021 ജൂലൈ 23, വെള്ളി

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : പ്രൊഫ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

## ഉള്ളടക്കം

I. **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

II **അടിയന്തരപ്രമേയം**

സഹകരണ ബാങ്ക് തട്ടിപ്പ് -
ശ്രീ. ഷാഫി പറമ്പിൽ
(അവതരണാനുമതി നിഷേധിച്ചു)

II. **ശ്രദ്ധ ക്ഷണിക്കൽ**

1. ആശാവർക്കർമാർക്ക് ന്യായമായ പ്രതിഫലം
   - ശ്രീ. ടി. പി. രാമകൃഷ്ണൻ

2. ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ
   - ശ്രീ. സജീവ് ജോസഫ്

III. **സബ്മിഷൻ**

1. ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം
   - പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. തമിഴ് ഭാഷയിൽ ഓൺലൈൻ ക്ലാസ്
   - ശ്രീ. എ. രാജ

3. റോഡ് നിർമ്മാണം
   - ശ്രീ. രമേശ് ചെന്നിത്തല

4. റെയിൽവേ സ്റ്റേഷൻ വികസനം

- ശ്രീ. പി. മമ്മിക്കുട്ടി

IV. **മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ

V. **അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിന്റെ പരിഗണന

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

- ശ്രീ. പി. എസ്. സുപാൽ

(ii) 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

- ശ്രീ. പി. ടി. തോമസ്

(iii) 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

- ശ്രീ. അനൂപ് ജേക്കബ്

(iv) 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2021 ജൂലൈ 23, വെള്ളി

---

വാല്യം 185} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 2

---

നിയമസഭ 2021 ജൂലൈ മാസം 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

I. **ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ....... ചോദ്യം നമ്പർ *31

നക്ഷത്രചിഹ്നമിട്ട 31-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 37-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. ടി. തോമസ്, നക്ഷത്രചിഹ്നമിട്ട 47-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. യു. എ. ലത്തീഫ്, നക്ഷത്രചിഹ്നമിട്ട 51-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായ ചോദ്യങ്ങളായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് നക്ഷത്രചിഹ്നമിട്ട 31-ാം നമ്പർ ചോദ്യത്തിനോട് ചേർത്ത് 37, 47, 51 എന്നീ നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കും മറുപടി പറയാവുന്നതാണ്.

### അനധികൃത മരംമുറി

1 (*31) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവത്തിൽ വനം ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർ പ്രതികളെ സഹായിക്കാൻ കൂട്ടുനിന്നുവെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണത്തെത്തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) മുൻ സർക്കാരിന്റെ കാലത്തെ വനംവകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി മുട്ടിൽ മരംമുറി കേസിലെ പ്രതികളുമായി ഫോൺ സംഭാഷണം നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥൻ പിന്നീട് വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട് മുട്ടിൽ മരംമുറി കേസിലെ പ്രതികൾക്ക് സഹായം ലഭ്യമാക്കാൻ ശ്രമിച്ചിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) വയനാട് മുട്ടിലിൽനിന്നും അനധികൃതമായി മരം മുറിച്ച കേസിൽ ഉൾപ്പെട്ട ഈട്ടി തടികൾ ചെക്ക്പോസ്റ്റ്വഴി കടത്തിക്കൊണ്ടുപോയത് തടയുന്നതിൽ

വനം ചെക്ക്പോസ്റ്റ് ജീവനക്കാർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ വനം ചെക്ക്പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.06.2021-ലെ ഇ 1-3896/2021 ഉത്തരവ് പ്രകാരം അന്വേഷണവിധേയമായി സേവനത്തിൽനിന്നും മാറ്റി നിർത്തിയിട്ടുണ്ട്.

(സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കണ്ടെത്തിയിട്ടില്ല. മരം മുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും സമഗ്രമായ അന്വേഷണം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തി വരുന്നുണ്ട്.

2 (*37) ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി കേസിൽ പിടിച്ചെടുത്ത തടി സ്വാഭാവിക വനമേഖലയിൽനിന്നും മുറിച്ചെടുത്തിട്ടുള്ളതാണെന്ന് സർക്കാർ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) റവന്യൂ പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാൻ നൽകിയ ഉത്തരവിനെത്തുടർന്ന് വനമേഖലയിൽനിന്നും മരങ്ങൾ മുറിച്ചുകടത്തുവാൻ സാഹചര്യമുണ്ടായത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഉത്തരവിനെത്തുടർന്ന് നടന്ന അനധികൃത മരം മുറിക്ക് ഉന്നത ഉദ്യോഗസ്ഥരുടെയും മുൻ വനം വകുപ്പുമന്ത്രിയുടെ ഓഫീസിന്റെയും പിന്തുണയുണ്ടായിരുന്നുവെന്ന് ആരോപണങ്ങളുയർന്ന സാഹചര്യത്തിൽ കുറ്റക്കാരെ ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 49 കേസുകളിൽ 47 എണ്ണത്തിലും മരം മുറിച്ചത് പട്ടയഭൂമിയിൽനിന്നാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അവശേഷിച്ച രണ്ട് കേസുകളിൽ മരത്തിന്റെ ഉറവിടം കണ്ടെത്താൻ അന്വേഷണം നടത്തിവരികയാണ്. പിടിച്ചെടുത്ത തടികളുടെ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ്

വനനിയമം സെക്ഷൻ 69 പ്രകാരം വനഭൂമിയിൽനിന്ന് മുറിച്ചതാകാമെന്ന് സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) 24.10.2020-ലെ GO (Rt) No. 261/2020/റവന്യൂ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് കർഷകർക്ക് പതിച്ചുനല്കിയ പട്ടയഭൂമികളിൽ നിന്നുമാണ് മരങ്ങൾ മുറിച്ചുകടത്തിയതെന്നാണ് പ്രാഥമിക വിവരങ്ങളിൽ കാണുന്നത്. വനഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റാൻ പ്രസ്തുത ഉത്തരവ് സാഹചര്യമുണ്ടാക്കിയതായി കാണുന്നില്ല.

(സി) പട്ടയഭൂമിയിലെ മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിലാണ്.

3 (*47) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ നൂറുവർഷത്തിലേറെ പഴക്കമുള്ള ഈട്ടി മരങ്ങൾ മുറിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം കർശന നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) സമഗ്രമായ അന്വേഷണം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തി വരികയാണ്.

(ബി&സി) ഇതുസംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഉന്നതതല അന്വേഷണം നടന്നുവരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ കർശന നടപടികൾ യഥാവിധി സ്വീകരിക്കുന്നതാണ്. നിലവിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ നടപടിക്രമങ്ങളിലോ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് കണ്ടാൽ അത്തരം മാറ്റങ്ങൾ വരുത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

4 (*51) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27.06.2019-ന് പട്ടയഭൂമിയിലെ മരംമുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പുമന്ത്രി മീറ്റിംഗ് വിളിച്ചിരുന്നോ; എങ്കിൽ പ്രസ്തുത മീറ്റിംഗിന്റെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയഭൂമിയിലെ ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നിവ മുറിക്കുന്നതുസംബന്ധിച്ച് പ്രസ്തുത മീറ്റിംഗിൽ സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 03.09.2019-ന് റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് മേധാവി ഇതുസംബന്ധിച്ച് സ്വീകരിച്ച നിലപാട് ആവർത്തിച്ചിരുന്നോ;

(ഡി) പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 24.10.2020-ന് ഇറക്കിയ ഉത്തരവ് വനം വകുപ്പ് സ്വീകരിച്ച നിലപാടുകൾക്ക് വിരുദ്ധമായിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) കുട്ടമ്പുഴ വനമേഖലയിലെ വന്യമൃഗ ആക്രമണങ്ങളും പട്ടയഭൂമിയിലെ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കാനുള്ള അനുമതിയും സംബന്ധിച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.06.2019-ൽ യോഗം നടന്നിരുന്നു. പ്രസ്തുത യോഗത്തിലെ മരംമുറിയുമായി ബന്ധപ്പെട്ട തീരുമാനം: "പട്ടയം ലഭിച്ച ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് മുഴുവനായി ഒരു ഏകീകൃത നിയമം വേണമെന്നതാണ് വനം വകുപ്പിന്റെ അഭിപ്രായമെന്നും ഇത് പട്ടയഭൂമിയും പട്ടയവ്യവസ്ഥയും സംബന്ധിച്ച വിഷയമായതിനാൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രികൂടി ഉൾപ്പെടുന്ന റവന്യൂ വകുപ്പും വനംവകുപ്പും കൂടിച്ചേർന്ന് ഒരു സംയുക്ത യോഗം വിളിച്ച് കേരളത്തിലെ പട്ടയഭൂമിയിലെ മരംമുറി സംബന്ധിച്ച് ഒരു ഏകീകൃത നിയമം കൊണ്ടുവരുന്ന വിഷയം പരിശോധിക്കാമെന്നും തീരുമാനിച്ചു ".

(ബി) പട്ടയം ലഭിച്ചശേഷം ഭൂമിയിൽ കർഷകർ സ്വയം നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനോട് വനം വകുപ്പിന് അനുകൂല നിലപാടാണുള്ളതെങ്കിലും ഇത്തരം പട്ടയങ്ങളിൽ Kerala Land Assignment Act പ്രകാരം 1964-ലെ Kerala Land Assignment Rules

നിലവിൽ വരുന്നതുവരെ നൽകപ്പെട്ടിട്ടുള്ളവയിൽ ടി റൂൾ 9(2), 9(3) പ്രകാരമുള്ള നിബന്ധനകൾ ബാധകമായിട്ടുള്ളതാണെന്നും ഈ പട്ടയത്തിന്റെ ഷെഡ്യൂളിൽ എടുത്തുപറഞ്ഞിരിക്കുന്ന ഇനം മരങ്ങളും ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നീ ഇനം മരങ്ങളുടെയും ആയവയുടെ ഭാവിയിൽ വളർന്നുവരുന്നവയുടെയും ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണെന്നും, മറ്റു മരങ്ങൾ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി മുറിച്ചുകൊണ്ടുപോകുന്നതിന് തടസ്സമില്ലാത്തതാണെന്നും ഷെഡ്യൂളിൽ റിസർവ് ചെയ്തിട്ടുള്ള തേക്ക്, കരിമരം, എബണി, ചന്ദനം എന്നിവ ഒഴിച്ചുള്ള മരങ്ങൾ മുറിക്കുന്നതിൽ വനം വകുപ്പിന് അനുകൂല നിലപാടാണുള്ളതെന്നും ആയതിന് തടസ്സമായി നിൽക്കുന്ന പട്ടയവ്യവസ്ഥയിലെ നിബന്ധനകളിൽ ഇളവ് നൽകുന്നതിന് ടി വിഷയം റവന്യൂ വകുപ്പുമായി കൂടിയാലോചിക്കേണ്ടതാണെന്നും, സംസ്ഥാനത്ത് മുഴുവനായി ഒരു ഏകീകൃത നിയമം വേണമെന്നതാണ് വനം വകുപ്പിന്റെ അഭിപ്രായമെന്നും, ഇത് പട്ടയഭൂമിയും പട്ടയവ്യവസ്ഥയും സംബന്ധിച്ച വിഷയമായതിനാൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രികൂടിയുൾപ്പെടുന്ന റവന്യൂ വകുപ്പും വനം വകുപ്പും കൂടി ചേർന്ന് ഒരു സംയുക്തയോഗം വിളിക്കാവുന്നതാണെന്നുമാണ് വനം വകുപ്പ് സ്വീകരിച്ച നിലപാട്.

(സി) 03.09.2019-ന് റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് മേധാവി ഇതുസംബന്ധിച്ച് സ്വീകരിച്ച നിലപാട് ആവർത്തിച്ചിരുന്നു.

(ഡി) 24.10.2020-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവ് വനം വകുപ്പ് സ്വീകരിച്ച നിലപാടുകളിൽനിന്നും വ്യത്യസ്തമായി വ്യാഖ്യാനിക്കാവുന്ന തരത്തിലുള്ളതായിരുന്നു. പ്രസ്തുത ഉത്തരവ് വനം വകുപ്പ് ആസ്ഥാനത്ത് 09.11.2020-ൽ ലഭിച്ചെങ്കിലും ടി ഉത്തരവോ പരിപത്രമോ നടപ്പിലാക്കാൻ യാതൊരു നിർദ്ദേശവും സർക്കിൾ തലവന്മാർക്കോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കോ വനം വകുപ്പ് ആസ്ഥാനത്തുനിന്ന് നല്കിയിരുന്നില്ല. കൂടാതെ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച മേൽ പരിപത്രത്തിന്റെയും സർക്കാർ ഉത്തരവിന്റെയും മറവിൽ ആയവയെ തെറ്റായി വ്യാഖ്യാനിച്ച് ഈട്ടി, തേക്ക് തുടങ്ങിയ വിലപിടിപ്പുള്ള സർക്കാർ മരങ്ങൾ സ്വകാര്യഭൂമികളിൽനിന്നും സ്വകാര്യകൈവശ ഭൂമികളിൽനിന്നും കടത്തിക്കൊണ്ടുപോകാൻ സാധ്യതയുണ്ടെന്ന് കാണുകയാൽ ഈ വിഷയത്തിൽ മുറിക്കപ്പെട്ട സർക്കാർ വക തടികൾ കസ്റ്റഡിയിലെടുക്കേണ്ടതും കേരള വനനിയമം സെക്ഷൻ 82, Kerala Forest (Preservation, reproduction and disposal of trees and other timber belonging to Government but grown on lands in the

occupation of private persons) Rules 1975, Kerala Forest (Prohibition of Felling of Trees Standing on Land Temporary or Permanently Assigned) Rules 1995 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷിനുവേണ്ടി ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സമ്മേളനത്തിൽ ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് നൽകിയ അതേ മറുപടിയാണ് മന്ത്രി ഇവിടെ പറഞ്ഞത്. ഈ ഭൂമി അസൈൻ ചെയ്തതും അതിൽ കിളിർത്തുവന്നതും നട്ടുവളർത്തിയതുമായ മരങ്ങൾ വെട്ടുന്നതിനുള്ള ഉത്തരവിറക്കിയതും റവന്യൂ വകുപ്പാണ്. മരങ്ങൾ വെട്ടി കടത്തുന്നത് പിടിച്ചതും കണ്ടുകെട്ടിയതും വനം വകുപ്പാണ്. ഇന്നുവരെ പ്രതികളെ അറസ്റ്റ് ചെയ്യാൻ സർക്കാരോ വകുപ്പോ തയ്യാറായിട്ടില്ല. രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട തർക്കത്തിന്റെ പേരിലാണോ പ്രതിയെ അറസ്റ്റ് ചെയ്യാത്തതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രതിയെ അറസ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വകുപ്പുകൾ തമ്മിൽ ഒരു തർക്കവുമില്ല. കുറ്റം ചെയ്തവരെ

ശിക്ഷിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതിൽ വകുപ്പുകൾക്ക് വ്യത്യസ്ത സമീപനമുണ്ടെന്ന് വ്യാഖ്യാനിക്കുന്നത് ദൗർഭാഗ്യകരമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വിവാദമായ മരംമുറിയുണ്ടായ മുട്ടിലിൽ, ആദിവാസികളെ കബളിപ്പിച്ച് മരം മുറിച്ച് അവരുടെ പേരിൽ കള്ളക്കേസ് ചാർജ് ചെയ്തിരുന്നു. പ്രസ്തുത പ്രദേശം സന്ദർശിക്കാനോ അവിടത്തെ കർഷകരെ കാണുന്നതിനോ റവന്യൂ, വനം വകുപ്പുമന്ത്രിമാർ തയ്യാറായിട്ടില്ല. ഇനിയെങ്കിലും പ്രസ്തുത സ്ഥലം സന്ദർശിക്കാൻ ബഹുമാനപ്പെട്ട മന്ത്രിമാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സന്ദർശനം എന്നത് കാര്യങ്ങൾ ബോദ്ധ്യപ്പെടാനുള്ള ഒരു പ്രവർത്തനത്തിന്റെ ഭാഗമാണ്. സന്ദർശനം നടത്തേണ്ടത് അത്യാവശ്യമാണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് തോന്നുകയാണെങ്കിൽ ഒരു മടിയും ഞങ്ങൾക്കാർക്കും അക്കാര്യത്തിലില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ഉത്തരത്തിൽ സൂചിപ്പിച്ചത്, മരങ്ങൾ ചെക്ക്പോസ്റ്റിലൂടെ കടത്തിക്കൊണ്ടുപോകുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടിയെടുത്തിട്ടുണ്ടെന്നാണ്. ചെക്ക്പോസ്റ്റിൽ

നടപടിയെടുക്കുന്നതിന് മുൻപുതന്നെ വളരെയധികം മരങ്ങൾ ഇതുപോലെ കടത്തിക്കൊണ്ടുപോയിട്ടുണ്ടെന്നുള്ള വിവരങ്ങളാണ് പുറത്തുവരുന്നത്. എത്രമരം മുറിച്ചു; എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്; അതിൽ എത്രമാത്രം പിടിച്ചെടുത്തു; ഇനി പിടിച്ചെടുക്കാൻ എത്രയുണ്ട് എന്നുള്ളത് സംബന്ധിച്ച് സർക്കാരിന് വ്യക്തമായ ധാരണയുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മരം മുറിച്ചുകൊണ്ടുപോയതുമായി ബന്ധപ്പെട്ട് വ്യക്തമായ ധാരണയാണ് സർക്കാരിനുള്ളത്. അതുകൊണ്ട് വനം വകുപ്പിന്റെയോ റവന്യൂ വകുപ്പിന്റെയോ മാത്രം അന്വേഷണം പോര എന്നതിനാലാണ് പോലീസും ക്രിമിനൽ കേസുമായും ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കാനായി ഒരു പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുള്ളത്. കേസ് വളരെ ഊർജ്ജിതമായി മുന്നോട്ടുപോകുകയാണ്. അതിന്റെ പൂർണ്ണ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അത്തരം കാര്യങ്ങൾ വ്യക്തമായി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2020 മാർച്ച് 11-ന് ആദ്യ ഉത്തരവിറക്കി. ആ ഉത്തരവിൽ മരം മുറിച്ചുകൊണ്ടുപോകുന്നത് തടയുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കുമെന്നുണ്ടായിരുന്നില്ല. 1964-ലെ കേരള ഭൂപതിവ് ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിച്ച് സർക്കാർ

നിക്ഷിപ്ത ഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റുന്നത് സംബന്ധിച്ച് കർക്കശമായ ഒരു ഉത്തരവ് മറ്റൊരു റവന്യൂ സെക്രട്ടറി രണ്ടാമത് ഇറക്കി. കളക്ടർമാരെവരെ അദ്ദേഹം ഭീഷണിപ്പെടുത്തിയതായി പറയുന്നു. ആ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുമെന്നും ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇതിലെ യഥാർത്ഥ വസ്തുതയെന്താണെന്ന് വ്യക്താമാക്കാമോ; ഇതിനകം എത്ര രാജമരങ്ങൾ മുറിച്ചുമാറ്റി; അതിന്റെ മൂല്യം എത്രയാണ്; ഇതിൽ റിസർവ് ഫോറസ്റ്റിലെ മരങ്ങളുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; വ്യക്തമാക്കാമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, രണ്ടാമത് ഇറക്കിയ ഉത്തരവിന്റെ ഭാഗമാണ് അദ്ദേഹം ചോദിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. ആ ഉത്തരവിൽ അങ്ങനെ പറയാനിടയായത് സ്വന്തം ഭൂമിയിൽ അവർക്ക് അവകാശപ്പെട്ട മരം മുറിക്കുന്നതിന് പല കാരണങ്ങളാൽ ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ്. ഇത് വ്യക്തിതാൽപ്പര്യം ഉൾപ്പെടെയുള്ള പല കാരണങ്ങൾകൊണ്ടാകാം. അങ്ങനെ വന്നാൽ അത് പാവപ്പെട്ട ആദിവാസികൾക്കും കർഷകർക്കും പ്രയാസം സൃഷ്ടിക്കുമെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലും കർഷക അനുകൂല സമീപനം സ്വീകരിക്കണമെന്ന സർക്കാർ നിലപാടനുസരിച്ചുമാണ് അങ്ങനെയൊരു കാര്യം ചെയ്തിട്ടുള്ളത്. അതിലൊരു തെറ്റിദ്ധാരണയും വേണ്ട. എത്രമരം

മുറിച്ചു; ഏത് മരം മുറിച്ചു എന്നുചോദിച്ചാൽ, മുട്ടിലിൽ മാത്രം പതിനാല് കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. കൃത്യമായ നഷ്ടം കണക്കാക്കണമെങ്കിൽ ഇനിയും കണ്ടെടുക്കാനുള്ള മരങ്ങൾ കണ്ടെത്തി വിജിലൻസിന്റെകൂടി പരിശോധനയുടെ അടിസ്ഥാനത്തിൽ ക്ലിപ്തപ്പെടുത്തിയാൽ മാത്രമേ പറയാൻ കഴിയൂ. അതുകൊണ്ട് ഇപ്പോൾ പറയുന്ന കണക്ക് യാഥാർത്ഥ്യമാകണമെന്നില്ല.

ശ്രീ. എം. വിൻസെന്റ്: സർ, 24.10.2020-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ ആറ് ജില്ലകളിൽനിന്നായി ഏകദേശം 250 കോടി രൂപയുടെ മരംമുറിച്ച് കടത്തിയിട്ടുള്ളതായാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത്രയും വലിയ മരം മുറി നടക്കുന്നതിനെ സംബന്ധിച്ച് തഹസിൽദാർ മുതൽ കളക്ടർമാർ വരെ യഥാസമയം വനംവകുപ്പിനെ അറിയിച്ചിട്ടുള്ളതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ അറിയിച്ചിട്ടും ഈ ഉത്തരവ് റദ്ദാക്കാൻ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണ്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇത് വനം വകുപ്പിന്റെ ഉത്തരവല്ല. ഇത് റവന്യൂ വകുപ്പിന്റെ ഉത്തരവാണ്. ഈ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് തെറ്റായ

രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും മറ്റുള്ളവരും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 02-02-2021-ന് ആ ഉത്തരവ് റദ്ദാക്കിയത്.

ശ്രീ. സജീവ് ജോസഫ്: സർ, മുട്ടിൽ മരംമുറി കേസിൽ പിടിച്ചെടുത്ത തടി സ്വാഭാവിക വനമേഖലയിൽനിന്നും മുറിച്ചെടുത്തിട്ടുള്ളതാണെന്ന് സർക്കാർ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; അത് സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങനെയല്ല റിപ്പോർട്ട് നൽകിയത്. ഇത് സ്വാഭാവികമായ ഭൂമിയിൽനിന്ന് മുറിച്ചതാണോയെന്ന് ഉറപ്പു വരുത്താത്തതുകൊണ്ട് സർക്കാർ വനമാണെന്ന നിഗമനത്തിലാണ് ഹൈക്കോടതിയിൽ അഫിഡവിറ്റ് നൽകിയിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടാൽ ഒന്നാംപ്രതി സെക്രട്ടേറിയറ്റും രണ്ടാംപ്രതി സെക്രട്ടേറിയറ്റ് നോക്കി നിൽക്കുന്ന മാധവരായർ പ്രതിമയും പ്രേരണാക്കുറ്റം ചെയ്തത് ഫയലുമാണെന്ന് തോന്നും. അഴിമതിരഹിത സർക്കാരിന്റെ മുഖമുദ്രയാണ് ഈ മരംമുറി. മരംമുറി കേസിൽ ഇപ്പോൾ കൃഷിക്കാരെ ബലിയാടുകളാക്കി രക്ഷപ്പെടുന്നതിനുള്ള

ശ്രമം നടക്കുകയാണ്. മരം മുറിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിരിക്കുന്ന മുഴുവൻ കാര്യങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ ഒരന്വേഷണത്തിന് ഉത്തരവിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇപ്പോൾ നടക്കുന്ന അന്വേഷണത്തിൽ സർക്കാരിന് യാതൊരു അസംതൃപ്തിയുമില്ല. എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് സർക്കാരിന് തോന്നിയിട്ടില്ല. അത്തരത്തിൽ തോന്നുന്നപക്ഷം മറ്റ് അന്വേഷണങ്ങളിലേയ്ക്ക് കടക്കുന്നതായിരിക്കും. ഇപ്പോൾ ഈ അന്വേഷണം പൂർത്തിയാക്കുകയാണ് ഉചിതം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇപ്പോൾ നടക്കുന്ന അന്വേഷണത്തെക്കുറിച്ച് ജനങ്ങൾക്ക് സംശയം മാത്രമേയുള്ളൂ. അന്വേഷണം അട്ടിമറിക്കാൻ വകുപ്പിലെ ഉദ്യോഗസ്ഥർ കൂട്ടുനിന്നുവെന്ന് വകുപ്പിലെതന്നെ ഉന്നത ഉദ്യോഗസ്ഥരുടെ റിപ്പോർട്ടും പരാമർശവുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ ഒരന്വേഷണത്തിന് സർക്കാർ നിർദ്ദേശിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അന്വേഷണം ദുർബ്ബലപ്പെട്ടിട്ടില്ല. പ്രതികൾ സെക്രട്ടേറിയറ്റും അതിനുമുമ്പിലുള്ള പ്രതിമയുമല്ല. അത്തരത്തിലൊരു വ്യാഖ്യാനത്തിന്റെ ആവശ്യമില്ല. ഓരോ കാര്യങ്ങളും വ്യക്തമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അന്വേഷണം ഫലപ്രദമല്ലെന്ന സംശയം ബഹുമാനപ്പെട്ട അംഗത്തിനുണ്ടായതിന് പിന്നിൽ എന്താണെന്ന് എനിക്കറിയില്ല. നല്ല നിലയിലുള്ള അന്വേഷണമാണ് നടത്തുന്നത്. എന്തെങ്കിലും പോരായ്മകളുണ്ടെന്ന് വസ്തുനിഷ്ഠമായി കണ്ടെത്തിയാൽ മാത്രമേ മറ്റേതെങ്കിലും തരത്തിലുള്ള ആലോചനകൾ നടത്തുകയുള്ളൂ.

ശ്രീ. അൻവർ സാദത്ത്: സർ, 24.10.2020-ൽ റവന്യൂ വകുപ്പിറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വനംകൊള്ളക്കാർ മരംമുറിച്ച ഭൂമിയുടെ ഉടമസ്ഥരായ നിർദ്ധനരായ കർഷകർക്കെതിരെയും ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കെതിരെയും കേസ്സെടുക്കാൻ വനംവകുപ്പ് നിർദ്ദേശിച്ചിരുന്നോ; അങ്ങനെയാണെങ്കിൽ വനംകൊള്ളക്കാരെ സഹായിക്കുന്ന നടപടിയല്ലേയത്; ഇത് നല്ല നിലയിൽ പൂർത്തിയാക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അനാവശ്യമായ വിവാദത്തിലേയ്ക്ക്

ചോദ്യോത്തരവേള കൊണ്ടുപോകണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ആദിവാസികളെയും പാവപ്പെട്ട കർഷകരെയും ബലിയാടാക്കിക്കൊണ്ട് ആരെയെങ്കിലും രക്ഷപ്പെടുത്താനുള്ള ശ്രമം നടക്കുന്നുണ്ടോയെന്നാണ് അദ്ദേഹം ചോദിച്ചത്. ആദിവാസികളെയും പാവപ്പെട്ട കർഷകരെയും തെറ്റിദ്ധരിപ്പിക്കപ്പെട്ടവരെയും സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കും. നിർഭാഗ്യവശാൽ നിലവിലുള്ള വനം നിയമമനുസരിച്ച് ഭൂമിയുടെ ഉടമസ്ഥനും മരംമുറിച്ചയാളും ഒരുപോലെ കുറ്റക്കാരാണ്. അങ്ങനെയൊരു നിയമലംഘനം നടത്തിയതിനെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്താൽ, അങ്ങനെ ചെയ്യുന്നതാണ് പ്രതികളെ സഹായിക്കാനുള്ള നടപടി. ആ നടപടിയിലേയ്ക്ക് പോകണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സർക്കാരിനോട് പറയരുത്.

ശ്രീ. യു. എ. ലത്തീഫ്: സർ, ഇപ്പോഴത്തെ അന്വേഷണ ഏജൻസിയെ മാറ്റി എൻ.സി.പി.-യും സി.പി.ഐ.-യും എന്ന രണ്ട് പാർട്ടികൾ അന്വേഷിച്ചാൽ മതിയെന്ന അഭിപ്രായം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതിനെ വേറൊരു തലത്തിൽ കൊണ്ടുപോയി പ്രശ്നത്തിൽനിന്ന് ശ്രദ്ധതിരിക്കാൻ ദയവായി ശ്രമിക്കരുത്. പാർട്ടി അന്വേഷിക്കേണ്ട കാര്യങ്ങൾ പാർട്ടിയും സർക്കാർ അന്വേഷിക്കേണ്ട

കാര്യങ്ങൾ സർക്കാരും അന്വേഷിക്കും. ഓരോന്നിനും ഓരോ വ്യവസ്ഥയുണ്ട്. കേസുകൾ എങ്ങനെ അന്വേഷിച്ചുവെന്നൊന്നും ഞാൻ എടുത്തുപറയുന്നില്ല. അതുകൊണ്ട് അതിലേയ്ക്ക് പോകാതെ നല്ല അന്തരീക്ഷത്തിൽ ഈ ചർച്ച നടക്കുന്നതാണ് നല്ലത്.

ശ്രീ. പി. കെ ബഷീറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, ലോക്ഡൗൺ കാലത്താണ് വയനാട്ടിലെ മുട്ടിലിൽനിന്ന് മുറിച്ച കോടിക്കണക്കിന് രൂപ വിലവരുന്ന മരം പെരുമ്പാവൂരിലേയ്ക്ക് കടത്തിയത്. അവിടെ എത്തുന്നതിനുമുമ്പ് ഒരു ചെക്ക്പോസ്റ്റിലും ചെക്കിംഗ് നടന്നില്ല. കോടിക്കണക്കിന് രൂപയുടെ വിലവരുന്ന മരം മുറിച്ചു.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. പി. ഉബൈദുള്ള: ചോദ്യത്തിലേയ്ക്ക് വരികയാണ്. വയനാട്ടിൽനിന്ന് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ എത്തണമെങ്കിൽ എത്ര ദൂരമുണ്ട്, അതിനിടയ്ക്ക് എത്ര ചെക്ക്പോസ്റ്റുകളുണ്ട്? ഒരു ചെക്ക്പോസ്റ്റിലും ചെക്കിംഗ് നടന്നിട്ടില്ല. ഇത് സർക്കാരിന്റെ അറിവോടുകൂടി നടന്നിട്ടുള്ള വനംകൊള്ളയാണ് എന്നതിലൊരു സംശയവുമില്ല. അതുകൊണ്ട് ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുകയാണ്

വേണ്ടത്. അല്ലാതെ വിവരാവകാശ നിയമപ്രകാരം ഒരാൾ വിവരം അന്വേഷിച്ചതിന് ശരിയായ മറുപടി കൊടുത്ത ഉദ്യോഗസ്ഥർക്കെതിരെയല്ല നടപടിയെടുക്കേണ്ടത്.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള, അങ്ങേയ്ക്ക് ചോദ്യമുണ്ടെങ്കിൽ ചോദിക്കു.

ശ്രീ. പി. ഉബൈദുള്ള: കള്ളക്കടത്തിനും മരംകൊള്ളയ്ക്കും കൂട്ടുനിന്നവർക്കെതിരായി എന്തുനടപടിയാണ് സർക്കാർ സ്വീകരിച്ചത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് പറഞ്ഞതുപോലെ പരിഹാസവാക്കുകൾ ഉപയോഗിക്കാൻ എല്ലാവർക്കും അറിയാമെന്നത് ആദ്യം മനസ്സിൽ വയ്ക്കണം. ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയിട്ടില്ലെന്ന് ഞാൻ ഒരു ഉത്തരത്തിലും പറഞ്ഞിട്ടില്ല. കണ്ടും അറിഞ്ഞും തന്നെയായിരിക്കും നടന്നിരിക്കുന്നത്. അതുകൊണ്ട് അന്വേഷണം നടത്തി, കുറ്റകൃത്യം കൃത്യമായി ബോദ്ധ്യപ്പെട്ട്, കുറ്റം തെളിഞ്ഞവരുടെ പേരിൽ നടപടിയെടുത്തുവരികയാണ്. കുറ്റം തെളിയുന്ന മുറയ്ക്ക് മറ്റുള്ളവരുടെ പേരിൽ നടപടിയെടുക്കും.

ശ്രീ. കെ. പി. എ. മജീദ്: സർ, സി1-3/187/2019 എന്ന ഫയലിൽ ആരെങ്കിലും ഡിസെന്റ് നോട്ട് എഴുതിയിരുന്നോ; അതുസംബന്ധിച്ച്

വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അക്കാര്യം പ്രത്യേകമായി അന്വേഷിക്കണം.

ഡോ. എം. കെ. മുനീറിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആസൂത്രിതമായി നടന്ന വനംകൊള്ളയാണിത്. പത്താം മാസത്തിൽ ഒരു ഉത്തരവ് വന്നു, നാലുമാസംകൊണ്ട് മരം വെട്ടിമുറിച്ചതിനുശേഷം രണ്ടാം മാസത്തിൽ ആ ഉത്തരവ് ക്യാൻസലാക്കുന്നു. രണ്ട് ഉത്തരവുകളും ഒരേ ഉദ്യോഗസ്ഥനായ ശ്രീ. എ. ജയതിലക്, ഐ.എ.എസ്. തന്നെയാണ് ഇറക്കിയത്. കേരള ചരിത്രത്തിൽ ഇന്നുവരെ ഇങ്ങനെയുണ്ടായിട്ടില്ല. ഈ ഉത്തരവിനെതിരായി നിൽക്കുന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്ന ഉത്തരവുകൂടിയാണിത്. അപ്രകാരമുള്ള മരങ്ങൾ മുറിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ ഉത്തരവുകൾ പാസ്സാക്കുകയോ നേരിട്ട് തടസ്സപ്പെടുത്തുകയോ ചെയ്താൽ ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഉദ്യോഗസ്ഥൻ ഇത് മനസ്സിലാക്കാതെ ചെയ്തതാണെന്നാണ് അതിന് മന്ത്രി ഇവിടെ പറഞ്ഞ മറുപടി. അത്തരത്തിൽ മനസ്സിലാകാത്ത ആളുകളാണോ കേരളത്തിലെ

ഉദ്യോഗസ്ഥർ. രണ്ട് ഉത്തരവുകളുടെ വ്യത്യാസം ഉദ്യോഗസ്ഥർക്ക് മനസ്സിലാകില്ലേ? ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്ന ഉത്തരവ് കേരള ചരിത്രത്തിലാദ്യമാണ്.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, പെട്ടെന്ന് ചോദ്യം ചോദിച്ചാൽ മറ്റുള്ളവർക്കും അവസരം ലഭിക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മരംമുറി ആസൂത്രിതമായി നടന്ന ഒരു കൊള്ളയാണെന്നുള്ളതിനുള്ള ഉദാഹരണമല്ലേ? ഇവിടെ റേഞ്ച് ഓഫീസറെ ഒരു സി.സി.എഫ്. പീഡിപ്പിച്ചുവെന്ന പരാതിയുമുണ്ട്.

മി. സ്പീക്കർ: ദയവായി ചോദ്യം ചോദിക്കു. (.......ബഹളം.....)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചോദ്യത്തിലേയ്ക്ക് വരണോ വേണ്ടയോ എന്ന് ചെയറിൽനിന്നാണ് പറയേണ്ടത്. അല്ലാതെ ഭരണപക്ഷമാണോ പറയേണ്ടത്. (.......ബഹളം.....)

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഡ്രസ്സ് ചെയ്യു.

ശ്രീ. എൻ. ഷംസുദ്ദീൻ: ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: അങ്ങോട്ട് അഡ്രസ്സ് ചെയ്താൽ പ്രകോപനങ്ങൾ ഇങ്ങോട്ടുമങ്ങോട്ടുമുണ്ടാകും. ചെയറിനെ അഡ്രസ്സ് ചെയ്യു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെ നമ്മൾ ആദ്യം കണ്ടത് ചോദ്യം നീണ്ടുപോകുന്നതിലും ഉത്തരം നീണ്ടുപോകുന്നതിലുമുള്ള അസന്തുഷ്ടിയാണ്. അത് സ്വാഭാവികമാണ്. കൂടുതൽ അംഗങ്ങൾക്ക് അവസരം ലഭിക്കണമെന്നതന്നെയാണ് എല്ലാവരുടെയും ആഗ്രഹം. അതുമായി സഹകരിക്കാതെ വന്നപ്പോഴാണ് പ്രശ്നമുണ്ടായത്. ദയവായി സഹകരിക്കുക. നാലഞ്ച് ചോദ്യങ്ങൾ ചോദിച്ചപ്പോൾ ഏത് ചോദ്യത്തിനാണ് ഉത്തരം പറയേണ്ടതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഞാൻ കേരള ചരിത്രം പരിശോധിച്ചിട്ടില്ല. അതുകൊണ്ട് കേരള ചരിത്രത്തിൽ ഇതിനുമുമ്പ് എങ്ങനെയാണ് ഉണ്ടായിട്ടുള്ളതെന്ന് എനിക്കറിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ചോദ്യം ചോദിക്കുമ്പോൾ പരിഹസിക്കുകയാണോ? (......ബഹളം.......)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പൂർത്തിയാക്കൂ. (......ബഹളം.....) ദയവായി ഇരിക്കൂ. (......ബഹളം.....) ചോദ്യം ഇനിയും ചോദിക്കാനുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അംഗങ്ങൾ ദയവായി ശ്രദ്ധിക്കേണ്ടത് അദ്ദേഹം ചോദിച്ച കാര്യങ്ങൾക്കാണ് എന്റെ മറുപടി എന്നതാണ്. അദ്ദേഹം ചോദിക്കാത്ത കാര്യങ്ങൾക്ക് ഞാൻ മറുപടി പറഞ്ഞിട്ടില്ല. അദ്ദേഹം

എന്നോട് ചോദിച്ചത്, ചരിത്രത്തിൽ ഇങ്ങനെ ഉണ്ടായിട്ടുണ്ടോയെന്നാണ്. ചരിത്രത്തിൽ ഇങ്ങനെയുണ്ടായിട്ടുണ്ടോ എന്ന് എനിക്കറിയില്ലെന്നേ ഞാൻ പറഞ്ഞുള്ളൂ. അദ്ദേഹം ചോദിച്ചാൽ എനിക്കറിയില്ല എന്നുപറയണ്ടേ. ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്തതായി ബോദ്ധ്യപ്പെട്ടതിനെത്തുടർന്നാണ് ഉത്തരവ് റദ്ദാക്കിയിട്ടുള്ളത്. അത് യഥാസമയംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ശ്രദ്ധയിൽപ്പെട്ടയുടനെതന്നെ അതിൽ സർക്കാരിന് ചെയ്യാവുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുതിർന്ന അംഗങ്ങളുൾപ്പെടെ പലരും ചോദ്യം ചോദിക്കാൻ ആവശ്യമുന്നയിച്ചിട്ടുണ്ട്. എല്ലാവർക്കും അവസരം കൊടുക്കണമെന്ന നിലയ്ക്കാണ് ചെയർ ഇടപെടുന്നത്. .....(ബഹളം)....... നിങ്ങൾക്ക് മറ്റാർക്കും അവസരം കിട്ടരുതെന്നുണ്ടോ? അങ്ങനെ സംസാരിക്കരുത്. നീണ്ട രാഷ്ട്രീയ പ്രസ്താവന നടത്താനുള്ള അവസരമായി ഉപചോദ്യങ്ങളെ മാറ്റരുത്. ദയവായി ചെയറുമായി സഹകരിക്കുക.

ശ്രീ. റോജി. എം. ജോൺ: സർ, പല വിഷയങ്ങളും വകുപ്പുമന്ത്രി അറിയുന്നുണ്ടോയെന്നുള്ള സംശയമാണ് കേരളത്തിലെ ജനങ്ങൾക്ക് ഈ വിഷയവുമായി ബന്ധപ്പെട്ടുള്ളത്. റവന്യൂ വകുപ്പ് 24-10-2020-ന് പുറത്തിറക്കിയ തെറ്റായ ഉത്തരവിന്റെ മറവിൽ കേരളത്തിൽ നടന്ന

വനംകൊള്ളയെക്കുറിച്ച് വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിന്റെ പേരിൽ ഏതെങ്കിലും ഉന്നത ഐ.എഫ്.എസ്. ഉദ്യോഗസ്ഥനെതിരെ നടപടി ശിപാർശ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടി വൈകുന്നത് എന്തുകൊണ്ടാണ്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനം വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. ചീഫ് ഫോറസ്റ്റ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ കേരളത്തെ രണ്ടായി വിഭജിച്ച് അഞ്ച് മേഖലയായി തിരിച്ച് അതിന്റെ താഴെ അഞ്ച് സ്പെഷ്യൽ ടീമിനെയും നിയോഗിച്ചുകൊണ്ട് ഒരന്വേഷണം നടത്തിയിട്ടുണ്ട്. ആ അന്വേഷണത്തിൽ കണ്ടെത്തിയ നിഗമനങ്ങൾ റിപ്പോർട്ടായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് സ്പെഷ്യൽ ടീമിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട മന്ത്രിയെ പ്രകോപിതനാക്കാൻ വേണ്ടിയല്ല പ്രതിപക്ഷം ചോദ്യങ്ങൾ ഉന്നയിക്കുന്നത്. അങ്ങയുടെ നന്മയ്ക്കും ഭാവിയിൽ 'കള്ളന് കഞ്ഞിവച്ചവൻ' എന്ന ചീത്തപ്പേര് ഉണ്ടാകാതിരിക്കാനും വേണ്ടിയാണ്. റവന്യൂ വകുപ്പിന്റെ 24-10-2020-ലെ ഉത്തരവിനെത്തുടർന്ന് അനധികൃതമായി മുറിച്ചുമാറ്റിയ ഈട്ടി മരങ്ങളുടെ

എണ്ണം വിജിലൻസ് വിഭാഗം തിട്ടപ്പെടുത്തിയിട്ടുണ്ടോ; പാലക്കാടിലെ മണ്ണാർക്കാട് റേഞ്ചിൽനിന്നുമാത്രം 4000 മരങ്ങളും അഗളി റേഞ്ചിൽനിന്ന് 3500 മരങ്ങളും കടത്തിയെന്ന കണക്കുകൾ പുറത്തുവരുമ്പോൾ വനം-വിജിലൻസ് വിഭാഗം കണക്കുകൾ കുറച്ചുകാണിക്കുന്നുവെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കണക്കുകൾ കുറയ്ക്കാനോ കൂട്ടാനോ സർക്കാർ ശ്രമിക്കുന്നില്ല. കണക്ക് തെറ്റാൻ പാടില്ല, ഒന്ന്, രണ്ട്, മൂന്ന് എന്നല്ലാതെ ഒന്ന്, മൂന്ന്, അഞ്ച് എന്നല്ലല്ലോ; കണക്കുകൾ കണക്കുകൾ തന്നെയായിരിക്കും. കൃത്യമായ കണക്കെടുത്ത്, പറയുന്ന കാര്യങ്ങളൊക്കെ ശരിയാണോയെന്ന് ഉറപ്പുവരുത്താനും കൃത്യത വരുത്തുന്നതിനും വേണ്ടിയാണ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വയനാട്ടിലെ കൃഷിക്കാരുടെ ആവശ്യങ്ങളെക്കുറിച്ച് അറിയാത്തവരല്ല ഞങ്ങൾ. പക്ഷേ മന്ത്രിമാരെങ്കിലും അവിടെ പോയി നിജ:സ്ഥിതി അന്വേഷിക്കണം. ഒരു കൃഷിക്കാരനും തങ്ങളുടെ പറമ്പിലുള്ള ഓരോ മരവും മുറിക്കണമെന്ന് വിചാരിച്ച് വിറ്റതല്ല. മരക്കച്ചവടക്കാർ ബത്തേരി-കൽപ്പറ്റ ഭാഗങ്ങളിലെ കൃഷിക്കാരായ, ആദിവാസികളായ, നിരക്ഷരരായ ആളുകളോട്, നിങ്ങളുടെ മരത്തിന്

നല്ലവില കിട്ടുമെന്ന് പറഞ്ഞു. എന്നിട്ട് എത്ര തുക അവർക്ക് കൊടുത്തു, ഒന്നും കൊടുത്തിട്ടില്ല. ഇവിടെനിന്ന് സ്പെഷ്യൽ ഓർഡർ കൊടുത്തതനുസരിച്ച് പ്ലാൻ ചെയ്ത് അവിടെ പോയി മുറിച്ച ഒരു സംഭവമാണ്. മന്ത്രിമാർ അവിടെ പോയിട്ടില്ലെങ്കിലും ഇത്രയും വലിയൊരു കൊള്ളയെക്കുറിച്ച് അന്വേഷിക്കണ്ടേ; അഞ്ച് ലക്ഷം രൂപയുടെ മരത്തിന് അയ്യായിരം രൂപ കൊടുത്ത് ആദിവാസികളെ പറ്റിച്ച ഒരു വിഷയമാണിത്. മന്ത്രിമാർ എത്ര ലളിതമായാണ് ഇത്ര ഗൗരവമുള്ള വിഷയം സംബന്ധിച്ച് പറയുന്നത്. മന്ത്രി പറയുന്നത്, കുറ്റക്കാരായ ആളുകൾ ശിക്ഷിക്കപ്പെടുന്നുണ്ടെന്നും ഞങ്ങളല്ല ഉത്തരവാദികൾ എന്നുമാണ്. ആയിരിക്കാം; പക്ഷേ എത്ര ലാഘവത്തോടെയാണ് മറുപടി പറയുന്നത്. സ്പെഷ്യൽ ഓർഡർ കയ്യിൽവച്ചുകൊണ്ട് അവിടെ പോയി നല്ല ഈട്ടിയുണ്ടെന്ന് പറഞ്ഞ് കട്ടെടുത്ത് കൊണ്ടുപോയ കേസാണിത്. എന്നിട്ടാണോ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ലളിതമായിട്ടല്ല സർക്കാർ ഇതിനെ കണ്ടിട്ടുള്ളത്. വളരെ ഗൗരവത്തിൽ അന്വേഷിക്കേണ്ട ഒരു പ്രശ്നമായിട്ടുതന്നെയാണ് സർക്കാർ കണ്ടിട്ടുള്ളത്. നിജ:സ്ഥിതി പരിശോധിക്കണമെന്ന ബഹുമാനപ്പെട്ട

അംഗത്തിന്റെ നിർദ്ദേശം നിയമസഭ സാമാജികനെന്ന നിലയിൽ എനിക്ക് കിട്ടിയ നല്ലൊരു ഉപദേശമാണ്. ആ ഉപദേശത്തിന് ഞാൻ നന്ദി പറയുന്നു. ഞാനത് പരിശോധിക്കാം, കൂടുതൽ ശ്രദ്ധിക്കാം. പക്ഷേ ഇതിനെ ലാഘവബുദ്ധിയോടുകൂടിയല്ല കാണുന്നത്. അങ്ങ് പറഞ്ഞതുപോലെ ആദിവാസികളെ, നിരക്ഷരരായ കർഷകരെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. അതൊക്കെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞങ്ങൾ കൂടുതൽ അറിവുണ്ടാക്കാൻ ശ്രമിക്കണമെന്ന നിർദ്ദേശം ഒരിക്കലും തള്ളിക്കളയേണ്ടതല്ല. സദുദ്ദേശ്യത്തോടുകൂടി അങ്ങ് പറഞ്ഞതാണത്, തീർച്ചയായും അത് മനസ്സിൽ വച്ച് പ്രവർത്തിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വളരെ ഗൗരവമായ ഒരു വിഷയമാണിത്. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് സംസ്ഥാന സർക്കാരിനുണ്ടായിരിക്കുന്നത്. ഇത് വളരെ ലാഘവത്തോടെ കാണാൻ കഴിയുന്നൊരു കാര്യമല്ല. ഈ ഉത്തരവ് വന്നതിനുശേഷം വയനാട് കളക്ടർ എന്താണ് സർക്കാരിലേയ്ക്ക് എഴുതിയത്? വയനാട് കളക്ടർ അയച്ച കത്തിനെപ്പോലും മാറ്റിവച്ചുകൊണ്ടാണ് അവിടെ മരംമുറിക്കാർക്ക് സൗകര്യം ചെയ്തുകൊടുത്തത്. ഇതുപോലെ നഗ്നമായൊരു വനംകൊള്ള കേരള ചരിത്രത്തിൽ അടുത്തകാലത്തെങ്ങുമുണ്ടായിട്ടില്ല. ഈ വനംകൊള്ളക്കാരെ

ആരെയെങ്കിലും അറസ്റ്റ് ചെയ്തോ, ചോദ്യം ചെയ്തോ; ഭരണത്തിന്റെ ഉന്നതതലങ്ങളിൽ സ്വാധീനമുള്ളതുകൊണ്ട് they are scot-free. അവർ വെറുതെ നടക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; ഉദ്യോഗസ്ഥരുടെ പേരിലുള്ള അന്വേഷണം നടക്കുന്നതല്ലാതെ ഈ മരം കൊണ്ടുപോയ ആളുകളുടെ പേരിൽ എന്ത് നടപടിയുണ്ടായി; അവരെ അറസ്റ്റുചെയ്തോ; ചോദ്യം ചെയ്തോ; കോടതിയിൽ മുൻകൂർ ജാമ്യത്തിന് വന്നപ്പോൾ ഗവൺമെന്റ് അവർക്ക് കൂട്ടുനിന്നില്ലേ? നഗ്നമായ ഒരു കൊള്ളയാണ് നടന്നത്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങയുടെ കൈകൾ ശുദ്ധമാണെങ്കിൽ അടിയന്തരമായി ഈ കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, സമാനമായ ചോദ്യം നേരത്തെ വന്നപ്പോൾ, ഇപ്പോൾ മറ്റേതെങ്കിലും തരത്തിലുള്ള അന്വേഷണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നില്ലെന്നാണ് ഞാൻ അതിന് പറഞ്ഞിട്ടുള്ള മറുപടി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നിലവിലുള്ള എല്ലാ നിയമങ്ങളെയും ലംഘിച്ചുകൊണ്ടാണ് ഈ നടപടികളെല്ലാം നടന്നത്.

കേരള ഫോറസ്റ്റ് ആക്ടിന്റെയും ഇന്ത്യൻ ഫോറസ്റ്റ് ആക്ടിന്റെയും ലംഘനത്തോടൊപ്പം നിലവിലുള്ള ചട്ടങ്ങൾക്ക് എതിരായ നടപടികളുമുണ്ട്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ചോദിച്ചതുപോലെ അതിന് കൂട്ടുനിന്ന രണ്ട് വിഭാഗങ്ങളുണ്ട്. ഒന്ന്, അഡ്മിനിസ്ട്രേറ്റീവ് ലൈനിൽ സെക്രട്ടേറിയറ്റിലുള്ള ഒരു വിഭാഗം. രണ്ട്, അതിന് പുറത്തുള്ള മരംകൊള്ളക്കാർ. മരംകൊള്ളക്കാർ ഇപ്പോൾ സർവ്വതന്ത്ര സ്വതന്ത്രരായി നടക്കുകയാണ്. അവർക്കെതിരെ ഒരു നിയമനടപടിയുമുണ്ടായിട്ടില്ല. അവർക്കെതിരായി നിയമ നടപടി എടുക്കുന്നതിനുവേണ്ടി സർക്കാർ അടിയന്തരമായി നീങ്ങുമോ; ഇതുവരെ എടുത്തിട്ടുള്ള നടപടി എന്താണെന്ന് അറിയിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതിലെ പ്രതികൾ എന്നുപറയുന്നവർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. അത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ നിഗമനം ലഭിക്കുന്നതനുസരിച്ച് മാത്രമേ സർക്കാരിന് മുന്നോട്ടുപോകാൻ കഴിയൂവെന്ന് പരിണിതപ്രജ്ഞനായ അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മന്ത്രിക്ക് ചരിത്രം അറിയാമോ ഇല്ലയോ എന്നെനിക്കറിയില്ല. കേരള ചരിത്രത്തിൽ നടന്ന

ഏറ്റവും വലിയ വനംകൊള്ളയാണിത്. അദ്ദേഹം പറഞ്ഞതനുസരിച്ച് വയനാട്ടിൽ നിന്നുമാത്രം 14 കോടി രൂപയുടെ മരം മുറിച്ചു. വയനാടിനേക്കാൾ കൂടുതൽ മരം മുറിച്ച ജില്ലകളുമുണ്ട്. നൂറുകണക്കിന് കോടി രൂപയുടെ മരംകൊള്ള സംസ്ഥാനത്ത് നടന്നിരിക്കുന്നു. 2020 ഒക്ടോബർ 24-ാം തീയതി ഇറങ്ങിയ വിവാദ സർക്കാർ ഉത്തരവ്, മരം മുറിക്കുന്നതിനുള്ള ലൈസൻസായിരുന്നു. 2005-ലെ നിയമത്തിലെ മരം മുറിക്കാൻ അനുവാദം നൽകുന്ന ഭാഗം സർക്കാർ ഉത്തരവിൽ ഉദ്ധരിച്ചിരിക്കുന്നു. അതിൽ ആറാം വകുപ്പിന്റെ ആദ്യഭാഗമാണ് ഉദ്ധരിച്ചിരിക്കുന്നത്. ചന്ദനം ഒഴിച്ചുള്ള എല്ലാ മരങ്ങളും നിങ്ങളുടെ സ്ഥലങ്ങളിൽനിന്ന് മുറിച്ചെടുക്കാമെന്ന് 2005-ലെ നിയമത്തിൽ പറയുന്നുണ്ടെന്നാണ് ഉത്തരവിൽ പറയുന്നത്. എന്നാൽ ആ ഉത്തരവ് മന:പൂർവ്വം മറച്ചുവയ്ക്കുന്നു, ആറാം വകുപ്പിന്റെ രണ്ടാം ഭാഗത്തിൽ മരം മുറിക്കാമെന്ന് ഒരു proviso പറയുന്നുണ്ട്. 'സർക്കാരിൽ നിക്ഷിപ്തമായ മരങ്ങൾ ഒരുകാരണവശാലും മുറിക്കാൻ പാടില്ലെന്ന് ' രണ്ടാംഭാഗത്ത് പറയുന്നത് മന:പൂർവ്വമായി ഈ സർക്കാർ ഉത്തരവിൽ മറച്ചുവച്ചു. സർക്കാർ ഉത്തരവ് അക്ഷരാർത്ഥത്തിൽ മരം മുറിക്കാൻ അനുവാദം നൽകുന്ന ഉത്തരവാണ്. അതിനുശേഷം ആ മരംമുറി തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കൃത്യവിലോപത്തിനെതിരായി നടപടി

സ്വീകരിക്കുമെന്ന ഒരു വാചകം കൂടി എഴുതിച്ചേർത്തുവച്ച് മരം മുറിക്കുന്നതിന് കൊടുത്ത ലൈസൻസാണ്. ആ ഉത്തരവ് ഇറക്കുന്നതിനുവേണ്ടി ഗൂഢാലോചന നടത്തിയത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി, അന്നത്തെ വനം വകുപ്പുമന്ത്രി, ഈ ഉത്തരവ് ഇറക്കിയ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരാണ്. ആ പ്രിൻസിപ്പൽ സെക്രട്ടറി ഇപ്പോഴും ആ സ്ഥാനത്തിരുന്നുകൊണ്ട് ഇങ്ങനെയൊരു നിയമവിരുദ്ധമായ എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കരുതെന്ന് പറഞ്ഞ ഉദ്യോഗസ്ഥയെ സ്ഥലംമാറ്റി. എഴുതിക്കൊടുത്ത അഡീഷണൽ സെക്രട്ടറിയെ സ്ഥലംമാറ്റി, മറ്റൊരു അണ്ടർ സെക്രട്ടറിക്കെതിരായി പ്രതികാരനടപടികൾ സ്വീകരിക്കുന്നു. ഈ കൊള്ളയ്ക്ക് കൂട്ടുനിന്ന് ഉത്തരവിറക്കിയ ഇപ്പോഴത്തെ പ്രിൻസിപ്പൽ സെക്രട്ടറി, അന്നത്തെ വനം വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവരെ പ്രതിചേർത്ത് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, പ്രതിപക്ഷനേതാവ് പറഞ്ഞ എല്ലാ കാര്യങ്ങൾക്കും എനിക്ക് ഒന്നൊന്നായി മറുപടി പറയാൻ സാധിക്കില്ല. ധാരാളം കാര്യങ്ങൾ അംഗം ചോദിക്കുകയുണ്ടായി. ജുഡീഷ്യൽ അന്വേഷണത്തെക്കുറിച്ച് ഇപ്പോൾ ആലോചിക്കുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കേരളം കണ്ട ഏറ്റവും വലിയ വനം

കൊള്ളയിൽ ഒരന്വേഷണവും നടത്താതെ, പ്രതികളെ അറസ്റ്റ് ചെയ്യാതെ മുഴുവൻ ആളുകളെയും രക്ഷപ്പെടുത്താനും പാവപ്പെട്ട കർഷകരെയും ആദിവാസികളെയും കേസ്സിൽ കുടുക്കാനും രാഷ്ട്രീയ യജമാനന്മാരെ രക്ഷിക്കാനുമുള്ള സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനകം സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അന്വേഷണം ഫലപ്രദമായി നടക്കുന്നുണ്ട്. അന്വേഷണത്തിന്റെ ഘട്ടത്തിൽ മറ്റൊരു നടപടിയുമായി പോകാൻ ഉദ്ദേശിക്കുന്നില്ലെന്നേ ഞാൻ പറഞ്ഞുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ ആരൊക്കെയാണോ ഇതിൽ തെറ്റ് ചെയ്തിട്ടുള്ളത് അവരെയൊക്കെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിലൊരു വിട്ടുവീഴ്ചയുമുണ്ടാകില്ല. തെറ്റ് ചെയ്തവരെ ശിക്ഷിക്കാനുള്ള നടപടിയാണ് സൂക്ഷ്മതയോടുകൂടി സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ നടപടികൾ ത്വരിതഗതിയിലുണ്ടാകും. കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടുമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, പട്ടയം ലഭിച്ച ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് ഒരു ഏകീകൃത നിയമം വേണമെന്നും റവന്യൂ വകുപ്പുമായി ആലോചിച്ച് അതിനാവശ്യമായ നിലപാട് സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. തങ്ങൾക്ക് ലഭിച്ച പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാൻ സർക്കാരിന്റെ അനുമതി വേണമെന്നതന്നെയാണ് ജനങ്ങൾ ഇപ്പോൾ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങയുടെ ചോദ്യം പ്രസക്തമാണ്. നിരപരാധികൾ ശിക്ഷിക്കപ്പെടരുതെന്നും കർഷകരുടെ അവകാശങ്ങൾ ഹനിക്കരുതെന്നുമാണ് സർക്കാരിന്റെ താൽപ്പര്യം. ഈ ഉത്തരവിറക്കിയ സമയത്ത് കർഷകരുടെ താൽപ്പര്യങ്ങൾ ഹനിക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് നിരവധി ആലോചനായോഗങ്ങളും സർവ്വകക്ഷി യോഗങ്ങളും നടന്നു. ആ യോഗങ്ങളുടെയൊക്കെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് പരിശോധിക്കേണ്ടി വന്നിട്ടുള്ളത്. അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും അത് വ്യക്തമാക്കിയിട്ടുണ്ട്. ആ സാഹചര്യത്തിൽ കർഷക

താൽപ്പര്യമാണ് ഞങ്ങൾ മുന്നിൽ കണ്ടത്. കർഷക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണങ്ങൾ നടത്തണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതിനുള്ള പ്രാഥമിക നടപടികൾ ആരംഭിക്കേണ്ടത് റവന്യൂ വകുപ്പിൽനിന്നാണ്. തീർച്ചയായും ആ നീക്കങ്ങൾ റവന്യൂ വകുപ്പ് നടത്തിവരുന്നുണ്ടെന്നാണ് അറിഞ്ഞത്. അക്കാര്യം ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നാളെ ചോദ്യോത്തരവേളയിൽ വ്യക്തമാക്കുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കമ്മ്യൂണിസ്റ്റ് പാർട്ടി അന്വേഷിക്കുമോ എന്ന രീതിയിലൊക്കെ ഇവിടെ മഞ്ചേരി നിയമസഭാംഗം ചോദിച്ചു. തെറ്റിദ്ധാരണയുടെ പേരിലാണ് അങ്ങനെ പറയുന്നത്. കാരണം, മടിയിൽ കനമില്ലാത്ത, വളരെ സത്യസന്ധമായി കാലമിത്രയും പ്രവർത്തിച്ചിട്ടുള്ളതുകൊണ്ടാണ് ധൈര്യമായി ഏതന്വേഷണത്തിനും ഉത്തരവിടുകയും അന്വേഷണം കാര്യക്ഷമമായി നടക്കുകയും ചെയ്യുന്നത്. അത് പ്രതിപക്ഷത്തേയ്ക്ക് നീളുമെന്നുള്ളതുകൊണ്ടാണ് അവർ ഉത്തരം കേൾക്കാൻ തയ്യാറാകാതെ പോയത്. എനിക്ക് ഒറ്റ കാര്യമേ പറയാനുള്ളൂ. പാലാരിവട്ടവും ഇഞ്ചികൃഷിയും സ്വർണ്ണക്കടത്തും നൂറുകോടി ക്ലബ്ബിൽ സ്വർണത്തിന്റെ പേരിൽ കയറിയ എം.എൽ.എ.-മാരും കത്‌വ ഫണ്ടും

സുനാമി ഫണ്ടും അഴിമതിയും നടത്തിയത് മുസ്ലിം ലീഗ് അന്വേഷിച്ച് വെളുപ്പിക്കുന്നതുപോലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും അങ്ങനെയാണെന്ന തെറ്റിദ്ധാരണകൊണ്ടായിരിക്കാം അവർ പറഞ്ഞത്. അതൊക്കെ അവർ അന്വേഷിക്കട്ടെ. എനിക്ക് ചോദിക്കാനുള്ളത് ഒറ്റ ചോദ്യമാണ്, ഈ കേസിന്റെ പേരിൽ അന്വേഷണം നന്നായി നടക്കുന്നു, ഉദ്യോഗസ്ഥർ ഇതിന് പിന്നിലുള്ള ആളുകളെ പിടിക്കുന്നു. അതിൽ രാഷ്ട്രീയ നേതൃത്വത്തിലുള്ള ചിലരോട് ബന്ധമുള്ള, പ്രതിപക്ഷത്തുള്ളവരോട് ബന്ധമുള്ളവരുമുണ്ടെന്ന് പറയപ്പെടുന്നു. അവരെയും അധികം വൈകാതെ പിടിക്കാൻ പോകുകയാണ്. വനമേഖലയ്ക്ക് പരിസരത്തുള്ള കർഷകരെ മുഖവിലയ്ക്കെടുത്തുകൊണ്ട് വന സംരക്ഷണത്തിനുവേണ്ടി ഒരു വനം നയം രൂപീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് സൂചിപ്പിച്ച എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറയേണ്ടതില്ലെന്ന് എല്ലാവർക്കും അറിയാമല്ലോ. കർഷക താൽപ്പര്യം സംരക്ഷിക്കുന്നതിന് അനുഗുണമായ ഒരു നിയമനിർമ്മാണം വേണ്ടിവരുമെന്നുതന്നെയാണ് സർക്കാരിന്റെ നിഗമനം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, മുട്ടിൽ മരംമുറിയുടെ പേരിൽ പുകമറ സൃഷ്ടിച്ചുകൊണ്ട്, കർഷകർ പട്ടയ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് കഴിയാത്തൊരു സാഹചര്യം സംസ്ഥാനത്ത് സൃഷ്ടിക്കുന്ന

പ്രതിപക്ഷത്തിന്റെ കർഷകദ്രോഹ സമീപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രതിപക്ഷത്തിന്റെ നിലപാട് അവരാണ് തീരുമാനിക്കേണ്ടത്. ഓരോ പാർട്ടിയും എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത് എന്നതിനെക്കുറിച്ച് ഞാൻ അഭിപ്രായ പ്രകടനം നടത്തുന്നത് ഉചിതമായിരിക്കില്ല.

## തീരസംരക്ഷണ പ്രവർത്തനങ്ങൾ

5(*32) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കടലാക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ തീരം സംരക്ഷിക്കാനായി ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തിവരുന്ന തീരസംരക്ഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കടലാക്രമണം രൂക്ഷമായ തീരപ്രദേശത്തിന്റെ ദൈർഘ്യം ഏറെയാണെന്നതും കരിങ്കല്ലിന്റെ ലഭ്യതക്കുറവും മുൻനിർത്തി കരിങ്കൽ ഭിത്തിക്ക് ബദലായി മറ്റ് സാങ്കേതിക മാർഗ്ഗങ്ങൾ

പ്രായോഗികമാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് സ്ഥാപിച്ചതിന്റെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ജിയോബാഗ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ 9 തീരദേശ ജില്ലകളിൽ കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും 5 വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നതുമായ 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള

344.20 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി നൽകുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി National Centre for Coastal Research (NCCR) എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തി തീരസംരക്ഷണ പ്രവൃത്തികൾ ചെയ്യാൻ തീരുമാനിച്ചു. രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളായ കൊല്ലംകോട്, ശംഖുംമുഖം, ആലപ്പാട്, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 10 കോടി രൂപയും ജലസേചന വകുപ്പിലെ നോൺ പ്ലാൻ ഫണ്ടിൽനിന്നും 2.69 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തിവരുന്ന തീരസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി+ ചേർക്കുന്നു. കൂടാതെ 13-07-2021-ലെ സ.ഉ(സാധാ)നം.365/2021/ജവിവ നമ്പർ ഉത്തരവ് പ്രകാരം

\+ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

ഗ്രോയിൻസ് നിർമ്മിക്കുന്നതിനുള്ള 88.129 കോടി രൂപയുടെ 4 പ്രവൃത്തികൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു+.

(ബി) കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനെ, ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോബാഗിൽ മണൽ നിറച്ച് തീരത്തെ അടിയന്തരമായി സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. എന്നാൽ സംരക്ഷിക്കപ്പെടേണ്ട തീരപ്രദേശത്തിന്റെ ദൈർഘ്യം കൂടുതലായതിനാലും കല്ലിന്റെ ലഭ്യതക്കുറവുമൂലവും കല്ലിന് ബദലായി മറ്റ് സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 2021 മെയ് 24, 25 തീയതികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും നേതൃത്വത്തിൽ നടന്ന യോഗങ്ങളിൽ കടലാക്രമണ പ്രതിരോധം ഈ മന്ത്രിസഭയുടെ പ്രഥമ പരിഗണനയിലുള്ള വിഷയമാണെന്ന് പ്രഖ്യാപിക്കുകയും ടെട്രാപോഡ് പോലുള്ള ആധുനിക സാങ്കേതികവിദ്യകൾ

+ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്

ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതേത്തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ച് 344.20 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കടലാക്രമണം ഏറ്റവും രൂക്ഷമായ മറ്റ് പ്രദേശങ്ങളിൽ തീരത്തിന്റെ ഘടനയ്ക്ക് അനുസൃതമായി തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) മുഖേന പഠനം നടത്താൻ തീരുമാനിക്കുകയും പ്രസ്തുത പഠനത്തിലെ നിർദ്ദേശാനുസരണം ഡയഫ്രം വാൾ, ടെട്രാപോഡ്, ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്നീ നൂതന സാങ്കേതികവിദ്യകളും മറ്റ് soft solution-നുകളും സംയോജിപ്പിച്ചുള്ള തീരസംരക്ഷണം പ്രാവർത്തികമാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) കടലാക്രമണം ഏറ്റവും രൂക്ഷമായ വാച്ചാക്കൽ, കമ്പനിപ്പടി, ബസാർ, വേളാങ്കണ്ണി, ചെറിയകടവ് എന്നീ പ്രദേശങ്ങളിലായി ജിയോട്യൂബ് ഉപയോഗിച്ചുള്ള 8 കോടി രൂപയുടെ 5 പ്രവൃത്തികളാണ് (1000 മീറ്റർ നീളം)

പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നത്. ടൗട്ടെ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ജിയോട്യൂബ് ഉപയോഗിച്ചുള്ള പ്രവൃത്തി വളരെ പ്രയോജനകരമായി കണ്ടു. ഇതിന്റെ സമീപത്തുള്ള വീടുകൾക്ക് കാര്യമായ ക്ഷതം സംഭവിച്ചതായി കാണാൻ കഴിഞ്ഞില്ല. കാലാവസ്ഥയും മണലിന്റെ ദൗർലഭ്യവും കാരണം ജിയോട്യൂബിന്റെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു. ഇതിന് പരിഹാരമെന്നോണം ജിയോ ട്യൂബ് നിറയ്ക്കാനാവശ്യമായ മണൽ മറ്റ് സ്ഥലങ്ങളിൽനിന്നും കൊണ്ടുവരുന്നതിന്റെ സാധ്യതകളും പരിശോധിക്കേണ്ടതുണ്ട്. ജിയോബാഗ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം കടൽക്കയറ്റത്തിനെ പ്രതിരോധിക്കാനുള്ള ഒരു താൽക്കാലിക സംരക്ഷണ പ്രവൃത്തിയാണ്. എന്നാൽ കടൽക്ഷോഭം രൂക്ഷമാകുന്ന വേളയിൽ ടി ജിയോബാഗുകൾക്ക് സ്ഥാനഭ്രംശം സംഭവിക്കുന്നതായും അവ താഴ്ന്നുപോകുന്നതായും കാണപ്പെടുന്നു. ആയതിനാൽ കടലാക്രമണം തടയുന്നതിന് ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ പ്രസ്തുത പ്രവൃത്തി അവലംബിക്കാൻ സാധിക്കില്ല.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വർഷങ്ങളായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ശാശ്വത പരിഹാരം കാണാൻ കഴിയാത്ത ഒരു വിഷയമാണ് തീരദേശ സംരക്ഷണം. സാധാരണ തീരദേശ

സംരക്ഷണത്തിനായി കരിങ്കൽ ഭിത്തിയും ജിയോ ബാഗുമൊക്കെയാണ് ഉപയോഗിക്കുന്നത്. മറ്റ് ധാരാളം മാർഗ്ഗങ്ങളും പറയുന്നുണ്ട്. അതിലൊന്ന് ഒരു സ്റ്റീൽ മറൈൻ പൈൽ സ്ഥാപിച്ചുകൊണ്ട് വേവ് ഡിഫ്ളക്ടർ ഉപയോഗിച്ച് തിരമാലകളുടെ ഊർജ്ജം കുറച്ച് തീരം സംരക്ഷിക്കാമെന്നുള്ളതാണ്. മറ്റൊന്ന്, ചില പ്രത്യേക തരത്തിലുള്ള പുല്ലുകൾ തീരദേശത്ത് നട്ടുവളർത്തിക്കൊണ്ട്, വെജിറ്റേഷൻ എന്ന രീതിയിൽ കടലാക്രമണം തടയാമെന്നും കണ്ടെത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തിന്റെയും പ്രത്യേകതയനുസരിച്ച് മാത്രമാണ് ഈ രീതി ഉപയോഗിക്കാൻ സാധിക്കുന്നത്. കേരളത്തിലെ തീരങ്ങളിൽ ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. വസ്തുതാപരവും വ്യക്തവുമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിനനുസരിച്ച് തീരദേശ സംരക്ഷണത്തിനുള്ള ഒരു പദ്ധതി തയ്യാറാക്കാൻ സാധിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രസക്തമായ ഒരു വിഷയമാണ്. നിലവിൽ ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ കൊണ്ടുമാത്രം തീരദേശ സംരക്ഷണം ഫലപ്രദമായ രീതിയിൽ നടത്താൻ കഴിയില്ലെന്നാണ് മനസ്സിലാക്കുന്നത്. വ്യത്യസ്ത മേഖലകളിൽ വിവിധ തരത്തിലുള്ള പ്രവൃത്തികൾ അനിവാര്യമാക്കേണ്ടതുണ്ട്. നിലവിലുള്ള

പഠനങ്ങൾ വ്യക്തമാക്കുന്നതും അതാണ്. തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന ഏകദേശം 206 കിലോമീറ്ററിൽ 108 കിലോമീറ്റർ ദൂരം പ്രകൃതിയാൽതന്നെ സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്. 344 കോടി രൂപയുടെ ഭരണാനുമതി കൊടുക്കുന്നത് ടെട്രാപോഡ് ഉപയോഗിച്ചുള്ള നിർമ്മാണത്തിനാണ്. എല്ലാ മേഖലയിലും അങ്ങനെ വേണമെന്ന് നിർബന്ധമില്ല. നാച്ചുറലായി സംരക്ഷിക്കപ്പെടുന്ന പ്രദേശങ്ങളുമുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിലുള്ള നിർമ്മാണം ഏതാണെന്നുള്ളതിനെക്കുറിച്ച് വിശദമായ പഠനം നടത്തി, സർക്കാർ ചെലവഴിക്കുന്ന പണം പ്രായോഗികമായ നിലനിൽപ്പിന് അനിവാര്യമാണെന്ന് ചിന്തിച്ചുകൊണ്ട്, കൃത്യമായി പഠിച്ച്, ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കടലാക്രമണത്തിന്റെ ഭാഗമായി വരുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് തീരദേശവാസികളുടെ പുനരധിവാസം. ഓരോ തവണയും കടലാക്രമണമുണ്ടാകുമ്പോൾ അവരെ താല്ക്കാലികമായി മാറ്റിപ്പാർപ്പിക്കുകയും അവർക്ക് സ്ഥായിയായിട്ടുള്ള

പുനരധിവാസത്തിനുള്ള പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. തീരദേശത്ത് താമസിക്കുന്നവരെ കടലാക്രമണമുണ്ടാകുന്ന പരിധിയിൽനിന്ന് കുറച്ചകലെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. അത് കുറച്ച് വിഷമമുള്ള കാര്യമാണ്. കടലിന്റെ അടുത്തുനിന്ന് മാറിപ്പോകുവാൻ മത്സ്യത്തൊഴിലാളികൾ സ്വമേധയാ ഇഷ്ടപ്പെടില്ല. അവർ മാനസികമായി അതുമായി പൊരുത്തപ്പെട്ട് നിൽക്കുന്നവരാണ്. എങ്കിലും അവരുടെ സുരക്ഷയെ മുൻനിർത്തിക്കൊണ്ട് കടലാക്രമണമുണ്ടാകാൻ സാധ്യതയുള്ള പ്രദേശത്തുനിന്ന് കുറച്ചകലെ അവരുടെ സ്ഥായിയായിട്ടുള്ള പുനരധിവാസത്തിന് ഒരു പദ്ധതി തയ്യാറാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇത് വളരെ പ്രസക്തമായ ചോദ്യമാണ്. പുനരധിവാസം ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള വിഷയമായതിനാൽ ഇത് പ്രസ്തുത വകുപ്പുമായി ആലോചിച്ച് ചെയ്യേണ്ടതാണ്. Coastal Regulation Zone (CRZ)-മായി ബന്ധപ്പെട്ട് വന്നിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ വളരെ പ്രസക്തമായ വിഷയമായി ഇത് ശേഷിക്കുകയാണ്. യോജിച്ച ഒരു തീരുമാനം അതിലുണ്ടാകും. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നല്ല താൽപ്പര്യം കാണിക്കുന്നുണ്ട്. ഇപ്പോൾ പറഞ്ഞതുപോലുള്ള ബുദ്ധിമുട്ടുകൾ സ്ഥിരമായി ഒഴിവാക്കാൻ സ്വീകാര്യമായ

മാർഗ്ഗം ആലോചിച്ച് കൂട്ടായ സംരംഭമെന്ന നിലയിൽ അതിന് നേതൃത്വം കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഏറ്റവും കൂടുതൽ തീരദേശമുള്ള ഒരു ജില്ലയാണ് തിരുവനന്തപുരം. ശംഖുംമുഖം, വലിയതുറ, ബീമാപ്പള്ളി, പൂന്തുറ തുടങ്ങിയ മേഖലകളിലൊക്കെ ഇതിന്റെ രൂക്ഷമായ പ്രത്യാഘാതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വിമാനത്താവളത്തോടുചേർന്ന ടൂറിസ്റ്റ് പ്രാധാന്യമുള്ള ഒരു സ്ഥലംകൂടിയാണ് ശംഖുംമുഖം. അവിടെ തീരസംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ? ഇതുമായി ബന്ധപ്പെട്ട് ശാസ്ത്രീയപഠനം നടത്താൻ തയ്യാറാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രാധാന്യമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. പ്രത്യേകിച്ച് ടൂറിസം പ്രാധാന്യമുള്ള ഒരു പ്രദേശമായതുകൊണ്ട് ശംഖുംമുഖത്തെ അങ്ങനെ കാണേണ്ടതുണ്ട്. നിലവിൽ പൂന്തുറ മുതൽ ശംഖുംമുഖം വരെയുള്ള തീരദേശത്ത് ജിയോട്യൂബ് ഉപയോഗിച്ച് 700 മീറ്റർ ദൂരം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷനാണ് അത് നടപ്പിലാക്കുന്നത്.

അതോടൊപ്പം ശംഖുംമുഖം ഭാഗത്ത് 400 മീറ്റർ പൊതുമരാമത്ത് റോഡിനോട് ചേർന്ന് ഡയഫ്രം വാൾ നിർമ്മിക്കുന്നത് തീരസംരക്ഷണത്തിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമാണ്. ശംഖുംമുഖം ഭാഗത്ത് 700 മീറ്റർ ദൂരം detached breakwater ഉപയോഗിച്ചുള്ള തീരസംരക്ഷണത്തിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. വിശദമായ പഠനം നടത്തി കോസ്റ്റൽ മേഖലയിലുള്ള ടൂറിസത്തിന്റെ പ്രാധാന്യംകൂടി മുഖവിലയ്ക്കെടുത്ത് നല്ല നിലയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സർക്കാർ തയ്യാറാകും.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, കഴിഞ്ഞ കടലാക്രമണത്തെ തുടർന്ന് തീരം സംരക്ഷിക്കാനായി നൂതനമാർഗ്ഗം അവലംബിക്കാൻ ബഡ്ജറ്റിൽ 5300 കോടി രൂപ മാറ്റിവയ്ക്കാൻ നിശ്ചയിച്ചിരുന്നു. അടിയന്തര പ്രവൃത്തികൾക്കായി കിഫ്ബിയിൽനിന്നും 1200 കോടി രൂപ ലഭ്യമാക്കുമെന്നും ഇറിഗേഷൻ വകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും പങ്കെടുത്ത ഓൺലൈൻ യോഗത്തിൽ പറയുകയുണ്ടായി. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള കാലവിളംബം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വൈപ്പിനിൽ 48 പുലിമുട്ടുകളുടെ നിർമ്മാണത്തിന് 41 കോടി രൂപയും 5.7 കിലോമീറ്റർ കടൽഭിത്തി

നിർമ്മാണത്തിന് 31.76 കോടി രൂപയും ഉൾപ്പെടെ 72.76 കോടി രൂപ അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; ബഡ്ജറ്റ് പ്രസംഗത്തിൽ ലോകബാങ്ക്, നബാർഡ്, കിഫ്ബി തുടങ്ങിയ വിവിധ സ്രോതസ്സുകളിലൂടെ പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുമെന്ന് പറയുകയുണ്ടായി. അതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, കടൽത്തീരത്തുണ്ടായ പ്രശ്നങ്ങൾ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. കടലാക്രമണം രൂക്ഷമാകുന്ന പ്രധാനപ്പെട്ട പല മേഖലകളെയും ഹോട്ട് സ്പോട്ടുകളായി പരിഗണിച്ച് അവിടത്തെ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. ചെല്ലാനത്തെയും ശംഖുംമുഖത്തെയും വിഷയങ്ങൾ ഞാനിവിടെ സൂചിപ്പിച്ചു. വിവിധ ജില്ലകളിലായുള്ള ആലപ്പാട്, ഒറ്റമശ്ശേരി, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങളിലാണ് അതിരൂക്ഷമായ കടൽക്ഷോഭമുണ്ടാകുന്നതെന്ന് കണ്ടെത്തിയിട്ടുള്ളത്. അതിനാവശ്യമായ ഡി.പി.ആർ. തയ്യാറായിരിക്കുകയാണ്. അതോടൊപ്പം, വരുന്ന അഞ്ചുവർഷംകൊണ്ട് തീരദേശം പൂർണ്ണമായും സംരക്ഷിക്കപ്പെടണം. അതിനായി ഈ വർഷം കിഫ്ബിയുടെ ധനസഹായമായി 1500 കോടി രൂപ

ലഭ്യമാക്കിയിട്ടുണ്ട്. അതിൽ 500 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ബാക്കി ഹോട്ട് സ്പോട്ടുകളിൽ 1000 കോടി രൂപയുടെ പദ്ധതിയും ഈ സാമ്പത്തിക വർഷംതന്നെ നടത്താൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രദേശം രൂക്ഷമായ കടലാക്രമണ സാധ്യതയുള്ള മേഖലയാണെന്ന് ഹോട്ട് സ്പോട്ടിൽ പറയുന്നില്ലെങ്കിലും അത് പരിശോധിക്കാൻ തയ്യാറാണ്. അത്തരത്തിലുള്ള പ്രദേശമാണെങ്കിൽ ഹോട്ട് സ്പോട്ടിൽ ആ പ്രദേശവും ഉൾപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കാം.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാട്ടുതീ നിയന്ത്രണം

6 (*33) ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എ. രാജ:

<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വനമേഖലകളിൽ ഉണ്ടാകുന്ന കാട്ടുതീമൂലം വലിയ തോതിൽ വനസമ്പത്തും പക്ഷിമൃഗാദികളും നശിച്ചുപോകുന്നതായ വസ്തുത കാലാവസ്ഥാ വ്യതിയാനത്തിന്റെ സവിശേഷമായ സാഹചര്യത്തിൽ പ്രത്യേകമായി വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെയും കാട്ടരുവികളുടെയും സംരക്ഷണത്തിലൂടെ കാട്ടുതീ നിയന്ത്രണത്തിന് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വനാന്തരങ്ങളിലും വനത്തോടനുബന്ധിച്ചും അധിവസിക്കുന്ന ജനവിഭാഗങ്ങളെ കാട്ടുതീ നിയന്ത്രണ ബോധവൽക്കരണത്തിലും പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) കേരളത്തിലുണ്ടാകുന്ന കാട്ടുതീ ഭൂരിപക്ഷവും മനുഷ്യ നിർമ്മിതമാണ്. എന്നാൽ വേനൽകാലത്തുണ്ടാകുന്ന കാട്ടുതീ ഉണങ്ങിയ പുൽമേട്ടുകളെയും അടിക്കാട്ടുകളെയുമാണ് ബാധിക്കുന്നത്. തുടർന്ന് വരുന്ന കാലവർഷത്തിൽ പുൽമേട്ടുകളും അടിക്കാട്ടുകളും പൂർവ്വസ്ഥിതി പ്രാപിക്കുന്നതിനാൽ വനസമ്പത്തിനെയും പക്ഷിമൃഗാദികളെയും ദോഷകരമായി ബാധിക്കുന്നില്ല. എങ്കിലും കാട്ടുതീ സംബന്ധിച്ച് അതാതു മേഖലകളിൽ പഠനം നടത്തുകയും ആയത് വിശകലനം ചെയ്ത് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാന വനം വകുപ്പിന് കീഴിലുള്ള എല്ലാ സർക്കിളുകളിലും റെയിഞ്ച് തലം മുതൽ ഫയർ സീസണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെന്റ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. മുൻകാല ഫയർ ഇൻസിഡന്റുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരംതിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുന്നു. ഓരോ മേഖലകളിലെയും സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർപ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി

പ്രദേശത്തെ ഇന്ധന ശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാങ്ങുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു. ഇക്കോ ഡെവലപ്മെന്റ് കമ്മറ്റി (EDC)/ വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ഗ്യാങ്ങുകളെ സൃഷ്ടിക്കുകയും ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്യുന്നു. ട്രക്ക് പാത്തുകളും കൂപ്പ റോഡുകളും നവീകരിച്ച് ഉൾക്കാടുകളിൽ വേഗത്തിലെത്തി കാട്ടുതീ കണ്ടെത്തി തടയുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.) ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. എഫ്.എസ്.ഐ. മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യത അലർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും അതാത് ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി

നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള ഫയർ സീസണിൽ ഹെഡ്ക്വാർട്ടേഴ്സ്/സർക്കിൾ/ഡിവിഷൻ/റെയിഞ്ച്/ സ്റ്റേഷൻ തലത്തിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കാട്ടുതീ നിയന്ത്രണത്തിനായി നിലവിൽ ആധുനിക ഉപകരണങ്ങളും അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങളും വനം വകുപ്പ് ഉപയോഗിച്ചു വരുന്നുണ്ട്. വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ പൂൾ ചെയ്ത് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

(സി) പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെയും കാട്ടരുവികളുടെയും സംരക്ഷണത്തിലൂടെ കാട്ടുതീ നിയന്ത്രണത്തിന് ഉതകുന്ന പദ്ധതികൾ നിലവിൽ വനം വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നുണ്ട്. കാട്ടുതീ

നിയന്ത്രണത്തിനായുള്ള വെള്ളത്തിനായി വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകാതെ വനത്തിനകത്തു തന്നെ മഴവെള്ളം സംഭരിച്ചു നിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്തി കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും സാധിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടുകയും ബ്രഷ് വുഡ് ചെക്ക് ഡാമുകൾ ഉൾപ്പെടെ പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങും നടത്തുന്നു.

(ഡി) വനാന്തരങ്ങളിലും വനത്തോടനുബന്ധിച്ചും അധിവസിക്കുന്ന ജനവിഭാഗങ്ങളെ കാട്ടുതീ നിയന്ത്രണ ബോധവല്ക്കരണത്തിലും പ്രവർത്തനങ്ങളിലും വനം വകുപ്പ് പങ്കാളികളാക്കുന്നുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന മുഖ്യവനമേധാവിയുടെ 24/12/2019-ലെ 12/19 നമ്പർ സർക്കുലർ പ്രകാരം 50 ശതമാനം അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ പങ്കാളിത്ത വന പരിപാലന തത്വമനുസരിച്ച് വനസംരക്ഷണ സമിതി/ഇക്കോ ഡെവലവപ്മെന്റ് കമ്മറ്റി മുഖാന്തിരം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പങ്കാളിത്ത വനപരിപാലന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ

427 വി.എസ്.എസ്, 213 ഇ.ഡി.സി. എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. ടി ഇക്കോ ഡെവലപ്മെന്റ് കമ്മറ്റി (EDC)/വന സംരക്ഷണ സമിതി (VSS) കളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് കാട്ടുതീ നേരിടുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഇക്കോ ഡെവലപ്മെന്റ് കമ്മറ്റി (EDC)/വന സംരക്ഷണ സമിതി (VSS) അംഗങ്ങളെയും ഉൾപ്പെടുത്തി ഫയർ ഗ്യാങ്ങുകളെ സൃഷ്ടിക്കുകയും ഓരോ മേഖലയിലെയും ആവശ്യാനുസരണം അവരെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയും ചെയ്യുന്നുണ്ട്. വിവിധ വന ഡിവിഷനുകളിലായി ബോധവൽക്കരണ പരിപാടികൾ, ലഘുലേഖ വിതരണം, എക്സിബിഷനുകൾ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുവാനും പോക്കറ്റ് കലണ്ടറുകൾ തുടങ്ങിയ പ്രചരണോപാധികൾ വിതരണം നടത്തുവാനും വനാന്തരങ്ങളിലും വനത്തോടനുബന്ധിച്ചും അധിവസിക്കുന്ന ജനവിഭാഗങ്ങളെ പങ്കാളികളാക്കുന്നുണ്ട്.

**സ്ഥാപന വനവൽക്കരണ പദ്ധതി**

7 (*34) <u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ശ്രീ. എം. വിജിൻ</u>:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഹരിത കവചം മുപ്പത്തിമൂന്ന് ശതമാനമാക്കാനുള്ള ഊർജ്ജിത ശ്രമങ്ങളുടെ ഭാഗമായി വനം വകുപ്പ് നടപ്പാക്കുന്ന സ്ഥാപന വനവൽക്കരണ പദ്ധതി പ്രകാരം മികച്ച രീതിയിൽ മരം നട്ടുവളർത്തി പരിപാലിക്കുന്നവർക്ക് അവാർഡ് ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ബി) പ്രസ്തുത അവാർഡിനായി പ്രത്യേക മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അതിജീവനത്തിന്റെ മാർഗ്ഗമാണ് പ്രകൃതി സംരക്ഷണമെന്ന് പുതിയ തലമുറയെ ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ നടപ്പാക്കുന്ന വിദ്യാവനം പദ്ധതിയുടെയും പട്ടണങ്ങളിൽ നടപ്പാക്കുന്ന നഗരവനം പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) വനം വകുപ്പ് നടപ്പാക്കുന്ന സ്ഥാപന വനവൽക്കരണ പദ്ധതി പ്രകാരം മികച്ച രീതിയിൽ മരം നട്ടുവളർത്തി പരിപാലിക്കുന്നവർക്ക് അവാർഡ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് അനുഭാവപൂർവ്വം പരിശോധിച്ചുവരുന്നു.

(ബി) വനം വകുപ്പ് നടപ്പാക്കുന്ന സ്ഥാപന വനവൽക്കരണ പദ്ധതി പ്രകാരം മികച്ച രീതിയിൽ മരം നട്ടുവളർത്തി പരിപാലിക്കുന്നവർക്ക് അവാർഡ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് അനുഭാവപൂർവ്വം പരിശോധിച്ചുവരുന്നു.

(സി) വിദ്യാവനം: വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വഭാവിക വനങ്ങളുടെ സാദൃശ്യമുള്ള, അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാവനങ്ങൾ. ചുരുങ്ങിയ ചെലവിൽ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളിൽ ജൈവവൈവിധ്യ സംരക്ഷണ ബോധം വളർത്തിയെടുക്കുന്നതിനും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുമുള്ള പ്രായോഗിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചാണ് വിദ്യാവനങ്ങൾ നിർമ്മിക്കുന്നത്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെയും കോളേജുകളിലെയും ഫോറസ്ട്രി ക്ലബ്ബുകളിലൂടെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും നിർവ്വഹിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ആവശ്യമായി വരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പ് പരമാവധി 2 ലക്ഷം രൂപ വരെ നൽകുന്നു.

പ്രസ്തുത ഫോറസ്ട്രി ക്ലബ്ബുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും വിദ്യാവനങ്ങളുടെ തുടർന്നുള്ള പരിചരണവും മേൽനോട്ടവും. ജൈവ രീതികളിലൂടെ മണ്ണിന്റെ ഫലഭ്രയിഷ്ഠി വർദ്ധിപ്പിക്കുക, ജല ആഗിരണ ശേഷി വർദ്ധിപ്പിക്കുക, വൃക്ഷാവരണങ്ങളുടെ വിവിധ തട്ടുകളിൽ വരുന്ന തദ്ദേശീയ ഇനങ്ങളായ ഔഷധികൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ എന്നിവ അതിസാന്ദ്രതയിൽ നട്ടുപിടിപ്പിച്ച് പരിപാലിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇതുമൂലം ഉദ്ദേശ്യം പത്ത് പതിനഞ്ച് വർഷങ്ങൾക്കുള്ളിൽത്തന്നെ ജൈവ വൈവിധ്യ സമ്പുഷ്ടമായ പൂർണ്ണ വളർച്ചയെത്തിയ വനങ്ങൾ ചുരുങ്ങിയ സ്ഥലത്ത് നിർമ്മിച്ചെടുക്കാൻ സാധിക്കുന്നു. തദ്ദേശിയ സസ്യങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പ്രാദേശിക കാലാവസ്ഥയ്ക്കും മണ്ണിന്റെ ഘടനയ്ക്കും യോജിക്കുന്ന ഫലവൃക്ഷങ്ങൾക്കും ഔഷധ സസ്യങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നു. സംസ്ഥാനത്തൊട്ടാകെ 2020-21 വർഷത്തിൽ 14 ജില്ലകളിലായി 21 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 14 ജില്ലകളിലായി 26 വിദ്യാവനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നഗരവനം: നഗരങ്ങളിൽ ചെറുപച്ചത്തുരുത്തുകൾ കൃത്രിമമായി വളർത്തിയെടുക്കുന്ന ഒരു പദ്ധതിയാണ്

നഗരവനം. നഗരവനം പദ്ധതി പ്രകാരം കൃത്രിമ വനങ്ങൾ നഗരങ്ങളിൽ സൃഷ്ടിക്കുന്നു. എല്ലാ അർത്ഥത്തിലും വനത്തെ അനുസ്മരിപ്പിക്കുന്ന രീതിയിലായിരിക്കും ഇത്തരം നഗര വനങ്ങൾ വളർത്തിയെടുക്കുക. തദ്ദേശീയ വൃക്ഷതൈകൾ ഉപയോഗിച്ച് വളർത്തിയെടുക്കുന്ന നഗരവനത്തിൽ സ്വാഭാവിക വനത്തിന്റെ വിവിധ തലങ്ങളും ദർശിക്കാൻ സാധിക്കുന്നതാണ്. കേവലം 5 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലം മുതൽ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വിദ്യാർത്ഥികൾ, റെസിഡൻസ് അസോസിയേഷനുകൾ, നേച്ചർ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന ഇത്തരം നഗരവനങ്ങൾ ഹരിതഗൃഹ പ്രഭാവ ലഘൂകരണം, ശുദ്ധവായു സമാഹരണം, പക്ഷികളുടെ ആവാസ കേന്ദ്രമൊരുക്കൽ, ഹരിതാഭ വർദ്ധനവ് എന്നിവയോടൊപ്പം ജനങ്ങളിൽ പ്രകൃതിയോട് സ്നേഹവും അനുഭാവവും സംരക്ഷണ ചിന്താമനോഭാവവും ഉണർത്തുവാൻ ഉപകരിക്കുന്നു. തൃശ്ശൂർ വനം ഡിവിഷന് കീഴിൽ വടക്കാഞ്ചേരി റെയിഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ഓട്ടുപാറയിൽ 5.78 സെന്റ് വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന പ്രദേശത്ത് തൃശ്ശൂർ (നോർത്ത്) റിസർച്ച് ഡിവിഷന് കീഴിലുള്ള പാലക്കാട് സിൽവികൾച്ചറൽ യൂണിറ്റ് നടപ്പിലാക്കുന്ന നഗരവനം പദ്ധതിയുടെ ഉത്ഘാടനം

02/07/2020-ാം തീയതി നിർവ്വഹിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ആകെ 5 നഗരവനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

**ദേശീയ വനവൽക്കരണ പരിപാടി**

8(*35) ശ്രീ. പി. വി. അൻവർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കുന്നതിനായി ദേശീയ വനവൽക്കരണ പരിപാടിയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വനമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി ആർട്ടിഫിഷ്യൽ റീജനറേഷൻ, പാർസ്ച്ചർ ഡെവലപ്മെന്റ്, പുൽമേടുകളുടെ വികസനം എന്നിവയുടെ പുരോഗതി അറിയിക്കുമോ;

(സി) മുളങ്കാടുകളുടെയും ചൂരൽകാടുകളുടെയും പുനരുജ്ജീവനത്തിനും വനമേഖലയെ ആശ്രയിച്ചു കഴിയുന്നവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് നടന്നു

വരുന്നതെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരവും വെളിപ്പെടുത്താമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) സംസ്ഥാനത്തെ ശോഷിതവനങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കേരളത്തിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ വനവൽക്കരണ പദ്ധതി. ഈ പദ്ധതി 2002-2003 മുതൽ 2015-2016 വരെയാണ് സംസ്ഥാനത്ത് നടപ്പിലാക്കി വന്നത്. ഈ പദ്ധതിയിലൂടെ വനങ്ങളുടെ സ്വാഭാവിക പുനർജ്ജീവനത്തെ സഹായിക്കൽ, കൃത്രിമ വനവൽക്കരണം, മുളങ്കാടുകളുടെ പുനരുജ്ജീവനം, ചൂരൽക്കാടുകളുടെ പുനരുജ്ജീവനം, മേച്ചിൽപുറ വികസനം, തടയിതര മൂല്യമുള്ളതും ഔഷധ ഗുണമുള്ളതുമായ വൃക്ഷങ്ങളുടെ നട്ടുവളർത്തൽ, ഔഷധസസ്യ പുനരുജ്ജീവനം എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കിയത്. 2002-2003 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) ദേശീയ വനവൽക്കരണ പരിപാടിയിലുൾപ്പെടുത്തി കൃത്രിമ വനവൽക്കരണം (Artificial Regeneration) പദ്ധതിക്കായി 1412.92

ലക്ഷം രൂപ അനുവദിക്കുകയും 2718.33 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ആയതുപോലെ മേച്ചിൽപ്പുറ വികസനം (Pasture Development) പദ്ധതിയിലുൾപ്പെടുത്തി 115.82 ലക്ഷം രൂപ അനുവദിക്കുകയും 241.54 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി മുളങ്കാട്ടുകളുടെയും ചൂരൽകാട്ടുകളുടെയും പുനരുജ്ജീവനത്തിനായി 2730.79 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുകയും 1773.22 ലക്ഷം രൂപ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 5090.2 ഹെക്ടർ സ്ഥലം മുളങ്കാട്ടുകളുടെയും, 5956.25 ഹെക്ടർ സ്ഥലം ചൂരൽക്കാട്ടുകളുടെയും പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ദേശീയ വനവൽക്കരണ പരിപാടി 2015-16 വർഷത്തിൽ പൂർത്തീകരിച്ചതിനെത്തുടർന്ന് വനമേഖലയെ ആശ്രയിച്ച് കഴിയുന്നവരുടെ ഉപജ്ജീവനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രീൻ ഇന്ത്യ മിഷൻ സ്കീം (GIM) 2016-17 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി ഭൂമിയിലെ

ജലശോഷണവും മണ്ണൊലിപ്പും തടയുന്നതിനും നീർത്തട സംരക്ഷണത്തിനുമായി സ്വാഭാവിക ജലസ്രോതസ്സുകളുടെ ചുറ്റിലും ചെറു അരുവികളുടെ തീരങ്ങളിലും മുള, ഈറ, ചൂരൽ എന്നിവ വച്ചുപിടിപ്പിക്കുകയും നീർച്ചാലുകളിൽ തടയണ നിർമ്മാണം നടപ്പിലാക്കിയിട്ടുമുണ്ട്. മേൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വനമേഖലയെ ആശ്രയിച്ചു കഴിയുന്നവരെയാണ് പൂർണ്ണമായും നിയോഗിച്ചുവരുന്നത്. ആയത് അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും സഹായകരമാവുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ ഗോത്രങ്ങളിൽപ്പെട്ടവരുടെ ഭവനരാഹിത്യം**

9(*36) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതികളിലും പട്ടികവർഗ്ഗ ഗോത്രങ്ങളിലുംപ്പെട്ടവരുടെ ഭവനരാഹിത്യം സമയബന്ധിതമായി പരിഹരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഭവനരഹിതരും ഭൂരഹിതരുമായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങൾ ഉണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങൾക്ക് അനുവദിച്ച ആകെ വീടുകളുടെ എണ്ണവും പ്രസ്തുത കാലയളവിൽ പണി പൂർത്തിയാക്കാതെ കിടന്നിരുന്നതുൾപ്പെടെ പൂർത്തീകരിച്ച വീടുകളുടെ എണ്ണവും എത്രയെന്നതിന്റെ വിവരം ലഭ്യമാണോ;

(ഡി) നിലവിൽ വാസയോഗ്യമല്ലാത്ത വീട്ടിൽ താമസിക്കുന്നതും എന്നാൽ വീടുണ്ടെന്ന കാരണത്താൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോകുകയും ചെയ്തവരെ അർഹത ലിസ്റ്റിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) നവകേരള മിഷന്റെ ഭാഗമായ ലൈഫ് മിഷൻ പദ്ധതിയിലൂടെ നിലവിൽ ഭവനരഹിതരായ പട്ടികജാതിക്കാർക്കും മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വിവിധ ഘട്ടങ്ങളിലായി വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ച് വരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വന്നിരുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2018-19 വരെ ധനസഹായം

അനുവദിച്ചതിൽ പൂർത്തിയാകാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്ന വീടുകൾക്ക് സ്പിൽഓവറായി ആനുപാതിക നിരക്കിൽ തുടർ ഗഡുക്കൾ അനുവദിച്ചു നൽകുന്നു.

(ബി) പട്ടികജാതി വികസന വകുപ്പ് ഭൂരഹിത ഭവനരഹിതർ - 76308, ഭൂമിയുള്ള ഭവനരഹിതർ - 57047, പട്ടികവർഗ്ഗ വികസന വകുപ്പ് ഭൂരഹിത ഭവനരഹിതർ - 7930, ഭൂമിയുള്ള ഭവന രഹിതർ-10783

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി പ്രകാരം 39405 വീടുകൾ അനുവദിക്കുകയും അതിൽ 30,069 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2015-16 വരെ ധനസഹായം അനുവദിച്ചതിൽ പൂർത്തിയാക്കാതെ അവശേഷിച്ച 16360 വീടുകളിൽ 10220 വീടുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികൾ മുഖേന 14126 വീടുകൾ അനുവദിക്കുകയും അതിൽ 4387 വീടുകൾ

* നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്

പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ അനുവദിച്ചതും 31.03.2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകളിൽ 11306 എണ്ണം ലൈഫ് മിഷൻ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ നിലവിൽ വാസയോഗ്യമായ വീട് ഇല്ലായെന്ന് വകുപ്പ് കണ്ടെത്തിയിട്ടുള്ള 36399 ഭൂരഹിത ഭവനരഹിതരുടെയും, 49105 ഭവനരഹിതരുടെയും ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ആയതിൽ ലൈഫ് മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പരിശോധിച്ച് അർഹരെന്ന് കണ്ടെത്തിയ 21749 ഭൂരഹിത കുടുംബങ്ങളെയും 34970 ഭവനരഹിത കുടുംബങ്ങളെയും അധികമായി ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ശോച്യമായ തരത്തിലുള്ള വീടുകളിൽ താമസിക്കുന്ന 16070 പട്ടികവർഗ്ഗക്കാരെ വകുപ്പ് കണ്ടെത്തുകയും ടി ലിസ്റ്റ് തുടർനടപടിക്കായി ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്.

* നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്

## കെ. എം. മാണി മൈക്രോ ഇറിഗേഷൻ പദ്ധതി

10(*38) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എം. മാണി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ ഒരു പദ്ധതി ജലസേചന വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും എല്ലാ വിളകൾക്കും പ്രസ്തുത പദ്ധതിയിലൂടെ ജലസേചന സൗകര്യം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി കാർഷിക വിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) ഉണ്ട്. 28-05-2021-ലെ കേരള അസംബ്ലിയിൽ ഗവർണർ നടത്തിയ പ്രസംഗത്തിൽ

മുൻമന്ത്രി കെ. എം. മാണിയുടെ സ്മരണാർത്ഥം കേരളത്തിലെ നാണ്യവിളകൾക്കുകൂടി മൈക്രോ ഇറിഗേഷൻ വ്യാപകമാക്കുന്നതിനായി ശ്രീ. കെ. എം. മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി പ്രഖ്യാപിക്കപ്പെട്ടു.

(ബി) ജലത്തിന്റെ ഏറ്റവും കൃത്യവും കാര്യക്ഷമവുമായ ഉപയോഗമാണ് മൈക്രോ ഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിലൂടെ സാധ്യമാകുന്നത്. കനാലുകളിൽനിന്നും വളരെയകലെയുള്ള കൃഷിയിടത്തേയ്ക്കും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലം എത്തിക്കാനാകും. കുളങ്ങൾ, തടയണകൾ, വി.സി.ബി.കൾ (Vented Cross Bars), ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ അടിസ്ഥാനമാക്കി പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തി കൃഷി-സഹകരണ വകുപ്പുകളുമായി സഹകരിച്ച് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപയും 2021-22 വർഷത്തിൽ 17 കോടി രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നാണ്യവിളകളായ ഏലം, കുരുമുളക്, ജാതി, തെങ്ങ്, കൊക്കോ, കാപ്പി, കവുങ്ങ് തുടങ്ങിയവയും

ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, വാഴ എന്നിവയുമാണ് മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലസേചനം നൽകി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്.

(ഡി) നിലവിൽ കാർഷികവിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാൻ തീരുമാനിച്ചിട്ടില്ല.

**ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ**

11(*39) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. റ്റി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം നിർബന്ധമാക്കിയ അടച്ചുപൂട്ടൽ മറ്റു രംഗങ്ങളിലെന്നപോലെ ദേവസ്വം ബോർഡുകളുടെയും പ്രവർത്തനത്തിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രതിസന്ധിക്കിടയിലും ക്ഷേത്രജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ദീർഘകാലത്തിനുശേഷം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനും സാധ്യമായിട്ടുണ്ടോ;

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുമാനം കുറവുള്ള ക്ഷേത്രങ്ങളിലെ ശമ്പള ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുത്തിരുന്നോ;

(ഡി) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ അബ്രാഹ്മണ ശാന്തിക്കാരെ നിയമിക്കാനുള്ള തീരുമാനത്തിന്റെയടിസ്ഥാനത്തിൽ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടത്തുന്ന നിയമനത്തിന്റെ പുരോഗതി അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) ഉണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉയർന്ന വരുമാനമുണ്ടായിരുന്ന ചുരുക്കം ചില ക്ഷേത്രങ്ങളിലൊഴികെ, സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുകയും, ദൈനംദിന ചെലവുകൾ നടത്തുന്നതിനും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും കഴിയാതെ വരുകയും ചെയ്തിട്ടുണ്ട്. ബോർഡിന് കീഴിലുള്ള ഭൂരിപക്ഷം ക്ഷേത്രങ്ങളും സാമ്പത്തിക പ്രതിസന്ധിയിലായതോടെ കൂടുതൽ ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡിൽ നിന്ന് സാമ്പത്തിക സഹായം നൽകേണ്ടി വന്നിട്ടുണ്ട്. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന്

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്, ബന്ധപ്പെട്ട അലോട്ട്മെന്റിന് പുറമെ, അധിക ധനസഹായമായി സർക്കാർ അനുവദിച്ച 20 കോടി രൂപയിൽനിന്നും 19 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 8,20,00,000/- (എട്ട് കോടി ഇരുപത് ലക്ഷം) രൂപയും ഉപയോഗപ്പെടുത്തുക വഴി, ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുന്നതിന് സാധിച്ചിട്ടുണ്ട്. 12/02/2021 തീയതിയിലെ സ.ഉ(കയ്യെഴുത്ത്).നം.57/2021/റവ നമ്പർ ഉത്തരവ് പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടത് പ്രകാരം ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണുള്ളത്.

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള 12/02/2021 തീയതിയിലെ സ.ഉ(കയ്യെഴുത്ത്).നം.57/2021/റവ നമ്പർ ഉത്തരവ് പ്രകാരം ബോർഡിന്

കീഴിലുള്ള മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും മലബാർ ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതോടെ, പ്രസ്തുത ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും മലബാർ ദേവസ്വം ബോർഡിൽനിന്നും നൽകുവാൻ കഴിയുന്നതാണ്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട്ടൈം ശാന്തി തസ്തികയിലേക്ക് 30 പേർക്കും കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് 14 പേർക്കും ഈഴവ സമുദായമുൾപ്പെടെയുള്ള മറ്റ് പിന്നാക്ക സമുദായങ്ങളിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലേക്ക് 152 പേർക്കും കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേക്ക് 98 പേർക്കും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടൽ

12(*40) <u>ശ്രീ. വി. ശശി</u>:
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. ജി. എസ്. ജയലാൽ</u>:

<u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തേണ്ടതിന്റെയും ജലസംരക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തൽ, ജലസംരക്ഷണം എന്നിവയ്ക്കായി പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തുന്നതിനും ജലസംരക്ഷണത്തിനും അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) രണ്ട് പ്രളയങ്ങൾക്ക് ശേഷം നദികളിലടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പരിപാടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളേയും ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളേയും ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തുന്നതിനും സംരക്ഷണത്തിനുമായുള്ള പദ്ധതികൾ നിലവിലില്ല. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന നൂതന സാങ്കേതികവിദ്യകൾ പഠനം നടത്തി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്.

\+ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) 2018-ലെ മഹാപ്രളയം, 2019-ലെ പ്രളയം എന്നിവയെത്തുടർന്ന് തടസ്സപ്പെട്ട ജലസ്രോതസ്സുകളിലെ നീരൊഴുക്ക് വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## സമുദ്രസമ്പത്തിന്റെ വാണിജ്യ ചൂഷണം

13 (*41) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. വി. സുമേഷ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ സമുദ്രസമ്പത്ത് അന്താരാഷ്ട്ര കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കുന്ന തരത്തിൽ സമുദ്ര സമ്പത്തിന്റെ വാണിജ്യ ചൂഷണത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഈ നടപടി മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്ന മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിശോധിക്കുമോ;

+ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത നടപടി തീരദേശവാസികളുടെ ജീവനോപാധിക്ക് ഭീഷണിയാകുമെന്ന് ആശങ്കയുള്ള സാഹചര്യത്തിൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയതിനുശേഷം മാത്രം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) ഉണ്ട്. സുസ്ഥിരവും സമഗ്രവുമായ സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ രാജ്യത്തിന്റെ ജി.ഡി.പി. വർദ്ധിപ്പിക്കുക, അതേസമയം ദേശീയ വികസന ലക്ഷ്യങ്ങളോടും അന്താരാഷ്ട്ര പ്രതിബദ്ധതകളോടുംകൂടി ഇന്ത്യയുടെ വികസന അജണ്ടയെ വിന്യസിക്കുക എന്നീ ലക്ഷ്യത്തോടുകൂടി രൂപവൽക്കരിച്ച ഇന്ത്യയുടെ നീല സമ്പദ് വ്യവസ്ഥ കരട് നയ ചട്ടക്കൂട് സെപ്റ്റംബർ 2020-ന് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളിൽ മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ ആശങ്കയും നിർദ്ദേശവും കേന്ദ്രത്തെ അറിയിക്കുന്നതാണ്.

(സി) മത്സ്യത്തൊഴിലാളികളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

## തീരദേശ പരിപാലന പദ്ധതി

14(*42) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ തീരനിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തീരദേശ പരിപാലന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) തീരദേശ പരിപാലന പദ്ധതി തീരദേശവാസികളായ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് ആശങ്കപ്പെടുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തീരദേശമേഖലയിലെ പശ്ചാത്തല സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) കേന്ദ്ര സർക്കാരിന്റെ തീരനിയന്ത്രണ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തീരദേശ പരിപാലന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) തീരദേശ പരിപാലന വിജ്ഞാപനം തീരദേശവാസികളായ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്ന് ആശങ്കപ്പെടുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. കെ. വി. തോമസ്, ചീഫ് സയിന്റിസ്റ്റ് & ഹെഡ് കോസ്റ്റൽ പ്രോസസ് ഡിവിഷൻ (റിട്ടയേർഡ്) NCESS ചെയർമാനായ 10 അംഗങ്ങളുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ട് ഉപയോഗിച്ചാണ് വിവിധ തീരദേശ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി

വികസനവും പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17 മുതൽ 2021-22 വരെ സാമ്പത്തിക വർഷങ്ങളിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, തീരദേശറോഡുകൾ മുതലായ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, തീരസംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുന്നത്. മേൽ പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പട്ടയഭൂമിയിലെ മരംമുറി

15(*43) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സംബന്ധിച്ച് തങ്ങളുടെ ആശങ്കകൾ ബന്ധപ്പെട്ട കളക്ടർമാർ വനം വകുപ്പിനെ അറിയിച്ചിരുന്നോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പട്ടയഭൂമിയിലെ റിസർവ്, ഷെഡ്യൂൾ മരങ്ങൾ സംരക്ഷിക്കുന്നതിൽ വകുപ്പിന് വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) ഇല്ല

(ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) സർക്കാർ ഉത്തരവിനേയും സർക്കുലറിനേയും തെറ്റായി വ്യാഖ്യാനിച്ച് പട്ടയഭൂമിയിലെ സർക്കാർ വക മരങ്ങൾ മുറിച്ച് നീക്കം

ചെയ്യുന്നത് ശ്രദ്ധയിൽ വന്നപ്പോൾ തന്നെ വനനിയമങ്ങൾ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പിന് വീഴ്ച വന്നിട്ടില്ല.

## വനമേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ അവസരങ്ങൾ

16(*44) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താരതമ്യേന തൊഴിലവസരങ്ങൾ കുറവായിരുന്ന വനമേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ലോക്ക്ഡൗണിൽ തൊഴിലവസരങ്ങൾ ഇല്ലാതായതിനാൽ പരമാവധി പുതിയ തൊഴിൽ സാധ്യതകൾ ആവിഷ്കരിക്കാൻ വനം വകുപ്പ് പരിഗണിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) വനസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രാദേശിക തൊഴിലവസരങ്ങൾ കൂടുതലായി കണ്ടെത്തുന്നതിനും അവ അതത് പ്രദേശത്തെ തൊഴിലാളി കുടുംബങ്ങളും വനാശ്രിത ഗോത്ര സമിതികളും

ഉൾപ്പെടുന്ന വനസംരക്ഷണ സമിതികൾ മുഖേന നടപ്പിലാക്കുന്നതിനും കൂടുതൽ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വനസംരക്ഷണ സമിതികൾ മുഖേന ജോലി ചെയ്ത തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രാപ്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വനം-വന്യജീവി വകുപ്പ് മന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) ലോക്ക്ഡൗൺ കാലയളവിൽ വനംവകുപ്പിന്റെ ഫീൽഡ് വിഭാഗത്തിനെ അവശ്യസർവ്വീസായി പ്രഖ്യാപിച്ചതിനാൽ വനസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് തടസ്സം വരാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. വനം പ്രവൃത്തികളുമായി ബന്ധപ്പെട്ട് സമയബന്ധിതമായി നടപ്പാക്കേണ്ട പ്രവൃത്തികളെല്ലാം തന്നെ യഥാസമയം നടത്താൻ നടപടി സ്വീകരിച്ചിരുന്നു. വനമേഖലയോട് ചേർന്ന് താമസിക്കുന്ന ആളുകൾക്ക് പരമാവധി തൊഴിൽ ഉറപ്പാക്കുന്നതിനായി വനം വകുപ്പിലെ വനം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കോൺട്രാക്റ്റർ സിസ്റ്റത്തിനായുള്ള സർക്കാർ ഉത്തരവിൽ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങൾക്ക് കൂടി തൊഴിൽ ലഭിക്കുന്ന

രീതിയിൽ വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പരിസ്ഥിതി പുന:സ്ഥാപനം (ഇക്കോ റെസ്റ്റോറേഷൻ) പ്രവൃത്തികൾ ഊർജ്ജിതമായി നടപ്പിലാക്കുവാൻ വിവിധ പദ്ധതികൾ വനം വകുപ്പ് ആവിഷ്കരിച്ച് വരികയാണ്. ഇത്തരം പരിസ്ഥിതി പുന:സ്ഥാപന പദ്ധതികൾ നടപ്പിലാക്കുമ്പോൾ തദ്ദേശീയരായ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ഇതിന്റെ ഭാഗമായി നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ചെമ്പിക്കുന്നിൽ പരിസ്ഥിതി പുന:സ്ഥാപന പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. 2022-23 ലേയ്ക്കുള്ള നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലേയ്ക്കായി ഇത്തരത്തിൽ 7 പരിസ്ഥിതി പുന:സ്ഥാപന പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളതും ആയത് പരിഗണനയിലുമാണ്. ഇതുവഴി തദ്ദേശീയ വാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ കഴിയും. വനം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ കോവിഡ് കാലയളവിൽ അടച്ചിടേണ്ടിവന്ന സാഹചര്യത്തിൽ തദ്ദേശീയരായ ജനവിഭാഗത്തിന് നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ ടി ഇക്കോ ടൂറിസം സെന്ററുകൾ തുറക്കുന്ന മുറയ്ക്ക് കൂടുതൽ ഊർജ്ജിതമായി നടത്തി തൊഴിലവസരങ്ങൾ പുന:സ്ഥാപിക്കാൻ സാധിക്കും. ലോക്ക്ഡൗൺ സമയത്ത് സർക്കാർ തടി

ഡിപ്പോകളിൽ ലേലവും അനുബന്ധ നടപടികളും ഒരു ചെറിയ കാലയളവിൽ പ്രവർത്തിക്കാത്തതുമൂലം തൊഴിലവസരങ്ങൾ നഷ്ടപ്പെട്ട സാഹചര്യമുണ്ടായിരുന്നുവെങ്കിലും നിലവിൽ ഇത് ഏറെക്കുറെ പരിഹരിച്ചിട്ടുണ്ട്.

(ബി) വനമേഖലകളിൽ നടപ്പിലാക്കിവരുന്ന പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിലെ കുടുംബങ്ങളിൽപ്പെട്ടവർ അംഗങ്ങളായ വനസംരക്ഷണ സമിതികൾ (VSS)/ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികൾ (EDC) എന്നിവ വഴിയാണ് നടപ്പിലാക്കി വരുന്നത്. ഇത്തരത്തിൽ പങ്കാളിത്ത വനപരിപാലന തത്വത്തിൻ കീഴിൽ നടപ്പാക്കി വരുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM), Minimum Support Price for Minor Forest Produce (MSP for MFP), വൻ ധൻ വികാസ് കേന്ദ്ര (VDVK), ഇക്കോ ടൂറിസം, വനശ്രീ എന്നീ പദ്ധതികളുടെ നടത്തിപ്പിലെ പങ്കാളിത്തത്തിലൂടെ വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നു. ഇത് അവരുടെ വരുമാന വർദ്ധനവിനും ജീവിതനിലവാരം ഉയർത്തുന്നതിനും ഉതകുന്നു. എല്ലാ ഇക്കോ ടൂറിസം പദ്ധതികളിലുമായി ഏകദേശം 1130-ഓളം VSS/EDC അംഗങ്ങളെ പ്രതിദിനം ഗൈഡുകളായി നിയോഗിക്കാറുണ്ട്. എല്ലാവർക്കും പ്രാതിനിധ്യം

ലഭിക്കത്തക്കവിധത്തിൽ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് ഗൈഡുകളായി നിയോഗിക്കാറുള്ളത്. വനശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഏകദേശം ആയിരത്തോളം പേർക്ക് നേരിട്ടും ഏകദേശം അയ്യായിരത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. കൂടാതെ, സംസ്ഥാനത്ത് നടക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ 50 ശതമാനവും നടപ്പാക്കുന്നത് VSS/EDC വഴിയാണ്. ഇത്തരത്തിൽ വിവിധ പങ്കാളിത്ത പദ്ധതി പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിന്റെ പൂർണ്ണമായ പങ്കാളിത്തത്തിലൂടെ നടപ്പിലാക്കുക വഴി കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുവാൻ സഹായകരമാവുകയും ചെയ്യുന്നു.

(സി) പങ്കാളിത്ത വനപരിപാലനത്തിന് കീഴിൽ വനസംരക്ഷണ സമിതികൾ (VSS)/ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികൾ (EDC) വഴി നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും ബന്ധപ്പെട്ട വനവികസന ഏജൻസികളുടെ പരിശോധനകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായാണ് നടപ്പിലാക്കി വരുന്നത്. പങ്കാളിത്ത വനപരിപാലനത്തിന് കീഴിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികളിലും വന സംരക്ഷണ സമിതി (VSS)/ഇക്കോ ഡെവലപ്മെന്റ് കമ്മറ്റി (EDC) അംഗങ്ങൾക്ക് നിലവിൽ മെച്ചപ്പെട്ട വേതനമാണ് നൽകിവരുന്നത്. കൂടാതെ

കാലാകാലങ്ങളിൽ തൊഴിൽ വകുപ്പ് നിഷ്കർഷിക്കുന്ന നിരക്കിലുള്ള വേതനമാണ് ഗ്രീൻ ഇന്ത്യ മിഷൻ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലൂടെ നൽകി വരുന്നത്. VSS/EDC അംഗങ്ങൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നുവെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ റെയിഞ്ച്, ഡിവിഷൻ, സർക്കിൾ തലങ്ങളിൽ പ്രതിമാസ അവലോകന യോഗങ്ങളിൽ വിലയിരുത്താറുണ്ട്.

## ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

17(*45) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ ഈ കാര്യത്തിൽ ശക്തമായ നിയമനിർമ്മാണം വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സിനിമാ മേഖലയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) സിനിമ മേഖലയിലെ സ്ത്രീകൾക്കെതിരെയുള്ള നിയമവിരുദ്ധ നടപടികൾ തടയുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനുമായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനും മറ്റുമായി നിയമനിർമ്മാണം നടത്തണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ നേരത്തേ നിയോഗിച്ചിരുന്ന അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ പ്രകാരം സർക്കാർ പരിഗണിച്ച് വന്നിരുന്ന 'സിനിമാ റെഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള കരട് നിയമത്തിൽ, ജസ്റ്റിസ് ഹേമ കമ്മിറ്റി ശിപാർശ പ്രകാരമുള്ള വിഷയങ്ങൾകൂടി ഉൾപ്പെടുത്തി സർക്കാർ നടപടികൾ സ്വീകരിച്ചുവന്നിരുന്നു. എന്നാൽ അതുസംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഈ സാഹചര്യത്തിൽ സിനിമ, ടെലിവിഷൻ, സീരിയൽ മേഖലയിലെ തർക്ക പരിഹാരങ്ങൾക്കും ഗുണപരമായ മാർഗ്ഗ

നിർദ്ദേശങ്ങൾക്കും സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടഞ്ഞുകൊണ്ട് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഒരു സംവിധാനം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള വർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാരിലെ സാംസ്കാരികകാര്യവകുപ്പ് വളരെ ഗൗരവത്തോടെ പരിഗണിച്ച് വരികയാണ്. ഇതനുസരിച്ച് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലേത് ഉൾപ്പെടെയുള്ള ശിപാർശകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയവ മുഖേന നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/07/2021-ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതുപ്രകാരം ഈ കാര്യത്തിൽ സർക്കാർ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ജൽജീവൻ മിഷൻ

18(*46) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ഓടെ ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ വീടുകളിലും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെയുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) 2021-22-ൽ എത്ര കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജൽജീവൻ മിഷൻ പദ്ധതിയിൽ ഏതുതരത്തിലുള്ള ജലസ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്; ഇതിനായി ജലബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ജൽജീവൻ മിഷൻ പദ്ധതിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള നടപടികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് എസ്.സി./എസ്.ടി. കുടുംബങ്ങൾക്കും മലയോര/തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. എല്ലാ കുടംബങ്ങൾക്കും കൃത്യമായ അളവിൽ കൃത്യമായ ഗുണനിലവാരമുള്ള ജലം ഉചിതമായ സമയങ്ങളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി നിർവഹണം നടത്തുന്നത്.

(ബി) 2021-22-ൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ 29,37,564 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ്

ലക്ഷ്യമിട്ടിട്ടുള്ളത്. ജൽജീവൻ പദ്ധതിയുടെ നിർവ്വഹണ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പ്രതിവാര മോണിറ്ററിംഗ് നടത്തി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സ്വയം അവലോകനം ചെയ്യാൻ സാധിക്കുന്നതാണ്. 2021-22 നിർവ്വഹണ വർഷത്തിൽ 16.07.2021 വരെ 2,01,938 കണക്ഷനുകൾ ഇതിനകം നൽകിയിട്ടുണ്ട്.

(സി) ജൽജീവൻ പദ്ധതിക്കായി സംസ്ഥാനത്ത് സുസ്ഥിരമായ ഉപരിതല ജലസ്രോതസ്സുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ സുസ്ഥിര ഉപരിതല ജലസ്രോതസ്സുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഭൂജല സ്രോതസ്സുകളെയും ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നുണ്ട്. ഇതിനായി സംസ്ഥാന തലത്തിൽ ജലബഡ്ജറ്റ് തയ്യാറാക്കിയിട്ടില്ല. എന്നാൽ ഓരോ പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും പദ്ധതിയുടെ ജല സ്രോതസ്സിന്റെ ലഭ്യതയും സുസ്ഥിരതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് ‘ സോഴ്സ് ഫൈന്റിംഗ് കമ്മറ്റികൾ' ജില്ലാതലത്തിൽ നിലവിലുണ്ട്.

(ഡി) ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം. വിവിധ വകുപ്പുകളുടെയും

ഏജൻസികളുടെയും സമാന സ്വഭാവമുള്ള നിലവിലുള്ള പ്രവൃത്തികളുമായുള്ള സംയോജനത്തിലൂടെയാണ് ഇത് ഉറപ്പാക്കാൻ ലക്ഷ്യമിടുന്നത്. ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് സ്രോതസ്സുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന പ്രവർത്തനങ്ങളും ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജല ഗുണനിലവാര പരിശോധന ലാബുകളുൾപ്പെടെയുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

**പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണം**

19(*48) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണത്തിനും സാമൂഹിക ഉന്നമനത്തിനുമായി കേന്ദ്ര പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി വിഭാഗങ്ങളിൽനിന്നും മിശ്രവിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കി ധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പരിപാടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് പൗരാവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് The Protection of Civil Rights Act, 1955

നിലവിലുണ്ട്. കൂടാതെ, പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം 1989, പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ ഭേദഗതി നിയമം 2015 എന്നിവ പ്രകാരവും ടി വിഭാഗങ്ങളുടെ സംരക്ഷണം ഉറപ്പാക്കി വരുന്നുണ്ട്.

(ബി) പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പട്ടികജാതിയിൽപ്പെട്ടവരും പട്ടികേതര ജാതിയിൽപ്പെട്ടവരും തമ്മിലുള്ള മിശ്രവിവാഹത്തിന് 50% കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് മിശ്രവിവാഹ ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 75,000/-രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. കേന്ദ്ര സാമൂഹ്യ ക്ഷേമ വകുപ്പ് ഡോ. ബി. ആർ. അംബേദ്ക്കർ ഫൗണ്ടേഷൻ മുഖേന ഡോ. ബി. ആർ. അംബേദ്ക്കർ സ്കീം ഫോർ സോഷ്യൽ ഇന്റഗ്രേഷൻ ത്രൂ ഇന്റർ-കാസ്റ്റ് മാര്യേജ് എന്ന പദ്ധതി പ്രകാരവും 2.5 ലക്ഷം രൂപ മിശ്രവിവാഹ ധനസഹായം അനുവദിക്കുന്നു.

(സി) പട്ടികജാതി വിഭാഗങ്ങളിൽനിന്നും മിശ്രവിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിന്മേൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷയുടെ മുൻഗണനാക്രമത്തിൽ ധനസഹായം അനുവദിച്ചുവരുന്നു.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ നേരിടുന്ന തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ എല്ലാ വർഷവും ബോധവത്കരണ പരിപാടികൾ പട്ടികജാതി വികസന വകുപ്പ് മുഖേന നടത്തുന്നുണ്ട്. ആയതിന്റെ ഭാഗമായി സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം, ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ് വിതരണം എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് പട്ടികജാതി ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ജനമൈത്രി പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എന്നിവ മുഖേന ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്.

**ജൽജീവൻ മിഷൻ**

20(*49) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിന് ജൽജീവൻ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് മുൻവർഷങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) ജൽ ജീവൻ പദ്ധതിയുടെ നിർവഹണ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പ്രതിവാര മോണിറ്ററിംഗ് നടത്തി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ അറിയാൻ സാധിക്കുന്നതാണ്.

(ബി) ജൽ ജീവൻ മിഷൻ പദ്ധതി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ ജൽ ജീവൻ മിഷൻ പദ്ധതിക്കായി മുൻ വർഷങ്ങളിൽ അനുവദിച്ച തുകയും അതുസംബന്ധിച്ച വിനിയോഗ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+. 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ജൽ ജീവൻ പദ്ധതികളുടെ നടത്തിപ്പിന് 101.29 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചു. ഈ തുകയിൽ നിന്ന് 62.26 കോടി രൂപ ആ സാമ്പത്തിക വർഷം തന്നെ വിനിയോഗിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 303.18 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മുൻവർഷത്തെ നീക്കിയിരിപ്പ് തുകയായ 39.02 കോടി ഉൾപ്പെടെ 304.28 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ശേഷിച്ച തുകയായ 38.58 കോടി രൂപ 2021-22 സാമ്പത്തിക വർഷാദ്യം തന്നെ പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ

21(*50) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും വൈദ്യുതി ഇല്ലാത്തവർക്ക് വൈദ്യുതി എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) കണ്ടെത്തിയിട്ടുണ്ട്. 43,952 വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഡിജിറ്റൽ പഠനോപകരണങ്ങളുടെ ലഭ്യത, ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം, വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തത് തുടങ്ങിയ തലങ്ങളിലാണ് പ്രധാന വെല്ലുവിളികളുള്ളത്. പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ടാബ്‌ലെറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം/തനതു ഫണ്ടുപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങിനൽകേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(സാധാ)നം. 1197/2021/തസ്വഭവ തീയതി, 23.06.2021). കൂടാതെ പുതിയ പഠനോപകരണങ്ങൾ ലഭ്യമാകുന്നതുവരെ കൈറ്റ് വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത ഏതാണ്ട് ഒരു ലക്ഷം പുതിയ **ലാപ്ടോപ്പുകൾ** തിരിച്ചെടുത്ത് പട്ടികവർഗ മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ (സാധാ) നം. 3134/2021/പൊവിവ തീയതി, 25.06.2021). പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളും സ്ഥാപനങ്ങളും വിതരണം ചെയ്യുന്ന ഉപകരണങ്ങൾ അർഹരായ

വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിനും ടി പ്രവർത്തനങ്ങൾ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ തലത്തിൽ ഏകോപിപ്പിക്കുന്നതിനുമായി അസി. പ്രോജക്ട് ഓഫീസർ/അസി. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരെ നോഡൽ ഓഫീസർമാരായി പട്ടികവർഗ്ഗ വികസന വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദ വിവരങ്ങൾ ഐ.റ്റി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമില്ലാത്ത കോളനികളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത 74 കോളനികൾ നിലവിലുണ്ട്. ടി സ്ഥലങ്ങളിൽ അനെർട്ടിന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കോളനികളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

## ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ

22(*52) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. മുകേഷ്:
ശ്രീമതി ദെലീമ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര അക്കാദമി കഴിഞ്ഞ അഞ്ചുവർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കോവിഡ്മൂലം പ്രതിസന്ധിയിലായ കലാരംഗത്തെയും വരുമാനമില്ലാതായ കലാകാരന്മാരെയും സഹായിക്കുന്നതിനായി നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) മികവുറ്റ സാങ്കേതിക സംവിധാനങ്ങൾ സജ്ജമാക്കിയും വ്യവസായ പരിഗണന നൽകിയും സിനിമാരംഗത്ത് സമഗ്രമാറ്റങ്ങൾ കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) അന്താരാഷ്ട്ര ചലച്ചിത്രമേളകൾ കൂടുതൽ ജനകീയമാക്കിക്കൊണ്ട് ഉന്നതമായ ചലച്ചിത്ര സംസ്കാരത്തിന് വഴിയൊരുക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) ഉണ്ട്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടുകൾ സർക്കാരിൽ

ലഭ്യമാക്കുന്നുണ്ട്. കൂടാതെ അക്കാദമിയുടെ പ്രവർത്തനങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ ഓഡിറ്റിനും വിധേയമാക്കുന്നുണ്ട്.

(ബി) കോവിഡ് മഹാമാരിമൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിര താമസമാക്കിയിട്ടുള്ളവരുമായ 32,000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1,000/- രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ഇവരിൽ 2,364 പേർ ചലച്ചിത്ര-ടെലിവിഷൻ രംഗത്തുള്ളവരാണ്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29,050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1,000/- രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് ലോക്ഡൗൺമൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും

മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ 30 ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം 'മഴമിഴി' എന്ന പേരിൽ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖാന്തരം ആദ്യഘട്ടത്തിൽ ധനസഹായത്തിന് അപേക്ഷ നൽകിയ അംഗങ്ങൾക്ക് 2,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി 1,000/- രൂപ വീതം ധനസഹായം നൽകി വരുന്നു.

(സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചിത്രാഞ്ജലി സ്റ്റുഡിയോ മികവുറ്റ സാങ്കേതിക സംവിധാനങ്ങൾ സജ്ജമാക്കി നവീകരിക്കുകയാണ്. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഡിജിറ്റൽ യുഗത്തിലെ പ്രീ-പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാ ആധുനിക സാങ്കതിക സൗകര്യങ്ങളും ഉൾപ്പെടുത്തി 67.16 കോടി രൂപ ചെലവിൽ നവീകരിക്കാനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. വാതിൽപ്പുറ ചിത്രീകരണത്തിനുള്ള സെറ്റുകൾ, ആധുനിക ക്യാമറകൾ, ലൈറ്റുകൾ, പാർതൻ ഡോളി, ക്രെയിനുകൾ, ഡോർബി അറ്റ്മോസ് മിക്സ് തീയേറ്റർ, സിങ്ക് സൗണ്ട് എക്യുപ്മെന്റ്സ്, ഫോളി സ്യൂട്ട്, ഡബ്ബിംഗ് സ്യൂട്ടുകൾ, ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമുകൾക്ക് അനുയോജ്യമായ മീഡിയാ പോസ്റ്റ് പ്രൊഡക്ഷൻ

സംവിധാനം, എഡിറ്റ് സ്യൂട്ടുകൾ, ബേസ് ലൈറ്റ് ക്ലാസ്സിക്ക് പാനൽ, ഡാവിഞ്ചി കളർ ഗ്രേഡിംഗ് സ്യൂട്ടുകൾ, പ്രോപ്പർട്ടി സ്റ്റോർ, ഇലക്ട്രോണിക്സ് വർക്ക്ഷോപ്പ് ബിൽഡിംഗ്, ഫിലിം ആർക്കൈവ്സ്, ലൈബ്രറീസ്, ഓഡിയോ & വീഡിയോ ലൈബ്രറി, ചലച്ചിത്ര വിതരണത്തിനുള്ള ഒ.റ്റി.റ്റി. പ്ലാറ്റ് ഫോം സംവിധാനം തുടങ്ങി ലോകോത്തര നിലവാരത്തിലുള്ള ചലച്ചിത്ര നിർമ്മാണത്തിനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. തീയേറ്ററുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് കൈരളി/ശ്രീ തീയേറ്റർ അതിനൂതന സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. മറ്റ് തീയേറ്ററുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീയേറ്റർ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ തീയേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

(ഡി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും അന്താരാഷ്ട്ര ചലച്ചിത്രമേള മുടക്കമില്ലാതെ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര ചലച്ചിത്രമേള കൂടുതൽ ജനകീയമാക്കുന്നത് ലക്ഷ്യമിട്ട് കൊച്ചി,

തലശ്ശേരി, പാലക്കാട് എന്നീ സ്ഥലങ്ങളിലും 25-ാമത് ചലച്ചിത്രമേള നടത്തുകയുണ്ടായി. അന്താരാഷ്ട്ര ചലച്ചിത്രമേള കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

## ബഫർ സോണിലെ നിയന്ത്രണങ്ങൾ

23(*53) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളോ ദേശീയോദ്യാനങ്ങളോ ആയി പ്രഖ്യാപിക്കപ്പെട്ട വനങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ഏർപ്പെടുത്തിയിട്ടുള്ള ബഫർ സോണിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ബഫർ സോൺ നിജപ്പെടുത്തുമ്പോൾ ജനവാസ മേഖലകളെ ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബഫർ സോണിൽ താമസിക്കുന്ന ജനങ്ങൾ ഏതെല്ലാം തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) വനത്തോട് ചേർന്ന് ബഫർ സോണായി നിർണ്ണയിച്ചിരിക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ ഉപദ്രവം വർദ്ധിക്കാനിടയുണ്ടോ; വന്യജീവികൾ കൃഷിയിടങ്ങളിലേക്ക് പ്രവേശിക്കുന്നത് തടയാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) പരിസ്ഥിതി സംരക്ഷണ നിയമം 1986, 3-ാം വകപ്പ് പ്രകാരവും പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിലെ 5 (1) പ്രകാരവും കേന്ദ്ര സർക്കാർ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും മറ്റും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി വിജ്ഞാപനം ചെയ്യുന്ന പ്രദേശമാണ് പാരിസ്ഥിതിക സംവേദ്രക മേഖല അഥവ ഇക്കോ സെൻസിറ്റീവ് സോൺ (52). വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പാരിസ്ഥിതിക സംവേദക മേഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ അടിസ്ഥാനവികസനത്തെയോ ജനങ്ങളുടെ ഉപജീവന പ്രവർത്തനങ്ങളെയോ പ്രതികൂലമായി ബാധിക്കുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. സംരക്ഷിത വന്യജീവികളുടെയും പരോക്ഷമായി തദ്ദേശവാസികളുടെയും ജീവൻ അപകടത്തിലാക്കുന്ന വ്യാവസായിക/

വാണിജ്യ പ്രവർത്തനങ്ങൾ മാത്രമാണ് ഇവിടെ നിയന്ത്രിക്കപ്പെടുന്നത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഈ പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (0 ർൻ൭ 0) നിയന്ത്രിക്കപ്പെടുന്നതുമായ (49 റ്ഡിദ 160) പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

(ബി) ഇത്തരത്തിൽ പാരിസ്ഥിതിക സംവേദക മേഖല നിജപ്പെടുത്തുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ബഫർ സോണിൽ നിന്നും ജനസാന്ദ്രതകൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ പൊതുസ്ഥാപനങ്ങൾ എന്നിവയെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് മലബാർ, ഇടുക്കി, ആറളം, കൊട്ടിയൂർ, ശെന്തുരിണി, മംഗളവനം, തട്ടേക്കാട്, പെരിയാർ, വയനാട്, സൈലൻവാലി, പറമ്പിക്കുളം, നെയ്യാർ-പേപ്പാറ, ചൂലന്നൂർ, പീച്ചി-വാഴാനി എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോട്

കൂടിയുള്ള കരട് ഭേദഗതി നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കുകയും ആയതിന്മേലുള്ള തുടർനടപടികൾക്കു കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സ്വീകരിച്ചുവരികയുമാണ്.

(സി) പാരിസ്ഥിതിക സംവേദക മേഖലയായി നിർണ്ണയിച്ചിരിക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ ഉപദ്രവം വർദ്ധിച്ചതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പരിസ്ഥിതി സംവേദക മേഖലയായി പ്രഖ്യാപിക്കുന്നതുകൊണ്ട് സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു സുരക്ഷാകവചം ഒരുക്കാനും പരിസ്ഥിതി മലിനീകരണം, പാരിസ്ഥിതിക ആഘാതം എന്നിവയിൽ നിന്ന് സംരക്ഷിത പ്രദേശങ്ങൾക്ക് സംരക്ഷണം നൽകാനും അതിലൂടെ വിളനശീകരണം തടയാനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും കഴിയും. വന്യജീവികൾ കൃഷിയിടങ്ങളിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് നിരവധി പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനുള്ള ഏർളി വാർണിംഗ് സിസ്റ്റം, നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തുരത്തുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകൾ, സൗരോർജ്ജവേലികൾ, ആന്റു തിരോധ മതിലുകൾ, കിടങ്ങുകൾ. ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈ വവേലി എന്നിവ സ്ഥാപിക്കുകയും

മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത് നാശം അംഗവൈകല്യം, കൃഷിനാശം എന്നിവ ഉണ്ടാകുന്നവർക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നുണ്ട്.

**മത്സ്യ മേഖലയിലെ വനിതകളുടെ ക്ഷേമം**

24(*54) ശ്രീ. പി. നന്ദകുമാർ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലകളിലും തൊഴിൽ ചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ്മൂലമുണ്ടായിട്ടുള്ള തൊഴിൽ പ്രതിസന്ധിയുടെ സാഹചര്യത്തിൽ മത്സ്യവിപണന രംഗത്തേയ്ക്ക് പുതുതായി കൂടുതൽ സ്ത്രീകൾ കടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ സുരക്ഷയുറപ്പാക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലകളിലും തൊഴിൽ ചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ ഏജൻസികൾ മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

I) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

(എ) മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ്

(ബി) മത്സ്യബന്ധന സമയത്തൊ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

(സി) വിവാഹ ധനസാഹയ പദ്ധതി

ഡി)മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം

ഇ)മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം

എഫ്) കുടുംബ സംവിധാന പദ്ധതി

ജി) മാരകരോഗ ചികിത്സാ പദ്ധതി

എച്ച്) ചെയർമാൻസ് റിലീഫ് ഫണ്ട്

ഐ) പ്രസവ ശുശ്രൂഷകൾക്കുള്ള ധനസഹായ പദ്ധതി

ജെ) അപകടംമൂലമുണ്ടാകുന്ന താത്ക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി

കെ) മത്സ്യ ബോർഡിന്റെ പ്രത്യേക ധനസഹായം

II മത്സ്യഫെഡ്

എ) ടേം വായ്പകൾ

ബി) മൈക്രോ ഫിനാൻസ് പദ്ധതി

സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യകച്ചവടത്തിന് പലിശരഹിത വായ്പ

ഡി) വായ്പാ ദുരിതാശ്വാസ പദ്ധതി

III സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ)

എ) മത്സ്യവിപണനം നടത്തുന്ന സ്ത്രീകളായ അനുബന്ധത്തൊഴിലാളികൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ടും സാമ്പത്തിക സഹായവും

ബി) ഹൈജിനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിങ് കിയോസ്കുകൾ

IV. ഫിഷറീസ് വകുപ്പ് മുഖേന വനിത മത്സ്യവിപണനത്തൊഴിലാളികൾക്ക് യാത്രാ സൗകര്യം ഒരുക്കാൻ സമുദ്ര പദ്ധതി.

(ബി) ഉണ്ട്.

(സി) മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന 350 JLG -കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലായി JLG project for Ensuring Livelihood Security of Fisherwomen in Kerala 2.39 കോടി രൂപയുടെ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി. 5 പേരടങ്ങുന്ന JLG -യ്ക്ക് 50,000/-രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 300 JLG- കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം,

കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി JLG project for Ensuring Livelihood Security of Fisherwomen in Kerala 3.30 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. 5 പേരടങ്ങുന്ന JLG- യ്ക്ക് 50,000/- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതാണ്. മത്സ്യത്തൊഴിലാളി വനിതകൾക്ക് ഫിഷറീസ് വകുപ്പ് സി.ഐ.എഫ്.ടി.-യുമായി ചേർന്ന് സി.ഐ.എഫ്.ടി. മുഖേന നിർമ്മിച്ച 20 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽഫിഷ് വെന്റിംഗ് കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 16 കിയോസ്ക്കുകൾ നിലവിൽ നൽകിക്കഴിഞ്ഞു. കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് സി.ഐ.എഫ്.ടി. മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ വിതരണം ചെയ്യുന്നതാണ്. മത്സ്യവിപണനത്തിനായി പോകുന്ന വനിത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതവും ലാഭകരവുമായി യാത്ര ചെയ്യുന്നതിന് കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഫിഷറീസ് വകുപ്പുമായി സംയോജിച്ച് "സമുദ്ര" എന്ന പേരിൽ മൂന്ന്

കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ

25(*55) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടിക ഗോത്രങ്ങളിൽ ഉൾപ്പെട്ടവർക്കുള്ള ക്ഷേമവികസന പദ്ധതികൾ യഥാസമയം അർഹരിലേക്കെത്തുന്നു എന്നുറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം നഗരസഭയിൽ പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വ്യക്തിഗത ആനുകൂല്യം എസ്.സി. പ്രൊമോട്ടർ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടിയെടുത്തിരുന്നോ; ഇത്തരത്തിലുള്ള കുറ്റക്കാർക്കെതിരെ മാതൃകാപരമായ നിയമനടപടി ഉറപ്പു വരുത്തുമോ;

(സി) പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കായുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) വകുപ്പിന്റെ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് ഉപഭോക്താക്കളെ തെരഞ്ഞെടുത്ത് നടപ്പാക്കി വരുന്നു. ജില്ലാ ഓഫീസർമാർ വരെയുള്ള വിവിധ തലങ്ങളിൽ അവലോകന യോഗങ്ങളിൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുകയും കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമപദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹരണം നടത്തുകയും ചെയ്തുവരുന്നു. ഓഡിറ്റ് വിഭാഗം യഥാകാലങ്ങളിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി

വിലയിരുത്തുന്നതിന് ജില്ലാ മോണിറ്ററിംഗ് കമ്മറ്റികൾ നിലവിലുണ്ട്. സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി, വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരുടെ അദ്ധ്യക്ഷതയിലും പദ്ധതികളുടെ പുരോഗതി വിലയിരുത്തി വരുന്നു. സോഷ്യൽ ഓഡിറ്റിംഗിനുള്ള സാദ്ധ്യതയും പരിശോധിച്ചു വരികയാണ്.

(ബി) തിരുവനന്തപുരം നഗരസഭയിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പ്രസ്തുത ഓഫീസിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. രാഹുൽ ആർ.യു., ശ്രീമതി പൂർണ്ണിമ ബി. പി. എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ക്രമക്കേട് നടന്ന കാലയളവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി വികസന ഓഫീസർമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എസ്. ആർ. മനോജ്, ശ്രീ. പ്രജിത്ത് ലാൽ എസ്. എന്നിവരെയും അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ക്രമക്കേടുകളിൽ പങ്കുണ്ടെന്ന് കരുതുന്ന 3 എസ്. സി. പ്രൊമോട്ടർമാരെ സേവനത്തിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ടി വിഷയത്തിന്മേൽ

സമഗ്രമായ അന്വേഷണം നടത്തുന്നതിനായി വിജി-ഡി4/13/2021/വിജി പ്രകാരം വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) വകുപ്പുതല ഓഡിറ്റ് പരിശോധനയിലൂടെയും വകുപ്പുതല അന്വേഷണങ്ങളിലൂടെയും പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ കണ്ടെത്തി കർശനമായ മേൽനടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ ദുരുപയോഗ സാധ്യത ഒഴിവാക്കുന്നതിനായുള്ള നടപടികൾ പട്ടികജാതി വികസനവകുപ്പും ധനകാര്യ വകുപ്പും സ്വീകരിച്ചു വരുന്നു. ഓരോ ഉദ്യോഗതലത്തിലും അനുവദിക്കപ്പെട്ടിട്ടുള്ള User ID -യും Password-ഉം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെ കൈകാര്യം ചെയ്യേണ്ടതും ആയത് മേലധികാരികൾ പരിശോധിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും നൽകിയിട്ടുണ്ട്.

**പട്ടികഗോത്ര വിഭാഗങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ**

26(*56) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. റ്റി. പി. രാമകൃഷ്ണൻ:
ശ്രീ. ഒ. ആർ. കേളു:

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ പരിരക്ഷയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) സർക്കാരിന്റെ പ്രായോഗികമായ ഇടപെടൽമൂലം പട്ടിക ഗോത്ര വിഭാഗങ്ങളിലെ സ്ത്രീകൾക്കിടയിലുണ്ടായ സാമൂഹ്യമാറ്റങ്ങൾ എന്തെല്ലാമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) സംസ്ഥാനത്തെ പട്ടികഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ പരിരക്ഷയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത്

വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സാമൂഹ്യപഠനമുറി

2) ഗോത്രബന്ധു

3) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം

4) പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

5) സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി

6) ലാപ്പ്ടോപ്പ് വിതരണം

7) വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്

8) പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തൽ

9) തൊഴിലും നൈപുണ്യ പരിശീലനവും

10) പി.കെ. കാളൻ കുടുംബ പദ്ധതി

11) ഗോത്രവാത്സല്യനിധി

12) മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ

13) അംബേദ്ക്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

എ) അടിസ്ഥാനസൗകര്യങ്ങൾ

ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി (മേൽ പറഞ്ഞ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+).

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സ്ത്രീകൾക്ക് കൂടുതൽ മുൻഗണന നൽകുന്നതിലൂടെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കിയിടയിലുണ്ടായ സാമൂഹ്യ മാറ്റങ്ങൾ സംബന്ധിച്ച് പ്രത്യേക വിലയിരുത്തൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നു. (പട്ടികവർഗ്ഗ വനിതകൾക്കായുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+).

(സി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി വിദ്യാഭ്യാസം, പാർപ്പിടം, ഭൂമി, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്ക് പ്രധാന്യം നൽകി കാര്യക്ഷമത ഉറപ്പുവരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാർക്ക് ആധുനിക തൊഴിൽ മേഖലകളിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട തൊഴിൽ മേഖലകളിൽ പ്രത്യേകം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിശീലനം നൽകി വിവിധ വ്യവസായ സ്ഥാപനങ്ങളിൽ നിയമിച്ചു വരുന്നു. കൂടാതെ യോഗ്യരായ ഉദ്യോഗാർഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വെർച്ചൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## മത്സ്യ വിത്ത് ഉൽപ്പാദന പദ്ധതികൾ

27(*57) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതിയായ അളവിൽ ഗുണമേന്മയുള്ള മത്സ്യ വിത്ത് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിത്തിന്റെ ഗുണമേന്മയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ നടത്തുന്ന സജീവമായ ഇടപെടലിന്റെ ഭാഗമായി സർക്കാർ ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ,

അക്വേറിയങ്ങൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നടപ്പു സാമ്പത്തിക വർഷത്തിൽ മത്സ്യ വിത്ത് ഉത്പാദന കേന്ദ്രങ്ങളുടെ കാര്യത്തിൽ സാമ്പത്തിക ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): (എ) ഉണ്ട്. കേരളത്തിൽ മത്സ്യകൃഷിയുടെ പ്രധാന പരിമിതി മതിയായ അളവിൽ ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ അഭാവമാണ്. അടുത്ത 4 വർഷം കൊണ്ട് മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമാറ് നിലവിലെ മത്സ്യവിത്ത് ഉല്പാദനം 5 കോടി രൂപയിൽ നിന്നും 12 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ "എവിടെല്ലാം ജലാശയം അവിടെല്ലാം മത്സ്യകൃഷി" എന്ന ജനകീയ ക്യാമ്പയിനിൽ ലക്ഷ്യമിടുന്നു. മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ വികസനത്തിനുമായി 2016-17 മുതൽ ഇതുവരെ 87.94 കോടി രൂപയുടെ പദ്ധതി ആർ.ഐ.ഡി.എഫ്. സംസ്ഥാന പദ്ധതി വിഹിതം ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഫിഷ്സീഡ് ഫാമുകൾ, ഹാച്ചറികൾ, അക്വേറിയങ്ങൾ എന്നിവയുടെ നടപ്പ്

സാമ്പത്തികവർഷത്തെ മത്സ്യകുഞ്ഞുല്പാദന പ്രവർത്തനങ്ങൾക്കായി 9 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) മത്സ്യവിത്തിന്റെ ഗുണമേന്മയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഹാച്ചറികളുടെ നവീകരണത്തിനും പുതിയവയുടെ നിർമ്മാണത്തിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട പരിശോധന രീതികൾ അവലംബിക്കുന്നതിനുമായി സംസ്ഥാനത്താദ്യമായി അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ഹാച്ചറികളുടെയും ഫാമുകളുടെയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം കൊല്ലം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ നടത്തുന്ന സജീവമായ ഇടപെടലിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, കൊല്ലം ജില്ലയിൽ കുളത്തുപ്പുഴ, വെസ്റ്റ് കല്ലട, തൃശ്ശൂർ ജില്ലയിലെ പീച്ചി,

വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ മത്സ്യവിത്ത് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദനശേഷി വർദ്ധിപ്പിച്ചു. തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉല്പാദന ശേഷിയുള്ള ഓരോ ഗിഫ്റ്റ് (തിലാപ്പിയ) ഹാച്ചറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിന് പുറമെ തൃശ്ശൂർ ജില്ലയിലെ അഴീക്കോട് 10 ലക്ഷം ഉല്പാദന ശേഷിയുള്ള പൊമ്പാനോ ഹാച്ചറിയുടെ നിർമ്മാണവും പൂർത്തീകരിച്ചു. കൂടാതെ മലമ്പുഴ അക്വേറിയം, കാരാപ്പുഴ അക്വേറിയം എന്നിവയുടെ പരിപാലനത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 56.50 ലക്ഷം രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തികവർഷം പാലക്കാട്, വയനാട് ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. നടപ്പു സാമ്പത്തികവർഷത്തിൽ നിലവിലുള്ള സർക്കാർ ഫാമുകൾ, ഹാച്ചറികൾ, നേഴ്സറികൾ, അക്വേറിയങ്ങൾ എന്നിവയുടെ നടത്തിപ്പ്, സംരക്ഷണം, ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ, പ്രജനന

മത്സ്യത്തിന്റെ സംരക്ഷണം, പ്രജനന പ്രവർത്തനങ്ങൾ, മത്സ്യവിത്ത് പരിപാലനം, പ്രവർത്തനചെലവ് എന്നിവയ്ക്കായി 900 ലക്ഷം രൂപയും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നേഴ്സറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനുമായി നടന്നു വരുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 700 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## തെന്മല ഡാമിന് സമീപമുള്ള റിസർവ് വനം

28(*58) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല ഡാമിന് സമീപമുള്ള തിരുവനന്തപുരം-ചെങ്കോട്ട റോഡരികിലെ 246.26 ഏക്കർ റിസർവ് വനം തരിശു ഭൂമിയായി മാറ്റിയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വനഭൂമി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) ഉണ്ട്.

(ബി) പത്തനാപുരം താലൂക്കിലെ അസൈൻമെന്റ് LAC. No. 5/93/TLA നമ്പർ പ്രകാരം ഭാസ്കരപിള്ള എന്നയാൾക്ക് കോതിയിൽ കേസ് നിലനിന്നിരുന്നതിനാൽ പട്ടയം നൽകിയിരുന്നില്ല. ടിയാന്റെ കൈവശമുള്ള 10 സെന്റ് കുത്തക പാട്ടഭൂമിയുടെയും 15 സെന്റ് 01.01.1977- ന് മുമ്പുള്ള വനം കയ്യേറ്റ ഭൂമിയുടെയും പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന 04.05 ആർസ് (10 സെന്റ്) കയ്യേറ്റഭൂമി പതിച്ചു നൽകുവാൻ അന്തരിച്ച ഭാസ്കരപിള്ളയുടെ മകൻ ഗോപകുമാർ പുനലൂർ തഹസിൽദാരിന് അപേക്ഷ നൽകിയതിനെ തുടർന്ന് പുനലൂർ തഹസിൽദാർ 30.05.2020 ലെ ബി2-357/2020 നമ്പർ കത്ത് പ്രകാരം ടി ഭൂമി തരിശ് ഭൂമിയാണെന്ന് തെന്മല വില്ലേജിലെ സർവ്വ നമ്പർ 2/1 ൽ പ്പെട്ട 04.05 ആർസ് (10 സെന്റ്) തരിശുഭൂമി വനാതിർത്തി പങ്കിടുന്നുവെന്നും ടി ഭൂമി പതിച്ചു നൽകാൻ വനം വകുപ്പിന്റെ അഭിപ്രായം അറിയിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ തെന്മല വില്ലേജിലെ സർവ്വേ നമ്പർ 2/1 ൽപ്പെട്ട 246.62 ഏക്കർ ഭൂമി റവന്യൂ റിക്കാർഡുകൾ പ്രകാരം തരിശെന്ന്

രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്തിന് പ്രത്യേകം സർവ്വേ ഡിവിഷൻ സ്കെച്ച് ലഭ്യമല്ലാത്തതിനാൽ താലൂക്ക് സർവ്വേയർ തയ്യാറാക്കി സമർപ്പിച്ച സ്കെച്ച് സംയുക്ത സർവ്വേ ടീം 08.02.2021 ൽ ബി2-357/2020 കത്ത് പ്രകാരം പുനലൂർ തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. തെന്മല വില്ലേജിലെ സർവ്വേ നമ്പർ 2/1 ൽപ്പെട്ട ഭൂമി 1901 സെപ്തംബർ 11-ൽ തിരുവിതാംകൂർ ദിവാൻ കൃഷ്ണസ്വാമി റാവു ആര്യങ്കാവ് റിസർവ് വനത്തിൽ ഉൾപ്പെടുത്തി നോട്ടിഫൈ ചെയ്തിട്ടുള്ളതുമാണ്. തെന്മല വില്ലേജ് ഓഫീസിലെ റവന്യൂ രേഖകളിൽ സർവ്വേ 2/1-ൽപ്പെട്ട 246.62 ഏക്കർ റിസർവ് വനഭൂമി ബി.റ്റി.ആർ.-ൽ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി റിസർവ് വനം എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 29.06.2021 ൽ എസ്.2039/2020 നമ്പരായും 13.07.2021-ൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ക്യൂ.സി.2- 1879/2021 നമ്പരായും കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ഉത്തരം (ബി) യിൽ പരാമർശിക്കുന്ന ഭൂമിയിൽ കയ്യേറ്റമുണ്ടാകാതിരിക്കാൻ ടി ഭൂമിയിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ച്

സംരക്ഷണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും, തെന്മല വില്ലേജ് ഓഫീസിലെ റവന്യൂ രേഖകളിൽ സർവ്വേ 2/1-ൽ പ്പെട്ട 246.62 ഏക്കർ റിസർവ് വനഭൂമി ബി.റ്റി.ആർ.-ൽ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി റിസർവ് വനം എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 29.06.2021- ൽ എസ്.2039/2020 നമ്പരായും 13.07.2021 ൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ക്യൂ.സി.2- 1879/2021 നമ്പരായും കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

## ശബരിമല റോപ് വേ പദ്ധതി

29(*59) ഡോ. സുജിത് വിജയൻ പിള്ള:
ശ്രീ. എം. എം. മണി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന്റെ ഭാഗമായ റോപ് വേ പദ്ധതിയുടെ നടത്തിപ്പിന് വനം വകുപ്പുമായി നിലനിന്നിരുന്ന തർക്കങ്ങൾ

പരിഹരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി വകുപ്പുമന്ത്രി നടത്തിയ ചർച്ചയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) റോപ് വേ പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പിന്റെ ക്ലിയറൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി പദ്ധതി ത്വരിതപ്പെടുത്തുന്നതിന് പ്രസ്തുത ചർച്ചയിൽ തീരുമാനമായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച പരിസ്ഥിതി പഠന റിപ്പോർട്ട് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് 28/06/2021-ന് വനം-ദേവസ്വം വകുപ്പുകളുടെ സംയുക്ത യോഗം വകുപ്പ് മന്ത്രിമാർ വിളിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടേയും തിരുവിതാകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെയും

സംയുക്ത യോഗം വകുപ്പ് സെക്രട്ടറിമാരുടെ തലത്തിൽ നടത്തി ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ തലത്തിൽ ഒരേ നിലപാട് കൈക്കൊള്ളുന്നതിനുള്ള അഭിപ്രായ സമന്വയം ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് 09/07/2021-ന് ചേർന്ന സെക്രട്ടറിതല യോഗത്തിൽ റോപ്പ് വേ സംബന്ധിച്ച അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും വിഷയം നിർമ്മാണ കമ്പനിയോട് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു.

(ബി) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് 28/06/2021-ന് വനം-ദേവസ്വം വകുപ്പുകളുടെ സംയുക്ത യോഗം വകുപ്പ് മന്ത്രിമാർ വിളിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടേയും തിരുവിതാകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം വകുപ്പ് സെക്രട്ടറിമാരുടെ തലത്തിൽ നടത്തി ബഹു. ഹൈക്കോടതി മുമ്പാകെ സർക്കാർ തലത്തിൽ ഒരേ നിലപാട് കൈക്കൊള്ളുന്നതിനുള്ള അഭിപ്രായസമന്വയം ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് 09/07/2021-ന് ചേർന്ന സെക്രട്ടറിതല യോഗത്തിൽ റോപ്പ് വേ സംബന്ധിച്ച അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ

ത്വരിതപ്പെടുത്തുന്നതിനും വിഷയം നിർമ്മാണകമ്പനിയോട് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു.

(സി) റോപ് വേ പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള നിർമ്മാണക്കമ്പനി 2021 ഫെബ്രുവരി 8-ന് വനം വകുപ്പിന് പരിസ്ഥിതി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വനം വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) എയിറ്റീൻത് സ്റ്റെപ്പ് ദാമോദർവാലി കാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്. കരാർ പ്രകാരം റോപ് വേ നിർമ്മാണത്തിനും 15 വർഷത്തെ നടത്തിപ്പിനുമാണ് വ്യവസ്ഥയുള്ളത്.

**ജനവാസ കേന്ദ്രങ്ങളിലെ വന്യജീവി ശല്യം**

30(*60) ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുകളിലെ ആവാസ വ്യവസ്ഥയ്ക്കുണ്ടായ മാറ്റംമൂലം വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാട്ടാനയുടെ ശല്യം തടയുന്നതിനായി സ്ഥാപിച്ച റെയിൽ വേലികളുടെ നിലവാരം സംബന്ധിച്ച ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവാരമില്ലാത്ത സുരക്ഷാ ക്രമീകരണങ്ങൾ വന്യജീവികളുടെ ആക്രമണം വർദ്ധിക്കാൻ ഇടയാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) കാടിന്റെ ആവാസ വ്യവസ്ഥ പരിരക്ഷിച്ച് ഇത്തരം സംഭവങ്ങൾ തടയുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) കാട്ടുകളിലെ ആവാസ വ്യവസ്ഥയ്ക്ക് ഉണ്ടായ മാറ്റംമൂലം വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി കൃഷി നശിപ്പിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടില്ല. വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഡെറാഡൂണും, കേരള വനം വകുപ്പും സംയുക്തമായി മനുഷ്യ- വന്യജീവി

സംഘർഷ വിഷയത്തിൽ ഒരു പഠനം നടത്തി വരുന്നുണ്ട്. വനത്തിനോട് ചേർന്ന് കിടക്കുന്ന ജനവാസ മേഖലകളിലും കൃഷി ഭൂമികളിലും വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷി ചെയ്യുന്നതായി കണ്ടുവരുന്നുണ്ട്. ഇത്തരം സ്ഥലങ്ങളിൽ വന്യമൃഗശല്യം കൂടി വരുന്നുണ്ട്. കൂടാതെ, വന്യമൃഗങ്ങളുടെ സഞ്ചാരപാതയിൽ വരുന്ന ചില വനപ്രദേശങ്ങൾ ജനവാസ കേന്ദ്രങ്ങളായി മാറിയതിനെ തുടർന്ന് ഇത്തരം പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്നതായി കാണുന്നുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ കുറിച്ചിയാട് റെയിഞ്ചിന് കീഴിലെ കുപ്പാടി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് മൂടക്കൊല്ലി മുതൽ സത്രംകുന്ന് എന്ന സ്ഥലം വരെ നിർമ്മിച്ച റെയിൽ ഫെൻസിംഗ് പ്രവൃത്തിയിൽ അഴിമതി നടക്കുന്നു എന്നാരോപിച്ച് ശ്രീ. മൈക്കിൾ പടവിൽ, സെക്രട്ടറി, കണ്ണൂർ ഡിസ്ട്രിക്ട് ആന്റി കറപ്ഷൻ പീപ്പിൾസ് ഫോറം, രണ്ടാം കടവ് പി. ഒ. എന്ന പേരിൽ ലഭിച്ച പരാതി വനം വകുപ്പ് വിജിലൻസ് വിഭാഗത്തിലെ കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തിരം അന്വേഷിച്ചതിൽ പ്രസ്തുത പ്രവൃത്തി അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമാണ്

നടന്നതെന്നും, ഈ പ്രവൃത്തിക്ക് ഉപയോഗിച്ച സാധനസാമഗ്രികൾ അംഗീകൃത വിദഗ്ധർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും കണ്ടെത്തുകയുണ്ടായി. ടി പരിശോധനയിൽ ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ല.

(സി) വന്യജീവികളുടെ ആക്രമണങ്ങൾ തടയുവാൻ ഒരുക്കുന്ന സുരക്ഷാ ക്രമീകരണങ്ങളുടെ നിർമ്മാണവേളയിൽ അവശ്യമായി ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരം അംഗീകൃത വിദഗ്ധർ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ കുറിച്ച്യാട് റെയിഞ്ചിലെ റെയിൽ ഫെൻസിംഗ് പ്രവൃത്തിക്കുപയോഗിച്ച റെയിൽ സാമ്പിൾ മാനന്തവാടി ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിലെ വിദഗ്ധർ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും കോൺക്രീറ്റ് ക്യൂബുകൾ മീനങ്ങാടി പോളിടെക്നിക് കോളേജിലെ വിദഗ്ധർ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമാണ്. റെയിൽ ഫെൻസിംഗിന്റെ ഉറപ്പ് വർദ്ധിപ്പിക്കുന്നതിനായി കോഴിക്കോട് National Institute of Technology സിവിൽ എഞ്ചിനിയറിംഗ് ഡിപ്പാർട്ട്മെന്റിലെ സാങ്കേതിക വിദഗ്ധരുടെയും സുൽത്താൻ ബത്തേരി ബി.ഡബ്ല്യു.ഡി. റോഡ്സ് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 16.32

കോടി രൂപയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതുമാണ്.

(ഡി) കാടിന്റെ ആവാസ വ്യവസ്ഥ പരിരക്ഷിക്കുന്നതിനായി ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കേരളത്തിലെ വനങ്ങളിൽ 30,000-ഓളം ഹെക്ടറിൽ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്സ്, വാറ്റിൽ തുടങ്ങിയ വിദേശീയ ഇനം വ്യാവസായിക വൃക്ഷ തോട്ടങ്ങൾ നിലവിലുണ്ട്. ആയവ ഘട്ടംഘട്ടമായി വെട്ടി നീക്കി സ്വാഭാവിക വൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുന്നതിനോ, സ്വാഭാവിക വനമാക്കി പുനസ്ഥാപിക്കുന്നതിനോ ആയുള്ള ദീർഘകാല പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തുടങ്ങിയിട്ടുണ്ട്. കൂടാതെ, സെന്ന പോലെയുള്ള അധിനിവേശ വിദേശീയ കളകളെ വനങ്ങളിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള ദീർഘകാല പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

(ii)നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## പട്ടികജാതി കോളനികൾ

1 (307) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി കോളനികളുണ്ട് ;

2009-10-ൽ നടത്തിയ പട്ടികജാതി സങ്കേത സർവ്വേ പ്രകാരം 26,198 പട്ടികജാതി സങ്കേതങ്ങളാണുള്ളത്.

(ബി) പ്രസ്തുത കോളനികളിൽ താമസിക്കുന്നവർക്ക് സ്വന്തമായി വീട് ഉണ്ടോ;

പ്രസ്തുത കോളനികളിൽ താമസിക്കുന്ന എല്ലാവർക്കും സ്വന്തമായി വീടുകളില്ല.

(സി) സ്വന്തമായി വീട് ഇല്ലാത്തവർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതിയ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടോ;

ഉണ്ട്. വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി, പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർ നിർമ്മാണം, ലൈഫ് പദ്ധതി തുടങ്ങിയവ പ്രകാരം 39,405 വീടുകൾ അനുവദിച്ച നൽകിയിട്ടുണ്ട്. ഇതിൽ 30,069 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതികളുണ്ടോ; എങ്കിൽ ഇത് നടപ്പാക്കിയതിന്റെ അവലോകനം കാലാകാലങ്ങളിൽ നടത്താറുണ്ടോ?

പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ ജീവിത നിലവാരം

ഉയർത്തുന്നതിനായി വിവിധ തൊഴിൽ അധിഷ്ഠിത പരിശീലന പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതികൾ, പട്ടികജാതിയിൽപ്പെട്ട യുവസംരംഭകർക്ക് സ്റ്റാർട്ട് അപ്പ് മിഷന്റെ സഹായത്തോടെയുള്ള പരിശീലന പദ്ധതികൾ, ഭൂരഹിത പുനരധിവാസ പദ്ധതി, ഉൽപ്പന്ന പ്രദർശന വിപണന മേളകൾ, വിദേശത്ത് തൊഴിൽതേടി പോകുന്നവർക്കുള്ള ധനസഹായം, വിവാഹ, മിശ്രവിവാഹ ധനസഹായ പദ്ധതികൾ, എസ്.സി.എ. റ്റു എസ്.സി.പി പദ്ധതികൾ മുതലായ അടിസ്ഥാന ജീവനോപാധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാമാസവും ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ അവലോകന യോഗങ്ങൾ നടത്തുന്നു.

## **പാറശ്ശാല മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി/വർഗ്ഗ കുടുംബങ്ങൾ**

2 (308) ശ്രീ സി കെ ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി/വർഗ്ഗ കുടുംബങ്ങളാണ് ഉള്ളതെന്നും ഇതിൽ ഭൂരഹിതരായ

ഭവനരഹിതർ എത്രപേർ ഉണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കി നൽകാമോ;

പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ 414 പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ഇതിൽ 137 പേർ ഭൂരഹിത ഭവനരഹിതരാണ്. ഇതിൽ 414 പേരും നിലവിൽ ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 199 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇവരിൽ എത്രപേർ ലൈഫ് മിഷൻ പദ്ധതി മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ 414 പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ഇതിൽ 137 പേർ ഭൂരഹിത ഭവനരഹിതരാണ്. ഇതിൽ 414 പേരും നിലവിൽ ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 199 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ലൈഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി/വർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിച്ചതെന്നുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ 414 പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ഇതിൽ 137 പേർ ഭൂരഹിത ഭവനരഹിതരാണ്. ഇതിൽ 414 പേരും നിലവിൽ ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 199 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

## പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും വയ്ക്കുന്നതിനുള്ള ധനസഹായം

3 (309) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുവാനുള്ള ഏതെല്ലാം പ്രോജക്ടുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂരഹിത പുനരധിവാസ പദ്ധതി, ലൈഫ് മിഷൻ പദ്ധതി എന്നിവയിലൂടെയാണ് നിലവിൽ സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിലെ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുവദിച്ച് നൽകുന്നത്

(ബി) ഇത്തരം പദ്ധതികൾക്ക് പൊതുവിൽ സ്വീകരിച്ച് വരുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ലൈഫ് ലിസ്റ്റിൽ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നുള്ള അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ് ഭൂമിയും വീടും അനുവദിക്കുന്നത്. ജാതി, വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ അർഹതപ്പെട്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

**പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഭവനപദ്ധതി**

4 (310) <u>ശ്രീ തോമസ് കെ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കൂലി വർദ്ധനവും പരിഗണിച്ച് പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാർക്ക് നൽകി

വരുന്ന ഭവന നിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം നിർമ്മിച്ച് നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കാമോ ?

സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കി വരുന്ന പദ്ധതിയാണ് നവകേരള മിഷന്റെ ഭാഗമായുള്ള ലൈഫ് പദ്ധതി. ഇതിന്റെ ഭാഗമായി സ്വന്തമായി ഭൂമിയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നു. ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരിൽ സ്വന്തം നിലയ്ക്കും വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളുടെ ധനസഹായത്താൽ ഭൂമി ആർജിച്ചവർക്ക് ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിക്കുന്നു. എന്നാൽ

പ്രത്യേക പദ്ധതി നടപ്പാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട്

5 (311) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് അറിയിക്കാമോ;

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോങ്ങാട് മണ്ഡലത്തിൽ വീട് ലഭിക്കുന്നതിനായി 426 പട്ടികജാതി ഗുണഭോക്താക്കളിൽ നിന്നും, 325 പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ നിന്നും ഉൾപ്പെടെ ആകെ 751 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകരിൽ എത്രപേർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഉത്തരവായി എന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 426 ഗുണഭോക്താക്കൾക്കും, പട്ടികവർഗ്ഗത്തിൽപ്പെട്ട 228 ഗുണഭോക്താക്കൾക്കും വീട് നിർമ്മിക്കുന്നതിന്

ഉത്തരവായിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതർ

6 (312) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതരുടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിനായി ഏതെല്ലാം ഭവന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്?

ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം 4 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കി വരുന്ന ലാന്റ് ബാങ്ക് പദ്ധതിയിലൂടെയും ലൈഫ് മിഷൻ പദ്ധതിയിലൂടെയുമാണ് പട്ടികവർഗ്ഗ വിഭാഗക്കാരെ പുനരധിവസിപ്പിച്ചുവരുന്നത് .

(സി) ഇതിൽ എത്രപേർക്ക് പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭിച്ചെന്നും ഇനിയും പ്രയോജനം ലഭിക്കാത്ത എത്രപേർ ഉണ്ടെന്നുമുള്ളതിന്റെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരം അനുബന്ധമായി + ചേർക്കുന്നു.

**പിന്നാക്ക വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്കുള്ള ഭവനപദ്ധതികൾ**

7 (313) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കായി ഭവനപദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ?

പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കായി പിന്നാക്ക വിഭാഗ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസന വകുപ്പ് വഴി ഭവന പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാനത്തെ ഭവന രഹിതരായ എല്ലാ വിഭാഗം കുടുംബങ്ങൾക്കുമായി നടപ്പിലാക്കി വരുന്ന ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി മുഖേന ടി വിഭാഗങ്ങളിൽപ്പെട്ടവർക്കും ആനുകൂല്യം നൽകിവരുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ പിന്നാക്ക വിഭാഗങ്ങളിൽപെട്ടവർക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി ഭവന പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാനത്തെ ഭവന രഹിതരായ എല്ലാ വിഭാഗം കുടുംബങ്ങൾക്കുമായി നടപ്പിലാക്കി വരുന്ന ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി മുഖേന ടി വിഭാഗങ്ങളിൽപ്പെട്ടവർക്കും ആനുകൂല്യം നൽകിവരുന്നുണ്ട്.

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാർ പിന്നാക്ക വിഭാഗത്തിൽപെട്ട എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചും താലൂക്ക് തിരിച്ചും വ്യക്തമാക്കുമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം, മത്സ്യത്തൊഴിലാളി വിഭാഗം എന്ന രീതിയിലാണ് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം

നൽകിവരുന്നത്. ടി വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്ക് വീട് നൽകിയത് സംബന്ധിച്ച് താലൂക്ക് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ എത്ര ഭവനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വീടുകളുടെ വിവരം ഇനം തിരിച്ച് അനുബന്ധമായി + ഉള്ളടക്കം ചെയ്യുന്നു.

## ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾ

8 (314) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളാണ് നിലവിലുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത നിയോജകമണ്ഡലത്തിൽ 448 ഭൂരഹിതരും 428 ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങളുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ട്; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

2016-17 സാമ്പത്തിക വർഷം 18 കുടുംബങ്ങൾക്കും, 2017-18-ൽ 17 കുടുംബങ്ങൾക്കും 2018-19 സാമ്പത്തിക വർഷത്തിൽ 17 കുടുംബങ്ങൾക്കും 2019-20 വർഷത്തിൽ 6 കുടുംബങ്ങൾക്കും 2020-21 വർഷത്തിൽ 2 കുടുംബങ്ങൾക്കും ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 84 കുടുംബങ്ങൾക്കും, 2017-18 സാമ്പത്തിക വർഷത്തിൽ 50 കുടുംബങ്ങൾക്കും വകുപ്പ് മുഖേന ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. 2018-19 വർഷം മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.

(സി) പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

നിലവിൽ ഭൂമിയും വീടും അനുവദിക്കുന്നത് ലൈഫ് മിഷൻ

മുഖേനയാണ്. ലൈഫ് മിഷൻ ലിസ്റ്റിലെ അർഹതയുള്ള ഗുണഭോക്താക്കൾക്ക് മുൻഗണനാ ക്രമത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമിക്കുള്ള ധനസഹായം അനുവദിച്ചു വരുന്നു. ഭവന നിർമ്മാണ പദ്ധതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു.

## ഗുരുവായൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

9 (315) ശ്രീ. എൻ.കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ളവ -കോട്ട ആർ.വി.സി ശ്മശാനം കോളനി (ഏങ്ങണ്ടിയൂർ), കമ്പനിപ്പടി അംബേദ്കർ കോളനി (ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ)

2) ദുർബല പുനരധിവാസ പദ്ധതി പ്രകാരമുള്ളവ - അകലാട് നായാടി കോളനിയിലെ പ്രവൃത്തികൾ

3) മറ്റുള്ളവ- കോച്ചിപ്പാടം പട്ടികജാതി കോളനി കാന നിർമ്മാണം കോൺക്രീറ്റിംഗ് (ചാവക്കാട് മുൻസിപ്പാലിറ്റി), പാണൻതറ പട്ടികജാതി കോളനി റോഡ് നിർമ്മാണം (പുന്നയൂർക്കുളം), തട്ടാൻതറ പള്ളിയേരി പട്ടികജാതി കോളനി റോഡ് നിർമ്മാണം (വടക്കേക്കാട്), പേരകം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി (ഗുരുവായൂർ മുനിസിപ്പാലിറ്റി), സഖാവ് കുറുപ്പൻ റോഡ് സംരക്ഷണഭിത്തി നിർമ്മാണം (പുന്നയൂർക്കുളം), സി.സി.സുബ്രഹ്മണ്യൻ പട്ടികജാതി കോളനി നവീകരണം (പുന്നയൂർക്കുളം), പേരകം റൈഡേഴ്സ് എസ്.സി.കോളനി റോഡ് നിർമ്മാണം (ഗുരുവായൂർ മുനിസിപ്പാലിറ്റി), മന്നിക്കര എസ്.സി.കോളനി റോഡ് നവീകരണം (ഗുരുവായൂർ മുനിസിപ്പാലിറ്റി), മില്ലെനിയം എസ്.സി.കോളനി റോഡ് കോൺക്രീറ്റിംഗ്(ഗുരുവായൂർ മുനിസിപ്പാലിറ്റി)

(ബി) ആവിഷ്കരിച്ച പദ്ധതികളിൽ പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ?

കോട്ട ആർ.വി.സി. ശ്മശാനം കോളനി(ഏങ്ങണ്ടിയൂർ, കമ്പനിപ്പടി അംബേദ്കർ കോളനി (ഒരുമനയൂർ ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. അകലാട് നായാടികോളനിയിലെ ദുർബല

പുനരധിവാസ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## ആദിവാസി കോളനി നവീകരണം

10 (316) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ അമ്പലക്കുന്ന് ആദിവാസി കോളനി നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കോളനിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ അമ്പലക്കുന്ന് കോളനി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന് ശേഷം ഊരുകൂട്ട തീരുമാനപ്രകാരം ഡി.പി.ആർ. തയ്യാറാക്കി ജില്ലാകളക്ടർ അധ്യക്ഷനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോട് കൂടി പദ്ധതി ആരംഭിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം

11 (317) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം സംബന്ധിച്ചുള്ള പുരോഗതി വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2012-13 വർഷം 114 ഗ്രാമങ്ങളെ തെരഞ്ഞെടുത്തതിൽ 112 ഗ്രാമങ്ങളിൽ പ്രവൃത്തി ആരംഭിക്കുകയും 89 ഗ്രാമങ്ങളിൽ പ്രവൃത്തി പൂർത്തീകരിക്കുകയു 23 ഗ്രാമങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കാനുമുണ്ട്. 2013-14 വർഷം 102 ഗ്രാമങ്ങളെ തെരഞ്ഞെടുത്തതിൽ 95 ഗ്രാമങ്ങളിൽ പ്രവൃത്തി ആരംഭിക്കുകയും 49 ഗ്രാമങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുകയും 46 ഗ്രാമങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കാനുമുണ്ട്. അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016-17 വർഷം വകുപ്പ് ഏറ്റെടുത്ത ആകെ 250 പട്ടികജാതി ഗ്രാമങ്ങളിൽ 118 ഗ്രാമങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും പദ്ധതി മാനദണ്ഡ പ്രകാരമല്ലാത്ത 2 ഗ്രാമങ്ങളെ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. 130 ഗ്രാമങ്ങളുടെ പ്രവൃത്തികൾ

പൂർത്തീകരിക്കേണ്ടതായിട്ടുമുണ്ട്. 2018-19 വർഷം പ്രളയാനന്തര കോളനികളുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി പ്രകാരം ആകെ 89 ഗ്രാമങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതി മാനദണ്ഡ പ്രകാരമല്ലാത്ത 7 ഗ്രാമങ്ങളെ പദ്ധതിയിൽ നിന്നും റദ്ദ് ചെയ്യുകയും 13 ഗ്രാമങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും 69 ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനുമുണ്ട്. 2019-20 വർഷം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 90 ഗ്രാമങ്ങളിൽ നാളിതുവരെ 2 ഗ്രാമങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 88 ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടും ഉണ്ട്. 2020-21 വർഷം പദ്ധതി പ്രകാരം 26 പട്ടികജാതി ഗ്രാമങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു നിർമ്മാണ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല. 2017-18 സാമ്പത്തികവർഷം 94 പട്ടികവർഗ്ഗ കോളനികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 22 കോളനികളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോളനികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2020-21 വർഷം 64 പട്ടികവർഗ്ഗ കോളനികളെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ടി കോളനികളിൽ നിർവ്വഹണ

ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പട്ടികജാതി കോളനികളിൽ ഭവന പുനർനിർമ്മാണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തുന്നില്ല.

**വാമനപുരം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

12 (318) ശ്രീ ഡി കെ മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികൾ ഏതെല്ലാം?

പെരിങ്ങമല ഗ്രാമപഞ്ചായത്തിലെ ശാസ്താനട കോളനി, മാണിക്യൽ

ഗ്രാമപഞ്ചായത്തിലെ കരിക്കകം കോളനി, പനവൂർ ഗ്രാമപഞ്ചായത്തിലെ ഏതുമല കോളനി എന്നീ കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരുന്നു. അതിൽ കരിക്കകം കോളനി പദ്ധതിയും, ഏതുമല കോളനി പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്. ശാസ്താനട കോളനിയിൽ 10 വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(ബി) ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കിയെന്നും ബാക്കിയുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

പെരിങ്ങമല ഗ്രാമപഞ്ചായത്തിലെ ശാസ്താനട കോളനി, മാണിക്യൽ ഗ്രാമപഞ്ചായത്തിലെ കരിക്കകം കോളനി, പനവൂർ ഗ്രാമപഞ്ചായത്തിലെ ഏതുമല കോളനി എന്നീ കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരുന്നു. അതിൽ കരിക്കകം കോളനി പദ്ധതിയും, ഏതുമല കോളനി പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്. ശാസ്താനട കോളനിയിൽ 10 വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

13 (319) <u>ശ്രീ . ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വികസന പദ്ധതികൾ ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി നിയമസഭാമണ്ഡലത്തിൽ കോട്ടാശ്ശേരി കോളനി, മാനീരി കോളനി, എൻ.എച്ച് കോളനി, കൊണ്ടോട്ടി എന്നിവിടങ്ങളിലാണ് അംബേദ്ക്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) നിലവിൽ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം വികസന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും വിശദമാക്കുമോ;

കോട്ടാശ്ശേരി കോളനി, മാനീരി കോളനി, കൊണ്ടോട്ടി എൻ.എച്ച് കോളനി എന്നീ കോളനികളുടെ അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലുള്ള പ്രവൃത്തികൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പൂർത്തിയാക്കാത്ത പദ്ധതികൾക്കുള്ള തടസ്സങ്ങളെന്തെന്നും ഇവ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ?

ഏജൻസികൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതാണ് പ്രധാനമായും പദ്ധതികൾക്കുള്ള തടസ്സം.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിലെ തടസ്സങ്ങൾ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് പ്രതികൂലമാകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പദ്ധതി ഉന്നതതല മോണിറ്ററിംഗിന് വിധേയമാക്കുമോ; വ്യക്തമാക്കുമോ ?

പദ്ധതി ഉന്നതതല മോണിറ്ററിംഗിന് വിധേയമാക്കുന്നതിന്റെ ഭാഗമായി പദ്ധതി മാനദണ്ഡ പ്രകാരം ജില്ലാകളക്ടർ ചെയർമാനും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറും ബന്ധപ്പെട്ട എം.എൽ.എ., ഏജൻസി പ്രതിനിധി, എൽ.എ.എസ്.ജി.ഡി പ്രസിഡന്റ്, വാർഡ് മെമ്പർ തുടങ്ങിയവർ അംഗങ്ങളായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ മലമ്പണ്ടാരങ്ങൾ**

14 (320) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ ലക്ഷംവീട് കോളനി നിവാസികളുടെ സ്കൂൾ രേഖകളിൽ 'മലമ്പണ്ടാരങ്ങൾ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എസ്.ടി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ എസ്.ടി. വിഭാഗത്തിൽ ഉൾപ്പെടുത്തി ജാതി സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ ലക്ഷംവീട് കോളനി നിവാസികളുടെ സ്കൂൾ രേഖകളിൽ "മലമ്പണ്ടാരം" എന്ന് ജാതി രേഖപ്പെടുത്തിയതായി കാണുന്നുണ്ടെങ്കിലും അന്വേഷണത്തിൽ ടിയാൾക്കാരുടെ പൂർവ്വികർ തമിഴ്നാട്ടിൽ ജനിച്ചുവളർന്നവരും 1950-ന് ശേഷം മാത്രം കച്ചവടാവശ്യാർത്ഥം ശ്രീകൃഷ്ണപുരത്ത് കുടിയേറിയവരും, പ്രത്യേക കുലത്തൊഴിലൊന്നും ചെയ്യുന്നവരല്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ കഴിയാത്തത്. കിർത്താഡ്സ് മുഖേന വിശദമായി നരവംശശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി മേൽ പ്രദേശത്തുള്ളവർ പട്ടികവർഗ്ഗ 'മലൈ പണ്ടാരം' വിഭാഗത്തിൽപ്പെടുന്നവരാണെന്ന്

കണ്ടെത്തേണ്ടതുണ്ട്.

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം രേഖകൾ സമർപ്പിക്കണമെന്ന് വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ ലക്ഷംവീട് കോളനി നിവാസികളുടെ സ്കൂൾ രേഖകളിൽ "മലമ്പണ്ടാരം" എന്ന് ജാതി രേഖപ്പെടുത്തിയതായി കാണുന്നുണ്ടെങ്കിലും അന്വേഷണത്തിൽ ടിയാൾക്കാരുടെ പൂർവ്വികർ തമിഴ്നാട്ടിൽ ജനിച്ചുവളർന്നവരും 1950-ന് ശേഷം മാത്രം കച്ചവടാവശ്യാർത്ഥം ശ്രീകൃഷ്ണപുരത്ത് കുടിയേറിയവരും പ്രത്യേക കുലത്തൊഴിലൊന്നും ചെയ്യുന്നവരല്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ കഴിയാത്തത്. കിർത്താഡ്സ് മുഖേന വിശദമായി നരവംശശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി മേൽ പ്രദേശത്തുള്ളവർ പട്ടികവർഗ്ഗ 'മലൈ പണ്ടാരം' വിഭാഗത്തിൽപ്പെടുന്നവരാണെന്ന് കണ്ടെത്തേണ്ടതുണ്ട്.

**തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

15 (321) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഒരു കോളനിക്ക് ഒരു കോടി രൂപാ വീതം അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം തിരൂർ നിയോജകമണ്ഡലത്തിലെ അഴകത്തുകുളം, പള്ളിപ്പറമ്പ് പട്ടികജാതി കോളനികളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വിശദമായ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. പട്ടികവർഗ്ഗക്കാർക്കായി ആരോഗ്യ, സാമൂഹ്യ-സാമ്പത്തിക, വിദ്യാഭ്യാസ ഉന്നമന പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പിലാക്കി വരുന്നു.

(ബി) തിരൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെയാണെന്നും ഏതൊക്കെ കോളനികളിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടതെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

പട്ടികജാതി കോളനികളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത പട്ടികജാതി കോളനികളിൽ കുടിവെള്ളം, റോഡ്, നടപ്പാത മറ്റു അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. തിരൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പട്ടികവർഗ്ഗ കോളനികൾ നിലവിലില്ല. മേൽ പ്രദേശത്ത് ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടത്തിവരുന്ന എല്ലാവിധ ആരോഗ്യ, സാമൂഹ്യ-സാമ്പത്തിക, വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കും ക്രമപ്രകാരം അർഹരാണ്.

(സി) പ്രസ്തുത കോളനികളുടെ നവീകരണത്തിനായി സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിശദവിവരം അറിയിക്കുമോ?

ഇതുവരെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അട്ടപ്പാടി വരടിമല ഫാമിന്റെ ഭൂമി

16 (322) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഫാമിങ് സൊസൈറ്റിയുടെ കൈവശമുള്ള വരടിമല ഫാമിൽ എത്ര ആദിവാസി കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിരുന്നത്; ഇവർക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിരുന്നത്?

1975-ൽ പ്രവർത്തനം ആരംഭിച്ച ഫാമിംഗ് സൊസൈറ്റി 120 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽ പറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് പാടികൾ പണിതിട്ടുമുണ്ട്.

(ബി) ഈ ഇനത്തിൽ എത്ര രൂപയാണ് സർക്കാരിന് ചെലവായത് ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംഘത്തിന് കീഴിലുള്ള നാല് ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുക 50,90,828/- രൂപയാണ്.

(സി) നിലവിൽ ഇവിടെ എത്ര കുടുംബങ്ങളാണ് സ്ഥിരതാമസമുള്ളത്; ഈ ഫാം ഇപ്പോൾ തകർച്ചയിലാണോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ?

നിലവിൽ ഇവിടെ കുടുംബങ്ങൾ ആരും തന്നെ സ്ഥിരതാമസമില്ല. ഈ ഫാം ഇപ്പോൾ തകർച്ചയിൽ അല്ല.

(ഡി) ഫാമിന്റെ തകർച്ച സംബന്ധിച്ച് അന്വേഷണങ്ങളെന്തെങ്കിലും നടത്തുകയുണ്ടായോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

നിലവിൽ ഇവിടെ കുടുംബങ്ങൾ ആരും തന്നെ സ്ഥിരതാമസമില്ല. ഈ ഫാം ഇപ്പോൾ തകർച്ചയിൽ അല്ല.

(ഇ) വരടിമല പുനരധിവാസ കേന്ദ്രത്തിലെ എത്ര ഏക്കർ ഭൂമിയാണ് പാട്ടത്തിന് നൽകുന്നതിന് ഉത്തരവായിരുന്നത്; പ്രസ്തുത ഭൂമി ഇടപാടിൽ നിയമലംഘനങ്ങളെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ നിയമലംഘകരായ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

വരടിമല ഫാമിലെ ഭൂമി പാട്ടത്തിന് നൽകാൻ ഉത്തരവാകുകയോ

പാട്ടത്തിന് നൽകുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ നിയമലംഘനങ്ങൾ ഉണ്ടായിട്ടില്ല.

**കാസർകോട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ**

17 (323) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എത്ര പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മഞ്ചേശ്വരം നിയമസഭാമണ്ഡലം-148 കാസർഗോഡ് നിയമസഭാമണ്ഡലം - 177, കാഞ്ഞങ്ങാട് നിയമസഭാമണ്ഡലം - 31, ഉദുമ നിയമസഭാമണ്ഡലം - 105, തൃക്കരിപ്പൂർ നിയമസഭാമണ്ഡലം - 79 ആകെ - 540.

(ബി) പ്രസ്തുത കോളനികളിൽ ഓരോന്നിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ പത്ത് വർഷക്കാലം അനുവദിച്ച പദ്ധതികൾ ഏതാണെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ?

പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികളായ ഗാന്ധിഗ്രാമം പദ്ധതി, സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി, കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക അനുബന്ധമായി+ ചേർക്കുന്നു.

(സി) അപ്രകാരം അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

ഗാന്ധിഗ്രാമം പദ്ധതിയ്ക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചു. അംബേദ്കർ ഗ്രാമ പദ്ധതിയിലെ 4 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്ന 6 പ്രവൃത്തികൾ നടന്നുവരുന്നു. നവോദയ നഗറിന്റെ പ്രവൃത്തികൾ ഈ മാസംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഏതെല്ലാം കോളനികളിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ച പദ്ധതികൾ പ്രകാരം ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ഇ) അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഇനിയും ചെയ്തുതീർക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് കോളനികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരിച്ച് വ്യക്തമാക്കാമോ; പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പിന്റെ ഏതെല്ലാം ഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## ആദിവാസി കോളനിയിലേക്ക് നടപ്പാലം

18 (324) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ ഇരുട്ടുകുത്തിക്കടവിൽ ആദിവാസി കോളനികളിലേക്ക് എത്തിച്ചേരുന്നതിനായി നിർമ്മിച്ചിരുന്ന നടപ്പാലം 2019-ലെ പ്രളയത്തിൽ ഒലിച്ചുപോയ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപ്പാലം ഇല്ലാത്തതിനാൽ ഉൾവനത്തിനുള്ളിലെ മൂന്ന് ആദിവാസി കോളനികളിലെ 60 കുടുംബങ്ങൾ ഒറ്റപ്പെട്ടതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നടപ്പാലം തകർന്നതിനാൽ ഈ പ്രദേശത്തെ ഇരുട്ട്കുത്തി, കുമ്പളപ്പാറ,

+ നിയമസഭയുടെ ഔദ്യോഗിക വൈബ്സൈറ്റിൽ ലഭ്യമാണ്.

തരിപ്പപ്പൊട്ടി, വാണിയംപുഴ എന്നീ 4 പട്ടികവർഗ കോളനികളിലേയ്ക്ക് പാലം നിർമ്മിക്കുന്ന പദ്ധതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇരുട്ടുകുത്തിക്കടവിൽ ഒരു കോടി 20 ലക്ഷം രൂപ ചെലവഴിച്ച് ഇരുമ്പു തൂക്കുപാലം നിർമ്മിക്കുന്നതിന് പട്ടികവർഗ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാനാകുമോ എന്ന് അറിയിക്കാമോ?

തൂക്കുപാലം ശാശ്വത പരിഹാരമല്ല എന്നതിനാൽ ഇരുട്ട് കുത്തി, കുമ്പളപ്പാറ, തരിപ്പപ്പൊട്ടി, വാണിയംപുഴ എന്നീ 4 പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് പാലം നിർമ്മിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇരുട്ടുകുത്തിക്കടവിൽ തൂക്കുപാലം നിർമ്മിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൂക്കുപാലം ശാശ്വത പരിഹാരമല്ല എന്നതിനാൽ ഇരുട്ട് കുത്തി, കുമ്പളപ്പാറ, തരിപ്പപ്പൊട്ടി, വാണിയംപുഴ എന്നീ 4 പട്ടികവർഗ്ഗ

കോളനികളിലേയ്ക്ക് പാലം നിർമ്മിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം**

19 (325) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിൽ എത്ര കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ പട്ടുത്തുവയൽ, എയ്യൻകല്ല് എന്നീ രണ്ട് പട്ടികവർഗ്ഗ കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്?

പട്ടുത്തുവയൽ കോളനിയിൽ പുതുതായി 7 വീടുകളാണ് എസ്റ്റിമേറ്റിൽ ഉള്ളത്. ഭവനനിർമ്മാണ, ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കോളനിയിലെ നടപ്പാത കരിങ്കല്ല് പാകിയിട്ടുണ്ട്. എയ്യൻകല്ല് കോളനിയിൽ നിലവിൽ പ്രവൃത്തികളൊന്നും ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്?

31-03-2022-ന് മുൻപ് പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

20 (326) <u>ശ്രീ രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ സംസ്ഥാന സർക്കാരിന്റെ അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പട്ടികജാതി സങ്കേതങ്ങളുടെ/കോളനികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

1. നാലുകെട്ടും കവല പ്ലാപ്പുറം കോളനി
2. പെരുമാങ്കര കോളനി
3. വെങ്കിടച്ചിറ കോളനി

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കാമോ?

നാലുകെട്ടും കവല പ്ലാപ്പുറം കോളനിയിലെ പ്രവൃത്തി പൂർത്തീകരിച്ചു. പെരുമാങ്കര കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചു പണി പുരോഗമിക്കുന്നു. വെങ്കിടച്ചിറ കോളനിയിലെ നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിർവ്വഹണ ഏജൻസിയുമായും ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

## പട്ടുവം മുതുകുട കോളനി നവീകരണം

21 (327) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം മുതുകുട

കോളനിയുടെ നവീകരണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായിട്ടുള്ള അന്തിമ കർമ്മ പദ്ധതിക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

22 (328) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പ്രവൃത്തികൾ അനുവദിച്ചിട്ടില്ല.

(ബി) അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ബാധകമല്ല.

## സംസ്ഥാനത്ത് എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

23 (329) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി./എസ്. ടി. വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ നിരോധിക്കുന്ന നിയമംപ്രകാരം 2016 മുതൽ 2021 വരെ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ 2021 (15-07-2021) വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത വർഷങ്ങളിൽ ഈ കേസുകളിലെ കൺവിക്ഷൻ റേറ്റ് എത്രയാണെന്ന് വർഷം തിരിച്ച് നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് തട്ടിപ്പ്

24 (330) ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള വിവാഹ സഹായം, പഠനമുറി, സ്കോളർഷിപ്പ് എന്നിവയ്ക്കുള്ള ഫണ്ട് എന്നിവ തട്ടിപ്പുനടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കാമോ?

തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയ വകുപ്പിന്റെ വിവാഹ ധനസഹായം, പഠനമുറി എന്നീ പദ്ധതികളിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവങ്ങൾ എവിടെ നിന്നെല്ലാമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരാണ് ക്രമക്കേടുകൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്തത്.

(സി) ഇതുസംബന്ധിച്ച കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ട് പേരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനോടൊപ്പം 2016-19 കാലയളവിൽ ടി ഓഫീസിൽ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-1 ഉദ്യോഗസ്ഥരെയും സസ്പെന്റ് ചെയ്ത് ടിയാളുകൾക്കെതിരെ വകുപ്പുതല അന്വേഷണം തുടർന്നു വരുന്നു.

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം**

25 (331) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇന്റർനെറ്റ്/ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാധ്യാപക വിദ്യാലയങ്ങൾ, നേഴ്സറി സ്കൂളുകൾ, MGLC കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന മുറികളിലേയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം

കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദ വിവരങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

## മത്സര പരീക്ഷകൾക്ക് സൗജന്യ പരിശീലനം

26 (332) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം മത്സര പരീക്ഷകൾക്കാണ് സൗജന്യപരിശീലനം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ചുവടെ ചേർക്കുന്ന പരീക്ഷകൾക്കുള്ള സൗജന്യ പരിശീലനം പട്ടികജാതി വികസന വകുപ്പ് മുഖേന നല്കി വരുന്നു.

I. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനം.

a. പ്ലസ് ടു പഠനത്തോടൊപ്പമുള്ള എൻട്രൻസ് പരിശീലനം (2 വർഷത്തേക്ക്) ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ

കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകി വരുന്നു.

b. പ്ലസ് ടു പഠന ശേഷമുള്ള എൻട്രൻസ് പരിശീലനം ഈ പദ്ധതി പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകി വരുന്നു.

II. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (PETC):- വകുപ്പിന് കീഴിലുള്ള 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ നിലവിൽ പ്ലസ് ടു മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ബാങ്കുകൾ എന്നിവ അപേക്ഷ ക്ഷണിക്കുന്ന വിവിധ മത്സര പരീക്ഷകളിൽ 6 മാസത്തെ കോച്ചിംഗ് ക്ലാസുകൾ സൗജന്യമായി നടത്തി വരുന്നു. കൂടാതെ 2 വർഷം ദൈർഘ്യമുള്ള സ്റ്റെനോഗ്രാഫി കോഴ്സും സൗജന്യമായി PETC യിൽ നടത്തി വരുന്നു.

III. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS):- കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി

(KSCSA)യിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

IV. ലക്ഷ്യാ സ്കോളർഷിപ്പ് പദ്ധതി :- ഈ പദ്ധതി പ്രകാരം മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചു വരുന്ന ICSETS-ൽ പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിലേയ്ക്ക് ലക്ഷ്യാ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പരിശീലന പരിപാടി 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുക്കുന്ന മികച്ച സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിന് ഈ പദ്ധതി വഴി സഹായം നൽകി വരുന്നു. കേന്ദ്ര/കേരള സർക്കാർ നടത്തുന്ന മത്സര പരീക്ഷകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ ഏറ്റവും അധികമായി പങ്കെടുക്കുന്ന പരീക്ഷകൾക്കായി ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും വകുപ്പിന് കീഴിലുള്ള അമൃത് എന്ന സ്ഥാപനം വഴിയും പരിശീലനം നൽകി

വരുന്നുണ്ട്.

(ബി) മത്സര പരീക്ഷകൾക്കായി സ്വകാര്യ പരിശീലന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികളുടെ പരിശീലന ചെലവ് വകുപ്പ് ഏറ്റെടുക്കാറുണ്ടോ?

എൻട്രൻസ് പരീക്ഷാ പരിശീലനത്തിന് ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും ചേർന്ന് തെരഞ്ഞെടുക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകി വരുന്നു. ലക്ഷ്യാ സ്കോളർഷിപ്പ് പദ്ധതി പ്രകാരം മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചു വരുന്ന ICSETS (Institute for Civil Services Examination Training Society)ൽ പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിന് ലക്ഷ്യാ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പരിശീലന പരിപാടി 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുക്കുന്ന മികച്ച സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിന് ഈ പദ്ധതി വഴി സഹായം നൽകി വരുന്നു.

(സി) മുൻസിഫ് മജിസ്ട്രേറ്റ് തസ്തികയിലേക്കുള്ള ജുഡീഷ്യൽ ടെസ്റ്റുകൾക്ക് വേണ്ടി എസ്.സി./എസ്.റ്റി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പരിശീലനം നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

മുൻസിഫ്-മജിസ്ട്രേറ്റ് തസ്തികയിലേക്കുള്ള ജുഡീഷൽ ടെസ്റ്റുകൾക്ക് വേണ്ടി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് തിരുവനന്തപുരം ലോ കോളേജുമായി സഹകരിച്ച് പ്രത്യേക പരിശീലനം നല്കിയിട്ടുണ്ട്. ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയായിട്ടുണ്ട്. എസ്.സി. വിഭാഗത്തിന് നിലവിൽ ഇല്ലാത്തതാകുന്നു.

**ഓൺലൈൻ വിദ്യാഭ്യാസ സംവിധാനം**

27 (333) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പോലും എത്തിയിട്ടില്ലാത്ത ഉൾപ്രദേശങ്ങളിലെ പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികൾ ഓൺലൈൻ വിദ്യാഭ്യാസ സംവിധാനത്തിന് പുറത്തായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ചില

സ്ഥലങ്ങളിൽ വൈദ്യുതി കണക്ഷന്റെ അഭാവവും, നെറ്റ് കണക്ടിവിറ്റിയും തടസ്സമാകുന്നുണ്ട്.

(ബി) ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത 74 കോളനികളിൽ ANERT-ന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെറ്റ് കണക്ടിവിറ്റി ഇല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ ഐ.ടി വകുപ്പിന് കൈമാറി വിവിധ സർവ്വീസ് പ്രൊവൈഡർമാരുമായി ബന്ധപ്പെട്ട് നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## ഓൺലൈൻ വിദ്യാഭ്യാസം

28 (334) ശ്രീ പി സി വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഓൺലൈൻ വിദ്യാഭ്യാസം ലഭിക്കാത്തതിലുള്ള മാനസിക സമ്മർദ്ദത്തെ തുടർന്ന് സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ ഈ

അവസ്ഥ പരിഹരിക്കുവാനും കുട്ടികൾക്ക് ആത്മധൈര്യം പകരാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഓൺലൈൻ വിദ്യാഭ്യാസം ലഭിക്കാത്തതിലുള്ള മാനസിക സമ്മർദ്ദത്തെ തുടർന്ന് സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം**

29 (335) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ, എഞ്ചിനീയറിംഗ് സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകളിൽ പ്രവേശനം നേടിയ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ബാധകമല്ല.

(സി) സർക്കാർ ക്വാട്ടയിൽ മറ്റ് സംസ്ഥാനങ്ങളിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നേടിയ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ?

07-02-2009-ലെ സ.ഉ (അച്ചടി) നം.50/2009/പജപവവിവ പ്രകാരം സർക്കാർ ക്വാട്ടയിൽ മറ്റ് സംസ്ഥാനങ്ങളിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നേടിയ എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന് നിലവിൽ തടസ്സമില്ല.

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിക്കാമോ?

ബാധകമല്ല.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

30 (336) <u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗം പൊതുവിദ്യാഭ്യാസ ധാരയിൽ നിന്നും ഒറ്റപ്പെട്ട് പോകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന്; വിശദമാക്കുമോ?

ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ, MGLC കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ

പഠനമുറികളിലെയും ഓൺലൈൻ പഠനമുറികളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

31 (337) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഇന്റർനെറ്റ്, ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം അപ്രാപ്യമായത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ

പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠനകേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ, MGLC കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്, ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന മുറികളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ ഐ.ടി വകുപ്പിന് കൈമാറി വിവിധ സർവ്വീസ് പ്രൊവൈഡർമാരുമായി ബന്ധപ്പെട്ട് നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

## പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം

32 (338) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇന്റർനെറ്റ്/DTH സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നേഴ്സറി സ്കൂളുകൾ, MGLC (മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്റേഴ്സ്) കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/DTH സൗകര്യങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന കേന്ദ്രങ്ങളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ

സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിലേയ്ക്കായി ഡിജിറ്റൽ ഡിവൈസ് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ സ്മാർട്ട് ഫോൺ ഉൾപ്പെടെയുള്ളവ എല്ലാവർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ ഒന്നാം ക്ലാസ്സ് മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള വിവിധ കോഴ്സുകളിൽ പഠനം നടത്തി വരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഡിവൈസ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പട്ടിക പൊതു വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നെറ്റ് കണക്ഷൻ ലഭിക്കാത്ത സ്ഥലങ്ങളിൽ അവ ലഭ്യമാക്കാൻ അടിയന്തര ഇടപെടലുകൾ നടത്തുമോ; വിശദമാക്കുമോ?

ഇന്റർനെറ്റ് സൗകര്യം തീരെ ഇല്ലാത്തതും കുറവുള്ളതുമായ 1034 കോളനികളുടെ വിവരങ്ങൾ (അക്ഷാംശ രേഖാംശങ്ങൾ സഹിതം) ഐ.ടി. വകുപ്പ് മുഖേന ടെലികോം സേവനദാതാക്കൾക്കും, ഇന്റർനെറ്റ് സേവനദാതാക്കൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം കോളനികളിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ ഐ.ടി. വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു.

## പട്ടികജാതി /പട്ടികവർഗ്ഗ കുടുംബത്തിലെ കുട്ടികൾക്ക് ഓൺലൈൻ പഠനസൗകര്യം

33 (339) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ രോഗവ്യാപന ഭീഷണിയെത്തുടർന്ന് തുടർപഠനങ്ങൾ ഓൺലൈൻ ആക്കിയ സാഹചര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക കുടുംബങ്ങളിലെ കുട്ടികൾക്ക് സ്മാർട്ട് ഫോണും മോബൈൽ കണക്ടിവിറ്റിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ലഭിക്കുന്നു എന്ന് സർക്കാർ ഉറപ്പ് വരുത്തുമോ; വിശദമാക്കുമോ ?

ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റർനെറ്റ്/DTH സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ, MGLC (മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്റേഴ്സ്) കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനായുള്ള സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/DTH സൗകര്യങ്ങൾ ഇല്ലാത്ത കോളനികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന കേന്ദ്രങ്ങളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കോവിഡ് 19 പശ്ചാത്തലത്തിൽ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് തല വിദ്യാഭ്യാസം ഓൺലൈൻ മുഖേന നടന്നുവരുന്ന സാഹചര്യത്തിൽ ഓൺലൈൻ/ഡിജിറ്റൽ രീതിയിലുള്ള പഠനത്തിന് തടസ്സം നേരിടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്

ഡിജിറ്റൽ ഡിവൈസ് വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## ഉന്നത വിദ്യാഭ്യാസത്തിന് നൽകിയിരുന്ന ആനുകൂല്യം

34 (340) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ ശൂന്യവേതന അവധിയെടുത്ത് ഉന്നത വിദ്യാഭ്യാസത്തിന് ചേരുമ്പോൾ അവർക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ 30-04-1980 തീയതിയിലെ നോട്ടിഫിക്കേഷൻ 11 പ്രകാരം 2009 വരെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിയിരുന്നോ?

പരിശോധിക്കുന്നതാണ്.

(ബി) പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 02-07-2009 ലെ സ.ഉ(പി) നം.50/2009/പജപവവിവ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപെട്ട സർക്കാർ ഉദ്യോഗസ്ഥർ ശൂന്യവേതന അവധിയെടുത്ത് ഉന്നത വിദ്യാഭ്യാസത്തിന് ചേരുമ്പോൾ അവർക്ക് നൽകിയിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ റദ്ദാക്കിയിട്ടുണ്ടോ?

പരിശോധിക്കുന്നതാണ്.

(സി) പട്ടിജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ ശൂന്യവേതന അവധിയെടുത്ത് ഉന്നത വിദ്യാഭ്യാസത്തിന് ചേരുമ്പോൾ അവർക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ 30-4-1980 തീയതിയിലെ നോട്ടിഫിക്കേഷൻ 11 പ്രകാരം 2009 വരെ നൽകിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിന് പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**ഇ-ഗ്രാന്റ്സ് മുഖാന്തരം ട്യൂഷൻ ഫീസ്**

35 (341) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സ്വാശ്രയ ടീച്ചർ ട്രെയിനിംഗ് കോളേജുകളിലെ എസ്.സി./എസ്. ടി./ഒ. ഇ.സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കുള്ള 2020-21-ലെ ട്യൂഷൻ ഫീസ് ഇ-ഗ്രാന്റ്സ് മുഖാന്തരം നൽകിയിട്ടുണ്ടോ; ഓരോ ജില്ലയിലെയും ഏതെല്ലാം സ്ഥാപനങ്ങളിലുള്ള എത്ര കുട്ടികൾക്കാണ് ഇത്തരത്തിൽ ട്യൂഷൻ

ഫീസ് നൽകുവാനുള്ളത്; ട്യൂഷൻ ഫീസ് നാളിതുവരെയും നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

പട്ടികജാതി-പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്വാശ്രയ ടീച്ചർ ട്രെയിനിംഗ് സ്ഥാപനങ്ങളിലെ പട്ടികജാതി-പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ 2020-21 അദ്ധ്യയന വർഷത്തെ ട്യൂഷൻ ഫീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ട്യൂഷൻ ഫീസ് ലഭിക്കുവാനുള്ള സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾ യഥാസമയം ട്യൂഷൻ ഫീസ് ക്ലെയിം ചെയ്യാത്തതിനാലാണ് ട്യൂഷൻ ഫീസ് വിതരണം ചെയ്യാൻ സാധിക്കാത്തത്. സ്ഥാപനങ്ങളിൽ നിന്നും ക്ലെയിമുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥാപനങ്ങൾക്ക് ട്യൂഷൻ ഫീസ് വിതരണം ചെയ്യുന്നതാണ്. നിലവിൽ പട്ടികജാതി വികസന വകുപ്പിൽ സ്വാശ്രയ ടീച്ചർ ട്രെയിനിംഗ് സ്ഥാപനങ്ങളിലെ അർഹതപ്പെട്ട പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ 2020-21 അധ്യയന വർഷത്തെ ട്യൂഷൻ ഫീസ് ക്ലെയിമുകളൊന്നും തന്നെ പെൻഡിംഗില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് 2020-21 അദ്ധ്യയനവർഷത്തിൽ സ്വാശ്രയ ടീച്ചർ ട്രെയിനിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ട്യൂഷൻ ഫീസ് ഇ-ഗ്രാന്റ്സ് മുഖാന്തരം നൽകി വരുന്നുണ്ട്. 2020-21

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷത്തിൽ സ്വാശ്രയ ടീച്ചർ ട്രെയിനിംഗ് സ്ഥാപനത്തിൽ ട്യൂഷൻഫീസ് നൽകുവാൻ ശേഷിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. ടി സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് മുഖേനയുള്ള അപേക്ഷകൾ സ്ഥാപനത്തിൽ പെന്റിംഗ് ആയതിനാലും, അനുമതി നൽകിയ അപേക്ഷകൾക്ക് സ്ഥാപനം വിദ്യാഭ്യാസാനുകൂല്യം ക്ലെയിം ചെയ്തിട്ടില്ലാത്തതിനാലും വിതരണം നടത്താൻ സാധിച്ചിട്ടില്ല. സ്ഥാപനങ്ങൾ ക്ലെയിം ലഭ്യമാക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് നൽകുന്നതാണ്.

കുന്നംകുളം താലൂക്കിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

36 (342) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് രൂപം കൊണ്ട കുന്നംകുളം താലൂക്കിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കുന്നംകുളം താലൂക്കിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിലുള്ള എം.ആർ.എസ്.-കളിൽ ആധുനിക തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ നിലവിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം വരെ ആധുനിക തൊഴിലധിഷ്ഠിത കോഴ്സുകൾ ASAP മുഖേന പഠിപ്പിച്ചിരുന്നു.

(സി) ഇല്ലെങ്കിൽ ഇത്തരം കോഴ്സുകൾ കൂടി പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 2020-21-ൽ ASAP മുഖേന ലൈഫ് സ്കിൽ ആന്റ് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് ആരംഭിക്കുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കോവിഡ്-19-ന്റെ വ്യാപനം കാരണം പ്രസ്തുത ട്രെയിനിംഗ് ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. കോവിഡ്-19 മഹാമാരിയോടനുബന്ധിച്ചുള്ള നിയന്ത്രണങ്ങൾ നീക്കി എം.ആർ.എസ്. കളിൽ റെഗുലർ പഠനം ആരംഭിക്കുന്ന മുറയ്ക്ക് കോഴ്സുകൾ പുനരാംരംഭിക്കുന്നതിനുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പും

സ്വീകരിക്കുന്നതാണ്.

## പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം

37 (343) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച 02-07-2009-ലെ സ.ഉ(പി) നം. 50/2009/പജപവവിവ ഉത്തരവിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് പ്രായ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഇല്ല. എന്നാൽ, ഗവേഷക വിദ്യാർത്ഥികൾക്ക് JRF ടെസ്റ്റിന് അപേക്ഷിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് യു.ജി.സി ഉയർന്ന പ്രായപരിധി 33 വയസ്സായി നിശ്ചയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. (പ്രസക്തഭാഗം അനുബന്ധമായി+ ചേർക്കുന്നു)

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ജെ.ആർ.എഫ്.-ന് പ്രായപരിധി നിശ്ചയിച്ചുകൊണ്ട് യു.ജി.സി. പുറപ്പെടുവിച്ച ഉത്തരവ് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഗവേഷണ വിദ്യാർത്ഥികൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ?

ഇല്ല.

(സി) ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രായപരിധി നിശ്ചയിച്ച വകുപ്പിന്റെ തീരുമാനം പുനഃപരിശോധിച്ച് പ്രായഭേദമന്യേ ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

പട്ടികവിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് സ.ഉ(പി)നം.50/2009/പജപവവിവ തീയതി 02-07-2009-ലെ നിബന്ധനകൾക്ക് വിധേയമായാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. എന്നാൽ യു.ജി.സി ഫെല്ലോഷിപ്പ് അനുവദിക്കുന്നതിന് യു.ജി.സി പ്രായപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ, ഗവേഷണ ബിരുദം നേടിയശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കാനിടയുള്ള തൊഴിൽ, പദവി എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് ഉയർന്ന പ്രായപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ

പരിശോധിച്ച വരുന്നു.

## ഓൺലൈൻ പഠന സൗകര്യം

38 (344) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓൺലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് അതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ടാബ്‌ലറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതം/തനതു ഫണ്ടുപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകേണ്ടതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. [ഉത്തരവ് അനുബന്ധമായി+ ചേർക്കുന്നു.] കൂടാതെ കൈറ്റ് വഴി ഏതാണ്ട് ഒരു ലക്ഷം ലാപ്ടോപ്പുകൾ പട്ടികവർഗ്ഗ മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. [ഉത്തരവ് അനുബന്ധമായി+ ചേർക്കുന്നു.]

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളും, സ്ഥാപനങ്ങളും വിതരണം ചെയ്യുന്ന ഉപകരണങ്ങൾ അർഹരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിന് പ്രോജക്ട് ഓഫീസർ/അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരെ നോഡൽ ഓഫീസർമാരായി പട്ടികവർഗ്ഗ വികസന വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ ഐ.ടി വകുപ്പിന് കൈമാറിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത 74 കോളനികളിൽ ANERT ന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡിജിറ്റൽ പഠനോപകരണങ്ങളുടെ ലഭ്യത കുറവ്, ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം, രക്ഷകർത്താക്കളുടെ പിന്തുണയില്ലായ്മ, വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തത് തുടങ്ങിയ തലങ്ങളിലാണ് പ്രധാനപ്പെട്ട വെല്ലുവിളികൾ ഉള്ളത്. പഠനോപകരണങ്ങൾ ഇല്ലാത്തതും, ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാത്തതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാധ്യാപക വിദ്യാലയങ്ങൾ,

നഴ്സറി സ്കൂളുകൾ, MGLC (മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്റേഴ്സ്) കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനായുള്ള സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/DTH സൗകര്യങ്ങൾ ഇല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന കേന്ദ്രങ്ങളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ/ഡിജിറ്റൽ രീതിയിലുള്ള പഠനത്തിന് തടസ്സം നേരിടുന്ന 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്ലറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**സാമൂഹ്യ പഠനമുറി പദ്ധതിയുടെ ധനസഹായം**

39 (345) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ പഠനമുറി പദ്ധതിയുടെ ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണോ നൽകുന്നത്; യഥാർത്ഥ ഗുണഭോക്താവ് തന്നെയാണ് ആനുകൂല്യം കൈപ്പറ്റുന്നതെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലോ, സമാന ഇടങ്ങളിലോ 'സാമൂഹ്യപഠന മുറി' പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു സാമൂഹ്യ പഠന മുറിയിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരുമിച്ച് പഠനം നടത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സാമൂഹ്യ പഠന മുറി പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് നേരിട്ട് യാതൊരുവിധ ധനസഹായവും നൽകുന്നില്ല.

**സാമൂഹ്യ പഠനമുറി പദ്ധതി**

40 (346) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ പഠനമുറി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ആരാണെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാ ഓഫീസർമാരാണ് സാമൂഹ്യ പഠനമുറി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിന്റെ നടപടിക്രമം വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലോ, സമാന ഇടങ്ങളിലോ സാമൂഹ്യപഠന മുറി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു സാമൂഹ്യ പഠന മുറിയിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരുമിച്ച് പഠനം നടത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സാമൂഹ്യ പഠന മുറി പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് നേരിട്ട് യാതൊരുവിധ ധനസഹായവും നൽകുന്നില്ല.

## വർക്കല ശ്രീനിവാസപുരം പട്ടികജാതി ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം

41 (347) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശ്രീനിവാസപുരം പട്ടികജാതി ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് കുടിവെള്ള പൈപ്പ് ലൈൻ കടന്നു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ആയത് മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ള തുക പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

വർക്കല ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് കൂടി കടന്നുപോകുന്ന കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ മുഖേന

ലഭ്യമായിട്ടുള്ള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

**വെങ്ങാനൂർ അയ്യൻകാളി യു.പി. സ്കൂൾ**

42 (348) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാ അയ്യൻകാളി സ്ഥാപിച്ച ശ്രീ. അയ്യൻകാളി യു.പി.എസ്, വെങ്ങാനൂർ, ഏറ്റെടുത്തു മോഡൽ റെസിഡൻഷ്യൽ സ്കൂളാക്കും എന്ന മുൻ സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

വെങ്ങാനൂരിൽ ശ്രീ. അയ്യങ്കാളി സ്ഥാപിച്ച സ്കൂൾ സർക്കാർ ഏറ്റെടുത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂളാക്കുന്ന കാര്യം പരിശോധിച്ചിരുന്നു. പ്രസ്തുത സ്കൂളിന്റെ വികസനത്തിനായി 52 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും അതിനാൽ സ്കൂൾ സംസ്ഥാന സർക്കാരിന് വിട്ടുനൽകേണ്ടതില്ലെന്നും 16-11-2020-ൽ നടന്ന ബോർഡ് യോഗത്തിൽ തീരുമാനിച്ചതായി സ്കൂൾ മാനേജ്മെന്റ് സർക്കാരിനെ അറിയിച്ചതിനെതുടർന്ന് ഇക്കാര്യത്തിലുള്ള നടപടികൾ അവസാനിപ്പിക്കുകയുണ്ടായി.

## സാമൂഹ്യ പഠനമുറി പദ്ധതി

43 (349) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ പഠനമുറി പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ?

ലഭിക്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം എന്താണ് എന്നറിയിക്കാമോ?

ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സാമൂഹ്യ പഠനമുറികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് ഫണ്ട് അനുവദിച്ചു വരുന്നു.

## മോഡൽ റെസിഡൻഷ്യൽ സ്കൂൾ

44 (350) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് 1. വെള്ളച്ചാൽ (കൊടക്കാട്) (ആൺകുട്ടികൾക്കുവേണ്ടി) പട്ടികവർഗ്ഗ വികസന വകുപ്പ് 1. പരവനടക്കം മോഡൽ റെസിഡൻഷ്യൽ സ്കൂൾ 2. ആശ്രമം സ്കൂൾ, കാസർഗോഡ്

(ബി) പഠനത്തിൽ ഏറെ പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ കൂടുതലുള്ള മഞ്ചേശ്വരം താലൂക്കിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

മഞ്ചേശ്വരം താലൂക്കിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കാസർഗോഡ് ജില്ലയിലെ ബദിയടുക്ക വില്ലേജിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ ഒരു കന്നട മീഡിയം മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനായി ഭൂമി കൈമാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

45 (351) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സ്വീകരിച്ചിട്ടുണ്ട്. ഗോത്രവിഭാഗങ്ങളിലുള്ള 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച ഗോത്രബന്ധു പദ്ധതി 2018-19 വർഷം മുതൽ അട്ടപ്പാടിയിലും നടപ്പിലാക്കി വരുന്നു. സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞു പോക്കിന് പ്രധാന കാരണങ്ങളായ രക്ഷിതാക്കളുടെ താല്പര്യക്കുറവ്, വിദ്യാലയങ്ങളിൽ വേണ്ടത്ര പരിഗണന ലഭ്യമാകാത്ത അവസ്ഥ, ഭാഷാപരമായ പ്രശ്നങ്ങൾ, മറ്റ് സാംസ്കാരിക പ്രശ്നങ്ങൾ ഇവ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസായവരെ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ പഠിക്കുന്ന 21 സ്കൂളുകളിൽ 26 മെന്റർടീച്ചർമാരെ നിയമിച്ചത് വഴി കൊഴിഞ്ഞുപോക്ക് പൂർണ്ണമായും തടയാൻ സാധിച്ചിട്ടുണ്ട്. വിദൂര സ്ഥലങ്ങളിൽനിന്നും കുട്ടികൾക്ക് സ്കൂളുകളിൽ എത്തുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന 75% ഹാജരുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം അനുവദിച്ച് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 40 സാമൂഹ്യ പഠനമുറികൾ അട്ടപ്പാടിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

## മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

46 (352) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒട്ടാകെയുള്ള 20 എം.ആർ.എസ്.-കളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ നിർവ്വഹണ

ഏജൻസിയും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുകയും ടെൻഡർ നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്.-കളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. കൂടാതെ വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന പീരുമേട് (ഇടുക്കി), വടക്കാഞ്ചേരി (തൃശ്ശൂർ), തൃത്താല (പാലക്കാട്), കീഴ്മാട് (എറണാകുളം) എന്നീ നാല് എം.ആർ.എസുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിച്ചിട്ടുണ്ട്. അതിലേയ്ക്ക് 31,99,680/- രൂപ ചെലവഴിച്ചിട്ടുണ്ട്. KELTRON മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒട്ടാകെയുള്ള 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുകയും ടെണ്ടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

## വിദേശ സർവ്വകലാശാലകളിൽ പഠനം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

47 (353) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിൽ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. കേരളത്തിനകത്ത് സ്ഥിരതാമസക്കാരായവരും, ബിരുദ പഠനത്തിന് 50% മാർക്കിനു മുകളിലുള്ളവരും, 35 വയസ്സിന് താഴെയുള്ളവരും, IELTS/GRE/TOEFL എന്നീ ടെസ്റ്റുകളിൽ നിശ്ചിത ഗ്രേഡ് ഉള്ളവരും, പഠനം നടത്താൻ ഉദ്ദേശിക്കുന്ന വിദേശ സ്ഥാപനത്തിൽ നിന്നും ഓഫർ ലെറ്റർ ലഭിച്ചവരും ആയിട്ടുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ചേർന്ന് പഠനം നടത്തുന്നതിനുള്ള അപേക്ഷ നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിനു ചേർന്ന് പഠനം നടത്തുന്നതിന് മാത്രം വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതാണ്. ഇതിന് വരുമാന പരിധി ബാധകമല്ല. വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ,

എം.ഫിൽ, എം.ഫിൽ-ന് തുല്യമായവ, പി.എച്ച്.ഡി., പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുടങ്ങിയ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നത്.

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

48 (354) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനുമായി നടപ്പാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട TTC/B.Ed/D.Ed യോഗ്യതയുള്ളവരിൽ നിന്നും തെരഞ്ഞെടുത്തവരെ "ഗോത്രബന്ധു" പദ്ധതി പ്രകാരം, മെന്റർ ടീച്ചർമാരായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. സാമൂഹ്യ പഠനമുറി, ഗോത്രബന്ധു പദ്ധതി, ഗോത്രസാരഥി

പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് 1.42 ശതമാനമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

**ഇ-ഗ്രാന്റ്സ് ആനുകൂല്യം/ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം**

49 (355) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസനിധി, ഇ-ഗ്രാന്റ്സ് ആനുകൂല്യം എന്നീ ഇനങ്ങളിൽ 2016-17 വർഷം മുതൽ നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2016-17 മുതൽ നാളിതുവരെ 2,68,23,660/- രൂപ (രണ്ട് കോടി അറുപത്തെട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി അറുനൂറ്റി അറുപത് രൂപ മാത്രം) ചികിത്സാ ധനസഹായമായും ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബാംഗങ്ങൾക്കുള്ള ധനസഹായമായും അനുവദിച്ചിട്ടുണ്ട്. E-Grantz Post Metrics

വിദ്യാഭ്യാസാനുകൂല്യം സംസ്ഥാനതലത്തിലാണ് വിതരണം ചെയ്തു വരുന്നത്. ആയതിനാൽ നിയോജക മണ്ഡലങ്ങൾ തിരിച്ചുള്ള വിവരങ്ങൾ ഇ-ഗ്രാന്റ്സ് ഡാറ്റാ ബേസിൽ ഇപ്പോൾ ലഭ്യമല്ല.

(ബി) ഇതിന്റെ പഞ്ചായത്ത്/ബ്ലോക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ?

പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2016-17 മുതൽ നാളിതുവരെ പഞ്ചായത്ത്/ബ്ലോക്ക് അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) എത്ര അപേക്ഷകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

1061 അപേക്ഷകൾക്കായി 2,68,23,660/- രൂപ(രണ്ട് കോടി അറുപത്തെട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി അറുനൂറ്റി അറുപത് രൂപ മാത്രം ) അനുവദിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

50 (356) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്ടിവിറ്റി വളരെക്കുറഞ്ഞ മലയോര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ കോളനികളിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതും തീരെ കുറഞ്ഞതുമായ 1034 കോളനികളുടെ വിവരങ്ങൾ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി ഐ.ടി. വകുപ്പിന് കൈമാറി വിവിധ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർമാരുമായി ബന്ധപ്പെട്ട് നെറ്റ് കണക്ടിവിറ്റി ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പേരാമ്പ്ര മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

51 (357) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറ പഞ്ചായത്തിൽ മുതുകാട് എന്ന സ്ഥലത്ത് റവന്യൂ വകുപ്പിൽനിന്നും പട്ടികജാതി ക്ഷേമ വകുപ്പിന് അഞ്ച് ഏക്കർ സ്ഥലം കൈമാറി കിട്ടിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽനിന്നും 16.48 കോടി രൂപ അനുവദിച്ച് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന് പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

16.48 കോടി രൂപ ചെലവിൽ പ്രസ്തുത സ്ഥലത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് KIIFB-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള SPV ആയി തെരഞ്ഞെടുത്തിരിക്കുന്നത് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേനയാണ് (KSCC).

(സി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദാംശം ലഭ്യമാക്കാമോ?

മുൻപ് അനുവദിച്ച 9 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി മാത്രം കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ളതിനാൽ ആദ്യം നിർമ്മിക്കുവാൻ

ഉദ്ദേശിച്ച സ്ഥലത്തുനിന്നും കെട്ടിടങ്ങൾ മാറ്റി ലൊക്കേറ്റ് ചെയ്യേണ്ടി വന്നതിനാൽ റിവൈസ് ചെയ്ത പ്ലാനും എസ്റ്റിമേറ്റും KSCC തയ്യാറാക്കി അംഗീകാരത്തിനായി ലഭ്യമാക്കിയിരിക്കുകയാണ്. ആയതിന് KIIFB-യുടെ അംഗീകാരം വാങ്ങി നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

## വെറ്റിലപ്പാറയിൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ

52(358) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സ്-സർവ്വീസ്മെൻ കോളനി സൊസൈറ്റി വിട്ടു നൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

വെറ്റിലപ്പാറയിൽ എക്സ്-സർവ്വീസ്മെൻ കോളനി വിട്ടുനൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി തൃശ്ശൂർ പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 5.50 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും പരിഷ്കരിച്ച പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## സ്റ്റേറ്റ് മെട്രിക് ഹോസ്റ്റൽ

53 (359) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി കവളങ്ങാട് സ്റ്റേറ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും നാളിതുവരെയും പട്ടികജാതി, പട്ടികവർഗ്ഗക്കാരായ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം അനുവദിക്കാതെ അടച്ചിട്ടിരിക്കുന്നതിനാൽ ഹോസ്റ്റൽ പ്രവർത്തനമാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിനു കീഴിൽ 1987-88 കാലഘട്ടത്തിൽ

മഞ്ചേരി എൻ.എസ്.എസ് കോളേജ്, മലപ്പുറം ഗവൺമെന്റ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ താമസ സൗകര്യം ഉദ്ദേശിച്ച് മഞ്ചേരി മണ്ഡലത്തിലെ കവളങ്ങാട് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണി കഴിപ്പിച്ചിരുന്നുവെങ്കിലും വിദ്യാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് പ്രസ്തുത കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മോഡൽ റെസിഡൻഷ്യൽ സ്കൂളായി 10 വർഷത്തോളം ഉപയോഗിച്ചിരുന്നുവെങ്കിലും പിന്നീട് പട്ടികവർഗ്ഗ വികസന വകുപ്പിന് മോഡൽ റെസിഡൻഷ്യൽ സ്കൂളിനായി പുതിയ കെട്ടിടം പണി കഴിപ്പിച്ച സാഹചര്യത്തിൽ ഹോസ്റ്റൽ കെട്ടിടം ഒഴിയുകയുണ്ടായി. നിലവിൽ ടി കെട്ടിടം ഒരു സർക്കാർ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ തക്കവിധത്തിൽ ഉപയോഗ യോഗ്യമല്ലാത്ത അവസ്ഥയിലാണ്. നവീകരിച്ച് പുനരുപയോഗ പ്രദമാക്കാനാകാത്ത വിധം കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. കെട്ടിടം നവീകരിച്ച് പോസ്റ്റ് മെട്രിക് ഹോസ്റ്റലായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടും ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആദിവാസികൾക്ക് തൊഴിൽ പരിശീലനം

54 (360) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ആദിവാസി തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗവ.ഐ.റ്റി.ഐ, കുട്ടമല, തിരുവനന്തപുരം

2. ഗവ.ഐ.റ്റി.ഐ നാട്ടുകാണി, ഇടുക്കി

3. തയ്യൽ പരിശീലന കേന്ദ്രം, റാന്നി, പത്തനംതിട്ട

4. തയ്യൽ പരിശീലന കേന്ദ്രം, മുരുക്കുംവയൽ, കോട്ടയം

5. തയ്യൽ പരിശീലന കേന്ദ്രം, മേലുകാവ്, കോട്ടയം

6. തയ്യൽ പരിശീലന കേന്ദ്രം, കമ്പാലത്തറ, പാലക്കാട്

7. തയ്യൽ പരിശീലന കേന്ദ്രം, ചുങ്കത്തറ, മലപ്പുറം

8. ടെയ്‌ലറിംഗ് & ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ, നിലമ്പൂർ, മലപ്പുറം

9. തയ്യൽ പരിശീലനകേന്ദ്രം, മീനങ്ങാടി, വയനാട്

10. മാതൃകാക്ഷേമ പരിശീലന കേന്ദ്രം, മുത്തങ്ങ, വയനാട്

11. ക്രാഫ്റ്റ് സെന്റർ, കുഞ്ഞോം, വയനാട്

12. ഫാഷൻ ഡിസൈനിംഗ് കം ഗാർമെന്റ് ടെക്നോളജി സെന്റർ, ഞാറനീലി, തിരുവനന്തപുരം

13. പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ, ചേനൻപാറ, തിരുവനന്തപുരം

14. ഫാഷൻ ഡിസൈനിംഗ് കം ഗാർമെന്റ് ടെക്നോളജി സെന്റർ, മൂലമറ്റം, ഇടുക്കി

(ബി) ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പരമ്പരാഗത തൊഴിലുകളിൽ പരിശീലനം നല്കുവാൻ നടപടി സ്വീകരിക്കുമോ?

ഇടുക്കി, വയനാട് ജില്ലകളിൽ പരമ്പരാഗത തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കൂത്തുപറമ്പ് മണ്ഡലത്തിൽ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ ആദിവാസി മേഖലയായ നരിക്കോട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സാംസ്കാരിക നിലയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) പ്രസ്തുത സാംസ്കാരിക നിലയത്തിൽ ആദിവാസികൾക്കായി തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഈ കെട്ടിടത്തിൽ നിലവിൽ വകുപ്പിന്റെ സാമൂഹ്യപഠനമുറി പ്രവർത്തിച്ച് വരുന്നുണ്ട്.

(ഇ) പ്രസ്തുത സാംസ്കാരിക നിലയത്തിൽ ആദിവാസികൾക്കായി ഏതൊക്കെ തൊഴിലുകളിലാണ് പരിശീലനം നൽകുന്നതെന്ന് വിശദമാക്കാമോ?

ഈ കെട്ടിടത്തിൽ നിലവിൽ വകുപ്പിന്റെ സാമൂഹ്യപഠനമുറി പ്രവർത്തിച്ച് വരുന്നുണ്ട്.

**പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ജോലി**

55 (361) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി എന്ന പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിന്റെ പരിധിയിൽ എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; വിശദമാക്കാമോ?

അത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല.

(ബി) സംസ്ഥാനത്തുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളിലും ഈ പദ്ധതി പ്രകാരം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ടോ?

അത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല.

(സി) സംസ്ഥാനത്ത് എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇനിയും എത്ര പേർക്ക് ജോലി നൽകാനുണ്ടെന്നും അറിയിക്കാമോ?

അത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

56 (362) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി+ ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2 പേർക്ക് മരം മുറിക്കുന്നതിനുള്ള യന്ത്രവും ഒരാൾക്ക് തെങ്ങ് കയറുന്നതിനുള്ള യന്ത്രവും വിതരണം ചെയ്തിട്ടുണ്ട്.

(ബി) അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി+ ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2 പേർക്ക് മരം മുറിക്കുന്നതിനുള്ള യന്ത്രവും ഒരാൾക്ക് തെങ്ങ് കയറുന്നതിനുള്ള യന്ത്രവും വിതരണം ചെയ്തിട്ടുണ്ട്.

## മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

57 (363) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിലെ ഭരണിക്കാവ്, മാവേലിക്കര ബ്ലോക്ക് പഞ്ചായത്തുകളിൽ അനുവദിച്ച കോർപ്പസ് ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട മറുപടി അനുബന്ധമായി+ ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കൊല്ലം, ആലപ്പുഴ ജില്ലകളിലെ വികസന പ്രവർത്തനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 24.35 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി മാവേലിക്കര നിയമസഭാമണ്ഡലത്തിലെ മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം 2 പേർക്ക് മരംവെട്ട് മെഷീൻ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനായി 43,248/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട മറുപടി

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി+ ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കൊല്ലം, ആലപ്പുഴ ജില്ലകളിലെ വികസന പ്രവർത്തനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 24.35 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി മാവേലിക്കര നിയമസഭാമണ്ഡലത്തിലെ മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം 2 പേർക്ക് മരംവെട്ട് മെഷീൻ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനായി 43,248/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഇവയുടെ നിലവിലെ സ്ഥിതിവിവരം വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട മറുപടി അനുബന്ധമായി+ ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കൊല്ലം, ആലപ്പുഴ ജില്ലകളിലെ വികസന പ്രവർത്തനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ 24.35 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി മാവേലിക്കര നിയമസഭാമണ്ഡലത്തിലെ മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം 2 പേർക്ക് മരംവെട്ട് മെഷീൻ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനായി 43,248/- രൂപ ചെലവഴിച്ചിട്ടുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലൈഫ് ഭവന പദ്ധതി

58 (364) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നൽകിയിട്ടുണ്ട്; വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

ലൈഫ് പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട 22077 പേരിൽ, അർഹരായ 12873 ഗുണഭോക്താക്കളിൽ 11992 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിക്കുകയും 9135 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭൂരഹിത ഭവനരഹിത കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവരിൽ സ്വന്തം നിലയിലും വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളുടെ സഹായത്താലും ഭൂമി ആർജ്ജിച്ച 4785 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ 3643 ഗുണഭോക്താക്കൾ ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിക്കുകയും ആയതിൽ 1252 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ തന്നിരിക്കുന്നു .

(ബി) പട്ടികജാതി വികസന വകുപ്പ് ലൈഫ് ഭവന പദ്ധതിയിലേയ്ക്ക് ഇതുവരെ എത്ര തുക നൽകിയിട്ടുണ്ട്; വർഷാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

2018-19 വർഷം വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയിൽ നിന്നും 61.30 കോടി രൂപയും 2020-21 വർഷം ലൈഫ് പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ നിന്ന് 245 കോടി രൂപയും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

**പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭൂമി കൈമാറ്റം**

59 (365) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭൂമി നഗരസഭയ്ക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരുമാനിച്ചിട്ടില്ല.

(ബി) എങ്കിൽ ഏത് പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരമൊരു ഭൂമി കൈമാറ്റം നടത്തുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് നഗരസഭയ്ക്കുവേണ്ടി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് മെഡിക്കൽ കോളേജിന്റെ ഭൂമി ആവശ്യപ്പെട്ടിരിക്കുന്നത്.

(സി) പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി എന്ത് അടിസ്ഥാനത്തിലാണ് ഇപ്രകാരം കൈമാറുന്നതെന്ന് വ്യക്തമാക്കുമോ?

ഭൂമി കൈമാറ്റ വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) ഭൂമി കൈമാറുന്നത് പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഈ നടപടി റദ്ദാക്കുമോ?

ഭൂമി കൈമാറ്റ വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല.

**കേന്ദ്ര ഫണ്ടിന്റെ തട്ടിപ്പ്**

60 (366) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ഡോ. മാത്യു കുഴൽനാടൻ:</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി ക്ഷേമത്തിനുള്ള കേന്ദ്ര ഫണ്ടിന്റെ തട്ടിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കി വരുന്ന വകുപ്പിന്റെ വിവാഹ ധനസഹായം, പഠനമുറി ധനസഹായം എന്നീ പദ്ധതികളിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളതായി വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. (എന്നാൽ ഇവ കേന്ദ്ര ഫണ്ടല്ല). ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കുറ്റക്കാരെ കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും. ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ടുപേരെ സേവനത്തിൽ നിന്നും പിരിച്ചു വിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനോടൊപ്പം 2016-19 കാലയളവിൽ ടി ഓഫീസിൽ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ

ഗ്രേഡ്-1 ഉദ്യോഗസ്ഥരെയും സസ്പെന്റ് ചെയ്ത് ടിയാളുകൾക്കെതിരെ വകുപ്പുതല അന്വേഷണം തുടർന്നു വരുന്നു. കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ വിശദമായ വകുപ്പുതല ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നു. മലപ്പുറം അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിൽ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനായ ടി ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസറെ സസ്പെന്റ് ചെയ്യുകയും, വകുപ്പിലെ ജോയിന്റ് ഡയറക്ടർ (വിജിലൻസ്) ന്റെ നേതൃത്വത്തിലുള്ള ഒരു ടീം ടി വിഷയത്തിന്മേൽ വിശദമായ അന്വേഷണം നടത്തിവരികയും ചെയ്യുന്നു. ആയതിനോടൊപ്പം ടി വിഷയത്തിൽ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ടിന്റെ വിതരണം ട്രഷറി മുഖേനയാണോ നടക്കുന്നത്; എങ്കിൽ ഫണ്ട് വിതരണത്തിൽ തിരിമറി നടക്കാൻ കാരണമായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവാഹ ധനസഹായം, പഠനമുറി ധനസഹായം, ഭവന നിർമ്മാണ ധനസഹായം എന്നിവയുമായി ബന്ധപ്പെട്ട ഫണ്ടിന്റെ വിതരണം ട്രഷറി മുഖേനയാണ് നടന്നു വരുന്നത്. BIMS Software മുഖേന വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന അവസരത്തിൽ ടി ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പറിന് പകരം മറ്റ് അക്കൗണ്ടുകളിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്.

(സി) ഇത്തരത്തിൽ തട്ടിയെടുത്ത പണം ഏതെങ്കിലും ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനയിലെ നേതാക്കളുടെ ബന്ധുക്കളുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിന്റെ വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(ഡി) ഇപ്രകാരം പട്ടികജാതി ക്ഷേമ ഫണ്ടിൽ തിരിമറി നടത്തി പാർശ്വവൽകൃത ജനസമൂഹത്തിന്റെ സാമൂഹ്യ പുരോഗതിയെ അട്ടിമറിക്കാൻ ശ്രമിക്കുന്നതായ നടപടികൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളായ പഠനമുറി നിർമ്മാണം, ഭവന നിർമ്മാണ ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങിയ ഓൺലൈൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളിൽ സാമ്പത്തിക ക്രമക്കേട് തടയുന്നതിനാവശ്യമായ മാറ്റങ്ങൾ ബന്ധപ്പെട്ട സൈറ്റുകളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യക്ഷേമം**

61 (367) ശ്രീ. എം. എം. മണി:
ശ്രീ. പി. വി. അൻവർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യക്ഷേമത്തിനായി ക്ഷേമ പരിപാടികളോടൊപ്പം സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കും ആധുനിക തൊഴിൽ മേഖലയിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സർക്കാർ വിഭാവന ചെയ്യുന്ന വിജ്ഞാന സമ്പദ് വ്യവസ്ഥയിലും ഡിജിറ്റൽ ഇക്കോണമിയിലും ഇവർക്ക് അർഹമായ അവസരം ഉറപ്പാക്കുന്നതിന് നൈപുണ്യശേഷിയും കർമ്മശേഷിയും ഉറപ്പ് വരുത്തുന്നതിനുള്ള മാർഗ്ഗം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(സി) ഇവരുടെ സംരംഭകത്വശേഷി വികസനത്തിനുള്ള പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

പട്ടികവർഗ്ഗ യുവതീയുവാക്കളിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി അവർക്ക് പ്രത്യേക നൈപുണ്യ പരിശീലനം നൽകിയാണ് അവരുടെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. പ്രധാനമായും ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുവാനുള്ള പ്രചോദനമാണ് വകുപ്പ് നൽകി വരുന്നത്. ഗോത്രജീവിക എന്ന പേരിൽ കെട്ടിടനിർമ്മാണത്തിൽ പരിശീലനം നേടിയവരെ ഉൾപ്പെടുത്തി ചെറു നിർമ്മാണ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 53 സംഘങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ സംഘങ്ങളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം.

ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് പൂർത്തിയാക്കിയവരെ ചേർത്ത് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിൽ റസ്റ്റോറന്റുകൾ ആരംഭിക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. ആട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ പരിശീലനം നേടിയവരെ ചേർത്ത് ഇപ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതി പരിഗണനയിലാണ്.

## പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനം

62 (368) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സുതാര്യമാക്കുന്നതിനും വേണ്ട പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനമായ DDFS (Digital Document Filing System ) നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ അവലോകനം ചെയ്യുന്നതിനും പ്രസ്തുത പദ്ധതികളുടെ ഗുണം ആദിവാസി വിഭാഗത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഇവർ ജില്ലാ തലത്തിൽ നടത്തുന്ന പദ്ധതികൾ യഥാസമയം പരിശോധിച്ച് പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരുടെ അദ്ധ്യക്ഷതയിലും യഥാവിധി പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ

ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ സംവിധാനം നിലവിലുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലെ വീഴ്ചകളും അഴിമതികളും അന്വേഷിക്കാൻ ഒരു സ്വതന്ത്ര അന്വേഷണ സംവിധാനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കേന്ദ്രാവിഷ്കൃത പദ്ധതി**

63 (369) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പിന് നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക ചെലവഴിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഈ പോരായ്മ പരിഹരിക്കുവാനും ഫണ്ട് ലാപ്സാകാതിരിക്കാനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി സംബന്ധിച്ച് സിവിൽ കേസ് നിലവിലുള്ളതിനാലും സൈറ്റ് മാറ്റുന്നതിനായി കേന്ദ്ര സർക്കാർ അനുമതി ലഭിക്കുവാൻ വൈകിയതിനാലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഭരണാനുമതി നൽകിയ പ്രവൃത്തികൾക്കെല്ലാം വർക്ക് ഓർഡർ നൽകുകയും ഏജൻസികൾ പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനായി നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈയിനത്തിൽ ലഭിച്ച ഫണ്ട് ലാപ്സാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

**പെസ നിയമം**

64 (370) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെസ നിയമം നടപ്പാക്കുന്നതിനായി വിജ്ഞാപനം ചെയ്യേണ്ട പട്ടികവർഗ്ഗ പ്രദേശങ്ങൾ തെരഞ്ഞെടുക്കുവാൻ നിയോഗിച്ച ഹയർ ലെവൽ കമ്മിറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനം വ്യക്തമാക്കുമോ?

ഹയർ ലെവൽ കമ്മിറ്റി യോഗത്തിലെ തീരുമാനപ്രകാരം സംസ്ഥാനത്ത് പെസ നിയമം (PESA Act) നടപ്പിലാക്കുന്ന വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രസ്തുത അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ആലപ്പുഴ നിയോജക മണ്ഡലത്തിലെ പദ്ധതികൾ**

65 (371) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് ആലപ്പുഴ നിയോജകമണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം - വരകാടി കോളനി (ആര്യാട് ബ്ലോക്ക്, മണ്ണഞ്ചേരി പഞ്ചായത്ത്) നടപ്പിലാക്കുന്ന ഒരു പദ്ധതി മാത്രമേ നിലവിലുള്ളൂ. ടി പദ്ധതി പ്രകാരം വരകാടി കോളനിയിൽ 25 വീടുകളുടെ നവീകരണം, കോൺക്രീറ്റ് റോഡ്, 37 വീടുകൾക്കുള്ള സോളാർ ലൈറ്റ് സംവിധാനം എന്നിവ

പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 10 വീടുകളുടെ നവീകരണവും 19 വീടുകൾക്കുള്ള സോളാർ ലൈറ്റും, റോഡ് നിർമ്മാണത്തിൽ കാനയുടെ ഉയരം കൂട്ടി കോൺക്രീറ്റ് ചെയ്ത് പൂർത്തിയാക്കൽ എന്നീ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

1) പി.കെ. കാളൻ പദ്ധതി: പി.കെ. കാളൻ പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 70 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനപുനരുദ്ധാരണ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 18 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പുതിയ ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. (അനുബന്ധമായി പുരോഗതി ഉള്ളടക്കം ചെയ്യുന്നു)*

2) കോർപ്പസ് ഫണ്ട് : പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തികവർഷം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ പുതുക്കുളങ്ങര പട്ടികവർഗ്ഗ കോളനിയിലെ 8 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമി കല്ലുകെട്ടി സംരക്ഷിക്കുന്നതിനായി 5,50,000/-രൂപ (അഞ്ചുലക്ഷത്തി അമ്പതിനായിരം

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ മാത്രം) മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

3) റ്റി.ആർ.ഡി.എം ഭവനനിർമ്മാണം: പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം 25 സെൻറ് ഭൂമി വാങ്ങി നൽകിയ 2 പട്ടികവർഗ്ഗക്കാർക്ക് 6,00,000/- രൂപ വീതം ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. (പുരോഗതി വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു)*.

## മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

66 (372) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

## തൃശ്ശൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ

67(373) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ?

2 പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലുണ്ട്.

## ആദിവാസി പുനരധിവാസം

68(374) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം ആദിവാസി പുനരധിവാസ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; ഓരോ പുനരധിവാസ മേഖലയിലും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസനത്തിന് നീക്കിവച്ച തുക എത്രയാണ്; അതിൽ എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷം ഭൂരഹിതരായ 5011 പേർക്ക് വിവിധ പദ്ധതികളിലായി 4146.53 ഏക്കർ ഭൂമി വിതരണം ചെയ്തു. കൂടാതെ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഓരോ പുനരധിവാസ മേഖലയുടെ വികസനത്തിനായി ഒരു നിശ്ചിത തുക നീക്കിവയ്ക്കാറില്ല. പുനരധിവാസ മേഖലകളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന തുക അനുവദിക്കുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെക്കുറിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വേണ്ടി കിർത്താഡ്സിന് സർക്കാർ എത്ര തുക നൽകി; എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; ഏതെല്ലാം റിപ്പോർട്ടുകളാണ് സമർപ്പിച്ചത്;

ആദിവാസി പുനരധിവാസ വികസന മിഷൻ പുനരധിവാസ മേഖലകളെക്കുറിച്ച് പഠനം നടത്തുന്നതിനായി കിർത്താഡ്സിന് 12,35,000/- രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി, വയനാട്,

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് എന്നീ ജില്ലകളിലെ പുനരധിവാസ മേഖലകളെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഗോത്രഭാഷാ പഠനകേന്ദ്രം സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി 15 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും കിർത്താഡ്സിന് നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് ആറളം ഫാമിലും ആറളം ഫാമിങ് കോർപ്പറേഷനിലും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് ആറളം ഫാമിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് ആറളം ഫാമിംഗ് കോർപ്പറേഷനിൽ നടപ്പിലാക്കിയ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആറളം ഫാമിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് കേരള ക്ഷീരസർവ്വകലാശാലയിലെ എക്സ്പേർട്ട് കമ്മിറ്റി പട്ടികവർഗ്ഗ വികസന വകുപ്പിൽ സമർപ്പിച്ച 1456.375 ലക്ഷം രൂപയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 10 കോടി രൂപ വകയിരുത്തുകയും ആറളം ഫാമിന്റെ നവീകരണത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള)

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലിമിറ്റഡിന് 3 കോടി രൂപ അനുവദിച്ചുത്തരവാകുകയും അതിൻ പ്രകാരമുള്ള ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട നവീകരണ പ്രവൃത്തികളിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ

69 (375) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിക്കുമ്പോൾ സർക്കാർ മുന്നോട്ട് വച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ചും അഞ്ചേക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വോന്മുഖമായ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി പുനരധിവാസ വികസന മിഷൻ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് മേഖലയും വർഷവും തിരിച്ച് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭൂരഹിതരായ 5011 പേർക്ക് വനാവകാശ നിയമം, ഭൂമി വിലക്ക് വാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി 4146.53 ഏക്കർ ഭൂമി വിതരണം ചെയ്തു. കൂടാതെ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ചെലവഴിച്ച തുക എത്രയെന്ന് വർഷം തിരിച്ചും ഏതെല്ലാം ക്ഷേമ പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഓരോ പുനരധിവാസ മേഖലയിലും വികസനത്തിന് തുക ചെലവഴിച്ചതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു*.

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി**

70(376) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. വിവിധ ഫാമുകളുടെ കൈവശമുള്ള ഭൂമി, നിക്ഷിപ്ത വനഭൂമി

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികൾ**

71 (377) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ?

പട്ടികജാതി വികസന വകുപ്പുമായും പട്ടികവർഗ്ഗ വികസന വകുപ്പുമായും ബന്ധപ്പെട്ട വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായും പട്ടികവർഗ്ഗ വികസന വകുപ്പുമായും ബന്ധപ്പെട്ട വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങൾ

72 (378) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ അദ്ധ്യയന വർഷം പ്രവേശന നടപടികൾ സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ ഓൺലൈനായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആരംഭിക്കാൻ കഴിഞ്ഞു. കോവിഡിന്റെ പശ്ചാത്തലത്തിൽ എല്ലാ ഐ.ടി.ഐ.-കളിലെയും പരിശീലനാർത്ഥികൾക്ക് ഓൺലൈനായും അല്ലാതെയും പരമാവധി ദിവസങ്ങളിൽ പരിശീലനം നല്കിയിട്ടുണ്ട്. ഓൺലൈനായി പരിശീലനം നല്കുന്ന വിഷയം വകുപ്പിലെ മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ മോണിറ്റർ ചെയ്തു വരുന്നു. റെഗുലർ പരിശീലനം നല്കിയ ദിവസങ്ങളിൽ ഉച്ചഭക്ഷണം, പോഷകാഹാരം എന്നിവ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ എല്ലാ മാസങ്ങളിലും പ്രതിമാസ സ്റ്റൈപ്പന്റും നല്കുന്നു. ഭൗതിക സാഹചര്യങ്ങൾ പരിമിതമായ ഐ.ടി.ഐ.-കളിൽ പുതിയ കെട്ടിടം നിർമ്മിച്ചും അറ്റകുറ്റപ്പണികൾ നടത്തിയും പഠന സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. പരിശീലനാർത്ഥികളുടെ പ്രായോഗിക പരിശീലനത്തിനും റെഗുലർ പരിശീലനത്തിനുമുള്ള പഠനോപകരണങ്ങളും ആവശ്യാനുസരണം സംഭരിക്കുന്നുണ്ട്. ഇപ്രകാരം വ്യാവസായിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലനാർത്ഥികൾക്ക് പരിശീലനം നല്കുന്നതിന് പ്രത്യേക പരിഗണന നല്കിവരുന്നു. നിലവിലെ കോവിഡിന്റെ പശ്ചാത്തലത്തിൽ അവസാന വർഷത്തെ വിജയശതമാനം, പ്ലേസ്മെന്റ് എന്നിവ വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വ്യവസായ പരിശീലനത്തിനായി കേന്ദ്രസഹായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.ടി.ഐ-കളുടെ നിലവാരമുയർത്തുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച Up gradation of Government ITIS through Public Private Partnership (PPP) എന്ന പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ മര്യാപുരം ഐ.ടി.ഐ., പത്തനംതിട്ട ജില്ലയിലെ പന്തളം ഐ.ടി.ഐ., പാലക്കാട് ജില്ലയിലെ മംഗലം ഐ.ടി.ഐ., കോഴിക്കോട് ജില്ലയിലെ ഏലത്തൂർ ഐ.ടി.ഐ. എന്നിവയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഐ.ടി.ഐ.-കളിൽ മംഗലം, ഏലത്തൂർ എന്നീ ഐ.ടി.ഐ-കൾ 2010-11 കാലഘട്ടത്തിലും മര്യാപുരം, പന്തളം എന്നീ ഐ.ടി.ഐ-കൾ 2011-12 കാലഘട്ടത്തിലുമാണ് പദ്ധതിയിലുൾപ്പെടുത്തിയത്. പദ്ധതിയുടെ ഭാഗമായി 2.5 കോടി രൂപ വീതം ഓരോ ഐ.ടി.ഐ.-കൾക്കും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഓരോ ഐ.ടി.ഐ.-കളിലും Institute Management Committee രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി Institute Development Plan തയ്യാറാക്കുകയും പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. നിലവിലുള്ള

ട്രേഡുകളുടെ ആവശ്യത്തിനും പുതുതായി ആരംഭിച്ച ട്രേഡുകളുടെ ആവശ്യത്തിനും പദ്ധതി പ്രകാരം ലഭിച്ച കേന്ദ്ര ഫണ്ട് ഉപയോഗിക്കാവുന്നതാണ്. പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള കോഴ്സുകൾക്ക് പുറമേ മര്യാപുരം ഐ.ടി.ഐ.-യിൽ സർവ്വേയർ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), പന്തളം ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), മംഗലം ഐ.ടി.ഐ.-യിൽ സർവ്വേയർ, ഏലത്തൂർ ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ ട്രേഡുകളും ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വ്യവസായ പരിശീലനത്തിനായി കേന്ദ്ര സഹായ പദ്ധതികൾ നിലവിലില്ല.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലികരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗങ്ങൾക്കായുള്ള വ്യാവസായിക പരിശീലനം കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നത് ലക്ഷ്യം വച്ചുകൊണ്ട് ഭൂരിഭാഗം ഐ.ടി.ഐ.-കളിലും കെട്ടിട സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏകവത്സര ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐ.ടി.ഐ.-കളിൽ നിലവിലുള്ള ട്രേഡിന്റെ അധിക ബാച്ച് ആരംഭിക്കുന്നതിനും പുതിയ

കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ള ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഇടുക്കി ഐ.റ്റി.ഡി.പി-യുടെ അധികാര പരിധിയിലുള്ള നാട്ടുകാണി ഐ.ടി.ഐ.-യിൽ 3.84 കോടി രൂപ മുടക്കി പുതിയ അക്കാഡമിക് ബ്ലോക്കിന്റെയും 3.31 കോടി രൂപ മുടക്കി 100 പേർക്ക് താമസ സൗകര്യമുള്ള പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെയും നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തിച്ചുവരുന്ന ഇലക്ട്രീഷ്യൻ, പ്ലംബർ ട്രേഡുകൾക്കു പുറമേ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (COPA), സോളാർ ടെക്നീഷ്യൻ, ഇലക്ട്രിക്കൽ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ) എന്നീ കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

(ഡി) പുതിയ കാലത്തിന്റെ തൊഴിലവസരങ്ങളും വ്യവസായ സാധ്യതകളും കണക്കിലെടുത്ത് ഈ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന പരിപാടികൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിൽ പുതിയ കാലത്തിന്റെ തൊഴിലവസരങ്ങളും വ്യവസായ സാധ്യതകളും ലക്ഷ്യം വച്ചുകൊണ്ട് നിലവിൽ ഏകവത്സര ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐ.ടി.ഐ.-കളിൽ പ്രസ്തുത ട്രേഡിന്റെ അധിക ബാച്ച് ആരംഭിക്കുന്നതിനും പുതിയ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ള ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രങ്ങൾക്ക് പുറമേ പുതിയ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് നൈപുണ്യ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി ASAP (Additional Skill Acquisition Programme),KASE (Kerala Academy for Skills Excellence), DDUGKY (Deen Dayal Upadhaya Grameen Kaushalya Yojana) എന്നിവയുമായി ചേർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി തയ്യാറാക്കി വരുന്നു.

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

73 (379) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ നടന്ന ശിശുമരണങ്ങൾ സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന ശിശുമരണങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മുൻ വർഷങ്ങളേക്കാൾ കൂടുതൽ ശിശുമരണം അട്ടപ്പാടിയിൽ സംഭവിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

മുൻ വർഷത്തേക്കാൾ കൂടുതൽ ശിശുമരണം അട്ടപ്പാടിയിൽ സംഭവിച്ചിട്ടില്ല. 2020-ൽ ട്രൈബൽ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് 21.50% ആയിരുന്നു. നിലവിൽ 2021 ജൂൺ വരെ 7.63% ആണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പട്ടികജാതിക്ഷേമ വകുപ്പിന്റെ പദ്ധതികൾ

74 (380) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന മങ്കട നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ അംബേദ്ക്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നുണ്ട്. കളത്തിൽ ചാളക്കൽ, ചൊവ്വണ, അമ്പലപ്പറമ്പ് കോളനികളിൽ പ്രവൃത്തി നടന്നുവരുന്നുണ്ട്. പദ്ധതിയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ?

വിവാഹധനസഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, ഭൂരഹിത പുനരധിവാസ പദ്ധതി, ഭവനപൂർത്തീകരണ പദ്ധതി, ആരോഗ്യ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സുരക്ഷാപദ്ധതി, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം, ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി, വിജ്ഞാൻവാടി, വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക ധനസഹായം, വാത്സല്യനിധി, സ്വയംതൊഴിൽ, വക്കീലൻമാർക്ക് ധനസഹായം, അപ്രന്റിസ്ഷിപ്പ്/അഡീഷണൽ അപ്രന്റിസ്ഷിപ്പ്, ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പ്രത്യേക പ്രോത്സാഹന സമ്മാനം, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നീ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് വർഷം തോറും നടപ്പിലാക്കി വരുന്നു.

## വാത്സല്യനിധി പദ്ധതി

75(381) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പെൺകുട്ടികൾക്കായി നടപ്പാക്കിയ വാത്സല്യനിധി പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിൽ ഉള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 01-04-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക | പ്രീമിയം |
|---|---|---|
| 1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം<br>2) ആദ്യ 90 ദിവസത്തിനു ള്ളിൽ നവജാത ശിശുവിന് വേണ്ട | 39,000/- | I |

| | | |
|---|---|---|
| പ്രതിരോധ വേണ്ട കുത്തിവയ്പുകൾ എടുത്തിരിക്കണം | | |
| 1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം<br>2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം.<br>കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 36,000/- | II |
| അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം | 33,000/- | III |
| പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. | 30,000/- | IV |

(ബി) ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാനുള്ള പ്രായപരിധി രണ്ട് വയസ്സായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

പ്രായപരിധി രണ്ട് വയസ്സായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പഠനമുറി നിർമിച്ചുനൽകുന്ന പദ്ധതി

76 (382) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച നിലവിലെ പദ്ധതികൾ ഏതൊക്കെ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായും പട്ടികവർഗ്ഗ വികസന വകുപ്പുമായും ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമിച്ചു നൽകുന്ന പദ്ധതി പ്രകാരം എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

92 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്നു വ്യക്തമാക്കാമോ;

1,84,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും, ചെലവഴിച്ച തുകയും എത്രയെന്നു വ്യക്തമാക്കാമോ?

92 പഠനമുറികൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയതിൽ 53 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 39

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഠനമുറികളുടെ നിർമ്മാണം വിവിധഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഇതിനായി 1,53,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## പട്ടികജാതി /വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

77 (383) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം പട്ടികജാതി/വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

ഗുരുവായൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പട്ടികജാതി/വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പട്ടികജാതി വിഭാഗക്കാർക്ക് 1,46,06,500/-രൂപ (ഒരു കോടി നാല്പത്തിയാറ് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) ഗുരുവായൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര അപേക്ഷകൾ നിലവിൽ പെൻഡിംഗ് ഉണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽ 36 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

**കുറ്റ്യാടി മണ്ഡലത്തിലെ പദ്ധതികൾ**

78 (384) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അംബേദ്ക്കർ ഗ്രാമം പദ്ധതി 2019-20 ൽ ഉൾപ്പെടുത്തി കുറ്റ്യാടി നിയോജക മണ്ഡലം മണിയൂർ ഐ.എച്ച്.ഡി.പി കോളനിയെ തെരഞ്ഞെടുത്തു. പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂരഹിത പുനരധിവാസ പദ്ധതി, പഠനമുറി നിർമ്മാണം, ഭവനപൂർത്തീകരണം എന്നീ പദ്ധതികൾക്ക് 2020-21 വർഷം ഭരണാനുമതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കുറ്റ്യാടി മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) പദ്ധതികൾക്ക് അനുവദിച്ച തുക ഉൾപ്പെടെ വ്യക്തമാക്കാമോ?

1. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 11 പേർക്ക് ധനസഹായം അനുവദിച്ചു. ഈ ഇനത്തിൽ 41,25,000/- രൂപ ചെലവഴിച്ചു. 2. പഠനമുറി പദ്ധതി പ്രകാരം 33 പേർക്ക് ധനസഹായം അനുവദിച്ചു. ഈ ഇനത്തിൽ 43,90,000/- രൂപ ചെലവഴിച്ചു. 3. ഭവന പൂർത്തീകരണം പദ്ധതി പ്രകാരം 31 പേർക്ക് ധനസഹായം അനുവദിച്ചു. ഈ ഇനത്തിൽ 21,75,000/- രൂപ ചെലവഴിച്ചു. 4. അംബേദ്ക്കർ ഗ്രാമം പദ്ധതിക്ക് 2020-21 വർഷം അടങ്കൽ തുകയുടെ (50 ലക്ഷം) 20% തുകയായ 10,00,000/- രൂപ മണിയൂർ ഐ.എച്ച്.ഡി.പി. കോളനിയുടെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

## സാമൂഹ്യ പഠനമുറി പദ്ധതി

79 (385) <u>ശ്രീ. ഐ. സി.ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ പഠനമുറി പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്താണ്; 2019-20, 2020-21 വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ എത്ര സാമൂഹ്യ പഠനമുറികൾ സ്ഥാപിച്ചു; ഇവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യോഗ്യരായവരെ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്നതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന കാര്യത്തിലുള്ള പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കി ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ ഒരുക്കി വിദ്യാർത്ഥികളെ പഠനത്തിൽ മുഖ്യധാരയിൽ എത്തിക്കുക, വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുക, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകി അവരെ പഠനത്തിൽ മുന്നിൽ എത്തിക്കുക എന്നിവയാണ് സാമൂഹ്യ പഠനമുറി പദ്ധതിയിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. വിവിധ ജില്ലകളിലായി 2019-20, 2020-21 വർഷങ്ങളിലായി ആകെ 250 സാമൂഹ്യ പഠനമുറികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പുതുതായി 125 സാമൂഹ്യ പഠനമുറികൾ കൂടി സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പട്ടികജാതി ക്ഷേമവകുപ്പ് മലമ്പുഴയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

80(386) <u>ശ്രീ. എ. പ്രഭാകരൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ആദിവാസി പുനരധിവാസ മിഷൻ

81(387) <u>ശ്രീമതി കെ. കെ. രമ:</u> താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി പുനരധിവാസ മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭൂരഹിതരായ 5011 പേർക്ക് വനാവകാശ നിയമം, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി 4146.53 ഏക്കർ ഭൂമി വിതരണം ചെയ്തു. കൂടാതെ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഓരോ പുനരധിവാസ മേഖലയുടെയും വികസനത്തിനായി നീക്കിവച്ച തുക എത്രയാണ്; അതിൽ എത്ര രൂപ വീതം ചെലവഴിച്ചു; വിശദമാക്കുമോ;

പ്രസ്തുത പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഓരോ പുനരധിവാസ മേഖലയുടെ വികസനത്തിനായി ഒരു നിശ്ചിത തുക നീക്കിവെക്കാറില്ല. പുനരധിവാസ മേഖലകളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന തുക അനുവദിക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുനരധിവാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെക്കുറിച്ച് ഏതൊക്കെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാണ് കിർത്താഡ്സിന് സർക്കാർ തുക അനുവദിച്ചത്; ഇവയിൽ ഏതൊക്കെ റിപ്പോർട്ടുകളാണ് ഇതിനോടകം സമർപ്പിക്കപ്പെട്ടിട്ടുള്ളത് ?

ആദിവാസി പുനരധിവാസ വികസന മിഷൻ പുനരധിവാസ മേഖലകളെക്കുറിച്ച് പഠനം നടത്തുന്നതിനായി കിർത്താഡ്സിന് 12,35,000/- രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് എന്നീ ജില്ലകളിലെ പുനരധിവാസ മേഖലകളെ കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഗോത്രഭാഷാ പഠനകേന്ദ്രം സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനായി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**റാന്നിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ**

82 (388) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കായി 2016 ജൂണ്‍ 30 മുതല്‍ 2021 ജൂണ്‍ 30 വരെ വിവിധ പദ്ധതികള്‍ക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങള്‍ പദ്ധതി തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ?

(ബി) പ്രസ്തുത കാലയളവില്‍ പട്ടികവര്‍ഗ്ഗക്കാര്‍ക്കും ആദിവാസി ജനതയ്ക്കുമായി നടപ്പിലാക്കിയ നിര്‍മ്മാണ പ്രവര്‍ത്തനങ്ങളുടെ വിശദാംശങ്ങള്‍ നിലവിലെ സ്ഥിതി സഹിതം ലഭ്യമാക്കാമോ?

(സി) ഈ കാലയളവില്‍ റാന്നി നിയോജകമണ്ഡലത്തിലെ പട്ടികവര്‍ഗ്ഗ/ആദിവാസി വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങള്‍ പട്ടികയായി ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ച് നല്‍കുന്നതാണ്.

## പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗം

83 (389) ശ്രീ. എ. പി. അനില്‍ കുമാര്‍:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആര്‍. മഹേഷ്:

<u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നൽകുന്ന പട്ടികജാതി ക്ഷേമ ഫണ്ട് സംസ്ഥാനത്ത് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ളതും ജീവനോപാധിക്ക് ഉതകുന്നതും വരുമാനദായകവുമായ പദ്ധതികൾ ഉൾക്കൊള്ളിച്ച് പൂർണ്ണമായും കേന്ദ്ര ഫണ്ടുപയോഗിച്ച് എസ്.സി.എ. റ്റു എസ്.സി.എസ്.പി പദ്ധതി നടപ്പിലാക്കി വരുന്നു. ജില്ലാതല കമ്മിറ്റി അംഗീകാരം നൽകുന്ന പ്രൊപ്പോസലുകളാണ് ഇതിനായി പരിഗണിക്കുന്നത്. അതിക്രമ നിരോധന നിയമപ്രകാരമുള്ള ധനസഹായം മിശ്രവിവാഹ ധനസഹായം എന്നീ പദ്ധതികൾ 50% കേന്ദ്ര വിഹിതത്തോടെ നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ Single Nodal Agency വഴി നടപ്പാക്കുന്നതിനും കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ Single Nodal Account വഴി വിനിയോഗിക്കുന്നതിനും കേന്ദ്ര സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 50%ലധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന റവന്യൂ വില്ലേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും

സർവ്വേയ്ക്കുമായി പ്രധാനമന്ത്രി ആദർശ ഗ്രാമ യോജന എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ആരോഗ്യ ഹാനിക്കിടയാകുന്ന ശുചീകരണ തൊഴിലുകളിൽ ഏർപ്പെടുന്നവരുടെ മക്കൾക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം DBTS വഴി ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കുട്ടികളുടെ അക്കൗണ്ടിൽ തുക നേരിട്ട് അനുവദിക്കുകയാണ് ചെയ്യുന്നത്.

(ബി) പ്രസ്തുത ഫണ്ടുകളുടെ വിനിയോഗത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഫണ്ട് വിതരണം ചെയ്യുന്ന രീതി എന്താണെന്നും അറിയിക്കുമോ?

എസ്.സി.എ. റ്റു എസ്.സി.എസ്.പി പദ്ധതി പ്രകാരം ജില്ലാതല കമ്മിറ്റികൾ അംഗീകരിക്കുന്ന പ്രൊപ്പോസലുകൾക്ക് പദ്ധതി നടത്തിപ്പിലേക്കായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് തുക അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. മറ്റുള്ള പദ്ധതികൾ എല്ലാം തന്നെ ഡയറക്ടറേറ്റ് തലത്തിൽ തന്നെയാണ് നടപ്പിലാക്കി വരുന്നത്.

(സി) എസ്.സി. പ്രമോട്ടർമാരെ സ്വാധീനിച്ച് ഒരു വിഭാഗം രാഷ്ട്രീയ നേതാക്കൾ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിയെടുക്കുന്നതായുള്ള റിപ്പോർട്ടുകളുടെ നിജസ്ഥിതി അറിയിക്കുമോ?

തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ നടപ്പിലാക്കി വരുന്ന പഠനമുറി ധനസഹായം, വിവാഹ ധനസഹായം എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് ടി ഓഫീസിലെ എസ്.സി. പ്രമോട്ടർ ആയിരുന്ന ശ്രീമതി സംഗീത ജി.വി സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ളതായി തിരുവനന്തപുരം ജില്ല പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തുടർ പരിശോധനയിൽ, ടി ഓഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. രാഹുൽ യു.ആർ ആണ് ടി സാമ്പത്തിക ക്രമക്കേടിൽ പ്രധാന പങ്ക് വഹിച്ചിരുന്നതെന്നും വകുപ്പിന്റെ വിവിധ പദ്ധതികൾക്കായുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാതെ, ടിയാൻ വ്യാജ രേഖകൾ ചമച്ച്, ടിയാന്റെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് സർക്കാർ പണം അപഹരിക്കുകയാണുണ്ടായതെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. BIMS Software മുഖേന വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്ന അവസരത്തിൽ ടി ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പറിനു പകരം ടിയാന്റെ (ശ്രീ. രാഹുൽ യു.ആർ.) സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും

അക്കൗണ്ട് നമ്പർ നൽകി പണം തട്ടിയെടുക്കുന്നതാണ് ടിയാൻ അവലംബിച്ചിരുന്ന രീതിയെന്നും പ്രാഥമിക വകുപ്പ് തല അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംഭവത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

പ്രസ്തുത വിഷയത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനായി കണ്ടെത്തിയ ടി ഓഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. രാഹുൽ യു.ആർ.-നെ 07-04-2021-ൽ വകുപ്പ് ഡയറക്ടറുടെ എസ്റ്റാ. എ 4-6333/2021 നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്ത് ഉത്തരവാകുകയും ടി ഓഫീസിലെ എസ്.സി. പ്രൊമോർട്ടർമാർ ആയിരുന്ന ശ്രീമതി. സംഗീത ജി. വി, ശ്രീ. വിശാഖ് സുധാകരൻ എന്നിവരെ എസ്.സി പ്രമോട്ടർമാരുടെ സേവനത്തിൽ നിന്നും പിരിച്ച് വിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടിയാൻ പണം നിക്ഷേപിച്ച അക്കൗണ്ട് നമ്പറിനുടമയായ കൊല്ലം ജില്ല പട്ടികജാതി വികസന ഓഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി. പൂർണ്ണിമ ബി. പി.-യുടെ ഭാഗത്ത് നിന്നും ടി വിഷയത്തിൽ ഗുരുതരമായ വീഴ്ചയുണ്ടായതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാളെ 09-04-2021-ൽ വകുപ്പ് ഡയറക്ടറുടെ എസ്റ്റാ. എ 4- 6333/21 നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ

വിധേയമായി സസ്പെന്റ് ചെയ്തു ഉത്തരവായിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട വകുപ്പ് ഉന്നത തല അന്വേഷണ സംഘത്തിന്റെ തുടരന്വേഷണത്തിൽ തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന പട്ടികജാതി വിഭാഗക്കാർക്കുള്ള വിവിധ സാമ്പത്തിക വിതരണ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നതിൽ ടി ഓഫീസിലെ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് - I ഉദ്യോഗസ്ഥരായ ശ്രീ. പ്രജിത്ത് ലാൽ.എസ്, ശ്രീ. മനോജ്.എസ്.ആർ എന്നിവരുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിരുന്നു. തുടർന്ന് ടിയാളുകളെ 19-04-2021-ൽ വകുപ്പ് ഡയറക്ടറുടെ എസ്റ്റാ. എ 4-6333/21 നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയതിനോടൊപ്പം ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ തിരവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് വിശദമായ പരിശോധന വകുപ്പ് ഓഡിറ്റ് വിഭാഗം മുഖേന നടത്തി വരുന്നു. മേൽ നടപടികൾ കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് സീനിയർ ക്ലാർക്ക് ശ്രീ. രാഹുൽ യു.ആർ, സീനിയർ ക്ലാർക്ക് ശ്രീമതി

പൂർണ്ണിമ ബി.പി., എസ്.സി പ്രൊമോട്ടർമാരായിരുന്ന ശ്രീമതി സംഗീത ജി.വി, ശ്രീ. വിശാഖ് സുധാകരൻ എന്നിവർക്കെതിരെ പോലീസിൽ പരാതി നൽകുകയും പോലീസ് ടി വ്യക്തികൾ ഉൾപ്പെടെ ടി വിഷയവുമായി ബന്ധപ്പെട്ട ആളുകൾക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുകയും ചെയ്യുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി ക്ഷേമത്തിനായുള്ള കേന്ദ്ര ഫണ്ട്**

84 (390) ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമത്തിനായുള്ള കേന്ദ്ര ഫണ്ട് വിനിയോഗത്തിൽ തിരിമറി നടത്തി ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജനവിഭാഗം നേതാവിന്റെ മാതാപിതാക്കളുടെ അക്കൗണ്ടിലേക്ക് ട്രഷറി വഴി പണം മാറ്റിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

പട്ടികജാതി ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ തിരിമറി നടത്തിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (എന്നാൽ ഇത് കേന്ദ്രഫണ്ടല്ല) അതുമായി ബന്ധപ്പെട്ട പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ടി ഓഫീസിലെ എസ്.സി പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ട് പേരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ വിശദമായ വകുപ്പുതല ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നു. കൂടാതെ ഈ വിഷയത്തിൽ സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ ഈ തട്ടിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ തിരിമറി നടത്തിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (എന്നാൽ ഇത് കേന്ദ്രഫണ്ടല്ല) അതുമായി ബന്ധപ്പെട്ട പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന്

കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ടി ഓഫീസിലെ എസ്.സി പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ട് പേരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ വിശദമായ വകുപ്പ്തല ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നു. കൂടാതെ ഈ വിഷയത്തിൽ സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പട്ടികജാതി ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ തിരിമറി നടത്തിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (എന്നാൽ ഇത് കേന്ദ്രഫണ്ടല്ല.) അതുമായി ബന്ധപ്പെട്ട പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ടി ഓഫീസിലെ എസ്.സി പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ട് പേരെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ

പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ വിശദമായ വകുപ്പുതല ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നു. കൂടാതെ ഈ വിഷയത്തിൽ സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട പണം തട്ടിയെടുക്കുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിയ്ക്കുന്നതിനും അർഹതപ്പെട്ടവരിലേക്ക് സഹായങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളിൽ ഭാവിയിൽ സാമ്പത്തിക ക്രമക്കേട് ഉണ്ടാകാതിരിക്കുന്നതിനും അർഹതപ്പെട്ട ഗുണഭോക്താക്കളിലേയ്ക്ക് ആനുകൂല്യം ലഭിക്കുന്നതിനും വേണ്ട മാറ്റങ്ങൾ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു.

## പട്ടികജാതി വികസന വകുപ്പിൽ മലപ്പുറം ജില്ലയിലെ ഒഴിവുകൾ

85(391) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ മലപ്പുറം ജില്ലയിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിലവിലുള്ള ഒഴിവുകൾ എത്രയാണ്; അത് നികത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

പ്രസ്തുത തസ്തികയിൽ നിലവിൽ 3 ഒഴിവുകളുണ്ട്. നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പല ഓഫീസുകളിലും വികസന പദ്ധതികൾ നിർവ്വഹണം നടത്തുന്നതിന് ഉദ്യോഗസ്ഥർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) മലപ്പുറം നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ?

പരിശോധിക്കുന്നതാണ്.

## വാത്സല്യനിധി പദ്ധതി

86 (392) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ട പെൺക്കുട്ടികൾക്കായി നടപ്പിലാക്കിയിരുന്ന വാത്സല്യനിധി പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ടോ; വാത്സല്യനിധി പദ്ധതിയുടെ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ഗുണഭോക്താക്കളുടെ എണ്ണം പരിമിതിപ്പെടുത്തിയിട്ടില്ല. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ആവശ്യമായ രേഖകൾ സഹിതം

അപേക്ഷിക്കുന്നവരെയെല്ലാം പട്ടികജാതി വിഭാഗത്തിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിൽ ഉള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട കുട്ടിക്ക് നൽകുന്നു.

01-04-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക | പ്രീമിയം |
|---|---|---|
| 1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ | 39,000/- | I |

| | | |
|---|---|---|
| ചെയ്തിരിക്കണം<br>2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ വേണ്ട കുത്തിവയ്പുകൾ എടുത്തിരിക്കണം | | |
| 1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം<br>2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 36,000/- | II |
| അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം | 33,000/- | III |
| പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. | 30,000/- | IV |

5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങളിലെ പെൺകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

01-04-2017 മുതൽ ജനിച്ചതും മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതുമായ പെൺകുട്ടികളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നു.

**ആദിവാസി പുനരധിവാസ മേഖലയിലെ ടൂറിസം പദ്ധതി**

87(393) <u>ശ്രീ വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വരടിമല പുനരധിവാസ മേഖലയിൽ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ ; ഇവിടെ ഫാമിംഗ് സൊസൈറ്റി ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ?

പദ്ധതിയില്ല.. സംഘത്തിന്റെ കീഴിലുള്ള ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി 21-08-2018-ലെ ജി.ഒ(ആർ.ടി)നം.978/2018/പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ആദിവാസികളുടെ പുനരധിവാസത്തിനും കൃഷിക്കും അനുവദിച്ച ഭൂമിയിൽനിന്ന് അവരെ ഒഴിപ്പിച്ച് പ്രസ്തുത ഭൂമി ടൂറിസം പദ്ധതിക്ക് ഉപയോഗിക്കുന്നതിന് എന്തെല്ലാം തടസങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്കാർക്ക് കൃഷിയ്ക്കും പുനരധിവാസത്തിനും അനുവദിച്ച ഭൂമിയിൽ നിന്നും അവരെ ഒഴിപ്പിച്ച് ഭൂമി ടൂറിസം പദ്ധതിയ്ക്ക് അനുവദിക്കുവാൻ തീരുമാനിച്ചിട്ടില്ല/തീരുമാനിക്കില്ല.

(സി) അട്ടപ്പാടിയിൽ വിദ്യാധിരാജ ട്രസ്റ്റ് ആദിവാസി ഭൂമി കൈയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പരാതി ലഭിച്ചിട്ടില്ല.

## പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ സഹായം

88 (394) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ സഹായത്തിനുള്ള അപേക്ഷ ഓൺലൈൻ വഴി മാത്രമാക്കിയത് പുന:പരിശോധിക്കുമോ?

പട്ടികജാതി വികസന വകുപ്പിൽ ബഹു.എം.പി.-മാർ, എം.എൽ.എ.-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ നേരിട്ട് സ്വീകരിക്കുന്ന അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ഓൺലൈൻ വഴിയാക്കിയിട്ടില്ല.. അപേക്ഷകൾ നേരിട്ട് സ്വീകരിച്ച് അതിൽ തുടർ നടപടികൾ സ്വീകരിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് വേണ്ടി അപേക്ഷ സ്വീകരിക്കുന്നത് പോലെ പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിൽ നിന്നും എം.എൽ.എ.-മാർ മുഖേന നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിനായി ബഹു.എം.പി.-മാർ, എം.എൽ.എ.-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ മുഖേന നൽകുന്ന അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി

89 (395) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഭൂരഹിതരായ 14 പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 2 ഏക്കർ 60 സെന്റ് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്നതിന് ജനകീയ കമ്മിറ്റി കൈക്കൊണ്ട തീരുമാനത്തിനെ തുടർന്നുള്ള നടപടി എന്തായി എന്നറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കണ്ടെത്തിയതും ജില്ലാതല സ്ക്രൂട്ടിണി കമ്മിറ്റി അംഗീകരിച്ചതുമായ 2.63 ഏക്കർ ഭൂമിക്ക് 15-02-2021-ൽ ചേർന്ന പർച്ചേസ് കമ്മിറ്റി വില നിർണ്ണയം നടത്തി, SLEC-യുടെ അംഗീകാരത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ജനകീയ കമ്മിറ്റി തീരുമാനം എടുത്തത് എന്നാണ്?

03-02-2020-ൽ.

(സി) ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളതെന്ന് ഫയൽ നമ്പർ സഹിതം അറിയിക്കാമോ?

തിരുവനന്തപുരം കളക്ടറേറ്റിലെ LA സെക്ഷൻ. ഫയൽ നമ്പർ - K17-330212/21.

**ഇരിക്കൂർ നിയോജക മണ്ഡലത്തിലെ**
**പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങൾക്കുള്ള പദ്ധതി**

90(396) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിൽ ഉള്ളവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ശ്രീകണ്ഠപുരം പ്രീമെട്രിക് ഹോസ്റ്റൽ കുടിവെള്ളം- 3,00,000/- രൂപ 2. ശ്രീകണ്ഠപുരം പ്രീമെട്രിക് ഹോസ്റ്റൽ ത്രീഫേസ് കണക്ഷൻ-1,08,000/- രൂപ 3. ശ്രീകണ്ഠപുരം പ്രീമെട്രിക് ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തൽ- 71,400/- രൂപ 4. പെരുങ്കുന്ന് ലക്ഷംവീട് കോളനി റോഡ് റീ ടാറിംഗ് 3,35,000/- രൂപ

5. മൂണ്ടാന്നൂർ വള്ളുവകോളനി റോഡ് ഡ്രൈനേജ് നിർമ്മാണം-9,37,732/- രൂപ 6. ചക്യാറ കോളനി റോഡിന് സംരക്ഷണ ഭിത്തി 23,50,000/- രൂപ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ സാമ്പത്തിക വികസന, സാമൂഹ്യ ക്ഷേമ സാംസ്കാരിക പദ്ധതികൾ ഇരിക്കൂർമണ്ഡലത്തിൽ നടപ്പിലാക്കിവരുന്നു. മണ്ഡല പരിധിയിൽ വകുപ്പിന്റെ ഒരു പ്രീമെട്രിക് ഹോസ്റ്റലും ഒരു നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു. പിന്നാക്കവിഭാഗ വികസന വകുപ്പ് OBC വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിലവിൽ നടപ്പാക്കി വരുന്ന വിദ്യാഭ്യാസ, വികസന, ക്ഷേമ പദ്ധതികൾ സംസ്ഥാനമൊട്ടാകെ നടപ്പാക്കി വരുന്നവയാണ്. മണ്ഡലം കേന്ദ്രീകരിച്ച് പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല.

**പട്ടികവർഗ്ഗ മേഖലകളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

91(397) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാണോ?

ഫലപ്രദമാണ്.

(ബി) പട്ടികവർഗ്ഗ മേഖലയിൽ രോഗബാധ പടരാതിരിക്കാൻ എന്തൊക്കെ ജാഗ്രതാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

നിലവിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ വകുപ്പിന്റെ ഫീൽഡ് തല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എസ്.ടി. പ്രൊമോട്ടർ, ആരോഗ്യവകുപ്പ് അധികൃതർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, ആശാ വർക്കർമാർ, കുടുംബശ്രീ അനിമേറ്റർമാർ തുടങ്ങിയവരുടെ സഹായത്തോടെ നടന്നു വരുന്നുണ്ട്. ആരോഗ്യ വകുപ്പ് പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും നാളിതുവരെ 18 വയസ്സിനു മുകളിലുള്ള പട്ടികവർഗ്ഗക്കാരിൽ 1,66,646 പേർക്ക് ഒന്നാം ഡോസ് വാക്സിനും 23,226 പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ എന്നിവർ മുഖേന ബോധവൽക്കരണം നടത്തുകയും വാക്സിൻ രജിസ്ട്രേഷന്

സഹായിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും മാസ്ക് വിതരണം ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ നിന്നും നൽകിയ നോട്ടീസുകൾ, ബാനറുകൾ, ലഘുരേഖകൾ എന്നിവ കോളനികളിൽ വിതരണം നടത്തുകയും ആയതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പട്ടികവർഗ്ഗക്കാരുടെ ഭാഷകളിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം പട്ടികവർഗ്ഗ മേഖലകളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്. കൂടാതെ ശുദ്ധ ജലം ദൗർലഭ്യമായ കോളനികളിൽ ആയത് ലഭ്യമാക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 രോഗബാധിതരല്ലാത്ത മറ്റ് രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്നവർക്കും നിത്യേന മരുന്ന് കഴിക്കുന്നവർക്കും ആവശ്യമായ മരുന്നുകൾ കൃത്യമായി എത്തിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർ, എസ്.ടി. പ്രൊമോട്ടർമാർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ (16 എണ്ണം) കൃത്യമായ ഇടവേളകളിൽ ദുർഘട പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾപ്പെടെ പരിശോധന, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തുന്നുണ്ട്. ഇതു കൂടാതെ പട്ടികവർഗ്ഗ

വികസന വകുപ്പിന് കീഴിലുള്ള ഒ.പി. ക്ലിനിക്കുകൾ, ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. കോവിഡ് ബാധിത മേഖലകളിലും രോഗാവസ്ഥയിലുള്ളവർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് & ന്യൂട്രീഷ്യൻ സപ്പോർട്ട് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആശുപത്രിയിൽ പോകുന്നതിനും മരുന്നുകൾ വാങ്ങുന്നതിനും സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയിൽ നിന്നും സഹായം നൽകുന്നുണ്ട്. ചികിത്സ സഹായം ആവശ്യമുള്ളവർക്ക് വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ CFLTC, DCC തുടങ്ങിയ കേന്ദ്രങ്ങളാക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനപ്രകാരം വിട്ടുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ അടിയന്തര അറിയിപ്പുകൾ നൽകുന്നതിന് വാട്സ് ആപ്പ് ഗ്രൂപ്പുകൾ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാജമദ്യത്തിന്റെ ഉപയോഗം, രോഗവ്യാപനം കൂട്ടുതലാക്കാൻ സാദ്ധ്യതയുള്ളതിനാൽ അത്തരം പ്രശ്നങ്ങൾ എക്സൈസ്/പോലീസ്/വനം വകുപ്പുകളെ അടിയന്തരമായി അറിയിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗക്കാരുടെ ഗോത്രഭാഷയിലുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ വകുപ്പ് നടത്തുന്നുണ്ട്.

## ചികിത്സാ സഹായം

92 (398) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് പട്ടികജാതി വികസന വകുപ്പ് മുഖാന്തരം ചികിത്സാസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് പട്ടികജാതി വികസന വകുപ്പ് മുഖാന്തരം ചികിത്സാസഹായം അനുവദിക്കുന്നതിന് 135 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 135 അപേക്ഷകർക്ക് 33,67,500/-രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അവയിൽ എത്ര അപേക്ഷകൾക്ക് തുക അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് പട്ടികജാതി വികസന വകുപ്പ് മുഖാന്തരം

ചികിത്സാസഹായം അനുവദിക്കുന്നതിന് 135 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 135 അപേക്ഷകർക്ക് 33,67,500/-രൂപ അനുവദിച്ചിട്ടുണ്ട്.

**തരൂർ മണ്ഡലത്തിൽ ക്രാഫ്റ്റ് വില്ലേജ്**

93 (399) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് അവരുടെ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും അവ വില്ക്കുന്നതിനുമായി തരൂർ മണ്ഡലത്തിൽ ഒരു ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ കരകൗശല മേഖലയിൽ ജോലി ചെയ്യുന്നവരും പരമ്പരാഗത തൊഴിൽ ചെയ്യുന്നവരുമായ ഒ.ബി.സി വിഭാഗ സംരംഭകർക്ക് അവരുടെ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും വിപണനത്തിനും ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിന് 17.72 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണമ്പ്ര വില്ലേജിൽ സർവ്വേ നമ്പർ 422, ബ്ലോക്ക് നമ്പർ 34 -ലുള്ള 5.21 ഏക്കർ സ്ഥലം വിട്ട് കിട്ടുന്നത് സംബന്ധിച്ച

അപേക്ഷ കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി വിട്ടുകിട്ടിയതിനു ശേഷം മാത്രമേ കിഫ്ബിയുമായുള്ള കരാർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ബി) കണ്ണമ്പ്ര പഞ്ചായത്തിൽ 33 കോടി രൂപ വിനിയോഗിച്ച് പിന്നോക്ക വിഭാഗ കോർപ്പറേഷൻ നിർമ്മിക്കാൻ പോകുന്ന പ്രസ്തുത ക്രാഫ്റ്റ് വില്ലേജിന് അഞ്ചര ഏക്കർ ഭൂമി വിട്ട് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ കരകൗശല മേഖലയിൽ ജോലി ചെയ്യുന്നവരും പരമ്പരാഗത തൊഴിൽ ചെയ്യുന്നവരുമായ ഒ.ബി.സി വിഭാഗ സംരംഭകർക്ക് അവരുടെ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും വിപണനത്തിനും ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിന് 17.72 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണമ്പ്ര വില്ലേജിൽ സർവ്വേ നമ്പർ 422, ബ്ലോക്ക് നമ്പർ 34 ലുള്ള 5.21 ഏക്കർ സ്ഥലം വിട്ട് കിട്ടുന്നത് സംബന്ധിച്ച അപേക്ഷ കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി വിട്ടുകിട്ടിയതിനു

ശേഷം മാത്രമേ കിഫ്ബിയുമായുള്ള കരാർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ .

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നിർദിഷ്ട ഭൂമി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പേരിൽ മാറ്റി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ .

**ദേവസ്വം ബോർഡുകൾക്കുള്ള സാമ്പത്തിക സഹായം**

94 (400) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയെത്തുടർന്ന് ദേവസ്വം ബോർഡുകൾ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്നതായി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ദേവസ്വം ബോർഡുകൾക്ക് എന്തെല്ലാം സാമ്പത്തികസഹായങ്ങൾ നൽകിയിട്ടുണ്ട്?

കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ 2020-21 സാമ്പത്തിക വർഷം ദേവസ്വം ബോർഡുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 90 കോടി, കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി, മലബാർ ദേവസ്വം ബോർഡ് - 20 കോടി, കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം

(സി) ദേവസ്വം ബോർഡുകളെ സ്വയം പര്യാപ്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 13-07-2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം പ്രസിഡന്റുമാരുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള വിവിധ സാധ്യതകൾ ചർച്ച

ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുവാൻ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്വകാര്യ ക്ഷേത്രങ്ങളുടെ നവീകരണം

95(401) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനും അത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മാന്യമായ വേതനം നൽകുന്നതിനുമായി എന്തെങ്കിലും വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിവര ശേഖരണം നടത്തിയിട്ടില്ല, എന്നാൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ തൊഴിലെടുക്കുന്നവർക്കുംവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം

96(402) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിന് കീഴിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായിക്കാവിൽ പ്രവർത്തിക്കുന്ന ക്ഷേത്രകല അക്കാദമിക്ക് സ്വന്തമായി ആസ്ഥാനമന്ദിരം നിർമ്മിക്കുവാൻ സ്ഥലം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിൽ മാടായി തിരുവർക്കാട്ട്കാവ് ദേവസ്വം വക ഭൂമിയിൽ പ്രവർത്തിക്കുന്ന ക്ഷേത്ര കലാ അക്കാദമിയ്ക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ടി ദേവസ്വം വക 1/2 ഏക്കർ ഭൂമി പാട്ടത്തിന് നൽകുന്നതുമായി ബന്ധപ്പെട്ട്, ഹിന്ദുമത ധർമ്മ സ്ഥാപന നിയമം സെക്ഷൻ 29 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഭൂമി പാട്ടത്തിന് കൈമാറുന്നതുമായി ബന്ധപ്പെട്ട്, പൊതു ജനങ്ങൾക്കുള്ള ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിച്ച് നോട്ടീസ് പുറപ്പെടുവിക്കുകയും ആയതു പ്രകാരം ലഭിച്ചിട്ടുള്ള ആക്ഷേപാഭിപ്രായങ്ങളുടെ മേൽ വിചാരണ നടന്നു വരികയുമാണ്.

## ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

97 (403) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016 ജൂൺ 1 മുതൽ 2021 ജൂൺ 30 വരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ശബരിമലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സാമൂഹിക അകലം പാലിച്ച് ദർശനം നടത്താനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശബരിമലയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തീർത്ഥാടനം സംബന്ധിച്ച മുന്നൊരുക്കം, പമ്പ, എരുമേലി എന്നിവിടങ്ങളിലെ ആശുപത്രികളുടെ സാകര്യം. ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം തുടങ്ങിയ എല്ലാ സംഗതികളിലും ആരോഗ്യ വകുപ്പും റവന്യൂ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ദേവസ്വം) വകുപ്പും സംയുക്തമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് 06-07-2021-ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) റാന്നി നിയോജകമണ്ഡലത്തിൽ ശബരിമല വികസന പദ്ധതിയുടെ ഭാഗമായി നവീകരിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിൽ ശബരിമല അനുബന്ധ വികസനത്തോടനുബന്ധിച്ച് നവീകരിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിവരുന്നു.

**ശബരിമല ദർശനം സുഗമമാക്കുന്നതിന് നടപടി**

98 (404) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനം സുഗമമാക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിൽ ശബരിമല ദർശനത്തിനുള്ള ഓൺലൈൻ സംവിധാനമായ വെർച്വൽ ക്യൂ ബുക്കിംഗിനെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഭക്തജനങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ടൂർ ഓപ്പറേറ്റർമാർ കൂട്ടത്തോടെ ബുക്ക് ചെയ്യുന്നതിനാൽ വെർച്വൽ ക്യൂ ലഭിക്കുന്നവരിൽ ഏറെയും ഇതര സംസ്ഥാനക്കാരാണെന്ന പരാതി പരിശോധിക്കുമോ?

പരാതികൾ ശ്രദ്ധയിലുണ്ട്.

(ഡി) പോലീസ് നിയന്ത്രണത്തിലുള്ള ബുക്കിംഗ് ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനും വെർച്വൽ ക്യൂവിന് പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## മലബാർ ദേവസ്വം നിയമം

99 (405) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനെക്കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നുവോ?

മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന് സ.ഉ.(സാധാ) 186/2017/റവ തീയതി 19-01-2017 പ്രകാരം അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനും ശ്രീ. സി. മോഹനൻ, ശ്രീ. എ.വേണുഗോപാൽ എന്നിവർ അംഗങ്ങളുമായി 3 അംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി 07-09-2017-ന് സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ?

മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന് സ.ഉ.(സാധാ) 186/2017/റവ തീയതി

19-01-2017 പ്രകാരം അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനും ശ്രീ. സി. മോഹനൻ, ശ്രീ. എ. വേണുഗോപാൽ എന്നിവർ അംഗങ്ങളുമായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി 07-09-2017-ന് സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ?

മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് 19-01-2017-ലെ സ.ഉ.(സാധാ) 186/2017/റവ. പ്രകാരം അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനും ശ്രീ. സി. മോഹനൻ, ശ്രീ. എ.വേണുഗോപാൽ എന്നിവർ അംഗങ്ങളുമായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി 07-09-2017-ന് സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ദേവസ്വം നിയമം കൊണ്ടുവരുന്നതിന് നടപടികൾ കൈകൊണ്ടിരുന്നോയെന്ന് വ്യക്തമാക്കാമോ?

നിയമ പരിഷ്കരണം സംബന്ധിച്ച് മേൽപ്പറഞ്ഞ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മലബാർ ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആൻഡ് എൻഡോവ്മെന്റ് ബിൽ

2021-ന്റെ കരട് കേരള ലോ റിഫോംസ് കമ്മീഷന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. കരട് ബില്ലിൽ അദ്ധ്യായം XIII പ്രകാരമുള്ള സാമ്പത്തിക ബാധ്യത നിർണ്ണയിക്കുന്നതിനുള്ള നടപടികൾ മലബാർ ദേവസ്വം ബോർഡ് മുഖാന്തരം നടന്നുവരുന്നു.

(ഇ) മലബാർ ദേവസ്വം നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

നിയമ പരിഷ്കരണം സംബന്ധിച്ച് മേൽപ്പറഞ്ഞ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മലബാർ ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആൻഡ് എൻഡോവ്മെന്റ് ബിൽ 2021-ന്റെ കരട് കേരളാ ലോ റിഫോംസ് കമ്മീഷന്റെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. കരട് ബില്ലിൽ അദ്ധ്യായം XIII പ്രകാരമുള്ള സാമ്പത്തിക ബാധ്യത നിർണ്ണയിക്കുന്നതിനുള്ള നടപടികൾ മലബാർ ദേവസ്വം ബോർഡ് മുഖാന്തരം നടന്നു വരുന്നു.

## സ്വകാര്യ ക്ഷേത്ര ജീവനക്കാരുടെ വേതനം

100 (406) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദായ ക്ഷേത്രങ്ങളും കുടുംബക്ഷേത്രങ്ങളുമുൾപ്പെടെ എത്ര ഹിന്ദു ആരാധനാലയങ്ങൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

(ബി) ദേവസ്വം ബോർഡുകളുടെ പട്ടികയിൽ സംസ്ഥാനത്ത് ആകെ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

3058 ക്ഷേത്രങ്ങൾ (ഏകദേശം)

(സി) ദേവസ്വം ക്ഷേത്രങ്ങളെ എത്ര ബോർഡുകളാക്കി തിരിച്ചിട്ടുണ്ടെന്നും ഈ ക്ഷേത്രങ്ങളിൽ അതത് ക്ഷേത്രത്തിലെ വരുമാനത്തിൽ നിന്നാണോ ജീവനക്കാർക്ക് ശമ്പളം നൽകുന്നതെന്നും വ്യക്തമാക്കാമോ?

ദേവസ്വം ക്ഷേത്രങ്ങളെ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിങ്ങനെ അഞ്ച് ദേവസ്വങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ മലബാർ ദേവസ്വം ബോർഡ് ഒഴികെയുള്ള ദേവസ്വങ്ങളിൽ അതാത് ദേവസ്വത്തിന്റെ പൊതുവായ ഫണ്ടിൽ നിന്നുമാണ് ക്ഷേത്രജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്

അതാത് ക്ഷേത്രങ്ങളിലെ വരുമാനത്തിൽ നിന്നുമാണ് ശമ്പളം നൽകുന്നത്. എന്നാൽ വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിൽ, ക്ഷേത്ര വരുമാനത്തിന്റെ 50 ശതമാനം വരുന്ന സംഖ്യ ജീവനക്കാരുടെ ശമ്പളത്തിനായി ചെലവഴിച്ചിട്ടും പൂർണ്ണമായ ശമ്പളം ജീവനക്കാർക്ക് നൽകുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ അത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കുടിശ്ശികയായി വരുന്ന ശമ്പളം മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്.

(ഡി) ദേവസ്വം ബോർഡിന്റെ കീഴിൽ അല്ലാത്ത ക്ഷേത്രങ്ങളിലെ മേൽശാന്തി, കീഴ്ശാന്തിമാർക്ക് ക്ഷേത്ര കമ്മിറ്റിക്കാർ നൽകുന്നത് നാമമാത്ര തുകയാണെന്നതും നിത്യവും ഭക്തരിൽ നിന്ന് കിട്ടുന്ന ദക്ഷിണയാണ് ഇവർക്കാശ്വാസമെന്നതും ലോക്ക്ഡൗണിൽ ക്ഷേത്രങ്ങൾ അടച്ചതോടെ വരുമാനം ഇല്ലാതായ ഇവർ ദുരിതജീവിതമാണ് നയിക്കുന്നതെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച പരിഹാര നടപടികൾ എന്താണെന്ന് വിശദമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷനോ, വെൽഫയർ ഫണ്ട് പെൻഷനോ

ലഭിക്കാത്ത ബി.പി.എൽ., അന്ത്യോദയ അന്നയോജന കുടുംബത്തിന് 1000/- രൂപ സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ പൊതു തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി മാത്രം പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല.

## പ്രതിസന്ധിയിലായ മലബാർ ദേവസ്വം ബോർഡ്

101 (407) ശ്രീ. റ്റി. പി.രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം വരുമാനം കുറഞ്ഞ് പ്രതിസന്ധിയിലായ മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ശമ്പളം കൃത്യമായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മുഴുവൻ ക്ഷേത്ര ജീവനക്കാർക്കും ക്ഷേത്രങ്ങളുടെ വരുമാന പരിധി മാനദണ്ഡമാക്കാതെ ശമ്പളം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രധാനമായും സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന സംവിധാനമാണ് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട്. വാർഷിക

വരുമാനം 20 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, മാനദണ്ഡങ്ങൾക്ക് വിധേയമായി, മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ശമ്പള ധനസഹായ (കുടിശ്ശിക) അനുവദിച്ചു വരുന്നുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ഉണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്, 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറമേ അനുവദിച്ച 20 കോടി രൂപയിൽ 19 കോടി രൂപയും, മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് 3.20 കോടി രൂപയും, 2021-22 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് 5 കോടി രൂപയും അധിക ധനസഹായമെന്ന നിലയ്ക്ക് ക്ഷേത്രജീവനക്കാരുടെ ശമ്പള കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്.

(സി) മലബാർ ദേവസ്വം ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയിൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതുകൊണ്ട് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നില്ലെന്ന വസ്തുത കണക്കിലെടുത്ത് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷം 1 കോടി രൂപ, ക്ഷേത്രജീവനക്കാരുടെ ക്ഷേമനിധിയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(ഡി) ക്ഷേമനിധിയിൽ നിന്ന് നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച വിഷയം പരിശോധനയിലാണ്.

**മാവേലിക്കരയിലെ ക്ഷേത്രക്കുളങ്ങൾ**

102 (408) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ക്ഷേത്രക്കുളം നിർമ്മാണത്തിന് അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ; നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ ; വ്യക്തമാക്കാമോ?

മാവേലിക്കര കണ്ടിയൂർ ക്ഷേത്രക്കുളം നവീകരണത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 27,84,000/-രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക

പ്രതിസന്ധി നിമിത്തം നിർമ്മാണത്തിനായി ഭരണാനുമതിയും ഫണ്ടും നൽകിയിട്ടില്ല.

(ബി) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വേലകുളവും, വലിയ കുളവും നവീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുളങ്ങൾ നവീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ?

മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയ കുളം നാല് വർഷം മുൻപും വേലക്കുളത്തിന്റെ പൊട്ടിയ പടവുകൾ കഴിഞ്ഞ വർഷവും നവീകരിച്ച് വൃത്തിയാക്കിയിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹു. എം.എൽ.എ-യുടെ കത്ത് 14-07-2021 തീയതിയിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇതുസംബന്ധിച്ച് ശ്രീ.ആർ.രാജേഷ്, എം.എൽ.എ.-യുടെ കത്ത് 19-04-2021-ന് മാവേലിക്കര ദേവസ്വം അസിസ്റ്റന്റ് എഞ്ചിനിയർക്ക് ലഭിച്ചിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കുളങ്ങൾ നവീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയ കുളം നാല് വർഷം മുൻപും വേലക്കുളത്തിന്റെ പൊട്ടിയ പടവുകൾ കഴിഞ്ഞ വർഷവും നവീകരിച്ച് വൃത്തിയാക്കിയിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹു. എം.എൽ.എ.-യുടെ കത്ത് 14-07-2021 തീയതിയിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇതുസംബന്ധിച്ച് ശ്രീ. ആർ. രാജേഷ്, എം.എൽ.എ.-യുടെ കത്ത് 19-04-2021-ന് മാവേലിക്കര ദേവസ്വം അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്.

**അമ്പലങ്ങളുടെ കാവുകളും കുളങ്ങളും സംരക്ഷിക്കൽ**

103(409) <u>ശ്രീ. ടി.ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന് കീഴിൽ വരുന്ന അമ്പലങ്ങളുടെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദമാക്കാമോ ?

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-22 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലബർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച ₹9,67,85,000/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ഒന്നാം ഗഡുവായി ₹73,51,985/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നുള്ള ₹5,12,16,000/- രൂപയുടെ പ്രൊപ്പോസലും ലഭ്യമായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി 13-07-2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗത്തിൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി രൂപപ്പെടുത്തുന്നത്

സംബന്ധിച്ച് ജലവിഭവ വകുപ്പുമായി കൂടിയോലോചന നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## ഇടുക്കി ഉപ്പുതറയിലെ തടി കടത്ത്

104 (410) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഇടുക്കി ഉപ്പുതറ ഏലമല കാട്ടിൽ നിന്നും കടത്തിയ 10 ലോഡ് തടികൾ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പിടികൂടിയിട്ടുണ്ടോ?

കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഇടുക്കി ഉപ്പുതറ ഏലമല കാട്ടിൽ നിന്നും കടത്തിയ 10 ലോഡ് തടികൾ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പിടികൂടിയിട്ടില്ല. എന്നാൽ സമീപ പ്രദേശമായ ഇടുക്കി ജില്ലയിലെ വെള്ളിലാംകണ്ടം കിഴക്കേ മാട്ടുക്കട്ട ഭാഗത്ത് ഏലമല കാട്ടിൽ നിന്നും വെട്ടികടത്തി കൊണ്ടുവന്ന 5 MT വിറക് അയ്യപ്പൻ കോവിൽ വനം റെയ്ഞ്ചിൽ നിന്നും പിടികൂടിയിട്ടുണ്ട്. തുടരന്വേഷണത്തിൽ കുമളി റെയിഞ്ചിലെ ചെല്ലാർ കോവിൽ സെക്ഷൻ സ്റ്റാഫ് ടി വിറകിന് വേണ്ടി മുറിച്ച ചോരക്കാലി, പത്രി, നാങ്ക് ഇനത്തിൽപ്പെട്ട 5 മരങ്ങളുടെ കുറ്റി കണ്ടെത്തുകയും ഒ.ആർ - 7/2021 കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. ടി

കേസ്സിലെ 5 പ്രതികളിൽ കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡന്റ് ഉൾപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ വനംവകുപ്പ് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ടി മരം മുറിയുമായി ബന്ധപ്പെട്ട് അയ്യപ്പൻകോവിൽ വനം റെയ്ഞ്ചിൽ 04/2021 നമ്പരായും കുമളി വനം റെയ്ഞ്ചിൽ 07/2021 നമ്പരായും കേസ് എടുത്ത് തുടരന്വേഷണം നടത്തുന്നുണ്ട്. പ്രതികളുടെ മൊഴികൾ രേഖപ്പെടുത്തുകയും കുറ്റകൃത്യത്തിൽ ഉൾപ്പെട്ട വണ്ടിയും ആയുധങ്ങളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

**മരംമുറി ഉത്തരവ്**

105 (411) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവാദമായ മരംമുറി ഉത്തരവ് വനംവകുപ്പുമായി കൂടിയാലോചിക്കാതെ റവന്യൂ വകുപ്പ് ഏകപക്ഷീയമായി പുറപ്പെടുവിച്ചതാണെന്ന് വനംവകുപ്പ് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടയഭൂമിയിലെ നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് ബഹു. റവന്യൂ വകുപ്പുമന്ത്രിയും, ബഹു. വനം വകുപ്പുമന്ത്രിയും ചർച്ചകൾ നടത്തിയിരുന്നു. ടി യോഗങ്ങളിൽ വനം വകുപ്പിന്റെ കൃത്യമായ നിലപാട് അറിയിച്ചിട്ടുള്ളതാണ്.

(ബി) വനഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റുവാൻ പ്രസ്തുത ഉത്തരവ് സഹായിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വനഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ടി ഉത്തരവ് കാരണമായിട്ടില്ലാത്തതാണ്.

(സി) പ്രസ്തുത വിഷയത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും കൂടുതൽ ഉന്നത ഉദ്യോഗസ്ഥർ ഇതിലുൾപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് വ്യാപകമായി പട്ടയഭൂമിയിൽ നിന്ന് മരങ്ങൾ മുറിച്ചിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് വയനാട് ലക്കിടി ചെക്ക്പോസ്റ്റിലെ രണ്ട് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് മാറ്റി

നിർത്തിയിട്ടുണ്ട്. കൂടുതൽ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷണം നടത്തി വരികയാണ്.

## അനധികൃത ഈട്ടി കടത്ത്

106 (412) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് വൻതോതിൽ ഈട്ടി അടക്കമുള്ള മരങ്ങൾ അനധികൃതമായി കടത്തിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാർ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്ത് ഈട്ടി അടക്കമുള്ള മരങ്ങൾ പട്ടയഭൂമിയിൽ നിന്ന് മുറിച്ച് കടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എട്ട് ജില്ലകളിലായി മൊത്തം 176 ഈട്ടി മരങ്ങൾ മുറിച്ചു മാറ്റിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. തുടരന്വേഷണം സർക്കാർ നിയോഗിച്ച ADGP Crime Branch-ന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിവരുന്നുണ്ട്. ആയതിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉത്തരവാദികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) എട്ട് ജില്ലകളിൽ നിന്നുമായി അയ്യായിരത്തോളം ഈട്ടിത്തടികൾ അനധികൃതമായി കടത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സർക്കാർ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്ത് ഈട്ടി അടക്കമുള്ള മരങ്ങൾ പട്ടയഭൂമിയിൽ നിന്ന് മുറിച്ച് കടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എട്ട് ജില്ലകളിലായി മൊത്തം 176 ഈട്ടി മരങ്ങൾ മുറിച്ചു മാറ്റിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. തുടരന്വേഷണം സർക്കാർ നിയോഗിച്ച ADGP Crime Branch-ന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിവരുന്നുണ്ട്. ആയതിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉത്തരവാദികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ വനം വകുപ്പിലെ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥർ ഇതിന് കൂട്ടുനിന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ?

സർക്കാർ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്ത് ഈട്ടി അടക്കമുള്ള മരങ്ങൾ പട്ടയഭൂമിയിൽ നിന്ന് മുറിച്ച് കടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എട്ട് ജില്ലകളിലായി മൊത്തം 176 ഈട്ടി മരങ്ങൾ മുറിച്ചു മാറ്റിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. തുടരന്വേഷണം സർക്കാർ

നിയോഗിച്ച ADGP Crime Branch-ന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിവരുന്നുണ്ട്. ആയതിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉത്തരവാദികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്ത് ഈട്ടി അടക്കമുള്ള മരങ്ങൾ പട്ടയഭൂമിയിൽ നിന്ന് മുറിച്ച് കടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എട്ട് ജില്ലകളിലായി മൊത്തം 176 ഈട്ടി മരങ്ങൾ മുറിച്ചു മാറ്റിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. തുടരന്വേഷണം സർക്കാർ നിയോഗിച്ച ADGP Crime Branch-ന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിവരുന്നുണ്ട്. ആയതിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉത്തരവാദികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## വൃക്ഷവൽക്കരണ പദ്ധതി

107 (413) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗോത്രവർഗ ഊരുകളിൽ വൃക്ഷവൽക്കരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ?

വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് വനമഹോത്സവത്തിന്റെ ഭാഗമായി ടെറിട്ടോറിയൽ/ വൈൽഡ് ലൈഫ് വിഭാഗങ്ങൾ മുഖേന വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് വരുന്നുണ്ട്.

(ബി) സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 33 ശതമാനം വൃക്ഷാവരണത്തിന്റെ കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

ഹരിതകേരളം പദ്ധതിപ്രകാരം സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, തുടങ്ങിയവ നടപ്പിലാക്കി വരുന്നു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ

സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തുവരുന്നു. കൂടാതെ വിദ്യാലയങ്ങളിൽ സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള ചെറുവനങ്ങൾ നട്ടുവളർത്തുന്ന വിദ്യാവനം പദ്ധതിയും നഗരങ്ങളിൽ ചെറുവനങ്ങൾ നിർമ്മിക്കുന്ന നഗരവനം പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും അതുവഴി വൃക്ഷ സമ്പത്ത് വനേതരപ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്.

(സി) വനം സംരക്ഷിക്കുന്നതിന് ഗോത്രവർഗ്ഗ സമൂഹം വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വന സംരക്ഷണത്തിന് ഏറ്റവും യോജ്യമായത് ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തിയുള്ള പ്രവർത്തനങ്ങളാണ് എന്ന തിരിച്ചറിവാണ് രാജ്യത്ത് പങ്കാളിത്ത വന പരിപാലനത്തിന്റെ ആവിർഭാവത്തിന് നിദാനമായത്. സ്വന്തം നിലനിൽപ്പിന് തങ്ങൾ അധിവസിക്കുന്ന പ്രദേശത്തിന്റെ സ്വാഭാവിക അവസ്ഥ നിലനിർത്തുക എന്നത് വളരെ പ്രധാനമാണെന്ന് കാലങ്ങൾക്കുമുൻപ് തിരിച്ചറിഞ്ഞവരാണ് ആദിവാസി സമൂഹം. വനത്തെയും വന്യജീവികളെയും സംരക്ഷിക്കുവാനും വനോൽപ്പന്നങ്ങളെ ഏറ്റവും

ശ്രദ്ധയോടെയും കരുതലോടെയും ഉപയോഗപ്പെടുത്തുവാനും തങ്ങൾ ആർജിച്ച അറിവുകൾ തലമുറകളിലേയ്ക്ക് പകർന്ന് സൂക്ഷിക്കുവാനും ആയതിനാൽ തന്നെ അവർ എന്നും ഉത്സുകരാണ്. തങ്ങളുടെ അതിജീവന പ്രദേശം ഏറ്റവും ശ്രദ്ധയോടും ആദരവോടും സൂക്ഷിച്ചുവരുന്നവരാണ് ആദിവാസികൾ. അവരെ വനവൽക്കരണ, സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി വരുമാന വർദ്ധനവും, ജീവിത നിലവാര ഉയർച്ചയും ലക്ഷ്യമിട്ട് രാജ്യത്ത് പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ വിപുലീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തും വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുകയുണ്ടായി. ദേശീയ വനവൽക്കരണ പരിപാടി, ഗ്രീൻ ഇൻഡ്യാ മിഷൻ പ്രോഗ്രാം, വനശ്രീ, ഇക്കോടൂറിസം തുടങ്ങി വിവിധ പദ്ധതികളിലെ പങ്കാളിത്തം അവരെ ശാക്തീകരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്

(ഡി) വനമഹോത്സവത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

വനമഹോത്സവത്തിന്റെ ഭാഗമായി ട്രൈബൽ കോളനി സെറ്റിൽമെന്റുകളിൽ വനവൽക്കരണം, വന പുന:സ്ഥാപനം, നഗരവനം, വിദ്യാവനം, പുൽമേട് പുന:സ്ഥാപനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, കയർ

ഫൈബർ റൂട്ട് ട്രെയിനർ തയ്യാറാക്കൽ, വനത്തോട് ചേർന്ന് കിടക്കുന്ന ഗോത്രവർഗ്ഗകോളനികളിൽ നിന്നുമുള്ള അധിനിവേശ സസ്യങ്ങളുടെ ഉൻമൂലനം, നദീതടങ്ങളിൽ ജലത്തെ ആശ്രയിക്കുന്ന ജീവികൾക്ക് ഉതകുന്ന രീതിയിലുള്ള തൈനടീൽ, ദുരന്തനിവാരണ വനവൽക്കരണം, കുറിഞ്ഞിമല സങ്കേതത്തിലെ കുറിഞ്ഞി പ്ലാന്റിംഗ് എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

**വനം വകുപ്പ് നിയോഗിച്ച അന്വേഷണ സംഘം**

108 (414) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന വനംകൊള്ള അന്വേഷിക്കുന്നതിന് വേണ്ടി വനം വകുപ്പ് നിയോഗിച്ച അന്വേഷണ സംഘത്തിൽനിന്നും ഏതെങ്കിലും അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിയിരുന്നോ?

മാറ്റിയിട്ടുണ്ട്.

(ബി) എങ്കിൽ അദ്ദേഹത്തെ അന്വേഷണ സംഘത്തിൽനിന്നും മാറ്റിയതിനുള്ള കാരണം അറിയിക്കുമോ?

(സി) ടിയാനെ വീണ്ടും അന്വേഷണ സംഘത്തിൽ ഉൾപ്പെടുത്തുകയുണ്ടായോ; എങ്കിൽ ഇതിനുള്ള സാഹചര്യം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ LA പട്ടയഭൂമികളിൽ നിന്നിരുന്ന സർക്കാർ റിസർവ് ചെയ്ത മരങ്ങൾ മുറിച്ച് നീക്കിയതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വിവരം അന്വേഷിക്കുന്നതിനായി ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ 5 സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ രൂപീകരിച്ചു. സംസ്ഥാനത്ത് എല്ലാ വനം ഡിവിഷനുകളിലും അന്വേഷണം നടത്താനായി രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ ഉൾപ്പെടുത്തിയിരുന്ന തിരുവനന്തപുരം, കണ്ണൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർമാർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ നിന്നും ഒഴിവാക്കി. ടിയാന് നൽകിയിരുന്ന ഇടുക്കി, കോട്ടയം ജില്ലകളുടെ അന്വേഷണചുമതല തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയും, തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് അന്വേഷണ ചുമതല നൽകിയിരുന്ന വയനാട്, കണ്ണൂർ,

കാസർഗോഡ് ജില്ലകളുടെ ചുമതല ഇടുക്കി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുകയുണ്ടായി. കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ എറണാകുളം, ഇടുക്കി ജില്ലകളുടെ ചുമതലയോടെ അന്വേഷണ ടീമിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അന്വേഷണ ടീം വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം വന്നപ്പോൾ ടി ഓഫീസറെ പ്രസ്തുത ചുമതലയിൽനിന്നും ഒഴിവാക്കുകയുണ്ടായി. തുടർന്ന് അന്വേഷണ ടീം രണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ വിപുലീകരിച്ചപ്പോൾ ആയതിലേയ്ക്ക് കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**മുട്ടിൽ മരം മുറി**

109 (415) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറിക്ക് ഇടയാക്കിയ ഉത്തരവിനുശേഷം സർക്കാർ ഉടമസ്ഥതയിലുള്ള എത്ര വൃക്ഷങ്ങൾ മുറിച്ചുമാറ്റി എന്ന് ക്യൂബിക് അളവിൽ വിശദമാക്കുമോ?

മുട്ടിൽ മരം മുറിക്ക് ഇടയാക്കിയ ഉത്തരവിനുശേഷം വനം വകുപ്പ് വിജിലൻസിന്റെ അന്വേഷണത്തിൽ 11-03-2020 തീയതി മുതൽ

10-06-2021 തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ Land Assignment പട്ടയ ഭൂമികളിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമായ 1612.121 M3 തേക്കുമരങ്ങളും 327.584 M3 ഈട്ടി മരങ്ങളും മുറിച്ച് മാറ്റിയിട്ടുണ്ട്.

(ബി) ഇപ്രകാരം സ്വകാര്യ ഉടമസ്ഥതയിലുള്ള എത്ര വൃക്ഷങ്ങളാണ് മുറിച്ചു മാറ്റിയത്; വ്യക്തമാക്കുമോ?

ഇപ്രകാരം Land Assignment പട്ടയഭൂമികളിൽ നിന്നും 11-03-2020 തീയതി മുതൽ 10-06-2021 തീയതി വരെ 2248 തേക്കുമരങ്ങളും 171 ഈട്ടി മരങ്ങളും മുറിച്ച് മാറ്റിയിട്ടുണ്ട്.

**ഇടുക്കി ജില്ലയിൽ മുറിച്ച മരങ്ങളുടെ എണ്ണം**

110 (416) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24-10-2020-നുശേഷം മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതി ഇല്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചതെന്ന വിവരം ലഭ്യമാക്കാമോ?

| ഇനം | മൂന്നാർ | കോതമംഗലം | കോട്ടയം | ആകെ |
|---|---|---|---|---|
| തേക്ക് | 418 | 147 | 7 | 572 |
| ഈട്ടി | 17 | 1 | - | 18 |
| | 435 | 148 | 7 | 590 |

ഇതിൽ കോട്ടയം ഡിവിഷനിൽ മുറിച്ചിട്ടുള്ള 7 തേക്ക് മരങ്ങൾക്കൊഴികെ ബാക്കി 583 മരങ്ങൾ മുറിക്കുന്നതിനും വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

**വനഭൂമിയിലെ മരം മുറി**

111 (417) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ മരം മുറിക്കാനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിലെ മരങ്ങളും ധാരാളമായി മുറിച്ചു മാറ്റിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിലെ മരങ്ങളും ധാരാളമായി മുറിച്ചുമാറ്റിയതായ ആരോപണം വസ്തുതാവിരുദ്ധമാണ്.

(സി) മുറിച്ച മരങ്ങളുടെ കുറ്റി മൂടി പഞ്ചസാര വിതറി ബ്ലോവർ ഉപയോഗിച്ച് വേരടക്കം കത്തിച്ചുകളഞ്ഞുവെന്നുള്ള പരാതി ഉയർന്നിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഇവ വന ഭൂമിയിൽനിന്നും മുറിച്ചതാണോ എന്ന് തെളിയിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ?

&

(ഡി) എങ്കിൽ ഇതിനുത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ എന്തെങ്കിലും ബദൽ മാർഗ്ഗം സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഇത്തരത്തിൽ വനഭൂമിയിൽനിന്നും മരങ്ങൾ മുറിച്ചുമാറ്റിയതായി അന്വേഷണത്തിൽ ബോധ്യപെട്ടിട്ടില്ല. എന്നാൽ മച്ചാട് റെയിഞ്ചിലെ എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ പട്ടയഭൂമിയിൽ നിന്നും മുറിച്ചു മാറ്റിയ തേക്ക മരത്തിന്റെ കുറ്റികൾ കത്തിച്ച് കളഞ്ഞതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിന് ഉത്തരവാദികളായവർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ 03/2021 നമ്പറായി ഒ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

**മരങ്ങൾ മുറിക്കാൻ ലഭിച്ച അപേക്ഷകൾ**

112 (418) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 24-10-2020-ന് ശേഷം പട്ടയ ഭൂമിയിൽ നിന്നും ഈട്ടി, തേക്ക്, എബണി, ചന്ദനം എന്നീ മരങ്ങൾ മുറിക്കാൻ എത്ര അപേക്ഷകളാണ് ലഭിച്ചിരിക്കുന്നതെന്ന് ജില്ല തിരിച്ച് വിവരം നൽകാമോ; ഇതിൽ ഓരോ ജില്ലയിലും എത്ര അപേക്ഷകൾക്ക് വനം വകുപ്പ് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ?

പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നിന്നും 24-10-2020-ന് ശേഷം പട്ടയഭൂമിയിൽ നിന്നും ഈട്ടി, തേക്ക്, എബണി, ചന്ദനം എന്നീ മരങ്ങൾ മുറിക്കുവാൻ ലഭിച്ച അപേക്ഷകളുടെ വിവരം ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | അംഗീകാരം നൽകിയതിന്റെ എണ്ണം |
|---|---|---|---|
| 1 | പാലക്കാട് | 871 | 869 |
| 2 | വയനാട് | 15 | 1 |
| 3 | ഇടുക്കി | 241 | 199 |
| 4 | എറണാകുളം | 280 | 280 |
| 5 | തൃശ്ശൂർ | 88 | 51 |

## വയനാട്ടിലെ മരം മുറി അന്വേഷണം

113 (419) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ വയനാട് മുട്ടിൽനിന്നും മരം മുറിച്ച് കടത്തിയത് സംബന്ധിച്ച അന്വേഷണത്തിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ വയനാട് മുട്ടിൽനിന്നും മരം മുറിച്ച് കടത്തിയത് അന്വേഷിച്ച് നിയമ പ്രകാരം നടപടി സ്വീകരിക്കാൻ വനം വകുപ്പിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2248 തേക്ക്മരങ്ങളിൽ നിന്നും 171 ഈട്ടി മരങ്ങളിൽ നിന്നുമായി 1612.121 ക്യൂബിക് മീറ്റർ തേക്ക് തടികളും 327.584 ക്യൂബിക് മീറ്റർ വീട്ടിതടികളും നീക്കം ചെയ്തതായും അവയിൽ 1263.622 ക്യൂബിക് മീറ്റർ തേക്ക് തടികളും 47.435 ക്യൂബിക് മീറ്റർ ഈട്ടിത്തടികളും പിടിച്ചെടുത്തതായും റിപ്പോർട്ടിലുണ്ട്. ആയതിന് സുമാർ 1441.751 ലക്ഷം

രൂപ വിലയുള്ള തടികളിൽ 844.889 ലക്ഷം രൂപയുടെ തടികൾ പിടിച്ചെടുത്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് റവന്യ വകുപ്പിനെ കുറ്റപ്പെടുത്തി വനം വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

(ഡി) മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ1 - 3896/21 തീയതി 28-06-2021 ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽനിന്നും മാറ്റി നിർത്തിയിട്ടുണ്ട്. കൂടുതൽ വനം ജീവനക്കാർക്ക് അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് വീഴ്ചയുണ്ടെന്ന് കണ്ടെത്തിയാൽ കർശന ശിക്ഷാനടപടി യഥാവിധി സ്വീകരിക്കുന്നതാണ്.

## മരം മുറി അന്വേഷണം

114 (420) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ റിസർവ് മരങ്ങൾ മുറിച്ച് മാറ്റിയത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വനം വകുപ്പ് വിജിലൻസ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ കൂടുതൽ വിശദമായി ക്രൈംബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പരിശോധിച്ചുവരികയാണ്. ആയതിനാൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പ്രാഥമിക റിപ്പോർട്ട് മേൽ അന്വേഷണത്തിന്റെ ഭാഗമായി വരുന്നതുകൊണ്ട് ടി അന്വേഷണ സംഘത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) വനം വകുപ്പിന്റെ കണക്കിനേക്കാൾ വളരെ കൂടുതൽ മരങ്ങൾ മുറിച്ചുമാറ്റിയെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ?

സർക്കാർ നിയോഗിച്ച പ്രത്യേക അന്വേഷണസംഘം ഈ പരാതികളും പരിശോധിച്ചുവരുകയാണ്.

(സി) റവന്യൂ വകുപ്പിന്റെ ട്രീ രജിസ്റ്റർ ഇല്ലാത്ത ജില്ലകൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

ട്രീ രജിസ്റ്റർ സൂക്ഷിക്കേണ്ട ചുമതല റവന്യൂ വകുപ്പിനാണ്.

(ഡി) പട്ടയ ഭൂമിയിൽ റിസർവ് ചെയ്ത 12 ഇനവും മരവില അടയ്ക്കേണ്ടാത്ത 62 ഇനവും മരങ്ങളുടെ എണ്ണം ട്രീ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ ട്രീ രജിസ്റ്റർ ഇല്ലാത്ത സ്ഥലങ്ങളിൽ നഷ്ടപ്പെട്ട മരങ്ങളുടെ വിവരങ്ങൾ കണ്ടെത്തുന്നത് എങ്ങനെയെന്ന് അറിയിക്കുമോ?

പട്ടയഭൂമിയിലെ മരങ്ങളുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നതും ആയത് നഷ്ടപ്പെട്ടാൽ കണ്ടെത്തുന്ന മാർഗ്ഗങ്ങളും സംബന്ധിച്ച നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിച്ചുവരുന്നത്.

**പട്ടയ ഭൂമിയിലെ മരങ്ങൾ മുറിച്ചു കടത്തൽ**

115 (421) <u>ശ്രീ. പി. ടി. തോമസ്</u>:

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ 24-10-2020-ലെ സ.ഉ (കൈ)നം. 261/2020/റവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയ ഭൂമിയിലെ മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയതുമായി ബന്ധപ്പെട്ട് വനം വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

02-02-2021-ന ശേഷം പട്ടയ ഭൂമിയിലെ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നാളിതുവരെ 360 ഒ.ആർ. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് റെയിഞ്ച് അടിസ്ഥാനത്തിലാണ്. ഒരു റെയിഞ്ചിന്റെ പരിധിയിൽ ഒന്നിലധികം ജില്ലകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ നിലവിൽ ലഭ്യമല്ല.

(ബി) പ്രസ്തുത കേസുകളിലുൾപ്പെട്ട പ്രതികൾ ആരെല്ലാമെന്ന് വിശദമാക്കാമോ?

പട്ടാദാർമാർ ഉൾപ്പെടെ മേൽപ്പറഞ്ഞ നിലവിൽ എടുത്തിട്ടുള്ള 360 കേസുകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ല. 226 സംഭവങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. ആകയാൽ ടി കേസുകളിലുൾപ്പെട്ട

പ്രതികളുടെ അന്തിമ വിവരങ്ങൾ ആയിട്ടില്ല. ആയത് അന്വേഷണം പൂർത്തീകരിച്ചാൽ മാത്രമേ അന്തിമമായി പറയാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത വിഷയത്തിൽ ഉത്തരവാദപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇതുസംബന്ധിച്ച് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഉന്നതതല അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയാക്കിയാൽ മാത്രമേ വനം വകുപ്പ് ഉദ്യോഗസ്ഥർ ഈ കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയാൻ കഴിയുകയുള്ളൂ.

**അനധികൃത മരം മുറി**

116 (422) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി മുറിച്ച് നീക്കം ചെയ്യപ്പെട്ടിട്ടുള്ള മരങ്ങളുടെ കണക്കുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ?

വനം വകുപ്പ് പ്രാഥമികമായ അന്വേഷണം നടത്തിയിട്ടുണ്ട്. 24-10-2020-ലെ സർക്കാർ ഉത്തരവ് (കൈ) നം. 261/2020/റവ ദുർവ്യാഖ്യാനം ചെയ്ത് പട്ടയഭൂമിയിലെ മരങ്ങൾ മുറിച്ചതിനെ സംബന്ധിച്ച് വനം വകുപ്പ് പ്രാഥമിക അന്വേഷണം നടത്തുകയും ഈ വിഷയത്തിന്മേൽ തുടരന്വേഷണം ക്രൈംബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തി വരികയുമാണ്.

(ബി) ഇടനിലക്കാർക്ക് കൊള്ള ലാഭം കൊയ്യാൻ വഴി തുറന്ന മരംമുറി വിവാദത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ?

അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ ആരോപണങ്ങളിലും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരികയാണ്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) പുതിയ സാഹചര്യത്തിൽ കർഷകർക്ക് അവകാശപ്പെട്ട ജന്മാവകാശമുള്ള ഭൂമിയിലെ മരങ്ങൾപോലും മുറിക്കുന്നതിനുള്ള അനുമതി

നിഷേധിക്കുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടില്ല.

(ഡി) ഉത്തരവിലെ അവ്യക്തതമൂലം കർഷകരെ ദുരിതത്തിലാക്കുന്ന തരത്തിൽ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ പുന:പരിശോധിക്കുമോ; വിശദീകരിക്കുമോ ?

കർഷകരെ ദുരിതത്തിലാക്കുന്ന നടപടികളൊന്നും തന്നെ വനം വകുപ്പ് സ്വീകരിച്ചിട്ടില്ല.

**മരം മുറിക്കുന്നതിന് ലഭിച്ച അപേക്ഷകൾ**

117(423) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ 2020 വരെ ഓരോ വർഷവും മരം മുറിക്കുന്നതിനായി എത്ര അപേക്ഷകളാണ് വനം വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ എത്ര അപേക്ഷകൾക്കാണ് അനുമതി നൽകിയതെന്ന വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2016 മുതൽ 2020 വരെ ഓരോ വർഷവും വ്യക്തികളുടെ കൈവശ പട്ടയഭൂമിയിൽ നിന്നും സ്വകാര്യഭൂമികളിൽ നിന്നും മരം

മുറിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

## മുട്ടിൽ മരം മുറി അന്വേഷണം

118 (424) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ ഈട്ടി മരംമുറി കേസിലെ അന്വേഷണം അട്ടിമറിക്കാൻ സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ കൂട്ടുനിന്നുവെന്ന് ഉത്തര മേഖലാ ചീഫ് കൺസർവേറ്റർ റിപ്പോർട്ട് നൽകിയിരുന്നോ?

(ബി) പ്രസ്തുത റിപ്പോർട്ടിൽ മരംമുറിക്കെതിരെ രംഗത്ത് വന്ന മേപ്പാടി റെയ്ഞ്ച് ഓഫീസറെ സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ മാനസികമായി പീഡിപ്പിച്ചെന്ന കണ്ടെത്തലുണ്ടോ; ഈ റിപ്പോർട്ടിൽ കുറ്റാരോപിതനായ ഉദ്യോഗസ്ഥനെതിരെ വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(എ & ബി) പ്രാഥമിക റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അതിന്മേലുള്ള കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുട്ടിൽ മരംമുറി കേസ് പുറത്തു കൊണ്ടുവന്ന ഫ്ലൈയിങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അന്വേഷണ സംഘത്തിൽ നിന്നും ഏതെങ്കിലും ഘട്ടത്തിൽ മാറ്റിയിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ?

(ഡി) മുട്ടിൽ മരംമുറി കേസിലെ പ്രതികളുടെ സമ്മർദ്ദത്തെ തുടർന്നാണ് ഈ ഉദ്യോഗസ്ഥനെ അന്വേഷണ സംഘത്തിൽ നിന്നും മാറ്റിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഈ ഉദ്യോസ്ഥനെ അന്വേഷണ സംഘത്തിൽ തിരികെ ഉൾപ്പെടുത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

(സി & ഡി) സംസ്ഥാനത്തെ LA പട്ടയഭൂമികളിൽ നിന്നിരുന്ന സർക്കാർ റിസർവ് ചെയ്ത മരങ്ങൾ മുറിച്ച് നീക്കിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി വിവരം അന്വേഷിക്കുന്നതിനായി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ 5 സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ രൂപീകരിച്ചിരുന്നു. വയനാട് മുട്ടിൽ മരംമുറിയുടെ പ്രാഥമിക അന്വേഷണത്തിന് ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയിരിക്കെ രണ്ട് ജില്ലകളുടെ ചുമതലയോടെ അന്വേഷണ

ടീമിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അന്വേഷണ ടീം വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം വന്നപ്പോൾ ടി ഓഫിസറെ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. തുടർന്ന് അന്വേഷണ ടീം രണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ വിപുലീകരിച്ചപ്പോൾ ആയതിലേയ്ക്ക് കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**കൃഷിഭൂമിയിലെ മരം മുറിച്ച കർഷകർക്കെതിരായ കേസുകൾ**

119 (425) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ലാന്റ് അസൈൻമെന്റ് നിയമമനുസരിച്ച് പട്ടയം ലഭിച്ചിട്ടുള്ള കൃഷിഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിലെ കൃഷിക്കാർക്കെതിരെ കേസ് എടുക്കുവാനുള്ള ശ്രമം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

1964-ലെ ലാൻഡ് അസൈൻമെന്റ് നിയമമനുസരിച്ച് പട്ടയം ലഭിച്ചിട്ടുള്ള കൃഷിഭൂമിയിലെ മരങ്ങൾ നിയമാനുസൃതം മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് കൃഷിക്കാർക്കെതിരെ കേസ് എടുക്കുവാൻ ശ്രമിച്ചിട്ടില്ല.. എന്നാൽ റവന്യൂ വകുപ്പിന്റെ 24-10-2020-ലെ 261/2020/റവന്യൂ നമ്പർ സർക്കാർ

ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്ത് സർക്കാരിൽ നിക്ഷിപ്തമായ മരങ്ങൾ നിയമവിരുദ്ധമായി മുറിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട വനനിയമ ലംഘനങ്ങൾക്കാണ് കേസുകൾ നിലവിൽ എടുത്തിട്ടുള്ളത്.

(ബി) ഇത്തരത്തിൽ മരം മുറിച്ച് മാറ്റിയവർക്കെതിരെ നിലവിൽ കേസ് എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ ഇതുവരെ ലഭ്യമായ കണക്കുകൾ പ്രകാരം 93 ഒ.ആർ. കേസുകൾ ബുക്ക് ചെയ്തിട്ടുണ്ട്. ഇവയിൽ 41 കേസുകൾ ഇടുക്കി വന്യജീവി ഡിവിഷന്റെ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ പരിധിയിൽനിന്നും, 52 കേസ്സുകൾ കോട്ടയം ഹൈറേഞ്ച് സർക്കിളിന്റെ പരിധിയിൽ നിന്നുമാണ് ബുക്ക് ചെയ്തിട്ടുള്ളത്.

(സി) കോതമംഗലം മണ്ഡലത്തിൽ തട്ടേക്കാട് റേഞ്ചിലും കുട്ടമ്പുഴ റേഞ്ചിലും റവന്യൂ - വനം വകുപ്പുകളുടെ അനുമതിയോടെ കട്ടിങ്ങ് പാസ്സ് ലഭിച്ച ശേഷം മരം മുറിച്ച് മാറ്റിയ കർഷകർക്കെതിരെ കുറ്റി മഹസർ തയ്യാറാക്കി കേസ് എടുക്കുവാനുള്ള നീക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇടുക്കി വന്യജീവി ഡിവിഷനിലെ തട്ടേക്കാട് റേഞ്ചിൽ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ അനുമതി പ്രകാരം

പട്ടയഭൂമിയിൽ നിന്നും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിട്ടുള്ള മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടുപോയ പട്ടയ കൈവശഭൂമി ഉടമസ്ഥർക്കെതിരെയാണ് 41 കേസുകൾ ബുക്ക് ചെയ്തിട്ടുള്ളത്. കുട്ടമ്പുഴ റെയിഞ്ചിൽ ഇപ്രകാരമുള്ള മരംമുറി ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ കേസ് എടുക്കുന്നത് ഒഴിവാക്കി കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിലുള്ള വനനിയമങ്ങളുടെ ലംഘനത്തിനാണ് കേസുകൾ എടുത്തിട്ടുള്ളത്. ആയതിൽ നിയമാനുസൃതമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ദേശീയ വനവൽക്കരണ പരിപാടി**

120 (426) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടത്തി വരുന്ന ദേശീയ

വനവൽക്കരണ പരിപാടിയിലൂടെ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ദേശീയ വനവൽക്കരണ പരിപാടി. ശോഷിത വനങ്ങളുടെ പുനരുദ്ധാരണവും സംരക്ഷണവും, അത്തരം പരിപാടികളിലെ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും, അതിലൂടെ അവരുടെ വരുമാന വർദ്ധനവും, ജീവിത നിലവാര ഉയർച്ചയുമാണ് ദേശീയ വനവൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളോടൊപ്പം വനത്തെയും വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങളെയും, വനശോഷണത്തെയും ജനങ്ങളിൽ വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് വനാശ്രിത സമൂഹത്തിന് അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജല സംരക്ഷണം തുടങ്ങിയവയും ദേശീയ വനൽക്കരണ പരിപാടിവഴി നടപ്പിലാക്കിയിട്ടുണ്ട്. 2015-16 വർഷത്തോടെ

അവസാനിച്ച ടി പദ്ധതിയുടെ തുടർച്ചയായി 2016-17 വർഷം മുതൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിരമായ വികസനവും ഉറപ്പുവരുത്തുന്നതിന് എത്രമാത്രം സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും അതിലൂടെ അവരുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയുമാണ് ദേശീയ വനവൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. മുള, ഈറ തുടങ്ങിയ വന വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും വഴി വനാശ്രിത സമൂഹങ്ങളുടെ തൊഴിൽസംരക്ഷണവും ടി പദ്ധതിയിലൂടെ ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ വനം, വനസംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾ, വനശോഷണം, ജനങ്ങളിൽ വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് വനാശ്രിത സമൂഹത്തിന്അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജല സംരക്ഷണം

തുടങ്ങിയവയും ദേശീയ വനവൽക്കരണ പരിപാടി വഴി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായ Entry Point Activities -ന്റെ ഭാഗമായി ജലവിതരണ സംവിധാനങ്ങൾ, കുളങ്ങളുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതു ആസ്തികൾ സൃഷ്ടിക്കൽ, പ്രകൃതി സൗഹൃദ ഊർജ്ജസംവിധാനങ്ങളുടെ വിതരണം എന്നിവയും ടി പരിപാടിയുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്.

(സി) വനവത്ക്കരണത്തിന്റെ ഭാഗമായി വനവും മരങ്ങളും സംരക്ഷിക്കുന്നതിനും വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും അതിലൂടെ അവരുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയുമാണ് ദേശീയ വനവൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. മുള, ഈറ തുടങ്ങിയ വന വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും വഴി വനാശ്രിത സമൂഹങ്ങളുടെ തൊഴിൽ സംരക്ഷണവും ടി പദ്ധതിയിലൂടെ ഉറപ്പ്

വരുത്തിയിരുന്നു. കൂടാതെ വനം, വനസംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾ, വനശോഷണം, ജനങ്ങളിൽ വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് വനാശ്രിത സമൂഹത്തിന് അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജല സംരക്ഷണം തുടങ്ങിയവയും ദേശീയ വനവൽക്കരണ പരിപാടി വഴി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായ Entry Point Activities -ന്റെ ഭാഗമായി ജലവിതരണ സംവിധാനങ്ങൾ, കുളങ്ങളുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതു ആസ്തികൾ സൃഷ്ടിക്കൽ, പ്രകൃതി സൗഹൃദ ഊർജ്ജ സംവിധാനങ്ങളുടെ വിതരണം എന്നിവയും ടി പരിപാടിയുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന്റെ ഭാഗമായി വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് എത്രമാത്രം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

ദേശീയ വനവൽക്കരണ പരിപാടിയിലൂടെ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ കൂടുതൽ തൊഴിലവസരങ്ങളും

മെച്ചപ്പെട്ട വേതനവും ഉറപ്പാക്കുക വഴി അവരുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ഇ-ഓക്ഷൻ നടപടിക്രമങ്ങൾ**

121 (427) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തടി ഉത്പ്പന്നങ്ങളുമായി ബന്ധപ്പെട്ട ഇ-ഓക്ഷൻ നടപടിക്രമങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

2014 നവംബർ മാസം മുതൽ വനം വകുപ്പിലെ തടി വിൽപ്പന ഇ-ഓക്ഷൻ മുഖേനയാണ് നടത്തിവരുന്നത്. കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd www.mstcecommerce.com എന്ന സ്ഥാപനത്തിനാണ് ഇ-ലേലത്തിന്റെ ചുമതല. ലേല നടപടിക്രമങ്ങളെ സംബന്ധിച്ച നോട്ടിഫിക്കേഷൻ 16-09-2014-ലെ കേരള ഗസറ്റ് വാല്യം 3, ഗസറ്റ് നമ്പർ 36-ലും, 04-11-2014-ലെ കേരള ഗസറ്റ് വാല്യം 3, ഗസറ്റ് നമ്പർ 43 - ലും, 25-08-2015-ലെ കേരള ഗസറ്റ് വാല്യം IV, ഗസറ്റ് നം.34 ലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ടി വിവരങ്ങൾ www.mstcecommerce.com വെബ്സൈറ്റിലും ലഭ്യമാണ്. ഇ-ഓക്ഷൻ നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

1) രജിസ്ട്രേഷൻ ഇത് ഒറ്റ തവണ മാത്രം ചെയ്യേണ്ട പ്രവൃത്തിയാണ്. M/s MSTC Ltd www.mstcecommerce.com എന്ന വെബ്സൈറ്റിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഒരിക്കൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ പിന്നീട് കേരളത്തിലെ ഏത് തടി ഡിപ്പോയിലും നടക്കുന്ന ലേലത്തിൽ പങ്കെടുക്കാം. വ്യക്തികളുടെ പേരിലോ, സ്ഥാപനങ്ങളുടെ പേരിലോ രജിസ്ട്രേഷൻ നടത്താം. തുടർന്ന് സൈറ്റിൽ കാണുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം Buyer ആയി രജിസ്റ്റർ ചെയ്ത് മുന്നോട്ട് പോകാവുന്നതാണ്. ഇതിനായി ജി.എസ്.ടി, പാൻ കാർഡ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും, സ്വന്തം ആവശ്യത്തിനാണ് തടികൾ വാങ്ങുന്നതെന്ന സത്യവാങ്മൂലം (വ്യക്തികൾക്ക്) എന്നിവ ആവശ്യമാണ്. രജിസ്ട്രേഷൻ ഫീസായി MSTC യുടെ പേരിലെടുത്ത തിരുവനന്തപുരത്ത് മാറാവുന്ന - വ്യക്തികൾക്ക് 590/-രൂപയും സ്ഥാപനങ്ങൾക്ക് 5900/- രൂപയുടെയും ഡി.ഡി എടുത്ത് സമർപ്പിക്കേണ്ടതാണ്.

2) ലേലത്തിൽ പങ്കെടുക്കൽ- വനം വകുപ്പിന്റെ ഡിപ്പോകളിൽ നടക്കുന്ന ലേലത്തിന്റെ തീയതികൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. ലേലത്തിന് മുമ്പായി അതാത് ഡിപ്പോകളിൽ പോയി തടികൾ കണ്ട് ഉറപ്പ് വരുത്താവുന്നതാണ്.

വിളിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന തടികളുടെ ലോട്ട് നമ്പർ എഴുതി സൂക്ഷിക്കേണ്ടതാണ്. ലേലം നടക്കുന്ന തീയതിയുടെ തലേദിവസം വൈകുന്നേരം 6 മണി വരെ നിരതദ്രവ്യം ഇ-ട്രഷറി സംവിധാനം മുഖാന്തരം ഓൺലൈനായി ഒടുക്കാവുന്നതാണ്. ഇപ്രകാരം പണം ഒടുക്കുമ്പോൾ പേരിന്റെയും വിലാസത്തിന്റെയും കൂടെ ബയർ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്. നിരതദ്രവ്യം ഓൺലൈനായി അടക്കാൻ പ്രയാസമുള്ളവർ പ്രസ്തുത തുകയുടെ ഡി.ഡി ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നെടുത്ത് ബന്ധപ്പെട്ട തടി വിൽപ്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസിൽ ഹാജരാക്കിയാൽ മതി. ലേലം നടക്കുന്ന തീയതിയുടെ തലേദിവസം ഉച്ചക്ക് 2 മണിവരെ ഡി.ഡി ഓഫീസിൽ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം അടച്ചവർക്ക് ലേലസമയത്ത് മേൽ പറഞ്ഞ വെബ്സൈറ്റ് തുറന്ന് യൂസർ ഐഡി, പാസ് വേർഡ് ഉപയോഗിച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

3) തുക ഒടുക്കൽ സ്ഥിരിപ്പെടുത്തിയ ലേലത്തിന്റെ സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ആകെ വിൽപ്പന വിലയുടെ 35% തുകയും, 40 ദിവസത്തിനകം ബാക്കി വിലയും നിയമാനുസൃത നികുതികളും അടവാക്കേണ്ടതാണ്. ഓൺലൈനായി പണം അടക്കാൻ കഴിയാത്തവർക്ക്

അതാത് ഗവൺമെന്റ് ടിമ്പർ ഡിപ്പോകളിൽ നിന്ന് ലഭിക്കുന്ന ചലാൻ വാങ്ങി ട്രഷറിയിൽ പണം ഒടുക്കേണ്ടതാണ്. ലേല നിബന്ധന പ്രകാരം ബാക്കി ഒടുക്കേണ്ട വിൽപന വിലയും നിയമാനുസൃതമുള്ള നികുതികളും ഒടുക്കി അനുവദനീയമായ സമയത്തിനുള്ളിൽ ലേലം കൊണ്ട വസ്തുക്കൾ ഡിപ്പോയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

(ബി) ഭവനനിർമ്മാണം പോലുള്ള സ്വകാര്യ ആവശ്യങ്ങൾക്ക് തടി വാങ്ങാനുദ്ദേശിക്കുന്നവർക്ക് വനം വകുപ്പിന്റെ ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണോ; വ്യക്തമാക്കുമോ?

ഭവനനിർമ്മാണം പോലുള്ള സ്വകാര്യ ആവശ്യങ്ങൾക്ക് വ്യക്തികൾക്ക് പരമാവധി 8 ക്യൂബിക് മീറ്റർ വരെ തടി ലഭിക്കുന്നതിന് എം.എസ്.റ്റി.സി. യിൽ രജിസ്റ്റർ ചെയ്ത് ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് സൗകര്യം ലഭ്യമാണ്. ഇവർക്കും ലേല നിബന്ധന ബാധകമാണ്.

**എറണാകുളത്തെ വനം റേഞ്ചുകളിൽ നിന്ന് മുറിച്ച മരങ്ങൾ**

122 (428) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വനം റേഞ്ചുകളിൽനിന്നും 24-10-2020-ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക്/എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 546 മരങ്ങളാണ് മുറിച്ചിട്ടുള്ളത്.

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതി ഇല്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചത് എന്ന വിവരം ലഭ്യമാക്കാമോ?

546 മരങ്ങളാണ് മുറിച്ചിട്ടുള്ളത്. ഈ മരങ്ങളെല്ലാം തന്നെ വനം വകുപ്പിന്റെ അനുമതിയോടെയാണ് മുറിച്ചിട്ടുള്ളത്.

**പട്ടയ ഭൂമിയിലെ മരംമുറി**

123 (429) ഡോ. മാത്യു കുഴൽനാടൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ പട്ടയ ഭൂമിയിൽനിന്നും മുറിച്ച മരങ്ങൾ കൊണ്ടുപോകുന്നതിന് ആവശ്യമായ രേഖകൾ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നൽകാതിരുന്നിട്ടും വനം വകുപ്പുദ്യോഗസ്ഥർ പാസ് നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വില്ലേജ് ഓഫീസർമാർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കി മാത്രമാണ് തൃശ്ശൂരിൽ പട്ടയ ഭൂമിയിൽ നിന്നും മുറിച്ച മരങ്ങൾ കൊണ്ടുപോകുന്നതിന് വനം വകുപ്പിൽ നിന്നും പാസ് അനുവദിച്ചിട്ടുള്ളത്.

(ബി) ഇക്കാര്യത്തിൽ ഗുരുതരമായ കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വനംവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

വില്ലേജ് ഓഫീസർമാർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കി മാത്രമാണ് തൃശ്ശൂരിൽ പട്ടയ ഭൂമിയിൽ നിന്നും മുറിച്ച മരങ്ങൾ കൊണ്ടുപോകുന്നതിന് വനം വകുപ്പിൽ നിന്നും പാസ് അനുവദിച്ചിട്ടുള്ളത്.

(സി) മരംമുറി വിഷയത്തിൽ മുൻ വനം വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗത്തിനെതിരെ ആരോപണം ഉയർന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ വനംവകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മരംമുറി കേസുമായി ബന്ധപ്പെട്ട് കുറ്റക്കാരെന്ന് കണ്ടെത്തിയ സ്ഥലമുടമകൾ, കച്ചവടക്കാർ, മില്ലുടമകൾ എന്നിവരെ പ്രതികളാക്കി

കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

**വയനാട് ജില്ലയിൽനിന്ന് മുറിച്ച മരങ്ങളുടെ എണ്ണം**

124 (430) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

24.10.2020-ന് ശേഷം വയനാട് ജില്ലയിലെ വനം റേഞ്ചുകളിൽ നിന്ന് മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കുമോ; ഇതിൽ വനം വകുപ്പിന്റെ അനുമതിയോടെ മുറിച്ച മരങ്ങളുടെ എണ്ണവും അനുമതിയില്ലാതെ മുറിച്ച മരങ്ങളുടെ എണ്ണവും എത്രയെന്ന വിവരം ലഭ്യമാക്കാമോ?

24.10.2020-ന് ശേഷം വയനാട് ജില്ലയിലെ വനം റെയിഞ്ചുകളിൽ ഉൾപ്പെട്ട പട്ടയഭൂമിയിൽ നിന്ന് ആകെ 123 ഈട്ടിമരങ്ങളും 86 തേക്ക് മരങ്ങളും മുറിച്ചിട്ടുണ്ട്. പ്രസ്തുത മരങ്ങൾ എല്ലാം തന്നെ വനം വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് മുറിച്ചിട്ടുള്ളത്.

**പാലക്കാട് വനം റേഞ്ചുകളിൽ നിന്നും മുറിച്ച മരങ്ങളുടെ എണ്ണം**

125 (431) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) പാലക്കാട് ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24.10.2020-ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24.10.2020-ന് ശേഷം മുറിച്ച ഈട്ടി/ തേക്ക്/എബണി/ചന്ദനം എന്നിവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | മുറിച്ച മരങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഈട്ടി | 602 |
| 2 | തേക്ക് | 8794 |
| 3 | എബണി | ഇല്ല |
| 4 | ചന്ദനം | ഇല്ല |
| | ആകെ | 9396 |

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതിയില്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചതെന്ന വിവരം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ മുറിച്ചിട്ടുള്ള 9396 മരങ്ങളും വനം വകുപ്പിന്റെ അനുമതിയോടെയാണ് മുറിച്ചിട്ടുള്ളത്.

## വയനാട്ടിലെ മരം മുറി

126 (432) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വയനാട്ടിലെ മുട്ടിൽ മരം മുറി സംഭവത്തെ തുടർന്ന് വനഭൂമിയിൽ നിന്നും മരം മുറി നടന്നിട്ടുണ്ടോ എന്ന് വനം വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി) ഏതെല്ലാം മേഖലകളിൽ നിന്നും എത്ര മരങ്ങളാണ് മുറിച്ചു മാറ്റിയതെന്നും ഇതിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണമെത്രയെന്നും വ്യക്തമാക്കുമോ?

(സി) വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് പ്രസ്തുത കാര്യത്തിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) പരിശോധന നടത്തിയിട്ടുണ്ട്. വനഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കപ്പെട്ടിട്ടില്ല..

## തൃശ്ശൂരിലെ വനം റേഞ്ചുകളിൽ നിന്ന് മുറിച്ച മരങ്ങൾ

127 (433) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) തൃശ്ശൂർ ജില്ലയിലെ വനം റേഞ്ചുകളിൽനിന്നും 24.10.2020-ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക്/എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ വനം റേഞ്ചുകളിലെ പട്ടയഭൂമികളിൽ നിന്നും 24/10/2020-നുശേഷം മുറിച്ച മരങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തേക്ക് - 743

ഈട്ടി - 11

ചന്ദനം - 1

എബണി - ഇല്ല

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതിയില്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചതെന്ന വിവരം ലഭ്യമാക്കാമോ?

ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങൾ

തേക്ക് - 555

ഈട്ടി - 11

ചന്ദനം - 0

വനം വകുപ്പിന്റെ അനുമതി ഇല്ലാതെ മുറിച്ച മരങ്ങൾ

തേക്ക് - 188

ഈട്ടി - 0

ചന്ദനം - 1

**സ്വാഭാവിക വനങ്ങളുടെ സംരക്ഷണം**

128 (434) ശ്രീ. കെ.ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. രാജ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വനം വകുപ്പിന്റെ പ്രഥമ പരിഗണന അർഹിക്കുന്ന സ്വാഭാവിക വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ജനകീയ സമിതികൾ വഴിയുള്ള ജനപങ്കാളിത്തത്തോടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും വനസംരക്ഷണ പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. വനം-വന്യജീവി നിയമങ്ങൾ പാലിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിലൂടെ അനധികൃതമരംമുറി, വനംകയ്യേറ്റം, നായാട്ട് എന്നിവ തടയുന്നു. സ്വാഭാവിക

വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണത്തിനായി കുളം നിർമ്മാണം, മുളതൈ നടീൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കാട്ടുതീ ഉണ്ടാകാതിരിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഉൾക്കാട്ടിൽ ക്യാമ്പ് ഷെഡുകളിൽ താമസിച്ചും വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം ഉറപ്പിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി വനവിസ്തൃതി വർദ്ധിച്ചിരുന്നോ എന്ന് അറിയിക്കാമോ?

വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ട്.

(സി) വനാതിർത്തി ബണ്ട് കെട്ടി വേർതിരിച്ച് നടത്തുന്ന വന സംരക്ഷണത്തോടൊപ്പം വനാതിർത്തി പങ്കിടുന്ന ഭൂഉടമസ്ഥർ കൈവശാവകാശം നേടുന്നതിനും മറ്റും നേരിടുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുമോ?

സമയബന്ധിതമായി പരിഹരിച്ച് വരുന്നുണ്ട്.

(ഡി) ഇപ്രകാരമുള്ളവർക്ക് നിരാക്ഷേപ പത്രം നൽകുന്നതിന് വലിയ കാലതാമസമുണ്ടാകുന്നതായ പരാതി പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും നിരാക്ഷേപപത്രം

കാലതാമസമില്ലാതെ നല്കിവരികയും ചെയ്യുന്നുണ്ട്.

## പട്ടയഭൂമിയിൽ നിന്നും അനധികൃതമായി മരം മുറി

129 (435) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പട്ടയഭൂമിയിൽ നിന്നും അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂവുടമകളായ ആർക്കെങ്കിലുമെതിരെ സംസ്ഥാനത്ത് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പട്ടയഭൂമിയിൽ നിന്നും അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂവുടമകളായവർക്കെതിരെ വയനാട് സൗത്ത് ഡിവിഷനിൽ 15 കേസ്സുകളും കാസർഗോഡ് ഡിവിഷനിൽ 5 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ കേസ്സുകൾ സംബന്ധിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ടി കേസ്സുകൾ സംബന്ധിച്ചുള്ള അന്വേഷണം പ്രാരംഭഘട്ടത്തിലാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മരം മുറിച്ചു കടത്തിയതിന് കേസ്

130 (436) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 24-10-2020-നുശേഷം പട്ടയ ഭൂമിയിൽ നിന്നും ഈട്ടി/തേക്ക്/എബണി/ചന്ദനം എന്നീ മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയതിന് എത്ര കേസുകളാണ് എടുത്തിരിക്കുന്നതെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

അനധികൃതമായി മരങ്ങൾ മുറിച്ചുകടത്തിയതിന് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | തേക്ക്/ ഈട്ടി/എബണി/ ചന്ദനം എന്നീ മരങ്ങൾ മുറിച്ചു കടത്തിയതിന് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം |
|---|---|---|
| 1 | ഇടുക്കി | 52 |
| 2 | എറണാകുളം | 89 |
| 3 | തൃശ്ശൂർ | 59 |
| 4 | പാലക്കാട് | 0 |
| 5 | വയനാട് | 51 |
| | ആകെ | 251 |

## പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായ കണ്ടൽക്കാട്ടുകൾ

131 (437) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

വനനിയമപ്രകാരം പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്തിട്ടുള്ള കണ്ടൽക്കാട്ടുകളുടെ വിസ്തീർണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പാരിസ്ഥിതികവും ജൈവവൈവിധ്യപരവുമായ പ്രാധാന്യമർഹിക്കുന്ന കണ്ടൽക്കാട്ടുകൾ വനനിയമ പ്രകാരം റിസർവ് വനമായി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ 94.77 ഹെക്ടറും എറണാകുളം ജില്ലയിൽ 65.83 ഹെക്ടറും, മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും, കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും (ആകെ 184.2 ഹെക്ടർ) കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 4 പ്രകാരം " പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കാസർകോട് ജില്ലയിൽ 54.6952 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് വനമായി വിജ്ഞാപനം ചെയ്ത് സംരക്ഷിച്ചുവരുന്നു.

## കണ്ടൽക്കാടുകളെ റിസർവ് വനമായി പ്രഖ്യാപിക്കൽ

132 (438) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ പുതുവൈപ്പ് വില്ലേജിൽ 65.83 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ വെണ്മനാട് വില്ലേജിൽ 94.77 ഹെക്ടർ കണ്ടൽക്കാടും ആലപ്പുഴ ജില്ലയിലെ പുറക്കാട് 175 ഹെക്ടറും കേരള വന നിയമം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ അധീനതയിലുള്ള ഭൂമിയാണ് ഇത്തരത്തിൽ റിസർവ്വായി പ്രഖ്യാപിക്കുന്നത്. സെക്ഷൻ 19 വരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

## സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ

133 (439) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുത്ത് റിസർവ് വനമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇപ്രകാരം ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. ആകെ 52.615 ഹെക്ടർ സ്വകാര്യ കണ്ടൽക്കാട് വിട്ടുനൽകുന്നതിന് ഉടമസ്ഥർ ഇതുവരെ സമ്മതം നൽകിയിട്ടുണ്ട്. ഇ.എഫ്.എൽ നിയമം 2003, സെക്ഷൻ 15 പ്രകാരമുള്ള ഉപദേശകസമിതി പരിശോധനക്കുശേഷം സംരക്ഷണം ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന ഭൂമിയാണ് സെക്ഷൻ 4 പ്രകാരം നോട്ടിഫൈ ചെയ്യുന്നത്. ഈ ഭൂമിക്ക് നഷ്ടപരിഹാരസമിതി നിർണ്ണയിക്കുന്ന വില നൽകുന്നതുമാണ്. ഇപ്രകാരമുള്ള നടപടികൾ കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

**അമ്പൂരി തൊട്ടുമല സെറ്റിൽമെന്റ് കോളനി വികസനം**

134 (440) <u>ശ്രീ സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) പാറശാല മണ്ഡലത്തിലെ അമ്പൂരി തൊട്ടുമല സെറ്റിൽമെന്റ് കോളനിയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ

വകുപ്പുകളിൽനിന്നും ഫണ്ട് അനുവദിച്ച നടപടികൾ പൂർത്തിയാക്കിയിട്ടും വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തത് കാരണം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ വരുന്ന അമ്പൂരി തൊടുമല സെറ്റിൽമെൻറ് കോളനിയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന റോഡുകൾ ഇന്റർലോക്ക് ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ടി റോഡുകൾ പരിശോധിച്ച് ആയവ അംഗീകരിച്ചിട്ടുള്ളതുമാണ് 1. പുരവിമല ഇ.ഡി.സി.റോഡ് 2. പുരവിമല ഉലവ്മുട്ടിക്കുഴി 3. അയ്യവിളാകം- തൊടുവര 4. പൂവൻപാറ- വള്ളക്കടവ് 5. പീയണിപ്പാറ - കണ്ണമ്മാമൂട് 6. പീയണിപ്പാറ - വെല്ലി 7. പൊട്ടൻകാവ് - തൊടുമല 8. പുരവിമല – തേക്കിന്മൂട് എന്നാൽ ചാക്കപ്പാറ-പീയണിപ്പാറ (അണമുഖം) റോഡിന്റെ നിർമ്മാണത്തിനായി അനുമതി ആവശ്യപ്പെട്ടിരുന്നെങ്കിലും സംസ്ഥാന വന്യജീവി ബോർഡ് ആയത് നിരസിക്കുകയുണ്ടായി.

(ബി) ഈ മേഖലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1500-ലധികം

വരുന്ന ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുന്നതിലേക്കായി പ്രസ്തുത പദ്ധതികൾക്ക് അടിയന്തര പ്രാധാന്യത്തോടെ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

വന്യജീവി സങ്കേതത്തിനകത്ത് നിയമാനുസരണം അനുവദനീയമായ പദ്ധതികൾ നടത്തുന്നതിനുള്ള അനുമതി ചുമതലപ്പെട്ട അധികാരി /ബോർഡിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്;

(സി) പ്രസ്തുത മേഖലയിൽ റോഡ് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

1980-ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിന്റെയും, 2006-ലെ വനാവകാശ നിയമത്തിന്റെയും സംസ്ഥാന, കേന്ദ്ര വനം വന്യജീവി ബോർഡിന്റെ മാനദണ്ഡ പ്രകാരവുമാണ് അനുമതി നൽകുന്നത്.

## പെരുമ്പെട്ടി മേഖലയിലെ വനാതിർത്തി നിർണയ സർവ്വേ

135(441) <u>ശ്രീ പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) പൊന്തൻപുഴ, പെരുമ്പെട്ടി മേഖലയിലെ വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയാകാത്തതിനാൽ പ്രദേശത്തെ കർഷകരും കൈവശാവകാശികളും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പുമായി ചേർന്ന് പ്രസ്തുത വനാതിർത്തി നിർണ്ണയ സർവ്വേയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ കൂടി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

22.01.2021-ലെ ബഹു. വനം-റവന്യൂ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ അവശേഷിക്കുന്ന ജോയിന്റ് സർവ്വേ, 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സർവ്വേ നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ആധികാരിക സ്കെച്ച് ലഭ്യമല്ല. ലഭ്യമായ സ്കെച്ചുകൾ 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമാണെന്ന് സ്ഥാപിക്കുന്ന യാതൊരു രേഖപ്പെടുത്തലുകളുമില്ല. അപ്രകാരം ആധികാരികമല്ലാത്ത ഒരു സ്കെച്ചിനെ അടിസ്ഥാനപ്പെടുത്തി വനഭൂമിയുടെ സ്റ്റാറ്റസ് നിർണ്ണയിക്കുക അസാധ്യമാണ്. ആയതിനാലാണ് സർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തത്. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ശബരിമലയിലെ റീ സർവ്വേ നടപടികൾ

136(442) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ശബരിമലയിൽ വനം, ദേവസ്വം വകുപ്പുകളുടെ കീഴിലുള്ള ഭൂമിയുടെ വിസ്തീർണ്ണം തീരുമാനിക്കുന്നതിനായി റീസർവ്വേ നടപടികൾ പുരോഗമിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇത്തരമൊരു റീസർവ്വേ നടപടിയിലേക്ക് നയിച്ച സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

ബഹു. കേരള ഹൈക്കോടതിയുടെ 17-10-2017-ലെ ഡി.എ.ബി-13/2016 ഉത്തരവ് പ്രകാരമാണ് സർവ്വേ നടത്തിയിട്ടുള്ളത്.

(സി) ഏതൊക്കെ പ്രദേശങ്ങൾ സംബന്ധിച്ചാണ് വനം വകുപ്പുമായി തർക്കമുള്ളതെന്ന് വെളിപ്പെടുത്തുമോ?

വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സന്നിധാനത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് പാട്ടത്തിനോ/ വനേതര ഉപയോഗങ്ങൾക്കായി ഡൈവേർട്ട് ചെയ്തുകൊടുത്ത സ്ഥലവും, യഥാർത്ഥത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈവശം

വച്ചിരിക്കുന്നതും തമ്മിലുള്ള പൊരുത്തക്കേടുകൾ സംബന്ധിച്ചാണ് തർക്കം നിലനിൽക്കുന്നത്.

## ആലപ്പുഴ ജില്ലയിലെ സാമൂഹിക വനവത്ക്കരണ പദ്ധതി

137(443) ശ്രീ തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആലപ്പുഴ ജില്ലയിൽ സാമൂഹിക വനവത്ക്കരണ പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിൽ സാമൂഹിക വനവത്ക്കരണ പദ്ധതി കാര്യക്ഷമമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഹരിതകേരള മിഷന്റെ ഭാഗമായി നടത്തിവരുന്ന എന്റെ മരം, നമ്മുടെ മരം തുടങ്ങിയ വൃക്ഷത്തൈ വിതരണ പരിപാടികൾ.

2. വഴിയോരത്തണൽ പദ്ധതിപ്രകാരം കൂടുതൽ പാതയോരങ്ങളിൽ വൃക്ഷവൽക്കരണം.

3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി കൂടുതൽ സ്ഥാപനങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ.

4. തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ് മുഖാന്തരം ചെറുവനങ്ങളുടെ മാതൃകയിൽ വിദ്യാവനങ്ങൾ സ്ഥാപിക്കൽ.

5. നഗരവനം പദ്ധതിയുടെ വ്യാപനം.

6. വനവിജ്ഞാന വ്യാപന പ്രക്രിയയുടെ ഭാഗമായി ക്ലാസ്സുകൾ, സെമിനാറുകൾ.

7. തീരം ഹരിതാഭമാക്കി സംരക്ഷിക്കുവാൻ കടലോര മേഖലയിൽ കാറ്റാടി നടുന്ന പരിപാടിയുടെ വ്യാപനം.

8. വേമ്പനാട് തണ്ണീർത്തട പരിപാലനം, പക്ഷി സംരക്ഷണം, കടലാമ സംരക്ഷണം തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ

9. ഗാന്ധിവനം റിസർവ് ഏരിയയിൽ എക്കോട്ടൂറിസം പദ്ധതിയുടെയും പള്ളിത്തോട് കേന്ദ്രീകരിച്ച് പക്ഷി സംരക്ഷണ പരിപാടികളുടെ സാധ്യത പ്രയോജനപ്പെടുത്തും.

(ബി) കാവുകൾ സംരക്ഷിക്കുന്നതിനും തരിശായ പൊതുസ്ഥലങ്ങളിൽ ചെറിയ വനങ്ങൾ സൃഷ്ടിക്കുന്നതിനും കായലോരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

1. കാവ് സംരക്ഷണത്തിനായി ദീർഘകാല അടിസ്ഥാനത്തിൽ ഉടമകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

2. സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബിന്റെ സഹായത്തോടെ ചെറു വനങ്ങളുടെ മാതൃകയിൽ വിദ്യാവനങ്ങൾ തയ്യാറാക്കി വരുന്നുണ്ട്.

3. വേമ്പനാട് വെറ്റ്-ലാന്റ് കൺസർവേഷൻ പദ്ധതിയുടെ ഭാഗമായി തണ്ണീർത്തടങ്ങളുടെ അരികിൽ മണ്ണൊലിപ്പ് തടയുന്നതിനായി രാമച്ചം വച്ചുപിടിപ്പിക്കുന്ന നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കിവരുന്നു.

## ലക്കിടി ചെക്ക്പോസ്റ്റ് വഴി പരിശോധന

138 (444) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) 03-02-2021-ന് സൂര്യ ടിംബേഴ്സ് എന്ന സ്ഥാപനത്തിന്റെ മരം കൊണ്ടുപോകുന്ന വാഹനം ലക്കിടി ചെക്ക്പോസ്റ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഇല്ല. പ്രസ്തുത വാഹനം പരിശോധനയ്ക്ക് വിധേയമാക്കാതെയാണ് ചെക്ക് പോസ്റ്റ് വഴി കടന്നുപോയിട്ടുള്ളതെന്ന് അന്വേഷണത്തിൽ

ബോധ്യമായിട്ടുണ്ട്. ചെക്ക് പോസ്റ്റ് ജീവനക്കാരുടെ കൃത്യവിലോപമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ദിവസം ജോലിയിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ടി വിഷയവുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയുടെ ഭാഗമായി ചെക്ക് പോസ്റ്റിൽ അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറേയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയ വീട്ടിത്തടികൾ പരിശോധനയ്ക്ക് വിധേയമാക്കാതെ കടത്തി വിട്ടതുവഴി കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാലാണ് ടിയാൻമാരെ സസ്പെൻഡ് ചെയ്തിട്ടുള്ളത്.

**അകമല, പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം**

139 (445) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

വടക്കാഞ്ചേരി മേഖലയിലെ വനംകൊള്ളയും കാട്ടുതീയും തടയുന്നതിന് നിർണ്ണായകമായ പങ്ക് വഹിക്കുന്ന അകമല, പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പ്രസ്തുത സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ പുനഃസ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**കുളക്കാട്ടുകുറിശ്ശി മേക്കാട്ടിൽ കോളനി റോഡ് റീ-ടാറിങ്ങ്**

140(446) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കുളക്കാട്ടുകുറിശ്ശി മേക്കാട്ടിൽ കോളനിയിലേയ്ക്കുള്ള പഴയ ടാർ റോഡിൽ വനം വകുപ്പിന്റെ അധീനതയിൽ വരുന്ന ഭാഗം റീ-ടാർ ചെയ്യാൻ അനുമതി നൽകാത്തതിനാൽ കോവിഡ് രോഗികളും പട്ടികജാതി കോളനി നിവാസികളും ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കുളക്കാട്ടുകുറിശ്ശി മേക്കാട്ടിൽ കോളനിയിലേയ്ക്കുള്ള പഴയ ടാർ റോഡിൽ വനം വകുപ്പിന്റെ അധീനതയിൽ വരുന്ന ഭാഗം റീ-ടാർ ചെയ്യുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷകളൊന്നും തന്നെ ബന്ധപ്പെട്ട അധികാരികളിൽനിന്നും ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത റോഡ് റീ-ടാറിങ്ങ് ചെയ്ത് യാത്രാ യോഗ്യമാക്കുവാൻ ആവശ്യമായ അനുമതി നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

റോഡ് റീ-ടാർ ചെയ്യുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ചേശ്വരം പഞ്ചായത്തിലെ റോഡിന് അനുമതി**

141 (447) ശ്രീ എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മഞ്ചേശ്വരം പഞ്ചായത്തിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിലുള്ള ഭൂമിയിലൂടെ കടന്നുപോകുന്ന 50 കുടുംബങ്ങൾക്കുള്ള റോഡ് ഗതാഗത യോഗ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാസർഗോഡ് റേഞ്ചിന്റെ കീഴിൽ മഞ്ചേശ്വരം പഞ്ചായത്തിൽ സെക്ഷൻ 4 നോട്ടിഫിക്കേഷൻ വന്നിട്ടുള്ള ഉദ്യാവാറിൽ 4 റോഡുകൾ കടന്നു പോകുന്നുണ്ട്. ടി നാലു മൺറോഡുകളും വാഹനങ്ങൾ കടന്നുപോകുന്ന തരത്തിൽ ഗതാഗതയോഗ്യമാണ്.

(ബി) പ്രസ്തുത റോഡ് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ആയതിന് അനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സെക്ഷൻ 4 നോട്ടിഫിക്കേഷൻ വന്നിട്ടുള്ളതും ഫൈനൽ നോട്ടിഫിക്കേഷൻ നടപടികൾ നടന്നുവരുന്നതുമായ മേൽ സ്ഥലത്തുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. വനം വകുപ്പിന്റെ അനുമതിക്കായി മിനിസ്ട്രി ഓഫ് എൻവയോൺമെന്റിന്റെ പരിവേഷ് സൈറ്റിലൂടെ യൂസർ ഏജൻസി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## മലയോര ഹൈവേയ്ക്കായി വനഭൂമി

142 (448) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) മലപ്പുറം ജില്ലയിൽ മലയോര ഹൈവേയ്ക്കായി റോഡ് വീതി കൂട്ടുന്നതിന് വനം വകുപ്പിൽ നിന്നും വിട്ടു നൽകേണ്ട ഭൂമി എത്രയെന്നും ഇത് ഏതെല്ലാം ഫോറസ്റ്റ് റേഞ്ചുകളിലാണെന്നും വ്യക്തമാക്കാമോ?

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാടിന്റെ പരിധിയിൽ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിലൂടെയാണ് മലപ്പുറം ജില്ലയിലെ മലയോര ഹൈവേ വീതികൂട്ടൽ പ്രവൃത്തി നടത്തേണ്ടത്. നിലമ്പൂർ നോർത്ത്:- നിലമ്പൂർ നോർത്ത് ഡിവിഷന് കീഴിൽ നിലവിൽ പൂക്കോട്ടുംപാടം - തമ്പുരാട്ടികല്ല്, പൂക്കോട്ടുംപാടം - മൂലേപ്പാടം, മൂലേപ്പാടം - നായാടുംപൊയിൽ എന്നീ പാതകൾക്കാണ് മലയോര ഹൈവേയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇവ ഉൾപ്പെടുന്ന വനഭൂമി എടവണ്ണ, നിലമ്പൂർ, വഴിക്കടവ് റെയിഞ്ചുകളിൽ ഉൾപ്പെടുന്നു. എല്ലാ നിർദ്ദിഷ്ട പാതകളുടെയും അലൈൻമെന്റ്, സർവ്വേ എന്നിവ പൂർത്തിയാക്കാതെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. മാത്രമല്ല നിർദ്ദിഷ്ട പൂക്കോട്ടുംപാടം - മുണ്ടേരി - അരണപ്പുഴ പാതയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുമില്ല. നിലമ്പൂർ സൗത്ത് :- നിർദ്ദിഷ്ട മലയോര ഹൈവേയുമായി ബന്ധപ്പെട്ട റോഡ് വീതി കൂട്ടുന്നതിന് ലഭ്യമായ അപേക്ഷ പ്രകാരം നിലമ്പൂർ സൗത്ത് ഡിവിഷനിലെ കാളികാവ് റെയിഞ്ചിൽ ഉൾപ്പെട്ട 0.016689 ഹെക്ടർ വനഭൂമി വിട്ടു നൽകേണ്ടതായുണ്ട്. മലയോര ഹൈവേ നിർമ്മാണത്തിനായി വനഭൂമി വിട്ടു നൽകുന്നതിന് യൂസർ ഏജൻസി അലൈൻമെന്റ്, സർവ്വേ എന്നിവ പൂർത്തീകരിച്ച ശേഷം കേന്ദ്ര സർക്കാരിന്റെ

ബന്ധപ്പെട്ട ' പരിവേഷ് ' പോർട്ടലിൽ, ജില്ലയ്ക്ക് ഒന്ന് എന്ന നിലയിൽ യൂസർ ഏജൻസി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ മലപ്പുറം ജില്ലയിൽ എത്ര വനഭൂമി വിട്ടു നൽകേണ്ടിവരും എന്നതിന് വ്യക്തതയുണ്ടാവുകയുള്ളൂ.

(ബി) പ്രസ്തുത ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സർവ്വേ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

നിലമ്പൂർ നോർത്ത്:- നിർദ്ദിഷ്ട പൂക്കോട്ടുംപാടം - തമ്പുരാട്ടിക്കല്ല് പാതയിലെ സർവ്വേ നടത്തിയിട്ടുണ്ട്. നിർദ്ദിഷ്ട മൂലേപ്പാടം - കക്കാടംപൊയിൽ റോഡിന്റെ സർവ്വേ രണ്ടാഴ്ചയ്ക്കകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലമ്പൂർ സൗത്ത്:- ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതിനായി കൂടുതൽ ഫോറസ്റ്റ് സർവ്വേയർമാരെ ജോലി ക്രമീകരണാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലമ്പൂർ നോർത്ത് :- നിലവിൽ ഫോറസ്റ്റ് മിനി സർവ്വേയിൽ നിന്ന് ഒരു സർവ്വേയറെ മലയോര ഹൈവേയുടെ സർവ്വേ പ്രവൃത്തികൾക്കായി നിയോഗിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ സർവ്വേയർമാരെ യൂസർ ഏജൻസിയുടെ ആവശ്യപ്രകാരം നിയോഗിക്കുന്നതാണ്.

നിലമ്പൂർ സൗത്ത് :- സർവ്വേ നടപടി പൂർത്തിയായിട്ടുള്ളതാണ്.

(ഡി) മലയോര ഹൈവേയുടെ ഭാഗമായ മുണ്ടേരി – മേപ്പാടി വനഭൂമിയിൽ കണക്ടിവിറ്റിക്കായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർവ്വേയോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ?

നിലമ്പൂർ നോർത്ത്:- നിർദ്ദിഷ്ട മുണ്ടേരി - അരണപ്പുഴ റീച്ചിലെ മലയോര ഹൈവേ മലപ്പുറം ജില്ലയിൽ പൂർണ്ണമായും, വനഭൂമിയിലൂടെയാണ് കടന്നു പോകുന്നത്. ഈ പാത കടന്നു പോകുന്ന നിലമ്പൂർ കോവിലകം നിക്ഷിപ്ത വനം, ദുരന്ത നിവാരണ അതോറിറ്റിയുടെ പഠന പ്രകാരം അതീവ ദുരന്ത സാദ്ധ്യതാ മേഖലയിൽ ഉൾപ്പെടുന്നതാണ്. ഈ പാതയുടെ ആരംഭ ഭാഗത്തിന് അടുത്താണ് നിരവധി പേരുടെ ജീവൻ കവർന്ന ഉരുൾപൊട്ടൽ ഉണ്ടായ കവളപ്പാറ. ഈ പാത വയനാട്ടിലേക്ക് പ്രവേശിക്കുന്ന ഭാഗത്തിനടുത്താണ് ഉരുൾപൊട്ടൽ മൂലം അനേകം പേരുടെ ജീവൻ കവർന്ന പുത്തുമല സ്ഥിതി ചെയ്യുന്നത്. മലയോര ഹൈവേയുടെ ഈ ഭാഗത്തെ നിർമ്മാണം കീഴ്ക്കാംതൂക്കായ മലകളെ മുറിച്ചു കൊണ്ടാണ് കടന്നുപോകുന്നത്. ആയത് രൂക്ഷമായ മണ്ണിടിച്ചിലിനും, ഉരുൾപൊട്ടലിനും, മനുഷ്യജീവന്റെ നാശത്തിനും കാരണമാകും. നിർദ്ദിഷ്ട പാത ഉൾപ്പെടുന്ന വനഭൂമിയിലൂടെ

നിലവിൽ റോഡ് ഇല്ലാത്തതാണ്. റോഡ് നിർമാണത്തിനായി ആയിരക്കണക്കിന് മരങ്ങൾ മുറിച്ച് മാറ്റേണ്ടി വരും. ഈ വനഭ്രമി നിലമ്പൂർ എലിഫെന്റ് കോറിഡോർ, നീലിഗിരി ബയോസ്റ്റിയർ റിസർവ് എന്നിവയിൽ ഉൾപ്പെടുന്ന വനമേഖലയാണ്. ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വയനാട് ഭാഗത്ത് നിന്നും, നീലഗിരി ഭാഗത്തേയ്ക്ക് കടന്നു പോകുന്നത്, നിർദ്ദിഷ്ട പാത ഉൾപ്പെടുന്ന ഭാഗം മുറിച്ചു കടന്നാണ്. ഈ പാതയുടെ നിർമ്മാണം ആനത്താരയെയും, മറ്റു മൃഗങ്ങളുടെ സഞ്ചാരപാതയെയും വിഭജിക്കുകയും, വന്യജീവികളുടെ സഞ്ചാരത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. ഇത് ഈ വനമേഖലയ്ക്ക് ചുറ്റുമുള്ള മനുഷ്യ വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് ഇടയാക്കും.

**കോതമംഗലം തേര കോളനി റോഡ് നിർമ്മാണം**

143 (449) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസനത്തിന് അനുമതി ലഭിച്ചിട്ടുള്ള തേര ആദിവാസി കോളനിയിലെ

റോഡ് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്ന് അനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസനത്തിന് അനുമതി ലഭിച്ചിട്ടുള്ള തേര ആദിവാസി കോളനിയിലെ റോഡ് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്ന് അനുമതി ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിലുള്ള റോഡിന്റെ കോൺക്രീറ്റിംഗിന് വനം വകുപ്പിൽ നിന്ന് അനുമതി നേടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അനുമതി വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ?

കല്ലേലിമേട് - തേര ആദിവാസി കോളനി റോഡ് കോൺക്രീറ്റിംഗിന് വനാവകാശ നിയമപ്രകാരം അനുമതി ആവശ്യപ്പെട്ടുകൊണ്ട് യൂസർ ഏജൻസിയായ മൂവാറ്റുപുഴ ട്രൈബൽ ഓഫീസറുടെ അപേക്ഷ മലയാറ്റൂർ ഡിവിഷനിൽ ലഭിച്ചിരുന്നു. റോഡ് കോൺക്രീറ്റിംഗ് സംബന്ധിച്ച തീരുമാനം, തേര കോളനിയുടെ ഊരുകൂട്ടത്തിൽ വനാവകാശ നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണോ എടുത്തിട്ടുള്ളത് എന്നുള്ളത് അറിയുവാൻ യൂസർ ഏജൻസിയോട് 17-03-2021-ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 12-07-2021-ന് മാത്രമാണ് യൂസർ

ഏജൻസിയിൽ നിന്ന് റിപ്പോർട്ട് ലഭ്യമായത്. ആയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) വിവിധ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ള തേര ആദിവാസി കോളനിയിൽ പ്രസ്തുത റോഡ് നിർമ്മാണം പൂർത്തിയാകാതെ മറ്റ് വികസന പ്രവർത്തനങ്ങൾ സാധ്യമാകില്ല എന്നതിനാൽ റോഡ് നിർമ്മാണത്തിനുള്ള അനുമതി അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വനാവകാശനിയമം, അനുബന്ധ നിയമങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കല്ലേലിമേട്-തേര കോളനി റോഡ് കോൺക്രീറ്റിംഗുമായി ബന്ധപ്പെട്ട് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

## വനം വകുപ്പിലെ വാച്ചർ നിയമനം

144 (450) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ?

(എ) വനം വകുപ്പിലെ വിവിധ വാച്ചർ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ?

നിലവിലുണ്ട്.

(ബി) ഇവയിൽ നിന്ന് എത്ര നിയമനങ്ങൾ നടന്നുവെന്നും നിലവിലുള്ള ഒഴിവുകൾ എത്രയെന്നും പ്രസ്തുത തസ്തികകളിലെ അംഗീകൃത അംഗബലം എത്രയെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് വാച്ചർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും എൻ.ജെ.ഡി. ഉൾപ്പെടെ ആകെ 157 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. എൻ.ജെ.ഡി. ഉൾപ്പെടെ 9 ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാച്ചർ തസ്തികയുടെ ആകെ അംഗീകൃത അംഗബലം 209 ആണ്.

(സി) വാച്ചർ തസ്തികയിൽ താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; ടി തസ്തികകളിലെ സ്ഥാനക്കയറ്റം യഥാസമയം നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

അനുവദനീയ വാച്ചർ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല. ടി തസ്തികകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തുന്നത്. ജില്ലാ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് ടി തസ്തികകളുടെ ശമ്പള സ്കെയിലിനേക്കാൾ താഴ്ന്ന ആറ്

ശമ്പള സ്കെയിലിൽ ഉള്ള (ഓഫീസ് അറ്റൻഡന്റ്, വാച്ചർ തസ്തികയിൽ ഉള്ളവർ ഉൾപ്പെടെ) ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ ജില്ലാതല സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ക്ലാർക്ക്/ ടൈപ്പിസ്റ്റുമാരായി തസ്തിക മാറ്റം നൽകുന്നുണ്ട്.

## കാഷ്വൽ സ്വീപ്പറുടെ വേതന കുടിശ്ശിക

145 (451) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ചെങ്ങന്നൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഓഫീസിൽ 05-01-2016 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി പി. ബിന്ദുവിന്റെ 2020-21 സാമ്പത്തിക വർഷത്തെ 10 മാസത്തെയും തുടർന്നുള്ള 2 മാസത്തെയും വേതന തുക കുടിശ്ശിക ആകാനുള്ള കാരണം എന്തെന്ന് അറിയിക്കാമോ?

ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ദിവസ വേതന തൊഴിലാളികൾക്ക് വേതനം നൽകിവരുന്ന 2406-01-102-98-00-02-04 എന്ന ശീർഷകത്തിൽ 2020-2021-ൽ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി ബിന്ദു.പി.-യുടെ 06/2020

മുതൽ 03/2021 വരെയുള്ള 10 മാസത്തെ വേതനം കുടിശ്ശികയായത്. ഇതിൽ 06/2020-ലെ ഒരു മാസത്തെ ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 2021-2022 വർഷത്തിൽ 04/2021, 05/2021 എന്നീ രണ്ടു മാസത്തെ വേതനം കൂടി കുടിശ്ശികയുണ്ട്.

(ബി) ഈ വേതന കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

2406-01-102-98-00-02-04 എന്ന ശീർഷകത്തിൽ അധിക ഫണ്ട് ലഭ്യമാക്കുവാനും അല്ലെങ്കിൽ മറ്റേതെങ്കിലും ശീർഷകത്തിൽ ടി വേതന കുടിശ്ശിക തീർക്കുന്നതിന് ഫണ്ട് ലഭ്യമാക്കുവാനും ആലപ്പുഴ, ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതു ലഭ്യമാകുന്ന മുറയ്ക്ക് മേൽ കുടിശ്ശിക അനുവദിക്കുവാൻ കഴിയും.

**വനം വിജിലൻസ് അന്വേഷണം**

146 (452) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി.സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) റവന്യൂ വകുപ്പ് 24-10-2020-ന് പുറത്തിറക്കിയ ഉത്തരവിനെ തുടർന്ന് നടന്ന അനധികൃത മരം മുറിക്കലിനെക്കുറിച്ച് വനം വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(സി) മേൽപറഞ്ഞ ഉത്തരവിനെത്തുടർന്ന് അനധികൃതമായി മുറിച്ചു മാറ്റിയ ഈട്ടി മരങ്ങളുടെ എണ്ണം വിജിലൻസ് വിഭാഗം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ഡി) പാലക്കാട് മണ്ണാർക്കാട് റേഞ്ചിൽ നിന്ന് 4000 മരങ്ങളും അഗളി റേഞ്ചിൽ നിന്നും 3500 മരങ്ങളും മുറിച്ച് കടത്തി എന്ന റിപ്പോർട്ടുകൾ പുറത്തുവരുമ്പോൾ വനം വിജിലൻസ് വിഭാഗം കണക്കുകൾ കുറച്ചുകാണിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി-ഡി) വനം വിജിലൻസ് വകുപ്പിന്റെ റിപ്പോർട്ടു പ്രകാരം 11-03-2020 തീയതി മുതൽ 10-06-2021 തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ LA പട്ടയ ഭൂമികളിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമായ 2248 തേക്ക് മരങ്ങളും (Volume-1612.121 M3), 171 ഈട്ടി മരങ്ങളും

(Volume- 327.584 M3) അനധികൃതമായി മുറിച്ച് നീക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. മരം മുറി സംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരികയാണ്.

## പട്ടയ ഭൂമിയിലെ മരം മുറി

147 (453) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പട്ടയ ഭൂമിയിൽ നടന്ന മരംമുറിമൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് വനം വകുപ്പ് കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉണ്ട്. ഏകദേശം 1441.75 ലക്ഷം രൂപയുടെ മരങ്ങളാണ് ലഭ്യമായ പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം സർക്കാരിന് നഷ്ടമായിട്ടുള്ളതായി കണക്കാക്കിയിട്ടുള്ളത്. ഇതിൽ 844.889 ലക്ഷം രൂപയുടെ തടികൾ പിടിച്ചെടുത്തിട്ടുണ്ട്. സർക്കാർ നിയോഗിച്ച പ്രത്യേക അന്വേഷണ

സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(ബി) മരങ്ങൾ മുറിക്കുന്നത് തടസപ്പെടുത്തുന്ന രീതിയിൽ ഉത്തരവുകൾ പാസാക്കുന്നതോ നേരിട്ട് തടസപ്പെടുത്തുന്നതോ ഗുരുതര കൃത്യവിലോപമായി കണക്കാക്കി അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവിൽ വ്യവസ്ഥ ഉണ്ടായിരുന്നത് വനംവകുപ്പ് ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കാൻ കാരണമായി എന്ന് കരുതുന്നുണ്ടോ?

വനം വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഈ ഉത്തരവിൽ വ്യക്തത ആവശ്യപ്പെട്ട് റവന്യൂ വകുപ്പ് ഓഫീസർമാരെ സമീപിച്ചിരുന്നു.

**വനംവകുപ്പ് ജീവനക്കാരുടെ വന്യജീവി വേട്ട**

148 (454) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പലയിടത്തും വനംവകുപ്പ് ജീവനക്കാർ വന്യജീവികളെ വേട്ടയാടുന്നതായി റിപ്പോർട്ടുകൾ വരുന്ന സാഹചര്യത്തിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി) വനവും വന്യജീവി സമ്പത്തും പരിപാലിക്കാൻ ചുമതലപ്പെട്ട സംവിധാനങ്ങൾ തന്നെ വേട്ടക്കാരായി മാറുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

(എ&ബി) സംസ്ഥാനത്ത് വനം വകുപ്പ് ജീവനക്കാർ വന്യജീവികളെ വേട്ടയാടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വന്യജീവി സംരക്ഷണ നടപടികൾ**

149 (455) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വന്യജീവി സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സംരക്ഷിത മേഖലകളിൽ വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. അടിസ്ഥാന സൗകര്യങ്ങളായ ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡുകൾ എന്നിവയുടെ

നിർമ്മാണവും, പരിപാലനവും, വാഹനങ്ങൾ, ആയുധങ്ങൾ, വാർത്താ വിനിമയ സൗകര്യങ്ങൾ, വയർലസ് സെറ്റുകൾ, സോളാർ വേലികളുടെ നിർമ്മാണം, കരിങ്കൽ ഭിത്തി നിർമ്മാണം, ആനകളുടെ ആക്രമണത്തിൽനിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകളുടെ നിർമ്മാണം, വന്യമൃഗ ആക്രമണത്തിനു വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ആവാസ വ്യവസ്ഥകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, അധിനിവേശ കളകളുടെ നിർമ്മാർജ്ജനം എന്നിവയും, പ്രകൃതി പഠന ക്യാമ്പുകൾ, സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകളുടെ അച്ചടിയും വിതരണവും, വന്യമൃഗങ്ങളെ സംബന്ധിച്ച അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ, വന്യജീവികളുടെ കണക്കെടുപ്പ് എന്നിവയാണ് മേൽ പരാമർശിച്ചിട്ടുള്ള പരിപാടികളിൽ നടത്തിവരുന്നത്. സംരക്ഷിത മേഖലകളല്ലാത്ത വനപ്രദേശങ്ങളിലും, വനസംരക്ഷണത്തിന്റെയും, വന പരിപാലനത്തിന്റെയും ഭാഗമായി വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നു.

(ബി) സംസ്ഥാനത്ത് വംശ നാശഭീഷണി നേരിടുന്ന വന്യജീവികൾ ഏതൊക്കെയാണെന്ന് പഠനം നടത്തി കണ്ടെത്തിയിട്ടുണ്ടോ ?

സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിടുന്ന വന്യജ്യവികളെകുറിച്ച് വനം വകുപ്പ് പഠനം നടത്തിയിട്ടില്ല.. അന്താരാഷ്ട്രതലത്തിൽ IUCN എന്ന സംഘടനയാണ് വംശനാശഭീഷണി നേരിടുന്ന ജീവികളുടെ Red List തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. ഇതനുസരിച്ച് കേരളത്തിൽ കാണുന്ന ഏഷ്യൻ ആന, കടുവ, വരയാട്, സിംഹവാലൻ കുരങ്ങ്, കാട്ടുപട്ടി, ഈനാംപേച്ചി, മലബാർ വെരുക്, കാട്ടുച്ചുണ്ടെലി, കാട്ടുനച്ചെലി, സിലോൺ നച്ചെലി, നെല്ലെലി തുടങ്ങിയ ഇനം സസ്തനികൾ, ചുട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ എന്നീ പക്ഷികൾ, 3 ഇനം ഉരഗങ്ങൾ, 11 ഇനം ഉഭയജീവികൾ 9 ഇനം മത്സ്യങ്ങൾ എന്നിവ വംശനാശ ഭീഷണി നേരിടുന്നുണ്ട്. അവയിൽ മലബാർ വെരുക്, ചുട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ, സിസ്കാറ്റ ഡേ ജെക്കോ എന്ന ഇനം പല്ലി, 11 ഓളം ഇനം തവളകൾ 9 ഇനം മത്സ്യങ്ങൾ എന്നിവ അതീവ വംശനാശഭീഷണി നേരിടുന്നു.

(സി) വന്യജീവി സംരക്ഷണത്തിനായി വനത്തിനുള്ളിൽ സ്വാഭാവിക ജലസ്രോതസ്സ് സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കും. വന്യജീവി സംരക്ഷണത്തിനായി വനത്തിനുള്ളിൽ സ്വാഭാവിക ജല സ്രോതസ്സ് സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ ലോക വനദിനമായ മാർച്ച് 21- നോട് അനുബന്ധിച്ച് നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ വനങ്ങളിൽ 300-ൽപ്പരം ബ്രഷ് വുഡ് ചെക്ക്ഡാമുകൾ സ്റ്റാഫിന്റെയും, വാച്ചർമാരുടെയും, പരിസരവാസികളുടെയും സന്നദ്ധ സേവനത്തിലൂടെ നിർമ്മിച്ചിട്ടുണ്ട്.

(ഡി) വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുന്നതിന് വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ സഹകരണം ഉറപ്പ് വരുത്തുമോ?

ഉറപ്പ് വരുത്തും. പങ്കാളിത്ത വനപരിപാലനം, വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, ജന ജാഗ്രതാ സമിതികൾ എന്നിവയിലൂടെ ജനങ്ങളുടെ സഹകരണം ഉറപ്പ് വരുത്താവുന്നതാണ്.

**കൃഷിനാശത്തിന് നഷ്ടപരിഹാരം**

150(456) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വന്യമൃഗങ്ങൾമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകുന്നുണ്ടോ?

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) എങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ട നടപടിക്രമം വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് മുഖേന ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഭൂമിയുടെ കൈവശരേഖ/ കരം അടച്ച രസീത്, ദേശസാത്കൃത ബാങ്ക് പാസ് ബുക്ക്, കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവയും സമർപ്പിക്കേണ്ടതാണ്.

(സി) നഷ്ടപരിഹാര തുക നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളുണ്ടോ; വിശദമാക്കാമോ?

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08-01-2015-ലെ സ.ഉ (കൈ)നം.2/2015/വനം ഉത്തരവിൽ പറയും പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. 05-04-2018-ലെ സ.ഉ (കൈ)നം. 17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ആണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണ വരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷി നാശം ഉണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

## പാലാവയലിലെ കൃഷിനാശം തടയാൻ നടപടി

151 (457) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലാവയൽ വില്ലേജിൽ ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വരുത്തുന്ന വ്യാപക കൃഷിനാശം തടയാൻ നടപടികൾ സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇവിടെ ഇലക്ട്രിക് ഫെൻസിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുമോ?

സോളാർ ഫെൻസിങ് നിലവിലുള്ള സ്ഥലത്ത് അത് നന്നാക്കുകയും, മറ്റു സ്ഥലങ്ങളിൽ പുതിയവ സ്ഥാപിച്ച് കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും ചെയ്യുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ വന്യജീവി ആക്രമണം

152(458) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കാസർഗോഡ് ജില്ലയിൽ കാട്ടാനശല്യമുള്ള പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

കാസർഗോഡ് ജില്ലയിലെ പനത്തടി, ബളാൽ, ഈസ്റ്റ് എളേരി, ദേലംപാടി, മുളിയാർ, കാറഡുക്ക ബേഡഡുക്ക, കുറ്റിക്കോൽ എന്നിവയാണ് കാട്ടാനശല്യം ഉള്ള പഞ്ചായത്തുകൾ.

(ബി) കഴിഞ്ഞ പത്ത് വർഷ കാലയളവിൽ വന്യജീവികളുടെ ആക്രമണംമൂലം ഉണ്ടായിട്ടുള്ള ആൾനാശം/കൃഷി നഷ്ടങ്ങൾ എത്രയാണെന്നും നൽകിയ നഷ്ടപരിഹാരവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കഴിഞ്ഞ പത്ത് വർഷ കാലയളവിൽ വന്യജീവികളുടെ ആക്രമണംമൂലം ഉണ്ടായിട്ടുള്ള ആൾനാശം/കൃഷിനഷ്ടങ്ങളുടെയും, നഷ്ടപരിഹാരം നൽകിയവയുടെയും വിവരം ചുവടെ നൽകുന്നു:-

| ക്രമ നമ്പർ | പഞ്ചായത്ത് | വന്യജീവിആക്രമണംമൂലം മരണപ്പെട്ടവരുടെ എണ്ണം | വന്യജീവി ആക്രമണംമൂലം കൃഷി നാശം സംഭവിച്ച സംഭവങ്ങളുടെ എണ്ണം | നൽകിയ നഷ്ടപരിഹാര തുക |
|---|---|---|---|---|
| 1 | അജാനൂർ | 1 | 12 | 189637 |
| 2 | ബദിയടുക്ക | 3 | 54 | 1012930 |
| 3 | ബളാൽ | 3 | 105 | 187638 |
| 4 | ബേഡഡുക്ക | 0 | 110 | 665873 |
| 5 | ബെള്ളൂർ | 2 | 46 | 326378 |
| 6 | ചെമ്മനാട് | 1 | 8 | 104326 |
| 7 | ചെങ്കള | 1 | 5 | 100236 |
| 8 | ചെറവത്തൂർ | 1 | 15 | 98428 |
| 9 | ദേലംപാടി | 4 | 172 | 1829676 |
| 10 | ഈസ്റ്റ് എളേരി | 2 | 136 | 1762130 |
| 11 | എൻമകെജ | 1 | 40 | 427412 |
| 12 | കള്ളാർ | 2 | 124 | 1127475 |
| 13 | കാറഡുക്ക | 3 | 128 | 1321327 |
| 14 | കോടോംബേളൂർ | 1 | 17 | 154278 |

| | | | | |
|---|---|---|---|---|
| 15 | കയ്യൂർ<br><br>ചീമേനി | 2 | 8 | 372563 |
| 16 | കിനാനൂർ കരിന്തളം | 2 | 134 | 337277 |
| 17 | കുമ്പടാജെ | 1 | 18 | 209171 |
| 18 | കുമ്പള | 3 | 19 | 326428 |
| 19 | കുറ്റിക്കോൽ | 2 | 98 | 348648 |
| 20 | മധൂർ | 1 | 7 | 142670 |
| 21 | മടിക്കൈ | 1 | 12 | 130276 |
| 22 | മംഗൽപ്പാടി | 3 | 26 | 748447 |
| 23 | മഞ്ചേശ്വരം | 1 | 30 | 157328 |
| 24 | മീഞ്ച | 0 | 52 | 167442 |
| 25 | മൊഗ്രാൽപ<br><br>ത്തൂർ | 0 | 45 | 157427 |
| 26 | മുളിയാർ | 2 | 147 | 1275729 |
| 27 | പെവെള്ളിക | 1 | 57 | 178277 |
| 28 | പള്ളിക്കര | 2 | 12 | 404932 |
| 29 | പനത്തടി | 3 | 114 | 1237051 |
| 30 | പീലിക്കോട് | 2 | 6 | 103465 |
| 31 | പുല്ലൂർ<br><br>പെരിയ | 1 | 12 | 212376 |
| 32 | പുത്തിഗെ | 1 | 16 | 102675 |
| 33 | തൃക്കരിപ്പൂർ | 3 | 9 | 352642 |
| 34 | ഉദുമ | 2 | 12 | 211237 |
| 35 | വോർക്കടി | 0 | 45 | 178479 |

| | | | | |
|---|---|---|---|---|
| 36 | വെസ്റ്റ് എളേരി | 3 | 91 | 1673123 |
| | ആകെ | 61 | 1942 | 18335407 |

(സി) വന്യജീവികളുടെ ശല്യത്തിന് ശാശ്വത പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വന്യജിവികൾമൂലമുള്ള ശല്യത്തിന് പരിഹാരമായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-

സൗരോർജ്ജവേലി നിർമ്മാണം

1. ഭണ്ഡാരക്കുഴി മുതൽ അർത്യ വരെ - 2 കി.മീ.

2. എവഞ്ഞൂർ മുതൽ അക്ഷരക്കാട് വരെ - 2 കി.മീ.

3. അർത്യ മുതൽ പാണ്ടി വരെ - 2 കി.മീ.

4. പാണ്ടി മുതൽ എവഞ്ഞൂർ വരെ - 2 കി.മീ.

5. പഞ്ചിക്കൽ മുതൽ ചെണ്ടമൂല വരെ - 2 കി.മീ. ആകെ - 10 കി.മീ.

ആന പ്രതിരോധ കിടങ്ങ്

1. പഞ്ചിക്കൽ മുതൽ ഞെള്ളിപ്പാടി വരെ - 3 കി.മീ.

2. ചേനാംകുണ്ട് മുതൽ പായാർപള്ളം വരെ - 4 കി.മീ

3. കൊട്ട്യാടി മുതൽ നൂജിബൈട്ടു വരെ - 3 കി.മീ. ആകെ - 10 കി.മീ.

(ഡി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ത്തുക്കു സൗരോർജ്ജവേലി ഫലപ്രദവും പ്രയോഗികവുമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനു എത്ര രൂപ ചെലവ് വരുമെന്നും സർക്കാർ ചെലവിൽ ത്തുക്കു സൗരോർജ്ജവേലി നിർമ്മിക്കുമോ എന്നും വ്യക്തമാക്കാമോ?

ത്തുക്ക് സരോർജ്ജ വേലി പ്രായോഗികമാണ്. കാസർഗോഡ് ജില്ലയിൽ ഈ സാമ്പത്തിക വർഷം നിർമ്മിക്കാനുദ്ദേശിക്കുന്ന ത്തുക്ക് സരോർജ്ജ വേലികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1. ഭണ്ഡാരക്കുഴി മുതൽ അർത്യ വരെ - 2 കി.മീ.

2. എവന്തുർ മുതൽ അക്ഷരക്കാട് വരെ - 2 കി.മീ.

3. അർത്യ, മുതൽ പാണ്ടി വരെ - 2 കി.മീ.

4. പാണ്ടി മുതൽ എവന്തൂർ വരെ - 2 കി.മീ.

5. പഞ്ചിക്കൽ മുതൽ ചെണ്ടമൂല വരെ - 2 കി.മീ. ആകെ - 10 കി.മീ.

ഈ പ്രവൃത്തികൾക്ക് ആകെ 35 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

(ഇ) കാസർഗോഡ് ജില്ലയിൽ നിലവിൽ ഫോറസ്റ്റ് സ്റ്റേഷൻ ഉണ്ടോയെന്നും ഇല്ലെങ്കിൽ എപ്പോൾ സ്ഥാപിക്കുവാൻ സാധിക്കുമെന്നും ഇതിനു എത്ര രൂപ ചെലവ് വരുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ഡിവിഷന് കീഴിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലില്ല. പരപ്പ, പാണ്ടി, കരിന്തളം, കള്ളാർ എന്നിവിടങ്ങളിൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഇതിനായി 4 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

## വന്യജീവി ശല്യംമൂലം കൃഷിനാശം

153 (459) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വനഭൂമിയോട് ചേർന്നുള്ള സ്വകാര്യ ഭൂമിയിലെ കൃഷികൾക്ക് വന്യജീവി ശല്യംമൂലം നാശനഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം വന്യജീവി ശല്യം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ?

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/ താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തെരഞ്ഞെടുത്ത വനാതിർത്തികളിൽ സൗരോർജ്ജ വേലികളും ആന പ്രതിരോധ മതിലുകളും കിടങ്ങുകളും ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരുത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളി ലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും, അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ

വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത സസ്യങ്ങളുടെയും, കളകളുടെയും നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെയും, ചെക്ക് ഡാമുകളുടെയും നിർമ്മാണവും പുനരുദ്ധാരണവും നടത്തി വരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18.05.2020-ലെ സ.ഉ. (സാധാ) നം. 111/2020/വനം, 11-01-2021-ലെ സ.ഉ. (സാധാ) നം.5/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി

ഉത്തരവിന്റെ കാലാവധി 29-05-2021-ലെ സ.ഉ. (സാധാ) നം.159/2021/വനം പ്രകാരം 17-05-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-01-2015-ലെ സ.ഉ. (കൈ)നം. 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05-04-2018-ലെ സ.ഉ.(കൈ ) നം.17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് 2016-21 കാലയളവിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ?

നൽകിയിട്ടുണ്ട്. 2016-21 കാലയളവിൽ നൽകിയ നഷ്ടപരിഹാര തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | നഷ്ടപരിഹാരതുക |
|---|---|

| | (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 25.76 |
| കൊല്ലം | 51.86 |
| പത്തനംതിട്ട | 159.55 |
| ആലപ്പുഴ | 0.59 |
| തൃശ്ശൂർ | 69.42 |
| എറണാകുളം | 84.48 |
| കോട്ടയം | 13.29 |
| ഇടുക്കി | 126.86 |
| പാലക്കാട് | 487.74 |
| മലപ്പുറം | 29976 |
| കണ്ണൂർ | 138.11 |
| കോഴിക്കോട് | 167.28 |
| വയനാട് | 1391.65 |
| കാസർഗോഡ് | 70.74 |
| ആകെ | 3087.09 |

**കാട്ടുപന്നികളുടെ ശല്യം നിയന്ത്രിക്കുന്നതിന് നടപടി**

154 (460) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും ഇറങ്ങി നാശം വരുത്തുന്ന സാഹചര്യത്തിൽ ലഭിക്കുന്ന പരാതികൾ ജനജാഗ്രതാ സമിതിയിൽ ചർച്ച ചെയ്ത് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പന്നി ശല്യമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളിൽ അവയെ വെടിവെച്ച് കൊല്ലുന്നതിന് 18-05-2020-ലെ സ.ഉ.(ആർ.ടി.) 111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. തോക്ക് ഉപയോഗിക്കുവാൻ ലൈസൻസുള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ പാനൽ അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി ശല്യക്കാരായ കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 29-05-2021-ലെ സ.ഉ(സാധാ) നം.159/2021/വനം പ്രകാരം 17-05-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് ഇതുവരെയായി ശല്യക്കാരായ 123 കാട്ടുപന്നികളെ വെടിവെച്ച് കൊന്നിട്ടുണ്ട്.

(ബി) കാട്ടുപന്നികളെ ശല്യജീവിയായി പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടുപന്നികളെ ശല്യജീവി/ ക്ഷുദ്ര ജീവിയായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കാട്ടുപന്നികളെ വന്യജീവി (സംരക്ഷണ) നിയമത്തിലെ അഞ്ചാം

പട്ടികയിൽ ഉൾപ്പെടുത്തി വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചുവെങ്കിലും പഞ്ചായത്തിരാജ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചത്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 21-12-2020-ൽ ബഹു.വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേന്ദ്ര സർക്കാരിന് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. യോഗതീരുമാന പ്രകാരം കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിനുള്ള ശുപാർശ വീണ്ടും, കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

(സി) കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതുമൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതുമൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. നാശം സംഭവിക്കുന്ന കാർഷിക വിളകൾക്ക്, 08-01-2015-ലെ സ.ഉ.(കൈ) നം. 2/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നഷ്ടപരിഹാരം, നൽകിവരുന്നു. ഇപ്രകാരം നൽകി വരുന്ന നഷ്ടപരിഹാരം

കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100 % (പരമാവധി ഒരു ലക്ഷം രൂപ) ആയി 05.04.2018-ലെ സ.ഉ. (കൈ) നം.17/18/വനം പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്

**കൈപ്പാട് കൃഷി**

155 (461) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിക്കായി ഇറിഗേഷൻ വകുപ്പ് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിലെ അത്തോളി, ഉള്ളിയേരി പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിയ്ക്കുവേണ്ടി നിലവിലുള്ള വി.സി.ബി.കളുടെ റിപ്പയർ, പുതിയ വി.സി.ബി.കളുടെ നിർമ്മാണം, തോടുകളുടെ ആഴംകൂട്ടി സംരക്ഷിക്കൽ, കൈപ്പാട് നിലങ്ങളിലെ കാടുകൾ നീക്കം ചെയ്യൽ എന്നിവയാണ് പ്രധാനമായും ജലസേചന വകുപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അത്തോളി, ഉള്ളിയേരി, പഞ്ചായത്തുകളിലെ കുന്നത്തറ പാടശേഖരത്തിന്റെ വികസനത്തിനായി നിലവിലുള്ള വി.സി.ബി.യുടെ പുനർനിർമ്മാണം, രണ്ടു വി.സി.ബി.കളുടെ നിർമ്മാണം, തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം, കാട് നീക്കം ചെയ്യൽ, ഫാം റോഡിന്റെയും നടപ്പാതയുടേയും നിർമ്മാണം, ഡ്രയർയാർഡ്, സംഭരണത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഉള്ളിയേരി പഞ്ചായത്തിലെ ഉള്ളൂർ പാടശേഖരത്തിനോട് ചേർന്ന് കിടക്കുന്ന കോട്ടക്കുന്ന് കൈപ്പാട് നിലത്തിന്റെ വികസനത്തിനുവേണ്ടി നിലവിലുള്ള വി.സി.ബി.യുടെ പുനർനിർമ്മാണം, ഫീൽഡ് ഡ്രെയിനുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## കുറ്റ്യാടി ജലസേചന പദ്ധതി വിഭാഗത്തിന്റെ ഭൂമി കൈമാറി ലഭിക്കാൻ നടപടി

156(462) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വിയ്യൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന കുറ്റ്യാടി ജലസേചന പദ്ധതി വിഭാഗത്തിന്റെ ഭൂമി കളിസ്ഥലം നിർമ്മിക്കുന്നതിനായി വിട്ടുനൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷ കൊയിലാണ്ടി നഗരസഭ, കൊയിലാണ്ടി എം.എൽ.എ. എന്നിവരിൽ നിന്ന് ജലസേചന വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) പ്രസ്തുത അപേക്ഷയിന്മേൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(സി) ഭൂമി കൈമാറി ലഭിക്കാൻ വകുപ്പുതലത്തിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്; വിശദമാക്കാമോ?

(എ-സി) ലഭിച്ചിട്ടുണ്ട്. കുറ്റ്യാടി പദ്ധതിയുടെ അധീനതയിൽപ്പെട്ട വിയ്യൂർ വില്ലേജിൽ പുളിയഞ്ചേരി ദേശത്ത് റീ.സർവ്വേ 86/6-ൽപ്പെട്ട 4.36 ആർ സ്ഥലവും ഇതിനോട് ചേർന്ന് 87/10-ൽപ്പെട്ട 30.94 ആർ സ്ഥലവുമാണ് കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് സ്റ്റേഡിയം നിർമ്മാണത്തിന് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം രണ്ടു വകുപ്പുകൾ തമ്മിലായതിനാൽ നിലവിലെ മാനദണ്ഡങ്ങൾപ്രകാരം വില ഈടാക്കികൊണ്ട് ഭൂമി വിട്ടുനൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ജൽജീവൻ മിഷൻ പദ്ധതി

157(463) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഏതെല്ലാം ഫണ്ടുകൾ ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ടുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻമകജെ പഞ്ചായത്തിൽ 1201 കുടിവെള്ള കണക്ഷനുകളും, വോർക്കാടി പഞ്ചായത്തിൽ 1504 കുടിവെള്ള കണക്ഷനുകളും നൽകിക്കഴിഞ്ഞു. അംഗീകാരം ലഭിച്ച മറ്റു പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## ആലപ്പുഴ മണ്ഡലത്തിലെ പദ്ധതികൾ

158 (464) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

ജലവിഭവ വകുപ്പിൻ കീഴിൽ ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ആലപ്പുഴ മണ്ഡലത്തിൽ കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും ജലസേചനവും ഭരണവും വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും KIIDC മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും കുട്ടനാട് പാക്കേജ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും അനുബന്ധമായി + ഉൾപ്പെടുത്തിയിരിക്കുന്നു. ചീഫ് എഞ്ചിനീയർ, രൂപകല്പനയും പര്യവേക്ഷണവും വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. National

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Hydrology Project III-ാം ഘട്ടത്തിന്റെ ഭാഗമായി Water Resource Information System (WRIS) രൂപീകരിക്കുന്നതിനായി കേരളത്തിലെ എല്ലാ നദീതടങ്ങളിലും Real Time Data Acquisition System (RTDAS) സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മണ്ഡലത്തിലെ പമ്പാ നദീതടത്തിൽ പുന്നമടയിൽ Radar Level Sensor സ്ഥാപിക്കുകയും ഇതിൽ നിന്നുമുള്ള Trial Data ശേഖരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭൂജല വകുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ മണ്ഡലത്തിലെ ആര്യാട് പഞ്ചായത്തിലെ ലൂമിനസ് വാർഡിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്ത് 17 ലക്ഷം രൂപ പ്രസ്തുതവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**മോര്യകാപ്പ് ജലസേചന പദ്ധതി**

159 (465) <u>ശ്രീ. കെ. പി. എ. മജീദ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

25-03-2019-ലെ സ.ഉ.(സാധാ) നമ്പർ 212/2019 ജ.വി.വ. പ്രകാരം തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ (ഐ&എ) യിൽ നിന്ന് ലഭ്യമായ Improvements of Moryakapp (Farmer's Natural Water Source) at Nannambra Panchayath in Malappuram District - Phase 1 എന്ന പേരിലുള്ള പ്രവൃത്തിയുടെ 6.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

## ലിഫ്റ്റ് ഇറിഗേഷൻ സ്കീം

160 (466) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

(എ) സംസ്ഥാനത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിൽ തിരുവനന്തപുരം ജില്ല ഒഴികെ മറ്റ് 13 ജില്ലകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ ചീഫ് എഞ്ചിനീയർ പ്രോജക്ട് -2 ന്റെ കാര്യാലയത്തിനു കീഴിൽ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിനു കീഴിൽ 3 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിനു കീഴിൽ 2 ലിഫ്റ്റ്ഇറിഗേഷൻ സ്കീമുകളും പ്രവർത്തിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയർ പ്രോജക്ട്-1 ന്റെ കാര്യാലയത്തിനു കീഴിൽ മലമ്പുഴ പദ്ധതിയിൽ ഉൾപ്പെടുന്ന തസ്രാക്ക് ലിഫ്റ്റ്ഇറിഗേഷൻ പദ്ധതിയും, ചിറ്റൂർ ഡിവിഷനുകീഴിൽ ഉൾപ്പെടുന്ന മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമാണുള്ളത്. അവയുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കൃഷിക്കാരുമായി ചർച്ച ചെയ്തുകൊണ്ട് സമയാസമയങ്ങളിൽ ജലവിതരണം നടത്തുന്നുണ്ട്.

(ബി) ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനങ്ങളുടെ നിലവിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ ഫണ്ട് ലഭ്യത അനുസരിച്ച് അറ്റകുറ്റ പണികൾ നടത്തിയും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തികളും നവീകരണ പ്രവർത്തികളും നടത്തിയും എല്ലാ കനാലുകളിലൂടെയും വെള്ളം പാടശേഖരങ്ങളിൽ എത്തിക്കുന്നുണ്ട്. കൂടാതെ പ്രളയക്കെടുതി മുഖേനയുണ്ടായ കനാലുകളുടെയും പമ്പുഹൗസുകളുടെയും കേടുപാടുകൾ എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. തമ്പ്രാക്ക് ലിഫ്റ്റ് ഇറിഗേഷൻ സ്കീം കെ.എസ്.ഇ.ബിയുടെ High Tension വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി സീസണൽ ആയതിനാൽ Low Tension സ്കീമിലേക്ക് മാറ്റുന്നതിനായി കരാർ ഉടമ്പടി വെച്ചിട്ടുണ്ട്. ആയത് ഉടൻ പൂർത്തീകരിക്കുന്നതാണ്.

(സി) ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജ് കുടിശ്ശിക പൂർണമായും ഒടുക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2021-2022 വർഷം 7 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ലിഫ്റ്റ്

ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക മാർച്ച് മാസം 2021-വരെ ഒടുക്കിയിട്ടുള്ളതും തുടർമാസങ്ങളിലേക്കുള്ള വൈദ്യുത ചാർജജിനുള്ള ഫണ്ടിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതുമാണ്. ഇടുക്കി ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇവയുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക ഒടുക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. ചീഫ് എഞ്ചിനീയർ പ്രോജക്ട് -2 ന്റെ കാര്യാലയത്തിനു കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ബിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചീഫ് എഞ്ചിനീയർ പ്രോജക്ട് -1- ന്റെ കാര്യാലയത്തിനു കീഴിൽ തസ്രാക്ക്, മീനാക്ഷിപുരം എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജജിനത്തിന് ആവശ്യമായ തുകയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

## കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ

161 (467) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾക്ക് കീഴിൽ 2016 ജൂൺ മുതൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

(ബി) പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ & ബി) കുന്നത്തുനാട് മണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിൽ മെക്കാനിക്കൽ വിഭാഗം മുഖേന 2016 ജൂൺ മുതൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം താഴെ വിവരിക്കുന്നു.

1. പി.വി.ഐ.പി- മഴുവന്നൂർ ബ്രാഞ്ച് കനാൽ ഷട്ടറിന്റെയും, ക്രോസ് റെഗുലേറ്റർ ഷട്ടറിന്റെയും വാർഷിക അറ്റകുറ്റപ്പണികൾ (മെക്കാനിക്കൽ പ്രവൃത്തികൾ) - (അടങ്കൽ തുക- 207157/-(രണ്ട് ലക്ഷത്തി ഏഴായിരത്തി

ഒരുന്നൂറ്റി അൻപത്തി ഏഴ് രൂപ മാത്രം) 2. മഴവന്നൂർ പഞ്ചായത്തിൽ വാർഡ് നമ്പർ 8-ൽ കുറ്റാലി പാടശേഖരത്തിലെ കൈതവേലി- മഞ്ചുനാട് തോടിനു കുറുകെ വി.സി.ബി-യുടെ നിർമ്മാണം (മെക്കാനിക്കൽ പ്രവൃത്തികൾ) (അടങ്കൽ തുക- 1341101/-(പതിമൂന്ന് ലക്ഷത്തി നാല്പത്തി ഒന്നായിരത്തി ഒരുന്നൂറ്റി ഒന്ന് രൂപ മാത്രം) 3. പി.വി. ഐ.പി- കിഴക്കമ്പലം ബ്രാഞ്ച് കനാലിലെ (ഡബിൾ പാലം) ചെയിനേജ് 6.30 കിലോമീറ്ററിലെ 3-ക്രോസ്സ് റെഗുലേറ്റർ ഷട്ടറുകളുടെ നിർമ്മാണവും പെയിന്റിംഗും ഘടിപ്പിക്കലും (അടങ്കൽ തുക-409681/-(നാല് ലക്ഷത്തി ഒമ്പതിനായിരത്തി അറുന്നൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം) 4. പി.വി.ഐ.പി- കോലഞ്ചേരിയിലെ, കോലഞ്ചേരി ബ്രാഞ്ച് കനാൽ ചെയിനേജ് 14 കിലോമീറ്ററിലെ 1.15X1.500 മീറ്റർ അളവിലുള്ള ഒരു സർപ്ലസ് ഷട്ടറിന്റെ നിർമ്മാണവും പെയിൻറിംഗും, ഘടിപ്പിക്കലും (അടങ്കൽ തുക-128727/- (ഒരു ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി എഴുന്നൂറ്റി ഇരുപത്തിഏഴ് രൂപ മാത്രം) 5. പി.വി.ഐ.പി എറണാകുളം ജില്ലയിലെ കാണിനാട് എം.ഡി-യിലെ 0.90 X1.20 മീറ്റർ അളവിലുള്ള ഒരു ഷട്ടറിന്റെ നിർമ്മാണവും പെയിന്റിംഗും ഘടിപ്പിക്കലും അടങ്കൽ തുക-49900/-(നാല്പത്തി ഒൻപതിനായിരത്തി തൊള്ളായിരം രൂപ മാത്രം) കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ

വിശദവിവരങ്ങളും പദ്ധതി വിഭാഗം II കാര്യാലയത്തിനു കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങളും ജലസേചന വകുപ്പിനു കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങളും ഭൂജല വകുപ്പിനു കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങളും അനുബന്ധമായി + ചേർത്തിരിക്കുന്നു.

## കുറ്റ്യാടി ജലസേചന പദ്ധതി

162 (468) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

(എ) കോഴിക്കോട് ജില്ലയിൽ കൃഷിക്കും കുടിവെള്ള സ്രോതസ്സിനുമായുള്ള കുറ്റ്യാടി ജലസേചന പദ്ധതി ആരംഭിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ?

1973 ൽ ഭാഗികമായി കമ്മീഷൻ ചെയ്ത കുറ്റ്യാടി ജലസേചന പദ്ധതി ആരംഭിച്ചിട്ട് 48 വർഷം പൂർത്തിയായി.

(ബി) നിലവിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് ഈ പദ്ധതി പ്രകാരമുള്ള കനാലുകൾ വ്യാപിച്ചുകിടക്കുന്നത് എന്ന് വ്യക്തമാക്കാമോ?

603 കിലോമീറ്റർ ദൂരം വരുന്ന കനാൽ ശ്യംഖലയാണ് പദ്ധതിയ്ക്കുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലവിലുള്ള മൺകനാലുകളുടെ പല ഭാഗങ്ങളും അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത മൺകനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

മൺകനാലുകളുടെ അറ്റകുറ്റപ്പണികൾ പ്ലാൻ, നോൺ പ്ലാൻ ഫണ്ടുപയോഗിച്ചും SDRF, RKI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയും ഫണ്ട് ലഭ്യതയ്ക്കനുസൃതമായി അടിയന്തര പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

(ഇ) പദ്ധതിയുടെ റിസർവോയറിൽ മണ്ണും ചെളിയുമടിഞ്ഞതിനാൽ സംഭരണശേഷി പൂർണതോതിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. പദ്ധതിയുടെ റിസർവ്വോയറിൽ അടിഞ്ഞുകൂടിയ ചെളിയുടെ അളവ് കണ്ടെത്തുന്നതിനായി കേരള എഞ്ചിനീയറിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി (KERI) 2019-ൽ നടത്തിയ പഠനത്തിൽ റിസർവോയറിന്റെ സംഭരണശേഷിയിൽ 36.653% കുറവ് വന്നതായി കണ്ടെത്തുകയും

അപ്രകാരം ചെളി നീക്കം ചെയ്യുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

## കല്ലായിപ്പുഴ കയ്യേറ്റം ഒഴിപ്പിക്കുവാൻ നടപടി

163 (469) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

(എ) കോഴിക്കോട് നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്റെ ഭാഗമായി കല്ലായിപ്പുഴയിലെ ചെളി നീക്കം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കല്ലായിപ്പുഴയിലെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി കോഴിക്കോട് കോർപ്പറേഷൻ 7.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി Deposit Work ആയി ചെയ്യുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതനുസരിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കല്ലായിപ്പുഴയിലെ കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കോഴിക്കോട് ജില്ലയിൽ വിവിധ വില്ലേജുകളിലായി കല്ലായി പുഴ പുറമ്പോക്ക് കയ്യേറിയവരെ 2011 കാലയളവിൽ കയ്യേറ്റം ബുക്ക് ചെയ്ത് ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചിരുന്നു. ആയതിനെതിരെ 46 പേർ ബഹു. ഹൈക്കോടതിയിൽ വിവിധ കേസുകൾ ഫയൽ ചെയ്യുകയും കേസുകൾ സമഗ്രമായി പരിഗണിച്ച് കയ്യേറ്റക്കാരുടെ കൈവശത്തിലുള്ള സ്ഥലം നോട്ടിസ് നൽകി സർവേ ചെയ്യാനും ശാശ്വതലീസ്/ലീസ്/എഗ്രിമെന്റ് എന്നിവ കൈവശമുള്ളവരുടെ കാര്യത്തിൽ ആയത് പുതുക്കുന്നതിന് സർക്കാരിന് തീരുമാനം കൈകൊള്ളാവുന്നതാണെന്നും മേൽപ്പറഞ്ഞവ ഇല്ലാത്തവരെ സർക്കാരിന് കെ.എൽ.സി. നിയമ പ്രകാരം ഒഴിപ്പിക്കാവുന്നതാണെന്നും WP(C) 37333/2017 പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർ (ഭൂരേഖ) കേസിലെ കക്ഷികൾക്ക് മുഴുവനും നോട്ടീസ് നൽകി കക്ഷികളുടെ സാന്നിദ്ധ്യത്തിൽ അളന്ന് സ്കെച്ച് തയ്യാറാക്കി. കക്ഷികൾ ശാശ്വത പാട്ടം സംബന്ധിച്ച് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ എല്ലാവരും ആധാരങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമി കൈവശം വച്ചു വരുന്നവരാണെന്നും ഗവൺമെന്റിൽ നിന്നും ലീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആരും ഭൂമി കൈവശം വച്ച് വരുന്നില്ലെന്ന് രേഖകൾ പരിശോധിച്ച് തഹസിൽദാർ

റിപ്പോർട്ടാക്കിയിരുന്നു.. 46 പേരുടെ ഭൂമിയിൽ 45 പേരുടെ ഭൂമിയും അടങ്കൽ രേഖകൾ പ്രകാരം പുഴപുറമ്പോക്കാണ്. കേസ് ഫയൽ ചെയ്യാത്ത ടി പേരുടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ വിഷയത്തിൽ കക്ഷികൾ സമർപ്പിച്ച WP(C) 14909/20 നമ്പർ കേസിൽ ഭൂമി മുഴുവനും സർവേ നടത്തുന്നതിനും കക്ഷികളുടെ കൈവശമുള്ള രേഖകളും കുഴിക്കൂർ ചമയങ്ങളും വ്യക്തമായി പരിശോധിച്ച് സമയബന്ധിതമായി ഭൂമിയിലുള്ള കെട്ടിടത്തിന്റെ പ്രായം എസ്റ്റിമേറ്റ് മൂല്യം എന്നിവ കണ്ടെത്തുന്നതിനായി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു ടീമിനെ നിയോഗിച്ച് നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് തഹസിൽദാർക്ക് (ഭൂരേഖ) നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

## നദികളിലെ മാലിന്യ നിക്ഷേപം തടയലും ബോധവൽക്കരണവും

164 (470) ശ്രീ പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) നദികളിലെ മാലിന്യ നിക്ഷേപം തടയേണ്ടതിന്റെയും ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) നദികളിലെ മാലിന്യ നിക്ഷേപം തടയുന്നതിന് വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

(സി) ഇതിനായി നടപ്പുവർഷം എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നദികളിലേക്ക് മാലിന്യം എത്തിച്ചേരുന്നത് വിവിധ മാർഗ്ഗങ്ങളിൽക്കൂടിയാണ്. റോഡുകളോടു ചേർന്ന ഓടകൾ വഴി എത്തിച്ചേരുന്ന മലിനജലവും മറ്റു മാലിന്യങ്ങളും നദീജലത്തെ മലിനപ്പെടുത്തുന്നുണ്ട്. കൃഷിയിടങ്ങളിൽ നിന്ന് മഴവെള്ളത്തോടൊപ്പവും അല്ലാതെയും എത്തിച്ചേരുന്ന രാസവളം/രാസകീടനാശിനികളും നദീജല ഗുണനിലവാരത്തെ ബാധിക്കുന്നു. അതോടൊപ്പം, നദികളിലേക്കും, നദീ കൈവഴികളിലേക്കും നിക്ഷേപിക്കുന്ന മാലിന്യങ്ങളും നദീജലത്തേയും നദിയെയും മാലിന്യ സ്രോതസ്സാക്കുന്നുണ്ട്. ഇത്തരത്തിലുള്ള മാലിന്യ നിക്ഷേപം തടയുന്നതിനും നദീജലത്തിലെ മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നതിനുമായി നടത്തുന്ന പ്രധാന പ്രവർത്തനമാണ് നദികളിലെ

നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള തടയണ/റെഗുലേറ്ററുകളുടെ നിർമ്മാണം. കൂടാതെ നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് നദികളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവല സ്ഥാപിക്കുന്ന പ്രവർത്തനവും സാമ്പത്തിക ലഭ്യതയനുസരിച്ച് നിർവ്വഹിച്ചു വരുന്നു. ഹരിതകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി പുഴകളും നീർച്ചാലുകളും പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങളോടൊപ്പം അതിലേയ്ക്ക് മലിനജലം ഒഴുക്കി വിടുന്ന മാലിന്യക്കുഴലുകൾ അടപ്പിക്കുന്നതിനും മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനകീയമായി ശുചിയാക്കിയ നീർച്ചാലുകളുടേയും പുഴകളുടേയും സംരക്ഷണത്തിനായി പല സ്ഥലങ്ങളിലും ജനകീയ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ജനകീയ സമിതികളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മാലിന്യ നിക്ഷേപത്തിനെതിരെയുള്ള ജനകീയ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി മലിനീകരണത്തിനെതിരെയുള്ള നിയമങ്ങൾ സാധാരണക്കാരൻ മനസ്സിലാകുന്ന തരത്തിൽ " ഹരിത നിയമങ്ങൾ" എന്ന പേരിൽ ക്രോഡീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്..

(ഡി) നദികളിൽ മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും കഴിയും. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതി വരുത്തുകയും (2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം) ശിക്ഷ/പിഴ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിൻമേൽ അന്വേഷണം നടത്തി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ്സ് ഫയൽ ചെയ്യേണ്ടതാണ്. മൂന്ന് വർഷം വരെ തടവും പരമാവധി രണ്ടു ലക്ഷം രൂപ പിഴയുമാണ് കുറ്റക്കാർക്ക് ലഭിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974, വകുപ്പ് 43 പ്രകാരം ഒന്നര വർഷത്തിൽ കുറയാതെ 6 വർഷം വരെ നീളാവുന്ന തടവും പിഴയും ശിക്ഷിക്കാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 (എസ്), വകുപ്പ് 219 (റ്റി) കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 340

(എ) എന്നിവ പ്രകാരം കുറ്റസ്ഥാപനത്തിന്മേൽ 10000 രൂപയിൽ കുറയാതെയും ഇരുപത്തി അയ്യായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേയ്ക്ക് തടവും നൽകി ശിക്ഷിക്കാവുന്നതാണ്.

(ഇ) ഹരിതകേരള മിഷൻ, ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പുഴകളെയും തണ്ണീർത്തടങ്ങളെയും കുളങ്ങളെയും വീണ്ടെടുക്കാൻ ആവിഷ്ക്കരിച്ച പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ?

ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യാണ് ജലസേചന വകുപ്പിൻ കീഴിൽ വരുന്നത്. സംസ്ഥാനത്തെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനുമായി വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തട പ്ലാനുകൾ" തയ്യാറാക്കുകയും, കുളങ്ങൾ/ നീർച്ചാലുകൾ/ തോടുകൾ/ പുഴകൾ എന്നിവയുടെ ശുചീകരണവും സംഭരണശേഷി വർദ്ധിപ്പിക്കലും നഷ്ടപ്പെട്ടുപോയ നീരൊഴുക്ക് വീണ്ടെടുക്കലും ഉൾപ്പെടുന്ന പ്രവൃത്തികൾ വിവിധ വകുപ്പുകൾ/ഏജൻസികൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/

പൊതുജനപങ്കാളിത്തം എന്നീ മാർഗ്ഗങ്ങളിലൂടെ നിർവ്വഹിക്കാനും കഴിഞ്ഞിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ നാലു വർഷക്കാലത്തിനുള്ളിൽ ആകെ 412 കി.മീ പുഴകളും 45,736 കി.മീ തോടുകളും പുനരുജ്ജീവിപ്പിച്ചു. 1,013 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കുകയും 105 ബ്ലോക്ക് തല നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും 60,116 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 62,921 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും 23,158 കിണറുകൾ നിർമ്മിക്കുകയും 13,942 കിണറുകൾ നവീകരിക്കുകയും 18,883 കുളങ്ങൾ നിർമ്മിക്കുകയും 25,241 കുളങ്ങൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് ഹരിതകേരളമിഷൻ 2019 ഡിസംബറിൽ ആരംഭിച്ച 'ഇനി ഞാനൊഴുകട്ടെ' കാമ്പയിനിലൂടെ മാത്രം മൂന്ന് ഘട്ടങ്ങളിലായി സംസ്ഥാനത്തെ 10,253 കി.മീ ദൂരം നീർച്ചാലുകളും തോടുകളും ശുചീകരിച്ച് നീരൊഴുക്ക് സാധ്യമാക്കി. സംസ്ഥാനത്ത് ഇത്തവണ കാലവർഷത്തിൽ കോട്ടയം, ആലപ്പുഴ ഉൾപ്പെടെ വിവിധ ജില്ലകളിൽ പെയ്ത അതി തീവ്രമഴ കാരണമുണ്ടായ വെള്ളക്കെട്ടിന്റെ രൂക്ഷത കുറയ്ക്കാൻ ഇത് സഹായകമായി. മത്സ്യക്കൃഷി, കുളം-കിണർ-തോട്

റീച്ചാർജ്ജിംഗ്, കുടിവെള്ളം തുടങ്ങിയ ആവശ്യങ്ങൾക്ക്, ഉപേക്ഷിക്കപ്പെട്ട പാറ ക്വാറികളിലെ ജലം ഉപയോഗിക്കാനുള്ള പദ്ധതി പല സ്ഥലങ്ങളിൽ ആവിഷ്കരിച്ചിട്ടുണ്ട്. കുളങ്ങളിൽ സ്കെയിലുകൾ സ്ഥാപിച്ച് ജലലഭ്യത കണക്കാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. സംസ്ഥാനത്ത് ഏറ്റവും ജലക്ഷാമം അനുഭവിക്കുന്ന നാല് ജില്ലകളിൽ ബന്ധാര മാതൃകയിലുള്ള വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്നതിന് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**പുഴയോര സംരക്ഷണം**

165 (471) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ പുഴയോര സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

Flood control, Flood damages എന്നി ശീർഷകങ്ങളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചാണ് പുഴയോര സംരക്ഷണ പ്രവൃത്തികൾ നിലവിൽ നടത്തി വരുന്നത്. പുഴയുടെ കരയിടിച്ചിലുമായി ബന്ധപ്പെട്ട പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തിരമായി സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ട

സ്ഥലങ്ങളിൽ കല്ല്/കോൺക്രീറ്റ് ഉപയോഗിച്ച് പുഴയോര സംരക്ഷണ ഭിത്തി നിർമാണം നടത്തി വരുന്നു.

(ബി) മണ്ണാർക്കാട് മണ്ഡലത്തിലൂടെ ഒഴുകുന്ന കുന്തിപ്പുഴയുടെ തീരങ്ങൾ പലഭാഗങ്ങളിലും ഇടിഞ്ഞ് പോകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശം നൽകുമോ?

മണ്ണാർക്കാട് മണ്ഡലത്തിലൂടെ ഒഴുകുന്ന കുന്തിപ്പുഴയുടെ പലഭാഗങ്ങളിലും മഴക്കാലങ്ങളിൽ കരയിടിഞ്ഞു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരകൾ പുനഃസ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വിവിധ പദ്ധതികളിലായി നാല് പ്രവൃത്തികൾ 76 ലക്ഷം രൂപ ചെലവിൽ പൂർത്തിയാക്കി. കൂടാതെ ചുവടെ ചേർക്കുന്ന മൂന്ന് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

1.തെങ്കര ഗ്രാമപഞ്ചായത്തിൽ കുന്തിപ്പുഴയിൽ തത്തേങ്ങലത്തു ഇടത് കര പാർശ്വഭിത്തി നിർമാണം 2. കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ കുന്തിപ്പുഴയുടെ വലതുകര തരിശ്ശിൽ പാർശ്വഭിത്തി നിർമ്മാണം 3.മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ പരിധിയിൽ കുന്തിപ്പുഴയിൽ പോത്തോഴിക്കാവ് തടയണയ്ക്ക് താഴെ ഇടത് കര പാർശ്വഭിത്തി നിർമാണം

## വടക്കാഞ്ചേരിപുഴ സംരക്ഷണം

166 (472) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കിഫ്ബി പദ്ധതിയിൽ പ്രഖ്യാപിച്ച വടക്കാഞ്ചേരിപുഴ സംരക്ഷണ പദ്ധതിയുടെ നടത്തിപ്പ് പുരോഗതി എന്തായെന്ന് വ്യക്തമാക്കാമോ?

(ബി) 2017-ൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക അംഗീകാരം നേടുന്നതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(സി) ഈ പദ്ധതിയുടെ നടത്തിപ്പിൽ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി തുടർ പരിശോധന നടത്തി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുമോയെന്ന് അറിയിക്കുമോ?

(എ-സി) കിഫ്ബി പദ്ധതിയിൽ പ്രഖ്യാപിച്ച വടക്കാഞ്ചേരി പുഴ സംരക്ഷിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ (കീഴ്ത്തണ്ടിലം, മുട്ടിക്കൽ ആറ്റത്തറ) പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കുകയും IDRB യിൽ നിന്നും ലഭ്യമായ രൂപകൽപനയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 14-02-

2021-ലെ G.O.(Rt) No.81/2021/WRD പ്രകാരം 26.30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആറാട്ടുപുഴ പഞ്ചായത്തിലെ വെള്ളക്കെട്ട്**

167 (473) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ആറാട്ടുപുഴ പഞ്ചായത്തിലെ കിളിമുക്ക് കടവത്ത് പാലത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വേലിയേറ്റ സമയങ്ങളിൽ ചെളിയും മണ്ണും കയറുന്നത് കാരണം പ്രദേശവാസികൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് മുഖേന പ്രത്യേക പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കുമോ?

(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് നിർദേശം നൽകുമോ?

(സി) പ്രസ്തുത പ്രവൃത്തിക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ആറാട്ടുപുഴ പഞ്ചായത്തിലെ കിളിമുക്ക് കടവത്ത് പാലത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വേലിയേറ്റസമയങ്ങളിൽ ചെളിയും മണ്ണും കയറുന്നതുകാരണം പ്രദേശവാസികൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആലപ്പുഴ വൻകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രത്യേക പ്രതിരോധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**കുറ്റ്യാടി പുഴയോര സംരക്ഷണം**

168 (474) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി പുഴയോരം ഇടിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴയോരം സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

(സി) പുഴയോരം ഇടിയുന്നത് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന പരിസരവാസികൾക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുകൊടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി & സി) കുറ്റ്യാടി മണ്ഡലത്തിലെ ഇടിഞ്ഞുകൊണ്ടിരിക്കുന്ന കുറ്റ്യാടി പുഴയോര സംരക്ഷണത്തിനായി Flood Control, Flood damages എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഇടിഞ്ഞുപോയ തീരങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, പ്രവൃത്തിയുടെ മുൻഗണനയും ഫണ്ട് ലഭ്യതയുമനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

**കേച്ചേരി പുഴയുടെ പുനരുദ്ധാരണം**

16(475) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വാഴാനി ഡാമിൽ നിന്ന് ആരംഭിച്ച് വടക്കാഞ്ചേരി - കേച്ചേരി - ഏനാമാവ് അവസാനിക്കുന്ന കേച്ചേരി പുഴയുടെ പുനരുദ്ധാരണത്തിനും സൗന്ദര്യവത്ക്കരണത്തിനും വിവിധ പദ്ധതികളിലായി ഇതുവരെ സർക്കാർ എത്ര കോടി രൂപ അനുവദിച്ചു?

(ബി) ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചുയെന്ന് അറിയിക്കുമോ?

(എ-സി) കേച്ചേരിപുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 36.30 കോടി രൂപയുടെ 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Total development plan for Wadakkanchery river Phase 1 (15-02-20201-ലെ G.O. (Rt) No. 112/2021/WRD പ്രകാരം) തുക 10 കോടി 2. KIIFB- Protection of Wadakkanchery river from Kanjirakkode to Pathramangalam construction of RCB at Muttikkal Attathara road in Kottappuram village across Wadakkanchery river connecting SH 50 in Muttikkal of Thalappilly Taluk in Thrissur district. (04-02-2021-ലെ G.O. (Rt) No. 81/2021/WRD പ്രകാരം) തുക 1 1.90 കോടി 3. KIIFB -Construction of RCB at Keezhthandilam across Wadakkanchery river at Thalappilly Taluk in Thrissur district.

(04-02-2021-ലെ G.O. (Rt) No. 81/2021/WRD പ്രകാരം) തുക 14.40 കോടി

(ഡി) എത്ര കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചുയെന്ന് വെളിപ്പെടുത്തുമോ?

(ഇ) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത ഏതെല്ലാം പദ്ധതികൾ ഉണ്ടെന്നും അവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ?

(ഡി&ഇ) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ അവസ്ഥ ഇപ്രകാരമാണ്. 15-02-2021-ലെ G.O.(Rt)No.112/2021/WRD പ്രകാരം ഭരണാനുമതി ലഭിച്ച 10 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 04-02-2021-ലെ G.O.(Rt)No.81/2021/WRD പ്രകാരം ഭരണാനുമതി ലഭിച്ച 26.30 കോടി രൂപയുടെ 2 പ്രവൃത്തികൾക്ക് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭാരതപ്പുഴയുടെ സംരക്ഷണം

170(476) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിന് നദീജലസംരക്ഷണ പദ്ധതി പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാലവർഷം ശക്തിപ്പെടുന്നവേളയിൽ ഭാരതപ്പുഴ കരകവിഞ്ഞൊഴുകി വെള്ളപ്പൊക്കം ഉണ്ടാകുന്നത് തടയുവാനായി പുഴയിൽ അടിഞ്ഞുകൂടിയ മണലും മണൽത്തിട്ടകളും നീക്കം ചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് ഫ്ലഡ് കൺട്രോൾ/ഫ്ലഡ് ഡാമേജ് എന്നീ നോൺ പ്ലാൻ ശീർഷകത്തിലും മറ്റു സ്കീമുകളിലും അനുവദിച്ച ഫണ്ടുപയോഗിച്ച് ആവശ്യകതയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയംമൂലം ഭാരതപ്പുഴയിലെ വിവിധ നിർമ്മിതികളായ ചെറുതുരുത്തി ചെക്ക് ഡാം, ചെങ്ങണാംകുന്ന് റഗുലേറ്റർ, വെള്ളിയാങ്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ സമീപം അവയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുംവിധം അടിഞ്ഞുകൂടിയ മണലും ചെളിയും

നീക്കം ചെയ്ത് നദിയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് ഭാരതപ്പുഴയിൽ നീരൊഴുക്കിന് തടസ്സമുണ്ടായിരുന്ന തവനൂർ ബ്രഹ്മ ക്ഷേത്രത്തിനും തൃക്കണ്ണാപുരം പമ്പ് ഹൗസിനും ഇടയിലുള്ള പ്രദേശത്തെ ചെളിയും പാഴ് വസ്തുക്കളും നീക്കം ചെയ്തിരുന്നു. കുറ്റിക്കാട് കടവിന് സമീപവും തിരുനാവായ, നിള പാർക്ക്, കുറ്റിപ്പുറം, പാഴൂർ, ചെമ്പിക്കൽ എന്നീ പ്രദേശങ്ങളിലും ഭാരതപ്പുഴയുടെ മദ്ധ്യഭാഗത്തായി പുഴയുടെ ഒഴുക്കിന് തടസ്സമാകുന്ന നിലയിൽ മണൽത്തിട്ട രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

## കനോലി കനാൽ

171(477) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

കനോലി കനാൽ വീതികൂട്ടുന്നത് സംബന്ധിച്ച പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ?

കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ ജലഗതാഗതത്തിന് ഉപയുക്തമാകുംവിധം നവീകരിക്കുന്നതിന് നിലവിലുള്ള

നിരവധി പാലങ്ങൾ ഉയർത്തേണ്ടതും നഗരത്തിൽ നിന്നുമുള്ള മലിനജലം കനാലിൽ എത്തുന്നത് തടയുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തേണ്ടതുമുണ്ട്. നിലവിലെ കനാൽ ചില ഭാഗങ്ങളിൽ 14.00 മീറ്ററെങ്കിലും വീതിയിൽ പുനർനിർമ്മിക്കേണ്ടതും അതിനനുസൃതമായി കനാൽ പാർശ്വങ്ങളിലെ റോഡുകളും പാലങ്ങളും പുനഃക്രമീകരിക്കേണ്ടിയും വരും. ഇതിനാവശ്യമായ സാങ്കേതിക കാര്യങ്ങൾ വിശകലനം ചെയ്ത് വിശദമായ ചർച്ചകൾക്കുശേഷം മാത്രമേ കനാൽ വീതി കൂട്ടുന്നതിനാവശ്യമായ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ കഴിയുകയുള്ളൂ.

## ഹരിതകേരളം പദ്ധതി

172(478) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കോട്ടക്കൽ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിവരം ലഭ്യമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. മണ്ഡലത്തിലെ മുഴുവൻ തദ്ദേശ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കേരളം പദ്ധതിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി നീർച്ചാലുകളുടെ വീണ്ടെടുപ്പിനായി നടപ്പിലാക്കിയ "ഇനി ഞാനൊഴുകട്ടെ" ക്യാമ്പയിന്റെ ഭാഗമായി കോട്ടക്കൽ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പൂങ്ങോട്ടുകുളം നവീകരണം സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കുമോ?

കുറ്റിപ്പുറം പഞ്ചായത്തിലെ 10-ാം വാർഡിലെ പൂങ്ങോട്ടുകുളം നവീകരണത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 51.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ 40% പൂർത്തിയായിട്ടുണ്ട്. കാലവർഷം കഴിഞ്ഞ് കുളത്തിലെ വെള്ളം താഴുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം പഞ്ചായത്തിലെ 10-ാം വാർഡിലെ പൂങ്ങോട്ടുകുളം നവീകരണത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 51.50 ലക്ഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ 40% പൂർത്തിയായിട്ടുണ്ട്. കാലവർഷം കഴിഞ്ഞ് കുളത്തിലെ വെള്ളം താഴുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

## വെഞ്ചാലി എക്സ്പ്രസ് കനാൽ നിർമ്മാണം

173(479) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

തിരൂരങ്ങാടി വെഞ്ചാലി പാടശേഖരത്തിലെ വെഞ്ചാലി മുതൽ ചെറുമുക്ക് വരെയുള്ള എക്സ്പ്രസ് കനാൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ വർഷത്തെ (2021-22) ബജറ്റിൽ വർക്ക് Appendix II വാല്യം II ക്രമ നമ്പർ 1488 ആയി ടി പദ്ധതിക്ക് ടോക്കൺ തുകയായി 100 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജലസ്രോതസ്സുകളുടെ സംഭരണശേഷി

174 (480) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശരിയായ പരിപാലനമില്ലാത്തതുമൂലം ജലസംഭരണശേഷി നഷ്ടപ്പെട്ട കുളങ്ങളേയും ടാങ്കുകളേയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഹരിതകേരളം മിഷന്റെ ജലസമൃദ്ധി ഉപമിഷനുകീഴിൽ ഗ്രാമപഞ്ചായത്തിൽ രൂപീകൃതമായ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ എല്ലാ തരത്തിലുള്ള ജലസംഭരണികളുടെയും പഞ്ചായത്ത് തലത്തിലുള്ള വിവരശേഖരണം നടത്തി നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശരിയായ പരിപാലനം ഇല്ലാത്തതുമൂലം ജലസംഭരണശേഷി നഷ്ടപ്പെട്ട കുളങ്ങളേയും ടാങ്കുകളേയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ട്. പുതിയ പ്രവൃത്തികൾക്ക് ഇതിൽ ഉൾപ്പെട്ടവയ്ക്ക് മുൻഗണന നൽകുന്നുണ്ട്. കൂടാതെ എം.ഐ സെൻസസ് മുഖേനയും മേൽപറഞ്ഞ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജലസ്രോതസ്സുകളെ പുനരുദ്ധരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തൊഴിലുറപ്പ്

പദ്ധതിയുടേയും നേതൃത്വത്തിലും ജനകീയ പങ്കാളിത്തത്തോടെയും സംസ്ഥാനത്തെ 25241 കുളങ്ങൾ നവീകരിക്കുകയും പുതുതായി 18883 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 13942 കിണറുകൾ നവീകരിക്കുകയും 23158 കിണറുകൾ നിർമ്മിക്കുകയും 62921 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ജില്ലയിൽ നാശോന്മുഖമായ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി കൊച്ചിൻ ഷിപ്പ് യാർഡിന്റെ സി.എസ്.ആർ. ഫണ്ടിന്റെ സഹായത്തോടെ 2016, 2017, 2018, 2019 വർഷങ്ങളിൽ 335 കുളങ്ങളുടെ പുനരുജ്ജീവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ നടത്തുകയുണ്ടായി. 2020-21 വർഷത്തിൽ കൊച്ചിൻ ഷിപ്പ് യാർഡിന്റെ സാമ്പത്തിക സഹായത്തോടെ (35 ലക്ഷം രൂപ) പൊതു കുളങ്ങളുടെ നവീകരണം ഏറ്റെടുത്തതിൽ 3 എണ്ണത്തിന്റെ നവീകരണം പൂർത്തിയായിട്ടുണ്ട്. ജലനിധി പദ്ധതിയുടെ സ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിനും ആവശ്യമായപക്ഷം പുനരധിവസിപ്പിക്കുന്നതിനും സുസ്ഥിരതാ പദ്ധതിയിൽ നിന്നും പണം കണ്ടെത്തി അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള ജലഅതോറിറ്റിയെ സംബന്ധിച്ച്

കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ നദികളിൽ നിന്ന് ഇൻടേക്ക് പോയിന്റുകളിലേയ്ക്കും ഇൻഫിൽട്രേഷൻ ഗ്യാലറികളിലേക്കുമുള്ള ഒഴുക്ക് തടസ്സപ്പെടുന്ന അവസ്ഥ ഉണ്ടാകുമ്പോൾ നദീതടങ്ങളിൽ എക്കലും മണ്ണും മാറ്റിക്കൊണ്ട് തടസ്സങ്ങളെ നീക്കി ആ സ്ഥലത്തെ നദിയുടെ ആവാഹന ശേഷി വർദ്ധിപ്പിച്ച് ജലവിതരണം സുഗമമാക്കുന്ന പ്രവൃത്തികൾ സ്വീകരിക്കാറുണ്ട്. വലിയ വിസ്തൃതിയുള്ള നദികളിൽ വേനൽക്കാലത്ത് ജലത്തിന്റെ പ്രവാഹം ഗതിമാറി കിണറുകളിലേയ്ക്കും ഇൻടേക്ക് പോയിന്റുകളിലേയ്ക്കും ജലം വന്നെത്താത്ത സ്ഥിതിവിശേഷം ഉണ്ടാകുമ്പോഴും ടി പ്രദേശത്തെ മണ്ണും മണലും നീക്കി ആവാഹനശേഷി വർദ്ധിപ്പിച്ച് കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഭൂജല വകുപ്പിന്റെ " ഭൂജല സംപോഷണവും സംരക്ഷണവും" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 0.1 ഹെക്ടറിന് താഴെ വിസ്തൃതിയുള്ള കുളങ്ങളുടെ പുനരുദ്ധാരണം നിർവഹിക്കുന്നതിനായി ലക്ഷ്യമിടുന്നു. ജലസേചന വകുപ്പിന്റെ അനുവദനീയമായ ശീർഷകങ്ങളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗപ്പെടുത്തി നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി മതിയായ രീതിയിലുള്ള ഫണ്ട് ലഭ്യമല്ലാത്തതും അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗം നടത്താത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾക്ക് ഈ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി ലഭ്യമായ ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ ഫണ്ടും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതയും പരമാവധി ഏകോപനത്തോടെ വിനിയോഗിച്ചുകൊണ്ടും, ജനകീയ പങ്കാളിത്തം ഉറപ്പാക്കിയുമാണ് ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. നവീകരിക്കേണ്ടതായി കണ്ടെത്തിയ ജലസ്രോതസ്സുകളുടെ എണ്ണം വളരെ കൂടുതലായതിനാൽ ജലസേചന വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്തിമാത്രം ജലസ്രോതസ്സുകളെല്ലാം പുനരുജ്ജീവിപ്പിക്കാൻ കഴിയുന്നില്ല. ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് പൊതുജനങ്ങൾ, ജനപ്രതിനിധികൾ, കർഷകർ എന്നിവരുടെ ആവശ്യപ്രകാരം പ്രവൃത്തികൾക്ക് മുൻഗണന നിശ്ചയിച്ചാണ് നടപ്പിലാക്കുന്നത്. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. അനുവദിച്ച

ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എല്ലാ ജലസ്രോതസ്സുകളുടേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാകേണ്ടതുണ്ട്. " ഭൂജല സംപോഷണവും സംരക്ഷണവും" എന്ന പ്ലാൻ പദ്ധതിയ്ക്ക് 10 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ലഭ്യമാക്കിയിട്ടുള്ളത്.

## ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്

175(481) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാൽ നിർമ്മാണ പ്രവൃത്തി നടത്തിയ കരാറുകാരനായ ശ്രീ. കെ. വി. പൗലോസിന്റെ ബിൽ തുക പാസ്സാക്കി നൽകിയിട്ടുണ്ടോ?

ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാൽ നിർമ്മാണ പ്രവൃത്തി നടത്തിയ കരാറുകാരനായ ശ്രീ.കെ.വി. പൗലോസിന്റെ ഫസ്റ്റ് & പാർട്ട് ബിൽ തുകയായ 84,45,878/- രൂപ 09-01-2012-ൽ നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുണ്ടോ ; ആയതിൽ ജഡ്ജ്മെന്റ് ആയിട്ടുണ്ടോ; ഇതിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്; മേൽ പ്രവൃത്തിയുടെ ബിൽ തുക ലഭ്യമാക്കുന്നതിലേക്കായി ശ്രീ. കെ. വി. പൗലോസ് ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 531/2021 നമ്പർ കേസിൽ 11-02-2021-ൽ ഇടക്കാല ഉത്തരവും 02-03-2021-ൽ ജഡ്ജ്മെന്റും പുറപ്പെടുവിച്ചിട്ടുണ്ട്. ഇടക്കാല ഉത്തരവിലെ നിർദ്ദേശ പ്രകാരം 24-02-2021-ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്കന്റ് & പാർട്ട് ബിൽ തുക അനുവദിക്കുന്നതിനായുള്ള ശിപാർശ സർക്കാർ പരിഗണിച്ചുവരികയാണ്.

(സി) കോടതി വിധി വന്ന ശേഷം ഈ ഫയലിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണ്; ഫയലിന്റെ നമ്പറും കമ്പ്യൂട്ടർ നമ്പറും ലഭ്യമാക്കാമോ?

(ഡി) ഈ ഫയൽ എന്നാണ് പ്രോസ്സസ് ചെയ്തതെന്നും ഇതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

(ഇ) പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ എന്നയച്ചുവെന്നും ആയതിന്റെ നമ്പരും തീയതിയും നൽകാമോ; ധനകാര്യ വകുപ്പ് ഫയലിൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ?

(എഫ്) ചീഫ് എഞ്ചിനീയർ ഓഫീസ് മോസ്റ്റ് അർജന്റ് എന്ന് നൽകിയ 24/3/21-ലെ ഇ.പി.41317/2021 നമ്പർ കത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കാമോ?

(സി-എഫ്) ബഹു. ഹൈക്കോടതി മുൻപാകെ ശ്രീ.കെ.വി.പൗലോസ് ഫയൽ ചെയ്തിരുന്ന WP(C) No.531/2021 നമ്പർ കേസിന്മേലുള്ള 11-02-2021-ലെ ഇടക്കാല ഉത്തരവിന്റെയും 02-03-2021-ലെ വിധിന്യായത്തിന്റേയും അടിസ്ഥാനത്തിൽ സെക്കന്റ് & പാർട്ട് ബിൽ പേയ്മെന്റിനായുള്ള ലെറ്റർ ഓഫ് ക്രഡിറ്റ് ശുപാർശ 24-03-2021-ലെ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2 -ന്റെ 25-03-2021-ലെ എഫ്.പി4-1317/2021 നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമായി. ആയതിൽ അന്നേ ദിവസം തന്നെ എം.പി2/27/2021-ജ.വി.വ. നമ്പർ ഫയലിൽ നടപടികൾ ആരംഭിക്കുകയും 27-03-2021-ൽ തന്നെ അഭിപ്രായത്തിനായി ധനകാര്യവകുപ്പിലേക്ക് അയ്ക്കുകയും ചെയ്തു. പ്രസ്തുത ഫയൽ നിലവിൽ (കമ്പ്യൂട്ടർ നം. 1736877 പ്രകാരം) ധനകാര്യ വകുപ്പ് - ഇൻസ്പെക്ഷൻ വിംഗിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാക്കി നൽകിയിട്ടുണ്ടോ; ആയതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യം ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു. ആയതിൽ കാലതാമസം ഉണ്ടായിട്ടില്ല.

**മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം**

176(482) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണത്തിനായി ഗാർഡൻ ഫണ്ട് വിനിയോഗിച്ച് 2016 മുതൽ 2021 ജൂൺ മാസം വരെയുള്ള കാലയളവിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത് എന്ന് അറിയിക്കാമോ?

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) 2016-17 വർഷങ്ങളിൽ മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണത്തിനായി യാതൊരു പ്രവൃത്തികൾക്കും ഭരണാനുമതി നല്കിയിട്ടില്ല. 2018-2021 ജൂൺ വരെയുള്ള കാലയളവിൽ ആകെ 17

പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഡാമുകളിലെ റൂൾ കർവ്

177 (483) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ റൂൾ കർവ് തയ്യാറാക്കിയിട്ടില്ലാത്ത ഡാമുകൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കാരാപ്പുഴ, മലങ്കര, ശിരുവാണി ഡാമുകൾക്ക് റൂൾ കർവ് തയ്യാറാക്കിയിട്ടില്ല.

(ബി) ഇത്തരം ഡാമുകളിൽ പ്രളയ സാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള എന്തെങ്കിലും ശാസ്ത്രീയ സംവിധാനങ്ങൾ നിലവിലുണ്ടോ?

ഉണ്ട്. 200 MCM-ൽ താഴെ സംഭരണ ശേഷിയുള്ള ഡാമുകളിൽ പ്രളയ സാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനായി Blue, Orange, Red എന്നീ മൂന്ന് തലത്തിലായി Alert Level നിശ്ചയിച്ചിട്ടുള്ളതും ആയത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലിച്ചുകൊണ്ട് അടിയന്തര ഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ അനുമതിക്ക് വിധേയമായി പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകി കൊണ്ട് സ്പിൽവേ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) രണ്ട് പ്രളയങ്ങൾ അഭിമുഖീകരിച്ചതിൽ നിന്നും പാഠമുൾക്കൊണ്ട് റൂൾ കർവുകൾ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള മുൻകരുതൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

കേന്ദ്ര ജല കമ്മീഷൻ, ദുരന്ത നിവാരണ വകുപ്പ് എന്നിവയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മൺസൂൺ കാലയളവിൽ ഡാമുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾക്കുള്ള നിർദ്ദേശങ്ങളും ഡാം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗ രേഖകളും എല്ലാ തലത്തിലുമുള്ള കാര്യാലയങ്ങളിലേയ്ക്ക് നൽകിയിട്ടുള്ളതും ആയവ പാലിക്കുന്നുണ്ടെന്ന് യഥാസമയം ഉറപ്പു വരുത്തുകയും ചെയ്തുവരുന്നു.

(ഡി) പ്രളയ സാഹചര്യങ്ങൾ നേരിടുന്നതിന് മുൻകരുതലായി സംസ്ഥാനത്ത് വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

2018-ലും 2019-ലും സംസ്ഥാനം നേരിട്ട അതിതീവ്ര വെള്ളപ്പൊക്കവും അതുമൂലം ഉണ്ടായ നാശനഷ്ടങ്ങളിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ഈ വർഷങ്ങളിൽ ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ ബാധിക്കപ്പെട്ട നദികളിലൊന്നായ പെരിയാറിൽ വെള്ളപ്പൊക്ക പ്രവചന മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കുവാനുള്ള പദ്ധതി നാഷണൽ ഹൈഡ്രോളജി പ്രൊജക്റ്റിനു കീഴിൽ തുടക്കം കുറിച്ചിട്ടുണ്ട്. പെരിയാറിലെ റിസർവ്വോയറുകളുടെ തൽസമയ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടാണ് ഈ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ഉദ്ദേശിച്ചിരിക്കുന്നത്. 2022 മെയ് മാസത്തിൽ ഈ പദ്ധതിയുടെ മോഡൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. തുടർന്ന് രണ്ടു മഴക്കാലങ്ങളിലെങ്കിലും മോഡൽ പ്രവർത്തിപ്പിച്ച് ഫോർകാസ്റ്റും യഥാർത്ഥ ജലത്തിന്റെ ഒഴുക്കുമായി താരതമ്യപ്പെടുത്തി കാലിബ്രേറ്റ് ചെയ്യേണ്ടതുണ്ട്.

**നെയ്യാർഡാമിലെ പ്രവർത്തനം**

178(484) <u>ശ്രീ സി കെ ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നെയ്യാർഡാമിലെ മണലും മണ്ണും ചെളിയും നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

നെയ്യാർഡാമിലെ മണലും മണ്ണും ചെളിയും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് KERI പീച്ചിയുടെ നേതൃത്വത്തിൽ ഒരു സെഡിമെന്റേഷൻ സ്റ്റഡി നടത്തിയിട്ടുണ്ട്.

(ബി) നെയ്യാർഡാമിലെ ചിൽഡ്രൻസ് പാർക്കിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ആയതിന്റെ പുരോഗതി അറിയിക്കാമോ?

08-02-2021-ലെ സ.ഉ(സാധാ) നം. 63/2021/ടൂറിസം പ്രകാരം ചിൽഡ്രൻസ് പാർക്ക് നവീകരിക്കുന്നതിലേയ്ക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നെയ്യാർഡാമിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും അതിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും എത്രവീതമെന്നും അറിയിക്കാമോ?

നെയ്യാർഡാമിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെ 12 സ്ഥിരം ജീവനക്കാരും പൂന്തോട്ട പരിപാലനത്തിനായി

ദിവസവേതനാടിസ്ഥാനത്തിൽ 4 ജീവനക്കാരും സെക്യൂരിറ്റിക്കായി KEXCON-ൽ നിന്നും 9 പേരും ജോലി ചെയ്തു വരുന്നു.

(ഡി) പ്രസ്തുത താൽക്കാലിക ജീവനക്കാർക്ക് ലഭിക്കേണ്ട വേതനം സംബന്ധിച്ച വിശദവിവരങ്ങളും അവർക്ക് ഏതുമാസം വരെ ശമ്പളം നൽകിയിട്ടുണ്ടെന്ന വിവരവും അറിയിക്കാമോ; ഇവർക്ക് കൃത്യമായി ശമ്പളം നൽകുന്നതിന് എന്താണ് തടസ്സം എന്നറിയിക്കാമോ?

(ഇ) എല്ലാ ജീവനക്കാർക്കും കുടിശ്ശിക വരാതെ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി&ഇ) താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് തടസ്സങ്ങളൊന്നും തന്നെയില്ല, ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകുന്നുണ്ട്.

**മാന്നനൂരിലെ ഉരുക്ക് തടയണ നിർമ്മാണം**

179(485) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ മാന്നനൂരിലെ ഉരുക്ക് തടയണയുടെ പാർശ്വഭിത്തികൾ തകർന്നു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇതിന്റെ പുനരുദ്ധാരണത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് മാറ്റിവെച്ചിട്ടുള്ളത്; അറിയിക്കുമോ;

(സി) ഈ പദ്ധതി ഏത് എജൻസി മുഖാന്തരമാണ് ചെയ്യുന്നത്?

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ-ഡി) 2018-ലെ പ്രളയത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിലെ മാന്നന്നൂർ ഉരുക്ക് തടയണയുടെ വലതുകരയിലെ പാർശ്വഭിത്തികൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത തടയണയുടെ നിർമ്മാണം ഐ.ഐ.ടി. മദ്രാസിന്റെ രൂപകൽപന പ്രകാരം കെ.ഐ.ഐ.ഡി.സി.യാണ് പൂർത്തീകരിച്ചത്. അതിനാൽ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യുടെ നിർദ്ദേശപ്രകാരം കെ.ഐ.ഐ.ഡി.സി.-യുടെ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത സ്ഥലം പരിശോധിച്ച് ഒരു വിശദമായ റിപ്പോർട്ട് 10-06-2020-ന് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഐ.ഐ.ടി.-യെ കൂടി ഉൾപ്പെടുത്തി കെ.ഐ.ഐ.ഡി.സി. തന്നെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താനുള്ള നിർദ്ദേശം 28-09-2020-ന് ഐ.ഡി.ആർ.ബി.-

യിൽ നിന്നും ലഭിച്ചു. 2018-ലെ അധിക പ്രളയ ജലം പുഴയിലൂടെ കടന്നുപോകാൻ കഴിയാതിരുന്നതാണ് കര ഇടിയാൻ കാരണമായത്. അതിനാൽ തടയണയുടെ വലതുഭാഗത്ത് ഇരുവശവും ഉയർത്താൻ കഴിയുന്ന ഷട്ടറോടുകൂടിയ വെന്റ് നിർമ്മിക്കുവാനും ഇടിഞ്ഞുപോയ വലതുകരയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഡിസൈൻ, വിശദമായ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെടുന്ന ₹12.25 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) ധനസഹായം ലഭിക്കുന്നതിന് വേണ്ടിയുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

## തോട്ടപ്പള്ളി അഴിമുഖം വീതി കൂട്ടൽ

180 (486) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനായി തോട്ടപ്പള്ളി അഴിമുഖം വീതികൂട്ടാൻ തീരുമാനിച്ചിരുന്നോ?

കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനായി തോട്ടപ്പള്ളി അഴീമുഖം വീതി കൂട്ടാൻ തീരുമാനിക്കുകയും ആയത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ഈ പ്രവൃത്തി ചെയ്യുന്നതിന് ആരെയാണ് നിയോഗിച്ചതെന്ന് അറിയിക്കാമോ?

പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ചവറയാണ് ഈ പ്രവൃത്തി ചെയ്യുന്നതിന് നിയോഗിച്ചിരുന്നത്.

(സി) വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി വൻതോതിൽ ധാതുമണൽ കടത്തുന്നതിന് അനുമതി നൽകിയാൽ ആയത് പരിസരവാസികളെയും മത്സ്യത്തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ?

കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് കടലിലേയ്ക്കുള്ള സുഗമമായ ജലനിർഗ്ഗമനത്തിന് തടസ്സമാകുന്ന വിധത്തിൽ അഴിമുഖത്തിന്റെ അടിത്തട്ടിൽ അധികമായുള്ള മണ്ണും ചെളിയുമാണ് നീക്കം ചെയ്യുന്നത്. അഴിമുഖത്ത് മണ്ണ് അടിഞ്ഞുകൂടുന്നതിന് ശാശ്വതപരിഹാരമായി പുലിമുട്ട് നിർമ്മിക്കുന്നത് പരിഗണനയിലാണ്. ആയതിലേയ്ക്കുള്ള പഠനം ചെന്നൈ ഐ.ഐ.റ്റി. വഴി നടത്തുന്നുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കി കഴിഞ്ഞാൽ

പരിസരവാസികളെയും മത്സ്യത്തൊഴിലാളികളേയും പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.

## കടലുണ്ടി പുഴയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് നടപടി

181(487) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറെമണ്ണ നെച്ചിക്കുറ്റി ഭാഗത്ത് കടലുണ്ടി പുഴയുടെ അരിക് തകർന്ന് സമീപത്തെ വീടുകളും വസ്തുക്കളും അപകട ഭീഷണിയിലായതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ച് നൽകണമെന്ന ആവശ്യം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) വീടുകൾ ഉൾപ്പെടെ അപകടഭീഷണിയിലായതിനാൽ സമയബന്ധിതമായി സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി നടപ്പിലാക്കിയില്ലെങ്കിൽ കൂടുതൽ നാശനഷ്ടങ്ങൾക്ക് സാധ്യതയുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുമോ?

(എ & ബി) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറെമണ്ണ നെച്ചിക്കുറ്റി ഭാഗത്ത് കടലുണ്ടി പുഴയുടെ അരികു തകർന്ന് സമീപത്തെ വീടുകളും വസ്തുക്കളും അപകട ഭീഷണിയിലായതിനാൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

**തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ**

182(488) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) തോടുകൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമുള്ള വിവിധ തോടുകളുടെ കരയിടിച്ചിൽ തടയുന്നതിന് ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നു.

(ബി) പാർശ്വഭിത്തി ഇടിയുന്നതുമൂലം തീരത്ത് താമസിക്കുന്ന ആൾക്കാരുടെ വീടുകൾക്കും മറ്റ് വസ്തുവകകൾക്കും നാശനഷ്ടം

സംഭവിക്കുന്നത് തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളെപ്പറ്റി വിശദമാക്കാമോ?

പാർശ്വഭിത്തി ഇടിയുന്നതുമൂലം തീരത്ത് താമസിക്കുന്ന ആൾക്കാരുടെ വീടുകൾക്കും മറ്റ് വസ്തുവകകൾക്കും നാശനഷ്ടം സംഭവിക്കുന്നത് തടയുന്നതിനുവേണ്ടി അപേക്ഷകൾ ലഭിച്ചാൽ അവ യഥാസമയം പരിശോധിച്ച് പാർശ്വങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നാശനഷ്ടം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിലെ എലിത്തോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി സമർപ്പിച്ച നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കുത്തുപറമ്പ് മണ്ഡലത്തിലെ മാഹി പുഴയുടെ കൈവഴിയായ എലിത്തോടിന്റെ വലതുകര പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പുമന്ത്രിയും കൂത്തുപറമ്പ് എം.എൽ.എ-യുമായിരുന്ന ശ്രീമതി കെ. കെ ശൈലജ ടീച്ചറുടെ 03-02-2016 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ മേൽപ്രവൃത്തിക്ക് ചീഫ്

എഞ്ചിനീയർ, ജലസേചനവും ഭരണവും തിരുവനന്തപുരത്തിന്റെ 21-01-2017 -ലെ ഓർഡർ നം. IDTsy/2016/2917/IA പ്രകാരം ഭരണാനുമതിയും, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോട് നോർത്ത് സർക്കിളിന്റെ 26-03-2018-ലെ ഓർഡർ നം.2017-2018/2016/2917/IA പ്രകാരം സാങ്കേതികാനുമതിയും നൽകിയിരുന്നു. എന്നാൽ പലതവണ ടെണ്ടർ ചെയ്തിട്ടും പിന്നീട് ഇ-ക്വട്ടേഷൻ ചെയ്തിട്ടും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. പിന്നീട് കോസ്റ്റ് ഇൻഡക്സിൽ മാറ്റം വരികയും നിലവിലെ സാങ്കേതികാനുമതി റദ്ദ് ചെയ്ത് പുതുക്കിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തലശ്ശേരിയുടെ 10-01-2020-ലെ Order No.IDTsy/2019-2020/2016/2917/1A പ്രകാരം സാങ്കേതികാനുമതി നൽകുകയും ചെയ്തു. തുടർന്നും പലതവണ ടെണ്ടർ വിളിച്ചിരുന്നെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. പിന്നീട് ഇ-ക്വട്ടേഷൻ ക്ഷണിക്കുകയും, വഴി സൗകര്യമില്ലാത്തതിനാൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാതെ വരികയും ചെയ്തു. കൂത്തുപറമ്പ് എം.എൽ.എ. ശ്രീ.കെ.പി.മോഹനന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും

സ്ഥലപരിശോധന നടത്തിയപ്പോൾ മേൽപ്രവൃത്തി നടത്തേണ്ട സ്ഥലത്തും മറ്റു സ്ഥലങ്ങളിലും കൂടുതൽ കരയിടിച്ചിൽ സംഭവിച്ചതായി കാണുന്നു. തുടർന്ന് പാനൂർ നഗരസഭ കൗൺസിലർ ഇടപെട്ട് സൈറ്റിലേയ്ക്ക് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള സൗകര്യം ഒരുക്കിതരാമെന്ന് രേഖാമൂലം ഉറപ്പ് തന്നിട്ടുണ്ട്. നിലവിലുള്ള പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ, പുതുതായി കരയിടിച്ചിൽ സംഭവിച്ചിട്ടുള്ള ഭാഗത്തുകൂടി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊവിഷൻ കൂടി ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതിക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതുകൊണ്ട് കൂടുതൽ പ്രദേശങ്ങൾ കൃഷി യോഗ്യമാക്കി മാറ്റാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിലൂടെ കരയിടിച്ചിൽമൂലം കൃഷിസ്ഥലങ്ങൾ നശിച്ചു പോകുന്നത് തടയാനും മഴക്കാലത്ത് കൃഷി സ്ഥലത്തിലൂടെ വെള്ളം കയറി ഒഴുകി കൃഷി നശിച്ചു പോകുന്നത് തടയാനും കൂടുതൽ പ്രദേശങ്ങൾ കൃഷിയോഗ്യമാക്കി മാറ്റുവാനും കഴിയുന്നുണ്ട്.

## കുട്ടനാട്ടിലെ പുറംബണ്ടുകൾ ബലപ്പെടുത്താൻ നടപടി

183(489) <u>ശ്രീ തോമസ് കെ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കുട്ടനാട്ടിലെ മടവീഴ്ച സാദ്ധ്യത കൂടുതലുള്ള പാടശേഖരങ്ങൾ കണ്ടെത്തി അവയുടെ പുറംബണ്ടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സൈഡ് കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

കുട്ടനാട്ടിലെ മടവീഴ്ച സാധ്യത കൂടുതലുള്ള പ്രദേശങ്ങൾ കണ്ടെത്തി അവയുടെ പുറംബണ്ടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സൈഡ് കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്ലാൻ പദ്ധതി എസ്.ഡി.ആർ.എഫ്., നബാർഡ് എന്നീ പദ്ധതികളിലുൾപ്പെടുത്തി മടവീഴ്ച ഉണ്ടായതും മടവീഴ്ച സാധ്യതയുള്ളതുമായ പുറംബണ്ടുകളുടെ സംരക്ഷണത്തിനായി പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) മടവീഴ്ച തടയുന്നതിന് വകുപ്പിന്റെ നേതൃത്വത്തിൽ കുട്ടനാട്ടിൽ പ്രത്യേക സർവ്വേ നടത്തുന്നതിന് നടപടി ഉണ്ടാകുമോ; അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുമോ?

കനകാശ്ശേരി പാടശേഖരത്തിലെ നിരന്തരമായ മടവീഴ്ച സംബന്ധിച്ച് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി Detailed Investigation

നടത്തുന്നതിനായി 16-06-2021- ലെ G.O.(Rt) No.314/2021/WRD പ്രകാരം തിരുവനന്തപുരം LBS Institute of Technology for Women - നെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പഠനം പൂർത്തിയാകുന്ന മുറയ്ക്ക് അടിയന്തര തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കൊയിലാണ്ടി മണ്ഡലത്തിലെ കടൽഭിത്തികളുടെ സംരക്ഷണം**

184(490) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടെ ചുഴലിക്കാറ്റിന്റെ പ്രതിഫലനമായുണ്ടായ കടൽ ക്ഷോഭത്തിൽ കൊയിലാണ്ടി മണ്ഡലത്തിലെ കടൽ സംരക്ഷണ ഭിത്തികൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായത് എന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏകദേശം 10.60 കോടിയോളം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) കടൽ സുരക്ഷാഭിത്തികൾക്ക് ശോഷണം സംഭവിച്ചയിടങ്ങളിൽ അവ ബലപ്പെടുത്താനുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വിശദമാക്കാമോ?

കടൽ സുരക്ഷാഭിത്തികൾക്ക് ശോഷണം സംഭവിച്ചയിടങ്ങളിൽ അവ ബലപ്പെടുത്താനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. രണ്ട് അടിയന്തര അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലുൾപ്പെടുന്ന കാപ്പാട് പ്രദേശങ്ങൾ ഏറ്റവും കൂടുതൽ കടൽക്ഷോഭം അനുഭവപ്പെടുന്ന ഹോട്ട് സ്പോട്ടുകളിലൊന്നായി സർക്കാർ പരിഗണിച്ചിട്ടുണ്ടോ; ഇവിടങ്ങളിൽ കടൽക്ഷോഭം നേരിടുന്നതിന് അടിയന്തരമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

കാപ്പാട് പ്രദേശം ഏറ്റവും കൂടുതൽ കടൽക്ഷോഭം അനുഭവപ്പെടുന്ന ഹോട്ട്സ്പോട്ടായി NCCR പഠനത്തിനായി പരിഗണിച്ചിട്ടുണ്ട്. കാപ്പാട് പ്രദേശങ്ങളിൽ തീരസംരക്ഷണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. കൂടാതെ കാപ്പാട് മുതൽ വലിയങ്ങാടി വരെ 16 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി പൂണെ CWPRS-നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ചാലിയാർ പുഴയുടെ തീരസംരക്ഷണ പദ്ധതി

185(491) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയുടെ തീരം ഇടിഞ്ഞ് പുഴയ്ക്കും സമീപത്ത് താമസിക്കുന്ന ജനങ്ങൾക്കും നാശനഷ്ടം ഉണ്ടാകുന്നുയെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ചാലിയാർ പുഴയുടെ തീരങ്ങൾ പലസ്ഥലങ്ങളിലായി ഇടിഞ്ഞ് പുഴയ്ക്കും സമീപത്ത് താമസിക്കുന്ന ജനങ്ങൾക്കും നാശനഷ്ടം ഉണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴയ്ക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കുമോ?

(സി) എങ്കിൽ കൊണ്ടോട്ടി മണ്ഡലത്തിൽ പുഴയ്ക്ക് പാർശ്വഭിത്തി കെട്ടുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദമാക്കുമോ?

പുഴയ്ക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ ഫ്ലഡ് ഡാമേജ് /ഫ്ലഡ് കൺട്രോൾ എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ സംരക്ഷണപ്രവൃത്തികൾ നടത്തി വരുന്നുണ്ട്. കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് പാർശ്വഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധമായി

ചേർക്കുന്നു.

## പുലിമുട്ട് നിർമ്മാണം

186(492) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുള്ള കടൽഭിത്തി/പുലിമുട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുള്ള കടൽഭിത്തി/പുലിമുട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ KIIFB-യുടെ എസ്.പി.വി. ആയ KIIDC വഴിയാണ് നടപ്പിലാക്കുന്നത്. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കര, ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ വട്ടച്ചാൽ എന്നീ തീരപ്രദേശങ്ങളിൽ കുറെ വർഷമായി കടലാക്രമണംമൂലമുണ്ടായിരുന്ന നാശനഷ്ടങ്ങൾ കണക്കിലെടുത്താണ് പ്രതിരോധ പ്രവൃത്തികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി കിഫ്ബിയിൽനിന്ന് ധനസഹായം ലഭ്യമാക്കി KIIDC മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ പുലിമുട്ടുകളുടെ നിർമ്മാണം ഐ.ഐ.ടി.-യുടെ ഡിസൈൻ പ്രകാരം ഭാഗികമായി കല്ലുകളും ടെട്രാപോഡുകളും ഉപയോഗിച്ച് നടന്നുവരുന്നു. ഇതിനാവശ്യമായ കല്ലുകൾ സമീപ ജില്ലകളിൽ നിന്നാണ് കൊണ്ടുവന്നിരുന്നത്. എന്നാൽ വിവിധ കോടതി ഉത്തരവുകൾ പ്രകാരം ചില ക്വാറികളുടെ പ്രവർത്തനങ്ങൾ നിലച്ചതുമൂലം കല്ലുകളുടെ ലഭ്യത വളരെയധികം കുറഞ്ഞിട്ടുണ്ട്. ഇതിനെ തരണം ചെയ്തു നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി കരാറുകാരൻ പത്തനംതിട്ട ജില്ലയിൽ ഒരു ക്വാറി വിലയ്ക്കെടുക്കുകയും അതിൽ നിന്നും കൂടുതൽ അളവിൽ പാറകൾ ഖനനം ചെയ്യാനുള്ള അനുമതിക്കായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ പാറകൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

പരമ്പരാഗത രീതിയിൽ കല്ലുകൾ മാത്രം ഉപയോഗിച്ചുള്ള പുലിമുട്ടുകൾക്കു പകരം അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമ്മിതമായ ടെട്രാപോഡുകളും ഉപയോഗിച്ചുള്ള രീതിയാണ് ഇതിൽ

അവലംബിച്ചിരിക്കുന്നത്. കരയിൽ നിന്നും 20 മുതൽ 50 മീറ്റർ വരെ നീളമുള്ള പുലിമുട്ടുകൾക്കായി ജിയോ മാറ്റ് നിരത്തി അതിനു മുകളിൽ 1kg മുതൽ 500kg വരെ ഭാരമുള്ള കല്ലുകൾ നിരത്തി, അതിനു മുകളിൽ അഗ്ര ഭാഗത്ത് 5 ടൺ ഭാരമുള്ള ടെട്രാപോഡുകളും അതിനു പിന്നിൽ 2 ടൺ ഭാരമുള്ള ടെട്രാപോഡുകൾ രണ്ടു ലെയറായി നിരത്തിയാണ് ഇവ നിർമ്മിക്കുന്നത്. നിലവിൽ ഹരിപ്പാട് മണ്ഡലത്തിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയാങ്കരയിൽ 1.50 km നീളത്തിലുള്ള കടൽ തീരത്ത് 13 പുലിമുട്ടുകൾക്ക് 20.08 കോടി രൂപയും, ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴയിൽ 1.20 km നീളത്തിലുള്ള കടൽ തീരത്ത് 21 പുലിമുട്ടുകൾക്ക് 26.23 കോടി രൂപയും വട്ടച്ചാലിൽ 1.68 km നീളത്തിലുള്ള കടൽ തീരത്ത് 16 പുലിമുട്ടുകൾക്ക് 28.83 കോടി രൂപയുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഏകദേശം 8% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇതിൽ കല്ലുകൾ ളുക്കവാനുള്ള വെയ്ബ്രിഡ്ജുകളുടെ നിർമ്മാണവും, പതിയാങ്കരയിൽ 3158 എണ്ണം 2 ടൺ ടെട്രാപോഡുകളും, 133 എണ്ണം 5 ടൺ ടെട്രാപോഡുകളും, വട്ടച്ചാലിൽ 2354 എണ്ണം 2 ടൺ ടെട്രാപോഡുകളും, 3432 എണ്ണം 5 ടൺ ടെട്രാപോഡുകളും, ആറാട്ടുപുഴയിൽ 379 എണ്ണം 2 ടൺ ടെട്രാപോഡുകളും, 2385 എണ്ണം 5 ടൺ ടെട്രാപോഡുകളും നിർമ്മിച്ചുകഴിഞ്ഞു.

## വടകര മണ്ഡലത്തിലെ തീരസംരക്ഷണം

187(493) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വകുപ്പിന് കീഴിൽ മണ്ഡലത്തിൽ ചെലവാക്കിയിട്ടുള്ള ആകെ തുക എത്രയാണെന്ന് അറിയിക്കുമോ?

വടകര മണ്ഡലത്തിൽ 30 പ്രവൃത്തികളിലായി 42.51 ലക്ഷം രൂപയുടെ പ്രവൃത്തികളും ടി മണ്ഡലത്തിലെ ചോറോട് പഞ്ചായത്തിലെ കളാശ്ശേരിമുക്ക് കുടിവെള്ള പദ്ധതിയിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 6,00,000/- രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തി സുസ്ഥിര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും പൂർത്തീകരിച്ചുവരുന്നു. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ അഴിയൂർ, ചോറോട് പഞ്ചായത്തുകളിലായി 600 കണക്ഷനുകൾ നൽകാനുള്ള 113.08 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 68.02 ലക്ഷം രൂപ ചെലവഴിച്ച് 300 കുടിവെള്ള കണക്ഷനുകൾ അഴിയൂർ പഞ്ചായത്തിൽ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ചോറോട്

പഞ്ചായത്തിൽ 43.17 ലക്ഷം ചെലവഴിച്ച് 300 കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 25,14,88,558/-രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിലെ തീരങ്ങളിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണം നേരിടുന്നതിനുള്ള ശാശ്വത പരിഹാരമെന്ന നിലയിൽ നിശ്ചിത ഇടവേളകളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്.

(സി) കടലാക്രമണം നേരിടുന്നതിനായി കേരള തീരത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കൂടി പരിഗണിച്ചുകൊണ്ടുള്ള ശാസ്ത്രീയവും ശാശ്വതവുമായ പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച് ആധികാരിക പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളുടെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തികളുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമായ പഠനം നടത്തിയിട്ടുണ്ട്. പീച്ചി ആസ്ഥാനമായുള്ള KERI എന്ന സ്ഥാപനത്തെ ഉൾപ്പെടുത്തി ഭൂപ്രകൃതിയുടെ പ്രത്യേകതകൾകൂടി പരിഗണിച്ചുകൊണ്ടുള്ള ശാസ്ത്രീയവും ശാശ്വതവുമായ പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനം നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിലെ തീരദേശത്തിന് ഗുരുതര ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്ന കടലാക്രമണങ്ങളെ നേരിടുന്നതിനായി കടലാക്രമണ ഭീഷണി കൂടുതലുള്ള പ്രദേശങ്ങളിലെങ്കിലും അടിയന്തരമായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വടകര മണ്ഡലത്തിലെ 6 സ്ഥലങ്ങളിൽ പുലിമുട്ട് നിർമ്മാണത്തിനായുള്ള സാധ്യതാ പഠനം നടത്തുന്നതിന് പൂനെ ആസ്ഥാനമായുള്ള CWPRS എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം ഡിസൈൻ ലഭ്യമാക്കി പുലിമുട്ടുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

## തീരസംരക്ഷണത്തിനായി ഹൈഡ്രോളിക് മോഡൽ പഠനം

188(494) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ ബീച്ചിൽ തീര സംരക്ഷണ

പ്രവൃത്തി ഡിസൈൻ ചെയ്യുന്നതിനുള്ള ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനുള്ള ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ ബീച്ചിൽ തീരസംരക്ഷണ പ്രവൃത്തി ഡിസൈൻ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിന് 17-12-2020-ലെ സ.ഉ(സാധാ) 767/2020/ജവിവ നമ്പർ ഉത്തരവ് പ്രകാരം 9.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഹൈഡ്രോളിക് മോഡൽ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് സ്വീകരിക്കേണ്ട തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

CWPRS-ന്റെ റിപ്പോർട്ടും ഡിസൈനും ലഭ്യമായശേഷം DPR തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പണിതുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

## കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ

189(495) <u>ശ്രീ തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കുട്ടനാട്ടിൽ പ്ലാൻ, NABARD, SDRF എന്നീ പദ്ധതികളിൽപ്പെടുത്തിയുള്ള ഇറിഗേഷൻ പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ആയതിന്റെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു. കൂടാതെ പ്രാദേശിക തലത്തിൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(ബി) നിലവിൽ കുട്ടനാട്ടിൽ നടപ്പാക്കി വരുന്ന ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ?

2019-20 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 32 കോടി രൂപയുടെ 19 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2020-21 ബഡ്ജറ്റിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി ഷെയർ ഡെബിറ്റ് ഉൾപ്പെടെ 17.40

കോടി രൂപയും നബാർഡ് ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി ഷെയർഡെബിറ്റ് ഉൾപ്പെടെ 29.02 കോടി രൂപയും പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുണ്ട്. പ്ലാൻ സ്കീമിൽ 42 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതിൽ 15 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. നബാർഡ് ആർ.ഐ.ഡി.എഫ്-ൽ 7 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്. അതിൽ 3 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ബാക്കി പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. 2021-22 ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ 30 കോടി രൂപയും (ഉപയോഗിക്കാവുന്ന തുക 24.7 കോടി രൂപ) നബാർഡിൽ 29 കോടി രൂപയും (ഉപയോഗിക്കാവുന്ന തുക 23.89 കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. അതിൽ പ്ലാൻ സ്കീമിൽ 38 പ്രവൃത്തികളും നബാർഡ് ആർ.ഐ.ഡ്.എഫ്-ൽ 6 പ്രവൃത്തികളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ പദ്ധതികളിലായി 593 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ 511 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ഉപ്പുവെള്ള പ്രതിരോധ ബണ്ട്

190(496) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉപ്പുവെള്ളം കാരണം ബുദ്ധിമുട്ടുന്ന കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ മാടായി, മാട്ടൂൽ, കണ്ണപുരം, ചെറുകുന്ന്, ഏഴോം, കുഞ്ഞിമംഗലം, പട്ടുവം, കല്ല്യാശ്ശേരി, ചെറുതാഴം ഗ്രാമപഞ്ചായത്തുകളിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇറിഗേഷൻ വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഏഴോം, പട്ടുവം, മാടായി, കുഞ്ഞിമംഗലം, കല്ല്യാശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാട്ടൂൽ എന്നീ പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറി കുടിവെള്ളത്തെയും കൃഷിയെയും ബാധിക്കുന്നതിനെക്കുറിച്ച് പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ പ്രതിപാദിച്ച 8 ഗ്രാമ പഞ്ചായത്തുകളിൽ 33 പുതിയ പ്രവൃത്തികൾ, 20 റിപ്പയർ പ്രവൃത്തികൾ, തോട് സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്ക് 1367 ലക്ഷം രൂപയാണ് പ്രാഥമിക പഠനത്തിൽ ആവശ്യമായി വരുന്നത്. മേൽ പ്രവൃത്തികളിൽ ഉൾപ്പെട്ട ചെറുകുന്ന് പഞ്ചായത്തിലെ കാക്കത്തോട് SWECB-യുടെ പുനർനിർമ്മാണം, മാട്ടൂൽ പഞ്ചായത്തിലെ പത്താൻതോട് SWECB-യുടെ പുനർനിർമ്മാണം എന്നീ പ്രവൃത്തികൾ 2021-2022 പ്ലാൻ സ്കീമിൽ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പട്ടുവം പഞ്ചായത്തിൽ പറന്നൽ, പോത്തട മുട്ടുകണ്ടി, വെള്ളിക്കീൽ പാഞ്ചലായി എന്നിവിടങ്ങളിലായി ആകെ 3.4 കി.മി. നീളത്തിലും മാടായി പഞ്ചായത്തിലെ വേങ്ങര മൂലക്കീൽ മുതൽ ചെമ്പല്ലിക്കുണ്ട് ഓവർ ബ്രിഡ്ജ് വരെയുള്ള ഭാഗത്ത് 166 കി.മി നീളത്തിലും ചെറുകിട ജലസേചന വകുപ്പ് ഉപ്പുവെള്ള പ്രതിരോധത്തിനായി മാർജിനൽ ബണ്ട് നിർമ്മിച്ചിട്ടുണ്ട്. ഈ ബണ്ടുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുകയും സ്ലൂയിസുകൾ തുറക്കുകയും അടക്കുകയും ചെയ്തുവരുന്നുമുണ്ട്. ഉപ്പുവെള്ളം കയറുന്നതുകാരണം ബുദ്ധിമുട്ടുന്ന കല്ല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരം പഞ്ചായത്തിൽ പുനംകൈത്തോട്, പുത്തരിത്തോൽ തോട്, മാട്ടൂൽ പഞ്ചായത്തിലെ കാവിലെപറമ്പിൽ തോട്, ചെറുകുന്ന് പഞ്ചായത്തിലെ കയ്യലവളപ്പിൽ എന്നിവയ്ക്ക് ഉപ്പുവെള്ള പ്രതിരോധബണ്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപ്പുവെള്ള പ്രതിരോധബണ്ടുകളായ കല്ല്യാശ്ശേരി പഞ്ചായത്തിലെ അടൽതോട് SWECB, ഒടിപ്രം SWECB, പുതുവാക്കൽ SWECB, ചെറുകുന്ന് പഞ്ചായത്തിലെ മൂലക്കീൽ ബണ്ട്, കൊച്ചീക്കാരൻ മൂല SWECB എന്നിവ SDRF പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ

തോടിന് മുണ്ടാപ്രത്ത് പാലത്തോടുകൂടിയ ഉപ്പുവെള്ള പ്രതിരോധബണ്ട് നിർമ്മിക്കാനുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് വേണ്ട വിവരങ്ങൾ ലഭ്യമാക്കാൻ ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽക്കാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഐ.ഡി.ആർ.ബി-യിൽ നിന്ന് ഡിസൈൻ ലഭ്യമാക്കുന്ന മുറയ്ക്ക് ഡി.പി.ആർ സമർപ്പിക്കുന്നതാണെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാപ്പുക്കൽ ബണ്ട് മുട്ടിൽക്കാപ്പ് ആർ.സി.ബി എന്നിവ യാഥാർത്ഥ്യമായാൽ ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കുന്നതാണ്. കൂടാതെ വൻകിട ജലസേചന വിഭാഗം വഴി കല്യാശ്ശേരി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ 23 പ്രവൃത്തികൾക്കായി 7885 ലക്ഷം രൂപ അടങ്കൽ വരുന്ന ഉപ്പുവെള്ള പ്രതിരോധ പ്രവൃത്തികളുടെ വിശദമായ പദ്ധതി രേഖയും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ

പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**കുന്നംകുളം കരീച്ചാൽ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

191(497) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കരീച്ചാൽ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം തടസപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം കാലതാമസം എന്തുകൊണ്ടാണുണ്ടായതെന്നും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കും കരാറുകാരനുമെതിരെ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

കരിച്ചാൽകടവ് ചെക്ക് ഡാം കം ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചത് 22-11-2018-നാണ്. ഈ പ്രവൃത്തി നടത്തുന്ന സ്ഥലം നൂറടി തോട് കോൾ മേഖലയിലായതിനാലും വെള്ളം നിറഞ്ഞ് നിൽക്കുന്നതിനാലും മാർച്ച് മാസം മുതൽ മെയ് മാസം വരെയാണ് പ്രവൃത്തി തുടരുന്നതിന് സാധിക്കുന്നത്. ആദ്യ സീസണിൽ (2019 മാർച്ച്, മെയ് മാസങ്ങളിൽ) തന്നെ പാലത്തിന്റെ പൈലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അടുത്ത

സീസണിൽ (2020 മാർച്ച്, മെയ് മാസങ്ങളിൽ) പ്രവൃത്തി തുടങ്ങിയെങ്കിലും കോവിഡ്-19-ന്റെ ഭാഗമായി ലോക്ക്ഡൗൺ നിലവിൽ വന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ ലഭ്യതക്കുറവുമൂലം തുടർപണികൾ നടത്തുവാൻ സാധിക്കാതെ വന്നു. 2021 മാർച്ച് മാസം മുതൽ പാലത്തിന്റെ approach road-ന്റെ ഫൗണ്ടേഷന്റെ ഭാഗമായ പ്രീകാസ്റ്റ് പൈലുകളുടെ നിർമ്മാണം പകുതിയോളം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പാലത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായ ഷീറ്റ് പൈലുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ലോക്ക്ഡൗൺ നിലവിലുള്ളതിനാൽ ഷീറ്റ് പൈലുകൾ ഉറപ്പിക്കുന്നതിന് വേണ്ട യന്ത്രസാമഗ്രികൾ സൈറ്റിൽ എത്തിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. ഇക്കാരണങ്ങൾ കൊണ്ടാണ് പ്രവൃത്തി തുടരുന്നതിന് കാലതാമസം നേരിട്ടത്.

(സി) പദ്ധതി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഈ വരുന്ന സീസണിൽ തന്നെ തുടർ പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കാൻ ആകുമെന്ന് കരുതുന്നു.

**ഏനാമാക്കൽ , ഇടിയഞ്ചിറ റെഗുലേറ്ററുകൾ**

192(498) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകൾ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റെഗുലേറ്ററുകളുടെ നവീകരണത്തിന് ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി) നവീകരണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി മെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾക്കായി യഥാക്രമം 7.32 കോടി രൂപയും 4.46 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഏനാമാക്കൽ റെഗുലേറ്ററിന്റെ പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണമൊന്നും ലഭിക്കാത്തതിനാൽ 02-08-2021-ന് ടെണ്ടർ തുറക്കത്തക്കവിധത്തിൽ നാലാം തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിയുടെ നിർമ്മാണ കരാറിൽ

ഏർപ്പെട്ടതിനുശേഷം പുഴയിൽ ജലനിരപ്പ് കുറഞ്ഞ് അനുകൂല സാഹചര്യമുണ്ടാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച റിപ്പോർട്ട് KERI പീച്ചി സമർപ്പിച്ചിട്ടുണ്ട്.

**താൽക്കാലിക റിംഗ് ബണ്ട് നിർമ്മാണം**

193(499) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളിൽ ഇക്കൊല്ലത്തെ കൃഷി ഇറക്കുന്നതിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് ഒഴിവാക്കുന്നതിനുമായി മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ താൽക്കാലിക റിംഗ് ബണ്ടുകൾ യഥാസമയം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇടിയഞ്ചിറ താൽക്കാലിക റിംഗ് ബണ്ടിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതി, ഭരണാനുമതി എന്നിവ നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ഏനാമാക്കൽ താൽക്കാലിക ബണ്ടിന്റെ ഭരണാനുമതി 20/07/2021-ൽ നൽകിയിട്ടുണ്ട്.

(ബി) താല്ക്കാലിക റിംഗ് ബണ്ടുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ?

ഉണ്ട്. ഇടിയഞ്ചിറ - 15.5 ലക്ഷം രൂപ ഏനാമാക്കൽ - 36 ലക്ഷം രൂപ.

(സി) പ്രസ്തുത താല്ക്കാലിക റിംഗ് ബണ്ടുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

ഡിസംബർ ആദ്യവാരത്തിൽ പ്രവൃത്തി ആരംഭിച്ച് 20 ദിവസം കൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

## ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്

194(500) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിൽ നിരവധി ഗർത്തങ്ങൾ ഉണ്ടായതും തന്മൂലം റോഡ് ഗതാഗതയോഗ്യമല്ലാതായിത്തീർന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും റോഡിന്റെയും നിർമ്മാണത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ?

പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ അപാകത

കണ്ടെത്തിയതിനെ തുടർന്ന് 2019-ൽ ഒരു Permanent Technical Committee രൂപീകരിക്കുകയും പ്രവൃത്തിയിലെ പോരായ്മകൾ വിലയിരുത്തുന്നതിനായി ഈ സമിതി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), തൃശ്ശൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ കൃത്യമായി ന്യൂനതകൾ വിലയിരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച് വിശദമായി പരിശോധന നടത്തി അപാകതകളും ന്യൂനതകളും പരിഹരിച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് 2019-ൽ ഒരു Permanent Technical Committee രൂപീകരിക്കുകയും പ്രവൃത്തിയിലെ പോരായ്മകൾ വിലയിരുത്തുന്നതിനായി ഈ സമിതി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), തൃശ്ശൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ കൃത്യമായി ന്യൂനതകൾ വിലയിരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു.

### മുട്ടിൽ കാപ്പിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

195(501) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽ കാപ്പിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഐ.ആർ.ഡി.പി.-യിൽ സമർപ്പിച്ച ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽ കാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ആയതിന്റെ സ്ട്രക്ച്ചറൽ ഡിസൈനിനുള്ള ഇൻഡന്റും സ്കീം റിപ്പോർട്ടും തയ്യാറാക്കി വരുന്നു. ആയതു പൂർത്തീകരിക്കുന്ന മുറയ്ക്ക് ഐ.ഡി.ആർ.ബി.-യിലേയ്ക്ക് നൽകി സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുവാനും തുടർന്ന് എസ്റ്റിമേറ്റ് എടുക്കുന്നതിനും മറ്റുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ്

196(502) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ടിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

31-12-2018-ലെ സ.ഉ(സാധാ)നം. 943/2018/ജവിവ ഉത്തരവ് പ്രകാരം കാലടിക്കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം KIIDC ആണ് നിർവ്വഹിക്കുന്നത്. കാലടിക്കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും കിഫ്ബിയുടെ മാനദണ്ഡപ്രകാരം 10 മീറ്റർ വീതിയുള്ള അപ്രോച്ച് റോഡും അനുബന്ധമായ സൗകര്യങ്ങളും പ്രസ്തുത പദ്ധതിക്ക് ആവശ്യമാണ്. ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ ബുദ്ധിമുട്ട് ആയതിനാൽ റെഗുലേറ്റർ കം ബ്രിഡ്ജിനു പകരം റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് എന്ന് ഭേദഗതി വരുത്തുന്നതിന് പട്ടാമ്പി എം.എൽ.എ, കിഫ്ബി അധികൃതർ, കെ.ഐ.ഐ.ഡി.സി ഉദ്യോഗസ്ഥർ, ഇറിഗേഷൻ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത 03-02-2020-ലെ

യോഗത്തിൽ തീരുമാനമായിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള പുതുക്കിയ ഡിസൈൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)ൽ നിന്നും 30-10-2020-ന് കെ.ഐ.ഐ.ഡി.സി-യ്ക്ക് ലഭ്യമായി. അതനുസരിച്ച് പുതുക്കിയ ഡി.പി.ആർ, കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 110 മീറ്റർ നീളമുള്ള റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ്, 12x3 വലുപ്പം ഉള്ള 8 ഷട്ടറുകൾ എന്നിവയാണ് പദ്ധതിയിൽ ഉള്ളത്. കിഫ്ബിയുടെ അപ്രൈസൽ ഡിവിഷനായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) ആണ് ഡി.പി.ആർ. സൂക്ഷ്മ പരിശോധന നടത്തുന്നത്. സി.എം.ഡി.യിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് ഭാവിയിലെ ആവശ്യങ്ങൾക്കായി 5 മീറ്റർ റോഡ്കൂടി ആവശ്യമാകയാൽ അതിനായി ഏകദേശം 46.75 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഭൂമി ഏറ്റെടുക്കൽ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

## നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ്

197(503) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൽ കടവിൽ

റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് എന്ന പ്രവൃത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൽ കടവിൽ റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി സമർപ്പിച്ച ഡി.പി.ആർ.-ന് 30-10-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 780/2018/WRD പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 54 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. നിലമ്പൂർ മണ്ഡലത്തിൽ നിലവിലുള്ള ആർ.സി.ബി.കളായ ഓടക്കയത്തിൽ ആർ.സി.ബി.യുടെയും പൂക്കോട്ടുമന ആർ.സി.ബി.യുടെയും ഇടയിലായിട്ടാണ് പ്രസ്തുത റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. 2019 ഓഗസ്റ്റിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലഘട്ടത്തിൽ നിലമ്പൂർ പ്രദേശത്ത് കനത്ത മഴയാണ് ലഭിച്ചത്. ഇതുമൂലം നിലവിലുള്ള ഈ രണ്ട് ആർ.സി.ബി.-കൾക്ക് വെള്ളപ്പൊക്കംമൂലം കനത്ത നാശനഷ്ടം സംഭവിച്ചു. കൂടാതെ

ജനറേറ്റർ മുറി, സമീപത്തെ റോഡ്, നദിതീരം, കാർഷിക ഭൂമി, വീടുകൾ എന്നിവയ്ക്ക് കനത്ത നാശനഷ്ടം സംഭവിക്കുകയും നിരവധി മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ, റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് സുരക്ഷിതമായി നിർമ്മിക്കുന്നതിന് നിലവിലെ രൂപകൽപ്പന അനുസരിച്ച് ഘടന പര്യാപ്തമല്ലെന്നും ഇതുസംബന്ധിച്ച് നടത്തിയ അവലോകന യോഗത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപുതന്നെ ചാലിയാർ പുഴയിൽ ഒരു വിശദമായ പഠനം വേണമെന്ന് അഭിപ്രായം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത നിർമ്മാണ നടപടികൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഈ ഏജൻസിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരും വിശദാംശങ്ങളും ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർമ്മാണ നടപടികൾക്കായി ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി.-യെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കെ.ഐ.ഐ.ഡി.സി.-യുടെ ചുമതലയിലുള്ള ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. ജോസഫ് സ്കറിയ (ജനറൽ മാനേജർ) ഫോൺ നമ്പർ:

9447570539

2. ശ്രീമതി. ശോഭ കെ. എസ് (ഡെപ്യൂട്ടി ജനറൽ മാനേജർ) ഫോൺ നമ്പർ: +91 9387829772

(സി) കിഫ്ബിയുടെ അംഗീകാരം മേൽ പദ്ധതിക്ക് ലഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ?

വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പദ്ധതി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

**എരമം-കുറ്റൂർ വി.സി.ബി.**

198(504) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ മാവുള്ളപൊയിൽ വി.സി.ബി. എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഏത് വർഷമാണ് പ്രസ്തുത എസ്റ്റിമേറ്റ് സമർപ്പിച്ചത്; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ?

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 18-01-2018-ലാണ് ജലസേചനവും

ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഭരണാനുമതി നൽകാൻ കാലതാമസം നേരിടുന്നതെന്ന് വ്യക്തമാക്കാമോ?

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 18-01-2018-ലാണ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്നറിയിക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ പെരുമ്പടവ് തോടിന് കുറുകെ മാവുള്ളപൊയിൽ എന്ന സ്ഥലത്ത് ഒരു വി.സി.ബി.-ക്കുവേണ്ടി 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി ലഭിച്ചിട്ടുള്ളതാണെങ്കിലും പ്രവൃത്തിയുടെ സ്വഭാവവും ആവശ്യകതയും മുൻഗണനയും പരിഗണിച്ച് ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്താണ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നത്. ആയതു പ്രകാരം തയ്യാറാക്കിയ മുൻഗണനാപ്പട്ടികയിൽ

മേൽ പ്രവർത്തി ഉൾപ്പെട്ടിരുന്നില്ല. കൂടാതെ ടി പ്രവൃത്തിയുടെ മുകൾ ഭാഗത്തു (ഏകദേശം 3 കി.മീ) മറ്റൊരു വി.സി.ബി.-യുടെ പ്രവൃത്തി ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ സ്ഥല പരിശോധന നടത്തി വിശദീകരണം നൽകുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ രണ്ട് വി.സി.ബി.-കളുടെ റിസർവോയറുകൾ ഓവർലാപ്പ് ചെയ്യുന്നില്ലായെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സാമ്പത്തികാനുമതി നൽകുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉളിയം കടവിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

199(505) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിയൂർ, കരിവെള്ളൂർ, കുണിയൻ, മാണിയാട്ട്, തലിച്ചാലം വയലുകളിലേക്ക് വ്യാപകമായി ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നത് ശാശ്വതമായി തടയാൻ ഉളിയം കടവിൽ വിഭാവനം ചെയ്ത റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന്

വ്യക്തമാക്കാമോ?

(ബി) കാർഷിക മേഖലയിൽ ജലസേചനത്തിന് വലിയ മുതൽക്കൂട്ടാകുന്ന പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ തൃക്കരിയൂർ, കരിവെള്ളൂർ, കുണിയൻ, മാണിയാട്ട്, തലിച്ചാലം വയലുകളിലേയ്ക്ക് വ്യാപകമായി ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നത് ശാശ്വതമായി തടയാൻ കവ്വായി പുഴയ്ക്ക് കുറുകെ ഉളിയംകടവിൽ വിഭാവനം ചെയ്ത റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച റിപ്പോർട്ട്, ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർക്ക് നല്കിയിട്ടുണ്ട്. ഡി.പി.ആർ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സാങ്കേതിക തസ്തികകളിലെ ഒഴിവുകൾ**

200(506) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിലെ ഓവർസിയർ ഗ്രേഡ്-III മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള സാങ്കേതിക തസ്തികകളിൽ 2021 മേയ് മുതൽ

2024 ജൂൺ വരെ സൂപ്പറാനുവേഷൻ മുഖേന വിരമിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

ചീഫ് എഞ്ചിനീയർ (സിവിൽ) - 3, സൂപ്രണ്ടിംഗ് എഞ്ചിനീയർ (സിവിൽ) - 7, എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 21, എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ) - 1, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 81, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ) - 15, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 117, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 8, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - 158, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - 1, രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - 166, രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - 2, മൂന്നാംതരം ഓവർസിയർ (സിവിൽ) - 45, മൂന്നാം തരം ഓവർസിയർ (മെക്കാനിക്കൽ) - 2.

(ബി) പ്രസ്തുത കാലയളവിൽ ഇപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ എത്രയെണ്ണം വീതമാണ് നേരിട്ട് നിയമനം ലഭിക്കുന്ന ഒരോ എൻട്രി കേഡർ തസ്തികയിലേയ്ക്കും ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 85, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 8, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - 1, ഒന്നാം തരം

ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - ഇല്ല, മൂന്നാംതരം ഓവർസിയർ (സിവിൽ) - 45, മൂന്നാംതരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - 2, രണ്ടാം തരം ഓവർസിയർ (സിവിൽ/മെക്കാനിക്കൽ) തസ്തികകളിൽ ടി കാലയളവിൽ ഉണ്ടാകുന്ന ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തേണ്ടവയാണ്.

(സി) 2021 ജനുവരി മുതൽ നാളിതുവരെ ഏതൊക്കെ തീയതികളിൽ ഓവർസിയർ ഗ്രേഡ്- III തസ്തികയിൽ എത്ര വീതം ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021 ജനുവരി മുതൽ 26-03-2021 വരെയുള്ള ഓവർസിയർ ഗ്രേഡ് III തസ്തികയിലെ 85 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ

201(507) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്ന വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

(ബി) ഭരണാനുമതി നല്കിയ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കേണ്ടതായിട്ടുണ്ടെന്നും ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികളും

വിശദമാക്കാമോ?

(എ & ബി) വർക്കല മണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതികളുടെ വിവരങ്ങളും ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളും ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഇരിക്കൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേനയുള്ള പദ്ധതികൾ

202(508) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തികളിൽ ആരംഭിക്കാനുള്ളത്, പൂർത്തികരിക്കാനുള്ളത്, പൂർത്തികരിച്ചത്, പദ്ധതി തുക എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

(എ & ബി) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ജലസേചന വകുപ്പിനു കീഴിൽ മേജർ, മൈനർ ഇറിഗേഷൻ ഡിവിഷനുകൾ മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കാനുള്ളത്, പൂർത്തീകരിക്കാനുള്ളത്, പൂർത്തീകരിച്ചത്, പദ്ധതി തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ്

203(509) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവും വരൾച്ചയും ഒരുപോലെ പ്രതിസന്ധി സൃഷ്ടിക്കുന്ന പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ് ഇല്ലാത്തത് വളരെയേറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഷൊർണ്ണൂർ സബ് ഡിവിഷനെ ആശ്രയിക്കേണ്ടി വരുന്നതുമൂലം അടിയന്തരമായി നടപ്പിലാക്കേണ്ട അറ്റകുറ്റപ്പണികൾ വൈകുന്നത് കർഷകർക്ക് ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ പ്രസ്തുത സബ്ഡിവിഷൻ ഓഫീസ് പട്ടാമ്പിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇല്ല; ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് പട്ടാമ്പിയിൽ ചെറുകിട ജലസേചനവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒരു സെക്ഷൻ ഓഫീസ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഈ സെക്ഷന്റെ പരിധിയിൽ പട്ടാമ്പി മുനിസിപ്പാലിറ്റി, കോപ്പം പഞ്ചായത്ത്, മുതുകര പഞ്ചായത്ത്, പറത്തൂർ പഞ്ചായത്ത്, വിലയൂർ പഞ്ചായത്ത്, തിരുവേഗപ്പുര പഞ്ചായത്ത് എന്നിവയാണ്. ചെറുകിട ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഈ സെക്ഷന് കീഴിൽ സുഗമമായി നടന്നു വരുന്നതിനാൽ ഒരു പുതിയ സബ് ഡിവിഷൻ ഓഫീസ് രൂപീകരിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

## അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

204(510) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാങ്ഷൻഡ് പോസ്റ്റ് എത്രയെന്നും ആയതിൽ ഡിഗ്രി ക്വാട്ടയിൽ നേരിട്ട് നിയമനം നടത്തുന്നത് എത്രയെന്നും ഇതിൽ നിലവിൽ എത്ര എണ്ണം

ഒഴിഞ്ഞുകിടക്കുന്നുവെന്നും അറിയിക്കാമോ?

അനുവദിച്ച പോസ്റ്റ് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 617, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 49, ഡിഗ്രി ക്വാട്ടയിൽ നേരിട്ടുള്ള നിയമനം അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 370, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 29 ഒഴിവുകൾ, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 9, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 2.

(ബി) ഡിപ്ലോമ ക്വാട്ടയിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ പ്രൊമോഷൻ മുഖേനയുള്ള സാംഗ്ഷൻഡ് അസിസ്റ്റന്റ് എഞ്ചിനീയർ പോസ്റ്റുകൾ എത്രയെന്നും ആയതിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുവെന്നും അറിയിക്കാമോ?

അനുവദിച്ച പോസ്റ്റ് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 185, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 15 ഒഴിവുകൾ, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)- 15, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 2.

(സി) സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ പ്രൊമോഷൻ മുഖേനയുള്ള സാംഗ്ഷൻഡ് അസിസ്റ്റന്റ് എഞ്ചീനീയർ പോസ്റ്റുകൾ എത്രയെന്നും ആയതിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുവെന്നും അറിയിക്കാമോ?

അനുവദിച്ച പോസ്റ്റ് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 62, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 5 ഒഴിവുകൾ, അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) - 6, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - ഇല്ല.

(ഡി) പ്രസ്തുത വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ ആകെയുള്ള അംഗീകൃത ഒഴിവുകൾ എത്രയെന്നും അതിൽ ഡിപ്ലോമ യോഗ്യതയുള്ളവർ എത്രയെന്നും സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവർ നിലവിൽ എത്ര പേരുണ്ടെന്നും അറിയിക്കാമോ?

ജലസേചന വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ ആകെയുള്ള അംഗീകൃത ഒഴിവുകൾ -126 (പി.എസ്.സി വഴി 46 ഉം പ്രൊമോഷൻ വഴി 80 ഉം) ആണ്. ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം വഴി നികത്തുന്ന 80 ഒഴിവുകളിൽ ഡിപ്ലോമ യോഗ്യതയുള്ളവർ 65-ഉം സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവർ 15-ഉം ആണ്.

(ഇ) സെക്കന്റ് ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് പ്രത്യേകം ക്വാട്ട നിലവിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട നിലവിലെ സർവ്വീസ് ഉത്തരവ് ഏതാണെന്ന് അറിയിക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

രണ്ടാം തരം ഓവർസിയർ (സിവിൽ) തസ്തികയിൽ നിന്നും ഒന്നാംതരം ഓവർസിയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് 3:7 (പി.എസ്.സി മുഖേന: പ്രൊമോഷൻ) അനുപാതത്തിലാണ്. 20-11-1958 20-11-1958 -ലെ G.O(Ms)No.1390 സ്പെഷ്യൽ റൂൾ പ്രകാരമാണ് രണ്ടാം തരം ഓവർസിയർ (സിവിൽ) തസ്തികയിൽ നിന്നും ഒന്നാം തരം ഓവർസിയർ (സിവിൽ) തസ്തികയിലേയ്ക്ക് നിയമനം നൽകുന്നത്. സ്പെഷ്യൽ റൂളിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. രണ്ടാം തരം ഓവർസിയർ (മെക്കാനിക്കൽ) തസ്തികയിൽ നിന്നും ഒന്നാം തരം ഓവർസിയർ (മെക്കാനിക്കൽ) തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് പ്രത്യേക ക്വാട്ട നിലവിലില്ല.

## കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള നടപടി

205(511) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്രയിലുള്ള ഭൂമിയിൽ നിന്നും ചലച്ചിത്രവികസന കോർപ്പറേഷനുവേണ്ടി മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മിക്കുന്നതിന് അറുപത് സെന്റ് ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള അനുമതിക്കുവേണ്ടി അപേക്ഷ ലഭിച്ചിരുന്നോ?

(ബി) പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചതെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്രയിലുള്ള ഭൂമിയിൽനിന്നും ചലച്ചിത്ര വികസന കോർപ്പറേഷനുവേണ്ടി മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മിക്കുന്നതിന് റി.സ 17/2 ബി-യിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 60 സെന്റ് ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള അനുമതിക്കുവേണ്ടി അപേക്ഷ 30-12-2017-ൽ ലഭിച്ചിരുന്നു. പ്രസ്തുത ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുവാനും കമ്പോളവില ഈടാക്കികൊണ്ട് എൻ.ഒ.സി പുറപ്പെടുവിക്കുവാനും പദ്ധതി വിഭാഗം-1 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിനെ തുടർന്ന് ടി ഭൂമിക്ക് ഒരു ആറിന് 45,045/- രൂപ വില നിശ്ചയിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ്

206(512) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ശ്രീകൃഷ്ണപുരം പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ് കുറഞ്ഞു

വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീകൃഷ്ണപുരം ബ്ലോക്കിൽ നിലവിൽ ഭൂജലവകുപ്പിന് 4 നിരീക്ഷണ കിണറുകളാണുള്ളത്. ടി കിണറുകളിലെ 2021 ഏപ്രിൽ മാസത്തെ ജലവിതാനം കഴിഞ്ഞ 10 വർഷത്തെ ശരാശരി ജലവിതാനവുമായി താരതമ്യപഠനം നടത്തിയതിൽ നിന്നും വെള്ളിനേഴിയിലുള്ള (കുഴൽകിണർ) നിരീക്ഷണ കിണറിൽ 1.295 മീറ്ററും കരിമ്പുഴയിൽ (കുഴൽകിണർ) 0.219 മീറ്ററും ശ്രീകൃഷ്ണപുരത്ത് (കുഴൽകിണർ) 0.925 മീറ്ററും ശ്രീകൃഷ്ണപുരം (തുറന്ന കിണർ) 0.571 മീറ്ററും ജലവിതാനം കുറഞ്ഞതായി മനസ്സിലാക്കുന്നു.

(ബി) ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ് സംരക്ഷിക്കുന്നതിനായി കുളങ്ങൾ പോലുള്ള വിവിധ ജലസ്രോതസ്സുകൾ പുനരുദ്ധരിക്കാനും അവ സംരക്ഷിക്കാനും ആവശ്യമായ നടപടികൾ നിലവിലുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(സി) ഇല്ലെങ്കിൽ അത്തരം നടപടികൾ സ്വീകരിക്കാൻ ആവശ്യമായ പദ്ധതി രൂപീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിലുണ്ട്. ഭൂജല വിതാനം ഉയർത്തുന്നതിനായി തുറന്ന കിണർ റീചാർജ്ജ്, റീചാർജ്ജ് പിറ്റ്, ബോർവെൽ റീചാർജ്ജ്, ചെറിയ

ചെക്ക്ഡാമുകൾ എന്നിവ ഭൂജല വകുപ്പിന്റെ " ഭൂജലസംരക്ഷണവും സംപോഷണവും" പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ നടപ്പാക്കി വരുന്നുണ്ട്.

**ജലശുദ്ധീകരണ ശാലകൾ**

207(513) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലശുദ്ധീകരണ ശാലകൾ ഇല്ലാത്ത ഗ്രാമീണ മേഖലകളിൽ വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ജലശുദ്ധീകരണശാലകൾ ഇല്ലാത്ത ഗ്രാമീണ മേഖലകളിൽ പ്രധാനമായും നദീജലത്തെയും ഭാഗികമായി കിണറുകൾ, കുഴൽ കിണറുകൾ എന്നിവയെയാണ് സ്രോതസ്സുകളായി ആശ്രയിക്കുന്നത്. നദീജലം സ്രോതസ്സായി ഉപയോഗിക്കുമ്പോൾ ശുദ്ധീകരണത്തിന്റെ ഭാഗമായി ജലത്തെ ഒരു ഇൻഫിൽട്രേഷൻ ഗാലറി (മണൽ, ചരൽ, കൂടുതൽ വ്യാസമുള്ള കല്ലുകൾ എന്നിവ നിറച്ച ഉദ്ദേശം 3m ആഴമുള്ള ഫിൽറ്റർ സംവിധാനം) വഴി കിണറിലേക്ക് എത്തിച്ച് ബ്ലീച്ചിങ് പൗഡർ / ക്ലോറിൻ ഉപയോഗിച്ച് അണുനശീകരണം നടത്തി ഉപയോഗപ്രദമാക്കുന്നു. ഭൂജലം ഉപയോഗിക്കുന്ന

സ്ഥലങ്ങളിൽ ജലം ബ്ലീച്ചിങ് പൗഡർ/ക്ലോറിൻ ഉപയോഗിച്ച് അണുനശീകരണം നടത്തി വിതരണം ചെയ്യുന്നു. വിതരണം ചെയ്യുന്ന ജലത്തിന്റെ വിശദമായ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു. ടി ലാബുകളിൽ വിതരണ ശൃഖലകളിൽ നിന്നും നിശ്ചിത കാലയളവിൽ ജല സാമ്പിളുകൾ ശേഖരിച്ചു പരിശോധിക്കുകയും വേണ്ടുന്ന തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ഗ്രാമീണ മേഖലകളിൽ നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷൻ പദ്ധതികൾ, ജലശുദ്ധീകരണ ശാലകൾ അടക്കം വിഭാവനം ചെയ്താണ് നടപ്പിലാക്കുന്നത്. ഇതോടൊപ്പം ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജല അതോറിറ്റിയുടെ പരിശോധനാ ലാബുകളുടെ നിലവാരം മെച്ചപ്പെടുത്തി NABL അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു, ആയതിന്റെ ഭാഗമായി നിലവിൽ 8 ജില്ലാ ലാബുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് ഗ്രാമീണ മേഖലയിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജലനിധി കുടിവെള്ള പദ്ധതികളുടെ ഉറവിടവും പരിസരവും മാലിന്യ മുക്തമായും, ഉറവിടത്തിൽ മാലിന്യം കലർന്ന ജലം

എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. കൂടാതെ ഉറവിടം തെരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ടി സ്രോതസ്സിലെ ജലം ഭൗതിക, രാസ, സൂക്ഷ്മാണു ഘടകങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്രോതസ്സ് നിശ്ചയിക്കുന്നത്. ഓരോ സ്രോതസ്സിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരം അനുസരിച്ച് ആവശ്യമായ ശുദ്ധീകരണ പ്രക്രിയകളും ക്ലോറിനേഷനും നടത്തി അണുവിമുക്തമാക്കിയാണ് വിതരണത്തിന് തയ്യാറാക്കുന്നത്. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾ ആണ് നിർവ്വഹിക്കുന്നത്. കാലാകാലങ്ങളിൽ ഗുണഭോക്തൃ സമിതികൾ അംഗീകൃത ലാബുകളിൽ കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.

## വാട്ടർ അതോറിറ്റിയിലെ കരാർ ജീവനക്കാർ

208(514) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയിൽ പമ്പ് ഹൗസുകളിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന എത്ര ജീവനക്കാർ ഉണ്ട്; ഇപ്പോൾ ഓട്ടോമാറ്റിക് മെഷീൻ സമ്പ്രദായം ആയപ്പോൾ അവരുടെ നഷ്ടപ്പെട്ട തൊഴിൽ സംരക്ഷിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്

എന്ന് വിശദമാക്കാമോ?

വാട്ടർ അതോറിറ്റിയിൽ പമ്പ് ഹൗസുകളിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ആരെയും നേരിട്ട് നിയമിക്കാറില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റി രൂപീകൃതമായതിനുശേഷം ഇതുവരെ നിരവധി ജലവിതരണ പദ്ധതികൾ നിലവിൽ വന്നെങ്കിലും ഓപ്പറേറ്റർ, വർക്കർ തുടങ്ങിയ വിഭാഗങ്ങളിൽ ആനുപാതികമായി തസ്തിക സൃഷ്ടിക്കൽ ഉണ്ടാകാത്ത സാഹചര്യത്തിലും പുതിയ ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കേണ്ട അനിവാര്യ സാഹചര്യത്തിലും ഓപ്പറേറ്റർ/വർക്കർ വിഭാഗത്തിൽ സ്ഥിരം നിയമനം ഉണ്ടാകുന്നതുവരെയുള്ള സാവകാശം എടുക്കുവാൻ സാധ്യമല്ലാത്തതിനാലും വാട്ടർ അതോറിറ്റിയിലെ ഇത്തരം ജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി കരാറുകാർ മുഖേന തൊഴിലാളികളെ ഏർപ്പെടുത്തി വരുന്നു. ഇത്തരം പദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രതിഫലം അത്തരത്തിൽ പ്രവർത്തിപ്പിക്കപ്പെട്ട ആകെ ഷിഫ്റ്റുകളുടെ അടിസ്ഥാനത്തിൽ കരാറുകാർക്ക് നൽകുകയും അവർ അതു തൊഴിലാളികൾക്ക് നൽകുകയും ചെയ്യുന്നു. സ്ഥിരം ജീവനക്കാരുടെ തസ്തികയില്ലാത്ത പമ്പ് ഹൗസുകളിലെ ഡ്യൂട്ടി, സ്ഥിരം ജീവനക്കാർ ഉള്ള സ്ഥലങ്ങളിൽ അവരുടെ ലീവ് / ഓഫ് എന്നിവ പരിഗണിച്ച് നൽകുന്ന ഡ്യൂട്ടി,

മറ്റ് അടിയന്തിര സാഹചര്യങ്ങളിൽ (വരൾച്ച കാരണം അധിക പമ്പിംഗ് ഏർപ്പെടുത്തേണ്ടി വരിക, പമ്പ് ഹൗസിൽ വാൽവ് ക്രമീകരണം നടത്തി ജലവിതരണം നടത്തുക തുടങ്ങിയവ) വരുന്ന അധിക ഡ്യൂട്ടി എന്നിവയെല്ലാം ചേർത്താണ് ഒരു കുടിവെള്ള പദ്ധതിയുടെ ശേഷിക്കനുസൃതമായി ഇത്തരത്തിൽ ഷിഫ്റ്റ് ഡ്യൂട്ടിക്ക് തൊഴിലാളികളെ കരാറുകാർ മുഖേന ആവശ്യാനുസരണം ഏർപ്പെടുത്തുന്നത്. ഇത്തരത്തിൽ പ്രവർത്തിപ്പിക്കപ്പെടുന്ന പദ്ധതികളിൽ തൊഴിലാളികളുടെ എണ്ണത്തെക്കാൾ ഷിഫ്റ്റ് ഡ്യൂട്ടിക്കാണ് പ്രാധാന്യം എന്നതിനാൽ തന്നെ ഇത്തരത്തിലുള്ള തൊഴിലാളികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താറില്ല. ഇത്തരത്തിൽ കരാറുകാർ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ നൽകാനാവില്ലെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ**

209(515) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ മുഖേന വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നത് ലക്ഷ്യമിട്ട് മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പാലം, വള്ളിക്കുന്ന് എന്നീ നാല് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയും ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്നും പള്ളിക്കൽ പഞ്ചായത്തിലെ എല്ലാ വീടുകളിലും കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിയും, കടലുണ്ടിപുഴയിലെ പാറക്കടവിൽ നിലവിലുള്ള കിണറും പമ്പ്ഹൗസും ഉപയോഗപ്പെടുത്തി ജല ശുദ്ധീകരണശാലയും ടാങ്കുകളും വിതരണ ശൃംഖലയും സ്ഥാപിച്ച് പെരുവള്ളൂർ പഞ്ചായത്തിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) നിലവിൽ ഇതുസംബന്ധിച്ച് വാട്ടർ അതോറിറ്റി അധികൃതർ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പാലം, വള്ളിക്കുന്ന് കുടിവെള്ളപദ്ധതിക്കുവേണ്ടി 27653 ലക്ഷം രൂപയുടെയും, പെരുവള്ളൂർ കുടിവെള്ളപദ്ധതിക്കുവേണ്ടി 5175 ലക്ഷംരൂപയുടെയും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. പള്ളിക്കൽ പഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിച്ച ഗാർഹികകണക്ഷൻ നൽകുന്ന പ്രവർത്തിക്ക് 3000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിലെ ശുദ്ധജല വിതരണത്തിനുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകളിലൂടെ സുരക്ഷിതമായ കുടിവെള്ളം ലഭിക്കുകയും അതിലൂടെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകുകയും ചെയ്യുന്നതാണ്.

## പരപ്പനങ്ങാടി ഉള്ളണം കുടിവെള്ള പദ്ധതി

210(516) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ഉള്ളണം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ?

ന്യൂനപക്ഷ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിക്ക് 08-01-2016-ന് 52 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ

കിണർ, പമ്പ്ഹൗസ്, ചാനൽ എന്നിവയുടെ നിർമ്മാണം 31-08-2019-ന് പൂർത്തീകരിച്ചു. എന്നാൽ ജലശുദ്ധീകരണ ശാല, ഉപരിതല ജല സംഭരണി എന്നിവയ്ക്കാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ ബാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കാലതാമസം നേരിട്ടു. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

## തലശ്ശേരി -കൂത്തുപറമ്പ് കുടിവെള്ള പദ്ധതി

211(517) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയായ തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയിൽ ചൊക്ലി കോളേജിന്റെ സ്ഥലത്ത് ജലസംഭരണി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉപയോഗാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി ജലസംഭരണി നിർമ്മിക്കുന്നതിനായി ചൊക്ലി കോളേജിന്റെ സ്ഥലം ഉപയോഗാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 07-11-2019-ന് ഉന്നത

വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ കോളേജിന് ആവശ്യമായിവരുന്ന ജലം സൗജന്യമായി ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ 25 സെൻറ് സ്ഥലം ജലസംഭരണി നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുന്നതിനും കോളേജിന്റെ വികസനത്തെ ബാധിക്കാത്ത രീതിയിൽ സംഭരണി നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി സ്ഥലത്തിന്റെ വ്യക്തമായ വിശദാംശങ്ങളും സ്കെച്ച് സഹിതമുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന പരിശോധിക്കാനും തീരുമാനിച്ചു. അതുപ്രകാരം 29-11-2019-ന് എം.എൽ.എ.-യുടെ നേതൃത്വത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ, കോളേജ് അധികൃതർ എന്നിവർ അടങ്ങുന്ന സംഘം സ്ഥല പരിശോധന നടത്തി സ്ഥലം ബോധ്യപ്പെട്ടുകയും അതുപ്രകാരം സമർപ്പിക്കപ്പെട്ട വിശദമായ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും വിനിയോഗാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കോളേജിന് ഒരു നിശ്ചിത അളവ് ജലം സൗജന്യമായി നൽകുന്നത് പരിഗണിക്കുവാനും കോളേജിന്റെ വികസനത്തെ ബാധിക്കാത്ത രീതിയിൽ സംഭരണി നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന പ്രൊപ്പോസൽ സമർപ്പിക്കുവാനും കേരള വാട്ടർ അതോറിറ്റി

മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം ചൊക്ലി കോളേജ് അധികൃതരുമായി കേരള വാട്ടർ അതോറിറ്റി ബന്ധപ്പെടുകയും 11-02-2021-ന് ചൊക്ലി കോളേജ് പ്രിൻസിപ്പാൾ മുഖേന പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ജലസംഭരണി നിർമ്മിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉപയോഗാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

1986-ലെ വാട്ടർ സപ്ലൈ ആൻഡ് സിവറേജ് ആക്ട് പ്രകാരം ഓരോ വാട്ടർ കണക്ഷനും മിനിമം വില ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 06-07-2020-ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുകയും വിനിയോഗാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കോളേജിന് ഒരു നിശ്ചിത അളവ് ജലം സൗജന്യമായി നൽകുന്നത് പരിഗണിക്കുവാനും കോളേജിന്റെ വികസനത്തെ ബാധിക്കാത്ത രീതിയിൽ സംഭരണി നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന പ്രൊപ്പോസൽ സമർപ്പിക്കുവാനും കേരള വാട്ടർ

അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് 16-11-2020-ന് നിർദ്ദേശം നൽകിയിരുന്നു. ഈ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ചൊക്ലി കോളേജ് വഴി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

212(518) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

(എ & ബി) മുൻസർക്കാരിന്റെ കാലത്ത് ജലസേചന വകുപ്പ് മുഖേന ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും കേരള ജലഅതോറിറ്റി മുഖേനയുള്ള പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും

അനുബന്ധമായി + ചേർത്തിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി കുറിച്ചി ഗ്രാമപഞ്ചായത്തിൽ 17 ഗുണഭോക്തൃ സമിതി സ്കീമുകളിലൂടെ 1485 കുടുംബങ്ങൾക്കും മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ 16 സ്കീമുകളിലൂടെ 1328 കുടുംബങ്ങൾക്കും ജലവിതരണം നടത്തുന്ന പദ്ധതികൾ പൂർത്തിയാക്കി. നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാന സർക്കാർ ആരംഭിച്ച സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം 13 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന 175 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ 2017-18 കാലഘട്ടത്തിൽ നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി 108.58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 160 വ്യക്തിഗത കുടുംബങ്ങളിലെ കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യുന്ന പ്രവർത്തിയും ആയതിൽ അർഹരായിട്ടുള്ള 50% കുടുംബങ്ങളിലെ കിണർ റീചാർജിങ് ഉൾപ്പെടെ കിണറിന്റെ പരിപാലനം, ശുചിത്വം ഉറപ്പാക്കുകയും, അത്യാവശ്യ ഘട്ടങ്ങളിൽ ഏറ്റവും അർഹരായിട്ടുള്ള 10% കുടുംബങ്ങൾക്ക് മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം ഉറപ്പാക്കുകയും ചെയ്യുന്നു. പദ്ധതിയുടെ അടങ്കൽ തുക 36.32 ലക്ഷം രൂപയാണ്. പദ്ധതിക്കായി 2021 ഫെബ്രുവരിയിൽ ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ 2021 മെയ് 27-ന് റീ ടെണ്ടർ ക്ഷണിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കൂടാതെ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങളും ഉത്തരവിന്റെ പകർപ്പുകളും അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

## കുന്നുമ്മൽ കുടിവെള്ള പദ്ധതി

213(519) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ കുടിവെള്ള പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതുഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ?

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(എ & ബി) കുന്നമ്മൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോവകുന്നിൽ നിലവിലുള്ള മാസ്റ്റർ ബാലൻസിങ് റിസർവോയറിൽനിന്ന് പദ്ധതിയുടെ ഭാഗമായി പെരുവാണിയിൽ നിർമ്മിക്കേണ്ട 9 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണിയിലേക്ക് ജലമെത്തിക്കുന്നതിനുള്ള ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തിയും 5800 മീറ്റർ വിതരണ ശൃംഖലയും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഗ്രാവിറ്റി മെയിനിൽ നിന്ന് വിതരണ പൈപ്പുകൾ ഇന്റർലിങ്ക് ചെയ്ത് മുന്നൂറോളം വീട്ടുകളിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടാങ്കിന്റെ രൂപകൽപ്പനയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും എന്നറിയിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ?

മണ്ഡലത്തിലെ ഏകദേശം 2500 കുടുംബങ്ങൾക്ക് പദ്ധതിയുടെ

പ്രയോജനം ലഭിക്കുന്നതാണ്. 2021 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പദ്ധതിയുടെ ആവശ്യത്തിലേക്കായി വെട്ടിമുറിച്ച റോഡുകൾ പുനരുദ്ധരിക്കാനുള്ള പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

പൈപ്പുകൾ സ്ഥാപിക്കുന്നതിനായി മുറിക്കേണ്ടി വന്ന റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക പൊതുമരാമത്ത് വകുപ്പിലും ബന്ധപ്പെട്ട പഞ്ചായത്തിലും ഒടുക്കിയിട്ടുണ്ട്.

**ജൽജീവൻ മിഷൻ പദ്ധതികൾ**

214(520) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നി നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ?

റാന്നി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി-പെരുനാട്, റാന്നി-അങ്ങാടി, കൊറ്റനാട്, നരണംമൂഴി, അയിരൂർ, എഴുമറ്റൂർ, ചെറുകോൽ, റാന്നി, വെച്ചൂച്ചിറ എന്നീ പഞ്ചായത്തുകളിൽ 29104 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 21930.32 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിശദ വിവരം അനുബന്ധമായി

ചേർക്കുന്നു.+ റാന്നി നിയോജക മണ്ഡലത്തിലെ ചെറുകോൽ, എഴുമറ്റൂർ, കൊറ്റനാട്, കോട്ടങ്ങൾ, അയിരൂർ, നരണംമൂഴി, റാന്നി, റാന്നി -അങ്ങാടി, റാന്നി - പഴവങ്ങാടി, റാന്നി -പെരുനാട്, വടശേരിക്കര, വെച്ചൂച്ചിറ എന്നീ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## ഗുരുവായൂർ അഴുക്കുചാൽ പദ്ധതി

215(521) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രയൽ റൺ പൂർത്തീകരിച്ച ഗുരുവായൂർ അഴുക്കുചാൽ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ ട്രയൽ റൺ പൂർത്തീകരിച്ചിട്ടില്ല. സ്വീവേജ് പ്ലാന്റിന്റെ പ്രവർത്തനം സെപ്റ്റേജ് ഉപയോഗിച്ച് മാത്രമേ ട്രയൽ റൺ നടത്തിയിട്ടുള്ളൂ. സ്വീവേജ് ഉപയോഗിച്ച് ട്രീറ്റ്മെൻറ് പ്ലാന്റിന്റെ ട്രയൽ റൺ നടത്തേണ്ടതുണ്ട്. ബാക്കി ഘടകങ്ങളുടെ ട്രയൽ റൺ നടത്തിയിട്ടില്ല. ആയതിനാൽ ടി പദ്ധതി 2021 സെപ്റ്റംബർ 30-ാം തീയതി ട്രയൽ റൺ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്ത് സോൺ ഒന്നും മൂന്നും ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. സോൺ രണ്ടിലെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് 2021 ഡിസംബർ 3 -ന് ട്രയൽ റൺ നടത്തി പദ്ധതി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

## കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

216(522) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കുടിവെള്ള ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോട്ടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25-06-2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാ നദി സ്രോതസ്സായുള്ള ഈ പദ്ധതിക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല

സംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും, 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്. ഇതിൽ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെൻറ് സ്ഥലവും ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെൻറ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും 2021 ഡിസംബർ മാസത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയത് ലഭ്യമായാൽ 2023 ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ചെയ്തു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

(സി) ഈ പദ്ധതി വേഗത്തിൽ നടപ്പാക്കാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ധനസഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 11-09-2020-ൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുട്ടനാട്

ശുദ്ധജല വിതരണ പദ്ധതിയെ 6 പാക്കേജുകളായി തിരിച്ച് സാങ്കേതിക അനുമതിയ്ക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റുകളുടെ പരിശോധനകൾ നടന്നു വരുന്നു. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചാലും പദ്ധതിയുടെ ഭാഗമായുള്ള ജലശുദ്ധീകരണ ശാല, ഉന്നതതല ജലസംഭരണികൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം വിവിധ പഞ്ചായത്തുകളിൽ നിന്ന് വിട്ടുകിട്ടുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിക്കു. ഇവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി തഹസിൽദാർ, കിഫ്ബി, കായംകുളത്തിനെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ തുടർ പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിനായി ബഹു. കുട്ടനാട് എം.എൽ.എ., ജില്ലാ കളക്ടർ, കിഫ്ബി ഉദ്യോഗസ്ഥർ, കേരള വാട്ടർ അതോറിറ്റിയിലെ ഉന്നതതല ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത യോഗങ്ങൾ നടന്നുവരുന്നു. സ്ഥലം എറ്റെടുക്കുന്ന നടപടികളുടെ പുരോഗതി വിലയിരുത്താൻ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രണ്ടാഴ്ച കൂടുമ്പോൾ യോഗങ്ങൾ നടത്തിവരുന്നു.

**ജൽജീവൻ മിഷൻ പദ്ധതി**

217(523) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

(സി) ആകെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ?

(ഡി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ-ഡി) അരിമ്പൂർ, മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, എലവള്ളി, മുല്ലശ്ശേരി പാവറട്ടി, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകളിലാണ് ജൽ ജീവൻ പദ്ധതി നടപ്പിലാക്കിവരുന്നത്. കേരള വാട്ടർ അതോറിറ്റിയും ജലനിധിയും മുഖേനയാണ് ജൽജീവൻ പദ്ധതി നിർവ്വഹണം നടത്തുന്നത്. നിലവിൽ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലായി അകെ 22206 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിനായി 4047.04 ലക്ഷം രൂപയുടെ ചെലവ്

പ്രതീക്ഷിക്കുന്നു. 2246 കുടിവെള്ള കണക്ഷനുകൾ ഇതിനകം നൽകിക്കഴിഞ്ഞു. ബാക്കിയുള്ള കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി ചെലവ്, ഗുണഭോക്താക്കളുടെ എണ്ണം തുടങ്ങിയവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ജൽജീവൻ മിഷൻ പദ്ധതി**

218(524) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 31-03-2021 വരെ മങ്കട നിയോജകമണ്ഡലത്തിലെ എത്ര ഗ്രാമപഞ്ചായത്തുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതി മുഖേന 31-03-2021 വരെ മങ്കട നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ നൽകിയ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സാമ്പത്തിക വർഷം എത്ര ഗാർഹിക കണക്ഷനുകൾ നൽകാനുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിനായി ഈ മണ്ഡലത്തിലേയ്ക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

2021-22 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ പുതുതായി അനുമതി നൽകുവാൻ ലക്ഷ്യമിട്ടുള്ള കണക്ഷനുകളുടെയും അതിനാവശ്യമായ ചെലവിന്റെയും പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഏറനാട് മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ**

219(525) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ മുഖേന ഏറനാട് മണ്ഡലത്തിൽ എത്ര കുടിവെള്ള കണക്ഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ?

(ബി) പ്രസ്തുത പദ്ധതിക്കായി മണ്ഡലത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ?

ജൽജീവൻ മിഷൻ മുഖേന ഏറനാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം, അനുവദിച്ച തുക, ചെലവഴിച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുക എന്നിവ സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

(സി) പദ്ധതി പ്രകാരം മണ്ഡലത്തിൽ ഇനിയും എത്ര കുടിവെള്ള കണക്ഷൻ അനുവദിച്ചു നൽകാൻ കഴിയുമെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നൂറുശതമാനം ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യം കൈവരിക്കാൻ ബാക്കി നല്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

**തലസ്ഥാനത്തെ ജലവിതരണ സംവിധാനം**

220(526) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ജലവിതരണ സംവിധാനം നിയന്ത്രിക്കുന്നതിന് നിലവിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

തലസ്ഥാനത്ത് ജലവിതരണത്തിനായി 4 ജലശുദ്ധീകരണ ശാലകൾ മുഴുവൻ സമയവും അരുവിക്കരയിൽ പ്രവർത്തിക്കുന്നു. ഹെഡ്‌വർക്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിവിഷൻ അരുവിക്കരയിൽ നിന്നും ശുദ്ധീകരിച്ച ജലം നോർത്ത്, സൗത്ത് എന്നീ ഡിവിഷനുകളുടെ നിയന്ത്രണത്തിലൂടെ തലസ്ഥാനത്ത് ജലവിതരണം നടത്തി വരുന്നു. നഗരത്തിലെ ശുദ്ധജലക്ഷാമം നേരിടുന്ന ഉയർന്ന സ്ഥലങ്ങളിലേക്ക് വാൽവുകൾ ക്രമീകരിച്ചും പുതിയ ഇന്റർകണക്ഷനുകൾ നൽകിയും ശുദ്ധജലം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പമ്പുകൾ, പമ്പ് ഹൗസുകൾ, പൈപ്പ് ലൈനുകൾ എന്നിവയ്ക്ക് ഉണ്ടാകുന്ന തകരാറുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ചു വരുന്നു. കുടിവെള്ളക്ഷാമം സംബന്ധിച്ച പരാതി പരിഹാരത്തിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ ഡെപ്പോസിറ്റ് വർക്കുകളിൽ ഉൾപ്പെടുത്തി പൈപ്പ് ലൈനുകൾ നീട്ടി കുടിവെള്ളം എത്തിക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. ഇവ കൂടാതെ അമൃത്, സ്റ്റേറ്റ് പ്ലാൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന AC, പ്രിമോ പൈപ്പുകൾ മാറ്റി പകരം പി.വി.സി, ഡി.ഐ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കാലപ്പഴക്കംചെന്ന പമ്പുകൾക്കു പകരം കാര്യക്ഷമതയുള്ള പുതിയ ശ്രേണിയിൽപെട്ട VFD സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന പമ്പുകൾ ഉപയോഗിച്ചും ജലവിതരണം നടത്തി വരുന്നു.

(ബി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനത്തിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ജലവിതരണ സംവിധാനത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി വിവിധ ഇടങ്ങളിൽ ക്വിക്ക് റിലീസ് വാൽവുകൾ സ്ഥാപിച്ച് പൈപ്പിൽ ഉണ്ടാകുന്ന അധിക മർദ്ദം നിയന്ത്രിച്ചു വരുന്നു. കൂടാതെ ആധുനികവത്കരണത്തിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി ബൾക്ക് ഫ്ലോ മീറ്റർ, സ്മാർട്ട് മീറ്റർ, സ്കാഡാ വാട്ടർ മീറ്റർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായി വരുന്നു. പൈപ്പ് ലൈനിൽ ഉണ്ടാകുന്ന ചോർച്ച കണ്ടുപിടിക്കുന്നതിനും അധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താറുണ്ട്. കേരള വാട്ടർ അതോറിറ്റി പുതുതായി നടപ്പിൽ വരുത്തുന്ന "GIS- Based Optimal Site Selection സിസ്റ്റം, Service Interruption Information System, പരാതി പരിഹാര സംവിധാനമായ അക്വാലൂം, SMS Alert Services, POS Machine Integration, Consumer Portal എന്നിവ ജല വിതരണം കൂടുതൽ മികവോടെ നടപ്പാക്കുവാൻ സഹായിക്കുന്നതാണ്.

**മീറ്റർ റീഡിംഗ് നടത്താതെ പിഴ**

221(527) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് വാട്ടർ മീറ്റർ റീഡിംഗ് രണ്ടുമാസക്കാലത്തേയ്ക്ക് നിർത്തിവയ്ക്കുകയുണ്ടായോ; എങ്കിൽ പ്രസ്തുത കാലയളവിലേക്ക് ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കുകയുണ്ടായോ?

(ബി) കോവിഡ് കാലത്ത് ജലഅതോറിറ്റി മീറ്റർ റീഡിംഗ് സ്വയം നിർത്തിവച്ച കാലത്തേയ്ക്ക് ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കുന്നത് ന്യായമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയത് പിൻവലിക്കാനോ തിരിച്ചുനൽകാനോ ജല അതോറിറ്റി തയ്യാറാകുമോ?

(എ & ബി) 06-05-2021 മുതൽ 05-07-2021 വരെ വാട്ടർ മീറ്റർ റീഡിംഗ് രണ്ടുമാസക്കാലത്തേയ്ക്ക് നിർത്തിവയ്ക്കുകയുണ്ടായി. ജലഅതോറിറ്റി മീറ്റർ റീഡിംഗ് സ്വയം നിർത്തിവച്ച കാലയളവിലേക്ക് ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കിയിരുന്നില്ല. പ്രസ്തുത കാലയളവിന് മുമ്പോ ശേഷമോ ലഭിച്ച ബില്ലുകൾ അടയ്ക്കുവാനുള്ള സാവകാശസമയം (രണ്ട് മാസവും ഒരാഴ്ചയും) കഴിഞ്ഞതിന് ശേഷം തുടർന്നും അടച്ചിട്ടില്ലാത്തവരിൽ നിന്നാണ് പിഴ ഈടാക്കുന്നത്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

222(528) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ക്ലാപ്പന, ആലപ്പാട്, ഓച്ചിറ എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കാൻ പോകുന്നത് എന്നു വിശദമാക്കാമോ?

ഓച്ചിറ ജലശുദ്ധീകരണശാലയുടെ (15 MLD) പൂർണ്ണ ശുദ്ധീകരണശേഷി ഉപയോഗിച്ചാൽ മാത്രമേ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ ആലപ്പാട്, ക്ലാപ്പന, ഓച്ചിറ എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയൂ. ഇതിലേയ്ക്കായി 300 HP ശേഷിയുള്ള രണ്ട് പമ്പ് സെറ്റുകൾ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തൊടിയൂർ, തഴവ എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി കുന്നത്തൂർ-കരുനാഗപ്പള്ളി സംയോജിത കുടിവെള്ള പദ്ധതിക്കായി 297.27/- കോടി രൂപ അടങ്കൽ തുക വരുന്ന പ്രോജക്റ്റ് റിപ്പോർട്ട് ജൽജീവൻ മിഷനിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുമുണ്ട്.

## സംസ്ഥാനത്തെ കുടിവെള്ള വിതരണം

223(529) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണം മുടങ്ങാതെ നടത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ കുടിവെള്ള വിതരണം മുടങ്ങാതെ നടക്കുന്നതിനായി നിലവിലുള്ള പദ്ധതിയുടെ പൂർണ്ണമായശേഷി ഉപയോഗപ്പെടുത്തിയും സാധ്യമായ ഇടങ്ങളിൽ പുനരുദ്ധാരണം നടത്തി ശേഷി വർദ്ധിപ്പിച്ചും ജലവിതരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുവാൻ കാലഹരണപ്പെട്ട പൈപ്പുകളും മോട്ടോർ പമ്പ് സെറ്റുകളും അനുബന്ധ ഘടകങ്ങളും മാറ്റി സ്ഥാപിച്ച് സുഗമമായ ജലവിതരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതികൾ അപര്യാപ്തമായ മേഖലകളിലേക്ക് പുതിയ പദ്ധതികൾ വിഭാവന ചെയ്തു നടപ്പിലാക്കുന്നുണ്ട്. അമൃത്, കിഫ്ബി, ആർ.കെ.ഐ., സ്റ്റേറ്റ് പ്ലാൻ, ജലജീവൻ മിഷൻ

പദ്ധതികൾ, എം.എൽ.എ/ എം.പി ഫണ്ട്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് എന്നീ വിവിധ ഫണ്ടുകൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. എ.ഡി.ബി സഹായത്തോടെ കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തി വിപുലീകരിച്ച് 24x7 മുടങ്ങാതെ കുടിവെള്ളം നൽകുന്നതിനും തിരുവനന്തപുരം-കൊച്ചി നഗരങ്ങളിലെ പഴയ ജല ശുദ്ധീകരണശാലകൾ നവീകരിക്കുന്നതിനുമായി 70:30 എന്ന അനുപാതത്തിൽ 1757.7 കോടി രൂപ വായ്പയായും 753.3 കോടി രൂപ കേരള സർക്കാർ വിഹിതമായും ഉൾപ്പെടുത്തി 2511 കോടി രൂപയുടെ ഭരണാനുമതി ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഇതിനുവേണ്ട പ്രാരംഭ നടപടികൾ നടന്നുവരുന്നു. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങൾക്കും 2024- ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ഗുണഭോക്താക്കളും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് SC/ST കുടുംബങ്ങൾക്കും, മലയോര തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ

പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. എല്ലാ കുടുംബങ്ങൾക്കും കൃത്യമായ അളവിൽ കൃത്യമായ ഗുണനിലവാരമുള്ള ജലം എല്ലായ്പ്പോഴും ലഭ്യമാക്കുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. കേരളത്തിലെ നിലവിലുള്ള ഗ്രാമീണ മേഖലയിലെ ഭവനങ്ങളിൽ 1-4-2020 വരെ 17.5 ലക്ഷം കണക്ഷനുകളാണ് നിലവിലുണ്ടായിരുന്നത്. ബാക്കിയുള്ള വീടുകളിൽ 2024-നകം ജൽജീവൻ മിഷൻ പദ്ധതിയിലൂടെ കുടിവെള്ള കണക്ഷൻ നൽകാൻ വേണ്ടിയുള്ള പദ്ധതി ആസൂത്രണം സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ SC/ST വിഭാഗത്തിന് മുൻതൂക്കം ഉള്ള വില്ലേജുകൾക്കും, ഫ്ലൂറൈഡ്, സലൈനിറ്റി, അയൺ തുടങ്ങിയവയുടെ അമിത സാന്നിധ്യം മൂലം ഗുണനിലവാര പ്രശ്നമുള്ള പ്രദേശങ്ങൾക്കും കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്. നിലവിൽ ശുദ്ധജല പദ്ധതികളില്ലാത്ത ഗ്രാമങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് 2024-ലോടുകൂടി എല്ലാ വീടുകളിലും കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 4,04,464 ഗാർഹിക കുടിവെള്ള കണക്ഷനുകൾ

നൽകുകയുണ്ടായി. ഇതുൾപ്പെടെ 16-07-2021-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ജലജീവൻ പദ്ധതി നിലവിൽ വന്നതിനുശേഷം 6,06,402 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ (16/7/2021 ലെ കണക്കനുസരിച്ച്) 23.55 ലക്ഷം ഗ്രാമീണ വീട്ടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കഴിഞ്ഞു. അതായത് 35.07 ശതമാനം ഗ്രാമീണ വീട്ടുകളിൽ ഇപ്പോൾ കുടിവെള്ള കണക്ഷൻ ലഭ്യമാണ്. ജലജീവൻ പദ്ധതിയുടെ ലക്ഷ്യമനുസരിച്ച് 2024-ഓടുകൂടി തന്നെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീട്ടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാനുള്ള ചിട്ടയായ പ്രവർത്തനം സംസ്ഥാന സർക്കാർ നടത്തി വരികയാണ്. സംസ്ഥാനത്ത് ജൽജീവൻ പദ്ധതിയുടെ ഭാഗമായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുവേണ്ടി വിവിധ തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇതനുസരിച്ച് നിലവിൽ പൂർത്തീകരിച്ച് ജലവിതരണം നടന്നുവരുന്ന പദ്ധതികളിൽ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനാണ് ആദ്യഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. ഇതിനു പുറമെ വിവിധ ശീർഷകങ്ങളിൽ ഏറ്റെടുത്ത് പ്രവൃത്തികൾ നടന്നുവരുന്നു. പദ്ധതികൾ പൂർത്തീകരിച്ച് അതുവഴി ഗാർഹിക

കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികളും ഇതിനകം തന്നെ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കി നിർവ്വഹണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം പൂർത്തീകരിച്ചതും പ്രവൃത്തികൾ പുരോഗമിക്കുന്നതുമായ പദ്ധതികളിലൂടെ പരമാവധി കണക്ഷനുകൾ നല്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതികളില്ലാത്ത ഗ്രാമീണ മേഖലകളിലും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം ആവശ്യമായ പ്രദേശങ്ങളിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മേൽ പ്രവർത്തനങ്ങളിലൂടെ 2024 -ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ജൽജീവൻ മിഷൻ പദ്ധതിയുടെ സമ്പൂർണ്ണ ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്രോതസ്സുകളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കിയാണ് ജലജീവനിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നത്. കൂടാതെ സുസ്ഥിര ജലലഭ്യതയുള്ള ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇപ്രകാരം ജൽജീവൻ പദ്ധതിയുടെ ലക്ഷ്യം പൂർണ്ണതോതിൽ കൈവരിക്കുന്നതോടെ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകുമെന്നാണ്

പ്രതീക്ഷിക്കുന്നത്.

(ബി) നിലവിലുള്ള ജല ശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ജലശുദ്ധീകരണശാലകളുടെ ഫിൽറ്റർ മീഡിയ മാറ്റിസ്ഥാപിച്ചും കാര്യക്ഷമത കുറഞ്ഞ പമ്പ് സെറ്റുകളും, കാലഹരണപ്പെട്ട പൈപ്പ് ലൈനും മറ്റ് അനുബന്ധ ഘടകങ്ങളും മാറ്റി സ്ഥാപിച്ചും, വിതരണ ശൃംഖല വ്യാപിപ്പിച്ചും, ആവശ്യമായതും സാധ്യമായതുമായ സ്ഥലങ്ങളിൽ ജലസംഭരണികൾ സ്ഥാപിച്ചും കൂടാതെ കൂടുതൽ ഫിൽട്രേഷൻ റേറ്റ് സാധ്യമാകുന്ന നൂതന ഫിൽറ്റർ മീഡിയ, അന്ത്രാസൈറ്റ് പോലുള്ള ഡ്യൂവൽ ഫിൽട്ടർ മീഡിയ തുടങ്ങിയവ ഉപയോഗിച്ചും ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിനോടൊപ്പം തന്നെ ചില സ്ഥലങ്ങളിൽ ശുദ്ധീകരണത്തിന് ഉപയോഗിച്ച് വരുന്ന കെമിക്കലായ ആലത്തിനുപകരം PAC, അഥവാ പോളി അലുമിനിയം ക്ലോറൈഡും പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ ശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണ്ണമായ തോതിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു.

(സി) പുതിയ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മറ്റു വകുപ്പുകളിൽ നിന്നുള്ള അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ; പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ഇറിഗേഷൻ, ഭൂജല വകുപ്പ്, KSEB തുടങ്ങിയവയുമായി ബന്ധപ്പെട്ട് ജലലഭ്യത ഉറപ്പ് വരുത്താറുണ്ട്. സ്രോതസ്സുകളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കിയാണ് ജൽ ജീവനിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നത്.

## മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

224(530) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ളപദ്ധതിക്ക് 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ തഴക്കര ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിക്കുംവേണ്ടി അച്ചൻകോവിൽ നദി സ്രോതസ്സാക്കികൊണ്ടുള്ള കിണർ, കേരള വാട്ടർ അതോറിറ്റി മാവേലിക്കര സബ് ഡിവിഷൻ ആഫീസ് കോംപൗണ്ടിൽ 35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, ഉന്നതതല ജല സംഭരണികൾ, വിതരണ ശൃംഖല എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 200 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകളിലെ പ്രവൃത്തികൾ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി പദ്ധതി റിപ്പോർട്ട് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ അനുമതിക്കായി നൽകിയിരുന്നെങ്കിലും അനുമതി നൽകികൊണ്ടുള്ള പഞ്ചായത്ത് തീരുമാനം ലഭിച്ചിട്ടില്ല. കൂടാതെ ഉന്നതതല ജലസംഭരണികൾക്കുള്ള സ്ഥലം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തഴക്കര ഗ്രാമ പഞ്ചായത്തിനെയും സമീപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രാവർത്തികമാവുന്നതിന് മേൽ പ്രവൃത്തികൾക്കൊപ്പം പദ്ധതിയുടെ കിണർ, ജലശുദ്ധീകരണശാല എന്നിവ ഉൾപ്പെടെയുള്ള പൊതു ഘടകങ്ങൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കുടിവെള്ള വിതരണ

സംവിധാനങ്ങൾക്കുമായുള്ള പ്രവൃത്തികൾക്കും അനുയോജ്യമായ ഫണ്ടിംഗ് ഏജൻസിയിൽനിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ കുറിഞ്ഞിക്കാട് കുടിവെള്ള പദ്ധതി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വള്ളിക്കുന്നം, തെക്കേക്കര, ഭരണിക്കാവ്, കൃഷ്ണപുരം എന്നീ പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത് 1993-ൽ ഭരണാനുമതി നൽകിയ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഒരു ഘടകമാണ് കുറത്തിക്കാട് ഉന്നതതല ജല സംഭരണി. ഈ പദ്ധതിയുടെ മിക്ക ഘടകങ്ങളും ഏകദേശം 20 വർഷങ്ങൾക്കുമുമ്പ് തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ കല്ലുമലയിൽ റെയിൽവേ ക്രോസ് ചെയ്ത് പമ്പിംഗ് മെയിൻ സ്ഥാപിക്കുവാൻ റെയിൽവേയുടെ അനുമതി നാളിതുവരെയും ലഭിച്ചിട്ടില്ല. റെയിൽവേ ഓവർ ബ്രിഡ്ജിനു സമാന്തരമായി പൈപ്പ് ബ്രിഡ്ജ് സ്ഥാപിച്ച് പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി 2017-ൽ റെയിൽവേയ്ക്ക് അപേക്ഷ

സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 27-04-2021-ൽ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 07-07-2021- ൽ സ്ഥലം എം.പി യും റെയിൽവേ ഡിവിഷണൽ മാനേജരുമായി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം ലഭിച്ചതനുസ്സരിച്ച് റെയിൽവേയ്ക്ക് സമർപ്പിക്കുന്നതിനായി പൈപ്പ് ബ്രിഡ്ജിന്റെ രൂപകല്പനയും ഡ്രോയിങ്ങും തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ജലവിതരണ പദ്ധതികൾ**

225(531) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ, ഹഡ്കോ, ചൊവ്വര തുടങ്ങിയ നിരവധി ജലവിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടും പൂർണ്ണമായും ജലത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന വൈപ്പിൻ നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട്. പമ്പ് ഹൗസുകളിൽ ലഭിക്കുന്ന വെള്ളത്തിന്റെ അളവ് കുറയുന്നതും വൈദ്യുതി തടസ്സങ്ങളും കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്നുണ്ട്.

(ബി) ഇതുപരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കുവാൻ

ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്നും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ചൊവ്വര റോവാട്ടർ പമ്പ് ഹൗസിലെ ഒരു 600 എച്ച്.പി മോട്ടോർ (സ്റ്റാന്റ് ബൈ), കപ്പാസിറ്റർ, പാനൽ ഇവ സ്ഥാപിക്കുകയും 11 കെ.വി. സബ്സ്റ്റേഷനിൽ ബാറ്ററി ചാർജ്ജർ, ബാറ്ററികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫ്ളാഷ് മിക്സർ മോട്ടോർ കെമിക്കൽ മിക്സിംഗ്/ അജിറ്റേറ്റർ യൂണിറ്റ് എന്നിവയുടേയും പണികൾ പുരോഗമിക്കുന്നു. പള്ളിപ്പുറം പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി MLA ആസ്തി വികസന ഫണ്ടുപയോഗിച്ച് കരുത്തലയിൽ ബൂസ്റ്റിംഗ് പമ്പിങ് സ്റ്റേഷൻ ആരംഭിച്ചു. കൂടാതെ ജിഡ ഫണ്ടുപയോഗിച്ച് മുരിക്കുംപാടത്ത് 11.8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ഞാറയ്ക്കലിൽ 11.9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലസംഭരണിയുടെ നിർമ്മാണത്തിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിലേയും അനുബന്ധ പഞ്ചായത്തുകളുടേയും/ മുനിസിപ്പാലിറ്റികളുടേയും നിലവിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി Kochi Augmentation പദ്ധതിയിൽ ഉൾപ്പെടുത്തി 130 കോടി ചെലവ് വരുന്ന 143 എം.എൽ.ഡി.

ജലശുദ്ധീകലണശാലയുടെ നിർമാണത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച പദ്ധതി പ്രാവർത്തികമാകുമ്പോൾ വൈപ്പിൻ കരയിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകൾക്കുകൂടി പ്രയോജനപ്പെടുന്നതാണ്. കൂടാതെ കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ 'മഴവെള്ള സംഭരണം ഭൂജല പരിപോഷണം' പദ്ധതി മുഖേന വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പള്ളിപ്പുറം, നായരമ്പലം ഗ്രാമ പഞ്ചായത്തുകളിലെ 160 കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ 2013-14 കാലഘട്ടത്തിൽ നിർമിച്ചു നൽകിയിട്ടുണ്ട്.

(സി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രധാന ശുദ്ധജലവിതരണ പദ്ധതിയായ ചൊവ്വര കുടിവെള്ള പദ്ധതി പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

ചൊവ്വര ജലശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണത്തിനുള്ള 4 കോടിയുടെ അടങ്കൽ JJM പദ്ധതിയിൽ ഉൾപ്പെടുത്തി State Level Scheme Sanctioning Committee (SLSSC) യിൽ സമർപ്പിക്കുന്നതാണ്.

## ജലവിതരണ പൈപ്പുകളിലെ ചോർച്ച തടയാൻ നടപടി

226(532) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അടക്കമുള്ള പട്ടണങ്ങളിലും സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലും ജലവിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നതുമൂലം ഉണ്ടാകുന്ന വൻതോതിലുള്ള കുടിവെള്ള ചോർച്ചയും തന്മൂലമുള്ള ബുദ്ധിമുട്ടുകളും ഗൗരവമായി കാണുന്നുണ്ടോ?

ഉണ്ട്.

(ബി) കാലപ്പഴക്കം ചെന്ന ജലവിതരണ പൈപ്പുകളിലാണ് നിരന്തരം ചോർച്ചയുണ്ടാകുന്നതെന്ന അഭിപ്രായം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

ആവർത്തിച്ചുണ്ടാകുന്ന ലീക്കുകളുടെ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ കൂടുതലുള്ള സ്ഥലങ്ങളിലാണ് നിരന്തരം ചോർച്ചയുണ്ടാകുന്നത് എന്നതിനാൽ ഈ വിഷയം പ്രത്യേക പഠനത്തിന് വിധേയമാക്കിയിട്ടില്ല.

(സി) എങ്കിൽ ഇത്തരം പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ

സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 9 നഗരങ്ങളിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എ.സി പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ 11 സർക്കിളുകളിലെ പ്രവൃത്തികൾക്ക് 407.62 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുള്ളതും പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയും ചെയ്യുന്നു. കൂടാതെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി ഓപ്റ്റിമൈസേഷൻ ഓഫ് പ്രൊഡക്ഷൻ ആൻഡ് ട്രാൻസ്മിഷൻ എന്ന ഹെഡിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ (2016-21) 535.36 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും, ആയതിൽ 227.82 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഇതിനുപുറമേ നഗരസഭ, മുനിസിപ്പാലിറ്റി,

പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലും ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിൽ കുടിവെള്ള വിതരണ ശൃംഖല പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എ.ഡി.ബി (ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്)യുടെ സഹായത്തോടെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ പഴയ പൈപ്പുകൾ മാറ്റി 24x7 വാട്ടർസപ്ലൈ സ്ഥാപിക്കുന്നതിനുള്ള 2511 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഇത് പ്രാവർത്തികമാക്കുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. KRWSA ജലനിധി പദ്ധതിയിൽ നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികളിൽ പല കാരണങ്ങളാലും പ്രവർത്തന രഹിതമായതും ഭാഗികമായി പ്രവർത്തിക്കുന്നതുമായ പദ്ധതികളിലെ കേട്ടുപാടുകൾ പരിഹരിച്ച് അവയെ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി സാമൂഹിക കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് (State Plan: Sustainability Support to Community Managed Water Supply Scheme). ഇതിൽപ്പെടുത്തി കേട്ടുപാടുകൾ സംഭവിച്ച പൈപ്പ്ലൈനുകളും മറ്റ് ഘടകങ്ങളും മാറ്റി പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നുണ്ട്.

## ആലപ്പുഴയിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കുടിവെള്ള പദ്ധതികൾ

227(533) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും കാർഷിക വൃത്തി സുഗമമാക്കുന്നതിനായി പുതിയൊരു കാർഷിക കലണ്ടർ തയ്യാറാക്കി തണ്ണീർമുക്കം ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തണ്ണീർമുക്കം ബണ്ട് പരമാവധി കാലം തുറന്നുകൊണ്ട് പരിസ്ഥിതി-ആവാസവ്യവസ്ഥ പൂർണ്ണമായും സന്തുലിതപ്പെടുത്തുകയും അതേസമയം പരമാവധി കാർഷിക തീവ്രത കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന ആലപ്പുഴ ജില്ലയിലുള്ള ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് (IRTCBSF) ഈ പ്രദേശത്തിനനുയോജ്യമായ കാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. കുട്ടനാട്ടിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമായി സമയബന്ധിതമായി കൃഷി ആസൂത്രണം ചെയ്യുന്നതുവഴി തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന കാലാവധി പരമാവധി ചുരുക്കുന്നതിന് ഉതകുംവിധമുള്ള കലണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലാകളക്ടർ

ചെയർമാനായുള്ള കൃഷി, ഫിഷറീസ്, ജലസേചനം (മെക്കാനിക്കൽ, സിവിൽ) എന്നീ വകുപ്പുകളും ജനപ്രതിനിധികളുമടങ്ങുന്ന ഉപദേശക സമിതിയുടെ നിർദ്ദേശാനുസരണമാണ് നിലവിൽ തണ്ണീർമുക്കം ബണ്ട് പ്രവർത്തിപ്പിക്കുന്നത്.

(ബി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതോടൊപ്പം ആലപ്പുഴയിൽ കുടിവെള്ളക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതികൾകൂടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽപ്പെടുന്ന 25 വാർഡുകളിലും ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത്, മാരാരിക്കുളം നോർത്ത് എന്നീ പഞ്ചായത്തുകളിലുമാണ് കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണം നടത്തുന്നത്. ആലപ്പുഴ കുടിവെള്ള പദ്ധതി- ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ റോവാട്ടർ പമ്പിംഗ് മെയിനിൽ തകഴി - കേളമംഗലം ഭാഗത്ത് നിരന്തരം പൊട്ടലുകൾ ഉണ്ടാകുന്നതുകൊണ്ട് പൂർണ്ണതോതിൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഈ ഭാഗത്തെ പൈപ്പ് ലൈൻ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് പൈപ്പ് എത്തിച്ചിട്ടുണ്ട്.

പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നവംബർ അവസാനത്തോട്ടുകൂടി ഈ പണികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

1) ഗ്രീൻ ബുക്ക് - ആര്യാട് പഞ്ചായത്ത് (499 ലക്ഷം രൂപ) ഈ പദ്ധതിയുടെ ഭാഗമായി കോമളപുരത്ത് പുതിയ 3.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെയും 17.3 കി.മീ ദൈർഘ്യമുള്ള വിതരണ ശൃംഖലയുടെയും പ്രവൃത്തി അവസാന ഘട്ടത്തിലാണ്. വിതരണശൃംഖല സ്ഥാപിച്ചു കഴിഞ്ഞു. ജലസംഭരണിയുടെ നിർമ്മാണം 80% ത്തോളം പൂർത്തിയായി. ഈ വർഷം സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2) അമൃത് കുടിവെള്ള പദ്ധതി - ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിലെ കൊമ്മാടിയിൽ 21 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെയും തത്തംപള്ളിയിൽ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി തത്തംപള്ളി, പുന്നമട, ജില്ലാക്കോടതി, നെഹ്റുട്രോഫി, കരളകം, കിടങ്ങാംപറമ്പ്, കൊറ്റംകുളങ്ങര, അവലൂക്കുന്ന് വാർഡുകളിലെ നിലവിലുള്ള കുടിവെള്ള വിതരണ ശൃംഖലയുടെ നവീകരണം അവസാനഘട്ടത്തിലാണ്. ആകെ സ്ഥാപിക്കേണ്ട 126 കി.മീ.

ദൈർഘ്യത്തിലുള്ള പൈപ്പ് ലൈനിലെ 118 കി.മീ. സ്ഥാപിച്ചു കഴിഞ്ഞു. 2021 ഓഗസ്റ്റ് മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 10 കുടിവെള്ള വിതരണ കിയോസ്കിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ഇതും ഓഗസ്റ്റ് മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

3) ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ആലപ്പുഴ കിഫ്ബി പദ്ധതി ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും സമീപ പഞ്ചായത്തുകളായ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളംതെക്ക് പഞ്ചായത്തുകളിലേയും, ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 211.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ മുനിസിപ്പാലിറ്റിയിലെ ചാത്തനാട്, വടികാട് എന്നീ സ്ഥലങ്ങളിലെയും, മാരാരിക്കുളംതെക്ക് പഞ്ചായത്തിലെ കാട്ടൂരിലേയും ഉന്നതതല ജലസംഭരണികളും, ഭൂതല ജലസംഭരണികളും, 2023 ഫെബ്രുവരിയിൽ പൂർത്തീകരിക്കാവുന്നതാണ്. ഈ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ആര്യാട് പഞ്ചായത്തിൽ കോമളപുരം വില്ലേജിൽ വ്യാസപുരത്ത് 9 ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നതതല ജലസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 13 സെന്റ് സ്ഥലം, മണ്ണഞ്ചേരി പഞ്ചായത്തിൽ കലവൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപം 12 ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുവാനായി പരിഗണിച്ചിട്ടുള്ള കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലം, ഉന്നതതല ജലസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 13 സെന്റ് സ്ഥലം എന്നിവ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറ്റം ചെയ്യേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ നടന്നുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് അനുബന്ധ പ്രവർത്തികളും ആരംഭിക്കുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള കുടിവെള്ള പദ്ധതി

228(534) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുള്ള കുടിവെള്ള പദ്ധതിയുടെ 88% പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയും?

ഈ പദ്ധതി ഭാഗികമായി പൂർത്തീകരിച്ച് 20-02-2021-ന് കമ്മീഷൻ ചെയ്തിരുന്നു. ഈ പദ്ധതിയുടെ മുഴുവൻ പ്രവൃത്തികളും 31-12-2021-ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ചെറുതാഴം, കുഞ്ഞിമംഗലം പഞ്ചായത്തുകളിലെ പല പഞ്ചായത്ത് റോഡുകളും പൈപ്പ് ലൈൻ ഇട്ടതിനാൽ തകർന്നു കിടക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഫണ്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വാട്ടർ അതോറിറ്റിക്ക് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ചെറുതാഴം, കുഞ്ഞിമംഗലം പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ,

പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി റോഡുകൾ മുറിക്കേണ്ടി വന്നിടത്ത് റോഡുകളുടെ താൽക്കാലിക റിസ്റ്റോറേഷൻ പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നുണ്ട്. ഈ പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമമായി പൂർത്തീകരിക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നു. റോഡ് പുനർനിർമ്മാണ പ്രവർത്തികൾ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## സ്മാർട്ട് മീറ്ററുകൾ

229(535) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉപഭോക്തൃ വാട്ടർമീറ്ററുകൾക്കു പകരം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; എത്ര ശതമാനം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കൊച്ചി കോർപ്പറേഷൻ പരിധിയിലുള്ള വാർഡുകളിൽ സ്മാർട്ട് സിറ്റി മിഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ 500 സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ ഒരു കോടി രൂപയുടെ അനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ 110 എണ്ണം സ്ഥാപിച്ചുകഴിഞ്ഞു.

പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന പദ്ധതിയായതിനാൽ ആകെ ഉണഭോക്തൃശതമാനം കണക്കാക്കുവാൻ സാധിക്കില്ല. കൂടാതെ തിരുവനന്തപുരം നഗരത്തിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി, സർക്കാർ ഓഫീസുകൾക്കും പ്രതിമാസം കുറഞ്ഞത് 300 കി.ലി (300 KL) മുകളിൽ ഉപഭോഗം ഉള്ള ഉപഭോക്താക്കൾക്കും, പരീക്ഷണാടിസ്ഥാനത്തിൽ സാധാരണ മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയും കേരള ജല അതോറിറ്റി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാംഘട്ടമായി 394 സ്മാർട്ട് മീറ്ററുകളാണ് സ്ഥാപിക്കേണ്ടത്. ഇതിൽ 269 സ്മാർട്ട് മീറ്ററുകൾ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. മീറ്ററുകളുടെ റീഡിംഗ് രേഖപ്പെടുത്തുന്നതിന് ഇന്റർലിങ്കിങ് സോഫ്റ്റ്‌വെയർ കൂടി രൂപപ്പെടുത്തേണ്ടതുണ്ട്. 400 മീറ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന രണ്ടാം ഘട്ട പ്രവർത്തികൾക്കുള്ള കരാർ ഒപ്പിടുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## വാട്ടർ അതോറിറ്റി റെയിൽവേയ്ക്ക് അടയ്ക്കേണ്ട കുടിശിക അടയ്ക്കുന്നതിന് നടപടി

230(536) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ ബാലരാമപുരം വിളവൂർക്കൽ സമഗ്ര കുടിവെള്ള

പദ്ധതിയുടെ ഭാഗമായി ബാലരാമപുരം പഞ്ചായത്തിൽ കുടിവെള്ള ടാങ്കും പൈപ്പ് ഇടലും പൂർത്തിയായെങ്കിലും റെയിൽവേയ്ക്ക് വാട്ടർ അതോറിറ്റി നൽകാനുള്ള കുടിശ്ശിക നൽകാത്തത് കാരണം ബാലരാമപുരം തേമ്പാമുട്ടത്ത് റെയിൽവേ ലൈൻ ക്രോസ്സ് ചെയ്ത് പൈപ്പ് ഇടുന്നതിന് അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) കുടിശ്ശിക അടച്ച് റെയിൽവെയുടെ അനുമതി നേടി പ്രസ്തുത കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ & ബി) ഉണ്ട്. തേമ്പാംമൂട് റെയിൽവേ ക്രോസ്സിംഗുമായി ബന്ധപ്പെട്ട് 06-09-2019-ൽ 40,000/- രൂപ സെൻറേജ് ചാർജ്ജായി ഒടുക്കുകയും, മണ്ണ് പരിശോധന റിപ്പോർട്ട് തയ്യാറാക്കി 21-03-2020-ന് റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനുശേഷം 21-08-2020-ൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി വേ-ലീവ് ചാർജ്ജസ് ഇനത്തിൽ ജല അതോറിറ്റിയിൽ നിന്നും 12.91 കോടി രൂപ റെയിൽവേയ്ക്ക് ഒടുക്കേണ്ടതുണ്ടെന്നും അത് ഒടുക്കിയാൽ മാത്രമേ പുതിയ പ്രൊപ്പോസലുകൾ പരിഗണിക്കാനാകൂയെന്നും റെയിൽവേ അറിയിച്ചിരുന്നു. ഇതിൻ പ്രകാരം 9 കോടി രൂപ ജല അതോറിറ്റി റെയിൽവേയിൽ അടച്ചിട്ടുണ്ട്. റെയിൽവേയിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാനാവും.

## കേരള വാട്ടർ അതോറിറ്റിയുടെ ആധുനികവൽക്കരണം

231(537) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കുടിവെള്ളത്തിനും സീവറേജിനുമുള്ള പുതിയ കണക്ഷൻ എടുക്കുക, പണം അടയ്ക്കുക, മീറ്റർ മാറ്റിവയ്ക്കുക, ഉടമസ്ഥാവകാശം മാറ്റുക, കണക്ഷൻ വിച്ഛേദനവും പുനർസ്ഥാപനവും നടത്തുക, ഗാർഹിക ഗാർഹികേതര മാറ്റം നടത്തുക, വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഫീസ് അടയ്ക്കുക, ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുക തുടങ്ങിയ സേവനങ്ങളാണ് ഓൺലൈനായി ലഭ്യമാക്കുന്നതിനായി ഉദ്ദേശിക്കുന്നത്.

(ബി) കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഇല്ലാതാക്കുന്നതിനും അപേക്ഷകൾ ഇടനിലക്കാരില്ലാതെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ?

കുടിവെള്ളത്തിനും സീവറേജിനുമുള്ള പുതിയ കണക്ഷൻ

ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ആയിരം ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ വേണ്ടിവരുന്ന ചെലവും ആയതിന് കുടിവെള്ള ചാർജായി ഈടാക്കുന്ന തുകയും എത്ര വീതമെന്ന് അറിയിക്കുമോ?

ആയിരം ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ 23.89 രൂപയാണ് ചെലവാകുന്നത്. എന്നാൽ കുടിവെള്ള വിതരണത്തിൽ നിന്നും ലഭിക്കുന്നത് ആയിരം ലിറ്ററിന് 10.48 രൂപ മാത്രമാണ്.

(ഡി) വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സുസ്ഥിരതയ്ക്കായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ?

2016-17 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റ് അവതരിപ്പിച്ചവേളയിൽ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുമെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ തയ്യാറാക്കി നിർവ്വഹിക്കുന്നു.

1) വാട്ടർ അതോറിറ്റിയുടെ ജലവിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക.

2) ഒട്ടനവധി പദ്ധതികൾ ചെറിയ തുകകൾ ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കും.

3) നഗരമേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കുക.

4) ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24 X 7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതികളിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപ്പാദന ഘട്ടങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

3. വിതരണ ശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ (District Metering Area)കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക.

4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും, ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. SCADA (Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജല വിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഗുണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ് മാപ്പ് തയ്യാറാക്കുന്നതോടൊപ്പം കുടിവെള്ള പദ്ധതികളുടെ റിങ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽ നിന്നുള്ള വരവ് ചെലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. അവസാനമായി താരീഫ് പുതുക്കിയത് 2014 -ൽ ആണ്. 01-10-2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ

വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഈ വർദ്ധനവ് കൊണ്ട് കേരള ജല അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സാധിച്ചില്ല. ജല ജീവൻ മിഷൻ പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം 29.38 ലക്ഷം കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ജൽ ജീവൻ മിഷൻ**

232(538) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജൽ ജീവൻ മിഷൻ (ജെ ജെ എം) പദ്ധതികളുടെ പുരോഗതി വിശദീകരിക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതി വിഭാവനം ചെയ്ത് മൂന്ന് പഞ്ചായത്തുകളിലുമായി 19038 വീടുകളിൽ കുടിവെള്ള കണക്ഷൻ നല്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 17051 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആനക്കയം പഞ്ചായത്തിൽ 6306 ഗാർഹിക കുടിവെള്ള കണക്ഷനുകൾ

നൽകുന്നതിന് 2653 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയിൽ നിന്ന് 1255 കണക്ഷനുകൾ നാളിതുവരെ നല്കിയിട്ടുണ്ട്. കോട്ടൂർ പഞ്ചായത്തിൽ 1380 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 407 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയിൽ നിന്ന് 184 കണക്ഷനുകൾ നാളിതുവരെ നല്കിയിട്ടുണ്ട്.

(ബി) പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ സമഗ്ര കുടിവെള്ള പദ്ധതി, കോട്ടൂർ പഞ്ചായത്ത് കുടിവെള്ള പദ്ധതി എന്നിവയ്ക്ക് സംസ്ഥാനതല കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം അംഗീകാരം നൽകുമോ?

അംഗീകാരം നൽകിയിട്ടില്ല. മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ കുടിവെള്ള പദ്ധതിക്കും കോട്ടൂർ പഞ്ചായത്തിൽ അധികമായി 4536 കുടിവെള്ള കണക്ഷനുകൾകൂടി നല്കുന്നതിനുവേണ്ടിയുള്ള പദ്ധതിക്കും സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടുതൽ ചെറുകിട കുടിവെള്ള പദ്ധതികളും ഗാർഹിക കണക്ഷനുകളും ജെ.ജെ.എം. പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ

സ്വീകരിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, ആനക്കയം പഞ്ചായത്തിലെ പദ്ധതി എന്നിവ കൊണ്ട് മേൽപ്പറഞ്ഞ പഞ്ചായത്തിലെ എല്ലാ വീടുകളിലും 2024-ഓടുകൂടി കുടിവെള്ളം എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

233(539) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെയും കോട്ടക്കൽ നഗരസഭയിലെയും കുടിവെള്ള പദ്ധതി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറത്തിനും സമീപ പഞ്ചായത്തുകൾക്കുമായി ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുമ്പോൾ കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് പ്രതിദിനം 15 MLD വെള്ളം നൽകുന്നത് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത

എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. കൂടാതെ കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണികൾ, ഇതിലേക്ക് ജലമെത്തിക്കുന്ന പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ ഡിസൈൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി ഡി.പി.ആർ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. കോട്ടക്കൽ നിയോജകമണ്ഡലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിലും നിയമസഭാ മന്ദിരത്തിലെ മന്ത്രിയുടെ ചേംബറിൽ 10-06-2021-ന് 11.30 മണിക്ക് കൂടിയ അവലോകന യോഗത്തിലെ തീരുമാനങ്ങളും അതിൻമേൽ സ്വീകരിച്ച തുടർനടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പദ്ധതി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ല എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറ്റിപ്പുറത്തിനും സമീപ പഞ്ചായത്തുകൾക്കുമായി തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദനഘടകങ്ങളും കോട്ടക്കൽ മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള ഉപരിതല ജലസംഭരണി, പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ സർവ്വേ നടപടികൾ പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തി ഡിവിഷൻ തലത്തിൽ നടന്നു വരുന്നു.

## കുടിവെള്ള വിതരണ പൈപ്പുകൾ

234(540) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ കാലപ്പഴക്കത്താൽ കേടുപാടുകൾ വന്ന കുടിവെള്ള വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തിരൂരങ്ങാടി മണ്ഡലത്തിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ പരപ്പനങ്ങാടി മുതൽ പാലത്തിങ്കൽ വരെയുള്ള വിതരണ പൈപ്പുകളും പമ്പിംഗ് മെയിനും 2014-15-ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 2021-22-ൽ നമ്പലം സൗത്ത്, അയോദ്ധ്യ നഗർ പരിയാപുരം റോഡ്, വി. പി. അച്യുതൻ റോഡ്, പള്ളിപ്പുറം റോഡ്

എന്നിവിടങ്ങളിൽ പഴയ എ. സി പൈപ്പ് മാറ്റിയിടുന്നതിന് 48 ലക്ഷം രൂപയുടെയും 2020-21-ൽ കരിപറമ്പ് കലക്കയം പമ്പ്ഹൗസിൽ റോഡിൽ പഴയ എ. സി പൈപ്പ് മാറ്റിയിടുന്നതിനും 7 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. തിരൂരങ്ങാടി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള പദ്ധതികൾ വളരെ പഴക്കം ചെന്നതായതിനാലും മുനിസിപ്പൽ പ്രദേശങ്ങൾ പൂർണ്ണമായി ഉൾപ്പെട്ടിട്ടില്ലാത്തതുമായതിനാൽ പുതിയ പദ്ധതികൾ നടപ്പിലാക്കേണ്ടതും വിതരണ ശൃംഖലകൾ മാറ്റിയിടേണ്ടതുമുണ്ട്. നന്നമ്പ്ര പഞ്ചായത്തിൽ നിലവിൽ പദ്ധതികൾ ഇല്ലാത്തതിനാൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## ഗുരുവായൂർ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

235(541) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

1. ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം, ഒരുമനയൂർ, പുന്നയൂർ, പുന്നയൂർക്കുളം,

വടക്കേക്കാട്, എങ്ങണ്ടിയൂർ എന്നീ പഞ്ചായത്തുകളിൽ 15,275 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 2872.28 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരമുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ 1900 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

2. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന 150.88 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

3. ഗുരുവായൂർ മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മറ്റു പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്തിട്ടും പ്രവൃത്തി ആരംഭിക്കാത്ത എത്ര പദ്ധതികൾ ഗുരുവായൂർ മണ്ഡലത്തിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ?

6 പദ്ധതികൾ. ടി പദ്ധതികളുടെ പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നാട്ടിക കുടിവെള്ള പദ്ധതി, ജലജീവൻ പദ്ധതി എന്നിവയുടെ പുരോഗതിയും മണ്ഡലത്തിൽ നടപ്പിലാക്കാൻ ബാക്കിയുള്ള പദ്ധതികളെ സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ?

1. നാട്ടിക കുടിവെള്ള പദ്ധതി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്. 9 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും 26 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, നിലവിലുള്ള ജലശുദ്ധീകരണ ശാലയുടെ നവീകരണം, 2700 മീറ്റർ നീളത്തിൽ 700 എം.എം. റാ-വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, 14890 മീറ്റർ നീളത്തിൽ 90 എം.എം. മുതൽ 300 എം.എം. വരെ വ്യാസമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികൾ ഇതിന്റെ ഭാഗമായി പുരോഗമിച്ചു വരുന്നു.

2. ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം, ഒരുമനയൂർ, പുന്നയൂർ, പുന്നയൂർക്കുളം, വടക്കേക്കാട്, എങ്ങണ്ടിയൂർ, എന്നീ പഞ്ചായത്തുകളിൽ നിലവിൽ 1900 കണക്ഷനുകൾ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ എങ്ങണ്ടിയൂർ പഞ്ചായത്തിൽ 1569 കണക്ഷനുകൾക്കുള്ള 872 ലക്ഷം രൂപയുടെ പദ്ധതിയും കടപ്പുറം പഞ്ചായത്തിലേക്കായി ജലജീവൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിഷൻ പദ്ധതി മുഖേന 3630 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. മണ്ഡലത്തിൽ നടപ്പിലാക്കാൻ ബാക്കിയുള്ള പദ്ധതികളെ സംബന്ധിച്ചുമുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## കഴക്കൂട്ടം സ്വീവറേജ് പദ്ധതി

236(542) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിൽ നടന്നുവരുന്ന സ്വീവറേജ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ കണ്ണമ്മൂല-അയ്യൻകാളി റോഡിൽ നിന്നും തുടങ്ങി പടിഞ്ഞാറ്റിൻ ലൈനിൽ (സ്റ്റേറ്റ് പ്ലാൻ പദ്ധതി) പുതുതായി നിർമ്മിക്കുന്ന പൊതു മാൻഹോളിലേക്ക് 200 mm മുതൽ 300 mm വരെ വ്യാസമുള്ള സ്വീവർ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 15% പൂർത്തിയായി. 8 മാസം കൊണ്ട് പണികൾ പൂർത്തീകരിക്കാനാവും. അമൃത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിലുൾപ്പെടുത്തി കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ സ്വീവറേജ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. സ്വീവറേജ് പദ്ധതിയുടെ ചില പ്രവൃത്തികൾക്ക് നിരവധി തവണ ദർഘാസുകൾ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനാൽ അവയുടെ എസ്റ്റിമേറ്റ് പുതുക്കി അവയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതായി വന്നിട്ടുണ്ട്. ഇടയ്ക്കിടയ്ക്കുള്ള കനത്ത മഴ പദ്ധതികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ദേശീയ പാത മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. അതിന് ദേശീയ പാത അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസവും പദ്ധതികളുടെ പുരോഗതിയെ ബാധിച്ചു. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്ത് പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വീവറേജ് പദ്ധതികളും അവയുടെ പുരോഗതിയും പൂർത്തീകരണ തീയതിയും അനുബന്ധമായി ചേർക്കുന്നു.+ പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നത് ഉറപ്പാക്കുന്നതിനും ജോലിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനും സർക്കിൾ ഓഫീസ് തലത്തിൽ വിശദമായ കരാർ തിരിച്ചുള്ള അവലോകനം നടത്തി. വിശദമായ വർക്ക് പ്ലാൻ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പണി പുനരാരംഭിക്കുകയും ത്വരിത ഗതിയിൽ നടക്കുകയും ചെയ്യുന്നു. നടന്നുകൊണ്ടിരിക്കുന്ന ജോലികൾ സൂക്ഷ്മമായി നിരീക്ഷിക്കാനും സൈറ്റിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ തടസ്സങ്ങൾ സംബന്ധിച്ച് ഉന്നത അധികാരികളുടെ ശ്രദ്ധ ക്ഷണിക്കാനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. എല്ലാ പ്രവർത്തികളും മാർച്ച് 2022-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കരിക്കകം, ശ്രീകാര്യം, ലയോള എന്നിവിടങ്ങളിലെ വാട്ടർ ടാങ്കുകൾ പ്രവർത്തനക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കേരള ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശം അനുസരിച്ച് വെള്ളത്തിൽ നൈട്രേറ്റിന്റെ അളവ് അനുവദനീയ അളവിൽ കൂടുതൽ ആയതിനാൽ blue baby syndrome ഉണ്ടാകുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് 2015-ൽ കരിക്കകം പമ്പ് ഹൗസിന്റെ പ്രവർത്തനം നിർത്തിയതാണ്. തുടർന്ന് JICA Scheme കമ്മീഷൻ ചെയ്തതിന് ശേഷം ജെൻറം ലൈൻ വഴി കുടിവെള്ള വിതരണം ടി ഭാഗത്ത് നടത്തി വരുന്നു. 06-05-2021-ൽ മുൻ ദേവസ്വം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിന്റെ തീരുമാന പ്രകാരം ടി പമ്പ്ഹൗസിലെ വെള്ളം ഫ്ലഷ് ചെയ്ത്

ഗുണ നിലവാരം വീണ്ടും പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലയോള ടാങ്കിൽ മുൻകാലങ്ങളിൽ വെള്ളം കയറ്റിയിരുന്നു. എന്നാൽ ഇപ്പോൾ ടാങ്കിൽ കയറ്റാതെ തന്നെ നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള ജലം ലഭിക്കുന്നുണ്ട്. ശ്രീകാര്യം പോങ്ങുംമൂട് വാട്ടർ ടാങ്കിൽ നിലവിൽ വെള്ളം കയറ്റുകയും അതിൽ നിന്നും സുഗമമായി ജലവിതരണം നടത്തുകയും ചെയ്യുന്നുണ്ട്. KIIFB ധനസഹായത്തോടെ പേരൂർക്കടയിൽ നിന്ന് മൺവിള വരെ പോകുന്ന 900 PSC line 1219, 1118, 914, 813 & 711 മില്ലീമീറ്റർ വ്യാസമുള്ള എം.എസ് പൈപ്പുകൾ ഉപയോഗിച്ച് റീപ്ലേസ് ചെയ്യുന്ന പ്രവർത്തികൾ നടന്നുവരികയാണ്. പുതിയ 700 mm എം.എസ് ലൈനിൽ നിന്ന് ലയോള ടാങ്കിലേക്ക് കണക്ട് ചെയ്യാവുന്നതാണ്.

(ഡി) പുതുകുന്ന് വാട്ടർ ടാങ്കിൽ നിന്ന് എല്ലാ ദിവസവും ഹൈലെവൽ പമ്പിംഗ് നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പുതുക്കുന്ന് പമ്പ് ഹൗസിൽ ആഴ്ചയിൽ രണ്ട് ദിവസം ലോ ലെവൽ ടാങ്കിന്റെ ജല ലഭ്യത അനുസരിച്ച് ഹൈ ലെവൽ ടാങ്കിലേക്ക് പമ്പ് ചെയ്യുന്നുണ്ട്. ചൊവ്വാഴ്ച രാത്രി 10 മണി മുതൽ ബുധനാഴ്ച രാത്രി 10 മണി വരെയും (24 മണിക്കൂർ) വെള്ളിയാഴ്ച രാത്രി 10 മണി മുതൽ ശനിയാഴ്ച രാത്രി 10 മണി വരെയുമാണ് സാധാരണ പമ്പ് ചെയ്യുന്നത്. പേരൂർക്കടയിൽ നിന്ന്

മൺവിള വരെ എം.എസ് പൈപ്പുകൾ സ്ഥാപിക്കുമ്പോൾ പ്രസ്തുത ലൈനിൽ നിന്ന് 600 mm DI ബ്രാഞ്ച് വഴി കരിയത്ത് വച്ച് പുതുകുന്ന് ടാങ്കിലേക്ക് പോകുന്ന 600 mm DI പൈപ്പുമായി ബന്ധിപ്പിക്കാവുന്നതാണ്.

(ഇ) 2021-22 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കഴക്കൂട്ടം-ശ്രീകാര്യം-ആക്കുളം സ്വീവറേജ് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

2021-22 വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 50 കോടി അടങ്കൽ തുക കണക്കാക്കി ഈ സാമ്പത്തിക വർഷത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**പുനർഗേഹം പദ്ധതി**

237(543) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരമേഖലയിലെ കടലോരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടായിരുന്നെന്ന് വ്യക്തമാക്കുമോ?

2018-19 കാലയളവിൽ വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അവർക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പുനർഗേഹം പദ്ധതി പ്രകാരം എത്ര കുടുംബങ്ങളെ വീട് വച്ച് മാറ്റി പാർപ്പിച്ചുവെന്നറിയിക്കുമോ?

368 ഗുണഭോക്താക്കൾ ഭൂമി വാങ്ങി ഭവനനിർമ്മാണം പൂർത്തീകരിച്ച് മാറി താമസിച്ചിട്ടുണ്ട്. 308 കെട്ടിട സമുച്ചയങ്ങൾ പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലുമാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് എത്ര കുടുംബങ്ങൾക്കുകൂടി വീട് വച്ച് നൽകി മാറ്റി പാർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കപ്പെട്ട 10307 ഗുണഭോക്താക്കളിൽ 7692 പേർ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ട്. സമ്മതം അറിയിച്ചിട്ടുള്ള മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 'പുനർഗേഹം' പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന 'പുനർഗേഹം' പദ്ധതി പ്രകാരം നിലവിൽ 10307 ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 7692 പേർ മാറിത്താമസിക്കുവാൻ സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2129 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 1596 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1109 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 368 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുയും ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുവോ; വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(എഫ്) 'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന

തീരത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന തീരത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങളൊന്നും അനുവദിക്കുകയില്ല. പ്രസ്തുത ഭൂമിയിൽ അനുയോജ്യമായ സസ്യജാലങ്ങൾ വെച്ച് പിടിപ്പിച്ച് ഒരു ജൈവ കവചം സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

**ആഴക്കടൽ മത്സ്യബന്ധന കരാർ**

238(544) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഫിഷറീസ് വകുപ്പുമന്ത്രി 2018-ൽ ന്യൂയോർക്കിൽ വച്ച് ഇ.എം.സി.സി. പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നോയെന്ന് അറിയിക്കുമോ; പ്രസ്തുത കമ്പനിയുടെ അധികൃതർ കേരളത്തിൽ വന്ന് മുൻ മന്ത്രിയുമായും സെക്രട്ടറിയുമായും ചർച്ച നടത്തി ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ?

മുൻ ഫിഷറീസ് വകുപ്പുമന്ത്രി ഇ.എം.സി.സി.-യുമായി ചർച്ച

നടത്തിയിട്ടില്ല.

(ബി) 2019-ൽ സർക്കാർ പുറപ്പെടുവിച്ച മത്സ്യ നയത്തിന്റെ ഭാഗമായി കോണ്ടിനെന്റൽ സ്ലോപ്പിൽ വിദേശ കമ്പനികൾക്ക് മത്സ്യബന്ധനം നടത്താൻ അധികാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മത്സ്യനയത്തിൽ ഇപ്രകാരമൊരു വ്യവസ്ഥ ചേർക്കാനുള്ള സാഹചര്യം വെളിപ്പെടുത്താമോ?

സംസ്ഥാന മത്സ്യനയം പേജ് 6 പാര 2.9 ൽ 'അമിത ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കോണ്ടിനന്റൽ ഷെൽഫ് ഏരിയായിൽ നിന്നും നിലവിലെ മത്സ്യബന്ധന സമ്മർദ്ദം കോണ്ടിനന്റൽ സ്ലോപ്പ് ഏര്യയിലേയ്ക്ക് മാറ്റപ്പെടേണ്ടതിന് പുറം കടലിൽ ബഹുദിന മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തീരക്കടലിൽ മത്സ്യ ബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിന് അവിടെ നിന്നും കുറേ യാനങ്ങളെ പുറം കടൽ മത്സ്യബന്ധനത്തിന് പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഇതുകൊണ്ടു ഉദ്ദേശിക്കുന്നത്. അല്ലാതെ വിദേശ കമ്പനികളെയോ യാനങ്ങളെയോ അനുവദിക്കുമെന്നല്ല.

(സി) ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇം.എം.സി.സി.

കമ്പനി സർക്കാരിന് നൽകിയ പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇം.എം.സി.സി. ഒരു concept note സമർപ്പിച്ചിരുന്നു. പ്രസ്തുത കമ്പനിയുടെ വിശ്വാസ്യതയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ Newyork-ലെ Consulate General-മായി ബന്ധപ്പെട്ടപ്പോൾ നിലവിൽ അങ്ങനെ ഒരു കമ്പനി ഉള്ളതായി അറിയാൻ കഴിഞ്ഞില്ലായെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

**ഹാർബർ നവീകരണത്തിനുള്ള പദ്ധതി**

239(545) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിലെ ഹാർബർ നവീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ബി) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് നഗരസഭയിലെ

പുത്തൻകടപ്പുറത്ത് മിനി ഹാർബർ നിർമ്മാണത്തിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; മത്സ്യതൊഴിലാളികളുടെ ദീർഘകാലമായുള്ള പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് സാധ്യതാ പഠനം നടത്തുമോ?

ഇതുസംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

240(546) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന തലശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന തലശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | **നബാർഡ് പദ്ധതികൾ** എരഞ്ഞോളി ഫിഷ് ഹാച്ചറി നിർമ്മാണം | 163.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| | **കിഫ്ബി പദ്ധതികൾ** 1)തലായ് മത്സ്യബന്ധന തുറമുഖത്തിന് സമീപം തീരസംരക്ഷണം | 348.00 | പൂർത്തീകരിച്ചു |
| | 2)ജി.എൽ.പി.എസ്.ചാലിൽ, ഗോപാൽപേട്ട,കണ്ണൂർ | 74.018 | നിർമ്മാണ പ്രവൃത്തികൾ ആരംഭ ഘട്ടത്തിൽ |
| | 3)ജി.എച്ച്.എച്ച്.എസ്. കൊട്ടുവള്ളി, കണ്ണൂർ | 202.661 | പദ്ധതി പുരോഗമിക്കുന്നു |

(ബി) ഇവയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ഇവ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

പൂർത്തീകരിക്കാത്ത പ്രവൃത്തികളെല്ലാം തന്നെ ദ്രുതഗതിയിൽ പൂർത്തിയാക്കി വരുന്നു. പൂർത്തീകരിക്കാത്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിലവിലെ അവസ്ഥ |
|---|---|---|
| 1 | എരഞ്ഞോളി ഫിഷ് ഹാച്ചറി നിർമ്മാണം | ഇന്റർലോക്കിംഗ് പ്രവർത്തികൾ ഒഴികെ മറ്റ് പ്രവർത്തികളെല്ലാം തന്നെ പൂർത്തീകരിച്ചു |
| 2 | ജി.എൽ.പി.എസ്.ചാലീൽ, ഗോപാൽപേട്ട, കണ്ണൂർ | നിലവിലെ കെട്ടിടം പൊളിച്ചുമാറ്റൽ പൂർത്തീകരിച്ചു. നിർമ്മാണ പ്രവൃത്തികൾ ആരംഭഘട്ടത്തിൽ |
| 3 | ജി.എച്ച്.എച്ച്.എസ്, കൊട്ടുവള്ളി, കണ്ണൂർ | പൈലിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. പൈൽ ലോഡ് ടെസ്റ്റ് പുരോഗമിച്ചു വരുന്നു. |

## പുനർഗേഹം പദ്ധതി

241(547) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് വേലിയേറ്റരേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് പുനർഗേഹം. പദ്ധതി അടങ്കൽ 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് മാർഗ്ഗനിർദ്ദേശം സർക്കാർ ഉത്തരവായി അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണത്തിനായി സംസ്ഥാനതല നിർവ്വഹണ ചുമതല പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് നൽകിയിട്ടുണ്ട്. 9 തീരദേശ ജില്ലകളിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഓരോ കോ-ഓർഡിനേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ജില്ലകളിൽ ഫിഷറീസ് വകുപ്പിലെ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. ജില്ലകളുടെ പ്രവർത്തന പുരോഗതി കൃത്യമായ ഇടവേളകളിൽ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, ഫിഷറീസ് ഡയറക്ടർ, ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് വകുപ്പുമന്ത്രി എന്നിവർ വിലയിരുത്തി വ്യക്തമായ പുരോഗതി കൈവരിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുണം.

ജനപ്രതിനിധികളുമായി ആശയ വിനിമയം നടത്തിയും പ്രവർത്തന പുരോഗതി കൈവരിക്കാൻ ശ്രമിക്കുന്നുണ്ട്. പദ്ധതി പ്രകാരം ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച 10307 ഗുണഭോക്താക്കളിൽ 7692 പേർ മാറി താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ളതിൽ 2129 പേരുടെ ഭൂമി വില അംഗീകരിക്കുകയും 1569 പേർ ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളതും 1109 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതും, 368 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ആകുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലായി 1174 പേരുടെ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചു വരുന്നു.

(ബി) വൈപ്പിൻ മുതൽ മുനമ്പം വരെ 24 Km കടൽത്തീരമുള്ള വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള തീരപ്രദേശത്ത് 382 കുടുംബങ്ങൾ താമസിക്കുന്നതിനായി കണ്ടെത്തിയിരുന്നു. ഇതിൽ പുനർഗേഹം പദ്ധതിക്കായി അപേക്ഷ സമർപ്പിച്ച 40 പേരിൽ 35 പേരെ ജില്ലാതല അപ്രൂവൽ കമ്മിറ്റി ഗുണഭോക്താക്കളായി അംഗീകരിച്ചിരുന്നു. 10

ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുകയും ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

(സി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർ, 5 സെന്റ് ഭൂമിയിൽ കൂടുതൽ കൈവശമുള്ളവർ, ആധാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ളവർ, ഭൂമിക്ക് പട്ടയം ലഭിക്കാനുള്ളവർ, പോക്കുവരവ് ചെയ്ത് ലഭിക്കാത്തവർ എന്നിവർക്ക് പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തീരപ്രദേശത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരേയും ഭൂമിയ്ക്ക് പട്ടയം ലഭിക്കാനുള്ളവരേയും റവന്യൂ അധികാരികൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പദ്ധതി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) സുരക്ഷിതമേഖലയിലേക്ക് മാറി താമസിക്കുവാൻ തയ്യാറാകുന്ന ഗുണഭോക്താവിന് നൽകുന്ന തുക അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുപരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കടലാക്രമണത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കാൻ നടപടി

242(548) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കടലാക്രമണത്താൽ ഓരോ വർഷവും തീരപ്രദേശങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ 10 വർഷം മുമ്പ് തീരപ്രദേശത്തിന്റെ വിസ്തൃതി എത്രയായിരുന്നെന്നും നിലവിൽ എത്രയാണെന്നും വ്യക്തമാക്കുമോ?

ഉണ്ട്. തീരപ്രദേശത്തിന്റെ വിസ്തൃതി സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മുഖാന്തിരം സർവ്വേ നടത്തിയിട്ടില്ല.

(സി) ഇത്തരത്തിൽ നഷ്ടപ്പെടുന്ന തീരപ്രദേശങ്ങളെ സംരക്ഷിക്കുവാനും സമ്പുഷ്ടീകരിക്കുവാനും ഈ സർക്കാർ എന്തൊക്കെ അടിന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിന് എത്ര കോടി രൂപ മാറ്റി വെച്ചിട്ടുണ്ടെന്നും എവിടെയൊക്കെ ആയതിന്റെ പ്രവർത്തനം ഉടൻ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽ നിന്നും

കരയയേയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ– വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ NABARD RIDF XXVI -ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീരസംരക്ഷണത്തിനായി കിഫ്ബി 150 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. ആദ്യഘട്ടമായി പരീക്ഷണാടിസ്ഥാനത്തിൽ പൂന്തുറ പ്രദേശത്ത് 19.57 കോടി രൂപയ്ക്ക് ജിയോട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിനുള്ള പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ആരംഭഘട്ടത്തിലാണ്. 27-05-2021-ൽ മത്സ്യബന്ധന വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, എം.പി, എം.എൽ.എ.-മാരും റവന്യൂ, ഹാർബർ, ഇറിഗേഷൻ, എൽ.എസ്.ജി.ഡി വകുപ്പുകളിലെയും കെ.എസ്.സി.എ.ഡി.സി.ലെയും ഉദ്യോഗസ്ഥരും ചെല്ലാനം തീരത്തെ കടലാക്രമണം നടന്ന പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. തുടർന്ന് എറണാകുളം ഗസ്റ്റ് ഹൗസിൽ കൂടിയ

യോഗത്തിൽ 20.00 ലക്ഷം രൂപയുടെ അത്യാവശ്യ തീരസംരക്ഷണ പ്രവൃത്തികൾ ആരംഭിച്ചതായും 2 കോടി രൂപയുടെ പ്രവൃത്തി കൂടി ഉടനെ തുടങ്ങുന്നതാണെന്നും ജലസേചന വകുപ്പ് അറിയിച്ചിരുന്നു. 16 കോടി രൂപയുടെ വിവിധ പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചതായും ചെല്ലാനത്തെ കടലാക്രമണം പൂർണ്ണമായും പരിഹരിക്കുന്നതിനുള്ള 274 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെന്നും ഇറിഗേഷൻ വകുപ്പ് അധികൃതർ പ്രസ്തുത യോഗത്തിൽ അറിയിച്ചിരുന്നു.

## ഹരിപ്പാട് മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

243(549) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഹരിപ്പാട് മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം, പുരോഗതി, ഇനി ടെൻഡർ ചെയ്യാനുള്ള പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ റോഡുകൾ**

244 (550) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ നവീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ?

കേരളത്തിലെ തീരദേശ റോഡുകൾ നവീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ആകെ 80 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിയോജക മണ്ഡലങ്ങൾ തിരിച്ച് ഫണ്ട് വകയിരുത്തിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ എത്ര തീരദേശ റോഡുകൾ നവീകരിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്; പ്രസ്തുത റോഡുകളുടെ പേര് വിവരങ്ങൾ നൽകാമോ?

നിയമസഭാ സാമാജികർ സമർപ്പിച്ച വിവിധ റോഡുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

**നിലമ്പൂർ ഉൾനാടൻ മത്സ്യഭവൻ**

245(551) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ ആരംഭിച്ച ഉൾനാടൻ മത്സ്യഭവനിൽ നിന്നും മത്സ്യ കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലമ്പൂർ മത്സ്യഭവന്റെ സേവനങ്ങൾ ലഭ്യമാകുന്നത്?

നിലമ്പൂരിൽ പ്രവർത്തനമാരംഭിച്ച ഉൾനാടൻ മത്സ്യഭവനിൽ നിന്നും താഴെ പറയുന്ന സേവനങ്ങൾ മത്സ്യകർഷകർക്ക് നൽകിവരുന്നു. മത്സ്യകർഷകർക്കായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന തുടങ്ങി വിവിധ പദ്ധതികളുടെ അപേക്ഷകൾ മത്സ്യഭവനുകൾ വഴി മത്സ്യകർഷകർക്ക് വിതരണം ചെയ്യുകയും പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യുന്നു. അപേക്ഷകൾ പരിശോധിച്ച് പദ്ധതികളുമായി ബന്ധപ്പെട്ട ഭൗതിക പരിശോധന നടത്തുകയും ആയതിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി മത്സ്യഭവൻ ഓഫീസറുടെ ശിപാർശയോടുകൂടി ജില്ലാ

ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ രജിസ്ട്രേഷനും ലൈസൻസും ലഭിക്കുന്നതിനുള്ള അപേക്ഷ വിതരണം ചെയ്യുകയും പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ ഭൗതിക പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി മത്സ്യഭവൻ ഓഫീസറുടെ ശിപാർശയോടുകൂടി ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ മത്സ്യകൃഷി പദ്ധതികളുടെ നിർവ്വഹണം നടത്തുന്നു. മത്സ്യകൃഷിക്കാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നു. അനധികൃതവും നിയമവിരുദ്ധവുമായ മത്സ്യകൃഷി രീതികൾ നിരുത്സാഹപ്പെടുത്തുന്നതിന് കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും (2010) ചട്ടങ്ങളും (2013) പ്രകാരം അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നു. (1) നിലമ്പൂർ, (2) പെരിന്തൽമണ്ണ, (3) മഞ്ചേരി എന്നീ മുനിസിപ്പാലിറ്റികളിലും (4) കീഴാറ്റൂർ, (5) തൃക്കലങ്ങോട്, (6) തിരുവാലി, (7) മമ്പാട്, (8) വണ്ടൂർ, (9) പോരൂർ, (10) പാണ്ടിക്കാട്, (11) ചാലിയാർ, (12) ചുങ്കത്തറ, (13) പോത്തുകൽ, (14) എടക്കര, (15) വഴിക്കടവ്, (16) മൂത്തേടം, (17) പുലാമന്തോൾ, (18) അങ്ങാടിപ്പുറം, (19) ഏലംകുളം, (20) ആലിപറമ്പ, (21) താഴേക്കോട്, (22) വെട്ടത്തൂർ, (23)

മേലാറ്റൂർ, (24) എടപ്പറ്റ, (25) തുവ്വൂർ (26) കരുവാരക്കുണ്ട്, (27) കാളികാവ്. (28) ചോക്കാട്, (29) അമരമ്പലം, (30) കരുളായി എന്നീ ഗ്രാമപഞ്ചായത്തുകളിലും നിലമ്പൂർ മത്സ്യഭവന്റെ സേവനം ലഭ്യമാക്കുന്നു.

(ബി) നിലമ്പൂർ നഗരസഭയിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് ആരംഭിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. മത്സ്യഫെഡ് ചെയർമാന് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടും നിലമ്പൂരിൽ ഫിഷ് മാർട്ട് തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത പ്രൊപ്പോസൽ മത്സ്യഫെഡിന്റെ സജീവ പരിഗണനയിലാണ്.

(സി) മലപ്പുറം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് നിലവിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് ഉള്ളതെന്നും ഇവിടങ്ങളിലേയ്ക്ക് ഏതു കേന്ദ്രത്തിൽ നിന്നാണ് മത്സ്യം വിതരണം ചെയ്യുന്നതെന്നും അറിയിക്കാമോ?

മലപ്പുറത്ത് നിലവിൽ മത്സ്യഫെഡിന് ഫിഷ് മാർട്ടുകളില്ല. സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്നുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ തേഞ്ഞിപ്പലം, കോട്ടയ്ക്കൽ (പുത്തൂർ) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥലങ്ങളിലേയ്ക്ക് പൊന്നാനി, താനൂർ, ബേപ്പൂർ, പുതിയാപ്പ എന്നീ

മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നുള്ള മത്സ്യങ്ങളാണ് വിതരണം ചെയ്തുവരുന്നത്.

**വൈപ്പിൻ മണ്ഡലത്തിലെ അക്വാ ടൂറിസം മാസ്റ്റർ പ്ലാൻ**

246(552) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ മത്സ്യഫെഡിന്റെ കീഴിലുള്ള ഞാറക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?

മാസ്റ്റർ പ്ലാനും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി GITPAC International (Great India Tourism Planners and Consultant - A Division of Air travel Enterprise India) എന്ന കൺസൾട്ടൻസിയുമായി 10-01-2019-ൽ മത്സ്യഫെഡ് കരാറിലേർപ്പെട്ടിരുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്.

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

1) ഞാറയ്ക്കൽ അക്വാ ടൂറിസം സെന്റർ ആരംഭിക്കുന്ന അതിർത്തി മുതൽ സെന്ററിന്റെ കവാടം വരെ റോഡിന്റെ ഇരുവശങ്ങളിലും തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കുകയും ഇരിപ്പിടങ്ങൾ സ്ഥാപിക്കുകയും ചെയ്യുക 2) കലാപരമായ രീതിയിൽ നിർമ്മിക്കുന്ന ടൂറിസം ഇൻഫർമേഷൻ സെന്ററും റിസപ്ഷനും സ്ഥാപിക്കുക. 3) ലോകോത്തര നിലവാരത്തിലുള്ള നൂതനമായ ടൂറിസം ഉപാധികൾ അവതരിപ്പിക്കുക. 4) അക്വാ ടൂറിസം സെന്ററിനു പുറത്ത് സഞ്ചാരികൾക്ക് ഇരുന്ന് വിശ്രമിയ്ക്കുവാനായി തണൽ മരങ്ങളും ഇരിപ്പിടങ്ങളും ഒരുക്കുക. 5) കൂടുതൽ പച്ചപ്പുണ്ടാക്കി ആകർഷകമാക്കുക. 6) വൈവിധ്യമാർന്ന ഭക്ഷണം ലഭിക്കുന്ന രീതിയിൽ ധാരാളം ലഘുഭക്ഷണ ശാലകൾ നിർമ്മിക്കുക. 7) ജലാശയത്തിൽ റെസ്റ്റോറൻറ് സ്ഥാപിക്കുക. 8) ഓഫീസ് കം മിനി കോൺഫറൻസ് ഹാൾ നിർമ്മിക്കുക. 9) ഫാമിനു ചുറ്റും നടന്നു കാണുവാൻ വീതിയുള്ള നടപ്പാതകൾ നിർമ്മിക്കുക. 10) കുട്ടികൾക്ക് ഉല്ലസിക്കുവാനായി വാട്ടർ ഗെയിമുകൾ ഏർപ്പെടുത്തുക. 11) ഭക്ഷണം ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന നൂതനമായ ടൂറിസം പാക്കേജുകൾ അവതരിപ്പിക്കുക. 12) ഞാറയ്ക്കലിൽ നിന്നും മാലിപ്പുറത്തേയ്ക്ക് ജലമാർഗ്ഗം വഴി പോകുന്നതിനായി ആവശ്യമായ ഡ്രെഡ്ജിംഗ് ചെയ്ത് ചാൽ ശരിയാക്കുക. 13) മാലിപ്പുറം ഫാമിലെ കണ്ടൽ പാർക്ക് നവീകരിക്കുക. 14) മാലിപ്പുറം

ഫാമിന്റെ കവാടത്തിന് വലതുവശത്തായി സന്ദർശകർക്ക് വിശ്രമിക്കുവാൻ ഉതകുന്ന മിനി പാർക്ക് സ്ഥാപിക്കുക. 15) മാലിപ്പുറത്തെ റിസപ്ഷൻ കൗണ്ടർ വികസിപ്പിക്കുക. 16) മാലിപ്പുറത്ത് കവാടത്ത് നിന്നും ടൂറിസം മേഖലയിലേയ്ക്കുള്ള പാത ടൈൽസ് വിരിച്ച് ഭംഗിയാക്കുക. 17) ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളിലെ ബോട്ടുജെട്ടികൾ നവീകരിക്കുക. 18) പാലൂട്ടുന്ന അമ്മമാർക്കായി ഫീഡിംഗ് റൂം സ്ഥാപിക്കുക. 19) പ്രായമായവർക്ക് വിശ്രമിക്കുവാനായി വിശ്രമമുറികൾ സ്ഥാപിക്കുക. 20) അംഗപരിമിതരായവർക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കുക. 21) മാലിപ്പുറത്ത് ഓഫീസ്/കോൺഫറൻസ് ഹാൾ സ്ഥാപിക്കുക. 22) ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളിലെ കാർ പാർക്കിംഗ് ഏരിയ വിപുലീകരിക്കുക. 23) രണ്ട് അക്വാ ടൂറിസം സെന്ററുകളിലും ജലാശയത്തിലേയ്ക്ക് തള്ളി നിൽക്കുന്ന ചെറിയ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക. 24) രണ്ട് അക്വാടൂറിസം സെന്ററുകളിലും ടോയിലറ്റ് കോംപ്ലക്സ് സ്ഥാപിക്കുക.

(സി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി GITPAC International (Great India Tourism Planners and Consultant - A Division of Airtravel Enterprise India) എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്.

(ഡി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ?

ഇല്ല.

(ഇ) ഇല്ലെങ്കിൽ പ്രാധാന്യം കണക്കിലെടുത്ത് തുക വകയിരുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ടൂറിസം വകുപ്പിൽ നിന്നോ NCDC തുടങ്ങിയ ഏജൻസികളിൽ നിന്നോ ഫണ്ട് കണ്ടെത്താമെന്ന് പ്രതീക്ഷിക്കുന്നു.

**മാവേലിക്കര മണ്ഡലത്തിൽ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

247(553) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം, പുതിയകാവ് മത്സ്യമാർക്കറ്റുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തര ഭരണാനുമതി ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി അംഗീകാരം നൽകിയിരുന്നു. ഇതിൽ മാങ്കാംകുഴി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 140.30 ലക്ഷം രൂപയുടെയും താമരക്കുളം മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 193.92 ലക്ഷം രൂപയുടെയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതികളുടെ അപ്രൈസൽ കിഫ്ബി തലത്തിൽ നടന്നുവരുന്നു. പ്രസ്തുത പദ്ധതികളുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി കൈക്കൊള്ളുന്നതാണ്. പുതിയകാവ് മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി അംഗീകാരം നൽകിയിരുന്നു. ഇതിൽ മാങ്കാംകുഴി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 140.30 ലക്ഷം രൂപയുടെയും താമരക്കുളം മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 193.92 ലക്ഷം രൂപയുടെയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതികളുടെ അപ്രൈസൽ കിഫ്ബി തലത്തിൽ നടന്നുവരുന്നു. പ്രസ്തുത പദ്ധതികളുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി കൈക്കൊള്ളുന്നതാണ്. പുതിയകാവ് മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിലനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെയായി

പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റിന്റെ നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ മുഖേന പൂർത്തീകരിച്ച് 07-01-2019-ൽ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച മത്സ്യമാർക്കറ്റ് കച്ചവടക്കാർക്ക് നൽകുന്നതിനും മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും പഞ്ചായത്തധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത മാർക്കറ്റ് കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റിന്റെ നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ മുഖേന പൂർത്തീകരിച്ച് 07-01-2019-ൽ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച മത്സ്യമാർക്കറ്റ്

കച്ചവടക്കാർക്ക് നൽകുന്നതിനും മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും പഞ്ചായത്തധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾ**

248(554) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ പനച്ചമൂട് പബ്ലിക്ക് മാർക്കറ്റിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ രൂപരേഖയിൽ എന്തൊക്കെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

പനച്ചമൂട് മാർക്കറ്റ് നവീകരണത്തിനായി 462.83 ലക്ഷം രൂപയുടെ ഫണ്ടിംഗ് സാംഗ്ഷൻ കിഫ്ബിയിൽ നിന്നും 09-08-2020-ന് ലഭിച്ച പ്രകാരം സാങ്കേതികാനുമതി നൽകി. 25-09-2020-ൽ ദർഘാസ് നടപടികൾ പൂർത്തിയാക്കി, 02-11-2020-ന് പ്രവൃത്തിക്കായി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ നിലവിൽ സൈറ്റിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ

പൊളിച്ചുമാറ്റി സ്ഥലം നിർമ്മാണ പ്രവൃത്തിക്കായി ഇതുവരെ പഞ്ചായത്തിൽ നിന്നും കൈമാറി ലഭിക്കാത്തതിനാൽ; കരാറുകാരനെ അദ്ദേഹത്തിന്റെ ആവശ്യപ്രകാരം നിയമവിധേയമായി വിടുതൽ ചെയ്തിട്ടുള്ളതാണ്. സ്ഥലം നിർമ്മാണ പ്രവൃത്തിക്കായി കൈമാറി ലഭിക്കുന്നതിനായി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പുനർക്രമീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതി രൂപരേഖയിൽ ഉൾപ്പെട്ട ഇനങ്ങൾ ചുവടെ ചേർക്കുന്നു:- (1) 2842 ച.മീറ്ററിൽ രണ്ട് നിലകളിലായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. (2) താഴത്തെ നിലയിൽ 38 സ്റ്റാളുകളും മുകളിലത്തെ നിലയിൽ 37 സ്റ്റാളുകളും ക്രമീകരിച്ചിട്ടുണ്ട്. (3) ഇതുകൂടാതെ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുവാനായി ചിൽ റൂം, സ്ത്രീകൾക്കും പുരുഷന്മാർക്കും ടോയ്‌ലറ്റ് അടങ്ങിയ വെവ്വേറെ വിശ്രമ മുറികൾ, വെവ്വേറെ സെക്യൂരിറ്റി റൂം, പ്രിപ്പറേഷൻ റൂം, ഡ്രെയിനേജ് സംവിധാനം എന്നിവ മാർക്കറ്റ് കെട്ടിടത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 30% തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ലഭ്യമാക്കി നൽകണമെന്നുള്ള വ്യവസ്ഥ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയശേഷം

ഉൾപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾ അതിവേഗം പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

നിർമ്മാണ പ്രവൃത്തിക്കായി നിലവിലെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി സ്ഥലം പഞ്ചായത്തിൽ നിന്നും കൈമാറി നൽകുന്നതിനായി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. നടപടി ത്വരിതപ്പെടുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ യോഗനടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്.

## ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യ മാർക്കറ്റ്

249(555) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 268.93 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അപ്രൈസൽ നടന്നുവരുന്നു. അപ്രൈസൽ പൂർത്തിയാകുന്ന മുറയ്ക്ക് അംഗീകാരം ലഭ്യമാകുന്നതാണ്.

(ബി) ഇതിനായി തയ്യാറാക്കിയ ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 268.93 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അപ്രൈസൽ നടന്നുവരുന്നു. അപ്രൈസൽ പൂർത്തിയാകുന്ന മുറയ്ക്ക് അംഗീകാരം ലഭ്യമാകുന്നതാണ്.

**പയ്യന്നൂർ ഫിഷ് മാർക്കറ്റ് നവീകരണം**

250(556) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ പയ്യന്നൂർ ഫിഷ് മാർക്കറ്റ് നവീകരിക്കുന്നതിനുള്ള പ്രോജക്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

പയ്യന്നൂർ നഗരസഭയിലെ പയ്യന്നൂർ ഫിഷ് മാർക്കറ്റ് നവീകരിക്കുന്നതിനുള്ള പ്രോജക്ട് നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പ്

അംഗീകാരം നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് ശിപാർശ ലഭ്യമായാൽ തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

(ബി) ഇല്ലെങ്കിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

പയ്യന്നൂർ നഗരസഭയിലെ പയ്യന്നൂർ ഫിഷ് മാർക്കറ്റ് നവീകരിക്കുന്നതിനുള്ള പ്രോജക്റ്റ് നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അംഗീകാരം നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് ശിപാർശ ലഭ്യമായാൽ തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

251(557) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യലേല വിപണന ഗുണനിലവാര പരിപാലന നിയമം ഓർഡിനൻസായി പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തിന്റെ ആദ്യവിൽപ്പനാവകാശം ഉറപ്പുവരുത്തുന്നതിനും മത്സ്യത്തിന് ന്യായവില

ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് 2020 സെപ്റ്റംബർ 22-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും 23-09-2020-ന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഓർഡിനൻസ് 09-02-2021, 03-07-2021 എന്നീ തീയതികളിലായി പ്രൊമുൾഗേറ്റ് ചെയ്തുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം 10-02-2021-ന് കേരള സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ കരട് ചട്ടം രൂപീകരണ ഘട്ടത്തിലാണ്.

(ബി) കേരളത്തിന്റെ ബ്ലൂ ഇക്കോണമി പരിപോഷിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റേതായി ബ്ലൂ ഇക്കോണമി നയം നിലവിലില്ല. ഇന്ത്യയുടെ നീല സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കരട് നയ ചട്ടക്കൂടിൽ പരാമർശിച്ചിട്ടുള്ള വിവിധ ശിപാർശകളിൽ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തയ്യാറാക്കി വരുന്നു.

(സി) ട്രോളിംഗ് കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചുവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിച്ചുവരുന്നു. ഇതു കൂടാതെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് 4500/-രൂപ ധനസഹായം നൽകുന്നു. ഇതിൽ 1500/-രൂപ കേന്ദ്ര വിഹിതവും 1500/-രൂപ സംസ്ഥാന വിഹിതവും 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

(ഡി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി സബ്സിഡി നിരക്കിൽ ഇന്ധനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ നിശ്ചിത അളവ് മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. മത്സ്യഫെഡിന്റെ ബങ്കുകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നുമുണ്ട്.

**ടൗട്ടെ, യാസ് ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങൾ**

252 (558) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടെ ചുഴലിക്കാറ്റിന്റെ ഭാഗമായി ഉണ്ടായ പേമാരിയും കടലേറ്റവും കാരണവും യാസ് ചുഴലിക്കാറ്റിന്റെ പ്രഭാവത്താലും കൊച്ചി മണ്ഡലത്തിലെ നൂറുകണക്കിന് കുടുംബങ്ങൾ ദുരിതക്കയത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ചെല്ലാനം തീരത്തെ ഇത്തരം കുടുംബങ്ങളുടെ സഹായത്തിനായി സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിയെന്നും ആയതിന് എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ടൌട്ടെ ചുഴലിക്കാറ്റ്മൂലം ദുരിതമനുഭവിച്ച ചെല്ലാനത്തെ 3231 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ് സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുകയും കൂടാതെ 6018 രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്ക് 1200/-രൂപ വീതം 72,21,600/- രൂപ അടിയന്തര ധനസഹായമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) അടിക്കടിയുണ്ടാകുന്ന രൂക്ഷമായ കടൽക്ഷോഭത്താൽ ചെല്ലാനം തീരദേശവാസികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും പഠിച്ച് ചെല്ലാനത്തെ 'മാതൃക മത്സ്യഗ്രാമം' ഉൾപ്പെടെയുള്ള മാതൃക തീരദേശ പ്രദേശമാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ചെല്ലാനം മത്സ്യഗ്രാമ പദ്ധതിക്ക് സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിയെ (കുഫോസ്) ചുമതലപ്പെടുത്തുകയും കുഫോസ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട എം. പി., എം. എൽ. എ, ജില്ലാ കളക്ടർ തുടങ്ങിയവർ ഉൾപ്പെടുന്ന അഡ്വൈസറി കമ്മിറ്റിയും മാനേജിങ് ഡയറക്ടർ, കെ.എസ്.സി.എ.ഡി.സി അദ്ധ്യക്ഷനായി ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ക്യാമ്പുകളിൽ കഴിയുന്ന തീരദേശവാസികളുടെ പുനരധിവാസം

253 (559) ശ്രീമതി കെ. കെ. രമ:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരപ്രദേശത്ത് ടൗട്ടേ, യാസ് എന്നീ ചുഴലിക്കാറ്റുകൾമൂലമുണ്ടായ കടൽക്ഷോഭത്തിൽ ആയിരത്തിലേറെ കുടുംബങ്ങൾ വീടുകൾ നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളാക്കി മാറ്റിയ സർക്കാർ സ്കൂളുകളിലും മറ്റ് ക്യാമ്പുകളിലും കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് കൊറോണ വൈറസിന്റെ തീവ്രത കുറയാത്ത സാഹചര്യത്തിലും കോവിഡ് മൂന്നാം തരംഗം കേരളത്തെ രൂക്ഷമായി ബാധിക്കുമെന്ന് ആരോഗ്യ വിദഗ്ദ്ധർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും ഇത്തരം ക്യാമ്പുകളിൽ ഒരു മുറിയിൽ ഒന്നിലേറെ കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്നത് കൊറോണ വ്യാപനം അതിരൂക്ഷമാക്കാനുള്ള സാധ്യതയുണ്ടെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പ് ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം 3000 ത്തോളം മത്സ്യത്തൊഴിലാളികളെ ടൗട്ടേ, യാസ് ചുഴലിക്കാറ്റിനെ തുടർന്ന് വിവിധ ജില്ലകളിൽ റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റിയിരുന്നു. ക്യാമ്പുകളിൽ കോവിഡ് വ്യാപനം ഒഴിവാക്കുന്നതിന് റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവ മുഖേന മുൻകരുതൽ സ്വീകരിച്ചിരുന്നു. നിലവിൽ ചില ജില്ലകളിൽ പ്രവർത്തിക്കുന്ന ക്യാമ്പുകളിൽ വളരെ കുറച്ചു ആൾക്കാർ മാത്രമാണ് താമസിക്കുന്നത്. ബാക്കിയുള്ളവർ ചുഴലിക്കാറ്റിന്റെ തീവ്രത കുറഞ്ഞപ്പോൾ അവരവരുടെ വീടുകളിലേയ്ക്ക്

തിരികെ പോയിട്ടുണ്ട്. കോവിഡ്-19-ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നല്കിയ കിറ്റിൽ മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടുത്തിയിരുന്നു. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് കോവിഡ് വാക്സിനേഷൻ നല്കുന്നതിന് മുൻഗണന നല്കുന്നതിനും ആവശ്യമായ അവബോധം ഉണ്ടാക്കുന്നതിനും ആരോഗ്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്.

(സി) എങ്കിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്നവരെയും ഭാഗികമായി തകർന്ന് താമസയോഗ്യമല്ലാതായ വീടുകളിൽ കഴിയുന്നവരെയും പ്രതിമാസം പതിനായിരം രൂപ നിരക്കിൽ മുൻകൂർ വാടക നൽകി വാടക വീടുകളിലേയ്ക്ക് അടിയന്തരമായി മാറ്റി പുനരധിവസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം നല്കുന്നത്. എന്നിരുന്നാലും തീരദേശ മേഖലയിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും വേലിയേറ്റ രേഖയിൽ നിന്നും 50

മീറ്ററിനുള്ളിൽ താമസിക്കുന്നവരുമായ എല്ലാ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനും 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി പാർപ്പിച്ചുവരുന്നു.

## തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പ്രതിസന്ധി

254 (560) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. എച്ച്. സലാം:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരമായ കടലാക്രമണവും കേന്ദ്രസർക്കാരിന്റെ തീരസംരക്ഷണ നിയമവുംമൂലം തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും ഇതര വിഭാഗത്തിലുള്ളവരുടേയും സുരക്ഷിത ജീവിതത്തിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാരിന്റെ തീര സംരക്ഷണ നിയമം തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ ആശങ്കപ്പെടുത്തുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ തീരമേഖല പരിപാലന പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഇതുവരെ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ 18-01-2019-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപന പ്രകാരം തീരദേശ സംസ്ഥാനങ്ങൾ തീരമേഖല പരിപാലന പ്ലാൻ (Coastal Zone Management Plan(CZMP)) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഇങ്ങനെ അംഗീകരിക്കപ്പെടുന്ന പ്ലാനിന്റെ (CZMP) അടിസ്ഥാനത്തിലായിരിക്കും തീരദേശ നിയന്ത്രണ മേഖലയുടെ വിവിധ വികസന പരിപാലന നടപടികൾ ക്രമീകരിക്കേണ്ടത്. ദേശീയ ഭൗമ പഠന കേന്ദ്രവും കേരള സംസ്ഥാന തീരപരിപാലന അതോറിറ്റിയും ചേർന്ന് സംസ്ഥാന CZMP-നും 9 തീരദേശ ജില്ലകളുടെയും കോട്ടയം ജില്ലയുടെയും

ജില്ലാതല CZMP-നും തയ്യാറാക്കിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ പരിധിയിൽ വരുന്ന മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും ആവശ്യങ്ങൾ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ പാർപ്പിടം, പൊതു അടിസ്ഥാന സൗകര്യം, മത്സ്യകൃഷി, തൊഴിൽ എന്നിവ സംരക്ഷിക്കുന്ന തരത്തിൽ സംസ്ഥാന CZMP യിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും 10 അംഗ കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) മത്സ്യത്തൊഴിലാളികൾക്ക് സമീപ പ്രദേശങ്ങളിലും ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് സൗകര്യപ്രദമായ മറ്റിടങ്ങളിലും പുനരധിവാസം ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോ;എങ്കിൽ വെളിപ്പെടുത്താമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കിവരുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്ക് അവർ കണ്ടെത്തുന്ന സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനും സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഭൂമി കണ്ടെത്തി ഫ്ലാറ്റ് സമുച്ചയ

നിർമ്മാണ പദ്ധതിയും വിഭാവനം ചെയ്യുന്നു. തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ അപേക്ഷിച്ച് ഇതര വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണം വളരെ കുറവാണ്. ഇതര വിഭാഗത്തിൽപ്പെടുന്നവർക്ക് അവരുടെ തൊഴിൽപരമായ സൗകര്യാർത്ഥം അവർ കണ്ടെത്തുന്ന സ്ഥലം വാങ്ങി ഭവനം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ**

255 (561) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണത്തിന്റെ ഫലമായി മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികളും വീടും നഷ്ടപ്പെടുന്നത് ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ, തീരപ്രദേശത്ത് അധിവസിക്കുന്ന

മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് പുനർഗേഹം. മേൽ പദ്ധതിക്ക് 2450 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണം ലക്ഷ്യമിട്ട് പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണത്തിന്റെ ചുമതല പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ചും പദ്ധതി പുരോഗതി സംബന്ധിച്ചും കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി പുരോഗതി ത്വരിതപ്പെടുത്തുന്നതിനുവേണ്ട

നിർദ്ദേശങ്ങളും നൽകിവരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അതത് സന്ദർഭങ്ങളിൽ ആവശ്യമായിവരുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായി വകുപ്പുതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തുകയും ചെയ്തു വരുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി പുരോഗതി അവലോകനം നടത്തുകയും ബന്ധപ്പെട്ട ജില്ലകളിൽ പദ്ധതി നിർവ്വഹണത്തിന് നേരിടുന്ന തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) തീരദേശത്തുനിന്ന് മാറി താമസിക്കുന്നതിനായി എത്ര കുടുംബങ്ങൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി നൽകുവാൻ സാധിച്ചിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾ ഭൂമി രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

പദ്ധതി പ്രകാരം ഗുണഭോക്താക്കളായി ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച 10307 പേരിൽ 7692 പേർ മാറിത്താമസിക്കുന്നതിന് സമ്മതം

അറിയിച്ചിട്ടുണ്ട്. ആയതിൽ 2129 പേർ കണ്ടെത്തിയ ഭൂമി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അപ്രകാരം ഭൂമി വില നിശ്ചയിക്കപ്പെട്ടവരിൽ 1596 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും 1109 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ കുടുംബങ്ങളിൽ എത്ര ശതമാനംപേർക്ക് നാളിതുവരെ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്തു നൽകിയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ?

തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ 7692 കുടുംബങ്ങളിൽ 2129 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 1596 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ കുടുംബങ്ങളിൽ 21.25% പേർ ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഈ പദ്ധതി മന്ദഗതിയിലായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികൾക്ക് തീരദേശത്തുനിന്ന് മാറി താമസിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിലുള്ള കാലതാമസവും തീരദേശ മേഖലയിൽ വലിയ ഭവനമുള്ളവരും 5 സെന്റിൽ കൂടുതൽ ഭൂമി ഉള്ളവരും മാറാൻ വിമുഖത കാണിക്കുന്നുണ്ട്. ഇത് പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും വീടും ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

മാറി താമസിക്കാൻ തയ്യാറാകുന്നവരെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ലാഭവിഹിതം

256(562) ശ്രീ. അബ്ദുൽ ഹമീദ്. പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ലാഭവിഹിതം നൽകുന്നതിൽ നിലവിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികൾക്ക് ലാഭവിഹിതം അനുവദിക്കുന്ന പദ്ധതികൾ നിലവിൽ ഇല്ല. എന്നാൽ സഹകരണ സംഘങ്ങളുടെ കീഴിൽ തീരദേശ മത്സ്യലേലത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ വിലയുടെ 0.5% തുക ഉത്പാദന ഇൻസെന്റീവ് ആയി നൽകുന്നു.

(ബി) വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്ന വായ്പാ സർവ്വീസ് ചാർജ്ജ് എന്നിവയുടെ വിതരണം നിലവിൽ നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ?

നടത്തുന്നുണ്ട്.

(സി) മത്സ്യബന്ധനത്തിനുള്ള വള്ളം, വല, എഞ്ചിൻ തുടങ്ങിയവ മത്സ്യഫെഡ് സ്റ്റോറുകളിൽ നിന്നും വാങ്ങുമ്പോൾ നൽകിയിരുന്ന സബ്സിഡി നിലവിൽ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിർത്തലാക്കിയിട്ടില്ല.

(ഡി) വള്ളിക്കുന്ന് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മേൽസൂചിപ്പിച്ച മേഖലകളിൽ നൽകേണ്ട ആനുകൂല്യങ്ങളിൽ നിലവിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

**മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ**

257 (563) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം

ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചെന്ന് വ്യക്തമാക്കാമോ; ഓരോ കുടുംബത്തിനും ലഭ്യമാക്കിയ റേഷന്റെ അളവ് എത്രയെന്ന് വിശദമാക്കാമോ?

9 തീരദേശ ജില്ലകളിലെയും സിവിൽ സപ്ലൈസിന്റെ ജില്ലാ ഓഫീസുകളിലേയ്ക്ക് ഫിഷറീസിന്റെ അതാത് ജില്ലാ ഓഫീസുകളിൽ നിന്ന് സൗജന്യ റേഷന് അർഹരായവരുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്. ട്രോൾ ബാൻ അവസാനിച്ചതിനുശേഷം മാത്രമേ എത്ര കുടുംബങ്ങൾ റേഷൻ വാങ്ങിയിട്ടുണ്ടെന്നും ഓരോ കുടുംബത്തിനും ലഭ്യമാക്കിയ റേഷന്റെ അളവും ലഭിക്കുകയുള്ളൂ.

(ബി) പ്രസ്തുത അൻപത് ദിവസ കാലയളവിൽ റേഷൻ വിതരണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിലെ ട്രോൾ ബാൻ അവസാനിച്ചുകഴിഞ്ഞതിനുശേഷം മാത്രമേ ജില്ലയിൽ നിന്നും സൗജന്യ റേഷൻ വിതരണത്തിന് ചെലവായ തുകയുടെ കണക്ക് ലഭിക്കുകയുള്ളൂ.

അതിനു ശേഷം മാത്രമെ ടി വർഷം എത്ര തുക സൗജന്യ റേഷൻ വിതരണത്തിന് ചെലവഴിച്ചുവെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. 2021-2022 സാമ്പത്തിക വർഷത്തിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) റേഷൻ വിഹിതം ലഭിക്കാത്തത് സംബന്ധിച്ച് വ്യക്തികളോ, ജനപ്രതിനിധികളോ, സംഘടനകളോ പരാതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ**

258 (564) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇവരുടെ വരുമാന വർദ്ധനവിന് കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തീരദേശം, ഉൾനാടൻ എന്ന വേർതിരിവില്ലാതെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പൊതു ജലാശയങ്ങളിലെ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി വർഷംതോറും പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പരിപാടി നടപ്പിലാക്കി വരുന്നു. തൻമൂലം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യതയും വരുമാന വർദ്ധനവും ഉണ്ടാകും. കൂടാതെ അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ നിയന്ത്രിച്ച് ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. എല്ലാ ജില്ലകളിലും ഉൾനാടൻ ജലാശയങ്ങളിലെ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഇവയെല്ലാം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തന്നെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവിന് സഹായകരമാണ്.

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ**

259(565) ശ്രീ. എം. രാജഗോപാലൻ:

ശ്രീ. എം. നൗഷാദ്:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും മറ്റ് ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിന് നിലവിൽ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും മറ്റ് ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിന് എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി, എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി ടേം വായ്പ പദ്ധതി എന്നിവ വഴി പലിശരഹിത വായ്പ നൽകി വരുന്നു. എൻ.സി.ഡി.സി. പദ്ധതിയിൽ കേന്ദ്ര സബ്സിഡിയും നൽകുന്നു. കൂടാതെ മത്സ്യഫെഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യാസാ സ്റ്റോറുകളിൽ നിന്നും വല, എഞ്ചിൻ എന്നിവ രൊക്കം തുകയ്ക്ക് വാങ്ങുന്നവരിൽ നിന്നും അപേക്ഷ സ്വീകരിച്ചുകൊണ്ട് ഗിയർ സബ്സിഡി, മോട്ടറൈസേഷൻ സബ്സിഡി എന്നിവ വിതരണം ചെയ്തുവരുന്നു. ബ്ലൂറവല്ല്യൂഷൻ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. അതോടൊപ്പം ഓഖി ദുരന്തബാധിതർക്കായി 120 FRP ബോട്ടുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് GPS, VHF Radio, DAT എന്നിവ 75% സബ്സിഡിയോടെ നൽകുന്നതിനുള്ള Sea Safety Equipments to Traditional Fishing Crafts പദ്ധതി. മത്സ്യത്തൊഴിലാളികൾക്ക് GPS, VHF Radio, DAT എന്നിവ 75% സബ്സിഡിയോടെ നൽകുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ ഉതകുമാറ് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി (PMMSY) പ്രകാരം 10 ബോട്ടുകൾക്ക് അനുമതി ലഭിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ഡി) ഇത് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിൽ ഇല്ല.

**മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമ നടപടികൾ**

260(566) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി താരതമ്യേന പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമത്തിനുവേണ്ടി 2021-2022 സാമ്പത്തിക വർഷത്തിൽ ആകെ എത്ര കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി താരതമ്യേന പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി മേഖലയിലെ

ക്ഷേമത്തിനുവേണ്ടി 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) തീരദേശ വികസനം, ഫിഷിങ്ഹാർബറുകളുടെ വികസനം, കടൽഭിത്തി നിർമ്മാണം, ആശുപത്രികളും സ്കൂളുകളും സ്ഥാപിക്കൽ, മാർക്കറ്റുകൾ എന്നിവയ്ക്ക് എത്ര കോടി രൂപ വീതം ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2021-22-ൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അടങ്കൽ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ വെള്ളയിൽ ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി 1005 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി 1510 ലക്ഷം രൂപയുടേയും മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി 1220 ലക്ഷം രൂപയുടേയും എറണാകുളം ജില്ലയിലെ ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി 1225

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്..

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും DPR എന്നിവ നബാർഡ്-XXVII-ൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ഫിഷിംഗ് ഹാർബറുകളുടെ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവയുടെ അറ്റകുറ്റപണികൾക്കായി 2.25 കോടി രൂപ, ഫിഷിംഗ് ഹാർബറുകളുടെ Capital repairs & maintenance dredging -നായി 9 കോടി രൂപ, തീരദേശ റോഡുകൾക്കായി 80 കോടിരൂപ, ഫിഷിംഗ് ഹാർബറുകളുടെ മേജർ അഡീഷണൽ പ്രവർത്തികൾക്കായി 3 കോടി രൂപ, ശുചിത്വ സാഗരം പദ്ധതിക്കായി 49.9 ലക്ഷം രൂപ എന്നിങ്ങനെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

(സി) വൈപ്പിൻ നിയോജക മണ്ഡലത്തിൽ മത്സ്യമേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വികസനപദ്ധതികൾ എന്തെല്ലാമാണ്; പ്രവൃത്തികൾ നടന്നു വരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജക മണ്ഡലത്തിൽ - ഇന്റഗ്രേറ്റഡ് അക്വാ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എറണാകുളം ജില്ലയിൽ ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം വൈപ്പിൻ മുതൽ

മുനമ്പം വരെയുള്ള തീരപ്രദേശത്ത് 382 കുടുംബങ്ങൾ താമസിക്കുന്നതായി കണ്ടെത്തിയിരുന്നു. ഇതിൽ പുനർഗേഹം പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചവരിൽ 35 പേരെ ജില്ലാതല അപ്രൂവൽ കമ്മിറ്റി ഗുണഭോക്താക്കളായി അംഗീകരിച്ചിരുന്നു. ഇതിൽ 10 ഗുണഭോക്താക്കൾ കണ്ടെത്തിയ സ്ഥലങ്ങളുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുള്ളതും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നതുമാണ്.

**മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ**

261(567) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾ എത്രയാണെന്നറിയിക്കുമോ?

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 240211 മത്സ്യത്തൊഴിലാളികളും 84531 അനുബന്ധ മത്സ്യത്തൊഴിലാളികളുമുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) സർക്കാർ നേരിട്ടാണോ മറ്റേതെങ്കിലും എജൻസി മുഖാന്തരമാണോ ആനുകൂല്യം നൽകിവരുന്നത്; ആണെങ്കിൽ ഏതൊക്കെ ഏജൻസികൾ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി അപകട ഇൻഷുറൻസ്/മത്സ്യത്തൊഴിലാളി പെൻഷൻ പദ്ധതി, തണൽ പ്രത്യേക ധനസഹായങ്ങൾ തുടങ്ങിയവ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയും വായ്പ പദ്ധതികൾ മത്സ്യഫെഡ് മുഖേനയും മത്സ്യത്തൊഴിലാളി വനിതകൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതികൾ സാഫ് വഴിയും നടപ്പിലാക്കിവരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു വരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഫിഷറീസ് വകുപ്പിന് കീഴിലെ പദ്ധതികൾ

262 (568) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനുകീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എത്ര തുക വീതമാണ് ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

പദ്ധതികൾ പുരോഗമിക്കുന്നു. വിനിയോഗിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതികളുടെ ബഡ്ജറ്റ് അലോക്കേഷൻ, ഭരണാനുമതി എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ?

പുനർഗേഹം പദ്ധതി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് അനുവദിക്കുന്നത്. മറ്റ് പദ്ധതികളുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പിനുകീഴിൽ വടകര നിയോജക മണ്ഡലത്തിൽ ചെലവാക്കിയ തുക എത്രയാണ്; ഏതൊക്കെ പദ്ധതികളിലായാണ് ഈ തുക ചെലവാക്കിയത്; വിശദാംശങ്ങൾ നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 607.56 ലക്ഷം രൂപ ഹാർബർ എഞ്ചിനീയറിംഗ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് മുഖേന ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾക്ക് ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

263 (569) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

മത്സ്യബന്ധന വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങളും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിവരങ്ങളും താഴെ പറയുന്നു.

1. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന പുനർഗേഹം പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ മണ്ഡലത്തിലും നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിൽ 228 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മണ്ണുംപുറത്ത് ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം നടന്നു വരുന്നു.

2. സമ്പാദ്യ സമാശ്വാസ പദ്ധതി വഴി ആലപ്പുഴ മണ്ഡലത്തിൽ 12186 ഗുണഭോക്താക്കൾക്ക് 60,93,000/-രൂപ വിതരണം ചെയ്തു. 3. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

4. ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ പഞ്ചായത്തുകളിലെ മത്സ്യകർഷകർക്കായി ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം പദ്ധതി, പ്രധാൻ മന്ത്രി മത്സ്യ സംപാദ യോജന പദ്ധതി (PMMSY) തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. ടി പദ്ധതികളുടെ ഘടക പദ്ധതികളായ ബയോഫ്ളോക് മത്സ്യകൃഷി, പടുതാകുളങ്ങളിലെ മത്സ്യകൃഷി തുടങ്ങിയവയാണ് നടപ്പാക്കിവരുന്നത്. ആയതനുസരിച്ച് ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട 457 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

5. Sustainable marine fishing practices പദ്ധതിയുടെ ഭാഗമായി Square mesh നൽകുന്ന പദ്ധതി.

6. കടൽ സുരക്ഷ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് GPS, VHF, Marine Radio, Satellite Phone, ലൈഫ് ജാക്കറ്റ് എന്നിവ നൽകുന്നു.

7. മത്സ്യത്തൊഴിലാളികളിൽ നിന്നും അർഹരായവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി Sea Rescue Squad രൂപീകരിക്കുന്ന പദ്ധതി.

8. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കാൻ Insulated Fish Box നൽകുന്ന പദ്ധതി.

9. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള മെഡിക്കൽ എൻട്രൻസ് കോച്ചിംഗ്, സിവിൽ സർവ്വീസ് കോച്ചിംഗ്, ബാങ്ക് കോച്ചിംഗ്, Career Guidance എന്നിവ നടപ്പാക്കിവരുന്നു.

10. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ, മണ്ണെണ്ണ പെർമിറ്റ് എന്നിവ നടപ്പിലാക്കി വരുന്നു.

11. മാതാപിതാക്കൾ മരണമടഞ്ഞ കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി.

12. മെഡിക്കൽ ക്യാംപ്, ട്രോൾബാൻ സമയത്ത് സൗജന്യ റേഷൻ നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

13. തീരദേശ ഉൾനാടൻ മേഖലകളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം നൽകുന്നതും സെക്രട്ടറിമാർക്ക് പ്രതിമാസ വേതനമായി 10,000/-രൂപ നൽകുന്നതുമായ പദ്ധതി 2019-20 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു.

14. കായലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപ പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 10 കടവാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ആലപ്പുഴ നിയോജക മണ്ഡലത്തിലെ മണ്ണഞ്ചേരി പഞ്ചായത്തിൽ ഉൾപ്പെടുന്ന അമ്പലക്കടവും ആര്യാട് പഞ്ചായത്തിൽ ഉൾപ്പെടുന്ന വിരുശ്ശേരി അമ്പലം തെക്ക് കടവും ആണ്. ഓരോ കടവിലും 5 ലക്ഷം കാരചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന

പദ്ധതി നടപ്പിലാക്കിവരുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്.

15. ടൗട്ടേ ചുഴലിക്കാറ്റിന്റെയും അറബിക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുമായി ആലപ്പുഴ മണ്ഡലത്തിൽ 4008 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1200/-രൂപ വീതം വിതരണം ചെയ്തു. ലോക്ക്ഡൗൺ, ടൗട്ടേ ചുഴലിക്കാറ്റ് എന്നിവയുമായി ബന്ധപ്പെട്ട് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു.

16. സാഫ്-തീരമൈത്രി മുഖേന സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ വികസനം, സീഫുഡ് റെസ്റ്റോറന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

17. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കാസർകോട് അഴിമുഖത്ത് അപകടത്തിൽപ്പെട്ടവർക്ക് സഹായം**

264(570) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈ 4-ന് കാസർകോട് അഴിമുഖത്ത് വള്ളം മറിഞ്ഞ് മൂന്ന് മൽസ്യത്തൊഴിലാളികൾ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വള്ളം മറിഞ്ഞ് എത്ര മണിക്കൂറിനുശേഷമാണ് മൃതദേഹങ്ങൾ കണ്ടെത്തിയതെന്നും ഇതിനുവേണ്ടി നടത്തിയ തെരച്ചിൽ പ്രവർത്തനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തൊക്കെയായിരുന്നുവെന്നും ഏത് രീതിയിലായിരുന്നുവെന്നും വ്യക്തമാക്കാമോ?

ജൂലായ് 4 ന് രാവിലെ 6 മണിക്ക് നടന്ന അപകടത്തിൽപ്പെട്ട 3 പേരുടെയും മൃതദേഹങ്ങൾ പിറ്റേന്ന് രാവിലെ പത്ത് മണിയോടെയാണ് ലഭിച്ചത്. അപകട വിവരം അറിഞ്ഞ ഉടനെതന്നെ ഫിഷറീസ് വകുപ്പ് കാസർഗോഡ് കീഴൂരിൽ ഏർപ്പെടുത്തിയിരുന്ന രക്ഷാ വള്ളം രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുകയുണ്ടായി. തുടർന്ന് തൈക്കടപ്പുറം കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന യന്ത്രവത്കൃത ബോട്ടും തെരച്ചിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയുണ്ടായി. അതോടൊപ്പം കോസ്റ്റൽ പോലീസിന്റെയും നാട്ടുകാരുടെയും യാനങ്ങൾ തെരച്ചിലിൽ പങ്കെടുക്കുകയുണ്ടായി.

(സി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരുക്കുകളോടെ രക്ഷപ്പെട്ട നാലുപേർക്കും എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

തോണി അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളിയായ ശ്രീ. രതീഷ്, ശ്രീ. സന്ദീപ് എന്നിവരുടെ കുടുംബത്തിന് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപയ്ക്ക് അർഹതയുണ്ട്. ഇതിൽ നിന്നും ഇൻഷ്വറൻസ് ധനസഹായം 1,10,000/-രൂപ വീതം മത്സ്യബോർഡിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ശ്രീ. കാർത്തിക്കിന് മത്സ്യബോർഡിൽ അംഗത്വം ഇല്ലാത്തതിനാൽ ടിയാന്റെ കുടുംബത്തിന് 5000/-രൂപയും പരിക്ക് പറ്റി ആശുപത്രിയിൽ കഴിയുന്ന 4 പേർക്ക് 1000 രൂപ വീതവും മത്സ്യബോർഡ് ചെയർമാൻസ് റിലീഫ് ഫണ്ടിൽ നിന്നും സമാശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മരണപ്പെട്ട എ. രതീശൻ (രതീഷ്), s/o. അമ്പാടി കടവൻ, ഫിഷർമെൻ കോളനി, അട്ടക്കൽ ബയിൽ ബീച്ച്, കാസർഗോഡ്, എസ്. സന്ദീപ്, s/o. ശശി, കസബ ബീച്ച്, കാസർഗോഡ് എന്നിവരുടെ ആശ്രിതർക്ക് 10,000/-രൂപ വീതവും എസ്. കാർത്തിക്ക്, s/o. ഷണ്മുഖൻ, അട്ടക്കത്ത് ബയൽ ബീച്ച്, കാസർഗോഡ് എന്ന ആളിന്റെ ആശ്രിതർക്ക് 5000/- രൂപയും അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രവി, s/o. സോമൻ, മണിക്കുട്ടൻ, s/o. ഭാസ്കരൻ, ഷിബിൻ, s/o. ലക്ഷ്മണൻ, ശശി, s/o. വസന്തൻ എന്നിവർക്ക് 2000/-രൂപ വീതവും മത്സ്യഫെഡിൽ നിന്നും അടിയന്തര സഹായം നൽകിയിട്ടുണ്ട്. ശ്രീ.

രതീഷിന്റെയും ശ്രീ. സന്ദീപിന്റെയും ഇൻഷ്വറൻസ് ക്ലെയിം തുക 10,00,000/-ലക്ഷം രൂപ ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂറായി നൽകിയ ധനസഹായം കുറവ് ചെയ്ത് ബാക്കി തുക നൽകുന്നതാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത ശ്രീ കാർത്തിക്കിന്റെ കുടുംബത്തിന് പരമാവധി ധനസഹായം അനുവദിക്കുന്ന വിഷയം ബോർഡ് പരിശോധിച്ചുവരുന്നു.

(ഡി) മരണപ്പെട്ട മൂന്നുപേരുടെയും കുടുംബങ്ങളുടെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രീതിയിലാണ് ഈ കുടുംബങ്ങളെ സഹായിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തോണി അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളിയായ ശ്രീ. രതീഷ്, ശ്രീ. സന്ദീപ് എന്നിവരുടെ കുടുംബത്തിന് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപയ്ക്ക് അർഹതയുണ്ട്. ഇതിൽ നിന്നും ഇൻഷുറൻസ് ധനസഹായം 1,10,000/-രൂപ വീതം മത്സ്യബോർഡിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ശ്രീ. കാർത്തിക്കിന് മത്സ്യബോർഡിൽ അംഗത്വം ഇല്ലാത്തതിനാൽ ടിയാന്റെ കുടുംബത്തിന് 5000/-രൂപയും പരിക്ക് പറ്റി ആശുപത്രിയിൽ കഴിയുന്ന 4 പേർക്ക് 1000/-രൂപ വീതവും മത്സ്യബോർഡ്

ചെയർമാൻസ് റിലീഫ് ഫണ്ടിൽ നിന്നും സമാശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മരണപ്പെട്ട എ. രതീശൻ (രതീഷ്), s/o അമ്പാടി കടവൻ, ഫിഷർമെൻ കോളനി, അടുക്കൽ ബയിൽ ബീച്ച്, കാസർഗോഡ്, എസ്. സന്ദീപ്, s/o ശശി, കസബ ബീച്ച്, കാസർഗോഡ് എന്നിവരുടെ ആശ്രിതർക്ക് 10,000/-രൂപ വീതവും എസ്. കാർത്തിക്ക്, s/o ഷണ്മുഖൻ, അടുക്കത്ത് ബയൽ ബീച്ച്, കാസർഗോഡ് എന്ന ആളിന്റെ ആശ്രിതർക്ക് 5,000/-രൂപയും അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രവി , s/o സോമൻ, മണിക്കുട്ടൻ, s/o ഭാസ്കരൻ, ഷിബിൻ, s/o ലക്ഷ്മണൻ, ശശി, s/o വസന്തൻ എന്നിവർക്ക് 2,000/- രൂപ വീതവും മത്സ്യഫെഡിൽ നിന്നും അടിയന്തിര സഹായം നൽകിയിട്ടുണ്ട്. ശ്രീ. രതീഷിന്റെയും ശ്രീ. സന്ദീപിന്റെയും ഇൻഷ്വറൻസ് ക്ലെയിം തുക 10,00,000/-ലക്ഷം രൂപ ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂറായി നൽകിയ ധനസഹായം കുറവ് ചെയ്ത് ബാക്കി തുക നൽകുന്നതാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത ശ്രീ. കാർത്തിക്കിന്റെ കുടുംബത്തിന് പരമാവധി ധനസഹായം അനുവദിക്കുന്ന വിഷയം ബോർഡ് പരിശോധിച്ചുവരുന്നു.

## മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്കുള്ള സുരക്ഷാ ക്രമീകരണങ്ങൾ

265 (571) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:

<u>ശ്രീമതി ദെലീമ</u>:

<u>ശ്രീ. എം. നൗഷാദ്</u>:

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം ആദ്യം ബാധിക്കുന്നത് തീരദേശ മത്സ്യത്തൊഴിലാളികളെയായതിനാൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി നിരവധി ക്രമീകരണങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തര സാഹചര്യങ്ങളിൽ കടൽ

രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകിവരുന്നു. ISRO-യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 'നാവിക്' ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി, പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, VHF മറൈൻ റേഡിയോ, മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) VMS (വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം) സബ്സിഡിയോടെ നൽകിവരുന്ന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാക്കത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ

മൊബൈൽഫോണിൽ എത്തിച്ചുകൊടുക്കാൻ ഇൻകോയ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കിവരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ഇതിനകം 17059 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 2018-19 വർഷത്തെ കടൽ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസും 1000 എണ്ണം

ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. കൂടാതെ ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ്-കളും 132 ലൈഫ് ബോയെകളും 66 ഏക്കോ സൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി 1101 GPS-ഉം 64 DAT-ഉം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഓരോ ദിവസവും മത്സ്യബന്ധനത്തിന് കടലിൽ പോകുന്നവരെയും തിരികെ വരുന്നവരെയുംക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും ഓരോരുത്തർക്കും കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) കടലിൽ അപകടത്തിൽപ്പെടുന്നവരുടെ രക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; കടൽ സുരക്ഷ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

കടൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും രക്ഷാ ബോട്ടുകളും കടൽ രക്ഷാ സ്ക്വാഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 3 മറൈൻ ആംബുലൻസുകൾ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്നവരെ വേഗത്തിൽ രക്ഷിച്ച് പ്രഥമ ശുശ്രൂഷ നൽകി കരയിലെത്തിച്ച് ജീവൻ രക്ഷിക്കുന്നതിന് മറൈൻ ആംബുലൻസുകൾ സഹായിക്കുന്നുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും തെരഞ്ഞെടുത്ത 900 യുവാക്കളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകി വരുന്നു. ഇതിനകം 612 പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

266 (572) <u>ശ്രീ. പി. എസ്. സുപാൽ</u>:

<u>ശ്രീ. പി. ബാലചന്ദ്രൻ</u>:

<u>ശ്രീമതി സി. കെ. ആശ:</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മുൻ സർക്കാർ തുടങ്ങിവച്ച പരിപാടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നടപ്പുവർഷം Sea Safety Equipments to traditional Fishermen എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1000 വീതം GPS, VHF radio എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതിയുടെ നടപടികൾ e-tender ഘട്ടത്തിലാണ്. 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം ബേപ്പൂർ പുതിയാപ്പ, നീണ്ടകര, മുനമ്പം ഫിഷിംഗ് ഹാർബറുകളിൽ കെൽട്രോൺ മുഖേന CCTV സ്ഥാപിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ടി പദ്ധതി പ്രകാരം ശക്തികുളങ്ങര, വിഴിഞ്ഞം, പൊന്നാനി ഫിഷിംഗ് ഹാർബറുകളിൽ കെൽട്രോൺ മുഖേന CCTV സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം നടപ്പുവർഷം അഴീക്കൽ, മാപ്പിളബേ, മാടാക്കര എന്നീ ഫിഷിംഗ് ഹാർബറുകളിൽ CCTV സ്ഥാപിക്കുന്നതിനും അതോടൊപ്പം വിഴിഞ്ഞം, നീണ്ടകര, മുനമ്പം, പൊന്നാനി, ബേപ്പൂർ എന്നീ ഫിഷിംഗ് ഹാർബറുകളിൽ

Electronic Display Board സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണനയിൽ ആണ്. BSNL ഉം SKYLO Tech India Ltd. ഉം സംയുക്തമായി വികസിപ്പിച്ചെടുത്ത BSNL SKYLO Transponder എന്ന ഉപകരണം 9 തീരദേശ ജില്ലകളിലെ 200 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റമായി ഘടിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മറൈൻ ആംബുലൻസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

മൂന്ന് മറൈൻ ആംബുലൻസുകളിൽ ആദ്യത്തേത് പ്രതീക്ഷ 27-08-2020-ന് കമ്മീഷൻ ചെയ്ത് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. ബാക്കി രണ്ടെണ്ണം (പ്രത്യാശ, കാരുണ്യ) എന്നിവ 28-01-2021-ന് കമ്മീഷൻ ചെയ്യുകയും യഥാക്രമം എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചുവരികയുമാണ്.

(ഇ) പുറം കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടഘട്ടങ്ങളിൽ അധികാരികളുമായി ബന്ധപ്പെടാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് മറ്റുള്ളവരുമായി ബന്ധപ്പെടുന്നതിന് യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 168 സാറ്റലൈറ്റ് ഫോൺ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം പുറംകടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടഘട്ടങ്ങളിൽ അധികാരികളുമായി ബന്ധപ്പെടാൻ VHF radio നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. BSNL ഉം SKYLO Tech India Ltd. ഉം സംയുക്തമായി വികസിപ്പിച്ചെടുത്ത BSNL SKYLO Transponder എന്ന ഉപകരണം 9 തീരദേശ ജില്ലകളിലെ 200 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റമായി ഘടിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.+

**മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയ ഉപകരണങ്ങൾ**

267(573) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കായി ആശയവിനിമയ ഉപകരണങ്ങൾ ഫിഷറീസ് വകുപ്പ് വഴി ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഉപകരണങ്ങളാണ് അവയെന്ന് വ്യക്തമാക്കാമോ?

2011-12 സാമ്പത്തിക വർഷം, കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കടലിൽ അപകടത്തിൽപ്പെട്ടാൽ അലർട്ട് പുറപ്പെടുവിക്കുന്ന 7262 EPIRB-Radio Beacon വിതരണം ചെയ്തിരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഖി ദുരന്ത പശ്ചാത്തലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കായി 941 നാവിക് ഉപകരണങ്ങൾ, 168 സാറ്റലൈറ്റ് ഫോൺ എന്നിവ വിതരണം ചെയ്തിരുന്നു. 2019-20 സാമ്പത്തിക വർഷത്തെ Sea Safety equipments to traditional fishing craft പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ആശയ വിനിമയത്തിനായി ഉപകരിക്കുന്ന തരത്തിലുള്ള 1500 മറൈൻ VHF റേഡിയോകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയിലുൾപ്പെടുന്ന മറ്റൊരു component ആയി 64 DAT മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിരുന്നു. നടപ്പുവർഷം 1000 എണ്ണം VHF, GPS വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എത്ര ശതമാനമാണ് സബ്സിഡി എന്ന് വ്യക്തമാക്കാമോ?

Satellite ഫോണുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 1000/- രൂപ നിരക്കിലും ബോട്ടുടമകൾക്ക് 50% subsidy നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. Marine VHF Radio 75% സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്.

(സി) പ്രസ്തുത ഉപകരണങ്ങൾ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ എത്ര വള്ളങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

EPIRB- Radio Beacon 231 വള്ളങ്ങൾക്ക് നൽകിയിരുന്നു. VHF Marine Radio- 17 വള്ളങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. DAT ആർക്കും അനുവദിച്ചിട്ടില്ല.

(ഡി) ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭിക്കാനായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ, മാനദണ്ഡങ്ങൾ എന്നിവ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

എല്ലാ ജില്ലകളിലെയും ഫിഷറീസ് വകുപ്പിന് കീഴിലുള്ള ജില്ലാ ഓഫീസുകളിലും മത്സ്യഭവൻ ഓഫീസുകളിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ (പകർപ്പ്) 1) യാനമുടമയുടെ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ് 2) യാനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 3) യാനത്തിന്റെ ലൈസൻസ്/ടി ആർ 5 4) മത്സ്യത്തൊഴിലാളികളുടെ ആധാർ കാർഡ് / വോട്ടർ കാർഡ് /

Bio metric ID card 5) മത്സ്യത്തൊഴിലാളികളുടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ പാസ് ബുക്കിലെ ബന്ധപ്പെട്ട പേജുകൾ.

## എഫ്.ഐ.എം.എസ്. ഡാറ്റാ ബേസ്

268(574) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത മത്സ്യത്തൊഴിലാളികളെ മാത്രമാണോ എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിൽ ഉൾപ്പെടുത്തുന്നത്; വിശദമാക്കാമോ?

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത മത്സ്യത്തൊഴിലാളികളെ മാത്രമാണ് എഫ്.ഐ.എം.എസ്. ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുന്നത്.

(ബി) എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിൽ പേര് രേഖപ്പെടുത്താത്ത എത്ര മത്സ്യത്തൊഴിലാളികൾ കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിലുണ്ടെന്ന് വിശദമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിലെ അംഗത്വം എടുത്ത 10395 മത്സ്യത്തൊഴിലാളികളിൽ 7826 മത്സ്യത്തൊഴിലാളികൾ FIMS ഡേറ്റാ ബേസിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) തുടർന്നുള്ള സർക്കാർ പദ്ധതികളിൽ സഹായ വിതരണം നടത്തുന്നത് എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിനെ അടിസ്ഥാനമാക്കി മാത്രമാണോയെന്ന് വിശദമാക്കാമോ?

സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് എത്തിക്കുന്നതിനും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള അംഗങ്ങൾക്ക് അവർക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ കൃത്യസമയത്ത് നൽകുന്നതിനും വേണ്ടിയാണ് FIMS (ഫിംസ്) എന്ന ഡേറ്റാബേസ്

തയ്യാറാക്കിയിട്ടുള്ളത്. ഡേറ്റാബേസിൽ നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്ത മത്സ്യബോർഡിൽ അംഗത്വമുള്ളവരെ ഫിംസിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്.

(ഡി) പേര് ഉൾപ്പെടാത്തവരെ എഫ്.ഐ.എം.എസ്.-ൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് മുൻകയ്യെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഫിംസിൽ ഉൾപ്പെട്ടിട്ടില്ലാത്ത അംഗങ്ങൾ അവരവർ താമസിക്കുന്ന ഫിഷറീസ് വില്ലേജിന്റെ ചുമതലയുള്ള ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥനെ അറിയിച്ചാൽ, ഉദ്യോഗസ്ഥർ പ്രസ്തുത അംഗത്തിന്റെ മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം പരിശോധിച്ച് ഫിംസിൽ ഉൾപ്പെടുത്തുന്നതാണ്. ക്ഷേമനിധി അംഗത്വമുള്ളവരിൽ നിന്നും ഫിംസിൽ ഉൾപ്പടാത്തവരെ കണ്ടുപിടിച്ച് ഉൾപ്പടുത്തുന്നതിന് അതതു മത്സ്യഭവനിലെ ഉദ്യോഗസ്ഥർ ഫീൽഡ് തല സന്ദർശനം നടത്തുന്നുണ്ട്. കൂടാതെ വ്യക്തികൾക്ക് അവർ ഫിംസിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയുന്നതിന് ഫിംസിൽ മൊബൈൽ നമ്പർ, പേര്, ഫണ്ട് ബോർഡ് രജിസ്റ്റർ നമ്പർ എന്നിവയുടെ സഹായത്തോടെ സെർച്ച് ഓപ്ഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇനിയും പേര് ചേർക്കാനായി കഴിയാത്തവർക്ക് അവസരം നൽകുമോയെന്നും സമയം നീട്ടി നൽകുമോയെന്നും വിശദമാക്കാമോ?

ഇനിയും പേര് ചേർക്കാൻ കഴിയാത്തവർക്ക് അവരുടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ് ബുക്കുമായി അവർ താമസിക്കുന്ന പരിധിയിലുള്ള മത്സ്യഭവൻ ഓഫീസിൽ നേരിട്ട് പോവുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഫോണിലൂടെ അറിയിക്കുകയോ ചെയ്താൽ ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷം ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുന്നതാണ്.

**തീരദേശ പാക്കേജ്**

269(575) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെ തീരദേശ പാക്കേജായി എത്ര കോടി രൂപയാണ് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയതെന്ന് അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ എത്ര തുകയാണ് ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയിരുന്നതെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

## പുനർഗേഹം പദ്ധതി

270(576) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് ബഡ്ജറ്റുകളിലായി മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എത്ര കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിരുന്നത്; വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇനം തിരിച്ച് നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആറ് ബഡ്ജറ്റുകളിലായി മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി അനുവദിച്ച ബജറ്റ് വിഹിതവും ടി വിഹിതത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി ചെലവഴിച്ച കണക്കുകളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പുനർഗേഹം പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി വിഹിതം നൽകിയിട്ടുണ്ട്; എത്ര വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പുനർഗേഹം പദ്ധതിയ്ക്കായി ബജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 200 കോടി രൂപ അനുവദിക്കുകയും 158.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 368 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസറഗോഡ് എന്നീ ജില്ലകളിലായി 1174 പേർക്കുള്ള ഫ്ലാറ്റ് സമുച്ചയ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ

271(577) ശ്രീ. എ. എൻ. ഷംസീർ:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം കടലേറ്റം രൂക്ഷമാക്കുന്ന സാഹചര്യത്തിൽ കടലാക്രമണ പ്രതിരോധത്തിനു നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഹാർബറുകളോടനുബന്ധിച്ചുള്ള തീരപ്രദേശങ്ങളിലെ കടലാക്രമണ പ്രതിരോധത്തിനും തീരദേശ നിവാസികളുടെ സുരക്ഷയ്ക്കുമായി KIIFB ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തലായ്, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി,

പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തലായിലെ ഗ്രോയിൻ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. ചേറ്റുവ, മഞ്ചേശ്വരം, കൊല്ലം-താന്നി പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ NABARD-RIDF-XXV-ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി മലപ്പുറം ജില്ലയിലെ പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ജലവിഭവ വകുപ്പുമായി ചേർന്ന് കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമായി ചേർന്ന് വകുപ്പിന് കടൽഭിത്തി നിർമ്മാണത്തിനുള്ള പദ്ധതികളൊന്നും നിലവിലില്ല. കടൽഭിത്തി നിർമ്മാണം ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരെ സുരക്ഷിത ദൂരത്തേയ്ക്ക് മാറ്റി പാർപ്പിക്കാനുള്ള ബൃഹത് പദ്ധതിയായ 'പുനർഗേഹം' സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പുനർഗേഹം പദ്ധതി പ്രകാരം നിലവിൽ 10307 ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 7692 പേർ മാറിത്താമസിക്കുവാൻ സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2129 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 1596 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1109 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 368 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് ഡയറക്ടർ, സെക്രട്ടറി, മന്ത്രി തലങ്ങളിൽ അവലോകന യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി വരുന്നു.

## മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

272 (578) <u>ശ്രീ. പി. അബ്ദുൽ ഹമീദ് മാസ്റ്റർ:</u>

<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇല്ല.

(ബി) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ ബഡ്ജറ്റിൽ തുക നീക്കിവെച്ചെങ്കിലും അവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലായെന്ന പരാതി പരിശോധിക്കുമോ; വിശദമാക്കാമോ?

മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ (Non-PDS) ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുകയും സബ്സിഡി തുക മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകി വരികയുമാണ് ചെയ്യുന്നത്. 2021 മാർച്ച് വരെയുള്ള സബ്സിഡി മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) മത്സ്യമേഖലയുടെ സംരക്ഷണാർത്ഥം പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

മത്സ്യമേഖലയുടെ സംരക്ഷണാർത്ഥം പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രധാന പദ്ധതികൾ 1. സമ്പാദ്യ സമാശ്വാസ പദ്ധതി 2. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ. 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ. 4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി. 5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി. 6. ഓഖി പുനരധിവാസ പദ്ധതികൾ 7.മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി. 8. മത്സ്യത്തൊഴിലാളികൾക്ക് പൂരക വേതനം ഉറപ്പാക്കുന്ന തണൽ പദ്ധതി. 9. മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി യാനങ്ങളും സുരക്ഷാ ഉപകരണങ്ങളും അനുവദിക്കുന്ന പദ്ധതി. 10. മേഖലാ ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി. 11. യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും സ്വന്തമാക്കുന്നതിന് വായ്പാ

ധനസഹായം. 12. മത്സ്യത്തൊഴിലാളികൾക്ക് വല, എഞ്ചിൻ എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി. 13. മത്സ്യബന്ധന യാനങ്ങൾക്ക് വായ്പയ്ക്ക് സബ്സിഡി. 14. മത്സ്യത്തൊഴിലാളികൾ 2008 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം. 15. മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി. 16. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം. 17. തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം. 18. തീരദേശ വിദ്യാലയങ്ങളിൽ സ്പോർട്ട്സ് സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി. 19. മത്സര പരീക്ഷകൾക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കുന്നതിന് വിദ്യാതീരം പദ്ധതി. 20. തീരദേശത്തെ കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭാതീരം പദ്ധതി. 21. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. 22. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ. 23. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം സഹായ സംഘങ്ങൾ വഴി മൈക്രോ എന്റർപ്രൈസസ് ആരംഭിക്കുന്നതിന് ധനസഹായം. 24. തീരനൈപുണ്യ പദ്ധതി. 25. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സുരക്ഷിതമായും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.-യും

ഫിഷറീസ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സമുദ്ര പദ്ധതി. എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വകുപ്പ് അദ്ധ്യക്ഷതലത്തിലും സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും കൃത്യമായ ഇടവേളകളിൽ വിലയിരുത്തൽ യോഗങ്ങൾ ചേർന്ന് പ്രവർത്തനം ത്വരിതപ്പെടുത്തുന്നുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ**

273(579) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട-പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും

ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. സമ്പാദ്യ സമാശ്വാസ പദ്ധതി 2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ. 4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി. 5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി. 6. ഓഖി പുനരധിവാസ പദ്ധതികൾ. 7.മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി. 8. മത്സ്യത്തൊഴിലാളികൾക്ക് പൂരക വേതനം ഉറപ്പാക്കുന്ന തണൽ പദ്ധതി. 9. മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി യാനങ്ങളും സുരക്ഷാ ഉപകരണങ്ങളും അനുവദിക്കുന്ന പദ്ധതി. 10. മേഖല ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി. 11. യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും സ്വന്തമാക്കുന്നതിന് വായ്പാ ധനസഹായം. 12. മത്സ്യത്തൊഴിലാളികൾക്ക് വല, എഞ്ചിൻ എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി. 13. മത്സ്യബന്ധന യാനങ്ങൾക്ക് വായ്പയ്ക്ക് സബ്സിഡി. 14. മത്സ്യത്തൊഴിലാളികൾ 2008 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം. 15. മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി. 16. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക്

വിദ്യാഭ്യാസാനുകൂല്യം. 17. തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം. 18. തീരദേശ വിദ്യാലയങ്ങളിൽ സ്പോർട്ട്സ് സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി. 19. മത്സര പരീക്ഷകൾക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കുന്നതിന് വിദ്യാതീരം പദ്ധതി. 20. തീരദേശത്തെ കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭാതീരം പദ്ധതി. 21. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. 22. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ. 23. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയംസഹായ സംഘങ്ങൾ വഴി മൈക്രോ എന്റർപ്രൈസസ് ആരംഭിക്കുന്നതിന് ധനസഹായം. 24. തീരനൈപുണ്യ പദ്ധതി. 25. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സുരക്ഷിതമായും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.-യും ഫിഷറീസ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സമുദ്ര പദ്ധതി.

**ഉൾനാടൻ ജലാശയങ്ങളിലെ ട്രോളിങ് കാലത്തുള്ള മണലൂറ്റൽ**

274 (580) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം പ്രജനനത്തിനായി ആശ്രയിക്കുന്ന ഉൾനാടൻ ജലാശയങ്ങളിൽ ട്രോളിങ് കാലത്ത് മണലൂറ്റുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

മത്സ്യപ്രജനനത്തിനായി ആശ്രയിക്കുന്ന ഉൾനാടൻ ജലാശയങ്ങളിൽ മണലൂറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയ കാര്യം പരിശോധിക്കാൻ ബന്ധപ്പെട്ട വകുപ്പിൽ നൽകുന്നതാണ്.

(ബി) വ്യാപകമായ മണലൂറ്റൽ മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് തന്നെ കോട്ടമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യപ്രജനനത്തിനായി ആശ്രയിക്കുന്ന ഉൾനാടൻ ജലാശയങ്ങളിൽ മണലൂറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയ കാര്യം പരിശോധിക്കാൻ ബന്ധപ്പെട്ട വകുപ്പിൽ നൽകുന്നതാണ്.

## തീരദേശ സംരക്ഷണത്തിന് സാമ്പത്തിക പാക്കേജ്

275(581) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശങ്ങളിൽ തുടരെ ഉണ്ടാകുന്ന കടലാക്രമണങ്ങളിൽ നിന്നും മറ്റ് പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായി പ്രഖ്യാപിച്ചിരുന്ന സാമ്പത്തിക പാക്കേജിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണന്നറിയിക്കുമോ?

സംസ്ഥാനത്ത് തീരദേശങ്ങളിൽ തുടരെ ഉണ്ടാകുന്ന കടലാക്രമണങ്ങളിൽ നിന്നും മറ്റ് പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 96.77 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എന്തൊക്കെ ഘടകങ്ങളാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്ത് തീരദേശങ്ങളിൽ തുടരെ ഉണ്ടാകുന്ന കടലാക്രമണങ്ങളിൽ നിന്നും മറ്റ് പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 96.77 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) വേ സൈഡ് സൗകര്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങളെന്തെല്ലാമാണ്; ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; ഇതിനായി മാനദണ്ഡങ്ങളെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ബഡ്ജറ്റ് പ്രസംഗം 2021-22 പ്രകാരം തീരദേശ ഹൈവേയുമായി ബന്ധപ്പെട്ടാണ് വേ സൈഡ് സൗകര്യ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. നിലവിൽ ടി പദ്ധതി ഫിഷറീസ് വകുപ്പ് മുഖേനയല്ല നടപ്പാക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് വടകര നിയോജക മണ്ഡലത്തിലെ തീരദേശത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

ബഡ്ജറ്റ് പ്രസംഗം 2021-22 പ്രകാരം തീരദേശ ഹൈവേയുമായി ബന്ധപ്പെട്ടാണ് വേ സൈഡ് സൗകര്യ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. നിലവിൽ ടി പദ്ധതി ഫിഷറീസ് വകുപ്പ് മുഖേനയല്ല നടപ്പാക്കുന്നത്.

**ബ്ലൂ ഇക്കോണമി കരട് നയം**

276 (582) ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. എച്ച്. സലാം:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ ഇക്കോണമി കരടുനയം ഈ സർക്കാർ പഠന വിധേയമാക്കിയിരുന്നോ എന്ന് വെളിപ്പെടുത്താമോ?

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ ഇക്കണോമി കരടുനയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

(ബി) ജീവനോപാധിയായി കടൽ മത്സ്യബന്ധനത്തെ ആശ്രയിക്കുന്നവരുടെ സാമ്പത്തിക സാമൂഹ്യ താല്പര്യത്തെ അവഗണിക്കുന്നതും വ്യവസായികളുടെ താൽപ്പര്യം സംരക്ഷിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതുമാണ് കരട് നയത്തിലെ നിർദ്ദേശങ്ങൾ എന്ന ആശങ്ക ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരടുനയത്തിൽ ഉചിതമായ തിരുത്തൽ വരുത്തുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ ഇക്കണോമി കരടു നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

(സി) തീരക്കടൽ മത്സ്യബന്ധനം സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാൽ ഇക്കാര്യത്തിൽ കേന്ദ്ര

സർക്കാരിന്റെ ഇടപെടൽ ഒഴിവാക്കാൻ വേണ്ട നടപടി ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ ഇക്കണോമി കരടുനയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

**നൂതന മത്സ്യകൃഷി രീതികൾ**

277 (583) ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂതന മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബയോ ഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന സാങ്കേതിക വിദ്യകൾ അവലംബിച്ചുള്ള നൂതന മത്സ്യകൃഷി രീതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ ജനകീയ മത്സ്യകൃഷി, ബ്ലൂ റെവല്യൂഷൻ, PMMSY എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 14 ജില്ലകളിലായി മത്സ്യകൃഷി രീതികളിൽ വൈവിധ്യവത്ക്കരണം ഏർപ്പെടുത്തിയതിന്റെ ഭാഗമായി 2393 ബയോഫ്ളോക്ക് യൂണിറ്റുകളും 4140 എണ്ണം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി (ഇന്റൻസീവ് അക്വാകൾച്ചർ) യൂണിറ്റുകൾ, 586 RAS യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ പുതിയതായി 200 RAS യൂണിറ്റുകളും 1850 ബയോഫ്ളോക്ക് യൂണിറ്റുകളും 2500 പടുതയിലെ മത്സ്യകൃഷി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഏതൊക്കെ മേഖലയിൽ നിന്നുള്ള സേവനങ്ങളാണ് ഇപ്പോൾ പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും Central Institute of Fisheries Education (CIFE), Kerala University of Fisheries and Ocean Science (KUFOS) എന്നീ സ്ഥാപനങ്ങളിലെ ഉന്നത വിദഗ്ദ്ധർ, ഫിഷറീസ് വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർ കൂടാതെ മത്സ്യകൃഷി മേഖലയിലെ മികച്ച കർഷകർ എന്നിവരുടെ സേവനങ്ങളും പ്രയോജനപ്പെടുത്തുന്നു.

(സി) ഇത്തരം മത്സ്യകൃഷി രീതികൾ നടപ്പാക്കുന്ന ഫാമുകൾക്ക് സബ്സിഡികൾ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. പുതിയ യൂണിറ്റുകൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയും മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷണൽ കോസ്റ്റിന്റെ 20% തുകയും സബ്സിഡിയായി നൽകി വരുന്നു.

(ഡി) യുവതീ/യുവാക്കൾക്ക് ആവശ്യമായ പരിശീലനം നൽകി ഇത്തരത്തിലുള്ള മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. വിവിധ മത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തി ഗുണഭോക്താക്കളാകുന്ന യുവതിയുവാക്കൾക്ക് നൂതന കൃഷിരീതികൾ നടപ്പാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്.

**വാഴാനി ജലസംഭരണിയിൽ മത്സ്യോത്പാദനം**

278(584) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴാനി ജലസംഭരണിയിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് വനംവകുപ്പ് അനുമതി നിഷേധിക്കുന്നത് ഉൾനാടൻ മത്സ്യോത്പാദനത്തെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനം വകുപ്പിന്റെ അധീനതയിലുള്ളതും വന്യജീവി സങ്കേതത്തിൽപ്പെടുന്നതുമായ വാഴാനിയുൾപ്പെടെയുള്ള ജല സംഭരണികളിൽ

ഇന്ത്യൻ മേജർ കാർപ് മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിൽ വനം വകുപ്പ് അനുമതി നിഷേധിക്കുന്നത് ഉൾനാടൻ മത്സ്യോൽപ്പാദനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ വിഷയത്തിന്മേൽ വനം വകുപ്പുമായി നിരന്തരം ചർച്ച നടത്തിയിട്ടുണ്ട്. മുൻ കാലങ്ങളിൽ ഇന്ത്യൻ മേജർ കാർപ്പ് മത്സ്യ കുഞ്ഞുങ്ങളെ വനം വകുപ്പിന്റെ അധീനതയിലുള്ള റിസർവോയറുകളിൽ നിക്ഷേപിച്ചിരുന്നു. നിലവിൽ 2021-22 സാമ്പത്തിക വർഷം Kerala Reservoir Fisheries Development Programme ന്റെ ഭാഗമായി വാഴാനി റിസർവോയറിൽ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന endemic catfish, endemic carps, കുയിൽ മത്സ്യം, വരാൽ, കരിമീൻ, കൂറൂപ്പ് തുടങ്ങിയ ഇനത്തിൽപ്പെട്ട 1,27,500 എണ്ണം കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ ഈ തടസ്സം നീക്കാൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ അധീനതയിലുള്ളതും വന്യജീവി സങ്കേതത്തിൽപ്പെടുന്നതുമായ വാഴാനിയുൾപ്പെടെയുള്ള ജല സംഭരണികളിൽ ഇന്ത്യൻ മേജർ കാർപ് മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിൽ വനം

വകുപ്പ് അനുമതി നിഷേധിക്കുന്നത് ഉൾനാടൻ മത്സ്യോൽപ്പാദനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ വിഷയത്തിന്മേൽ വനം വകുപ്പുമായി നിരന്തരം ചർച്ച നടത്തിയിട്ടുണ്ട്. മുൻ കാലങ്ങളിൽ ഇന്ത്യൻ മേജർ കാർപ്പ് മത്സ്യ കുഞ്ഞുങ്ങളെ വനം വകുപ്പിന്റെ അധീനതയിലുള്ള റിസർവോയറുകളിൽ നിക്ഷേപിച്ചിരുന്നു. നിലവിൽ 2021-22 സാമ്പത്തിക വർഷം Kerala Reservoir Fisheries Development Programme ന്റെ ഭാഗമായി വാഴാനി റിസർവോയറിൽ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന endemic catfish, endemic carps, കുയിൽ മത്സ്യം, വരാൽ, കരിമീൻ, കറൂപ്പ് തുടങ്ങിയ ഇനത്തിൽപ്പെട്ട 1,27,500 എണ്ണം കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## ഉൾനാടൻ മത്സ്യകൃഷി

279(585) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മാർക്കറ്റ് കണ്ടെത്തുന്നതിനും ഗുണനിലവാരമുള്ള മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ നടപ്പുസാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ മത്സ്യകൃഷി രീതികളുടെ നിർവ്വഹണത്തിന് ആവശ്യമായുള്ള ഗുണമേന്മയുള്ള മത്സ്യ കുഞ്ഞുങ്ങളെ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഹാച്ചറികളിൽ നിന്നും കൂടാതെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിന്റെ കീഴിലെ ഏജൻസിയായ അഡാക്കിൽ നിന്നും വിതരണം ചെയ്തുവരുന്നു. കൂടാതെ സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം, പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം എന്നീ പദ്ധതികൾ മുഖേനയും ഗുണമേന്മയുള്ള മത്സ്യ വിത്ത് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

(സി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സർക്കാർ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള സർക്കാർ ധനസഹായ പദ്ധതികൾ. സമ്പാദ്യ സമാശ്വാസ പദ്ധതി - ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ 4500/-രൂപയുടെ ധനസഹായം. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ. ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ്

ഇൻഷ്വറൻസ് പദ്ധതി. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പെൻഷണർമാർ, വിധവാ പെൻഷണർമാർ എന്നിവർക്ക് പ്രതിമാസം 1600/-രൂപ പെൻഷൻ. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് 50,000/-രൂപയുടെ ധനസഹായം. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10000/-രൂപയുടെ ധനസഹായം. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് 600/-രൂപയുടെ ധനസഹായം. എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത വികസന പദ്ധതി മുഖേന മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനം വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പാ സഹായം, മാരക രോഗ ചികിത്സാ പദ്ധതി, മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ച് മത്സ്യബന്ധന സമയത്ത് ഹൃദ്രോഗമോ മസ്തിഷ്കാഘാതമോമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം, വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളെ പ്രോത്സാഹിപ്പിക്കു ന്നതിനായി പത്താം ക്ലാസ്

മുതൽ ബിരുദാനന്തര ബിരുദം വരെ ഉന്നത വിജയം നേടുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

**മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

280(586) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ശുദ്ധജല ആവാസ വ്യവസ്ഥകളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

പ്രളയാനന്തരം ശുദ്ധജല ആവാസ വ്യവസ്ഥകളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുഴകളിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന റാഞ്ചിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ Kerala Reservoir Fisheries Development Programme-ന്റെ

ഭാഗമായി 2021-22 സാമ്പത്തിക വർഷം തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന് പുറമേ 2021-22 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ശുദ്ധജല ആവാസവ്യവസ്ഥകളിൽപ്പെടുന്ന പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) തദ്ദേശീയ മത്സ്യങ്ങൾക്കും ജലജീവികൾക്കും ഭീഷണിയാകുന്ന തരത്തിൽ അധിനിവേശ മത്സ്യങ്ങളും അലങ്കാര മത്സ്യങ്ങളും നദികളിലും ജലാശയങ്ങളിലും വ്യാപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തദ്ദേശീയ മത്സ്യങ്ങളെയും ജലജീവികളെയും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. തദ്ദേശീയ മത്സ്യങ്ങളേയും ജലജീവികളേയും സംരക്ഷിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി,

വാഴാനി തുടങ്ങിയ 8 റിസർവോയറുകളിലായി endemic carp, endemic catfish, Mahaseer, pearlspot തുടങ്ങിയ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു. തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയവും, അനധികൃതവുമായ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. ആയത് കണ്ടെത്തുന്നതിനും തടയുന്നതിനുമായി പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ വകുപ്പിന്റെ ഹാച്ചറികളിൽ തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന നടപടിയും സ്വീകരിച്ച് വരുന്നു. പ്രളയത്തിന്റെ ഫലമായി നദികളിലും ജലാശയങ്ങളിലും എത്തിയ അധിനിവേശ വളർത്ത് മത്സ്യങ്ങളും അലങ്കാര മത്സ്യങ്ങളും തദ്ദേശീയ മത്സ്യങ്ങളെ എങ്ങനെ ബാധിക്കുമെന്ന കാര്യത്തിൽ കൂടുതൽ ശാസ്ത്രീയ പഠനങ്ങൾ ആവശ്യമാണ്. ഭാവിയിൽ ഇത്തരം സാഹചര്യം ഉണ്ടാകാതിരിക്കാൻ കേരള മത്സ്യവിത്ത് ആക്റ്റ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതി വഴി ശുദ്ധജല മേഖലയിൽ കാർപ്പ്, നൈൽതിലാപ്പിയ, ആസാംവാള മത്സ്യയിനങ്ങളുടെ കൃഷിയും പാടശേഖരങ്ങളിലെ 'ഒരു നെല്ലും ഒരു മീനും' പദ്ധതിയും ഓരുജല മേഖലയിൽ കരിമീൻ, പൂമീൻ എന്നിവയുടെ കൃഷിയും പൊതുജലാശയങ്ങളിൽ കൂടുമത്സ്യകൃഷിയും നടപ്പിലാക്കിവരുന്നു. മത്സ്യകർഷകർക്ക് ഓൺലൈൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സാങ്കേതിക സഹായം നൽകുന്നതിനോടൊപ്പം സബ്സിഡി ആനുകൂല്യങ്ങളും നൽകിവരുന്നു. മലപ്പുറം ജില്ലയിൽ 6 മത്സ്യഭവനുകളിലൂടെയാണ് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പ്രാദേശിക തലത്തിൽ പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഓരോ മത്സ്യഭവനിലും പ്രോജക്ട് കോ-ഓഡിനേറ്റർമാരും അക്വാകൾച്ചർ പ്രൊമോട്ടർമാരും പ്രവർത്തിക്കുന്നുണ്ട്. മത്സ്യകർഷകർക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി ജില്ലയിൽ 197.76 ഹെക്ടർ ശുദ്ധജല മത്സ്യകൃഷിയും 41.33 ഹെക്ടർ ഓരുജല മത്സ്യകൃഷിയും 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനായിട്ടുണ്ട്. കൂടാതെ PMMSY,

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായുള്ള ബയോഫ്ളോക്ക് 105 യൂണിറ്റും വീട്ടുവളപ്പിലെ കുളങ്ങളിലെ മത്സ്യകൃഷി 291 യൂണിറ്റും കരിമീൻ കൃഷി 5 യൂണിറ്റും ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. കാർപ്പ് മത്സ്യം, നൈൽ തിലാപ്പിയ, ആസാംവാള, തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, വരാൽ, കാരി/കുരി തുടങ്ങിയ മത്സ്യങ്ങൾ ശുദ്ധജലത്തിലും കരിമീൻ, കാളാഞ്ചി, കാര ചെമ്മീൻ, കല്ലുമ്മകായ തുടങ്ങിയ ഇനങ്ങൾ ഓരുജലത്തിലും ജില്ലയിലെ മത്സ്യകർഷകർക്ക് വളർത്തുന്നതിനുള്ള സാങ്കേതിക, സാമ്പത്തിക സഹായം വകുപ്പ് പ്രധാനം ചെയ്യുന്നുണ്ട്. മത്സ്യകൃഷിയിടങ്ങൾക്ക് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകുന്നതിനുള്ള നടപടികളും മത്സ്യകൃഷിക്കായി കർഷകർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നൂതന കൃഷി സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിനും കൂടുതൽ അറിവ് ലഭിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു. പരപ്പനങ്ങാടി ഉള്ളണത്തെ ഗവൺമെന്റ് ഹാച്ചറി വഴി കർഷകർക്ക് ആവശ്യമായ മത്സ്യവിത്തുകൾ ഉത്പാദിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി

ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ജില്ലയിൽ കാർപ്പ്, പൂമീൻ എന്നീ മത്സ്യകുഞ്ഞുങ്ങൾ നിക്ഷേപിക്കുന്ന പദ്ധതി 9 സ്ഥലങ്ങളിലായി നടത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ പട്രോളിംഗ് ഊർജിതമാക്കുകയും അതുവഴി ഊത്തപിടുത്തം തുടങ്ങി അനധികൃത മത്സ്യബന്ധന രീതികൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

**കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറി**

281(587) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിൽ കുരികുളം ഭൂതത്താൻ കെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നേഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യകുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

പൂർത്തീകരിച്ച്, സർക്കാർ ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യസ്പോൺ എടുത്ത് വളർത്തി ഫിങ്കർലിങ്ക്സ് (4 സെ.മീ) വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. നാളിതുവരെ ആകെ 43.21 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപ്പന നടത്തിയിട്ടുണ്ട്. കൂടാതെ നടപ്പുസാമ്പത്തികവർഷം 10 ലക്ഷം മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപ്പാദനം നടന്നുവരുന്നു.

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഹാച്ചറിയിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിൽ കുരികുളം ഭൂതത്താൻ കെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നേഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യകുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, സർക്കാർ ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യസ്പോൺ എടുത്ത് വളർത്തി ഫിങ്കർലിങ്ക്സ് (4 സെ.മീ) വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. നാളിതുവരെ ആകെ 43.21 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപ്പന

നടത്തിയിട്ടുണ്ട്. കൂടാതെ നടപ്പുസാമ്പത്തികവർഷം 10 ലക്ഷം മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപ്പാദനം നടന്നുവരുന്നു.

(സി) ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ആർ.ഐ.ഡി.എഫ് ട്രാഞ്ചേ XXV -ൽ ഉൾപ്പെടുത്തി 1120 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഇതിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്തവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഓവർഹെഡ് വാട്ടർ ടാങ്ക്, 2 ബ്രൂഡ് സ്റ്റോക്ക് കുളങ്ങൾ, 27 റിയറിംഗ് കുളങ്ങൾ, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്, ചുറ്റുമതിൽ, അപ്രോച്ച് റോഡ്, സി.സി.ടി.വി, ഹൈമാസ്റ്റ് ലൈറ്റ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി

പദ്ധതിയുടെ സാങ്കേതികാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കലും മണ്ണ് പരിശോധനയും പൂർത്തീകരിച്ചിട്ടുണ്ട്. ഹാച്ചറിയുടെ ഡിസൈനിംഗ് വർക്ക് നടന്നുവരുന്നു. രണ്ടാംഘട്ട പ്രോജക്ടിന് സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യോൽപ്പാദനവും വിപണനവും നടന്നുവരുന്നു. പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾക്കുശേഷം 12 മാസം കൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണതോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(എഫ്) മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണതോതിൽ മത്സ്യോല്പാദനത്തിന് എന്നത്തേയ്ക്ക് സജ്ജമാക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ?

നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യോൽപ്പാദനവും വിപണനവും നടന്നുവരുന്നു. പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾക്കുശേഷം 12 മാസം കൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണ തോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**മത്സ്യകൃഷി പുനരുദ്ധരിക്കാൻ നടപടികൾ**

282(588) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിന് കീഴിലുള്ള ഞാറക്കൽ, മാലിപ്പുറം ഫിഷ് ഫാമുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

മത്സ്യഫെഡിന്റെ കീഴിലുള്ള ഫിഷ് ഫാമുകളിൽ (ഞാറയ്ക്കൽ, മാലിപ്പുറം) പരമ്പരാഗത രീതിയിലുള്ള മത്സ്യകൃഷി, ചെമ്മീൻ വാറ്റ് (Prawn filtration) എന്നിവയാണ് നടന്നു വന്നിരുന്നത്. ഇതോടൊപ്പം പ്രകൃതി സൗഹൃദ (Eco friendly) അക്വാടൂറിസവും നടന്നുവരുന്നു. മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂട്ടുകൃഷിയും പെൻകൃഷി (Pen Culture) യും 2017-18 മുതൽ നടത്തി വരുന്നുണ്ട്. 2018 ലും 2019 ലും പ്രളയത്തിൽ വളരെയേറെ നഷ്ടങ്ങൾ ഈ ഫാമിലുണ്ടായി. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി, മത്സ്യഫെഡ് ഭരണസമിതി, ഈ രണ്ട് ഫാമുകളിലും പ്രകൃതിസൗഹൃദ ശാസ്ത്രീയ മത്സ്യ / ചെമ്മീൻ കൃഷി നടത്തുന്നതിനുള്ള തീരുമാനം 2020 ജൂലൈ-ൽ എടുക്കുകയും അതിനനുസരിച്ച് മത്സ്യകൃഷിയിൽ വിദഗ്ധന്റെ സാങ്കേതികവിദ്യ സഹായം ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് വിവിധ തയ്യാറെടുപ്പുകൾ / പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഞാറയ്ക്കൽ ഫാമിൽ ആദ്യഘട്ടമായി 2.5 ഹെക്ടറിൽ വനാമി ചെമ്മീൻ കൃഷി Zero Water Exchange സമ്പ്രദായത്തിൽ ശാസ്ത്രീയമായി നടത്തുന്നതിനുള്ള ഒരുക്കങ്ങൾ മത്സ്യഫെഡ് ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 10 ടൺ വനാമി ഉൽപ്പാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. അതോടൊപ്പം, നിലവിലുള്ള കൂടുകൃഷി വിപുലമാക്കുന്നതിനും കൂടുതൽ കൂടുകൾ നിർമ്മിച്ച്, കാളാഞ്ചി, കരിമീൻ, പൊമ്പാന (Pompano) എന്നിവയുടെ ഉൽപ്പാദനം ശാസ്ത്രീയമായി വർദ്ധിപ്പിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. മാലിപ്പുറം ഫാമിൽ ആദ്യഘട്ടമെന്ന നിലയിൽ, കൂടുകൃഷി നടത്തുന്നതിനുള്ള നടപടി മത്സ്യഫെഡ് ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 5 ഹെക്ടറിൽ വനാമി ശാസ്ത്രീയമായി Zero Water Exchange-ൽ കൃഷി ചെയ്യുന്നതാണ്.

## മത്സ്യക്കുഞ്ഞുങ്ങളെ പുഴയിൽ നിക്ഷേപിക്കുന്ന പദ്ധതി

283(589) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

4 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ വീതം പുഴയിൽ നിക്ഷേപിക്കുന്ന പദ്ധതിയനുസരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത് പൊതു കുളങ്ങളിലോ പൊതുജലാശയങ്ങളിലോ ആണെങ്കിൽ മത്സ്യ സമ്പത്ത് തിരികെ കിട്ടാൻ സാധ്യത കൂടുതൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പദ്ധതികൾ തെരഞ്ഞെടുക്കുമ്പോൾ നദികൾക്ക് പകരം പൊതുകുളങ്ങളോ പൊതു ജലാശയങ്ങളോ തെരഞ്ഞെടുക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 4 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ വീതം പുഴയിൽ നിക്ഷേപിക്കുന്ന പദ്ധതിയനുസരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത് പൊതുകുളങ്ങളിലോ പൊതുജലാശയങ്ങളിലോ ആണെങ്കിൽ മത്സ്യ സമ്പത്ത് തിരികെ കിട്ടാൻ സാധ്യത കൂടുതലുണ്ട്. അതുകൊണ്ട് തന്നെ സംസ്ഥാനത്തെ മുഴുവൻ പൊതുകുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 1367.88 ഹെക്ടർ വിസ്തൃതിയിൽ 8165 എണ്ണം പൊതുകുളങ്ങളിൽ 68.39 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കഴിഞ്ഞു. ഇതിനു പുറമേ ഈ സാമ്പത്തിക വർഷം പുതുതായി 210 ഹെക്ടർ

വിസ്തൃതിയിൽ പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന പൊതുകുളങ്ങളിൽ അനുയോജ്യമായിടത്തെല്ലാം അടുത്ത സാമ്പത്തിക വർഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതായിരിക്കും. എന്നാൽ പുഴയെ ആശ്രയിച്ച് മത്സ്യബന്ധനം നടത്തി ഉപജീവനം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും പുഴകളിലെ മത്സ്യസമ്പത്തിന്റെ വർദ്ധനവും ലക്ഷ്യമിട്ടാണ് പുഴകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നത്.

### പൂവാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ പുലിമുട്ട് നിർമ്മാണം

284(590) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ പൂവാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കടലാക്രമണ ഭീഷണി നേരിടാൻ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കടലാക്രമണം തടയുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഹാർബറുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ തീരസംരക്ഷണം മാത്രമാണ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നത്.

## അഴീക്കൽ ബീച്ചിന്റെ വികസനം

285(591) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി മണ്ഡലത്തിലെ അഴീക്കൽ ബീച്ചിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ അഴീക്കൽ ബീച്ചിന്റെ വികസനത്തിനായി ഫിഷറീസ് വകുപ്പ് മുഖേന പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## ഹാർബർ എഞ്ചിനീയറിംഗ് മുഖാന്തരം തീരദേശ റോഡുകളുടെ നവീകരണം

286(592) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖാന്തരം തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഏതെല്ലാം റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ കണ്ണൂർ ജില്ല തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ തീരദേശ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ റോഡുകളിൽ ഇതുവരെയും പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ കണ്ണൂർ ജില്ല തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ തീരദേശ റോഡുകളിൽ പൂർത്തീകരിക്കാത്ത റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ

287(593) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നബാർഡ് ആർ.ഐ.ഡി.എഫ്-15 പദ്ധതിയിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപയ്ക്ക് തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്ററിന് (പതിയാങ്കര) നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ലേലഹാൾ, കോൾഡ് സ്റ്റോറേജ് എന്നിവ വൈദ്യുതി കണക്ഷൻ ഉൾപ്പെടെ ലഭ്യമാക്കി പൂർത്തീകരിച്ചിട്ടുള്ളതും പഞ്ചായത്തിന് കൈമാറിയിട്ടുള്ളതുമാണ്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ടോയ്‌ലെറ്റ് ബ്ലോക്ക്, ഇന്റേണൽ റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ, എന്നിവയുടെ നിർമ്മാണം സ്ഥലം ലഭ്യമാകാത്തതുമൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ മിനി ഫിഷിംഗ് ഹാർബറായി മാറ്റുന്നതിനാവശ്യമായ അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മാതൃകാ പഠനം നടത്തുന്നതിന് CWPRS, പൂനയെ ഏൽപ്പിക്കുകയും 2019 ഫെബ്രുവരിയിലെ നം.5671 റിപ്പോർട്ട് പ്രകാരം അന്തിമ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 540 മീറ്റർ, 590 മീറ്റർ വീതം നീളം വരുന്ന രണ്ട് പുലിമുട്ടുകളുടെ നിർമ്മാണത്തിനും അനുബന്ധ ഘടകങ്ങൾക്കും നിലവിലുള്ള ഘടകങ്ങളുടെ നവീകരണത്തിനുമായി ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഹാർബർ നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന

മുറയ്ക്ക് പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ ഒരു മിനി ഹാർബർ ആക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്-15 പദ്ധതിയിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപയ്ക്ക് തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്ററിന് (പതിയാങ്കര) നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ലേലഹാൾ, കോൾഡ് സ്റ്റോറേജ് എന്നിവ വൈദ്യുതി കണക്ഷൻ ഉൾപ്പെടെ ലഭ്യമാക്കി പൂർത്തീകരിച്ചിട്ടുള്ളതും പഞ്ചായത്തിന് കൈമാറിയിട്ടുള്ളതുമാണ്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ടോയ്ലെറ്റ് ബ്ലോക്ക്, ഇന്റേണൽ റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം സ്ഥലം ലഭ്യമാകാത്തതുമൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ മിനി ഫിഷിംഗ് ഹാർബറായി മാറ്റുന്നതിനാവശ്യമായ അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മാതൃകാ പഠനം നടത്തുന്നതിന് CWPRS, പൂനയെ

ഏൽപ്പിക്കുകയും 2019 ഫെബ്രുവരിയിലെ നം.5671 റിപ്പോർട്ട് പ്രകാരം അന്തിമ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 540 മീറ്റർ, 590 മീറ്റർ വീതം നീളം വരുന്ന രണ്ട് പുലിമുട്ടുകളുടെ നിർമ്മാണത്തിനും അനുബന്ധ ഘടകങ്ങൾക്കും നിലവിലുള്ള ഘടകങ്ങളുടെ നവീകരണത്തിനുമായി ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഹാർബർ നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് പതിയാങ്കര ഫിഷ് ലാന്റിംഗ് സെന്റർ ഒരു മിനി ഹാർബർ ആക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് ഫിഷ് ലാന്റിംഗ് സെന്റർ മിനി ഹാർബർ ആക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിൽ നിർവ്വഹിക്കുന്ന പ്രവൃത്തികൾ**

288(594) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്നതും ഭരണാനുമതി ലഭിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണ്?

വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി സമർപ്പിക്കുന്നു.+

(ബി) ഇതിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികളുടെയും നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി സമർപ്പിക്കുന്നു.+

(സി) നിർവ്വഹണം നടത്തേണ്ടതും ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി സമർപ്പിക്കുന്നു.+

## തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ

289(595) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പദ്ധതി അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|
| 1 ജി.വി.എച്ച്.എസ്സ്.എസ്സ്. പറവണ്ണ സ്മാർട്ട് ക്ലാസ് റൂം | 7 | പദ്ധതി പൂർത്തീകരിച്ചു. |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| നിർമ്മാണം | | |
| 2 ജി.വി.എച്ച്.എസ്സ്.എസ്സ്. പറവണ്ണ അടുക്കള നിർമ്മാണം | 10 | പദ്ധതി പൂർത്തീകരിച്ചു. |

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിർവ്വഹണം പൂർത്തിയാക്കാത്തവ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അവ എന്ന് പൂർത്തീകരിക്കാനാകുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

ഭരണാനുമതി നൽകിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ

290(596) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഏതൊക്കെ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിനാണ് കഴിഞ്ഞ സർക്കാർ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജക മണ്ഡലത്തിൽ ആകെ 53 തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനാണ് കഴിഞ്ഞ സർക്കാർ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളവയിൽ ഏതെല്ലാം പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആകെ 36 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയവയിൽ ടെൻഡർ നടപടി പൂർത്തിയാക്കുവാനുള്ള പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെൻഡർ നടപടി പൂർത്തിയാക്കുവാനുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## താല്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

291(597) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചലച്ചിത്ര-സാംസ്കാരിക വകുപ്പുകളിൽ എത്ര താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന വിവരം അറിയിക്കുമോ?

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ ഒരാളെ എൽ.ഡി. ക്ലാർക്ക് തസ്തികയിലും ഭാരത് ഭവനിൽ ഒരാളെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലും ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസിൽ ജോലി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തുവരുന്ന അംഗപരിമിതരായ 10 ജീവനക്കാരെ വിവിധ തസ്തികകളിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി മുൻ സർക്കാരും ഈ സർക്കാരും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000/-രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/-രൂപാ വീതം ആകെ 290.5 ലക്ഷം രൂപ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/-രൂപ വീതം നൽകി. ഈ വർഷം 1000/-രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സഹായിക്കുക എന്നതുകൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യുട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. കോവിഡ് മഹാമാരി മൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി ‘ സർഗ്ഗഭൂമിക’ എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ കാലത്ത് നൂറു കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000/-രൂപ വീതം നൽകുന്ന

പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപാ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിന് വേണ്ടി ‘ മഴമിഴി ’ എന്ന പേരിൽ ആകെ 99,75,000/-രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ‘ നിറകേരളം ’ ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000/-രൂപാ വീതം ധനസഹായവും പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

## ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

292(598) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ജസ്റ്റിസ് ഹേമ സമിതി റിപ്പോർട്ട് പൊതുരേഖയായി പ്രസിദ്ധീകരിക്കാൻ സാധിക്കുകയില്ലായെന്ന് വിവരാവകാശ കമ്മീഷൻ ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രമല്ല ടി റിപ്പോർട്ട് കമ്മീഷൻ ഓഫ് എൻക്വയറി നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. ആയതിനാൽ പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതൊക്കെ ശിപാർശകളാണ് സർക്കാർ ഇതുവരെ നടപ്പാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക

ക്ഷേമനിധി ബോർഡ് എന്നിവ മുഖേന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

## മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി

293(599) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ബജറ്റിൽ തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഗാലറി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മിക്കുന്നതിനായി ചൊക്ലി ഗ്രാമപഞ്ചായത്ത് ചൊക്ലി വില്ലേജിൽ 25 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിനോട് തൊട്ടുചേർന്ന് കിടക്കുന്നതും അതേ സർവ്വെ

നമ്പറിൽപ്പെട്ടതുമായ 50 സെന്റ് സ്ഥലം കൂടി വില കൊടുത്തു വാങ്ങുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണമെന്ന ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മിക്കുന്നതിനായി ചൊക്ലി ഗ്രാമപഞ്ചായത്ത് ചൊക്ലി വില്ലേജിൽ 25 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിനോട് തൊട്ടു ചേർന്ന കിടക്കുന്നതും അതേ സർവ്വെ നമ്പറിൽപ്പെട്ടതുമായ 50 സെന്റ് സ്ഥലം കൂടി വില കൊടുത്തു വാങ്ങുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണമെന്ന ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

**വാമനപുരം മണ്ഡലത്തിലെ നാട്ടരങ്ങ് പദ്ധതി**

294(600) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) നാട്ടരങ്ങ് പദ്ധതി പ്രകാരം എത്ര തുകയാണ് സാംസ്കാരിക കേന്ദ്രങ്ങൾക്ക് ചെലവഴിക്കാൻ കഴിയുന്നത്; വിശദവിവരങ്ങൾ നൽകാമോ?

നടപ്പ് സാമ്പത്തിക വർഷം നാട്ടരങ്ങ് പദ്ധതിയ്ക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു നാട്ടരങ്ങിന് 20 ലക്ഷം രൂപ വീതം 2 നാട്ടരങ്ങാണ് ഒരു സാമ്പത്തിക വർഷം സ്ഥാപിക്കാനാവുക. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബെഞ്ചുകൾ എന്നിവയും സൗന്ദര്യവൽക്കരണത്തിനായി ചുവർചിത്രങ്ങൾ, ചെറുശില്പങ്ങൾ,

റിലീഫ് വർക്കുകൾ തുടങ്ങിയവയും പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രാദേശിക ആവശ്യപ്രകാരം കൂടുതൽ സൗകര്യങ്ങൾ നാട്ടരങ്ങിൽ ഏർപ്പെടുത്തണമെങ്കിൽ ആയതിനുള്ള തുക എം.പി.മാർ, എം.എൽ.എമാർ തുടങ്ങിയ ജനപ്രതിനിധികളുടെ പ്രാദേശിക വികസന/ആസ്തി വികസന ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്.

## കലാഭവൻ മണി സ്മാരകം

295(601) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ നടൻ കലാഭവൻ മണിക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്?

ചാലക്കുടിയിൽ കലാഭവൻ മണിക്ക് സ്മാരകം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. സ്മാരകം നിർമ്മിക്കുന്നതിന് കിഴക്കെ ചാലക്കുടി വില്ലേജിൽ സർവ്വേ 438/4 ൽ 20 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ

വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി തൃശ്ശൂർ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. സ്മാരക നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ പ്ലാൻ പ്രകാരം ആകെ എസ്റ്റിമേറ്റ് തുക മൂന്ന് കോടി രൂപയുടെ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതും ഇക്കാര്യത്തിന് ഒരു കോടി രൂപ ആദ്യ ഗഡുവായി റിലീസ് ചെയ്യുന്നതും സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതിക്ക് ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല.

(ബി) സ്മാരകം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ചാലക്കുടിയിൽ കലാഭവൻ മണിക്ക് സ്മാരകം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. സ്മാരകം നിർമ്മിക്കുന്നതിന് കിഴക്കെ ചാലക്കുടി വില്ലേജിൽ സർവ്വേ 438/4-ൽ 20 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി തൃശ്ശൂർ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. സ്മാരക നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ പ്ലാൻ പ്രകാരം ആകെ

എസ്റ്റിമേറ്റ് തുക മൂന്ന് കോടി രൂപയുടെ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതും ഇക്കാര്യത്തിന് ഒരു കോടി രൂപ ആദ്യ ഗഡുവായി റിലീസ് ചെയ്യുന്നതും സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതിക്ക് ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല.

(സി) സ്മാരകത്തോടനുബന്ധിച്ച് കേരള ഫോക് ലോർ അക്കാദമിയുടെ ഉപകേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

സ്മാരകം പൂർത്തീകരിക്കുന്ന മുറയ്ക്ക് ആലോചിക്കാവുന്നതാണ്.

## മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

296(602) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ സാംസ്കാരിക വകുപ്പ് മുഖേന മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ്

നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും ആയതിന് അനുവദിച്ച തുകയും വിശദമാക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1) യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി മലമ്പുഴയിൽ 5 കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ മലമ്പുഴ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കലാകാരന്മാർക്ക് 10,000/-രൂപ വീതം സാംസ്കാരിക വകുപ്പിൽ നിന്നും 5000/-രൂപാ വീതം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്നു. 2) മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധിയും കസ്തൂർബാ ഗാന്ധിയും സന്ദർശിച്ച ശബരി ആശ്രമത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 3) സാംസ്കാരിക വകുപ്പു മുഖേന ഒ.വി. വിജയൻ സ്മാരകത്തിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി 2017-18

സാമ്പത്തിക വർഷം 75 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം ഒരു കോടി രൂപയും അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും ചെലവഴിച്ചു.

## തെയ്യം കലാകാരന്മാർ അനുഭവിക്കുന്ന പ്രതിസന്ധി

297(603) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് പ്രതിസന്ധിയിലായ മലബാറിലെ തെയ്യം കലാകാരന്മാരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000/-രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ച പദ്ധതി പ്രകാരം തെയ്യം കലാകാരന്മാർക്കും സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ,

സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും ഇതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ തെയ്യം കലാകാരന്മാരുൾപ്പെടെയുള്ള 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/-രൂപാ വീതം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചിരുന്നു. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/-രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം 1000/-രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗമായ തെയ്യം കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു.

(ബി) അനുഷ്ഠാന കലയായ തെയ്യം ജീവിതോപാസനയാക്കിയ ഇവർക്ക് മറ്റ് തൊഴിലുകളെടുക്കാൻ കഴിയാത്തതിനാൽ ദളിത് വിഭാഗത്തിൽപ്പെട്ട ഈ കലാകാരന്മാർക്ക് അടിയന്തര സഹായം പ്രഖ്യാപിക്കുമോ?

കോവിഡ് മഹാമാരി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ച പദ്ധതി പ്രകാരം തെയ്യം കലാകാരന്മാർക്കും സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ, സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും ഇതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ തെയ്യം കലാകാരന്മാരുൾപ്പെടെയുള്ള 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/-രൂപാ വീതം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചിരുന്നു. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/-രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം 1000/-രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗമായ തെയ്യം കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക്

പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു.

**നവോത്ഥാന നായകന്മാരുടെ നാമധേയത്തിലുള്ള**

**സാംസ്കാരിക സമുച്ചയങ്ങൾ**

298(604) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റിൽ നവോത്ഥാന നായകന്മാരുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

` ഉണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ ശ്രീ. പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച നവോത്ഥാന സാംസ്കാരിക സമുച്ചയത്തിനായി മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18, റീസർവ്വേ നമ്പർ 30-ൽ ഉൾപ്പെട്ട 5 ഏക്കർ ഭൂമി സമുച്ചയത്തിനായി വിട്ടു നൽകുന്നതിന് ആരോഗ്യ വകുപ്പ് സമ്മതപത്രം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട ഭൂമിയുടെ കൈവശാവകാശം ഔദ്യോഗികമായി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

299(605) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

സാംസ്കാരിക വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ നവോത്ഥാന സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നം. 18, റീസർവ്വേ നം. 30 ൽ ഉൾപ്പെട്ട 5 ഏക്കർ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ചെങ്ങന്നൂരിൽ വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും സാംസ്കാരിക വകുപ്പിന് കൈവശാവകാശം ലഭിച്ച 3 ഏക്കർ ഭൂമിയിൽ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം നടന്നു വരുന്നു. ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം. എൽ. എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.43 കോടി രൂപ അനുവദിച്ചു നിർമ്മിക്കുന്ന സമുച്ചയത്തിന് 50 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷം സർക്കാർ ധനസഹായം അനുവദിച്ചിരുന്നു. കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുഇടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുകായെന്ന

ലക്ഷ്യത്തോടെ നാട്ടരങ്ങ് എന്ന പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നു. ചെങ്ങന്നൂർ എം. എൽ. എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നിർമ്മിക്കുന്ന സാംസ്കാരിക കേന്ദ്രത്തോടനുബന്ധിച്ച് നാട്ടരങ്ങ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കായംകുളം ശങ്കർ മ്യൂസിയത്തോടനുബന്ധിച്ച് കായംകുളം കൃഷ്ണപുരം സാംസ്കാരിക സാഹസിക വിനോദ സഞ്ചാര കേന്ദ്രം സ്ഥാപിക്കുന്നതിന് ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി 57 കലാകാരന്മാരെ വിവിധ ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലായി വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ 47 ഓളം കലാരൂപങ്ങളിൽ വിവിധ കേന്ദ്രങ്ങളിൽ കലാപരിശീലനം നടത്തി വരുകയും ചെയ്യുന്നുണ്ട്. പരിശീലന ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഓരോ കലാകാരനും 10,000/- രൂപാ വീതവും തദ്ദേശ സ്വയം ഭരണ വകുപ്പ് 5000/-രൂപാ വീതവും നൽകി വരുന്നുണ്ട്. സാംസ്കാരിക വകുപ്പിനുകീഴിൽ 1967-ൽ സ്ഥാപിതമായി അമ്പലപ്പുഴയിൽ പ്രവർത്തിച്ചുവരുന്ന കുഞ്ചൻനമ്പ്യാർ സ്മാരകം നമ്പ്യാരുടെ സ്മരണ നിലനിർത്തുന്നതിനും തുള്ളൽ കലയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി

വിവിധങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങളും ഇടപെടലുകളുമാണ് തുടർച്ചയായി നടത്തി വരുന്നത്. കേരളത്തിലെ മികച്ച തുള്ളൽ കലാകാരന് കുഞ്ചൻ നമ്പ്യാർ പുരസ്കാരം നൽകി ആദരിക്കുന്നു. കൂടാതെ ഹാസ്യ കലയ്ക്കു നൽകുന്ന സംഭാവനയെ മാനിച്ച് മികച്ച ഹാസ്യ പ്രതിഭയ്ക്ക് ഹാസ്യ പ്രതിഭാ പുരസ്കാരം നൽകി ആദരിക്കുന്നു. കുഞ്ചൻ നമ്പ്യാരുടെ കവിതകളും തുള്ളൽ കലയും കുട്ടികളെ പരിചയപ്പെടുത്തുന്നതിനായി ' തുള്ളൽ കല ജനങ്ങളിലേയ്ക്ക്' എന്ന പേരിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ ക്ലാസ്സുകളും തുള്ളൽ അവതരണങ്ങളും നടത്തി വരുന്നു. സാംസ്കാരിക വകുപ്പിനുകീഴിൽ തകഴിയിൽ പ്രവർത്തിക്കുന്ന തകഴി സ്മാരകത്തിൽ 2019-20 ബഡ്ജറ്റിൽ അനുവദിച്ച അഞ്ചുകോടി രൂപ ചെലവഴിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തകഴി മ്യൂസിയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. പല്ലന കുമാരകോടിയിൽ സാംസ്കാരിക വകുപ്പിന് കീഴിലുള്ള മഹാകവി കുമാരനാശാൻ സ്മാരകത്തിൽ സാഹിത്യ ടൂറിസം പദ്ധതിയുടെ ഭാഗമായി വിവിധ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. റഡീമർ മ്യൂസിയം നിർമ്മിക്കുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ

**300(606)** ശ്രീ. സണ്ണി ജോസഫ്:

ശ്രീ. റോജി എം. ജോൺ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും സംബന്ധിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്മേൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സിനിമാ മേഖലയിലെ സ്ത്രീകൾ തൊഴിൽപരമായ വിവേചനവും ലിംഗ വിവേചനവും നേരിടുന്നതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) സിനിമാ മേഖലയിൽ കാസ്റ്റിംഗ് കൗച്ച്, ലഹരി ഉപയോഗം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിനായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എന്നിവ മുഖേന ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. ഇതിനു പുറമേ ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അനുസരിച്ച് സിനിമ, ടെലിവിഷൻ, സീരിയൽ മേഖലയിലെ തർക്ക പരിഹാരങ്ങൾക്കും ഗുണപരമായ മാർഗനിർദ്ദേശങ്ങൾക്കും സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടഞ്ഞ് സംരക്ഷണം നൽകുന്നതിനും നിയമപരമായ അധികാരങ്ങളോടെ ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു.

(ഡി) സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗൗരവതരമായ നിരീക്ഷണങ്ങളുള്ള പ്രസ്തുത റിപ്പോർട്ടിന്മേൽ അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കുമോ?

ഇക്കാര്യത്തിൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. ഈ സർക്കാർ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13-07-2021-ന് സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ നിയമവകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ഹേമ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തു. ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിന്റെ നിയമവശങ്ങൾ പരിശോധിക്കുന്നതിന് സാധ്യത ആരായുന്നതിനും നിയമവകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

**യുവജന ക്ഷേമത്തിനും ഉന്നമനത്തിനുമായി നൂതന പദ്ധതികൾ**

301(607) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ജില്ലയിൽ 10 കാർഷിക ക്ലബ്ബ് വീതം യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകൾക്ക് കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി വിവിധ പദ്ധതികൾ തയ്യാറാക്കുകയും ആയത് നടപ്പാക്കുന്നതിനായി സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. യുവതീ ശാക്തീകരണത്തിന്റെ ഭാഗമായി ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ ഒന്ന്, കോർപ്പറേഷനിൽ രണ്ട് എന്നിങ്ങനെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും യുവജനക്ഷേമ ബോർഡ് നേരിട്ട് യുവതീ ക്ലബ്ബുകൾ രൂപീകരിക്കുന്നു. യുവതീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

കൂടാതെ ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഒരു ജില്ലയിൽ ഒരു ക്ലബ്ബ് എന്ന രീതിയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി യുവജനക്ഷേമ ബോർഡ് നേരിട്ട് ക്ലബ്ബുകൾ രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുകയും ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു ട്രാൻസ് ജെൻഡർ ക്ലബ്ബ് എന്ന നിലയിൽ ക്ലബ്ബുകൾ രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുകയും ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്ത് വിവിധ നൂതന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യുവജനങ്ങൾക്ക് തൊഴിൽ സാധ്യത കണ്ടെത്തുന്ന പദ്ധതി, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ മുഖേന സൗജന്യമായി നിയമ സഹായം നൽകുന്ന പദ്ധതി, ഉന്നത വിദ്യാഭ്യാസമുള്ള വീട്ടമ്മമാർക്ക് പ്രത്യേക പരിഗണന നൽകുന്നതിനുള്ള പദ്ധതികൾ എന്നിവ ആവിഷ്കരിച്ച

വരുന്നു. യുവ കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി യുവ കർഷക സംഘമങ്ങളും ഗ്രീൻ സോൺ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) 2016 മുതൽ മലപ്പുറം ജില്ലയിൽ യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

2016 മുതൽ മലപ്പുറം ജില്ലയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്ലാസ്സ്, യുവജനദിനാഘോഷം, വനിതാശില്പശാല, പരിസ്ഥിതി ദിനാചരണം, ലോക കപ്പ്ഫുട്ബോൾ ക്വിസ്സ്, പി.എസ്.സി പരീക്ഷാ പരിശീലനങ്ങൾ, ജില്ലാതല മാധ്യമ സെമിനാർ, ജില്ലാതല നാടൻപാട്ട് മത്സരം, നവോത്ഥാന സദസ്സ്, ഗാന്ധിജയന്തി ദിനാചരണം, ജില്ലാതല തിയേറ്റർ ഫെസ്റ്റിവൽ, കെ.എ.എസ് മത്സര പരീക്ഷാ പരിശീലനം, മരുന്നുവണ്ടി, കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ, വനിതാ സൈക്കിൾ ക്ലബ്ബ്, കരിയർ ഗൈഡൻസ്, പെൺകുട്ടികൾക്ക് സൈബർ അവയർനെസ്സ് ക്ലാസ്സ്, സ്പീക്ക് യംഗ് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

(സി) പിന്നാക്ക, ന്യൂനപക്ഷ, തീരദേശ മേഖലകളിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

പിന്നാക്ക, ന്യൂനപക്ഷ, തീരദേശ മേഖലകളിലെ യുവജനങ്ങളുടെ ശാക്തീകരണത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതുവരെ ബോർഡിനു കീഴിൽ ഏകദേശം 1250 ഓളം യുവ ക്ലബ്ബുകൾ സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ചിട്ടുണ്ട്.

## യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം

302(608) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി കാർഷിക ക്ലബ്ബ്, യുവതീക്ഷേമം മുൻനിർത്തി യുവതീ ക്ലബ്ബുകൾ, ട്രാൻസ് ജെൻഡർ ക്ലബ്ബ്, യുവാ ക്ലബ്ബ് എന്നിവ യുവജനക്ഷേമ ബോർഡ് ആസൂത്രണം ചെയ്ത് നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ ആയവ ഉൾപ്പെടുത്തി ടി ക്ലബ്ബുകൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. യൂത്ത് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കുമരുന്ന് ഉപയോഗം, റാഗിംഗ്-സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവ തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരുടെ ഒരു കൂട്ടായ്മ രൂപീകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കോളേജുകളിലും പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ പരിപാടികൾ, റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ എന്നിവ കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പാക്കി വരുന്നു.

(ബി) ദുരന്ത നിവാരണം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങൾക്ക് രൂപീകരിച്ചിട്ടുള്ള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ് വിപുലീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ചിട്ടുള്ള കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്-ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലെ ഒരു വാർഡിൽ നിന്നും ഒരു വോളന്റിയർ, കോർപ്പറേഷനിലെ ഒരു ഡിവിഷനിൽ നിന്നും 3 വോളന്റിയർമാർ എന്നിങ്ങനെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതാണ്. കൂടാതെ ഒരു കോർപ്പറേഷനിൽ നിന്നും 10 വനിതാ വോളന്റിയർമാരെയും പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ നിന്ന് 5 വനിതാ വോളന്റിയർമാരെയും തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നു. കൂടാതെ സംസ്ഥാനാടിസ്ഥാനത്തിൽ രാജ്യാന്തര നിലവാരത്തിൽ മികച്ച പരിശീലനം നടത്തി 25 പേരടങ്ങുന്ന ഒരു ടീമിനെ സജ്ജമാക്കുകയും ഇവർക്ക്

ഫസ്റ്റ്എയ്ഡ്, ഡിസാസ്റ്റർ മാനേജ്മെന്റ്, ഫയർ& സേഫ്റ്റി, ശാരീരികക്ഷമതാ പരിശീലനം തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്താകമാനം 15000 ഓളം യുവജനങ്ങൾക്ക് ഈ പദ്ധതിയുടെ ഭാഗമായി പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. കേരള സംസ്ഥാന യുവജന കമ്മീഷൻ സന്നദ്ധം പോർട്ടൽ വഴി യൂത്ത് ഡിഫൻസ് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ കോളേജ്/കോളനി തലങ്ങളിൽ സംഘടിപ്പിക്കുന്ന യുവജനങ്ങൾക്കുള്ള വിവിധ ബോധവൽക്കരണ പരിപാടികളിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും കമ്മീഷന്റെ മറ്റ് പദ്ധതി പ്രവർത്തനങ്ങളിലും യൂത്ത് ഡിഫൻസ് ഫോഴ്സ് സജീവമായി പ്രവർത്തിച്ച് വരുന്നു.

**സാമൂഹ്യ പ്രതിബദ്ധതയുള്ള യുവജനതയെ**

**വാർത്തെടുക്കുവാൻ പദ്ധതി**

303(609) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിന് യുവജനക്ഷേമ ബോർഡ് 'കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്' എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തിര സാഹചര്യം സംജാതമാകുന്ന പക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റിറി യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിന്മകൾക്കെതിരെ ബോധവത്ക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിലെ ബോധവത്ക്കരണം തുടങ്ങിയവ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. അപകടങ്ങളും പ്രകൃതി

ദുരന്തങ്ങളും ഉണ്ടാകുമ്പോൾ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉതകുന്ന തരത്തിൽ സേനാംഗങ്ങൾക്ക് ആവശ്യമായ സാഹസിക കായിക പരിശീലനം(സ്കൂബാ ഡൈവിംഗ്, റിവർ ക്രോസിംഗ്, റോക്ക് ക്ലൈംമ്പിഗ് മുതലായവ), ഫയർ & റസ്ക്യൂ പരിശീലനം, പ്രഥമ ശുശ്രൂഷാ പരിശീലനം എന്നിവ നൽകിയിട്ടുണ്ട്. ആകെ 2750 -ഓളം പേർക്ക് ഇതുവരെയായി സംസ്ഥാനതലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുള്ള യുവജനങ്ങളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്തുടനീളം കോളേജ്/കോളനികൾ എന്നിവ കേന്ദ്രീകരിച്ചും ക്ലബ്ബുകളുമായി സഹകരിച്ചും ബോധവത്ക്കരണ പരിപാടികളും ജില്ലാ സെമിനാറുകളും പ്രസംഗ മത്സരങ്ങളും ആയോധനകല പരിശീലനവും സംഘടിപ്പിച്ചു വരുന്നു. കൂടാതെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് സ്ത്രീധനത്തിനെതിരെ ശക്തമായ ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ദുരന്ത നിവാരണത്തിനും മഹാമാരിയെ നേരിടുന്നതിനുമായി യുവജന കമ്മീഷൻ രൂപീകരിച്ച യൂത്ത് ഡിഫൻസ് ഫോഴ്സിൽ സാമൂഹ്യ പ്രതിബന്ധതയുള്ള ഒരു കൂട്ടം യുവാക്കൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചും വരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ യുവജന ക്ലബ്ബുകളെയും മറ്റു യുവജന സംഘടനകളെയും പങ്കെടുപ്പിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ യുവജന ക്ലബ്ബുകളെയും യുവജന സംഘടനകളെയും പങ്കെടുപ്പിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനായുള്ള നടപടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 2021 ജനുവരി മാസം 26-ാം തീയതി എല്ലാ ജില്ലയിലും 14 നും 22 നും മധ്യേ പ്രായമുള്ള 20 യുവതികൾക്കു വീതം സൈബർ അവയെർനെസ്സ് ക്ലാസ്സ് ഓൺലൈനായി സംഘടിപ്പിക്കുകയുണ്ടായി. കേരള വോളന്റിറി യൂത്ത് ആക്ഷൻ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികളിലും വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ നടപ്പു സാമ്പത്തിക വർഷം യുവതീക്ലബ്ബുകൾ, ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകൾ, ട്രാൻസ് ജെൻഡേഴ്സ് ക്ലബ്ബുകൾ എന്നിവ രൂപീകരിച്ച് വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനമൊട്ടാകെ മദ്യം -

മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും പട്ടിജാതി-പട്ടികവർഗ്ഗ കോളനികളിലും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.

**യുവജനങ്ങൾക്കുള്ള പദ്ധതികൾ**

304 (610) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ  വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ മണ്ഡലത്തിൽ യുവജനക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ മണ്ഡലത്തിൽ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, സ്പോർട്സ് കിറ്റ് വിതരണം, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, രോഗികൾക്ക് അവശ്യ മരുന്നുകൾ എത്തിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച മരുന്നുവണ്ടി എന്ന

പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ, കരിയർ ഗൈഡൻസ് ക്ലാസ്സ്, യുവാ ക്ലബ്ബുകളുടെ രൂപീകരണവും ധനസഹായവും, മണിനാദം നാടൻപാട്ട്മത്സരം, യുവതലമുറ കൃഷിയിലേയ്ക്ക് പദ്ധതി - ധനസഹായം, സ്പീക്ക് യംഗ് പ്രോഗ്രാം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ യുവജനങ്ങൾക്ക് പ്രയോജനകരമായിട്ടുള്ള ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നടപ്പു വർഷവും സംസ്ഥാനത്താകമാനമായി വിവിധ പദ്ധതികൾ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ടി മണ്ഡലത്തിലും വിവിധ പദ്ധതികൾ നടപ്പിൽ വരുത്തുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 എ.എം.]

## II അടിയന്തരപ്രമേയം

### സഹകരണ ബാങ്ക് തട്ടിപ്പ്

മി. സ്പീക്കർ: തൃശ്ശൂർ കരുവന്നൂർ സഹകരണ ബാങ്ക് അധികൃതർ നടത്തിയ സാമ്പത്തിക തട്ടിപ്പുമൂലവും ബാങ്കിൽനിന്നും ജപ്തി നടപടി നേരിടേണ്ടിവന്ന വ്യക്തി ആത്മഹത്യ ചെയ്തതുമൂലവും നിക്ഷേപകർക്ക് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 2014 മുതൽ 2020 വരെയുള്ള കാലയളവിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ച് 14-07-2021-ൽ ഇപ്പോഴത്തെ സെക്രട്ടറി ശ്രീമതി ശ്രീകല ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ഹാജരായി ഒരു മൊഴി നൽകിയിരുന്നു. വ്യവസ്ഥകൾക്ക് വിരുദ്ധമായി വായ്പ നൽകൽ, വ്യാജ വിലാസത്തിൽ അംഗത്വം നൽകൽ, വസ്തു ഉടമകൾ

അറിയാതെ അവരുടെ പേരിൽ വായ്പ മറ്റ് പലർക്കും അനുവദിക്കൽ, ബാങ്കിന്റെ സൂപ്പർമാർക്കറ്റിലുണ്ടായ ക്രമക്കേടുകൾ, കമ്പ്യൂട്ടറുകളിൽ തിരുത്തലുകൾ വരുത്തൽ, പരിധിക്ക് പുറത്തുള്ള ഭൂമി അറ്റാച്ച് ചെയ്ത് അതിന്മേൽ ഉടമസ്ഥർ അറിയാതെ വീണ്ടും വായ്പ നൽകൽ തുടങ്ങിയവയാണ് ബാങ്കിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ. ഇതിലൂടെ ബാങ്കിനുണ്ടായിട്ടുള്ള നഷ്ടവും ഇതിലെ ക്രമവിരുദ്ധമായതും ക്രിമിനൽ സ്വഭാവമുള്ളതുമായ നടപടികളും ചൂണ്ടിക്കാണിച്ച് കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 406, 409, 420, 465, 34 എന്നീ വകുപ്പുകൾ അനുസരിച്ച് ക്രൈം നമ്പർ 650/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി 20-07-2021-ൽ Order No.66/CIMB/2021/R പ്രകാരം കേസിന്റെ അന്വേഷണ ചുമതല തൃശ്ശൂർ റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ഏൽപ്പിച്ചു. അതിനുശേഷം 21-07-2021-ൽ സംസ്ഥാന പോലീസ് മേധാവിയുടെ D3 108924/21/PHQ എന്ന ഉത്തരവ് പ്രകാരം കേസിന്റെ അന്വേഷണം സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. 21-07-2021-ൽ ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 165/2021 ആയി റീ-രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ച് തൃശ്ശൂർ

യൂണിറ്റ് എസ്.പി.-യെ ചുമതലപ്പെടുത്തിയിരുന്നു.

22-07-2021-ലാണ് തൃശ്ശൂർ പൊറത്തിശ്ശേരി വില്ലേജിൽ കരുവന്നൂർ സ്വദേശിയായ 61 വയസ്സുള്ള മുകുന്ദൻ രാവിലെ 7.00 മണിക്ക് വീട്ടിൽ തൂങ്ങിമരിച്ചതായി കാണപ്പെട്ടത്. ഇതുസംബന്ധിച്ച് സഹോദരനായ നന്ദനന്റെ മൊഴിപ്രകാരം ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 694/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിനുവേണ്ടി സഹോദരൻ നൽകിയ മൊഴിയിൽ മുകുന്ദന് ബാങ്ക് ലോൺ കുടിശ്ശിക ഉണ്ടായിരുന്നതായും അതുമൂലമുള്ള അദ്ദേഹത്തിന്റെ മാനസികാവസ്ഥയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മൃതദേഹം ഇൻക്വസ്റ്റ് നടത്തി പോസ്റ്റ്മോർട്ടം ചെയ്ത് ബന്ധുക്കൾക്ക് വിട്ടുനൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ അന്വേഷണം നടത്തുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ജോയിന്റ് രജിസ്ട്രാർ അന്വേഷണം നടത്തിയിരുന്നു. അതിൽ ബാങ്കിൽ 401 കോടി രൂപയുടെ നിക്ഷേപവും ഏതാണ്ട് 404 കോടി രൂപയുടെ വായ്പ കുടിശ്ശികയും 43.64 കോടി രൂപയുടെ ഡി.സി.ബി. വായ്പയുമുണ്ടെന്നാണ് കണ്ടെത്തിയത്. അഞ്ച് ശാഖകളും മൂന്ന് സൂപ്പർമാർക്കറ്റുകളും ഒരു നീതിസ്റ്റോറും ഏതാണ്ട് 27 ജീവനക്കാരും 13 അംഗ ഭരണസമിതിയുമായിരുന്നു ബാങ്കിനുണ്ടായിരുന്നത്. 16-01-2019-ൽ

ലഭ്യമായ പരാതിയുടെ അടിസ്ഥാനത്തിൽ 28-01-2019-ൽ മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തിയിരുന്നു. 31-08-2019-ൽ സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണവും നടന്നിരുന്നു. അതിന്റെ റിപ്പോർട്ട് ലഭ്യമായപ്പോഴാണ് 104.37 കോടി രൂപയുടെ ക്രമക്കേടാണ് അവിടെ നടന്നതെന്ന് വ്യക്തമായത്. ഈ ക്രമക്കേടുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. ബാങ്കിലെ ജീവനക്കാരായ സെക്രട്ടറി സുനിൽ, മാനേജർ ബിജു, സീനിയർ അക്കൗണ്ടന്റ് ജിൽസ്, ഡയറക്ടർ ബോർഡംഗം കിരൺ, കമ്മീഷൻ ഏജന്റ് ബിജോയ്, സൂപ്പർമാർക്കറ്റിലെ അക്കൗണ്ടന്റ് റെജി അനിൽ എന്നിവർ ചേർന്നാണ് ഈ തട്ടിപ്പ് നടത്തിയതെന്നാണ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്. ഇവരെയെല്ലാം സസ്പെൻഡ് ചെയ്ത് അന്വേഷണത്തിന് വിധേയരാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പിന്റെ സമഗ്രമായ അന്വേഷണവും നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് രജിസ്ട്രാർ നേരിട്ട് അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് പറയുന്നതുപോലെതന്നെ അവർ ഒരിക്കലും ഈ തട്ടിപ്പ് നിർത്തിയിട്ടില്ലായിരുന്നു എന്നതിന്റെ തെളിവാണ് നൂറ് കോടി രൂപ

എന്നുള്ളത് മൂന്നൂറും മുന്നൂറ്റമ്പതും കോടി രൂപയായി വർദ്ധിച്ചത്. കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ ബാങ്ക് കൊള്ളയ്ക്കാണ് സി.പി.ഐ.(എം.) നിയന്ത്രണത്തിലുള്ള ഭരണസമിതി നേതൃത്വം നൽകിയിരിക്കുന്നത്. ഇത് കേട്ടുകേൾവിയില്ലാത്ത തരത്തിലുള്ള അഴിമതിയാണ്. ലോക്ഡൗൺ കാലത്ത് ആളുകൾ വീട്ടിലിരുന്ന് നെറ്റ്ഫ്ലിക്സിലും മറ്റ് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലുമെല്ലാം സീരീസുകളാണ് കാണുന്നത്. അതിൽ heist series-കൾക്കാണ് ഏറ്റവും കൂടുതൽ പ്രേക്ഷകരുള്ളതെന്നാണ് പല റിപ്പോർട്ടുകളും പറയുന്നത്. ആ heist series-കളെ നാണംകെടുത്തുന്ന തരത്തിലുള്ള തട്ടിപ്പിന്റെ പരമ്പരയാണ് ഈ ബാങ്കിൽ സി.പി.ഐ.(എം.) നേതൃത്വത്തിന്റെ അറിവോടെ നടന്നിരിക്കുന്നതെന്നുള്ള അതീവ ഗുരുതരമായ സാഹചര്യമാണ് നിലനിൽക്കുന്നത്. കുറേ വർഷം പ്രവാസലോകത്ത് അദ്ധ്വാനിച്ച് പണമുണ്ടാക്കിയ ഒരു കുടുംബം ഇരിങ്ങാലക്കുടയിൽ വന്ന് കുറച്ച് സ്ഥലം വാങ്ങി ഒരു സംരംഭം തുടങ്ങാൻ നാഷണലൈസ്ഡ് ബാങ്കിൽ ലോണിനുവേണ്ടി പോകുകയാണ്. ലോണിനുവേണ്ടി വരുന്നവരെ അവിടെവച്ച് അരുൺ കിരൺ എന്നയാൾ പരിചയപ്പെട്ടുകയും "എന്തിനാണ് നാഷണലൈസ്ഡ് ബാങ്കുകളുടെ നൂലാമാലകളുടെ പുറകിൽ നടന്ന് കഷ്ടപ്പെടുന്നത്, ഞാൻ ലോൺ ഇപ്പോൾ ശരിയാക്കിത്തരാം" എന്നുപറഞ്ഞ്

അവരെയുംകൂട്ടി നേരെ പോകുന്നത് കരുവന്നൂരിലെ ഈ ബാങ്കിലേയ്ക്കാണ്. അവിടെപോയി ഡോക്യുമെന്റുകൾ പരിശോധിച്ച് അതിന്റെ കോപ്പി അവിടെ വാങ്ങിവയ്ക്കുകയും വർഷാവസാനമായതുകൊണ്ട് കുറച്ച് ദിവസത്തെ സാവകാശം തരണം, ലോൺ പെട്ടെന്ന് ശരിയാക്കിത്തരാമെന്ന് പറഞ്ഞ് അവരെ തിരിച്ചയയ്ക്കുകയുമാണ് ചെയ്തത്. പിന്നീട് പലതവണ അവർ വിളിച്ചിട്ടും ഡോക്യുമെന്റിന്റെ കോപ്പിയും ലോണും കൊടുക്കാത്തതിനാൽ ലോൺ വേണ്ടെന്നുപറഞ്ഞ് മാറിനിന്ന അവർക്ക് കഴിഞ്ഞ ദിവസം ഒരു നോട്ടീസ് വന്നു. ആ ബാങ്കിൽനിന്നും എടുത്ത മൂന്ന് കോടി രൂപ എത്രയും വേഗം തിരിച്ചടച്ചില്ലെങ്കിൽ സ്ഥലം ജപ്തി ചെയ്യുമെന്നതായിരുന്നു നോട്ടീസ്. ഒരു രൂപയുടെ വായ്പ പോലും എടുക്കാത്ത, ഒരു രൂപയുടെ സഹായം കൊടുക്കാത്ത ബാങ്കിൽനിന്നും മൂന്ന് കോടി രൂപ തിരിച്ചടച്ചില്ലെങ്കിൽ അവർ ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചുണ്ടാക്കിയ വസ്തുവകകൾ ജപ്തി ചെയ്ത് കൊണ്ടുപോകുമെന്നാണ് അറിയിപ്പ് കൊടുത്തത്. ഇതുപോലെ ഒരു കേസ്സല്ല, നിരവധി കേസ്സുകളാണ് ഇത്തരത്തിൽ തട്ടിപ്പിനിരയായ ആളുകൾക്ക് പറയാനുള്ളത്. സമാനതകളില്ലാത്ത തട്ടിപ്പുകളാണ് ആ ബാങ്കിൽ നടന്നിട്ടുള്ളത്. ഇത് പെട്ടെന്നുണ്ടായ ഒരു കാര്യമല്ല. വർഷങ്ങളായി ഈ തട്ടിപ്പ് നടക്കുന്നത് പാർട്ടിക്ക് അറിയാവുന്നതാണ്. പാർട്ടി ജില്ലാ സെക്രട്ടറി

അന്വേഷണ കമ്മീഷനെ പ്രഖ്യാപിച്ച് ഒരു മുൻ എം.പി.-യെയും ഏരിയ സെക്രട്ടറിയുൾപ്പെടെയുള്ളവരെയും അവിടെ അന്വേഷണത്തിന് അയച്ച് അവർ അന്വേഷണം നടത്തി ഈ തട്ടിപ്പ് നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് കൊടുത്തിട്ടുമെല്ലാം ഈ ഭരണസമിതിയെ പിരിച്ചുവിടാനോ അവർക്കെതിരെ നടപടി തുടങ്ങാനോ ഈ തട്ടിപ്പ് അവസാനിപ്പിക്കാനോ ശ്രമിച്ചിട്ടില്ല. ഇതിനൊക്കെ കൂട്ടുനിന്ന് പ്രോത്സാഹിപ്പിച്ച് നൂറുകണക്കിന് കോടി രൂപയുടെ നഷ്ടം സാധാരണക്കാർക്ക് വരുത്തിവച്ചതിൽ അധികാരത്തിന് പങ്കില്ലെന്നും കേവലം പ്രാദേശികമായി മാത്രം നടന്ന കാര്യമാണതെന്നും പറഞ്ഞാൽ എങ്ങനെയാണ് ജനങ്ങൾ വിശ്വസിക്കുന്നത്? Monthly Deposit Scheme(MDS) അഥവാ മാസക്കുറിയിൽ അവിടെ ആളുകളെ ചേർക്കുന്നുണ്ട്. MDS നിബന്ധനയനുസരിച്ച് ഒരാൾക്ക് നിശ്ചിത ടോക്കൺ മാത്രമേ കൊടുക്കാവൂ എന്നുണ്ട്. ഇവർ ചെയ്യുന്നതെന്താണ്? ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമായിരിക്കും. ഒരാൾക്ക് നൂറ് ടോക്കൺ, വേറൊരാൾക്ക് അൻപത് ടോക്കൺ എന്നിങ്ങനെ രണ്ടുപേർ ചേർന്ന് 150 ടോക്കൺ എടുക്കുകയാണ്. 150 നറുക്കിൽനിന്ന് നറുക്കെടുപ്പ് നടക്കുമ്പോൾ ആദ്യം കിട്ടുന്നത് മിക്കവാറും ഇവർക്ക് തന്നെയായിരിക്കും. അങ്ങനെ കൊടുക്കാൻ പാടില്ലെന്ന

നിയമമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമല്ലോ. അങ്ങനെ വരുമ്പോൾ കുറിയുടെ ഏതാണ്ട് തുക ഇവരുടെ കയ്യിലേയ്ക്ക് തന്നെവരും. പിന്നീട് ഇവർ കുറി തിരിച്ചടയ്ക്കില്ല. 10000 രൂപ വച്ച് 100 നറുക്കിന്റെ പത്ത് ലക്ഷം രൂപയുടെ കുറിയാണ്. അതിൽ 150 നറുക്ക് രണ്ടുപേർക്കായി കൊടുക്കുകയാണ്. അതിലും കോടികളുടെ ബാദ്ധ്യത ബാങ്കിന് വന്നുചേരുകയാണ്. അവിടെയുള്ള ചില ആളുകൾക്ക് കൊടുത്ത ലോണിന്റെ തുക മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കരുവന്നൂർ ബാങ്കിന്റെ ഹെഡ് ഓഫീസ് മാനേജർ ബിജു കരീം അറിയപ്പെടുന്ന സി.പി.ഐ.(എം.) അനുഭാവിയാണ്. 50 ലക്ഷം രൂപയാണ് ഒരാൾക്ക് പരമാവധി കൊടുക്കാൻ കഴിയുന്ന ലോൺ തുക. ബിജു കരീമിന്റെ നേതൃത്വത്തിൽ അങ്ങനെയുള്ള 52 ലോണുകൾ കൊടുത്തിരിക്കുകയാണ്. ഏകദേശം 26 കോടി രൂപയാണ് ഒരാൾക്ക് കൊടുത്തിരിക്കുന്നത്. ബിനാമി പേരിലും സ്വന്തം പേരിലും പലതരത്തിലുമുള്ള തട്ടിപ്പുകൾ അവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവർ തന്നെ നടത്തുന്ന ഒരു സൂപ്പർ മാർക്കറ്റുമുണ്ട്. അവിടത്തെ ചീഫ് അക്കൗണ്ടന്റായ ഡി.വൈ.എഫ്.ഐ. നേതാവ് സി. കെ. ജിൽസിന്റെ പേരിൽ 13 കോടി രൂപയുടെ ലോൺ അനുവദിച്ചിരിക്കുകയാണ്. ഇവർ തന്നെ നടത്തുന്ന റബ്കോ എന്ന സംഘത്തിൽ ജോലി ചെയ്യുന്ന

സി.പി.ഐ.(എം.)-ന്റെ അറിയപ്പെടുന്ന നേതാവായ ബിജോയുടെ പേരിൽ 50 ലക്ഷം രൂപയുടെ 52 ലോണുകളിലായി 26 കോടി രൂപയുണ്ട്. ഈ തട്ടിപ്പിൽ ഇടനിലക്കാരനായി ബാങ്കിന്റെ പരിധിക്ക് പുറത്ത് നിൽക്കുന്ന അരുൺ കിരണിന്റെ പേരിൽ 50 ലക്ഷം രൂപയുടെ 46 ലോണുകളിലായി ഏതാണ്ട് 23 കോടി രൂപയുണ്ട്. ബിനാമി പേരിലും അല്ലാതെയുമായി 379 അനധികൃത ലോണുകൾ ഒരു പ്രദേശത്തിന്റെ പരിധിയിൽമാത്രം പ്രവർത്തിക്കാൻ അനുമതിയുള്ള സ്ഥാപനം തിരുവനന്തപുരത്തെ പേട്ട മുതൽ വയനാട് വരെയുള്ള ജില്ലകളിലുള്ളവർക്ക് കള്ളത്തരത്തിലൂടെ ലോൺ കൊടുത്തുകൊണ്ടിരിക്കുകയാണ്. എത്ര കോടി രൂപയുടെ തട്ടിപ്പാണ് നടന്നിരിക്കുന്നത്? സാധാരണ ഇത്രയും വലിയ ബാങ്ക് തട്ടിപ്പ് നടന്നാൽ ഭരണസമിതി പിരിച്ചുവിടും, നടപടികളുണ്ടാകും, കേസ്സെടുക്കും, എക്സിക്യൂഷൻ പെറ്റീഷൻ കൊടുക്കും. ഇതൊക്കെയാണ് നമുക്ക് പരിചയമുള്ള നടപടിക്രമങ്ങൾ. ഇവിടെ അസിസ്റ്റന്റ് രജിസ്ട്രാർ (എ.ആർ.) 2018-2019-ൽ റിപ്പോർട്ട് ചെയ്തു. സെക്ഷൻ 65 അനുസരിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ടിൽ തട്ടിപ്പ് നടക്കുന്നുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തു. ഇതുമായി ബന്ധപ്പെട്ട് അവിടെ പത്തുപതിനഞ്ച് ധർണ്ണകൾ നടന്നു. തട്ടിപ്പ് നടക്കുന്നുണ്ടെന്ന് പരാതി കൊടുത്ത ഡി.വൈ.എഫ്.ഐ.ക്കാരനെ

ജോലിയിൽനിന്ന് പിരിച്ചുവിട്ടുവെന്ന് മാത്രമല്ല ബി.ജെ.പി. പ്രവർത്തകനായി അയാൾ മാറുന്ന അവസ്ഥയിലേയ്ക്ക് ശത്രുതാപരമായ നിലപാടുകളാണ് അയാളോട് സ്വീകരിച്ചത്. പാർട്ടി ജില്ലാ സെക്രട്ടറി വന്ന് അന്വേഷണം നടത്തി തട്ടിപ്പ് ബോദ്ധ്യപ്പെട്ടു. എന്നാൽ നടപടിയുണ്ടായില്ല. സർക്കാർ ഇടപെട്ടില്ല. പാർട്ടിയുടെ പുതിയ ജില്ലാ സെക്രട്ടറി വന്നു, തട്ടിപ്പ് ബോദ്ധ്യപ്പെട്ടു. നടപടികളുണ്ടായില്ല. സർക്കാർ തലത്തിലേയ്ക്ക് നടപടികൾ പോയില്ല. അവസാനം എക്സ്-എം.പി.-ആയ ശ്രീ. പി. കെ. ബിജുവും ശ്രീ. പി. കെ. സാജൻ എന്ന നേതാവും ഇപ്പോഴത്തെ ജില്ലാ സെക്രട്ടറി ചുമതലപ്പെടുത്തിയതുപ്രകാരം സ്ഥലത്തുവന്ന് മൂന്ന് ദിവസം അന്വേഷണം നടത്തി. സമാനതകളില്ലാത്ത തട്ടിപ്പാണ് നടന്നിട്ടുള്ളതെന്ന് അവർക്കും ബോദ്ധ്യപ്പെട്ടു. ആ സമയത്തും സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു നടപടിയുമുണ്ടായില്ല. ഈ ബാങ്കുമായി ബന്ധപ്പെട്ട് സൂപ്പർ മാർക്കറ്റുകളും മെഡിക്കൽ ഷോപ്പുകളും തുടങ്ങി. ഒരു സൂപ്പർ മാർക്കറ്റിൽ അവർ പരിശോധന നടത്തി. 3 കോടി രൂപ നിക്ഷേപമുള്ള സൂപ്പർ മാർക്കറ്റിൽ ഒരു വർഷം 1 കോടി 69 ലക്ഷം രൂപ വെട്ടിച്ചു. സ്റ്റോക്ക് പരിശോധിച്ചപ്പോൾ അത്തരത്തിലൊരു സാധനമേ അവിടെയില്ല. നൂറിലധികം നോട്ടീസുകൾ അയച്ചത് മടങ്ങിവരികയാണ്. കാരണം അങ്ങനെയുള്ള ആളുകളേയില്ല.

പിന്നെ ആർക്കാണ് നോട്ടീസ് കൊടുക്കുന്നത്? അങ്ങനെയൊരു വ്യക്തി ജീവിച്ചിരിക്കുന്നെങ്കിലല്ലേ നോട്ടീസ് കൊടുക്കാൻ സാധിക്കുകയുള്ളൂ. പേര് പോലും യഥാർത്ഥമല്ല, ഭാവനയായിരുന്നു. പാവപ്പെട്ട അഞ്ച് സി.ഐ.ടി..യു.-ക്കാരുടെ പേരിൽ ലക്ഷങ്ങളും കോടികളും തട്ടിച്ചെടുത്തിരിക്കുകയാണ്. അത് അവർ അറിഞ്ഞിട്ടില്ല. ഓട്ടോറിക്ഷ ഓടിക്കുന്ന സി.പി.ഐ.(എം.)-ന്റെ അനുഭാവികളായ ആളുകളുടെ പേരിൽ ലക്ഷങ്ങൾ തട്ടിയെടുത്തിരിക്കുകയാണ്, അതും അവർ അറിഞ്ഞിട്ടില്ല. പെയിന്റിംഗ് പണിക്ക് പോകുന്നവരുടെയും പാവപ്പെട്ട തൊഴിലാളികളുടെയുമൊക്കെ പേരിൽ മൃഗീയമായ തട്ടിപ്പ് നടന്നിരിക്കുകയാണ്. ഓരോ കാര്യങ്ങൾ പരിശോധിക്കുമ്പോഴും കേട്ടുകേൾവിയില്ലാത്ത വിധത്തിലുള്ള തട്ടിപ്പുകളാണ് നടത്തിയിരിക്കുന്നതെന്ന് കാണാൻ കഴിയും. കാലാകാലങ്ങളിൽ അതിന് കൊടുത്ത പിന്തുണ അറിഞ്ഞിട്ടും അതിശക്തമായ നടപടിയെടുക്കാതെ രഹസ്യമാക്കി പൂഴ്ത്തിവയ്ക്കാനും ഒതുക്കിവയ്ക്കാനും നടത്തിയ ശ്രമങ്ങളെല്ലാംകൂടി ചേർന്ന് തട്ടിപ്പിനെ വ്യവസായവൽക്കരിച്ച് കേരളത്തിൽ തിരുവനന്തപുരം മുതൽ വയനാട് വരെ ഇത് വ്യാപിപ്പിക്കാനുള്ള അവസരമാണ് ഒരുക്കി കൊടുത്തത്. പോലീസിനോ ക്രൈം ബ്രാഞ്ചിനോ അന്വേഷണം

കൊടുക്കുന്നതിനുമുമ്പ്, ഭരണസമിതി പിരിച്ചുവിടുന്നതിനുമുമ്പ് പാർട്ടി നടത്തുന്ന അന്വേഷണത്തിൽ ഒതുക്കിത്തീർക്കാൻ ശ്രമിച്ചതിന്റെ തിക്തഫലമാണ് അവിടെ രാവിലെ 5 മണി മുതൽ അല്ലെങ്കിൽ തലേദിവസം രാത്രി 10 മണി മുതൽ പണം തിരിച്ചുകിട്ടാനായി, 10,000/- രൂപയുടെ ടോക്കണുവേണ്ടി ആളുകൾ ക്യൂ നിൽക്കുന്നത്. ഈ നാട്ടിലെ സഹകരണ സംഘങ്ങളെ തകർക്കാൻ ബോധപൂർവ്വമായ അജണ്ട സൃഷ്ടിക്കുന്നവർക്ക് തങ്ങളെ തല്ലാനും കൊല്ലാനുമുള്ള വടി വിട്ടുകൊടുത്തിട്ട് പിന്നെ കയ്യും കാലുമിട്ട് അടിച്ചിട്ട് കാര്യമില്ല. ഈ സർക്കാരിന്റെ ഇത്രയും ഗുരുതരമായ വീഴ്ചകൾക്ക് നേരെ കണ്ണടച്ചവരെ താക്കീത് ചെയ്യാൻ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പ്രതിപക്ഷം ആഗ്രഹിക്കുകയാണ്. പുതിയതായുണ്ടായ സഹകരണ മന്ത്രാലയത്തിന്റെ തലപ്പത്തിരിക്കുന്ന ആളുകൾ, നോട്ട് നിരോധനത്തിന്റെ സമയത്ത് 3000 കോടി രൂപയുടെ കള്ളപ്പണം വെളുപ്പിക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ വരെ കേൾപ്പിക്കാൻ ഇടയായവർ, കേരളത്തിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും തകർക്കാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ അധികാരത്തിന്റെ തണൽ ഇത്തരം ക്രിമിനലുകൾക്ക് നിരന്തരമായി ഒരുക്കി കൊടുക്കുകയാണ്. സ്വർണ്ണക്കടത്ത്, കള്ളക്കടത്ത്, പീഡനം,

കൊലപാതകം, ക്വട്ടേഷൻ എന്നീ കേസ്സുകളാണെങ്കിലും ഗോവിന്ദചാമിക്ക് ആളൂരെന്നപോലെയാണ് ക്രിമിനലുകൾക്ക് ഈ സർക്കാർ. ഹോൾസെയിലായാണ് വക്കാലത്തെടുക്കുന്നതെന്നത് ആർക്കും നിഷേധിക്കാൻ കഴിയില്ല. കേരളത്തിലെ സഹകരണ മേഖലയുടെ വിശ്വാസ്യതയെ തകർക്കുന്ന ഈ വഞ്ചന സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് കേരളത്തിലെ ഓരോ സഹകരണ സ്ഥാപനത്തിനുവേണ്ടിയും ഞങ്ങൾ ആവശ്യപ്പെടുകയാണ്.

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നത്തിലെ ഉള്ളടക്കം ഞാൻ ആദ്യം സൂചിപ്പിച്ചു. സർക്കാർ ഒന്നും മറച്ചുവച്ചിട്ടില്ല. സർക്കാരിന്റെ മുമ്പാകെ പരാതി കിട്ടിയ സന്ദർഭത്തിൽതന്നെ അന്വേഷണത്തിന് ഉത്തരവിട്ടു. അന്വേഷണ റിപ്പോർട്ട് വന്നയുടൻതന്നെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 65-ാം വകുപ്പനുസരിച്ചുള്ള അന്വേഷണ റിപ്പോർട്ട് വന്ന് ആരൊക്കെയാണ് കുറ്റക്കാരെന്ന് കണ്ടെത്തി, നോട്ടീസ് കൊടുത്ത് 68-ാം വകുപ്പനുസരിച്ച് ഹിയറിങ് നടത്തിയതിനുശേഷമാണ് ഒരു സഹകരണ സംഘം പിരിച്ചുവിടുന്നത്. പരാതി കിട്ടി അന്വേഷണം നടത്തിയതും തുടർന്ന് ഹിയറിങ് നടത്തി പിരിച്ചുവിട്ടതുമൊക്കെ ഒരു കാലതാമസവും വരുത്താതെ കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച് ഈ സർക്കാർ

പൂർത്തീകരിച്ചിരിക്കുന്നു. അതുപോലെ ഇതിലെ ഒരു കുറ്റവാളിയെയും രക്ഷപ്പെടാൻ സർക്കാർ അനുവദിക്കില്ല. ഈ സർക്കാരിന്റെ നിലപാട് നിങ്ങൾക്കറിയാം. അഴിമതിയോട് ഒരു വിട്ടുവീഴ്ചയുമില്ല. ശ്രീ. പി. ടി. തോമസ്, താങ്കൾ ചിരിക്കേണ്ട. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തിയത്..... (...ബഹളം...). തൃശ്ശൂർ ജില്ലയിലെ മറ്റൊരു ബാങ്കിനെക്കുറിച്ച് ഞാൻ പറയാം. നിങ്ങൾ ബഹളം വച്ച് ഇതെല്ലാം എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഞാൻ മര്യാദയ്ക്കാണ് മറുപടി പറയുന്നത്. മര്യാദയ്ക്ക് മറുപടി പറയുമ്പോൾ നിങ്ങളത് കേൾക്കാൻ തയ്യാറാകണം. ഈ വിഷയത്തിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് ഒരാളെയും രക്ഷപ്പെടാൻ ഈ സർക്കാർ അനുവദിക്കില്ല. സസ്പെൻഡ് ചെയ്തവരുടെ പേരുകളെല്ലാം ഞാൻ ഇവിടെ സൂചിപ്പിച്ചു. പോലീസ് കേസ്സെടുത്തിട്ടുണ്ട്. വകുപ്പുതല നടപടിയും സിവിൽ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ എല്ലാതരത്തിലുമുള്ള നടപടിയും സ്വീകരിച്ച് കുറ്റവാളികളെ നിയമത്തിന്റെ ദൃഷ്ടിയിൽ കൊണ്ടുവരും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മുകുന്ദൻ ആത്മഹത്യ ചെയ്ത വിഷയത്തിൽ നമുക്കെല്ലാം വേദനയുണ്ട്. അത് സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. യഥാർത്ഥ സംഭവമെന്താണെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. മുകുന്ദൻ 16 സെന്റ് ഭൂമി പണയം വച്ച് 50

ലക്ഷം രൂപ ബാങ്കിൽനിന്ന് ലോണെടുത്തു. രണ്ടാമത് അദ്ദേഹത്തിന്റെ സഹോദരിയുടെ മകൻ സുധീഷിനെക്കൊണ്ട് അതേ 16 സെന്റ് ഭൂമി പണയം വച്ച് 30 ലക്ഷം രൂപ കൂടിയെടുത്തു. അങ്ങനെ മൊത്തം 80 ലക്ഷം രൂപയായി. ആ തുകയ്ക്ക് പലിശയിനത്തിൽ 18 ലക്ഷത്തിലധികം രൂപവരും. അങ്ങനെ മൊത്തം 98 ലക്ഷം രൂപ വരും. ബാങ്ക് ഒരു നടപടിയും സ്വീകരിച്ചില്ല. പക്ഷേ ആർബിട്രേഷൻ ഫയൽ ചെയ്തിരുന്നു. Arbitration hearing-നുവേണ്ടി നോട്ടീസ് അയച്ചുവെന്നുള്ളതല്ലാതെ ബാങ്കിൽനിന്നും ഒരു നോട്ടീസും പോയില്ല. അദ്ദേഹം ഹാജരാകുകയും ലോൺ എടുത്തിട്ടുണ്ടെന്ന് സമ്മതിക്കുകയും ചെയ്തു. മറ്റൊരു കാര്യംകൂടി പറയാനുള്ളത്, ആ വ്യക്തി പൊറത്തിശ്ശേരി പഞ്ചായത്തിലെ മുൻ കോൺഗ്രസ് പഞ്ചായത്തംഗമായിരുന്നു. ഞാൻ രാഷ്ട്രീയം പറയുകയല്ല, ബാങ്കിൽനിന്നും വായ്പയെടുത്ത വ്യക്തിയുടെ ബാക്ക്ഗ്രൗണ്ട് നിങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഇതെല്ലാം പറയുന്നത്. ..... (ബഹളം)......നടന്ന സംഭവമല്ലേ പറയുന്നത്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം.........(ബഹളം)........ 98 ലക്ഷം രൂപ അടയ്ക്കാനുള്ള ഒരുവ്യക്തിയുടെ പേരിൽ ആർബിട്രേഷൻ ഫയൽ ചെയ്യുണ്ടേ; അതല്ലാതെ ബാങ്കിന്റെ ഭാഗത്തുനിന്നും ഒരു നടപടിയോ ജപ്തിയോ ഉണ്ടായിട്ടില്ല.

ഇങ്ങനെയാണ് ആത്മഹത്യ ചെയ്ത സംഭവമുണ്ടായിട്ടുള്ളത്. ഇതാണ് വസ്തുതാപരമായ റിപ്പോർട്ട്. ബാങ്കിനെ സംബന്ധിച്ചിടത്തോളം, അവർ ചെയ്തിട്ടുള്ള ക്രമക്കേടുകൾ ഓരോന്നായി ഞാൻ ഇവിടെ സൂചിപ്പിച്ചു. ഒൻപത് കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. അത് വളരെ വ്യക്തമായി ചാർജ്ജ് ചെയ്തുകൊണ്ട് ബാക്കി നടപടികളിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. ഇതിൽ ഒരാളെയും രക്ഷപ്പെടാൻ അനുവദിക്കില്ല. യു.ഡി.എഫ്. ഭരിക്കുമ്പോഴായാലും എൽ.ഡി.എഫ്. ഭരിക്കുമ്പോഴായാലും അഴിമതി നടന്നാൽ മെറിറ്റടിസ്ഥാനത്തിൽ കൃത്യമായ നടപടി സ്വീകരിക്കും. അല്ലാതെ പാർട്ടി ഏതാണെന്ന് നോക്കിയല്ല നടപടി സ്വീകരിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ പുത്തൂർ ബാങ്ക് ഇപ്പോൾ അടച്ചിട്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാം. കോൺഗ്രസ് പാർട്ടി ഭരിച്ചിരുന്ന ബാങ്കാണത്. ആ ബാങ്കിൽ ഇതുപോലെയുള്ള ക്രമക്കേടുകൾ നടന്നു. ആ ക്രമക്കേടിനെക്കുറിച്ച് അന്വേഷണം നടത്തി. ഇപ്പോൾ ബാങ്കിന്റെ ഭരണം നടത്തുന്നത് അഡ്മിനിസ്ട്രേറ്ററാണ്. തൃശ്ശൂർ ജില്ലയിൽ എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും ബാങ്കുകളിൽ ഇതുപോലെയുള്ള സംഭവങ്ങൾ നടന്നിട്ടുണ്ട്. ഏതുവിഭാഗത്തിൽപ്പെട്ട ആളുകൾ ക്രമക്കേട് നടത്തിയാലും തെറ്റ് തെറ്റുതന്നെയാണ്. അതാണ് ഈ സർക്കാരിന്റെ നയം.

തെറ്റിനെതിരെയുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിൽ ഏതെങ്കിലും തരത്തിൽ ആരെയും രക്ഷപ്പെടാൻ അനുവദിക്കില്ല. ഞങ്ങളുടെ പാർട്ടി അന്വേഷണം നടത്തുന്നതിനെ സംബന്ധിച്ച് നിങ്ങൾക്ക് കൃത്യമായി അറിയില്ലേ; ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടോ അഴിമതിയോ നടന്നിട്ടുണ്ടെന്ന് കേട്ടാൽ അതിനെ മൂടിവയ്ക്കുന്ന സ്വഭാവം ഞങ്ങൾക്കില്ല. അന്വേഷിച്ച് അതിൽ ഏതെങ്കിലും തരത്തിലുള്ള വസ്തുതയുണ്ടോയെന്ന് പരിശോധിക്കും. വസ്തുതയുണ്ടെങ്കിൽ അക്കാര്യത്തിൽ നടപടി സ്വീകരിക്കും. അത്തരത്തിൽ നിലവാരവും നിലപാടുമുള്ള പാർട്ടിയാണ് ഞങ്ങളുടെ പാർട്ടിയെന്നുള്ളതുകൊണ്ടാണ് അക്കാര്യങ്ങളെല്ലാം ചെയ്യുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങനെയൊരു അന്വേഷണം നടത്തിയതിനെ നിങ്ങൾ അവഹേളിക്കേണ്ടതില്ല. ഇവിടെ കുറ്റക്കാർ ആരായിരുന്നാലും മുഖം നോക്കാതെ നടപടിയെടുക്കുമെന്നുള്ളതിന്റെ സൂചനയാണ് ഇക്കാര്യങ്ങളിൽ സംഭവിച്ചിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. എല്ലാതരത്തിലുള്ള അന്വേഷണവും നടത്തുന്നുണ്ട്. കുറ്റക്കാർ ആരായിരുന്നാലും അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കും.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിന്റെ ചരിത്രത്തിൽ സംഭവിച്ച ഏറ്റവും വലിയ മരം കൊള്ളയെക്കുറിച്ച് സംസാരിച്ച് ഒരുമണിക്കൂർ തികയുന്നതിനുമുമ്പ് നമ്മുടെ സംസ്ഥാനം കണ്ട ഏറ്റവും വലിയ സഹകരണ ബാങ്ക് തട്ടിപ്പിനെക്കുറിച്ച് സംസാരിക്കേണ്ട ഗതികേടാണ് നമുക്കുണ്ടായിരിക്കുന്നത്. സിവിലായും ക്രിമിനലായും ഡിപ്പാർട്ടുമെന്റലായുമുള്ള എല്ലാനടപടികളും സ്വീകരിച്ചുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. 2018-ൽ പുറത്തുവന്ന സംഭവമാണിത്. 2018 മുതൽ പാർട്ടി അന്വേഷിച്ചുകൊണ്ടിരിക്കുന്ന സംഭവമാണിത്. കഴിഞ്ഞ ദിവസം കേരളത്തിലെ മുഴുവൻ മാധ്യമങ്ങളിലും വാർത്ത വന്നതിനുശേഷം ഇന്നലെയാണ് ബാങ്കിന്റെ ഭരണസമിതി പിരിച്ചുവിട്ടത്. സിവിലായും ക്രിമിനലായും ഡിപ്പാർട്ടുമെന്റലായും പാർട്ടിപരമായും കഴിഞ്ഞ മൂന്ന് വർഷക്കാലം സർക്കാർ എന്ത് ചെയ്യുകയായിരുന്നു; ഈ വിഷയത്തെ സംബന്ധിച്ച് നോട്ടീസ് അവതരിപ്പിച്ച് സംസാരിച്ച ശ്രീ. ഷാഫി പറമ്പിൽ തട്ടിപ്പിന്റെ ആഴങ്ങളെക്കുറിച്ച്

വ്യക്തമായി സൂചിപ്പിച്ചു. ഒരാൾ ഭാവനാവിലാസമുണ്ടാക്കി ഭാവനയിൽ 'സി' ക്ലാസ് മെമ്പർഷിപ്പ് നൽകി അമ്പത്തിരണ്ട് പേർക്ക് 50 ലക്ഷം രൂപവീതം ആകെ 26 കോടി രൂപയുടെ ലോൺ അനുവദിക്കുന്നു. വേറൊരാൾ ഇതുപോലെ ഭാവനയിൽ പേരുകളുണ്ടാക്കി പതിമൂന്നര കോടി രൂപയുടെ ലോൺ കൊടുക്കുന്നു. മറ്റൊരാൾ വീണ്ടും അമ്പത്തിരണ്ട് പേർക്ക് 50 ലക്ഷം രൂപ വീതം 26 കോടി രൂപയുടെ ലോൺ കൊടുക്കുന്നു. ഈ കമ്മീഷൻ ഏജന്റ് 24 കോടി രൂപ ലോൺ കൊടുക്കുന്നു. ഓരോരുത്തർക്കുംവേണ്ടി ലോണെടുക്കുകയാണ്. സ്റ്റാഫല്ലാത്ത അനിൽ കുമാർ എന്നയാൾക്ക് ഒമ്പതര കോടി രൂപയും സുഭാഷ് എന്ന അനിൽ കുമാറിന് പതിമൂന്നര കോടി രൂപയും സ്റ്റാഫല്ലാത്ത രാജീവൻ എന്നയാൾക്ക് 8.66 കോടി രൂപയും കൊടുക്കുന്നു. ലോണെടുക്കാതെ തന്റെ ആധാരത്തിന്റെ കോപ്പി വാങ്ങി വച്ച് അതിന്റെ പേരിൽ 3 കോടി രൂപ ബാങ്കിൽ കുടിശ്ശികയുണ്ടെന്ന് നോട്ടീസ് ലഭിച്ച സ്ത്രീ 2018-ൽ ഇതുമായി ബന്ധപ്പെട്ട ഒരു പരാതി സമർപ്പിച്ചിരുന്നു. എടുക്കാത്ത ലോണിന്റെ പേരിൽ 3 കോടി രൂപയുടെ നോട്ടീസ് ലഭിച്ചതിന് എന്തുനടപടിയാണ് സഹകരണ വകുപ്പ് സ്വീകരിച്ചത്; 2018-ലല്ലേ ഈ പരാതിയുണ്ടാകുന്നത്? ശ്രീമതി സായി ലക്ഷ്മി എടുക്കാത്ത ലോണിന്റെ പേരിൽ 3 കോടി രൂപയുടെ നോട്ടീസ് ലഭിച്ചതിന് കേസ് കൊടുക്കുകയും

ബഹുമാനപ്പെട്ട ഹൈക്കോടതി അവർക്കെതിരായിട്ടുള്ള നടപടികൾ സ്റ്റേ ചെയ്തിരിക്കുകയുമല്ലേ? അവർക്കെതിരായി റിക്കവറി നോട്ടീസ് ലഭിച്ചിട്ടും എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല; 2018-ൽ നിങ്ങളുടെ ഏരിയാ കമ്മിറ്റി സെക്രട്ടറിയും മാറിമാറി വന്ന ജില്ലാ സെക്രട്ടറിമാരും ഇക്കാര്യം അന്വേഷിച്ചു. എന്നിട്ട് ഒരു കമ്മിഷനെ നിയമിച്ച് അന്വേഷിച്ചു. ഒരു ക്രൈം നടന്നതായി ബോദ്ധ്യപ്പെട്ടാൽ എന്ത് ചെയ്യണം; ആ പ്രശ്നം പാർട്ടിയിൽ ഒതുക്കിതീർത്താൽ മതിയോ; കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടന്നുവെന്ന് സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറിമാർക്കും പാർട്ടി നിയമിച്ച കമ്മീഷനും ബോദ്ധ്യപ്പെട്ടിട്ടും ഡിപ്പാർട്ടുമെന്റിനോടെങ്കിലും ബാങ്കിന്റെ ഭരണസമിതിയെ പിരിച്ചുവിടാൻ ആവശ്യപ്പെട്ടോ; ഇത് നിങ്ങളുടെ പാർട്ടി കാര്യമാണോ; നാട്ടുകാരുടെ പണമെടുത്ത് കൊള്ളയടിക്കുന്നത് പാർട്ടി കാര്യമാണോ; അതാണ് ചോദ്യം? നിങ്ങളുടെ പാർട്ടിയിൽപ്പെട്ടവരാണ് മൂന്ന് വർഷമായി ഇതിൽ ഏറ്റവും വലിയ കുറ്റം ചെയ്തിരിക്കുന്നത്. നിങ്ങളുടെ പാർട്ടിയിലെ ജില്ലാ നേതാക്കൻമാരും സെക്രട്ടേറിയറ്റ് അംഗങ്ങളും ഉൾപ്പെടെയുള്ള ആളുകൾക്ക് ഈ വിവരങ്ങൾ അറിയാമായിരുന്നെങ്കിലും പുറത്തുപറയാതെ പൂഴ്ത്തിവച്ചിരിക്കുകയായിരുന്നു. ഒരു പൗരനെന്ന നിലയിൽ പോലീസിൽ അറിയിക്കേണ്ട ബാദ്ധ്യതയില്ലേ; ഉത്തരവാദപ്പെട്ട രാഷ്ട്രീയ

നേതാക്കളെന്നുള്ള നിലയിൽ വകുപ്പിനെ അറിയിക്കേണ്ട ബാദ്ധ്യതയില്ലേ; അവിടെത്തന്നെ ഒതുക്കി തീർക്കുകയാണോ ചെയ്യേണ്ടത്; സംസ്ഥാന നേതൃത്വത്തെ അറിയിച്ചോ; തൃശ്ശൂർ ജില്ലയിലെ ജില്ലാ സെക്രട്ടറിമാർ ഈ വിവരം അറിഞ്ഞിട്ടും സംസ്ഥാന പാർട്ടി നേതൃത്വത്തെ അറിയിച്ചോ; പാർട്ടി നേതൃത്വം എന്തുനടപടി സ്വീകരിച്ചു; മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ സംസ്ഥാന പാർട്ടി നേതൃത്വത്തിലുണ്ടല്ലോ; പാർട്ടി നേതൃത്വം അറിഞ്ഞിട്ടും ഇത് ഒതുക്കി തീർക്കാൻവേണ്ടി നിങ്ങൾ ശ്രമിച്ചു. കാരണം ഇത് പുറത്തുവന്നാൽ അവിടെയുള്ള പാർട്ടി നേതാക്കൾക്കുകൂടി ഇതിൽ പങ്കുണ്ടെന്ന കാര്യം പുറത്തുവരും. Kerala Co-operative Societies Act, 1969 സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് വരികയും വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യുകയും ചെയ്തു. നിങ്ങളുടെ വകുപ്പാണ് ഇത് മാറ്റിവച്ചത്. സെക്ഷൻ 65 പ്രകാരമുള്ള അന്വേഷണം നടത്തി വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ട് ഡിപ്പാർട്ടുമെന്റലായി ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയാണ്. സെക്ഷൻ 65 പ്രകാരമുള്ള എൻക്വയറിയുടെ ശിപാർശ വകുപ്പിന്റെ മുമ്പിലുണ്ട്. വിജിലൻസ് അന്വേഷണത്തിന് പോകണമെന്നാണ്. ..........(ബഹളം)......... ഞാൻ വഴങ്ങുന്നില്ല. ആ വിവരം

പൂഴ്ത്തിവച്ചു. ഡിപ്പാർട്ടുമെന്റ് എന്ത് ചെയ്തു, ഇവിടെ നടന്ന വൻഅഴിമതിക്കും കൊള്ളയ്ക്കും ഡിപ്പാർട്ടുമെന്റ് കൂട്ടുനിന്നു. നിങ്ങൾക്ക് അതിൽ പങ്ക് ഇല്ലായിരുന്നുവെന്ന് എങ്ങനെ പറയാൻ കഴിയും. ജില്ലാ പാർട്ടി നേതൃത്വത്തിനും സംസ്ഥാന നേതൃത്വത്തിനും അറിയാമായിരുന്നിട്ടും മൂന്ന് വർഷമായി നിങ്ങൾ ഇത് പൂഴ്ത്തിവച്ചു. നിങ്ങളുടെ പാർട്ടി ജില്ലാ സെക്രട്ടറിമാരുടെയും നിങ്ങൾ നിയമിച്ച കമ്മിഷന്റെയും അന്വേഷണം കഴിഞ്ഞിട്ടും 100 കോടി രൂപയുടെ തട്ടിപ്പ് പിന്നെയും നടന്നു. ആരാണ് ഇതിന് ഉത്തരവാദി; നിങ്ങളുടെ അന്വേഷണം കഴിഞ്ഞിട്ടും ആ വിവരങ്ങൾ പുറത്തുപറയാതിരുന്നതുകൊണ്ട്, ഡിപ്പാർട്ടുമെന്റിനെയോ പോലീസിനെയോ അറിയിക്കാതിരുന്നതുകൊണ്ട് പിന്നെയും നൂറ് കോടി രൂപയുടെ തട്ടിപ്പ് നടന്നു. ആരാണ് അതിന് ഉത്തരവാദി? നിങ്ങൾ തന്നെയാണ് ഉത്തരവാദി. തൃശ്ശൂർ ജില്ലയിലെ വേറെ ബാങ്കുകൾ പിരിച്ചുവിട്ടെന്ന് പറഞ്ഞു, അത് ശരിയാണ്. യു.ഡി.എഫ്. ഭരിക്കുന്ന ബാങ്കിൽ ഭയങ്കര അന്വേഷണമാണ് നടക്കുന്നത്. തുമ്പൂർ സർവ്വീസ് സഹകരണ ബാങ്കിനൊരു കെട്ടിടം പണിതു. പണി ചെയ്ത ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിടം പണിതതിന്റെ തുക കൊടുക്കണം. ആ കെട്ടിടത്തിന് ബാങ്ക് കണ്ട വാല്യുവേഷൻ 1 കോടി 14 ലക്ഷം രൂപയാണ്. ഉടനെ സെക്ഷൻ 65 പ്രകാരമുള്ള എൻക്വയറി വന്നു.

അതിനുകാരണം, യു.ഡി.എഫ്. ഭരിക്കുന്ന ബാങ്കാണ് തുമ്പൂർ സർവ്വീസ് സഹകരണ ബാങ്ക്. ഇതിന്റെ വാല്യുവേഷൻ 1 കോടി 14 ലക്ഷം രൂപയ്ക്കില്ലെന്നും 1 കോടി 12 ലക്ഷം രൂപയ്ക്കേയുള്ളൂവെന്നും റിപ്പോർട്ട് വന്നു. രണ്ട് ലക്ഷം രൂപയുടെ കുറവ്. ഉടനെ ആ ബാങ്കിന്റെ ഭരണസമിതിയെ പിരിച്ചുവിട്ടു. രണ്ട് ലക്ഷം രൂപയുടെ പേരിൽ തുമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് പിരിച്ചുവിട്ട ആളുകൾ 350 കോടി രൂപയുടെ തട്ടിപ്പ് നടത്തിയ ബാങ്കിനെ സംരക്ഷിച്ചു. ..........(ബഹളം) ....... ബാങ്ക് ഭരണസമിതിയെ ഇന്നലെയാണ് പിരിച്ചുവിട്ടത്. ഇതുപോലെയുള്ള കേസുകൾ പറയാൻ ജാഗ്രത വേണം..........(ബഹളം)..... രണ്ട് ലക്ഷം രൂപയുടെ കേസിൽ തുമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി പിരിച്ചുവിട്ടവർ 350 കോടി രൂപയുടെ തട്ടിപ്പ് നടന്നപ്പോൾ അതിനെക്കുറിച്ച് മിണ്ടുന്നില്ല. തുമ്പൂർ സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച എൻക്വയറി നടത്തിയ ഓഫീസർ ആരാണ്; ഇപ്പോൾ സെക്ഷൻ 65 പ്രകാരമുള്ള എൻക്വയറിയുടെ തലവനാണ് അദ്ദേഹം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി <u>(ശ്രീ. സജി ചെറിയാൻ)</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ച കൂട്ടത്തിൽ സി.പി.ഐ.(എം.)-ന്റെ ബാങ്കുകൾ മാത്രമാണ്

ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്നാണ് പറയുന്നത്. കേവലം രണ്ട് ലക്ഷം രൂപയുടെ ചെറിയ കാര്യത്തിനാണ് ഞങ്ങളുടെ ഒരു ബാങ്ക് പിരിച്ചുവിട്ടത്. അങ്ങേയ്ക്ക് പട്ടണക്കാട് സഹകരണ ബാങ്കും മാവേലിക്കര സഹകരണ ബാങ്കും അറിയാമായിരിക്കും. എല്ലാംകൂടി പത്ത്-നാന്നൂറ് കോടി രൂപ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട വാർത്തകൾ അങ്ങ് കേട്ടിട്ടുണ്ടാകുമല്ലോ; എല്ലാഭാഗത്തും ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ടെന്നതാണല്ലോ വസ്തുത. അതുസംബന്ധിച്ച് ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ ഇവിടെ വിശദീകരിച്ചല്ലോ. അതല്ലാതെ എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് വിശദീകരിക്കുന്നത് നല്ലതായിരിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, മാവേലിക്കര ബാങ്കിനെക്കുറിച്ച് എനിക്ക് നന്നായി അറിയാം. മാവേലിക്കര ബാങ്കിന്റെ സെക്രട്ടറി തട്ടിപ്പുനടത്തിയിട്ടും അദ്ദേഹത്തെ ഇപ്പോഴും സംരക്ഷിക്കുന്നത് ആരാണെന്ന് വ്യക്തമായി അറിയാം. ദയവുചെയ്ത് എന്നെക്കൊണ്ട് മന്ത്രി പേര് പറയിപ്പിക്കരുത്. പേര് പറഞ്ഞാൽ ഈ സമ്മേളനം നിർത്തി വയ്ക്കേണ്ടിവരും. സെക്രട്ടറിയെ സംരക്ഷിക്കുന്നത് ആരാണെന്ന് ഞങ്ങൾക്ക് കൃത്യമായി അറിയാം. എല്ലാ സംരക്ഷണവും കൊടുക്കുകയാണ്. പാർട്ടി ഇക്കാര്യങ്ങളൊക്കെ അറിഞ്ഞിട്ട് എന്തുചെയ്തെന്നാണ് ചോദ്യം.

മൂന്നുവർഷമായി 350 കോടി രൂപയുടെ തട്ടിപ്പ് നടന്നത് അറിഞ്ഞ പാർട്ടി എന്തുചെയ്തു? ആ ചോദ്യത്തിന് ഉത്തരം പറയണം. ഞങ്ങളുമായി ബന്ധപ്പെട്ട ബാങ്കിൽ ഒരു തട്ടിപ്പ് നടന്നതായി അറിഞ്ഞാൽ അവർക്കെതിരെ ഞങ്ങൾ നടപടിയെടുക്കും. ഞങ്ങളുടെ സർക്കാരാണ് ഭരിക്കുന്നതെങ്കിൽ വകുപ്പുതല നടപടിയെടുക്കും. ഇവിടെ പാർട്ടി എന്താണ് ചെയ്തത്? മൂന്ന് കൊല്ലമായി തട്ടിപ്പ് പൂഴ്ത്തിവച്ചു. ഇതുപോലൊരു തട്ടിപ്പിനെ ന്യായീകരിക്കരുത്. തട്ടിപ്പ് കണക്ക് ഇനിയും മുകളിലേയ്ക്ക് പോകുമെന്നാണ് ചില മാധ്യമങ്ങളിൽ വന്ന വാർത്ത. 507 കോടി രൂപയാണ് ബാങ്കിന്റെ ആസ്തി. 20 ശതമാനം ക്യാഷ് റിസർവായി വയ്ക്കണം, അതായത് 100 കോടി രൂപ ക്യാഷ് റിസർവ് വേണം. എന്നാൽ 506 കോടി രൂപയും ലോണായി കൊടുത്തു. 379 ലോണുകളിൽ തട്ടിപ്പ് നടത്തിയിട്ടും ഭരണസമിതി മൂന്ന് കൊല്ലമായി പിരിച്ചുവിടാതെ പ്രവർത്തിക്കുകയാണ്. 2020-ൽ ശിപാർശ ചെയ്തിട്ടും വകുപ്പ് നടപടിയൊന്നും എടുത്തിട്ടില്ല. എന്തിനാണ് ഈ പ്രഹസനം. 2020-ൽ കേരള സഹകരണ സംഘ നിയമത്തിലെ 65-ാം വകുപ്പ് പ്രകാരം എൻക്വയറി നടത്തി റിപ്പോർട്ട് കൊടുത്തില്ലേ; അത് ആരാണ് പൂഴ്ത്തിവച്ചത്? പാർട്ടിയിൽ കൊള്ളക്കാരെ സംരക്ഷിക്കാനുള്ള സംവിധാനമുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള എൻക്വയറി നടപടിക്ക് ശിപാർശ ചെയ്തിട്ടും അവരെ

രക്ഷിക്കാനുള്ള ആളുകൾ ഈ പാർട്ടിയിലുണ്ടല്ലോ; നിങ്ങളുടെ ഭരണ സമയത്ത് 65 എൻക്വയറിയിൽ വിജിലൻസ് അന്വേഷണം വേണമെന്ന് ശിപാർശ ചെയ്ത ഫയൽ എവിടെപ്പോയി; ആരാണ് മുക്കിയത്? നിങ്ങളുടെ ആളുകൾതന്നെ ഈ കൊള്ളക്കാരെ മുഴുവൻ മൂന്നുകൊല്ലം സംരക്ഷിക്കുകയായിരുന്നു. അതാണ് ഞങ്ങളുടെ കേസ്. മാധ്യമ വാർത്തകൾ വന്നപ്പോൾ വകുപ്പുതല നടപടിയെടുത്തു, ക്രിമിനൽ കേസെടുത്തു, സിവിൽ കേസെടുത്തു എന്നിങ്ങനെ പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? അതുതന്നെയാണ് മരം കൊള്ളക്കേസിലും സംഭവിച്ചത്. വസ്തുതയുണ്ടെങ്കിൽ അക്കാര്യത്തിൽ നടപടി സ്വീകരിക്കുന്ന പാർട്ടിയാണെന്ന് മന്ത്രിയുടെ മറുപടിയിൽ അവസാനം പറഞ്ഞു. 'ഞങ്ങളുടെ പാർട്ടിയാണ് കോടതിയും പോലീസ് സ്റ്റേഷനും' എന്ന് വനിതാ കമ്മീഷൻ ചെയർപേഴ്സൺ പറഞ്ഞല്ലോ; ഇവിടെ റൂൾ ഓഫ് ലാ വേണ്ടേ; നിങ്ങളുടെ അണികൾ എല്ലാ കാര്യത്തിലും ഭരണമുപയോഗിച്ച് ഇങ്ങനെ തട്ടിപ്പ് നടത്തുകയാണ്. നിങ്ങളുടെ ആളുകൾ പ്രളയഫണ്ടിലും എസ്.സി./എസ്.ടി. ഫണ്ടിലും തട്ടിപ്പ് നടത്തി, സ്വർണ്ണക്കള്ളക്കടത്ത് നടത്തി, ഇപ്പോൾ സഹകരണ തട്ടിപ്പ് നടത്തുന്നു. ഏതെല്ലാം രംഗത്ത് തട്ടിപ്പ് നടത്താമോ അവിടെ പാർട്ടി നേതാക്കന്മാരെയും അണികളെയും നിങ്ങൾ കയറൂരി വിട്ടിരിക്കുകയാണ്.

സംസ്ഥാനത്ത് നടന്ന ഏറ്റവും വലിയ സഹകരണ തട്ടിപ്പ് ഒളിപ്പിച്ചുവച്ച പാർട്ടി നേതാക്കൻമാരടക്കമുള്ള ആളുകൾക്കെതിരായി നടപടിയെടുക്കാൻ സർക്കാർ തയ്യാറാകുമോ? ക്രിമിനൽ കുറ്റമാണെന്ന് അറിഞ്ഞിട്ടും പുറത്തുപറയാതെ രഹസ്യമായി വയ്ക്കുകയാണ്. ഒരു ക്രൈം നടന്നത് അറിയാമായിരുന്നിട്ടും പുറത്തുപറയാത്ത പാർട്ടി നേതാക്കൻമാർക്കെതിരെ നടപടിയെടുക്കാൻ നിങ്ങൾ തയ്യാറാണോ? നിങ്ങൾ തയ്യാറല്ല. നിങ്ങൾ കൊള്ളക്കാരെ മുഴുവൻ സംരക്ഷിക്കുന്നതിലും സുപ്രധാനമായ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ, ഞങ്ങളുടെ രീതികൾ വേറെയാണെന്നും ഈ പാർട്ടി വേറെയാണെന്നുമാണ് പറഞ്ഞത്. ഇത് രീതി വേറെ തന്നെയാണ്. ഓട്ടോറിക്ഷാ തൊഴിലാളികളുടെ പേരിൽ 10 കോടി രൂപയും മറ്റൊരു സാധാരണക്കാരന്റെ പേരിൽ 25 കോടി രൂപയും തട്ടിപ്പ് നടത്തിയെന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞു.

എല്ലാം കോടിക്കണക്കിന് രൂപയുടെ തട്ടിപ്പാണ്. ഞാൻ ആദ്യം വിചാരിച്ചത് ലക്ഷങ്ങളായിരിക്കും, പറഞ്ഞപ്പോൾ തെറ്റിയതാകാമെന്നാണ്. പിന്നീടാണ് എല്ലാം കോടിക്കണക്കിന് രൂപയുടെ തട്ടിപ്പാണെന്ന് മനസ്സിലായത്. ഇങ്ങനെ ഓട്ടോറിക്ഷാ തൊഴിലാളികളുടെയും മറ്റുള്ളവരുടെയും പേരിൽ കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലമായി എത്ര കോടി രൂപയുടെ തട്ടിപ്പാണ് നടന്നത്; ഒരു ആധാരത്തിന്മേൽ നിരവധി വായ്പകളെടുത്തിട്ട് അത് മൂടിവയ്ക്കാനുള്ള കഴിവ് വല്ലാത്തൊരു കഴിവ് തന്നെയാണ്. അത് നിങ്ങൾക്ക് മാത്രമുള്ള കഴിവാണെന്നതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് ഞങ്ങളുടെ രീതി വേറെയാണെന്ന് മന്ത്രി പറയാനുള്ള കാരണം. മന്ത്രി അത് പറയുമ്പോൾത്തന്നെ അദ്ദേഹത്തിന്റെ ബോഡി ലാംഗ്വേജും മുഖഭാവവും നോക്കിയാൽ, മുഖത്ത് ഒരു പുഞ്ചിരിയുണ്ടായിരുന്നു. കാരണം, പറയുന്നതിൽ അദ്ദേഹത്തിനുതന്നെ വിശ്വാസമില്ല. അത്രവലിയ തട്ടിപ്പാണ് കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലമായി മൂടിവച്ചത്. ഇപ്പോഴത് മാധ്യമങ്ങളിലൂടെ പുറത്തുവന്നപ്പോഴാണ് ഇതിനൊരു ഗൗരവം വന്നത്. ഒരു ബാങ്കിൽ നടക്കാവുന്ന ഏറ്റവും വലിയ അഴിമതി കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി തുടർന്നിട്ടും അതിൽ യാതൊരു ഗൗരവവും കാണാതെ അതിന് എല്ലാവിധ സഹായ സഹകരണങ്ങളും നൽകിയിട്ട്, പുറത്ത് ചർച്ചയായപ്പോൾ ഇങ്ങനെ

പറയുന്നവെന്നേയുള്ളൂ. ഒതുക്കിത്തീർക്കുന്ന പരിപാടി വീണ്ടും തുടരുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽനിന്ന് എനിക്ക് മനസ്സിലായത്. ഈ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ചൂണ്ടിക്കാണിച്ചതുപോലെ, കോടാനുകോടി രൂപയുടെ കേരളം കണ്ട ഏറ്റവും വലിയ തട്ടിപ്പ് നടത്തിയിട്ടും അതിൽ ഗൗരവതരമായ നടപടികൾ സ്വീകരിക്കാതെ, സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിലെ സഹകരണ മേഖലയ്ക്ക് ഏറെ കളങ്കം ചാർത്തുന്ന ഒരു നടപടിയാണ് ഈ ബാങ്ക് തട്ടിപ്പ്. ഇതിനെ സംബന്ധിച്ചുള്ള വ്യക്തമായ അന്വേഷണം നടത്താൻ സർക്കാരിന്

കഴിഞ്ഞില്ല. 2018-ൽ പുറത്തുവന്ന തട്ടിപ്പിൽ മൂന്നുവർഷമായിട്ടും യാതൊരു അന്വേഷണവും നടക്കാത്തതിനാലാണ് 100 കോടി രൂപയുടെ തട്ടിപ്പ് 300 കോടി രൂപയായി വർദ്ധിച്ചത്. സാധാരണക്കാരുടെ പണമെടുത്ത് തിരിമറി നടത്തിയിരിക്കുന്നതിനാൽ അതിന് അന്വേഷണം വേണ്ടതാണ്. ഈ വിഷയം അന്വേഷിക്കാത്തതിലും ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു)

## III **ശ്രദ്ധക്ഷണിക്കൽ**

### (1) ആശാ വർക്കർമാർക്ക് ന്യായമായ പ്രതിഫലം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോവിഡ് പശ്ചാത്തലത്തിൽ അങ്ങേയറ്റം ജീവിത പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരു വിഭാഗമാണ് ആശാ വർക്കർമാർ. Accredited Social Health Activist അഥവാ അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകരാണ് ആശാ വർക്കർമാർ എന്നുള്ള

പേരിൽ അറിയപ്പെടുന്നത്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് വലിയ പ്രതീക്ഷ നൽകി ആരംഭിച്ച സ്കീമിന്റെ ഭാഗമായാണ് ഈ വിഭാഗം ജീവനക്കാർ പ്രവർത്തിച്ചുവരുന്നത്. ദേശീയതലത്തിൽ എട്ടുലക്ഷത്തിലേറെ അംഗസംഖ്യയുള്ള മഹത്തായ സാമൂഹിക ആരോഗ്യ പ്രസ്ഥാനമാണിത്. സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും അവശരായ രോഗികളുടെയും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നിയോഗിക്കപ്പെട്ടവരാണിവർ. കേരളത്തിൽ 26362 ആശാ വർക്കർമാർ സേവനമനുഷ്ഠിക്കുന്നു. എല്ലാ വാർഡുകളിലും ഇവരുടെ സേവനം ലഭ്യമാണ്. എൻ.എച്ച്.എം.-ന്റെ ഭാഗമായാണ് ഇവർ കേരളത്തിൽ പ്രവർത്തിക്കുന്നത്. മാതൃ-ശിശു മരണനിരക്കുകൾ കുറയ്ക്കുന്നതിൽ വലിയ പങ്കാണ് ഇവർക്കുള്ളത്. പകർച്ചവ്യാധി തടയുന്നതിൽ ഇവർ മുന്നണി പോരാളികളാണ്. 'നിപ' വൈറസ് പ്രതിരോധത്തിന്റെ മുൻപന്തിയിലും ഇവരുണ്ടായിരുന്നു. കോവിഡിനെതിരായ യുദ്ധത്തിൽ കാലാൾ പടയാണിവർ. ത്യാഗപൂർണ്ണമായി പ്രവർത്തിക്കുന്ന ഇവരുടെ ജീവിതത്തിന് ആവശ്യമായുള്ള പരിരക്ഷ ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. കേന്ദ്ര സർക്കാർ 2,000/-

രൂപയും സംസ്ഥാന സർക്കാർ 6,000/- രൂപയും നൽകുന്നു. കേന്ദ്ര പദ്ധതിയായിട്ടുപോലും ഇവരുടെ അവസ്ഥ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ 6,000/- രൂപ അനുവദിക്കുന്നത് ശ്രദ്ധിക്കാതെ പോകുന്നത് ശരിയായ നടപടിയല്ല. നിലവിൽ കോവിഡ് പരിരക്ഷയുമായി ബന്ധപ്പെട്ട് ക്വാറന്റൈനിൽ കഴിയുന്നവരുടെ പരിചരണം, സംരക്ഷണം, മരുന്നുനൽകൽ, ചികിത്സാ കേന്ദ്രങ്ങളിൽ രോഗികളെ എത്തിക്കൽ, വാക്സിൻ ലഭ്യമാക്കൽ, ബോധവൽക്കരിക്കൽ എന്നിങ്ങനെയുള്ള നാനാവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ആശാ വർക്കമാർ. ഇത്തരം കാര്യങ്ങൾ നിറവേറ്റുന്നതിന് ആശുപത്രിക്കും ഗ്രാമീണ ജനതയ്ക്കും ഇടയിലുള്ള കണ്ണിയും മുഴുവൻ സമയവും ജോലി ചെയ്യുന്ന ഒരു വിഭാഗവുമാണിവർ. ആ ജോലിയുടെയും അവർ ചെയ്യുന്ന അദ്ധ്വാനത്തിന്റെയും മൂല്യം പരിഗണിച്ചുകൊണ്ടുള്ള ഒരു പരിരക്ഷയും ഇവർക്ക് ലഭിക്കുന്നില്ല. ഇതെല്ലാം പരിഗണിച്ചുകൊണ്ട് അവരുടെ അദ്ധ്വാനത്തിനനുസരിച്ചുള്ള വേതനം, സംരക്ഷണം എന്നിവ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി കേന്ദ്രത്തെക്കൊണ്ട് നിലപാടുകൾ സ്വീകരിപ്പിക്കുന്നതിന്

സംസ്ഥാന സർക്കാർ ഇടപെടണമെന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ പ്രധാനമായും ഉന്നയിക്കുന്നത്. ഇപ്പോൾ പല മേഖലകളിലും മിനിമം കൂലിയുണ്ട്. ഒരു സ്കീമിന്റെ ഭാഗമായി പ്രവർത്തിക്കുമ്പോൾ സാങ്കേതികമായും നിയമപരമായും ഇവർക്ക് ചില പ്രശ്നങ്ങളുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് അവർക്ക് എങ്ങനെ സംരക്ഷണം നൽകാൻ കഴിയുമെന്നുള്ള തീരുമാനമാണ് ഉണ്ടാകേണ്ടത്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ സ്ഥിരം വോളന്റിയർമാരായി അംഗീകരിച്ച് ഇവർക്ക് എല്ലാ പരിരക്ഷയും ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നുള്ളതാണ് മുഖ്യമായ ആവശ്യം. കേരളത്തിന്റെ ഇന്നത്തെ സാഹചര്യവും ആശാ പ്രവർത്തകരുടെ പരിതാപകരമായ സ്ഥിതിയും കണക്കിലെടുത്തുകൊണ്ട് ഇനിയും സാധ്യമായ സഹായങ്ങൾ നൽകുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാർ പരിശോധിക്കേണ്ടതുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ആശാ വർക്കർമാർക്ക് നല്ല നിലയിൽ സംരക്ഷണം നൽകിയിട്ടുണ്ടെങ്കിലും തുടർന്നും സഹായകരമായ നിലപാട് സ്വീകരിക്കണം. കേരളത്തിൽ ആയിരത്തിലധികം വരുന്ന ആശാ പ്രവർത്തകർക്ക് കോവിഡ് രോഗം

പിടിപെട്ടുകയും രണ്ടുപേർ മരിക്കാനിടയാവുകയും ചെയ്തിട്ടുണ്ട്. ആശാ വർക്കർമാർക്ക് മാസ്കും ഗ്ലൗസും സാനിറ്റൈസറും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. രോഗികളുടെ സമീപം എത്തിച്ചേരുന്നതിനുവേണ്ടിയുള്ള വാഹന ചെലവ് അവർക്ക് അനുവദിക്കണം. ഫോൺ റീ-ചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ പോലുമില്ല. മിനിമം വരുമാനം ഏർപ്പെടുത്തി അവരുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ പ്രധാനമായും ഉന്നയിക്കുന്നത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിൽ ആശാ പദ്ധതി 2007 മുതലാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തുടനീളം അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകരായി ആശാ പ്രവർത്തകരെ തെരഞ്ഞെടുക്കുകയും വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകി വരികയും ചെയ്യുന്നു. എട്ട് ഘട്ടങ്ങളിലായി 40 ദിവസത്തെ പരിശീലനം ഇതിനോടകം അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പതിനാല് ജില്ലകളിലായി 21782 പേർ

ഗ്രാമപ്രദേശങ്ങളിലും 4104 പേർ നഗരപ്രദേശങ്ങളിലും 476 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26362 പേരാണ് ആശാ പ്രവർത്തകരായി പ്രവർത്തിച്ചുവരുന്നത്. ആരോഗ്യമേഖലയിൽ വളരെ വിലപ്പെട്ട സേവനമാണ് ആശാ പ്രവർത്തകർ നടത്തി വരുന്നത്. കോവിഡ് മഹാമാരി സമയത്ത് ഇവർ നടത്തുന്ന ത്യാഗപൂർണ്ണമായ സേവനം വളരെ വലുതും എല്ലാവരാലും അംഗീകരിക്കപ്പെട്ടതും ശ്ലാഘനീയവുമാണ്. 2016-17-ൽ 1,500/- രൂപയായിരുന്ന ആശാ പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയത്തിൽ വർഷംതോറും വർദ്ധനവ് വരുത്തി 2021 ഏപ്രിൽ മുതൽ 6,000/- രൂപയായി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. 2021 ജൂൺ വരെയുള്ള ഓണറേറിയവും ഇൻസെന്റീവുകളും ആശാ പ്രവർത്തകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആശാ പ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല, മറിച്ച് സംസ്ഥാന സർക്കാർ നൽകുന്ന 6,000/- രൂപ പ്രതിമാസ ഓണറേറിയവും വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും കേന്ദ്ര സർക്കാർ നൽകുന്ന 2,000/- രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ

പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശപ്രകാരമാണ് രണ്ടായിരം രൂപ ഇൻസെന്റീവ് നൽകുന്നത്. ഇതുകൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസംതോറും 1,000/- രൂപ കോവിഡ് ഇൻസെന്റീവായും 2020 ഫെബ്രുവരി മുതൽ സംസ്ഥാന സർക്കാർ നൽകി വരുന്നുണ്ട്. കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങുന്ന എല്ലാ ആശാ പ്രവർത്തകർക്കും ആവശ്യമായ മാസ്കുകളും സാനിറ്റൈസറും കയ്യുറകളും അതത് ആരോഗ്യകേന്ദ്രങ്ങളും ആശുപത്രികളും നൽകണമെന്നാണ്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം ഇവിടെ സൂചിപ്പിച്ച സാഹചര്യത്തിൽ, ആശാപ്രവർത്തകർക്ക് മാസ്കുകളും സാനിറ്റൈസറും കയ്യുറകളും കൃത്യമായി നൽകണമെന്ന കർശന നിർദ്ദേശം ഒന്നുകൂടി നൽകുന്നതാണ്. ആശാ പ്രവർത്തകർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപൃതരായതിനാൽ 2020 മാർച്ച് മുതൽ മാനദണ്ഡങ്ങൾ നോക്കാതെ എല്ലാവർക്കും ഓണറേറിയവും ഇൻസെന്റീവും നൽകുന്നുണ്ട്. ഇതുകൂടാതെ ആശാ പ്രവർത്തകർക്ക് നൽകുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽ നിന്നുള്ള ഇൻസെന്റീവുകളുമുണ്ട്. ഇൻസെന്റീവുകളുടെ

ഡിവിഷനുകൾ സംബന്ധിച്ച വിശദാംശങ്ങൾ ബഹുമാനപ്പെട്ട അംഗത്തിന് ലഭ്യമാക്കുന്നതാണ്. ഇതുകൂടാതെ ആശാ പ്രവർത്തകർക്ക് യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേന 'ആശാ കിരണം ഇൻഷ്വറൻസ് പദ്ധതി' നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം അപകട മരണം സംഭവിച്ചാൽ 5 ലക്ഷം രൂപയും പൂർണ്ണ അംഗവൈകല്യം സംഭവിച്ചാൽ 3 ലക്ഷം രൂപയും ഭാഗിക അംഗവൈകല്യം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും ലഭിക്കുന്നതാണ്. കൂടാതെ അപകടം അല്ലെങ്കിൽ അസുഖത്തിനോടനുബന്ധിച്ചുള്ള ആശുപത്രി ചെലവിന് 20,000/- രൂപയും കുട്ടികളുടെ വിദ്യാഭ്യാസത്തിന് 2,000/- രൂപയും സ്വാഭാവിക മരണസംസ്കാര കർമ്മത്തിന് 50,000/- രൂപയും ആശാ വർക്കർമാർക്ക് ലഭിക്കുന്നതാണ്. കോവിഡുമൂലം സംസ്ഥാനത്ത് ഇതുവരെ നാല് ആശാ പ്രവർത്തകരാണ് (തിരുവനന്തപുരം-1, തൃശ്ശൂർ-2, മലപ്പുറം-1) മരണപ്പെട്ടിട്ടുള്ളത്. ഇവർക്ക് ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. എൻ.എച്ച്.എം. ഓരോ വർഷവും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന

ആർ.ഒ.പി. അനുമതി പ്രകാരമാണ് ആശാ പ്രവർത്തകർക്കുള്ള എല്ലാ ഇൻസെന്റീവുകളും നൽകുന്നത്. പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ തയ്യാറാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പ്രത്യേക മാർഗ്ഗനിർദ്ദേശ പ്രകാരമാണ്. ആരോഗ്യരംഗത്തെ സ്തുത്യർഹമായ സേവനങ്ങൾ നടത്തുന്ന ആശാ പ്രവർത്തകർക്കുള്ള ഇൻസെന്റീവ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തടസ്സമില്ല. ഈ വിഷയം ഗൗരവമായി പരിശോധിച്ച് അടിയന്തരമായി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഇതൊരു കേന്ദ്ര പദ്ധതിയായതുകൊണ്ട് കേന്ദ്ര സർക്കാരിനെക്കൊണ്ട് ചെയ്യിപ്പിക്കേണ്ട കാര്യത്തിൽ പ്രത്യേകമായ ഇടപെടലും ശ്രദ്ധയും ഇനിയും ഉണ്ടാകേണ്ടതുണ്ട്. ആരോഗ്യമേഖലയിൽ ഒഴിവുള്ള അറ്റൻഡർ തസ്തികയിലെ നിയമനത്തിൽ ആശാപ്രവർത്തകരെ പരിഗണിക്കാൻ നിയമപരമായ ചില പ്രശ്നങ്ങളുണ്ട്. അത് മനസ്സിലാക്കാതെയല്ല ഞാനിത് പറയുന്നത്. എന്നാൽ ആശാ വർക്കർമാരുടെ പ്രത്യേകതകളെല്ലാം പരിഗണിച്ചുകൊണ്ട് ഒഴിവുവരുന്ന അറ്റൻഡർ

തസ്തികയിൽ ആശാ പ്രവർത്തകർക്ക് പ്രത്യേക പരിഗണന നൽകുന്നതിനുവേണ്ടിയുള്ള സമീപനം സ്വീകരിക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ഒരു വ്യക്തതയുണ്ടാകേണ്ടതുണ്ട്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം സംബന്ധിച്ച് ഗൗരവത്തിൽ പരിശോധന നടത്തുന്നതാണ്.

(2) ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ

ശ്രീ. സജീവ് ജോസഫ്: സർ, സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം സാധ്യമാക്കുന്നതിന്റെ അടിയന്തര പ്രാധാന്യ വിഷയത്തിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കോവിഡ് മഹാമാരിമൂലമുണ്ടായ അനിവാര്യ സാഹചര്യത്തിലാണ് ക്ലാസ്സ് മുറികളിലെ പഠനം ഉപേക്ഷിച്ച് പകരം സംവിധാനമെന്ന നിലയിൽ ഓൺലൈൻ പഠനം ആരംഭിച്ചിട്ടുള്ളത്. എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനം ഉറപ്പുവരുത്തുന്നതിന് മുന്തിയ പരിഗണന നൽകേണ്ടതാണ്. ഇപ്പോഴത്തെ പുതിയ പഠനരീതി കുട്ടികളിലുണ്ടാക്കുന്ന മാനസിക-ശാരീരിക വെല്ലുവിളികളെ അവധാനതയോടെ നേരിടാൻ സമൂഹത്തെ

സജ്ജരാക്കേണ്ടതുണ്ട്. ജൂൺ 1 മുതൽ ഓൺലൈൻ ക്ലാസ് ആരംഭിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും ജൂൺ മാസം മൂന്നാം വാരമാണ് ക്ലാസുകൾ ആരംഭിച്ചത്. ക്ലാസുകൾ ആരംഭിക്കുമ്പോൾ 49000 കുട്ടികൾക്ക് ഓൺലൈൻ പഠന സൗകര്യമില്ലെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിച്ചത്. യഥാർത്ഥത്തിൽ അതിന്റെ എത്രയോ ഇരട്ടി വിദ്യാർത്ഥികൾക്കാണ് പഠനോപകരണങ്ങൾ ഇല്ലാത്തതെന്ന് പിന്നീട് നമുക്ക് ബോദ്ധ്യപ്പെട്ടു. പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്കൂളുകളിൽ പഠനസഹായ സമിതികളും ജാഗ്രതാ സമിതികളും രൂപീകരിച്ചു. ഈ സമിതികൾ പൊതുസമൂഹത്തിന്റെ സഹകരണത്തോടെ പഠനോപകരണങ്ങൾ പരമാവധി സംഘടിപ്പിച്ചു നൽകി. പക്ഷേ ഇനിയും പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഇവ ലഭിക്കാതെ പഠനം നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ ഡിജിറ്റൽ ഡിവിഷൻ കേരള സമൂഹത്തിൽ വലിയ അസമത്വമാണ് സൃഷ്ടിച്ചിരിക്കുന്നത്. ജൂൺ ആദ്യവാരം തന്നെ വിദ്യാഭ്യാസ വകുപ്പ് ഡിവൈസ് ആവശ്യമുള്ള കുട്ടികളുടെ കണക്കെടുത്തു, പിന്നീട് ജില്ലാ പഞ്ചായത്തും ജില്ലാ ഭരണകൂടവും പട്ടികജാതി-പട്ടികവർഗ്ഗ

വകുപ്പും കണക്കെടുത്തു. ഏറ്റവും അവസാനം ഓരോ വീട്ടിലും എത്ര കുട്ടികളുണ്ടോ അത്രയും പേർക്ക് ഓരോ ഡിവൈസ് എന്ന രീതിയിൽ കണക്കെടുത്ത് 'സമ്പൂർണ്ണ' എന്ന സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ നടത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ നിർദ്ദേശിച്ചു. എന്നാൽ ഇക്കാര്യങ്ങളെല്ലാം ചെയ്തിട്ടും സർക്കാരിന്റെ തുടർനടപടി എന്താണെന്ന് ഇപ്പോഴും നിശ്ചയമില്ല. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കുപോലും ഡിവൈസ് നൽകാൻ സർക്കാർ മുന്നോട്ടുവരാത്തത് ദൗർഭാഗ്യകരമാണ്. നിലവിലെ സാഹചര്യത്തിൽ ഏകദേശം മൂന്നുലക്ഷത്തോളം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളില്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കോവിഡ് പ്രതിസന്ധിയിൽ ജീവിതം വഴിമുട്ടിയ നിർദ്ധന കുടുംബങ്ങൾക്കും അവരെ പ്രതിനിധീകരിക്കുന്ന പി.ടി.എ.-കൾക്കും താങ്ങാവുന്നതിലധികം ഭാരംചുമത്തി സർക്കാർ കയ്യൊഴിയുന്നത് ഒരു വെൽഫെയർ സ്റ്റേറ്റിന് ഭൂഷണമല്ല.

<u>മി. സ്പീക്കർ:</u> ഇത് നമ്മൾ വിശദമായി ഒരിക്കൽ ചർച്ച ചെയ്തിട്ടുള്ളതാണ്. അങ്ങ് പ്രസംഗം ചുരുക്കണം.

<u>ശ്രീ. സജീവ് ജോസഫ്:</u> സർ, കേരളത്തിലെ നിരവധി സ്ഥലങ്ങളിൽ, പ്രത്യേകിച്ച് മലയോര പ്രദേശങ്ങളിലും പട്ടികവർഗ്ഗ ഊരുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭിക്കാത്തതുമൂലം വിദ്യാർത്ഥികൾ ഓൺലൈൻ പഠനത്തിന് പുറത്താണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ശ്രമങ്ങൾ ഇതുവരെ ഫലം കണ്ടിട്ടില്ല. എന്റെ മണ്ഡലമായ ഇരിക്കൂറിൽ 202 സ്ഥലത്ത് ഇന്റർനെറ്റ് കണക്ടിവിറ്റിയില്ല. ബി.എസ്.എൻ.എൽ. ഓപ്പറേറ്റർമാരെയാണ് കൂടുതലായി നമ്മൾ ആശ്രയിക്കുന്നത്. ഇവരുടെ സേവനം കാര്യക്ഷമമല്ല. ഒരു വീട്ടിൽ ഒന്നിലധികം കുട്ടികളുണ്ടെങ്കിൽപ്പോലും അവർക്കെല്ലാം ഫോൺ, ലാപ്ടോപ്പ് എന്നിവ വാങ്ങി നൽകേണ്ട അവസ്ഥയാണ് രക്ഷകർത്താക്കൾക്കുള്ളത്. നിർദ്ധനരായ കുടുംബങ്ങൾക്ക് കേബിൾ കണക്ഷന്റെ മാസവാടകയും ഡാറ്റാ റീ-ചാർജ്ജും താങ്ങാൻ കഴിയുന്നതല്ല. കൂടാതെ സ്പെഷ്യൽ സ്കൂളുകളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കും അറുപതും എഴുപതും ശതമാനത്തിലധികം വരുന്ന മാനസിക-ശാരീരിക ബുദ്ധിവൈകല്യമുള്ളവർക്കും ക്ലാസ്സുകൾ പ്രയോജനപ്പെടുന്നില്ല. വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവുമായ

വിദ്യാഭ്യാസമെന്ന ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ആയതിനാൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അതിനെക്കുറിച്ച് ആലോചിക്കുമെന്ന മുഖ്യമന്ത്രിയുടെ വാക്കും ഉറപ്പും പാലിക്കപ്പെടണമെന്നും ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കോവിഡ്-19 ലോക്ഡൗൺ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുകൂലസാഹചര്യമില്ലാതിരുന്ന സമയത്താണ് 'ഫസ്റ്റ് ബെൽ' എന്നപേരിൽ ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക ക്ലാസ്സുകൾ സംസ്ഥാനത്ത് ആരംഭിച്ചത്. കുട്ടികൾക്ക് വീട്ടിൽനിന്ന് പുറത്തിറങ്ങാൻ കഴിയാതിരുന്ന സാഹചര്യത്തിൽ കഴിയുന്നത്ര പഠന പ്രവർത്തനങ്ങൾ നടത്തുകയെന്നതാണ്

ലക്ഷ്യമിട്ടിരുന്നത്. സാധ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിക്കൊണ്ടാണ് 'ഫസ്റ്റ് ബെൽ' ക്ലാസുകൾ നടപ്പിലാക്കിയത്. പ്രസ്തുത അനുഭവംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ വർഷത്തെ ഡിജിറ്റൽ ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും ജൂൺ മാസം വിക്ടേഴ്സ് മുഖേനയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേഷണമാണ് ആദ്യം നടത്തിയത്. കേരളത്തിൽ ആദിവാസി മേഖലയിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം നേരിടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും കുട്ടികളെ തരംതിരിക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത്. സ്കൂൾ ഡിജിറ്റൈസേഷന്റെ ഭാഗമായി 'കൈറ്റ്' സ്കൂളുകൾക്ക് നൽകിയ ലാപ്ടോപ്പുകൾ ആദിവാസി മേഖലയിലെ കുട്ടികൾക്ക് ഡിജിറ്റൽ ക്ലാസുകൾക്കായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും നൽകേണ്ട ലാപ്ടോപ്പുകളുടെ കണക്കെടുപ്പ് പൂർത്തിയാക്കുകയും അവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി

തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 43952 പട്ടികവർഗ്ഗ കുട്ടികൾക്കാണ് പുതിയതായി ഉപകരണങ്ങൾ ആവശ്യമായിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുള്ളത്. നാല് ഘട്ടങ്ങളായാണ് ഉപകരണങ്ങൾ വിതരണം ചെയ്യാൻ ആസൂത്രണം ചെയ്തിരിക്കുന്നത്. കൂടാതെ പിന്നോക്ക മേഖലയുൾപ്പെടെയുള്ള മേഖലകളിലെ എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുജനപങ്കാളിത്തത്തോടെ സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിക്കാനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തലത്തിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം സംബന്ധിച്ച് കണക്കെടുപ്പ് നടന്നുവരുന്നുണ്ട്. ഈ പ്രവർത്തനം പൂർത്തീകരിക്കുന്നതോടെ സംസ്ഥാന തലത്തിൽ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളുടെ കണക്ക് ലഭ്യമാകും. ഈ കണക്ക് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. കോവിഡ് 19-ന്റെ സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സമഗ്രശിക്ഷാ കേരളം

എസ്.സി.ഇ.ആർ.ടി.-യുടെ അക്കാദമിക പിന്തുണയോടെ 'വൈറ്റ്ബോർഡ്' എന്ന യൂട്യൂബ് ചാനലിലൂടെ ക്ലാസുകൾ രക്ഷകർത്താക്കളുടെ പിന്തുണയോടെ നൽകിവരുന്നുണ്ട്. ബുദ്ധിപരിമിതരായ കുട്ടികൾക്കായി എസ്.സി.ഇ.ആർ.ടി. വിഭാവനം ചെയ്ത പഠന പിന്തുണ സംവിധാനമാണ് 'തേൻകൂട് ആപ്ലിക്കേഷൻ'. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് കൊടുക്കുന്നതിനും അവരുടെ പ്രതികരണങ്ങൾ അറിയുന്നതിനും ഈ സംവിധാനം ഉപയോഗപ്രദമാണ്. എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ സവിശേഷ പാഠ്യപദ്ധതിയിൽനിന്നും ഉചിതമായ പ്രവർത്തനങ്ങൾ അദ്ധ്യാപകർ തെരഞ്ഞെടുത്ത് കൊടുക്കുന്നു. പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള അവസരവും ഇപ്പോൾ നൽകുന്നുണ്ട്. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് തുടർപ്രവർത്തനവും പിന്തുണയും നൽകാൻ സാധിക്കും. എല്ലാ സ്കൂളുകളിലെയും പ്രിൻസിപ്പാൾ, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, എന്നിവർക്കെല്ലാം ആവശ്യമായ പരിശീലന പരിപാടിയും ഇപ്പോൾ

നടപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപക ശാക്തീകരണത്തിനായി 'ഗണിനി പ്രഭ' എന്നപേരിൽ ഓൺലൈൻ ശാക്തീകരണ പരിപാടി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ കാഴ്ചപരിമിതരായ എല്ലാ കുട്ടികൾക്കുമായി ഓൺലൈൻ ക്ലാസ്സുകൾ എസ്.സി.ഇ.ആർ.ടി.-യുടെ യൂട്യൂബ് ചാനൽവഴി ആഗസ്റ്റ് മാസത്തോടെ സംപ്രേഷണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബ്രെയിൽ ഓറിയന്റേഷൻ ആൻഡ് മൊബിലിറ്റി, പ്ലസ് കരിക്കുലം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും ക്ലാസുകൾ നൽകുന്നത്. ബ്രെയിൽ പഠനം കാര്യക്ഷമമാക്കാനുതകുന്ന വീഡിയോ ട്യൂട്ടോറിയൽ രക്ഷിതാക്കൾക്കും കുട്ടികൾക്കും നൽകുന്നതായിരിക്കും. ചില ആദിവാസി ഊരുകളിലും മറ്റുചില റിമോട്ട് പ്രദേശങ്ങളിലും ഇന്റർനെറ്റിന്റെ ലഭ്യതയ്ക്ക് ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരളത്തിലെ ഇന്റർനെറ്റ് ദാതാക്കളുമായി ഒരു യോഗം ചേരുകയും ഇത്തരം പ്രദേശങ്ങളിൽ കണക്ടിവിറ്റിയുടെ പ്രശ്നം അടിയന്തരമായി

പരിഹരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ എല്ലാ ഇന്റർനെറ്റ് ദാതാക്കളും പൂർണ്ണമായ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തന രൂപരേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓൺലൈൻ വിദ്യാഭ്യാസം എല്ലാവിഭാഗം കുട്ടികൾക്കും ലഭ്യമാക്കിക്കൊണ്ടായിരിക്കും നടപ്പിലാക്കുക. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാക്കുപാലിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാമന്ത്രിമാരും പങ്കെടുത്തുകൊണ്ട് ജില്ലാതലത്തിൽ ഇതിന്റെ റിവ്യൂ നടന്നുവരുന്നുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ജില്ലാതലത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം ചേരും. ബഹുമാനപ്പെട്ട എം.എൽ.എ.-മാരടക്കമുള്ള ജനപ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. അതുകഴിഞ്ഞാൽ ഉടൻതന്നെ ഇതിന്റെ സമ്പൂർണ്ണ ലിസ്റ്റ് തയ്യാറാക്കും. അതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി തന്നെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ടൊരു അക്കൗണ്ട് ഓപ്പൺ ചെയ്തിട്ടുണ്ട്. ജനങ്ങളുടെയും ഗവൺമെന്റിന്റെയും സന്നദ്ധ പ്രസ്ഥാനങ്ങളുടെയും

സഹായത്തോടുകൂടി ഇപ്പോൾ കണ്ടെത്തിയിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ പേർക്കും ഡിജിറ്റൽ എജ്യൂക്കേഷനുവേണ്ടി ലാപ്ടോപ്പ് അല്ലെങ്കിൽ ടാബ് നൽകും. അതാണ് ഗവൺമെന്റ് തീരുമാനം.

ശ്രീ. സജീവ് ജോസഫ്: സർ, എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കെങ്കിലും സർക്കാർ ചെലവിൽ ഡിവൈസുകൾ നൽകാനുള്ള നടപടി സ്വീകരിക്കുമോ; ഒന്നരമാസത്തെ അവരുടെ പഠനം നഷ്ടപ്പെട്ടു. അവരുടെ തുടർപഠനമെങ്കിലും നഷ്ടപ്പെടാതിരിക്കാൻ എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്കെങ്കിലും എത്രയുംവേഗം പഠനോപകരണങ്ങൾ നൽകുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, എസ്.ടി. ഫണ്ടിൽനിന്നും ഗ്രാന്റ്-ഇൻ-എയ്ഡായി ലോക്കൽ ബോഡീസിന് നൽകിയ തുകയിൽനിന്നും എസ്.ടി. വിഭാഗത്തിൽപ്പെട്ട മുഴുവൻ കുട്ടികൾക്കും ലാപ്ടോപ്പ്/ടാബ്/ മൊബൈൽ ഫോൺ വാങ്ങിക്കൊടുക്കാനുള്ള ഉത്തരവ് ഇറക്കിക്കഴിഞ്ഞിട്ടുണ്ട്. മുഴുവൻ കുട്ടികൾക്കും പഠിക്കാനുള്ള സൗകര്യം ലഭിക്കുന്നതാണ്.

IV **സബ്മിഷൻ**

(1) ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവതരമായൊരു വിഷയം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തൃശ്ശൂർ ജില്ലയിലെ മലക്കപ്പാറ അരേക്കാപ്പ് കോളനിയിൽ താമസിച്ചിരുന്ന പന്ത്രണ്ട് ആദിവാസി കുടുംബങ്ങൾ നെല്ല്, കുരുമുളക്, കാപ്പി, അടയ്ക്ക എന്നിവ കൃഷി ചെയ്ത് വളരെ സന്തോഷത്തോടെ, സൗകര്യത്തോടെ ജീവിച്ചിരുന്നവരാണ്. 2018-ലെ മഹാപ്രളയത്തിനുശേഷം അവരുടെ കൃഷി മുഴവൻ നശിച്ചുപോയി. തുടർച്ചയായുണ്ടായ മണ്ണിടിച്ചിലും നിരന്തരമായുണ്ടാകുന്ന കാട്ടുമൃഗശല്യവും കാരണം ആ പാവങ്ങൾക്ക് ഊരിൽ ജീവിക്കാൻ കഴിയാത്ത സ്ഥിതിയായി. അവരെല്ലാം സാധാരണ ഈറ്റക്കുടിലിലാണ് താമസിച്ചിരുന്നത്. ഒരു നിവൃത്തിയുമില്ലാത്ത, സ്വയം അദ്ധ്വാനിച്ച് കൃഷിചെയ്ത് ജീവിച്ചിരുന്ന ആളുകളാണിവർ. അവരുടെ ജീവൻ അപകടത്തിലായപ്പോൾ, ഉപജീവനമാർഗ്ഗങ്ങളെല്ലാം നിലച്ചുപോയപ്പോൾ

അവർ ഉള്ളതെല്ലാം വാരിക്കെട്ടി ഈറ്റകൊണ്ട് ചങ്ങാടങ്ങളുണ്ടാക്കി മലക്കപ്പാറയിൽനിന്നും 28 കിലോമീറ്റർ ഡാമിലൂടെ യാത്ര ചെയ്ത് ഇടമലയാർ വൈശാലി ഗുഹയിലെത്തി. ഇടമലയാർ ഡാമിനുവേണ്ടി സ്ഥലം എടുക്കുന്നതിനുമുമ്പ് അവരുടെ പൂർവ്വികർ താമസിച്ചിരുന്ന സ്ഥലമായതുകൊണ്ടാണ് അവർ വൈശാലി ഗുഹയിലെത്തിയത്. അവിടെ കൃഷി ചെയ്ത് ജീവിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. ഈ പന്ത്രണ്ട് കുടുംബങ്ങളിൽ 13 കുട്ടികളും 11 സ്ത്രീകളുമുൾപ്പെടെ 39 പേരാണുള്ളത്. പക്ഷേ അവിടെ വന്ന അന്നുതന്നെ വനം വകുപ്പ് അവരെ അവിടെനിന്ന് ഇടമലയാറിലെ ട്രൈബൽ ഹോസ്റ്റലിലേയ്ക്ക് മാറ്റി. അവിടെ യാതൊരു സൗകര്യവുമില്ല, കുടിവെള്ളം പോലുമില്ല. ഞാൻ നേരിട്ട് പോയി കണ്ടതാണ്. ഭക്ഷണത്തിന് അവർ പ്രയാസപ്പെടുകയാണ്. കുട്ടികൾക്ക് പഠിക്കാൻ ഓൺലൈൻ സൗകര്യങ്ങളില്ല. കുട്ടികളെ സ്കൂളിൽ ചേർക്കാൻപോലും കഴിയാത്ത സാഹചര്യമാണുള്ളത്. അവരുടെ മുമ്പിൽ വച്ച് പുലിയുൾപ്പെടെയുള്ള കാട്ടുമൃഗങ്ങൾ വീട്ടുമൃഗങ്ങളെ പിടിച്ചുകൊണ്ട് പോവുകയാണ്. ഊരുവിലക്കിന് വിധേയയായൊരു സ്ത്രീയും അവരുടെ

രണ്ടുമക്കളും അവരുടെ കൂട്ടത്തിലുണ്ട്. അവർക്ക് റേഷൻ കാർഡ് പോലുമില്ലാത്ത സ്ഥിതിയാണ്. അവരെ പുനരധിവസിപ്പിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുമ്പാകെ പറയാനുള്ളത്. അവിടെ വേറൊരു പ്രശ്നം കൂടിയുണ്ട്. അവിടെയുള്ള പന്തപ്ര കോളനിയിൽ 219 ഏക്കർ സ്ഥലം നേരത്തെ ഇവർക്ക് കൊടുത്തിട്ടുണ്ട്. 60 ആദിവാസി കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ട്. പക്ഷെ അവിടെ മുഴുവൻ തേക്ക് മരങ്ങളാണ്. അവർക്ക് കൃഷിചെയ്യാൻ സാധിക്കില്ല. ആ തേക്ക് വെട്ടിമാറ്റി കൊടുക്കാനുള്ള തീരുമാനം നടപ്പിലാക്കിയിട്ടില്ല. കൃഷി ചെയ്യില്ലെങ്കിൽ അവർ പട്ടിണിയാണ്. അവർക്ക് വേറൊരു പണിയും അറിയില്ല. ഇപ്പോൾ വന്നിരിക്കുന്ന കുടുംബങ്ങളടക്കം അവിടെയുള്ളവർ കൃഷിചെയ്തും മീൻപിടിച്ചും ജീവിക്കാൻ അറിയാവുന്നവരാണ്. വൈശാലി ഗുഹയ്ക്കടുത്തുതന്നെ മറ്റുചില കോളനികളുണ്ട്. ഒരു സെറ്റിൽമെന്റ് ആ കോളനികൾക്കടുത്ത് ഉണ്ടാക്കികൊടുത്താൽ അവർക്ക് മീൻ പിടിച്ചും കൃഷിചെയ്തും ജീവിക്കാൻ സാധിക്കുന്ന സാഹചര്യമുണ്ടാകും. ഇത് മാനുഷികമായ പ്രശ്നമാണ്. സ്വന്തം ഊരും

ആവാസവ്യവസ്ഥയും ഉപേക്ഷിച്ച് ജീവിക്കാൻ നിവൃത്തിയില്ലാതെ ജീവൻ അപകടത്തിലായി പലായനം ചെയ്യപ്പെട്ട ഈ കുടുംബങ്ങളെ ഹൃദയത്തോട് ചേർത്ത് നിർത്തിക്കൊണ്ട് അവരെ പുനരധിവസിപ്പിക്കാൻ സംവിധാനമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച സബ്മിഷൻ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ അതിരപ്പിള്ളി ഗ്രാമപ്പഞ്ചായത്തിലെ അരേക്കാപ്പ് പട്ടികവർഗ്ഗ സങ്കേതത്തിൽ നിന്നുള്ള കുടുംബങ്ങളാണ് പുറത്തുവന്നിരിക്കുന്നത്. വനാവകാശ നിയമപ്രകാരം നേരത്തെ 38 കുടുംബങ്ങൾക്ക് 58.96 ഹെക്ടർ ഭൂമിക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. അതിൽ 10 കുടുംബങ്ങളും ഊരുവിലക്കിയ ഒരു കുടുംബവും അടക്കം 43 പേർ ഉൾപ്പെടുന്ന 11 കുടുംബങ്ങളാണുള്ളത്. അവർ 06-07-2021-നാണ് എറണാകുളം ജില്ലയിലെ ഇടമലയാർ ഡാമിന് സമീപമുള്ള വനം കയ്യേറി കുടിൽ കെട്ടാൻ ശ്രമിച്ചത്. വനം വകുപ്പ് ഈ

ശ്രമം തടഞ്ഞു. തുടർന്ന് നേരം വളരെ വൈകിയതുകൊണ്ട് അവർക്ക് തിരിച്ചുപോകാൻ കഴിഞ്ഞില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠിക്കാനായി നിർമ്മിച്ച പ്രീ-മെട്രിക് ഹോസ്റ്റലിൽ താമസിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. നിലവിൽ ഇവർ ഇടമലയാർ പ്രീ-മെട്രിക് ഹോസ്റ്റലിലാണ് താമസിച്ചുവരുന്നത്. മൂവാറ്റുപുഴ, ചാലക്കുടി പട്ടികവർഗ്ഗ വികസന ഓഫീസർമാരും റവന്യൂ, വനം വകുപ്പുദ്യോഗസ്ഥരും അവരുമായി നിരന്തരം ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തുവരുന്നു. മൂവാറ്റുപുഴ ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ പട്ടികവർഗ്ഗ വികസന ഓഫീസർ, ചാലക്കുടി പട്ടികവർഗ്ഗ വികസന ഓഫീസർ, കോതമംഗലം തഹസിൽദാർ, വനം, പോലീസ് ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സംഘം ഈ മാസം 22-ന് അവരുമായി സംസാരിക്കുകയും അവരുടെ ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കുകയും ചെയ്തിരുന്നു. ഞാൻ തന്നെ നേരിട്ട് തൃശ്ശൂർ, എറണാകുളം ജില്ലാ കളക്ടർമാരുമായി സംസാരിച്ചിട്ടുണ്ട്. അരേക്കാപ്പ് കോളനിയിൽ നിലവിൽ താമസിച്ചുവരുന്ന 45 കുടുംബങ്ങളിൽ 10

കുടുംബങ്ങൾക്ക് മാത്രമാണ് വനാവകാശ നിയമപ്രകാരം ഏകദേശം നല്ല ഭൂമി കൈവശം ലഭിച്ചത്. 2018-ലെ വെള്ളപ്പൊക്കത്തിൽ ഭൂമിക്ക് കുറച്ച് നാശം സംഭവിക്കുകയും കൃഷി നശിക്കുകയും ചെയ്തിരുന്നു. അവർക്ക് ഒരു ഹെക്ടർ മുതൽ നാല് ഹെക്ടർ വരെ സ്ഥലം സ്വന്തമായി കൊടുത്തിട്ടുണ്ട്. കോതമംഗലം താലൂക്കിൽ താളംകണ്ടം വൈശാലിമേട് എന്ന സ്ഥലത്ത്, അവരുടെ പൂർവ്വികർ താമസിച്ചിരുന്നതാണെങ്കിൽപ്പോലും, 12 ഏക്കർ സ്ഥലമാണ് ആകെയുള്ളത്. അവിടെ നിന്നും മാറി താമസിക്കുന്ന 10 കുടുംബങ്ങൾക്കും ഒരു ഹെക്ടർ മുതൽ മൂന്ന് ഹെക്ടർ വരെ സ്ഥലം സ്വന്തമായി അരേക്കാപ്പിലുണ്ട്. എന്നാൽ, ഇവിടെ ആകെ 12 ഏക്കർ സ്ഥലമാണുള്ളത്. 12 ഏക്കർ സ്ഥലമെന്നത് വനത്തിനുള്ളിൽ തന്നെയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ പുലികളുൾപ്പെടെയുള്ള വന്യമൃഗങ്ങൾ ആക്രമിക്കാൻ സാദ്ധ്യതയുള്ള സ്ഥലത്താണ് അവർ താമസിക്കുന്നത്. കയ്യേറിയ സ്ഥലം സ്ഥിരമായി അവർക്ക് താമസിക്കാൻ കഴിയുന്ന സ്ഥലമല്ലായെന്ന് കണ്ടെത്തിയിരുന്നു. അതുകൊണ്ടുതന്നെ അവരെ പുനരധിവസിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആ പദ്ധതി പ്രകാരം

അവരെ അരേക്കാപ്പിലേയ്ക്കുതന്നെ തിരിച്ചുകൊണ്ടുപോകാൻ വേണ്ടിയുള്ള ശ്രമം നടത്താം. അവിടെ ഒരു ഹെക്ടർ മുതൽ മൂന്ന് ഹെക്ടർ വരെ സ്ഥലമുണ്ട്. അരേക്കാപ്പിൽ താമസിക്കുന്ന കുടുംബങ്ങൾ ഇപ്പോൾ കാപ്പിയും കുരുമുളകും അടയ്ക്കയുമൊക്കെ കൃഷി ചെയ്തുവരുന്നുണ്ട്, അവിടെ കൃഷി വർദ്ധിച്ചിട്ടുണ്ട്. കുടിൽ കെട്ടി ഇപ്പോൾ താമസിക്കാനെത്തിയ 11 കുടുംബങ്ങൾക്കും അവിടെത്തന്നെ താമസിക്കാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): അവിടെ മൂന്നേക്കർ സ്ഥലമൊക്കെയുണ്ട്. നിവൃത്തിയുണ്ടെങ്കിൽ അവർ ഊര് വിട്ട് പോരുമോ? അവിടെ ജീവിക്കാൻ പറ്റാത്ത സാഹചര്യവും മണ്ണിടിച്ചിലും വെള്ളപ്പൊക്കവും കാട്ടുമൃഗങ്ങളുടെ ശല്യവുമാണ്. നിവൃത്തിയില്ലാത്തതുകൊണ്ടാണ് 28 കിലോമീറ്റർ യാത്ര ചെയ്ത് ഇവിടെ വന്നത്. അങ്ങോട്ട് പോകുന്ന കാര്യം ഞാൻ അവരോട് സംസാരിച്ചപ്പോൾ അവർക്കൊരു താൽപര്യവുമില്ല. അങ്ങോട്ടുപോകാൻ അവർക്ക് ഭയമാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അരേക്കാപ്പിൽ 45 കുടുംബങ്ങളാണ്

സാധനങ്ങൾ കണ്ട്, തൊട്ടുനോക്കി, വിലപേശി വാങ്ങി ശീലമുള്ള യാഥാസ്ഥിതികരായ ജനങ്ങൾ ഓൺലൈൻ ഷോപ്പിംഗിലേയ്ക്ക് വരാൻ വിമുഖത കാണിച്ചു. ഇന്റർനെറ്റ് എല്ലാ പ്രദേശങ്ങളിലും ലഭ്യമായ 1999-2000-ഓടുകൂടി കൂടുതൽ ജനങ്ങൾ ഈ മേഖല തെരഞ്ഞെടുക്കാൻ തുടങ്ങി. സമീപകാലത്തായി ഓൺലൈൻ റീട്ടെയിൽ വ്യാപാരം കേരളത്തിൽ വലിയ വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രത്യേകിച്ചും കോവിഡ് പശ്ചാത്തലത്തിൽ ഭക്ഷണമുൾപ്പെടെ ഓൺലൈനായി ഓർഡർ ചെയ്ത് വരുത്തുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. ഉയർന്ന നിരക്കിലുള്ള കമ്പ്യൂട്ടർ സാക്ഷരതയും മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവ ഉപയോഗിക്കുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവും ഈ മേഖലയുടെ വളർച്ചയ്ക്ക് കാരണമായി. കേരളത്തിലെ 3.3 കോടി ജനങ്ങളിൽ 3.1 കോടി ജനങ്ങളും മൊബൈൽ ഫോണും ഏതാണ്ട് 54 ശതമാനംപേർ ഇന്റർനെറ്റും ഉപയോഗിക്കുന്നവരാണ്. 2019-20 വർഷത്തിൽ കേരളത്തിൽ നടന്ന റീട്ടെയിൽ വ്യാപാരത്തിന്റെ 32 ശതമാനവും ഓൺലൈനിലൂടെയായിരുന്നു. ഇതിൽനിന്നും ഈ മേഖല എത്രമാത്രം വിപുലമായിക്കൊണ്ടിരിക്കുന്നുവെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ? ഏകദേശം 68.4 ദശലക്ഷം ഡോളറിന്റെ വ്യാപാരമാണ് നടന്നിട്ടുള്ളത്. ഈ കോവിഡ് പശ്ചാത്തലത്തിൽ ഇത്തരം

സേവനങ്ങളുടെ ആവശ്യകതയും അനിവാര്യതയും പ്രത്യേകം ഓർമ്മിപ്പിക്കേണ്ട കാര്യമില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വളരെ പ്രധാനപ്പെട്ട ബില്ലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിക്കുന്നത്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ പഠനംപോലെ ഓൺലൈൻ വ്യാപാരവും വ്യാപിച്ചിരിക്കുകയാണ്. ഓൺലൈൻ രംഗത്ത് നിലനിൽക്കുന്ന നിരവധി തട്ടിപ്പുകൾ ഒരു ബിൽ കൊണ്ടുവരുന്നതിലൂടെ ഇല്ലാതാക്കാൻ കഴിയും. അതിന്റെ പ്രസക്തി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഏതുകാര്യത്തിലുമെന്നപോലെ ഇതിലും ഗുണവും ദോഷവുമുണ്ട്. ഇപ്പോൾ ധാരാളം ഓൺലൈൻ തട്ടിപ്പുകൾ സമൂഹത്തിൽ നടക്കുന്നതുമായി ബന്ധപ്പെട്ട നിരവധി വാർത്തകൾ വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണമുണ്ടായാൽ അത്തരം തട്ടിപ്പുകളെ പ്രതിരോധിക്കാൻ സാധിക്കും. ഈ രംഗത്ത് ആത്മാർത്ഥമായി ജോലിചെയ്യുന്ന, ഈ മേഖലകൊണ്ട് ഉപജീവനം നടത്തുന്ന തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും. കോവിഡ് സമയത്ത് അപകട സാധ്യതകളുണ്ടായിരുന്നിട്ടും ഡെലിവറി ബോയ്സ് അവരുടെ കടമയാണെന്ന് കണക്കാക്കി, കോവിഡിനെ വകവകവയ്ക്കാതെ,

ജോലിയുമായി ബന്ധപ്പെട്ട് സജീവ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയായിരുന്നു. അതിനിടെ കോവിഡ് ബാധിച്ചവരും അവശനിലയിലായവരും മരണപ്പെട്ടവരുമായ നിരവധിപേരുണ്ട്. അവരുടെ സ്ഥാപനങ്ങളിൽനിന്നും അവർക്ക് ഒരു പരിരക്ഷയും ലഭിച്ചില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ നാട്ടിലെ കച്ചവടക്കാർ ഓൺലൈൻ വ്യാപാരത്തെ പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്ന നിലപാടുള്ളവരാണ്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. എസ്. സുപാൽ: സർ, ഈ അവസരത്തിൽ ഇതുസംബന്ധിച്ച തർക്കങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ എല്ലാ മേഖലകളിലും ഓൺലൈൻ വ്യാപാരത്തിന്റെയും സേവനത്തിന്റെയും പ്രവർത്തനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അതുസംബന്ധിച്ച് ഞാൻ പിന്നീട് പറയാം. ഭാവിയിൽ ഇതിൽനിന്നും ആർക്കും മാറിനിൽക്കാൻ സാധിക്കില്ല. വാടക കൊടുത്ത് നിയമാനുസൃതമായി കച്ചവടം നടത്തുന്നവർക്ക് ഇതിൽ എതിർപ്പുകളുണ്ടാകാം. പക്ഷേ വളർന്നുവരുന്ന മേഖലയെന്ന രീതിയിൽ ഇപ്പോൾ ഇതിനെ എതിർക്കുന്നവർക്കും നാളെ ഇതിൽനിന്നും മാറിനിൽക്കാൻ സാധിക്കില്ല. അവരും ഈ സേവനം പ്രയോജനപ്പെടുത്തേണ്ടി വരും.

<u>ശ്രീ. വി. ജോയി</u>: സർ, ഓൺലൈനായി ഭക്ഷണമെത്തിക്കുന്നത് സംബന്ധിച്ച് അങ്ങ് ഇവിടെ പറഞ്ഞു. ഏത് പട്ടണത്തിൽ പോയാലും പ്രധാനപ്പെട്ട ഹോട്ടലുകൾ കേന്ദ്രീകരിച്ച് Swiggy-യുടെയും മറ്റും ജോലിക്കാരായി നിരവധി ചെറുപ്പക്കാർ ബാഗും തൂക്കി നിൽക്കുകയാണ്. ഇവരാണ് ഹോട്ടലുകളിൽനിന്നും വീടുകളിൽ ഭക്ഷണമെത്തിക്കുന്നത്. അവരെക്കൂടി ഇതിന്റെ ഭാഗമാക്കാൻ സാധിക്കുമോ; നിലവിൽ നൂറുകണക്കിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഓൺലൈൻ വ്യാപാരത്തിന്റെ ഭാഗമായി വരുന്ന തൊഴിലാളികളുടെ സംരക്ഷണമാണ് ഈ ബില്ലിലൂടെ അങ്ങ് അവതരിപ്പിക്കുന്നത്. പക്ഷേ ഇന്നലെകളിൽ നമുക്കുണ്ടായിരുന്ന ചന്തകളിൽ കേവലം സാമ്പത്തികപരമായ വിനിമയം മാത്രമല്ല നടത്തിയിരുന്നത്, അവ സാമൂഹികവും സാംസ്കാരികപരവുമായ വിനിമയകേന്ദ്രങ്ങളായിരുന്നു. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ അവയെല്ലാം കോർപ്പറേറ്റ്‌വൽക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി അവർക്ക് മാത്രമായി വിലപേശാനുള്ള അധികാരത്തിൽക്കൊണ്ടെത്തിക്കുന്ന ഓൺലൈൻ വ്യാപാരത്തെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, എന്റെ ചെറുപ്പകാലത്തെ കാര്യം

എനിക്കോർമ്മയുണ്ട്. നമ്മുടെ നാട്ടിലൊക്കെ നെയ്ത്ത് കേന്ദ്രങ്ങളിൽനിന്നും തോർത്തുമുണ്ട്, ലുങ്കി, സാരി, ബെഡ്ഷീറ്റ് എന്നിവയെല്ലാം കൊണ്ടുവരുമായിരുന്നു. എന്നുപറഞ്ഞാൽ, വളരെ വർഷങ്ങൾക്കുമുമ്പേ കേരളത്തിൽ നിലനിന്നതാണ് ഈ ഓൺലൈൻ മാർക്കറ്റിംഗ്. തീർച്ചയായും വളരെ കാലികപ്രസക്തമായൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഈ ബില്ലിലൂടെ സൂചിപ്പിക്കുന്നത്. കോവിഡിന്റെ കാലയളവിലാണ് മിക്കവാറും എല്ലാവരും മരുന്നും പച്ചക്കറികളും മറ്റ് അത്യാവശ്യ സാധനങ്ങളുമൊക്കെ വാങ്ങുന്നതിന് ഈ സമ്പ്രദായത്തെ ആശ്രയിച്ചു തുടങ്ങിയത്. ഈ കോവിഡ് മഹാമാരിയുടെ കാലത്ത് നമ്മുടെ വീടുകൾ അനാഥമായിപ്പോകാതിരിക്കാനുള്ള വലിയൊരു കരുതലാണ് ഈ തൊഴിലാളികൾ ചെയ്യുന്നത്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വളരെ പ്രധാനപ്പെട്ട, ഇന്ന് ശക്തിപ്പെട്ടുവരുന്ന ഒരു തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണവും ക്ഷേമനിധിയും കൊടുക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ബില്ലിലൂടെ ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ നമ്മൾ കാണേണ്ടത്, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയാണ്. ഏത് പുതിയ തൊഴിൽ മേഖല വരുമ്പോഴും അതിലെ തൊഴിലാളികൾക്ക്

ക്ഷേമനിധി വേണമെന്ന് പറയുമ്പോൾ സ്ഥിരം പറയുന്ന മറുപടിയാണ്, The Kerala Shops and Commercial Establishments Act-ന്റെ പരിധിയിലേയ്ക്ക് ഇവരെയൊക്കെ കൊണ്ടുവരും എന്നത്. അത് പരിശോധിക്കേണ്ട കാര്യമാണ്. The Kerala Shops and Commercial Establishments Act-ന്റെ പരിധിയിൽ എല്ലാകാര്യങ്ങളും കൊണ്ടുവരാൻ കഴിയണമെന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, ശ്രീ. എൻ. ഷംസുദ്ദീൻ, പ്ലീസ് കൺക്ലൂഡ്..

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പറഞ്ഞുവരുന്ന പോയിന്റ് പൂർത്തിയാക്കട്ടെ. വീട്ടുകളിൽകൊണ്ടുവന്ന് വാതിൽപ്പടി വിതരണം നടത്തുന്ന കച്ചവടങ്ങൾ പഴയ കാലത്തുതന്നെയുണ്ട്. വള, തുണികൾ എന്നിവയൊക്കെ ഉണ്ടായിരുന്നു. ഇപ്പോൾ കോവിഡ് വന്നപ്പോൾ എല്ലാ മേഖലയിലേയ്ക്കും ഓൺലൈൻ വ്യാപാരം ശക്തിപ്പെട്ടുവരികയാണ്. നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, കച്ചവടക്കാരുടെ എതിർപ്പുണ്ടായാലും ഇല്ലെങ്കിലും അതൊരു യാഥാർത്ഥ്യമാണ്. ഈ രംഗത്ത് പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. അവർക്ക് സംരക്ഷണമേകാൻ പ്രത്യേകമായൊരു ക്ഷേമനിധിയും ഒരു ആക്ടും ഉണ്ടാകുന്നത് തന്നെയാണ് ഉചിതമെന്ന അങ്ങയുടെ വാദത്തോട് ഞാൻ യോജിക്കുകകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. സുപാൽ, സമയക്കുറവുമൂലം

അങ്ങയുടെ ബില്ലിന്റെ തുടർ ചർച്ച മറ്റൊരു അവസരത്തിലേയ്ക്ക് മാറ്റിവയ്ക്കാം.

ശ്രീ. പി. എസ്. സുപാൽ: സർ, ഒരുകാര്യംകൂടി സൂചിപ്പിക്കാനുണ്ട്. കോർപ്പറേറ്റ്‌വൽക്കരണത്തിന് ശക്തമായ എതിരഭിപ്രായമുള്ള വ്യക്തിയാണ് ഞാൻ. ഒരുതരത്തിലുമുള്ള കോർപ്പറേറ്റ്‌വൽക്കരണവും ഉണ്ടാകാൻ പാടില്ലെന്നതാണ് നമ്മുടെ നിലപാട്. എന്നാൽ യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യമായി കാണാതിരിക്കാൻ നമുക്ക് കഴിയില്ല. ഇവിടെ ബഹുമാനപ്പെട്ട നാദാപുരം അംഗമുൾപ്പെടെ പറഞ്ഞതുപോലെ, ഇപ്പോഴുള്ള നിലയിലല്ലെങ്കിലും പണ്ടുമുതൽതന്നെ പലരൂപത്തിൽ ഇത്തരത്തിലുള്ള സേവനങ്ങളുണ്ടായിരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇപ്പോൾ ഞാൻ നിർത്തുകയാണ്, ചർച്ച തുടരുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (ii) 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഈ ബില്ലിന്റെ സ്പിരിറ്റിനെ സർക്കാർ ഉൾക്കൊള്ളുകയാണ്. ശുദ്ധജലം എല്ലാവർക്കും കൊടുക്കണമെന്നുള്ള ബില്ലിലെ ആവശ്യത്തോട് സർക്കാരിന് യോജിപ്പാണുള്ളത്. ഇപ്പോഴുള്ള സംവിധാനത്തിലൂടെ അത് മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കാനുള്ള ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു പ്രത്യേക അതോറിറ്റി രൂപീകരിച്ച് ശുദ്ധജലം കൊടുക്കേണ്ട സ്ഥിതി ഇപ്പോഴില്ലെന്നാണ് സർക്കാർ കാണുന്നത്. മാത്രമല്ല, അധിക സാമ്പത്തിക ബാദ്ധ്യതയും വരും. ശുദ്ധജലം ലഭ്യമാക്കണമെന്ന കാര്യത്തിൽ തർക്കമില്ല. ജനങ്ങൾക്ക് നല്ല വെള്ളം ലഭിക്കാനുള്ള സംവിധാനമുണ്ടാകണം. മിക്കവാറും എല്ലാ പകർച്ചവ്യാധികളും പടരുന്നതിന്റെ പ്രധാനപ്പെട്ട കാരണം ശുദ്ധജലം ലഭിക്കാത്തതാണ്. ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് എല്ലാ ജനവിഭാഗങ്ങൾക്കും ശുദ്ധജലം കൊടുക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അധിക സാമ്പത്തിക ബാദ്ധ്യതകൂടി കണക്കിലെടുത്തുകൊണ്ട് ഇപ്പോൾ ഈ ബിൽ അംഗീകരിക്കേണ്ടതില്ലെന്നാണ് സർക്കാരിനുവേണ്ടി പറയാനുള്ളത്.

<u>ശ്രീ. പി. ടി.തോമസ്:</u> സർ, വളരെ നിരാശാജനകമായ ഒരു മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായത്. ഇത് അനിവാര്യമാണെന്ന് സമ്മതിക്കുകയും എന്നാൽ ഇപ്പോൾ ആവശ്യമില്ലെന്ന് പറയുകയും ചെയ്യുന്നത് വൈരുദ്ധ്യമാണ്. യഥാർത്ഥത്തിൽ വരാൻ പോകുന്ന തലമുറകളെ ബാധിക്കുന്ന ഗുരുതരമായൊരു വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന മലിനീകരണംമൂലം ശുദ്ധമായ കുടിവെള്ള ലഭ്യത ക്രമാതീതമായി കുറഞ്ഞുവരികയാണ്. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ ഇപ്പോൾത്തന്നെ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഇക്കാര്യങ്ങൾ അടിയന്തരമായി പരിഗണിച്ച് കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയേണ്ടത് ആവശ്യമാണ്. ശുദ്ധജലം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. വാട്ടർ അതോറിറ്റി വെള്ളം കൊടുക്കുന്നുണ്ടെങ്കിലും ഇനിയും ഏകദേശം 50 ലക്ഷത്തോളം കുടിവെള്ള പൈപ്പ് കണക്ഷനുകൾ കൊടുക്കാനുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വളരെ ചെറിയ അളവിൽ മാത്രമേ ഇപ്പോൾ കൊടുത്തിട്ടുള്ളൂ. പൈപ്പിലൂടെ വരുന്ന വെള്ളം മാത്രമല്ല, കിണറുകൾ, കുളങ്ങൾ, തോടുകൾ, ജലാശയങ്ങൾ, നദികൾ ഇതെല്ലാം വലിയ തോതിൽ മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. ശുദ്ധജലം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ

കടമയാണ്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ഒരു അതോറിറ്റി രൂപീകരിക്കണം. അതിന് വലിയ ചെലവൊന്നും വരുന്നില്ല.

ഈ സഭയിൽ പലവട്ടം ഉദ്ധരിച്ചിട്ടുള്ള കാര്യമാണ്. പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരനായ Samuel Taylor Coleridge-ന്റെ 'The Ancient Mariner' എന്ന കവിതയിലെ "...Water, water, everywhere, Nor any drop to drink." എന്ന വരി സർവ്വസാധാരണയായി ഉദ്ധരിക്കുന്നതാണ്. "വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിപ്പാനില്ലത്രേ" എന്നത് സമുദ്ര യാത്രക്കാരൻ അഭിമുഖീകരിച്ച ബുദ്ധിമുട്ടായിട്ടാണ് കവിതയിൽ പ്രതിപാദിക്കുന്നതെങ്കിലും ഇപ്പോഴത് എല്ലാ ജനങ്ങളും അഭിമുഖീകരിക്കുന്നൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. ഈ വരികളെ അന്വർത്ഥമാക്കുന്ന വിധത്തിൽ 97 ശതമാനവും വെള്ളത്താൽ വലയം ചെയ്യപ്പെട്ട ഭൂമിയിൽ ദാഹജലത്തിനായുള്ള ഓട്ടത്തിലാണ് മനുഷ്യൻ. ജലത്തിന്റെ നീരുറവകൾ മണ്ണിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജലത്തിനായി ഒരു ദിനം, ഓരോ തുള്ളി ജലവും പാഴാക്കാതെ ഉപയോഗപ്പെടുത്താനുള്ള ഓർമ്മപ്പെടുത്തൽ എന്നിവ 1992-ൽ ബ്രസീലിലെ Rio de Janeiro-ൽ ചേർന്ന യു.എൻ. സമ്മേളനത്തിൽ തീരുമാനിക്കുകയുണ്ടായി. തുടർന്ന് ഇതുസംബന്ധിച്ച ധാരാളം ചർച്ചകളും

നടന്നു. ഇന്ന് ജലത്തെ തീവ്രഭീഷണിയിലാക്കിയിരിക്കുന്ന നിരവധി സംഭവങ്ങളുണ്ട്. വെള്ളമെന്ന മഹത്തായ അനുഗ്രഹം മനുഷ്യന്റെ ആർത്തിമൂലം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. മണ്ണിനും ജീവനും ആവശ്യമായ ജലക്ഷാമത്തെ അതിജീവിക്കാനുള്ള കണ്ടെത്തലുകൾ എങ്ങുമെത്തിയിട്ടില്ല. തീർച്ചയായും ജീവൻ നിലനിർത്താൻ വെള്ളം അത്യാവശ്യമാണ്. കൂടാതെ തൃപ്തികരമായ രീതിയിൽ സുരക്ഷിതമായ ജലം എല്ലാപേർക്കും വിതരണം ചെയ്യാൻ സാധിക്കുകയും വേണം. അത് സർക്കാരിന്റെ കടമയുമാണ്. സുരക്ഷിതമായ കുടിവെള്ളം ലഭിക്കുക എന്നത് ആരോഗ്യകരമായ ജീവിതത്തിന് എപ്പോഴും സഹായകരമായിരിക്കും. ജലജന്യരോഗത്തിന്റെ ഏറ്റവും വലിയ അപകടസാധ്യത ശിശുക്കൾക്കാണ്. എലിപ്പനി, വയറിളക്കം, കോളറ, പോളിയോ, ടൈഫോയിഡ്, വയറുകടി, മഞ്ഞപ്പിത്തം, ഹെപ്പറ്റൈറ്റിസ്, കിഡ്നി സംബന്ധമായ രോഗങ്ങൾ, എന്നിവയെല്ലാം ജലജന്യരോഗങ്ങളാണ്. ഡയാലിസിസിനുവേണ്ടി എത്രയോ കോടി രൂപയാണ് നാം ചെലവഴിക്കുന്നത്. പഞ്ചായത്തുകൾതോറും നൂറു കണക്കിന് ഡയാലിസിസ് രോഗികളാണുള്ളത്. ഇതെല്ലാം കുടിവെള്ളത്തിൽ അടങ്ങിയിരിക്കുന്ന മാലിന്യങ്ങൾമൂലം ഉണ്ടായിട്ടുള്ളതാണ്. ബലഹീനരായവർ, പ്രായമായവർ, ശിശുക്കൾ

തുടങ്ങിയവർ വൃത്തിഹീനമായ സാഹചര്യങ്ങളിൽ ജീവിക്കുമ്പോൾ സാധാരണയായി ജലജന്യരോഗങ്ങളുണ്ടാകാനുള്ള സാധ്യതയുണ്ട്. അവരെ പരിരക്ഷിക്കുന്നതിന് അധിക നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. പ്രത്യേകിച്ച്, ജലജന്യ രോഗങ്ങളെ നശിപ്പിക്കാനായി പലവിധ മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതുണ്ട്. സുരക്ഷിതമായ കുടിവെള്ളമാണ് എല്ലാ ഗാർഹിക ആവശ്യങ്ങൾക്കും അത്യാവശ്യമായിട്ടുള്ളത്. കുടിവെള്ളത്തിലെ ഘടകങ്ങളായ നിറം, പി.എച്ച്., ക്ലോറിൻ, കാഠിന്യം, സൾഫേറ്റ്, നൈട്രേറ്റ്, ഫ്ലൂറൈഡ്, കാത്സ്യം, മഗ്നീഷ്യം, കോപ്പർ, കാഡ്മിയം, ആർസനിക്, ഇരുമ്പ്, ലെഡ്, മെർക്കുറി, ക്രോമിയം, കോളീഫോം ബാക്ടീരിയ, ഇ-കോളി ബാക്ടീരിയ ഇതെല്ലാം ഇന്ന് കുടിവെള്ളത്തിന്റെ ഭാഗമായി നമ്മളിലെത്തുകയാണ്. ലോകാരോഗ്യസംഘടന കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല രാജ്യങ്ങളും അവരുടെ ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയെ അടിസ്ഥാനമാക്കി സ്വന്തം നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. 2030-ഓടെ ഐക്യരാഷ്ട്ര സഭ കൈവരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള മുദ്രാവാക്യം "എല്ലാവർക്കും ശുദ്ധജലവും ശുചിത്വവും" എന്നതാണ്. ഇപ്പോൾ 2021 ആയിരിക്കുന്നു. 9 വർഷത്തിനകം എല്ലാവർക്കും ശുദ്ധജലവും ശുചിത്വവുമെന്ന വലിയ

സങ്കൽപ്പം നമുക്ക് നടപ്പിലാക്കിയെടുക്കേണ്ടതുണ്ട്. ജലത്തിന്റെ ഗുണമേന്മയിൽ യാതൊരു കുറവും വരാതിതിരിക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ദ്രവമാലിന്യങ്ങളിൽനിന്ന് വമിക്കുന്ന വിഷവാതകങ്ങൾ, ഗുരുതരമായ പാരിസ്ഥിതിക മലിനീകരണത്തിന് കാരണമാകുന്നുവെന്നത് നമ്മൾ പലപ്പോഴും വിസ്മരിക്കുകയാണ്. കേരളത്തിലെ നദികൾ നേരിടുന്ന പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളിലൊന്നാണ് സംസ്കരിക്കാത്ത മലിനജലം പുറന്തള്ളുന്നത്. ഇത് നദികളുടെ ജൈവമലിനീകരണത്തിന് കാരണമാകുന്നു. കണക്കാക്കിയ എല്ലാ സൂചികകളും നദികളിൽ ജൈവ മലിനീകരണം റിപ്പോർട്ട് ചെയ്യുന്നു. മൺസൂൺ മഴയുടെ തുടക്കത്തിനുശേഷം നദികളിൽ മലിനീകരണം വർദ്ധിക്കുന്നതായി ആൽഗൽ കമ്മ്യൂണിറ്റി ഘടനയും അവയുടെ കാലിക ചലനാത്മകതയും സൂചിപ്പിക്കുന്നു. മൺസൂണിനുശേഷം പോഷക നദികളിൽനിന്നും കനാലുകളിൽനിന്നും ജൈവ വസ്തുക്കൾ ഒഴുകിയെത്തുന്നു. നദികളിലെ ജൈവ മലിനീകരണത്തിന് മലിനജല ഓടകളും കാരണമാകുന്നു. ഇത്തരത്തിലുള്ള ഗുരുതരമായ മലിനീകരണ പ്രശ്നങ്ങൾ നദികൾ നേരിടുകയാണ്. അതോടൊപ്പം വലിയ തോതിലുള്ള രാസമാലിന്യങ്ങളും ഇന്ന് നമ്മുടെ നദികളിൽ എത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ബഹുമാനപ്പെട്ട അംഗം എപ്പോഴും

നദികൾക്കുവേണ്ടിയും പരിസ്ഥിതിക്കുവേണ്ടിയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാളാണ്. സംസ്ഥാനത്ത് 44 നദികളുണ്ട്, എന്റെ മണ്ഡലമായ പെരുമ്പാവൂർ ഉൾപ്പെടുന്ന എറണാകുളം ജില്ലയിലെ നാല് നദികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പെരിയാർ, അതും വളരെ മോശപ്പെട്ട അവസ്ഥയിലായിരിക്കുന്നു. മൂവാറ്റുപുഴയാറും ഏറ്റവും മോശപ്പെട്ട അവസ്ഥയിലായി, മറ്റൊന്ന് കോണോത്ത് പുഴയാണ്. കോണോത്ത് പുഴ ഇപ്പോൾ എറണാകുളത്ത് കാണാനില്ല. കൊച്ചിക്കായലിനേയും വേമ്പനാട്ട് കായലിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രശസ്തമായൊരു പുഴയായിരുന്നു ഇത്. അതിൽ മാലിന്യങ്ങൾ കുമ്പാരമായതിന്റെ ഫലമായി പുഴതന്നെ അപ്രത്യക്ഷമാകുന്ന അവസ്ഥയുണ്ടായി. മറ്റൊന്ന് കടമ്പ്രയാറാണ്, കടമ്പ്രയാറ് ഇന്ന് ഏഷ്യയിലെ തന്നെ ഏറ്റവും മലിനപ്പെട്ട നദിയായി മാറിയിരിക്കുന്നു. ഈ നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ കടമ്പ്രയാർ ജലമലിനീകരണം സംബന്ധിച്ച് ശ്രദ്ധക്ഷണിക്കൽ അങ്ങ് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, "മെമ്പറുടെ ഈ കാര്യത്തിലുള്ള താൽപ്പര്യം എനിക്ക് മനസ്സിലാകും" എന്നാണ് പറഞ്ഞത്. കൃത്യമായ മറുപടിപോലും പറഞ്ഞില്ല. അങ്ങ് ഈ രീതിയിൽ നദികളും ജലവും സംരക്ഷിക്കണമെന്ന് പറയുമ്പോഴും

സർക്കാരിൽനിന്നും ഇത്തരത്തിലുള്ള മറുപടി വരുന്നത് എന്തുകൊണ്ടാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം പ്രസക്തമാണ്, പ്രകൃതി വളരെ സങ്കീർണ്ണമായ ഒരു വിഷയമാണ്. ആരോഗ്യത്തോടെ ജീവിക്കണമെങ്കിൽ ക്ലീൻ എയർ, ക്ലീൻ വാട്ടർ, ക്ലീൻ സോയിൽ എന്നത് ലോകമെമ്പാടും അംഗീകരിക്കപ്പെട്ടതാണ്. ഞാൻ പ്രകൃതിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പല കാര്യങ്ങളിലും ശക്തമായ നിലപാടെടുത്തിട്ടുള്ള ഒരു വ്യക്തിയാണ്. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ കേരളത്തിലെ പല ജനപ്രതിനിധികളും മൗനം പാലിച്ചപ്പോഴും, മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ ശക്തമായൊരു നിലപാടെടുത്ത വ്യക്തിയാണ് ഞാൻ. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എന്റെ നിയോജകമണ്ഡലത്തിലെ കടമ്പ്രയാർ നദിയെ വലിയ തോതിൽ മലിനമാക്കുന്ന ഒരു കമ്പനിക്കെതിരെയാണ് ഞാനന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മുമ്പിൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചത്. എന്നാൽ നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദ്വയാർത്ഥത്തിലാണ് മറുപടി പറഞ്ഞത്. യഥാർത്ഥത്തിൽ ആ കടമ്പ്രയാറിനെ മലിനപ്പെടുത്തുന്ന കിറ്റെക്സ് എന്ന കമ്പനി റിവേഴ്സ്

ഓസ്മോസിസ് പ്രോസസ്സിലൂടെ റിജക്റ്റഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.എം.എസ്.) സ്ഥാപിച്ച് സീറോ ലിക്വിഡ് ഡിസ്ചാർജ്ജായി അവിടത്തെ മാലിന്യം പുറത്തേയ്ക്ക് വിടണമെന്ന ആവശ്യം മാത്രമേ ഞാൻ മുന്നോട്ടുവച്ചിട്ടുള്ളൂ. അത് ഫാക്ടറി പൂട്ടാൻ വേണ്ടിയുള്ള നീക്കമാണെന്ന് ദുർവ്യാഖ്യാനം ചെയ്യുകയുണ്ടായി. യഥാർത്ഥത്തിൽ 1000 വർഷം കഴിഞ്ഞാലും ആ കടമ്പ്രയാറിൽ അടിഞ്ഞുകൂടുന്ന മാലിന്യം മാറ്റാൻ കഴിയില്ല, നശിപ്പിക്കാൻ കഴിയില്ലെന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചത് ഇപ്പോഴുള്ളവർക്കും വരാൻ പോകുന്ന തലമുറയ്ക്കുംവേണ്ടി സദുദ്ദേശ്യത്തോടുകൂടിയാണ്. അതിനെ രാഷ്ട്രീയ ഉദ്ദേശ്യത്തോടെ കാണാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായത്. അതുകൊണ്ട് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, അങ്ങ് തന്നെ ഇവിടെ പെരിയാറിനെപ്പറ്റി പറഞ്ഞു, പെരിയാറിനെപ്പറ്റി ഒരു പഠനം നടന്നിട്ടുണ്ട്.

പെരിയാറിനെ വർഷങ്ങൾക്കുമുൻപ് പരിശോധിച്ച ഒരു പാരിസ്ഥിതിക സംഘത്തോടൊപ്പം കുറച്ച് സഞ്ചരിച്ചിട്ടുള്ള ആളാണ് ഞാൻ. എറണാകുളം നഗരത്തിലെയടക്കം കുടിവെള്ള സ്രോതസ്സായി നിൽക്കുന്ന പെരിയാറിൽ മാർക്കറ്റുകളിലെ മാലിന്യം അടിഞ്ഞുകൂടുകയും കൃഷിക്കുവേണ്ടി വലിയ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി പുഴ

മലിനപ്പെടുകയും ചെയ്യുന്നു. വർക്ക്ഷോപ്പുകളിൽനിന്നും അറവുശാലകളിൽനിന്നും ധാരാളമായി മാലിന്യങ്ങൾ പുഴയിലേയ്ക്ക് വരുന്നു. ഇവ പെരിയാർ നദിയെ വലിയതോതിൽ മലിനപ്പെടുത്തുന്നുവെന്ന് സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഞാൻ ചൂണ്ടിക്കാണിക്കുന്നത്, സാമ്പത്തിക ലാഭത്തിനുവേണ്ടി, ഏതെങ്കിലും ഒരു കമ്പനിയുടെ നടത്തിപ്പിനുവേണ്ടി, താൽക്കാലികമായ കോടികളുടെ നേട്ടത്തിനുവേണ്ടി, വരാൻ പോകുന്ന നിരവധി നൂറ്റാണ്ടുകളിൽ ഇവിടെ ജീവിക്കേണ്ട തലമുറയുടെ കുടിവെള്ള സ്രോതസ്സിനെ മലിനമാക്കുന്ന നടപടി മാപ്പർഹിക്കാത്തതാണ്. ഞാനിത് പറഞ്ഞതിന്റെ പേരിൽ വിദേശത്തുള്ള ധാരാളമാളുകൾ എന്നോട് മോശമായി സംസാരിച്ചു. സോഷ്യൽ മീഡിയയിൽ എനിക്കെതിരെ പോസ്റ്റ് വന്നു. പക്ഷെ വിദേശത്തിരുന്ന് അങ്ങനെ മോശമായി പെരുമാറുന്ന ആളുകൾക്കറിയാം, അവർ ഇപ്പോൾ ജോലി ചെയ്യുന്ന നാട്ടിൽ ഇങ്ങനെയൊരു സംഭവമുണ്ടായാൽ 25-30 വർഷം അവർ ജയിലിൽ കിടക്കേണ്ടി വരും എന്ന്. ഞാൻ നിയമസഭയെ സാക്ഷിനിർത്തി പറയുന്നു, ശുദ്ധജലം ഉറപ്പാക്കാനും ജലമലിനീകരണം അവസാനിപ്പിക്കാനും നമ്മുടെ 44 നദികളും ചെറിയ തോടുകളും ലക്ഷക്കണക്കിന് കിണറുകളും കുളങ്ങളും നീരുറവകളും സംരക്ഷിക്കാനും

സർക്കാർ നടപടി സ്വീകരിക്കുന്നില്ലെങ്കിൽ കോടാനുകോടി രൂപ മുടക്കി ആളുകളെ ചികിത്സിപ്പിക്കുന്ന ഒരു ഭ്രാന്താലയംപോലെ കേരളം രോഗികളുടെ പിള്ളത്തൊട്ടിലായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജലശുദ്ധീകരണം കേവലം കുറെ കുമ്മായം വിതറുന്ന പണിയായി മാത്രം മാറിയിരിക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u> അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. കാരണം ശുദ്ധജലം അതിജീവനത്തിന് അല്ലെങ്കിൽ നമ്മുടെ ജീവൻ നിലനിർത്താൻ വളരെ പ്രധാനപ്പെട്ടതാണ്. കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ നമ്മളെല്ലാവരും അതിനുവേണ്ടി പ്രവർത്തിക്കേണ്ടത് തന്നെയാണ്. വ്യാപാര സ്ഥാപനങ്ങളിൽനിന്നും വലിയ വ്യവസായശാലകളിൽ നിന്നുമുള്ള മാലിന്യങ്ങൾമൂലമാണ് പെരിയാർ അടക്കം മലിനമാകുന്നത്. എന്നാൽ ഭാരതപ്പുഴ അടക്കമുള്ള പല പുഴകളും മലിനമാകുന്നത് വലിയ വ്യവസായ ശാലകളിൽ നിന്നല്ലായിരിക്കാം, എല്ലാ വേസ്റ്റുകളും പുഴയിലേയ്ക്കാണ് തള്ളേണ്ടതെന്നും അത് കടലിൽ പൊയ്ക്കോളും എന്നുമുള്ള ആളുകളുടെ മനോഭാവത്തിൽ നിന്നായിരിക്കാം. മുനിസിപ്പാലിറ്റി, പഞ്ചായത്ത് പരിധികളിലായി പല നിയമങ്ങളുമുണ്ടാകും, എന്നാലും ഡ്രെയിനേജ്വഴി കടകളിലേയും ഹോട്ടലുകളിലേയും മാലിന്യങ്ങൾ

പുഴയിലേയ്ക്ക് വരികയാണ്. മഴ പെയ്യുമ്പോൾ ഇവയെല്ലാംകൂടി ചേർന്ന് പുഴയിലേയ്ക്ക് പോകും. കേരളത്തിൽ പുഴ സംരക്ഷിക്കാൻ വേണ്ടിയുള്ള ഒരു സംസ്കാരംതന്നെ ഉടലെടുക്കേണ്ടത് ആവശ്യമാണെന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ?

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അംഗം പുതിയൊരു സിനിമയിലെ നായകനാണെന്നുകൂടി പറയുന്നു, അദ്ദേഹം ഇങ്ങനെയൊരു കാര്യത്തിനെ പിന്തുണച്ചതിന് ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ പഠന റിപ്പോർട്ട് പ്രകാരം വളരെ ഗുരുതരാവസ്ഥയാണ് ഭാരതപ്പുഴ നേരിടാൻ പോകുന്നത്. കേരളത്തിലെ 44 നദികളെപ്പറ്റിയുള്ള പഠന റിപ്പോർട്ട് എന്റെ കൈവശമുണ്ട്, വളരെ ഗുരുതരമായ കാര്യമാണ്. ഇതുപറയുമ്പോൾ കേവലമൊരു മുതലാളിക്ക് സാമ്പത്തിക ലാഭമുണ്ടാക്കാനുള്ള കാര്യമായി, അല്ലെങ്കിൽ അതിനെ തകർക്കാൻ നോക്കുന്നുവെന്ന മട്ടിൽ ആക്ഷേപിക്കുന്ന നിലപാടിൽനിന്ന് മാറി ചിന്തിച്ച് ബഹുമാനപ്പെട്ട ജനപ്രതിനിധികളെങ്കിലും അതിന്റെ യാഥാർത്ഥ്യം ഉൾക്കൊള്ളണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. ഇത് ജലം മലിനപ്പെടുത്തുന്നതിനെതിരായിട്ടുള്ള ഒരു വലിയ പുറപ്പാടാണ്. നിങ്ങളുടേയും

ഈ സഭയുടേയും പിന്തുണ വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സമയം ചുരുക്കമായതുകൊണ്ട് ഞാൻ ഇപ്പോൾ അവസാനിപ്പിക്കുകയാണ്. ചർച്ച തുടരുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

12.00 Noon]

(iii) 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

ശ്രീ. അനൂപ് ജേക്കബ്: സർ, 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യങ്ങളിലെ സാക്ഷികളെ ഭീഷണിപ്പെടുത്തിയും അവഹേളിച്ചും തങ്ങൾക്ക് അനുകൂലമാക്കുവാൻ കുറ്റകൃത്യങ്ങളിലേർപ്പെട്ട പ്രതികൾ

ശ്രമിക്കുന്നുവെന്നത് സംബന്ധിച്ച് MAHENDER CHAWLA & ORS. VERSUS UNION OF INDIA & ORS കേസിൽ ബഹു. സുപ്രീംകോടതി ആവശ്യപ്പെട്ടതുപ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഒരു Witness Protection Scheme തയ്യാറാക്കി സുപ്രീംകോടതിക്ക് സമർപ്പിച്ചു. ഈ കേസിൽ 05.12.2018 -ൽ പുറപ്പെടുവിച്ച വിധിപ്രകാരം സുപ്രീംകോടതി ഈ സ്കീം അംഗീകരിച്ചു. ഭരണഘടനയുടെ 141, 142 അനുച്ഛേദ പ്രകാരം ഈ നിയമം രാജ്യത്തിന് മുഴുവൻ ബാധകമാകുന്നതായിരിക്കുമെന്നും കേന്ദ്രവും സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും അക്ഷരാർത്ഥത്തിലും അതിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ടും നിയമം നടപ്പിൽവരുത്തണമെന്നും നിർബന്ധപൂർവ്വം നിർദ്ദേശിക്കുന്നുണ്ട്. ഇതുപ്രകാരം സാക്ഷികളെ എ, ബി, സി എന്നീ മൂന്ന് കാറ്റഗറിയായി തിരിച്ചിട്ടുണ്ട്. സാക്ഷിയുടെയും കുടുംബത്തിന്റെയും ജീവന് ഭീഷണിയുണ്ടെങ്കിൽ 'എ' കാറ്റഗറിയിലും സാക്ഷിയുടെയും കുടുംബത്തിന്റെയും അന്തസ്സിന് കോട്ടം വരുത്തുക, വസ്തുവകകൾ നശിപ്പിക്കുക എന്നീ ഭീഷണികളുണ്ടെങ്കിൽ 'ബി' കാറ്റഗറിയിലും സാക്ഷിയെയും കുടുംബത്തിനെയും ഭീഷണിപ്പെടുത്തുക, അധിക്ഷേപിക്കുക, ശല്യപ്പെടുത്തുക എന്നിവയുണ്ടെങ്കിൽ 'സി' കാറ്റഗറിയിലുമായാണ് സുപ്രീംകോടതി ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്കീം

നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ സെഷൻസ് ജഡ്ജി ചെയർമാനും ജില്ലാ പോലീസ് മേധാവി അംഗമായും ഗവൺമെന്റ് പബ്ലിക് പ്രോസിക്യൂട്ടർ മെമ്പർ സെക്രട്ടറിയായും ഓരോ ജില്ലയിലും ഒരു കോംപീറ്റന്റ് അതോറിറ്റി സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി 26.06.2020-ൽ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.19/2020 പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളനുസരിച്ച് ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ 38 പേർക്ക് സുരക്ഷ നൽകിയിട്ടുമുണ്ട്. സുപ്രീംകോടതിയുടെ ജഡ്ജ്മെന്റിൽ 35(3) ഖണ്ഡികയിൽ പാർലമെന്റും സംസ്ഥാന നിയമസഭകളും ഇതുസംബന്ധിച്ച് തക്കതായ നിയമനിർമ്മാണം നടത്തുന്നതുവരെ Witness Protection Scheme രാജ്യത്തെ നിയമമായി കണക്കാക്കുമെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അനൂപ് ജേക്കബ് അവതരണാനുമതിക്ക് അപേക്ഷിച്ചിട്ടുള്ള 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ (ബിൽ നം.7)-ന് അവതരണാനുമതി നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ തീരുമാനം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി

പറഞ്ഞതിൽത്തന്നെ കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. ഇവിടെ പ്രതിപാദിച്ച സാക്ഷി സുരക്ഷാ പദ്ധതി (Witness Protection Scheme) 2018-ൽ ബഹു.സുപ്രീംകോടതി അംഗീകരിക്കുകയും അതനുസരിച്ച് ഇപ്പോഴും നടപടികൾ നീങ്ങുകയും ചെയ്യുന്നുവെന്നാണ് സൂചിപ്പിച്ചത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമം നിർമ്മിക്കുന്നതുവരെ മാത്രമാണ് ഇതിന് പ്രാബല്യം. ബഹുമാനപ്പെട്ട സുപ്രീംകോടതി അത്തരത്തിലുള്ളൊരു അഭിപ്രായം മുന്നോട്ടുവയ്ക്കാൻ കാരണമായത് ഒരു കേസിലെ സാക്ഷി കോടതി വരാന്തയിൽ കൊല ചെയ്യപ്പെട്ടതാണ്. സാക്ഷികളുടെ സുരക്ഷ ഉറപ്പുവരുത്താനുള്ള നടപടി കേന്ദ്രസർക്കാർ കൈക്കൊള്ളണമെന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പ്രസ്തുത കേസിലെ പ്രതിയുടെ വിചാരണ വേളയിലാണ് സുപ്രീംകോടതി മുന്നോട്ടുവച്ചത്. അതോടൊപ്പം സംസ്ഥാനങ്ങൾ ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 'സാക്ഷി സുരക്ഷാ പദ്ധതി' നിലവിൽ വന്നതിനുശേഷം നിയമനിർമ്മാണം നടത്താതെ പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ മഹാരാഷ്ട്രാ അസംബ്ലി, 'Maharashtra Witness Protection and Security Act, 2017 ' എന്നപേരിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ഞാൻ

ഇവിടെ സൂചിപ്പിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണെന്നതിൽ സർക്കാരിന് എതിരഭിപ്രായമുണ്ടാകുമെന്ന് കരുതുന്നില്ല. കൊലപാതകം, ബലാത്സംഗം, ബാങ്ക് കവർച്ച തുടങ്ങിയ പ്രമാദമായ പല കേസുകളിലും പ്രതികൾ രക്ഷപ്പെട്ട് നിയമത്തിന് മുന്നിലൂടെ നടന്നുപോകുമ്പോൾ നമ്മളെല്ലാവരും ധാർമ്മികരോഷം കൊള്ളുകയും അതുസംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തുകയും സോഷ്യൽ മീഡിയയിൽ കുറിപ്പുകളിടുകയും പത്രങ്ങളിൽ ലേഖനമെഴുതുകയും ചെയ്യാറുണ്ട്. കുറ്റം ചെയ്തുവെന്ന് പൊതുസമൂഹം ഉറച്ചുവിശ്വസിക്കുന്ന പ്രതികൾ രക്ഷപ്പെടുന്ന സന്ദർഭങ്ങൾ അനവധിയാണ്. പ്രതികൾ ഇങ്ങനെ രക്ഷപ്പെടുന്നത് എന്തുകൊണ്ടാണ്? സാക്ഷികൾ കൂറുമാറുകയും കൊല്ലപ്പെടുകയും ചെയ്യാറുണ്ട്. സാക്ഷികൾ ദുരൂഹ സാഹചര്യത്തിൽ മരണപ്പെടുന്ന സംഭവങ്ങളും ധാരാളമായി കേൾക്കാറുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിലെ അഴിമതിക്കേസ് നമ്മുടെ മുമ്പിൽ ഉദാഹരണമായി നിൽക്കുകയാണ്. ഇങ്ങനെ അനവധി കേസുകൾ അട്ടിമറിക്കപ്പെട്ടുപോകുന്ന സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ക്രിമിനൽ കേസിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം സാക്ഷിയാണ്. നിയമപരമായ പരിരക്ഷയിലൂടെ സാക്ഷികളെ സംരക്ഷിക്കാൻ കഴിയണം. നിയമപരമായ പരിരക്ഷയിലൂടെ മുന്നോട്ടുപോയാൽ മാത്രമേ മേൽസൂചിപ്പിച്ച തരത്തിലുള്ള

ക്രിമിനൽ കേസുകളിൽ നീതിയുക്തമായ വിചാരണ നടത്താനും പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും കഴിയുകയുള്ളൂ എന്നതുകൊണ്ടാണ് ഞാൻ ഇത്തരമൊരു നിയമനിർമ്മാണത്തിന്റെ ആവശ്യകത സൂചിപ്പിക്കുന്നത്. പ്രസ്തുത വിഷയത്തിൽ ഐക്യരാഷ്ട്രസഭ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. 15.11.2000-ൽ ഇന്ത്യ ഒപ്പുവച്ച, ഐക്യരാഷ്ട്രസഭയുടെ 'അന്താരാഷ്ട്ര സംഘടിത കുറ്റകൃത്യത്തിനെതിരെയുള്ള ഉടമ്പടി'യിലെ അനുച്ഛേദം 24, 25 അനുസരിച്ച് കക്ഷിരാഷ്ട്രങ്ങൾ സാക്ഷിസുരക്ഷയിലും ഇരകളുടെ സുരക്ഷയിലും സംരക്ഷണം ഉറപ്പുവരുത്തണമെന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമം നിർമ്മിക്കേണ്ടതായിട്ടുണ്ട്. എന്നാൽ കേന്ദ്രത്തിൽ അത്തരത്തിലൊരു നിയമനിർമ്മാണം നടന്നിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. അതുകൊണ്ടുതന്നെ ഇത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നായി മാറിയിട്ടുണ്ട്. 2018-ൽ നിലവിൽ വന്ന സാക്ഷി സുരക്ഷാ പദ്ധതിയിൽ ധാരാളം അപാകതകളുണ്ട്. കേസന്വേഷണ വേളയിൽ സാക്ഷിയും പ്രതിയും മുഖാമുഖം കാണുന്നില്ലെന്ന് ഉറപ്പുവരുത്തണം, സാക്ഷിയുടെ ഫോൺ, ഇ-മെയിൽ എന്നിവ നിരീക്ഷണത്തിൽ വയ്ക്കണം, സാക്ഷിക്ക് അടിയന്തര ഘട്ടങ്ങളിൽ സഹായമഭ്യർത്ഥിച്ച് ബന്ധപ്പെടാൻ യുക്തമായ വ്യക്തികളെ ചുമതലപ്പെടുത്തണം തുടങ്ങിയ ധാരാളം

നിബന്ധനകളും അഭിപ്രായങ്ങളും അതിൽ മുന്നോട്ടുവച്ചിട്ടുണ്ടെന്ന് വായിച്ച് നോക്കിയാൽ മനസ്സിലാകും. ഇതുസംബന്ധിച്ച് ജില്ലാതലത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്ന് ഇവിടെ പറഞ്ഞു. സാക്ഷിയെ തിരിച്ചറിയാൻ സാധിക്കാത്ത രീതിയിൽ സ്ക്രീൻ ഏർപ്പെടുത്തണമെന്ന പ്രസ്തുത സ്കീമിലെ നിർദ്ദേശത്തിൽ ന്യൂനതകളുണ്ട്. സാക്ഷിയെ പ്രതിയിൽനിന്നും പലപ്പോഴും മറച്ചുവയ്ക്കാൻ സാധിക്കില്ല. അത്തരത്തിൽ അനവധി ന്യൂനതകൾ കടന്നുവന്നിട്ടുള്ളതിനാൽ ഒരു പൂർണ്ണമായ ബിൽ അവതരിപ്പിച്ച് മുന്നോട്ടുപോയാൽ ന്യൂനതകൾ ഒഴിവാക്കാൻ കഴിയുമെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സാക്ഷി സുരക്ഷാ പദ്ധതിയിൽ അനവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും അതിൽ ന്യൂനതകളുണ്ടെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. അവ മാറണമെങ്കിൽ നിയമസഭയിൽ ചർച്ച ചെയ്ത് നിയമം പാസ്സാക്കണം. അങ്ങനെയെങ്കിൽ പഴുതുകളില്ലാതെ മുന്നോട്ടുപോകാനും സാക്ഷികൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്താനും കഴിയുന്ന സാഹചര്യത്തിലേയ്ക്കെത്താൻ സാധിക്കും.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പലപ്പോഴും ഒരു കേസുമായി ബന്ധപ്പെട്ട് സാക്ഷിവിസ്താരം വൈകുന്ന സമയത്ത് സാക്ഷികൾ കൂറുമാറാനും കേസ് തേഞ്ഞുമാഞ്ഞുപോകാനും സാധ്യതയുണ്ട്. ഇന്ത്യയിൽ നിലവിലുള്ള

നിയമങ്ങളുടെ അടിസ്ഥാനത്തിൽ സാക്ഷികൾക്കാവശ്യമായ സുരക്ഷയും സംരക്ഷണവും ലഭ്യമാകാറുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. പക്ഷേ പലപ്പോഴും സാക്ഷികളെ കൂറുമാറ്റുന്നതിനും മൊഴിമാറ്റി പറയിക്കുന്നതിനും പ്രചോദനമേകുന്ന സാഹചര്യങ്ങൾ രാജ്യത്തും സംസ്ഥാനത്തും നിലവിലുണ്ടെന്നുള്ളതും വസ്തുതയാണ്. അത്തരമൊരു സന്ദർഭത്തിൽ കുറ്റകൃത്യം നടന്നാൽ സാക്ഷിവിസ്താരം വളരെപ്പെട്ടെന്നാക്കാനുള്ള നടപടിയുണ്ടായാൽ കൂറുമാറ്റത്തിനുള്ള സാധ്യത വിരളമാകുമെന്ന കാര്യംകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീമതി കെ. കെ. രമ: സർ, സാക്ഷികളുടെ സംരക്ഷണവും സുരക്ഷയും ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. വ്യക്തിപരമായി എനിക്ക് ഈ വിഷയത്തിൽ അഭിപ്രായം പറയാൻ കഴിയും. എന്റെ ഭർത്താവ് സഖാവ് ടി. പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടപ്പോൾ ആ കേസിലെ 52-ഓളം സാക്ഷികളാണ് കൂറുമാറിയത്. അതുകൊണ്ടുതന്നെ സ്വാഭാവികമായും നീതി നിഷേധിക്കപ്പെട്ട ഒരാളാണ് ഞാൻ. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇത്തരത്തിൽ കൂറുമാറുന്ന സാക്ഷികൾക്ക് നിയമപരമായി ശിക്ഷ നൽകുന്ന വകുപ്പുകൂടി ഉൾപ്പെടുത്തുന്നത് അങ്ങയുടെ പരിഗണനയിലുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, സാക്ഷികൾക്ക് ആവശ്യമായ പരിരക്ഷയില്ലെന്ന് സുപ്രീംകോടതിക്ക് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ഇത്തരത്തിലുള്ള നിയമം കൊണ്ടുവരണമെന്ന് സുപ്രീംകോടതിതന്നെ നിർദ്ദേശിക്കേണ്ട സാഹചര്യം വന്നത്. ഇവിടെ സാക്ഷി സുരക്ഷാ പദ്ധതി സർക്കാർ നടപ്പിലാക്കാനുള്ള കാരണവും അതുതന്നെയാണ്. അതിനകത്ത് കൂടുതൽ ന്യൂനതകൾ കടന്നുകൂടിയിട്ടുണ്ടെന്ന് ഞാനിവിടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇവിടെ പ്രതിപാദിച്ചതുപോലെ വേഗതയിൽ വിചാരണ പൂർത്തിയാക്കാൻ സാധിക്കുന്ന വിധത്തിൽ ദൈനംദിന വിചാരണ നടത്തുകയെന്നത് നടക്കുന്നില്ല. കോടതി വ്യവഹാരമായതിനാൽ കോടതിയുടെ സമയമായിരിക്കും അക്കാര്യത്തിൽ പരിഗണിക്കുന്നത്. ഇവിടെ സാക്ഷികൾക്ക് പൂർണ്ണമായും സംരക്ഷണം ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള ഒരു ബില്ലിന്റെ അനിവാര്യത കോടതിതന്നെ ചൂണ്ടിക്കാട്ടിയത്. ടി. പി. ചന്ദ്രശേഖരൻ വധകേസിൽ 52 പേരാണ് കൂറുമാറിയത്. ഏറെ ചർച്ച ചെയ്ത വിഷയങ്ങളിലൊന്നാണിത്. എന്തുകൊണ്ടാണ് ഇവർ കൂറുമാറുന്നത്; അവർക്ക് സംരക്ഷണമില്ല, ഇവരുടെമേലും ബന്ധുക്കളുടെമേലും സമ്മർദ്ദമുണ്ടാകും, ഇവരിലാരെങ്കിലും കൊലചെയ്യപ്പെടുകയോ മരണപ്പെടുകയോ ചെയ്യും, അങ്ങനെ അവർക്ക്

ഭയം വരുന്നു. ഭയത്തിൽനിന്ന് അവരെ സംരക്ഷിക്കാൻ സർക്കാരിന് കഴിയാതെ പോകുമ്പോഴാണ് ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ 52 പേർ കൂറുമാറിയതുപോലെയുള്ള സംഭവങ്ങൾ നടക്കുന്നത്. അവരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ; കൂറുമാറിയ പ്രതികളെ ശിക്ഷിക്കണമോയെന്നുള്ള ചോദ്യം വളരെ പ്രസക്തമാണ്. സാക്ഷികൾ കൂറുമാറുന്നത് അവരുടെ നിസ്സഹായാവസ്ഥകൊണ്ടാണ്. യു.പി.-യിലുണ്ടായിരിക്കുന്ന അനവധി പ്രമാദമായ കേസുകൾ നമ്മുടെ മുന്നിലുണ്ട്. ആ കേസുകളിലൊക്കെ ബലാത്സംഗത്തിന് ഇരയായ കുട്ടിയുടെ പിതാവുപോലും ദുരൂഹ സാഹചര്യത്തിൽ ജയിലിൽ ആത്മഹത്യചെയ്തു, അല്ലെങ്കിൽ കൊല്ലപ്പെട്ടു എന്നുള്ളതാണ്. എത്രയോ ഉദാഹരണങ്ങളാണ് രാജ്യത്തുള്ളത്. ഇത് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. അതുകൊണ്ടുതന്നെ witness protection scheme ഉണ്ടെന്നുള്ളതുകൊണ്ട് ഇത് പൂർണ്ണമാകുന്നില്ലെന്നതും witness protection scheme എന്തിനാണുള്ളതെന്നും വളരെ വ്യക്തമായി കോടതിതന്നെ നിർദ്ദേശിച്ചിട്ടുണ്ട്. ഭരണഘടനയുട അനുച്ഛേദം 141, 142 അനുസരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമ നിർമ്മാണം നടത്തുന്നതുവരെ സാക്ഷി സുരക്ഷാ പദ്ധതി അംഗീകരിച്ചുകൊണ്ടുള്ള വിധി സാധാരണ നിയമംപോലെ

പോകും. അതിനാൽ ഇത്തരത്തിലുള്ളൊരു നിയമനിർമ്മാണം വരേണ്ടത് അത്യാവശ്യമാണ്. അതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചത്. ഈ ബില്ലിനെ നിരാകരിക്കാതെ അംഗീകരിക്കുകയാണ് വേണ്ടതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇതുസംബന്ധിച്ച് ഞാൻ ബില്ലിൽ സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സമിതിയും ഒരു ജില്ലാസമിതിയും ഇതിനുവേണ്ടി നിയോഗിക്കാൻ കഴിയണം. സംസ്ഥാന സമിതിയിലെ അംഗങ്ങൾ, ജില്ലാസമിതിയിലെ അംഗങ്ങൾ, അവരുടെ ലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ച് ബില്ലിൽ പരാമർശിച്ചിട്ടുണ്ട്. 38 സാക്ഷികൾക്കാണ് ഇതുവരെ കേരളത്തിൽ പ്രൊട്ടക്ഷൻ കൊടുത്തിട്ടുള്ളതെന്ന് അങ്ങിവിടെ മറുപടി പറഞ്ഞു. 38 ആയിരിക്കില്ല. അതിൽ കൂടുതൽ സുരക്ഷ ആവശ്യമുള്ളവരുണ്ടാകും. ഒരു സാക്ഷിക്ക് ഏതെങ്കിലും രീതിയിലുള്ള അപകടമുണ്ടാകുകയാണെങ്കിൽ സ്വാഭാവികമായും പോലീസ് സ്റ്റേഷനിൽ പോകും. പോലീസ് സ്റ്റേഷനിൽ പതിവ് കേസുപോലെ പോകുന്നൊരു സാഹചര്യംവരും. അങ്ങനെ പതിവ് കേസുപോലെ പോയാൽ നടക്കില്ല. ഒരു പരാതി വന്നാൽ ഒരു മണിക്കൂറിനുള്ളിൽത്തന്നെ ഇത് സമിതിയിലേയ്ക്ക് ശിപാർശ ചെയ്യാനും അതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാനും കഴിയേണ്ടതാണ്. ഒരു

വ്യക്തിയുടെ പരാതി ലഭിച്ചാൽ നാലോ അഞ്ചോ മണിക്കൂറിനുള്ളിൽ ആ വ്യക്തിക്ക് ആവശ്യമായ സുരക്ഷ ഉറപ്പുവരുത്താൻ കഴിയുന്ന നിലയിൽ മാറേണ്ടതാണ്. ഇത് സങ്കുചിതമായി കാണാൻ കഴിയുന്നതല്ല. നാളെ ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കപ്പെടും. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു വ്യക്തമായ ചിത്രം കൊണ്ടുവരേണ്ടതുണ്ട്. സാക്ഷികൾക്ക് സുരക്ഷ ഉറപ്പുവരുത്താൻ കഴിയുന്ന നിലയിൽ ഒരു നിയമം അനിവാര്യമാണെന്ന് ഞാൻ സൂചിപ്പിക്കുന്നു. ഇത് തുടർ ച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച-തുടരും)

## (iv) 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം,

സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കേരളത്തിലിപ്പോൾ 5,09,451 ഇതര സംസ്ഥാന തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കുന്നത്. പ്രസ്തുത തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി കേരളത്തിൽ കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം ധാരാളം ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് ലഭിക്കുന്നുണ്ട്. അതിലൊന്ന്, മരണാനന്തര ആനുകൂല്യം, ആശ്വാസ ധനസഹായം, ചികിത്സാ സഹായം, ടെർമിനൽ ബെനിഫിറ്റ്, ഭൗതികശരീരം നാട്ടിലെത്തിക്കാനുള്ള സഹായം എന്നിവയാണ്. വിദ്യാഭ്യാസ ഗ്രാന്റ് ഇപ്പോൾത്തന്നെ നല്കുന്നുണ്ട്. രണ്ട്, കുടിയേറ്റക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും സംസ്ഥാനത്തിനകത്തുവച്ച് ഏതെങ്കിലും ഇതര സംസ്ഥാന തൊഴിലാളി മരണമടയുന്ന പക്ഷം 25,000 രൂപ മരണാനന്തര സഹായമായി നല്കുന്നുണ്ട്. മൂന്നാമത്, കേരള സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഏതൊരു ഇതര സംസ്ഥാന തൊഴിലാളിക്കും രണ്ട് ലക്ഷം രൂപ വച്ച് നിലവിൽ നല്കുന്നുണ്ട്. നാലാമത്, ജോലിക്കിടയിൽ അപകടംമൂലം പരിക്കേല്ക്കുന്ന അംഗത്തിനും സ്ഥായിയായി അവശത അനുഭവിക്കുന്ന അംഗത്തിനും ആശ്വാസ ധനസഹായമായി

25,000 രൂപ നല്കുന്നുണ്ട്. അഞ്ചാമതായി ചികിത്സാ സഹായം 25,000 രൂപ വരെയും ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്നതിന് പരമാവധി 20,000 രൂപ വരെയും അനുവദിക്കുന്നുണ്ട്. ആറാമത്, ടെർമിനൽ ബെനിഫിറ്റ് 25,000 രൂപ മുതൽ 50,000 രൂപ വരെയുണ്ട്. ഏഴാമത്, ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് റിവോൾവിംഗ് ഫണ്ടായി 50,000 രൂപ അനുവദിക്കുന്നുണ്ട്. എട്ടാമത്, 1000 രൂപമുതൽ 3000 രൂപവരെ വിദ്യാഭ്യാസ ഗ്രാന്റിന് അർഹതയുണ്ട്. സംസ്ഥാനത്തിനകത്ത് കുടിയേറ്റത്തൊഴിലാളി മരണമടയുന്ന സാഹചര്യമുണ്ടാകുകയാണെങ്കിൽ ഈ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി കുടിയേറ്റത്തൊഴിലാളി പദ്ധതി പ്രകാരം റിവോൾവിംഗ് ഫണ്ടിന് രൂപം നല്കിയിട്ടുണ്ട്. പരമാവധി 50,000 രൂപ വരെ ഇതിന് കൊടുക്കാൻ കഴിയും. അതുപോലെതന്നെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് രജിസ്റ്റർ ചെയ്യുന്നതിന് ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യവും പരിരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട് 1325/16 സർക്കാർ ഉത്തരവ് പ്രകാരം 01-11-2017 മുതൽ ഈ പദ്ധതി

ആരംഭിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിയിട്ടുള്ള വിവിധ മേഖലകളിൽ ജോലിചെയ്യുന്ന പതിനെട്ട് വയസ്സിനും അറുപത് വയസ്സിനും ഇടയിലുള്ള തൊഴിലാളികളെല്ലാം ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000 രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്ത് ചിസ് പ്ലസ് പദ്ധതി എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ആരോഗ്യ ഇൻഷ്വറൻസിനൊപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസും ഉറപ്പുവരുത്തുന്നുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സയുമുൾപ്പെടുത്തിയിട്ടുണ്ട്. അപകടംമൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപവരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് അഞ്ച് ലക്ഷത്തിൽപ്പരം വരുന്ന കുടിയേറ്റ തൊഴിലാളികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടുള്ള മേൽ വിവരിച്ച ആനുകൂല്യങ്ങൾ കൊടുക്കുന്ന സാഹചര്യത്തിൽ അനൗദ്യോഗിക ബില്ലിന് പ്രസക്തിയില്ല. അതുകൊണ്ട് അംഗീകരിക്കാൻ കഴിയില്ലെന്നാണ് സർക്കാരിനുവേണ്ടി അറിയിക്കാനുള്ളത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അങ്ങയുടെ മറുപടി നിരാശാജനകമാണ്. കാരണം നമ്മുടെ സംസ്ഥാനത്തിന്റെ

ഓണംകേറാമൂലയിൽപ്പോലും അതിഥിത്തൊഴിലാളികളെന്ന് നമ്മൾ സ്നേഹത്തോടെ വിളിക്കുന്ന, ഇന്ത്യയിലെ 25 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നിരവധി തൊഴിലാളികൾ വന്ന് എല്ലാത്തരത്തിലുമുള്ള ജോലികൾ ചെയ്തുവരുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂർ അറിയപ്പെടുന്നത് മിനി ഇന്ത്യയെന്നാണ്. കാരണം, രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ആളുകളുള്ള സ്ഥലമായതുകൊണ്ടാണ് മിനി ഇന്ത്യയെന്നറിയപ്പെടുന്നത്. അങ്ങ് പറഞ്ഞ കണക്ക് തെറ്റാണ്. അയൽസംസ്ഥാന തൊഴിലാളികൾ അല്ലെങ്കിൽ കുടിയേറ്റത്തൊഴിലാളികൾ എത്രമാത്രം കേരളത്തിലുണ്ട് എന്നതിനെപ്പറ്റി വ്യക്തമായ കണക്കുപോലും സർക്കാരിന്റെ കൈവശമില്ല. 2018-ൽ Post-Disaster Needs Assessment, Government of Kerala എടുത്ത കണക്കുപ്രകാരം കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾ 35 ലക്ഷം പേരാണ്. അങ്ങ് പറഞ്ഞത് അഞ്ച് ലക്ഷം പേരെന്നാണ്. 2018-ലെ കണക്കനുസരിച്ച് നാല് ലക്ഷത്തിനും ആറ് ലക്ഷത്തിനും ഇടയിലുള്ള ആളുകൾ എറണാകുളം ജില്ലയിൽത്തന്നെ വിവിധ ജോലികൾ ചെയ്യുന്നുണ്ട്. അതിഥിത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്. നമ്മൾ 'അതിഥി ദേവോ

ഭവ:' എന്നാണ് പറയുന്നത്. കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന് പറയുന്നു. നമ്മുടെ സംസ്ഥാനത്തെ 35-40 ലക്ഷത്തിലധികം ആളുകൾ വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും പോയി ജോലിചെയ്ത് ജീവിക്കുന്നവരാണ്. നമ്മുടെ സംസ്ഥാനത്ത് വന്ന് ജോലി ചെയ്യുന്ന മറ്റ് സംസ്ഥാനത്തിലെ ആളുകൾക്ക് അർഹമായ പ്രാധാന്യവും പരിഗണനയും കൊടുത്താൽ മാത്രമേ ആ രീതിയിലുള്ളൊരു പരിഗണന വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന നമ്മുടെ ആളുകൾക്ക് ലഭ്യമാകുകയുള്ളു. നമ്മുടെ സംസ്ഥാനത്തെക്കാൾ പത്ത് നാല്പത് വർഷം പിന്നിൽ നില്ക്കുന്ന സംസ്ഥാനങ്ങളുണ്ട്. കേരളത്തിലുള്ളവർക്ക് ഇവിടെ ജോലി ചെയ്യാനുള്ള ബുദ്ധിമുട്ട് എന്താണ്? പോസ്റ്റ്ഗ്രാജുവേഷനും അതിനുമപ്പുറം ഡിഗ്രിയുമുള്ള വ്യക്തികൾക്ക് ഇവിടെ പല ജോലികളും അടിസ്ഥാനപരമായി ചെയ്യാനുള്ള വിമുഖതയുണ്ട്. അതുകൊണ്ടാണ് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ പോയി ജോലി ചെയ്ത് അദ്ധ്വാനിച്ച് പണമുണ്ടാക്കുന്നത്. അതിഥിത്തൊഴിലാളികൾക്ക് വേണ്ടരീതിയിലുള്ള പരിഗണനയും സംരക്ഷണവും കൊടുക്കേണ്ടത് ആവശ്യമാണ്. സംസ്ഥാനത്തെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന

അതിഥിത്തൊഴിലാളികൾക്ക് ജോലി സ്ഥിരതയും മിനിമം വേതനവും ഉറപ്പുവരുത്തണം. ഇവിടെ ജോലി ചെയ്യുന്ന അതിഥിത്തൊഴിലാളികൾക്ക് മിനിമം വേതനംപോലും ലഭ്യമല്ല. ഈ സർക്കാർ എറണാകുളം ജില്ലയിലെ വളരെ പ്രശസ്തമായ ഗാർമെന്റ് കമ്പനിയിൽ ഒരന്വേഷണത്തിന് ഉത്തരവിട്ടപ്പോൾ അവർക്ക് മിനിമം വേതനംപോലും നൽകുന്നില്ലായെന്നുള്ളത് മനസ്സിലായി. ഈ മേഖലയിൽ വളരെയധികം ചൂഷണമുണ്ട്. അത് തടയേണ്ടതാണ്. അതിനുവേണ്ടിയാണ് കേരളത്തിൽ അതിഥിത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ബോർഡിന് നിരവധി കർത്തവ്യങ്ങളുണ്ട്. ഒന്ന്, ജോലി സ്ഥിരത. എന്തുകൊണ്ടാണ് പ്രളയമുണ്ടായിട്ടും ഇവിടെ ജോലി ചെയ്യുന്ന അതിഥിത്തൊഴിലാളികൾ നമ്മുടെ നാട് വിട്ടുപോകാത്തത്, എന്തുകൊണ്ടാണ് കോവിഡുണ്ടായിട്ടും കൂട്ടത്തോടെ പലായനം ചെയ്യാതിരുന്നത്? കാരണം ഇവിടെ ജോലിസ്ഥിരതയുണ്ട്. പക്ഷേ ജോലിസ്ഥിരതയുണ്ടാകുമ്പോൾ അവർക്കാവശ്യമുള്ള ആനുകൂല്യങ്ങളും മറ്റ് സംരക്ഷണവും ലഭ്യമാകുന്നില്ല. സംസ്ഥാനത്ത് പലയിടത്തും കോവിഡുണ്ടായപ്പോൾ ഇതരസംസ്ഥാന തൊഴിലാളികൾ റോഡിലിറങ്ങി. കോട്ടയം ജില്ലയിൽ ചില

പ്രശ്നങ്ങളുണ്ടായത് നമ്മളെല്ലാം കണ്ടതാണ്. അവിടെയെല്ലാം ആ പ്രശ്നങ്ങളെ അതിജീവിച്ച് മുന്നോട്ടുകൊണ്ടുപോകാൻ പറ്റുന്ന തരത്തിൽ നമുക്ക് ഇടപെടാൻ കഴിഞ്ഞു. പക്ഷേ അവർക്കാവശ്യമായ ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്നില്ല. അവർക്ക് മിനിമം വേതനം കൊടുക്കാനോ സംരക്ഷണം നൽകാനോ അവരെ ചൂഷണം ചെയ്യുന്നത് തടയാനോ കഴിയുന്നില്ല. ഈ രീതിയിലുള്ള കാര്യങ്ങളൊക്കെ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരണമെങ്കിൽ, സർക്കാരിന് ശിപാർശ സമർപ്പിക്കണമെങ്കിൽ ബോർഡ് രൂപീകരിക്കേണ്ടതാവശ്യമാണ്. അതോടൊപ്പംതന്നെ അവർക്ക് ക്ഷേമപദ്ധതികൾ വേണം. വിദേശ രാജ്യങ്ങളിൽ പോകുന്ന നമ്മുടെ സഹോദരങ്ങൾക്ക് ക്ഷേമപദ്ധതികൾ വേണ്ടേ? മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് ക്ഷേമവും ഐശ്വര്യവും നൽകണമെന്നാഗ്രഹിക്കുന്ന കേരള സർക്കാർ ഈ സംസ്ഥാനത്ത് ജോലിചെയ്യുന്ന ഇതര സംസ്ഥാന/അയൽസംസ്ഥാന കുടിയേറ്റത്തൊഴിലാളികൾക്ക് വേണ്ട ക്ഷേമവും ഐശ്വര്യവും നൽകേണ്ടതാണ്. അവർക്കാവശ്യമുള്ള രജിസ്ട്രേഷൻ നൽകണം. ഇവിടെ വരുന്ന തൊഴിലാളികൾ ഭൂരിപക്ഷവും രജിസ്റ്റർ ചെയ്യുന്നില്ല. അതുകൊണ്ടാണ് അങ്ങയുടെ പക്കൽ കൃത്യമായ കണക്കില്ലാത്തത്. എന്റെ നാടായ

പെരുമ്പാവൂരിൽ ജിഷ എന്നുപറയുന്ന സഹോദരി മരണപ്പെട്ടതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ട്. നമ്മുടെ സംസ്ഥാനത്തുവരുന്ന അയൽസംസ്ഥാനത്തൊഴിലാളികളുടെ ചരിത്രവും സ്വഭാവവും ക്രിമിനൽ കേസിൽ അംഗമായിരുന്നോ എന്നും ഈ രജിസ്ട്രേഷനിലൂടെ കൃത്യമായി അറിയാൻ കഴിയും. സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനും ക്രമസമാധാനം നിലനിർത്തുന്നതിനും ഇത് ആവശ്യമാണ്. എല്ലാവരും ക്രിമിനലുകളാണെന്ന് ഞാൻ പറയുന്നില്ല. മലയാളികൾ ചേർന്ന് അന്യസംസ്ഥാനത്തൊഴിലാളികളെ മർദ്ദിച്ച് കൊല്ലുന്ന സംഭവം കോട്ടയത്തും തിരുവനന്തപുരത്തുമുണ്ടായിട്ടുണ്ട്. ക്രിമിനൽ കുറ്റവുമായി ബന്ധപ്പെട്ട് ഇതിനെ കൂട്ടിക്കുഴയ്ക്കുന്നില്ല. എന്നാൽപ്പോലും രജിസ്ട്രേഷനും ഇൻഷ്വറൻസുമുണ്ടാകേണ്ടതിന്റെ ആവശ്യകത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് പറഞ്ഞ ചില കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. 'റോഷ്നി പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. ഇരുപത്തി അയ്യായിരം രൂപ, രണ്ടുലക്ഷം രൂപ എന്നിങ്ങനെ സാമ്പത്തിക സഹായമുണ്ട്. പക്ഷേ ഇതൊന്നും നടക്കുന്നില്ല. കൃത്യമായ ഏകോപനത്തിലൂടെയുള്ള സംവിധാനം കേരളത്തിലുണ്ടാകേണ്ടത് ആവശ്യമല്ലേ? അതിഥിത്തൊഴിലാളികൾ അല്ലെങ്കിൽ പ്രവാസികളായ

തൊഴിലാളികൾ ഏതൊക്കെ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്ന് അങ്ങേയ്ക്കറിയാമോ? ഏഷ്യയിലെ ഏറ്റവും വലിയ പ്ലൈവുഡ് വ്യവസായം നടക്കുന്നത് പെരുമ്പാവൂരാണ്. തടി വ്യവസായം, നിർമ്മാണം, ഹോട്ടൽ എന്നീ മേഖലകളിൽ അവർ ജോലി ചെയ്യുന്നു. അവരില്ലെങ്കിൽ ഹോട്ടലുകൾ അടച്ചിടേണ്ടിവരും. കോതമംഗലത്തെ നെല്ലിക്കുഴി പ്രദേശത്ത് ഫർണിച്ചർ മേഖലയിൽ നിരവധി പേർ ജോലി ചെയ്യുന്നുണ്ട്. മത്സ്യബന്ധന മേഖലയിൽ ഏറ്റവും കൂടുതൽ ജോലി ചെയ്യുന്നത് കേരളത്തിൽ വരുന്ന ഇതര സംസ്ഥാനത്തൊഴിലാളികളാണ്. മത്സ്യത്തൊഴിലാളികൾ നമ്മുടെ പട്ടാളമാണെന്ന് പ്രളയമുണ്ടായപ്പോൾ മുഖ്യമന്ത്രി പറഞ്ഞല്ലോ. ഈ മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വന്നവരായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാന്റെ മണ്ഡലത്തിൽ പ്രളയമുണ്ടായപ്പോൾ ഒന്നും ചെയ്യാൻ കഴിയാതെ അദ്ദേഹം നിലവിളിക്കുന്നത് ഞങ്ങൾ കണ്ടതാണ്. അങ്ങേയ്ക്ക് നാട്ടിലെ ജനങ്ങളോടുള്ള സ്നേഹമാണ് ഇതിലൂടെ വെളിവായത്. പക്ഷേ അത്തരം സന്ദർഭങ്ങളിൽ ഓടിയെത്തിയത് ഇതര സംസ്ഥാനത്തൊഴിലാളികളായിരുന്നു. അതിൽ ഭൂരിപക്ഷവും മത്സ്യത്തൊഴിലാളികളായിരുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കിറ്റെക്സ് പോലുള്ള കമ്പനികളിൽ 90 ശതമാനം

ജോലികളും ചെയ്യുന്നത് ഇതര സംസ്ഥാനത്തൊഴിലാളികളാണ്. പ്ലാന്റേഷൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട ജോലികളിലും വ്യവസായ മേഖലയിലും കാർ വാഷ് അടക്കമുള്ള മേഖലകളിലും അവർ ജോലി ചെയ്യുന്നുണ്ട്. ഇപ്പോൾ കൃഷിപ്പണി ചെയ്യുന്നതും കെ.എസ്.ഇ.ബി.-യുടെ കരാർജോലികൾ ചെയ്യുന്നതും അവരാണ്. അതോടൊപ്പംതന്നെ പലചരക്കുകടകളിൽ, പച്ചക്കറിക്കടകളിൽ, കോഴി വ്യാപാരത്തിൽ, ആക്രി പെറുക്കുന്നതുമെല്ലാം ഇതരസംസ്ഥാനത്തൊഴിലാളികളാണ്. ഇതിൽ ഭൂരിപക്ഷവും ആദിവാസികളും ദളിതരും മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവരുമാണ്. പശ്ചിമബംഗാൾ, ആസ്സാം, ഝാർഖണ്ഡ്, ഒഡീഷ, ബീഹാർ, ഉത്തർപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നും വരുന്നവരെല്ലാം പിന്നാക്കവിഭാഗങ്ങളിൽ നിന്നുള്ളവർ തന്നെയാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, പ്രളയ സമയത്ത് രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ടവർ അന്യസംസ്ഥാനത്തൊഴിലാളികളായിരുന്നു വെന്ന് പരാമർശിച്ചു. അന്യസംസ്ഥാനത്തൊഴിലാളികൾക്ക് ന്യായമായ എല്ലാ പരിരക്ഷയും പരിഗണനയും കൊടുക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങ് പറഞ്ഞ പല കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച ഗവൺമെന്റ്

നിലപാട് വ്യക്തമാക്കി. അവിടെ രക്ഷാപ്രവർത്തനം നടത്തിയത് അന്യസംസ്ഥാനത്തുനിന്നുള്ള മത്സ്യത്തൊഴിലാളികളല്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽനിന്നുള്ള മത്സ്യത്തൊഴിലാളികളാണ്. ശ്രീ. സജി ചെറിയാന്റെയും ശ്രീമതി വീണാജോർജ്ജിന്റെയും മണ്ഡലങ്ങളായ ചെങ്ങന്നൂരും ആറന്മുളയിലും രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തത് അവരാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളി മേഖലയിൽ അവരാണ് മഹാഭൂരിപക്ഷവും എന്ന് ദയവുചെയ്ത് ധരിക്കരുത്. എന്നാൽ ഫിഷിംഗ് ബോട്ടുകളിൽ പണിയെടുക്കുന്ന കുറെ തൊഴിലാളികളുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതുകാണാതെയല്ല പറയുന്നത്. അന്യസംസ്ഥാനത്തൊഴിലാളികളായിരുന്നു പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വലിയ പങ്കുവഹിച്ചതെന്ന് അങ്ങ് പറഞ്ഞതിലൊരു തിരുത്തൽ ആവശ്യമായതുകൊണ്ടാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, ഞാൻ പറഞ്ഞ വാദങ്ങൾ അങ്ങ് തെറ്റിദ്ധരിച്ചതുകൊണ്ടാണ്. അവരാണ് എല്ലാം ചെയ്തതെന്ന അർത്ഥത്തിലല്ല ഞാൻ പറഞ്ഞത്. കഴിവുള്ള ഒട്ടേറെ മത്സ്യത്തൊഴിലാളികൾ ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. അന്യസംസ്ഥാനത്തൊഴിലാളികളും അതിന് സഹായകരമായ

രീതിയിലുണ്ടായിരുന്നുവെന്നുള്ളതുകൊണ്ടാണ് അക്കാര്യം ഞാൻ ചൂണ്ടിക്കാണിച്ചത്. ഞാനൊരു കാര്യം സൂചിപ്പിക്കട്ടെ, മലയാളിയുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അതിഥിത്തൊഴിലാളിയുടെ സാന്നിദ്ധ്യമുണ്ട്. അവരെ സംരക്ഷിക്കുകയും പരിഗണിക്കുകയും പരിചരിക്കുകയും ആവശ്യമുള്ള സമ്പത്ത് കൊടുക്കുകയും വിദ്യാഭ്യാസം നൽകുകയും ചെയ്യുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിഞ്ഞിരിക്കുന്നു. തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ഒരു മിനിട്ടുകൊണ്ട് തീർക്കാം. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൂലി കിട്ടുന്നത് കേരളത്തിലായതുകൊണ്ടാണ് ധാരാളം ആളുകൾ കേരളത്തിലേയ്ക്ക് വരുന്നത്. സ്വാഭാവികമായും കേരളത്തിൽനിന്ന് വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും പോയി ജോലി ചെയ്യുന്നവർക്ക് വേണ്ട പരിഗണന കിട്ടണമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് അതിഥികളായിവന്ന് ജോലി ചെയ്യുന്നവർക്കും അർഹമായ പരിഗണന കൊടുക്കണം. അതിനുവേണ്ടി ഈ ബിൽ സർക്കാർ പരിഗണിക്കണം. സമയത്തിന്റെ പരിമിതികൊണ്ട് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

ഓർഡർ.......ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂലൈ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

## അനുബന്ധം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5(*32) - ന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിലെ 'എ' പിരിവിന്റെ അനുബന്ധം-1</u>

<u>കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തിവരുന്ന തീരസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ</u>

1. ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കി.മീറ്റർ നീളത്തിൽ 34 പുലിമുട്ടുകൾ വിഭാവനം ചെയ്തിട്ടുള്ളതിൽ 2 പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ള പുലിമുട്ടുകൾക്കുവേണ്ടിയുള്ള ടെട്രാപോഡുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു.

2. അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.24 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിനുവേണ്ടി 30 പുലിമുട്ടുകളും 305 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയും നിർമ്മിക്കാനുള്ള പ്രവൃത്തിയിൽ 2 പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കി. 4 പുലിമുട്ടുകളുടെ നിർമ്മാണവും ബാക്കിയുള്ള പുലിമുട്ടുകൾക്കുവേണ്ടിയുള്ള ടെട്രാപോഡുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു.
3. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കി.മീറ്റർ നീളത്തിൽ 13 പുലിമുട്ടുകൾ നിർമ്മിക്കുന്ന പ്രവൃത്തിയിൽ 2 പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ള പുലിമുട്ടുകൾക്കുവേണ്ടിയുള്ള ടെട്രാപോഡുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു.
4. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കി.മീറ്റർ നീളത്തിൽ 21 പുലിമുട്ടുകളും 40 മീറ്റർ നീളത്തിൽ കടൽഭിത്തിയും നിർമ്മിക്കുന്ന പ്രവൃത്തിയിൽ

പുലിമുട്ടുകൾക്കുവേണ്ടിയുള്ള ടെട്രാപോഡുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

5. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.70 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 16 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള ടെട്രാപോഡുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

'എ' പിരിവിന്റെ അനുബന്ധം-2

13.07.2021-ലെ സ.ഉ.(സാധാ)നം.365/2021/ജ.വി.വ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയ ഗ്രോയിൻഫീൽഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയ പ്രവൃത്തികൾ

| Sl. No. | Name of Work | Amount |
|---|---|---|
| 1 | Construction of Groyne fields at Ottamassery between CESCP No.921 to 926 in Cherthala Alappuzha Constituency, Alappuzha District | 16,27,08,000 |
| 2 | Construction of Groyne field between Arachal Pozhi and Vazhakootam Pozhi from Ch:121.63 to Ch:122.83 in Kattoor-Pollethai, Constituency, Alappuzha District | 19,27,51,000 |
| 3 | Construction of Groyne fields in Kakkazham-Valanjavazhy in Ambalapuzha Constituency from Ch:77.85 to Ch:80.05 Alappuzha District | 43,02,59,000 |

| | | |
|---|---|---|
| 4 | Construction of Groyne field at Nellickal in Vattachal from Ch:55.20 to Ch:55.70 in Harippad Constituency, Alappuzha District | 9,55,76,000 |
| | **Total** | **88,12,94,000** |